# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 18, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീ. വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1072/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി  വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 79

**II അടിയന്തരപ്രമേയം**

കേരള സർവ്വകലാശാലയിലെ ക്രമക്കേട്

(അവതരണാനുമതി നിഷേധിച്ചു) ...440

**ക്രമപ്രശ്നം** ...440

**റൂളിംഗ്** ...441

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം

– ശ്രീമതി ഇ. എസ്. ബിജിമോൾ ...457

(2) ഡോ. കെ. ആർ. നാരായണന്റെ സ്മരണാർത്ഥം പ്രഖ്യാപിച്ച വികസന പദ്ധതികൾ

– ശ്രീ. മോൻസ് ജോസഫ് ...463

**IV സബ്മിഷൻ**

(1) റവന്യൂ ടവർ

– പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...467

(2) ഭൂപരിധിയിലെ ഇളവ്

– ശ്രീ. ജെയിംസ് മാത്യു ...469

(3) ഡി. ബാബുപോളിന് സ്മാരകം

– ഡോ. എം. കെ. മുനീർ ...471

പേജ്

(4) പരീക്ഷാ കലണ്ടർ
– ശ്രീ. വി. ഡി. സതീശൻ ...473

(5) ഗാന്ധിമന്ദിരവും ശിലാലിഖിതങ്ങളും പുനഃസ്ഥാപിക്കൽ
– ശ്രീ. ഒ. രാജഗോപാൽ ...475

(6) മണൽ ഖനനം
– ശ്രീ. വി. കെ. സി. മമ്മത് കോയ ...476

(7) ദേശീയപാതാ വികസനം
– ശ്രീ. കെ. ആൻസലൻ
– ശ്രീ. എം. വിൻസെന്റ് ...478

(8) അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം
– ശ്രീമതി ഗീതാ ഗോപി ...482

(9) കന്നഡ മീഡിയം സ്കൂളുകളിലെ നിയമനം
– ശ്രീ. കെ. കുഞ്ഞിരാമൻ ...485

(10) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ്
– ശ്രീ. പി. ഉബൈദുള്ള ...487

**V അറിയിപ്പ്** ...491

**VI ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന**

1. കേരള എഡ്യൂക്കേഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2019-നുള്ള ഭേദഗതി ...491

2. 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിക്കുള്ള ഭേദഗതി ...493

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...497

1. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

2. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ...497

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 18, തിങ്കൾ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2019 നവംബർ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ (*451)

### കെ-ഫോൺ പദ്ധതി

1(*451) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി വിവരസാങ്കേതിക വകുപ്പ് കെ-ഫോൺ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കമ്പനിക്ക് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ലോൺ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നല്കുന്നതോടൊപ്പം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിനുതകുന്ന കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്' (കെ-ഫോൺ ലിമിറ്റഡ്) എന്ന പേരിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെ.എസ്.ഐ.ടി.ഐ.എൽ.), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെയും (കെ.എസ്.ഇ.ബി.) സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത കമ്പനി രൂപീകരിച്ചിട്ടുള്ളത്.

(ബി) കിഫ്ബി ധനസഹായത്തോടെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിനായി 1061.73 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി, സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator)ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാരത് ഇലക്ട്രോണിക് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി. എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനം, 7 വർഷത്തെ പ്രവർത്തന-പരിപാലനം എന്നിവ ഉൾപ്പെടെ ആകെ 9 വർഷത്തേയ്ക്ക് 1531.68 കോടി രൂപയ്ക്കാണ് (നികുതികൾ പുറമെ) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇൻഡ്യയിൽ പൊതുമേഖലാരംഗത്ത് ബി.എസ്.എൻ.എൽ.-ഉം അതുപോലെ ഒട്ടനവധി സ്വകാര്യ കമ്പനികളും രാജ്യത്തുടനീളം ഇന്റർനെറ്റുമായും ഐ.ടി.-യുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനം ഇത്തരമൊരു സംരംഭത്തിൽ ഏർപ്പെടുന്നത്. അത് ഏറ്റവും സുതാര്യമായി നടക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. 2017-ലെ ബഡ്ജറ്റിലാണ് ഇതിനുവേണ്ടി ഏതാണ്ട് 1028 കോടി രൂപ നീക്കിവച്ചത്. 2018-ൽ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. ടെണ്ടർ കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ

ഏതാണ്ട് 50 ശതമാനത്തിലധികം വർദ്ധനവോടെ അത് 1531 കോടി രൂപയായി. സ്വാഭാവികമായും ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് 10 ശതമാനത്തിലധികം ക്വാട്ട് ചെയ്യുകയാണെങ്കിൽ റീ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ വേണമെന്നുള്ള മാനദണ്ഡങ്ങൾ നിലനിൽക്കെ 50 ശതമാനത്തിലധികമായിട്ടും അത്തരം മാനദണ്ഡങ്ങളൊന്നും പാലിക്കാതെ ഏതാണ്ട് 500 കോടി രൂപ കൂടി ഉൾപ്പെടുത്തി ക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത് എന്നൊരു ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് അത്തരമൊരു തീരുമാനമെടുത്തതെന്ന് ബോദ്ധ്യപ്പെടുത്താമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന് പ്രാഥമിക ഭരണാനുമതി നൽകിയപ്പോൾ പ്രതിവർഷ പ്രവർത്തന ചെലവായി കണ്ടത് 104.40 കോടി രൂപയായിരുന്നു. പക്ഷേ, ഇത് 7 വർഷത്തേയ്ക്കാണ് കണക്കാക്കേണ്ടിയിരുന്നത്. അതിനുപകരം ഒരു വർഷത്തേയ്ക്ക് മാത്രമായി കണക്കാക്കി. അപ്പോൾ ഭരണാനുമതി തുക 1028.20 കോടി രൂപയായി (നികുതികൾ പുറമെ) നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. പ്രവർത്തക ചെലവുകൾക്ക് വേണ്ടിവരുന്ന തുക രണ്ടാം വർഷം മുതൽ പദ്ധതിയുടെ വരുമാന മാർഗ്ഗങ്ങളിൽനിന്നും കണ്ടെത്താമെന്ന അനുമാനത്തിലായിരുന്നു അങ്ങനെ കണക്കാക്കിയത്. എന്നാൽ ടെണ്ടർ കൈക്കൊണ്ട സ്ഥാപനം നെറ്റ് വർക്ക് സജ്ജമാക്കുന്നതിനുപുറമെ പദ്ധതിയുടെ മുഴുവൻ കാലയളവിലും അവ പരിപാലിക്കേണ്ടതായിട്ടുമുണ്ടായിരുന്നു. ഒരു നെറ്റ്‌വർക്ക് സജ്ജമാക്കുന്നതിനുള്ള മൂലധന ചെലവും പ്രവർത്തന ചെലവും കൂടാതെ 7 വർഷത്തേയ്ക്കുള്ള പരിപാലന ചെലവും വേണ്ടിവരികയാണ്. 7 വർഷത്തേയ്ക്കുള്ള പ്രവർത്തന പരിപാലന ചെലവുകൾ കണക്കിലെടുത്ത് ടെണ്ടർ തുകയായ 1531.68 കോടി രൂപ (നികുതികൾ പുറമെ) എന്ന് കണക്കാക്കിയത് ടെണ്ടർ തുകയും ഭരണാനുമതി തുകയും തമ്മിൽ വ്യത്യാസമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും ചെലവുകൾ കൂടികണക്കിലെടുത്തു എന്ന് പറയുകയുണ്ടായി. ഇതൊരു സേവന മേഖലയായി കാണേണ്ടി വരും. കാരണം, കെ.എസ്.ആർ. ടി.സി.-യെയും കെ.എസ്.ഇ.ബി.-യെയും വാട്ടർ അതോറിറ്റിയെയും പോലെ ഇന്റർനെറ്റ് എന്ന സേവന മേഖലയിലേയ്ക്ക് നമ്മൾ കടന്നുവരികയാണ്. ഇത് പൂർത്തീകരിച്ചുകഴിഞ്ഞാൽ 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുമെന്നും ബാക്കി മേഖലകളിലേയ്ക്ക് നിശ്ചിത തുക അതിനുവേണ്ടി നീക്കി വയ്ക്കുമെന്നും പറഞ്ഞു. ഇത്തരം കാര്യങ്ങൾക്കൊക്കെ ഒരു ഏജൻസി ഉണ്ടാക്കും, ഒരു എസ്.പി.വി. രൂപപ്പെടുത്തുമെന്നൊക്കെ പറയുന്നുണ്ട്. ഇതിൽ ഇൻകം ജനറേറ്റ് ചെയ്യുന്ന രീതിയിലേയ്ക്ക് പോകുമ്പോൾ ബില്ലുകൾ പിരിച്ചെടുക്കേണ്ടി വരും,

മെയിന്റനൻസ് നടത്തേണ്ടി വരും. ഇതൊക്കെ ഏത് ഏജൻസിയെയാണ് ഏൽപ്പിക്കുന്നത്, ആ ഏജൻസി ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത് എന്നുള്ള തിനെക്കുറിച്ച് വിശദീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പദ്ധതി നടപ്പായി വരുമ്പോഴുള്ള കാര്യമാണ് അങ്ങ് ചോദിച്ചത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പോയിട്ടില്ല. അതിന്റെ വിശദാംശം പിന്നീട് പറയുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പദ്ധതി ആദ്യം തയ്യാറാക്കിയപ്പോൾ ചെലവുവരുന്ന തുകയായി കണക്കാക്കിയത് 104 കോടി രൂപയായിരുന്നു. പിന്നീട് കുറച്ചുകൂടി വിശദമായ പദ്ധതി വേണമെന്ന് തീരുമാനിച്ച് തുക കണക്കാക്കിയപ്പോൾ 1028 കോടി രൂപയും ടെണ്ടർ ചെയ്ത് കഴിഞ്ഞപ്പോൾ അത് 1628 കോടി രൂപയുമായി. ആരാണ് ഇതുപോലെയുള്ള പദ്ധതികൾ തയ്യാറാക്കുന്നത്; എന്തെല്ലാം വേണമെന്ന് ആലോചിക്കാതെയും മനസ്സിലാക്കാതെയും പദ്ധതി പ്രവർത്തനം തയ്യാറാക്കുന്നത് ആരാണ്? ഭരണാനുമതി നൽകിയ തുക 1028 കോടി രൂപയാണ്. പിന്നീട് ടെണ്ടർ നൽകിയപ്പോഴാണ് 58.5 ശതമാനം വർദ്ധനവോടെ 1628 കോടി രൂപയായത്. മാത്രമല്ല, ഇതിന്റെ ഫീസിബിലിറ്റിയും വയബിലിറ്റിയും നോക്കുമ്പോൾ ഇങ്ങനെയൊരു സംവിധാനത്തിന്റെ ആവശ്യം കേരളത്തിലുണ്ടോ; ഇപ്പോൾ തന്നെ ബഹുഭൂരിപക്ഷം സർക്കാർ ഓഫീസുകളിലും ഈ സൗകര്യം ലഭ്യമാകുന്നുണ്ട്. ഏറ്റവും പാവപ്പെട്ടവർക്കും ഇന്റർനെറ്റ് സൗകര്യം നൽകുമെന്നുകൂടി പറഞ്ഞിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം കിട്ടുന്നതിനുവേണ്ടി പാവപ്പെട്ടവരുടെ വീട്ടിൽ കമ്പ്യൂട്ടറോ ലാപ്ടോപ്പോ ഉണ്ടാകണ്ടേ; ഇതുസംബന്ധിച്ച ഒരു ഫീസിബിലിറ്റി സ്റ്റഡി ഇതിനുമുമ്പ് നടത്തിയിട്ടുണ്ടോ; ഇതിന്റെ കണക്ക് തയ്യാറാക്കുന്നതിൽ എന്തുകൊണ്ടാണ് വകുപ്പിന് ഇത്രമാത്രം പാളിച്ചകൾ സംഭവിച്ചതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു വർഷത്തേയ്ക്കാണ് ആദ്യം തുക കണക്കാക്കിയത്. യഥാർത്ഥത്തിൽ അത് 7 വർഷത്തേയ്ക്ക് കണക്കാക്കേണ്ടതായിരുന്നു. കണക്കുകൂട്ടിയതിൽ ഒരു അപാകത വന്നിട്ടുണ്ട്. ആ അപാകത പിന്നീട് തിരുത്തുകയുണ്ടായി.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഇൻഡ്യയിലെ പ്രധാന കമ്പനികളെല്ലാം അണ്ടർഗ്രൗണ്ട് കേബിളായി ഒ.പി.സി. ഇടുമ്പോൾ ഈ കെ-ഫോൺ പദ്ധതിയിൽ ഇലക്ട്രിക് പോസ്റ്റിലൂടെ കേബിളിടുന്നത് കാലഹരണപ്പെട്ട രീതിയല്ലേ; അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, അണ്ടർഗ്രൗണ്ട് കേബിളിടുന്നതിന് കൂടുതൽ ചെലവ് വരും. ഇതിന് അത്രത്തോളം ചെലവ് വരില്ല. ഇതിന് നമുക്ക് സൗകര്യങ്ങളുമുണ്ട്. എല്ലാ ഭാഗത്തും കെ.എസ്.ഇ.ബി.-യുടെ ലൈനുണ്ട്. അതിലൂടെ കേബിളിടാൻ സാധിക്കും. അതിനാലാണ് അതിലേയ്ക്ക് പോകാനിടയായത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വളരെ തുച്ഛമായ നിരക്കിൽ സ്വകാര്യ കമ്പനികൾ ഇന്റർനെറ്റ് സൗകര്യങ്ങൾ ജനങ്ങൾക്ക് നൽകി വരുന്ന കാലമാണിത്. സർക്കാർ ഖജനാവിൽ സാമ്പത്തിക ഞെരുക്കം വളരെ പ്രകടമാകുന്നുമുണ്ട്. ഈ സമയത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കിഫ്ബി അല്ലാതെ മറ്റേതെങ്കിലും സംഘടനകളോ കമ്പനികളോ ഏജൻസികളോ സാമ്പത്തികമായി സർക്കാരിനെ സഹായിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇപ്പോൾ കിഫ്ബിയാണ് സാമ്പത്തിക സഹായം ചെയ്യുന്നത്. കിഫ്ബിയിൽനിന്നുള്ള സാമ്പത്തിക സഹായം സ്വീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കിക്കൊണ്ട് ഇന്റർനെറ്റ് അവകാശമാക്കിത്തീർക്കുന്നതിന് വേണ്ടിയുള്ള വളരെ വിപ്ലവകരമായിട്ടുള്ള നീക്കമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഇതിലൂടെ വലിയ കാര്യങ്ങളാണ് നമ്മൾ ലക്ഷ്യമിടുന്നത്. അതായത്, അറിവിന്റെ വാതായനങ്ങൾ എല്ലാവർക്കും തുറന്നിടുക എന്നുള്ളതും ഈ മേഖലയിലെ കുത്തകവത്കരണം ഒഴിവാക്കിക്കൊണ്ട് എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകുക എന്നുള്ളുമാണ്. കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ വിദേശനിക്ഷേപം എത്രത്തോളമുണ്ട്, എത്ര പ്രധാന കമ്പനികൾ ഇപ്പോൾ സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ നിക്ഷേപിക്കുന്നുണ്ട്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, സ്റ്റാർട്ടപ്പുകളിൽ ധാരാളം കമ്പനികൾ വരുന്നുണ്ട്. അതാണോ ബഹുമാന്യയായ അംഗം ഉദ്ദേശിച്ചതെന്ന് അറിയില്ല. ലോകപ്രശസ്തമായ പല കമ്പനികളും അതിന്റെ ഭാഗമായി വന്നുകഴിഞ്ഞിട്ടുണ്ട്. നമ്മൾ പ്രതീക്ഷിക്കുന്നതിന് അപ്പുറമുള്ള ഇടപെടലുകളാണ് വരുന്നത്. ഒട്ടേറെ കമ്പനികൾ വന്നിട്ടുണ്ട്. കെ-ഫോണിന്റെ കാര്യത്തിൽ ഒരു കൺസോർഷ്യമാണ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഒരു മിനിരത്ന കമ്പനിയാണല്ലോ; അതോടൊപ്പം തന്നെ റെയിൽടെൽ കോർപ്പറേഷനും നല്ലൊരു കമ്പനിയാണ്. കെ-ഫോൺ പദ്ധതി നിർവ്വഹണ കരാർ ഇവരാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിനകത്ത് ടെലികോം മേഖലയിൽ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന എസ്.ആർ.ഐ.റ്റി. എന്നൊരു സ്വകാര്യ സ്ഥാപനമുണ്ട്. അതുപോലെതന്നെ കൊറിയ ആസ്ഥാനമായി ടെലികോം കേബിളുകൾ നിർമ്മിക്കുന്ന എൽ.എസ്. കേബിൾ എന്ന ആഗോള കമ്പനിയും ഇതിനകത്ത് അംഗങ്ങളായി വന്നിട്ടുണ്ട്. അത്രയും കമ്പനികൾ ഇതിനകത്ത് വന്നുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന ബി.ജെ.പി.-യുടെ പാതയിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഈ നാല് കമ്പനികളിൽ,

അങ്ങ് വായിച്ച എൽ.എസ്. കേബിൾ ഒരു മൾട്ടി നാഷണൽ സ്വകാര്യ കമ്പനിയാണ്. എസ്.ആർ.ഐ.റ്റി.-യും സ്വകാര്യ കമ്പനിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ചാരി സ്വകാര്യ മേഖലയ്ക്ക് വഴിവിട്ട സഹായം ചെയ്യുന്ന ഒരു നീക്കത്തിലേയ്ക്കാണ് പോകുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പുതന്നെ ശരിയായ രീതിയിലല്ല മുന്നോട്ടുപോകുന്നത്. കാരണം, ഒരു കൊല്ലത്തേയ്ക്കാണ് ആദ്യം പദ്ധതി തയ്യാറാക്കിയതെന്ന് അങ്ങ് പറഞ്ഞു. അത്രയുംപോലും ദീർഘവീക്ഷണം അവർക്കു ണ്ടായില്ല. ഇത് കുറച്ചുകൂടി ഗൗരവമായി കൈകാര്യം ചെയ്യാനും കേരളത്തിന്റെ സമഗ്രമായ ഇൻഫർമേഷൻ ടെക്നോളജി വികസനത്തിനുള്ള പാതയിൽ സ്വകാര്യ മേഖലയ്ക്ക് വഴിവിട്ട സഹായം നൽകാതിരിക്കാനും നടപടി സ്വീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന് മനസ്സിലാകാത്തതുകൊണ്ട് ചോദിച്ചതല്ലെന്ന് എനിക്കറിയാം. എങ്കിലും ചോദിച്ചതുകൊണ്ട് ഉത്തരം പറയണമല്ലോ? ഇത് പൊതുമേഖലാ സ്ഥാപനം തന്നെയാണ്. ആരൊക്കെയാണ് ഇതിന്റെ ഘടകങ്ങളായിട്ടുള്ളതെന്ന് നേരത്തെ പ്രസ്താവിച്ചു. ഇതിൽ ഇവർക്കൊന്നും പങ്കാളിത്തമില്ല. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള ഒരു കൺസോർഷ്യമാണ്. കരാർ എടുത്ത പണി തീർപ്പാക്കുകയെന്നുള്ളത് മാത്രമാണ് ആ കൺസോർഷ്യത്തിന്റെ പണി. നമ്മൾ ആരെയെല്ലാം കരാർ ഏൽപ്പിക്കുന്നുണ്ട്; അത് പലപ്പോഴും സ്വകാര്യ കമ്പനികളെയായിരിക്കില്ലേ; ഒരു റോഡ് നിർമ്മിക്കുമ്പോൾ അത് 7 വർഷത്തേയ്ക്ക് ചെയ്യണമെന്ന് പറഞ്ഞ് ഏൽപ്പിക്കുകയാണ്. ആരാണോ കരാർ എടുത്തത് അവർ ചെയ്യേണ്ട കാര്യമല്ലേയിത്; മറ്റ് കാര്യങ്ങൾ ഈ കമ്പനി തന്നെയാണ് നിർവ്വഹിക്കുന്നത്.

ശ്രീ. എം. സ്വരാജ്: സർ, പുതിയ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചും പ്രത്യേകിച്ച്, സംസ്ഥാന സർക്കാർ നിർമ്മിക്കുന്ന കൊക്കോണിക്സിന്റെ വിപണന സാദ്ധ്യതയെക്കുറിച്ചും വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ കെ-ഫോൺ നെറ്റ്‌വർക്ക് 14 ജില്ലകളെയും ഒരു കോർ റിംഗുവഴി ബന്ധിപ്പിക്കും. ഈ കോർ റിംഗിന്റെ ഭാഗമായി 14 ജില്ലകളിലും പോയിന്റ് ഓഫ് പ്രസൻസ് സ്ഥാപിക്കപ്പെടും. അതായത്, കോർ പി.ഒ.പി.-കൾ 110, 220, 400 കെ.വി. വഴി സ്ഥാപിക്കുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിൾ കോർ റിംഗ് വഴി ബന്ധിപ്പിക്കും. കെ.എസ്.ഇ.ബി.-ക്ക് 378 സബ് സ്റ്റേഷനുകളുണ്ട്. അവിടെയുള്ള പ്രീ-ഫാബ് ഷെൽട്ടറിനുള്ളിൽ ടെലികോം ഉപകരണങ്ങൾ സ്ഥാപിക്കും. ഈ ശൃംഖലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക്

ഉപകരണങ്ങൾ മോണിറ്റർ ചെയ്യാൻ എറണാകുളത്ത് ഒരു നെറ്റ്‌വർക്കിംഗ് ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കും. ഇതിനുപുറമെ നെറ്റ്‌വർക്കിന്റെ 100 ശതമാനം ലഭ്യത ഉറപ്പാക്കാൻ റിംഗ് ആർക്കിടെക്ചർ സംവിധാനം വഴി കോർ റിംഗിലും ആക്സസ് നെറ്റ്‌വർക്കിലും പ്രീ-അഗ്രഗേഷൻ റിംഗുകളും സ്ഥാപിക്കും. അവയെ അഗ്രഗേറ്റ് പി.ഒ.പി.-കൾ വഴി ബന്ധിപ്പിക്കുകയും ചെയ്യും. 52,000 കിലോമീറ്റർ ഫൈബർ നെറ്റ്‌വർക്കാണ് ആകെ സ്ഥാപിക്കുക. Bandwidth കപ്പാസിറ്റി ആദ്യഘട്ടത്തിൽ 400 ജി.ബി.പി.എസ്. ആയിരിക്കും.

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, കെ-ഫോൺ പദ്ധതിയെപ്പറ്റി ധാരാളം അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവരുന്ന സന്ദർഭമാണ്. ആദ്യം 104 കോടി രൂപയുടെ പദ്ധതിയെന്നാണ് പറഞ്ഞിരുന്നത്. പിന്നീടത് 1028 കോടി രൂപയായി. പിന്നീടത് 1628 കോടി രൂപയായി. ഇതിൽ ധാരാളം അവ്യക്തതകളും സംശയങ്ങളും നിലനിൽക്കുകയാണ്. മാത്രമല്ല, ഇതിന്റെ ആദ്യ ഘട്ടത്തിൽ ആലോചിച്ചപ്പോൾ 7 വർഷത്തേയ്ക്ക് കണക്കുകൂട്ടിയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇത്രയും ബൃഹത്തായ, 1628 കോടി രൂപയുടെ ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിൽ വ്യക്തത വേണ്ടേ; മാത്രമല്ല, മെയിന്റനൻസിനെ സംബന്ധിച്ച് ഇതുവരെ വ്യക്തതയില്ല. ഇൻകം ജനറേഷനെ സംബന്ധിച്ചും വ്യക്തതയില്ല. നമ്മുടെ സംസ്ഥാനത്ത് ഒരു പദ്ധതി ഏറ്റെടുക്കുമ്പോൾ വ്യക്തമായ ധാരണകൾ ഉണ്ടാകേണ്ടതും അതോടൊപ്പംതന്നെ പദ്ധതി നടത്തിപ്പിനെ കുറ്റമറ്റതാക്കേണ്ടതും ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണല്ലോ; ആ നിലയിൽ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, അബദ്ധം ഏത് വിദഗ്ദ്ധനും അല്ലെങ്കിൽ ഏത് വിദഗ്ദ്ധ സംഘടനയ്ക്കും സംഭവിക്കുമെന്നാണ് ഇത് കാണിക്കുന്നത്. വിശദമായ പദ്ധതി റിപ്പോർട്ടും ഫീസിബിലിറ്റി സ്റ്റഡിയും ചെയ്തത് പി.ഡബ്ല്യു.സി. എന്ന ആഗോള പ്രശസ്ത കൺസൾട്ടിംഗ് കമ്പനിയാണ്. അവർ വിദഗ്ദ്ധരാണെന്ന് എല്ലാവർക്കുമറിയാം. പക്ഷെ, ആ വിദഗ്ദ്ധർക്ക് പറ്റിയൊരു അബദ്ധമാണ് ഇവിടെ സൂചിപ്പിച്ചത്. കെ-ഫോണിന്റെ വരുമാനം കെ-ഫോണിന്റെ ഭാഗമായി വരുന്ന സംവിധാനത്തിൽപ്പെടുന്ന ആളുകൾക്കാണ് വീതിക്കുക. ലാഭവിഹിതം അവർക്ക് പോകും. 49:49:2 എന്നാണ് കണക്ക്. അതിനനുസരിച്ച് ലാഭവിഹിതം വീതിക്കുന്ന രീതിയായിരിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്:</u> സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയിൽ നിരവധിയായ വികസന പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. തിരുവനന്തപുരം ടെക്നോസിറ്റിയിൽ ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം നടപ്പാക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ടെക്നോസിറ്റിയെ വലിയ തോതിൽ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടിതന്നെയാണ് സ്വീകരിച്ചുവരുന്നത്. നല്ല രീതിയിൽ അഭിവൃദ്ധിപ്പെട്ടുവരികയാണ്. ഇപ്പോൾ നിശ്ചയിച്ച പദ്ധതികൾ ശരിയായ രീതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ ബി.എസ്.എൻ.എൽ., റിലയൻസ് തുടങ്ങിയവരൊക്കെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നുണ്ട്. കെ-ഫോണിന് പകരം ബി.എസ്.എൻ.എൽ.-മായി സഹകരിച്ച് സാധാരണക്കാരായ ആളുകൾക്കുകൂടി ഇത് ഉപയോഗപ്പെടുത്താൻ ശ്രമിക്കാമായിരുന്നു. അതിന് പകരമാണ് കെ-ഫോൺ കൊണ്ടുവരുന്നത്. നമ്മുടെ വിവിധങ്ങളായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവരും ആദിവാസികളുമൊക്കെയായ പിന്നോക്കക്കാർ ഇത് ഉപയോഗിക്കാത്ത അവസ്ഥയുണ്ട്. അത്തരം ആളുകൾക്കുകൂടി സഹായകരമായ രൂപത്തിൽ ഈ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാവുന്ന ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, കേബിൾ ഓപ്പറേറ്റർമാർ, ടെലികോം ഓപ്പറേറ്റർമാർ, ഇന്റർനെറ്റ് സർവ്വീസ് ലഭ്യമാക്കുന്നവർ, കണ്ടന്റ് ലഭ്യമാക്കുന്ന കമ്പനികൾ എന്നിവയ്ക്കെല്ലാം തുല്യ അവസരം നൽകാനാണ് കെ-ഫോൺ ലക്ഷ്യമിടുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റികൾ തുടങ്ങിയ മേഖലകളിൽ കൂടുതൽ വികസന സാദ്ധ്യതയ്ക്ക് കെ-ഫോൺ വഴിയൊരുക്കുകയും ചെയ്യും. നമ്മുടെ ഗ്രാമങ്ങളിലും ചെറുകിട സംരംഭങ്ങൾക്ക് ഇ-കോമേഴ്സ് സൗകര്യം ഉപയോഗിക്കാനാകും. സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, സ്മാർട്ട് ക്ലാസ് റൂം, ഇ-ഡിസ്ട്രിക്ട് തുടങ്ങിയവയ്ക്ക് കൂടുതൽ bandwidth നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാനും ഇത് സഹായിക്കും. ജയിലും കോടതിയും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗ് പോലെ ആവശ്യമുള്ള കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഉയർന്ന നിലവാരമുള്ള വീഡിയോ കോൺഫറൻസിംഗ് സൗകര്യം, ഗതാഗത മേഖലയിലെ മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ സഹായകമായ ഉയർന്ന നിലവാരമുള്ള വീഡിയോ ക്യാമറ ശൃംഖല എന്നിവയെല്ലാം ഇതിലൂടെ സാദ്ധ്യമാകുകയാണ്. നമ്മുടെ നാടിന് അങ്ങേയറ്റം ഉപകാരപ്രദമായ ഒന്നായാണ് ഇത് മാറുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഡിജിറ്റൽ സംവിധാനം എന്നൊക്കെ പ്രഖ്യാപനം നടത്തുകയാണ്. അതിൽനിന്നും വ്യത്യസ്തമായി ഡിജിറ്റലൈസേഷന് പ്രാമുഖ്യം നൽകുന്ന സർക്കാരാണിത്. എന്റെ ചോദ്യം, സ്റ്റാർട്ടപ്പ് മേഖലയിലെ വളർച്ച എത്രത്തോളമെന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വളർച്ച എത്രത്തോളമാണ്?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റാർട്ടപ്പ് മേഖലയെക്കുറിച്ച് ഇപ്പോൾ എല്ലാവർക്കും അറിയാമല്ലോ; കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയാണ് ഇന്ത്യയിൽ തന്നെ മുന്നിട്ടുനിൽക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള വലിയ അംഗീകാരം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ കൂടുതൽ നല്ല രീതിയിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: 452-ാം നമ്പർ ചോദ്യവുമായി 473-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ്, ശ്രീ. ഷാഫി പറമ്പിൽ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

**വാളയാറിലെ പെൺകുട്ടികളുടെ ദുരൂഹമരണം**

2(*452) ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി, പട്ടികവർഗ്ഗ പീഡനങ്ങൾ വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) വാളയാറിൽ പട്ടിക വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടുപെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ പ്രതികളായവർ ഭരണകക്ഷി പ്രവർത്തകരായിരുന്നതിനാൽ എല്ലാ സംരക്ഷണവും നൽകിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രതിഭാഗം അഭിഭാഷകനെ ശിശുക്ഷേമ സമിതിയുടെ പാലക്കാട് ജില്ലാ അദ്ധ്യക്ഷനാക്കി എന്നും അദ്ദേഹത്തിനെതിരെ ആക്ഷേപം ഉണ്ടായപ്പോൾ തൽസ്ഥാനത്തുനിന്നും നീക്കാതെ സംരക്ഷിച്ചുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദിയായ സർക്കാർ വക്കീലിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി-പട്ടികവർഗ്ഗ പീഡനങ്ങൾ വർദ്ധിക്കുന്നതായ സാഹചര്യമുണ്ടായിട്ടില്ല. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇത്തരം സംഭവങ്ങൾ യഥാസമയം പരിശോധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന കർശന നിർദ്ദേശം പോലീസ് നൽകിയിട്ടുണ്ട്.

(ബി) പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ട പ്രതികളെ വെറുതെ വിട്ട സംഭവം സർക്കാർ ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡിവൈ.എസ്.പി.-യുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ശ്രീമതി ജി. പൂങ്കുഴലി ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്. പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപം പരിശോധിച്ചുവരുന്നു.

(സി) പ്രതിക്കുവേണ്ടി പാലക്കാട് സി.ഡബ്ല്യു.സി. ചെയർമാൻ, കോടതി മുമ്പാകെ ഹാജരായിരുന്നുവെന്ന ആരോപണമുയർന്ന സാഹചര്യത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള വകുപ്പ് മേധാവി അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ഡബ്ല്യു.സി. അദ്ധ്യക്ഷസ്ഥാനത്തുനിന്നും അദ്ദേഹത്തെ മാറ്റിനിർത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ചോദ്യം (ഡി)-യുടെ ഉത്തരത്തിൽ ഒരു തിരുത്തുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നുവെന്നാണ് ഉത്തരത്തിലുണ്ടായിരുന്നത്. എന്നാൽ ഇന്നുരാവിലെ ആ വക്കീലിനെ പുറത്താക്കിക്കൊണ്ടുള്ള ഉത്തരവിൽ ഞാൻ ഒപ്പിട്ടിട്ടുണ്ട്.

**വാളയാർ കേസന്വേഷണം**

3(*473) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസന്വേഷണത്തിലെ പോലീസ് അലംഭാവവും തെളിവുകൾ കോടതി മുമ്പാകെ എത്തിക്കുന്നതിലുള്ള പിഴവും കാരണം കൊടും കുറ്റവാളികൾപോലും ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നുവെന്ന ആക്ഷേപം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വാളയാറിലെ പതിമൂന്നും ഒൻപതും വയസ്സുള്ള പട്ടികവിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ദുരൂഹമരണത്തിൽ ലഭ്യമായ തെളിവുകൾപോലും നശിപ്പിക്കപ്പെട്ടുവെന്ന ആക്ഷേപത്തിന് ബലം നൽകുന്നതാണോ പാലക്കാട് പോക്സോ കോടതിയുടെ വിധിയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കേസുമായി പ്രതികളെ ബന്ധിപ്പിക്കുന്ന സാക്ഷിമൊഴികൾ രേഖപ്പെടുത്തുന്നതിലും തെളിവുകൾ കണ്ടെത്തുന്നതിലും അന്വേഷണ സംഘത്തിനുണ്ടായതായി പറയപ്പെടുന്ന പാകപ്പിഴകൾ കേസ് ദുർബലമാക്കുന്നതിന് ഇടയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ലഭ്യമായ തെളിവുകൾ വിശ്വസനീയമായ രീതിയിൽ കൂട്ടിയിണക്കുന്നതിൽ പ്രോസിക്യൂഷന് വീഴ്ച വന്നതായി വിലയിരുത്തുന്നുണ്ടോ;

(ഇ) പോക്സോ കേസിലെ ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിന് പ്രമുഖരായ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ക്രിമിനൽ കേസ്സുകളിൽ അന്വേഷണം നടത്തി ശാസ്ത്രീയ തെളിവുകൾ ഉൾപ്പെടെ ലഭ്യമായ എല്ലാ തെളിവുകളും ശേഖരിച്ചാണ് കുറ്റകൃത്യങ്ങൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവരുന്നത്. കേസന്വേഷണത്തിൽ അലംഭാവം കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനൊപ്പംതന്നെ പ്രസ്തുത കേസിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അന്വേഷണം പൂർത്തിയാക്കുന്നതാണ്. തെളിയിക്കപ്പെടാത്ത കേസുകൾപോലും ശാസ്ത്രീയ രീതിയിലൂടെ, പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിയിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. ജിഷാ കേസ്, ജലജാ സുരൻ വധക്കേസ്, കൂടത്തായി കൂട്ടക്കൊല, തൊഴിയൂർ സുനിൽ വധം തുടങ്ങിയ കേസുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞത് സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായാണ്. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന കേസ്സുകൾ ഗൗരവമായി പരിഗണിച്ച് മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പോലീസ് അന്വേഷണത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതികളെ വെറുതെ വിട്ട കോടതി വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേസിന്റെ അന്വേഷണം ഏറ്റെടുത്ത പ്രത്യേക അന്വേഷണ സംഘമാണ് ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ടുകേസുകളിലും പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതിയുടെ വിധിയെത്തുടർന്ന് പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുംവിധം കേസ് കൈകാര്യം ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന പ്രാഥമിക വിലയിരുത്തലിന്റെകൂടി അടിസ്ഥാനത്തിലാണ് മേൽക്കോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം പ്രസ്തുത കേസ് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രക്ഷിതാക്കൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുന്നപക്ഷം സർക്കാർ അനുകൂല സമീപനം സ്വീകരിക്കുമെന്ന് രക്ഷിതാക്കൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പോക്സോ പ്രത്യേക കോടതികളിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഈ കേസിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മേൽക്കോടതിയിൽ അപ്പീൽ കേസ് നടത്തുന്നതിലേയ്ക്കായി കൂടുതൽ പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ ചുമതലപ്പെടുത്തുന്നതാണ്. ഇതിനുപുറമെ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ ഉറപ്പുവരുത്തുന്നതിനായി കേസുകൾ വാദിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കാര്യക്ഷമത വിലയിരുത്തി രണ്ടുമാസത്തിലൊരിക്കൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് നൽകിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, കേരളീയ മനഃസാക്ഷിയെ ഞെട്ടിച്ച ഒരു സംഭവമാണ് വാളയാറിലെ ദുരന്തം. മൂത്തകുട്ടി തൂങ്ങി നിൽക്കുന്നതുകണ്ട് ഒൻപത് വയസ്സുള്ള രണ്ടാമത്തെ കുട്ടി കാലിൽപിടിച്ച് എന്താണെന്ന് മനസ്സിലാകാതെ 'ചേച്ചി ഇറങ്ങി വാ' എന്ന് വിലപിക്കുകയാണ്. അങ്ങനെ വിലപിച്ച ആ കുട്ടി 52 ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതേപോലെ ആത്മഹത്യ ചെയ്തുവെന്നാണ് പോലീസ് വിധി യെഴുതിയിരിക്കുന്നത്. ഈ കേസ് കോടതിയിൽ വന്ന്, ട്രയൽ ആരംഭിച്ച്, രണ്ടുമൂന്ന് സാക്ഷികളെ വിസ്തരിച്ചതിനുശേഷം ജലജാ മാധവൻ എന്ന പ്രോസിക്യൂട്ടറെ മാറ്റുകയും ഇപ്പോഴത്തെ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുകയും ചെയ്തു. ഈ പ്രോസിക്യൂട്ടർക്ക് ആകെ തെളിയിക്കാൻ കഴിഞ്ഞത് രണ്ട് കാര്യങ്ങളാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഒന്ന്, ഈ പ്രതികൾ ഇവരുടെ ബന്ധുക്കളാണെന്നും മറ്റൊന്ന്, ഇവരുടെ അയൽവാസികളാണെന്നുമുള്ള രണ്ട് കാര്യങ്ങൾ മാത്രമേ തെളിയിക്കാൻ കഴിഞ്ഞുള്ളൂ. സി.ഡബ്ല്യൂ.സി. ചെയർമാന്റെയും പ്രതികൾക്കുവേണ്ടി

ഹാജരായ അഭിഭാഷകന്റെയും താൽപര്യപ്രകാരമാണ് പ്രോസിക്യൂട്ടറെ മാറ്റിയതെന്നുള്ള ആരോപണമുണ്ടായി. പ്രതികളെ വെറുതെ വിട്ടതോടുകൂടി ആ ആരോപണത്തിന് സാധൂകരണമുണ്ടായി. നിലവിലുണ്ടായിരുന്ന ജലജാ മാധവൻ എന്ന പ്രോസിക്യൂട്ടറെ മാറ്റിയത് ഏതെങ്കിലും പ്രത്യേക റിപ്പോർട്ട് വാങ്ങിയിട്ടാണോ; അവർക്ക് എന്തെങ്കിലും വീഴ്ച പറ്റിയിട്ടാണോ എന്ന് വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് പ്രത്യേകം പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കൂ, എന്റെ കയ്യിൽ അതുമായി ബന്ധപ്പെട്ട വസ്തുതകളില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഈ കേസിൽ പ്രോസിക്യൂഷനും പോലീസിനും പല വീഴ്ചകളും സംഭവിച്ചിട്ടുണ്ടെന്ന ആരോപണമുയർന്നപ്പോൾ ഗവൺമെന്റ് പറഞ്ഞത്, പോലീസിന് സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് ഡി.ഐ.ജി.-യും പ്രോസിക്യൂഷന് സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പ്രോസിക്യൂഷൻ ജനറലും അന്വേഷിക്കുമെന്നാണ്. പോലീസിന് നിരവധി വീഴ്ചകളുണ്ടായിട്ടുണ്ട്. കെട്ടിത്തൂക്കി കൊലപ്പെടുത്തിയതല്ലെന്ന് ഉറപ്പിക്കാൻ ശാസ്ത്രീയ പരിശോധന വേണമെന്ന് പോസ്റ്റുമോർട്ടം ചെയ്ത സർജൻ പറഞ്ഞിട്ടും പോലീസ് അതിലൊന്നും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെ 152 സെ.മീ. ഉയരമുള്ള കുട്ടി തറ നിരപ്പിൽനിന്ന് 246 സെ.മീ. ഉയരത്തിലുള്ള കയറിന്മേൽ എങ്ങനെ തൂങ്ങിയെന്നതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല. ഇതിലും പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച പറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വന്നിട്ടുണ്ടോ; പോലീസിന് വീഴ്ച പറ്റിയതായി ആ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വീഴ്ചകളെക്കുറിച്ചുള്ള പരിശോധനയുടെ ഭാഗമായാണ് നേരത്തെ പറഞ്ഞ അഡ്വക്കേറ്റിനെ ആ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഇനിയും വിശദമായ പരിശോധനകൾ വേണ്ടതായിട്ടുണ്ട്. പോലീസിന്റെ വീഴ്ചയെ സംബന്ധിച്ച് പറഞ്ഞു, അക്കാര്യത്തിലും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതോടെ അവസാനിക്കുകയല്ല, തുടർന്നുള്ള പരിശോധന നടക്കുകതന്നെ ചെയ്യും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ കേസിന്റെ മൊത്തം ചരിത്രം പരിശോധിച്ചാൽ ഇതിന്റെ അന്വേഷണത്തിൽ വളരെ ലാഗിംഗുണ്ടെന്ന് മനസ്സിലാകും. അങ്ങയുടെ ഉത്തരത്തിൽ പറയുന്നത്, കീഴ്ക്കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരുന്നുവെന്നാണ്. കീഴ്ക്കോടതിയിൽ ഈ കേസിന്റെ വിധി വന്നിട്ട് എത്രയോ നാളായി. ഇപ്പോഴും അതിനുള്ള നടപടികൾ ഊർജ്ജിതമാണെന്നും നടപടി തുടർന്നുവരുന്നുണ്ടെന്നും മാത്രമാണ് പറയുന്നത്. അതുകൊണ്ട് തീരുന്നില്ല. ഒരു സബ് ഇൻസ്പെക്ടറെ

സസ്പെന്റ് ചെയ്തു, സ്റ്റേഷൻ ഹൗസ് ഓഫീസർ എന്ന് പറയുന്നത് സർക്കിൾ ഇൻസ്പെക്ടറാണ്. അയാൾക്കെതിരെ ഒരു നടപടിയും സ്വീകരിച്ചതായി ഈ മറുപടിയിൽ കാണുന്നില്ല. പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നും ഈ കേസ് കൈകാര്യം ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്നുള്ള ആക്ഷേപം പരിശോധിച്ചുവരുന്നുവെന്നാണ് പറയുന്നത്. ഈ പരിശോധന എന്ന് പൂർത്തിയാകുമെന്ന് പറയാൻ കഴിയണ്ടേ? വക്കീലിനെ പുറത്താക്കിയെന്ന് അങ്ങ് പറഞ്ഞല്ലോ; അത്രയും നല്ലത്. ആ ആർജ്ജവം നേരത്തെയുണ്ടായ കാര്യങ്ങളിലൊന്നും ഉണ്ടാകുന്നതായി കാണുന്നില്ല. ഇവിടെ വാദിയും പ്രതിയുടെ അഭിഭാഷകനും ഒന്നായി നിൽക്കുന്ന അസാധാരണമായ ഒരു സംഭവമാണ് ഉണ്ടായിട്ടുള്ളത്. ആ വക്കീലിനെ ചുമതലയിൽ നിന്നും മാറ്റിനിർത്തിയെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. ചുമതലയിൽനിന്നും നീക്കിയാൽ തീരുന്ന കാര്യമാണോ അത്? വേറൊരു കേസിൽ വന്നുപെടുകയില്ലേ? എന്റെ ചോദ്യം, ഇതിനകത്തെ ലാഗിംഗിനെ സംബന്ധിച്ചാണ്.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലെയ്ക്ക് വരൂ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ നൽകിയ ഉത്തരത്തിൽ പറയുന്നതാണ്, ഡൽഹി പോലീസ് ആക്ട് സെക്ഷൻ 6 അനുസരിച്ചാണ് സി.ബി.ഐ. അന്വേഷണത്തിന് വിടുന്നത്. അന്വേഷണത്തിൽ വിടുന്ന കാര്യത്തിൽ ഒന്ന്, കേരള ഗവൺമെന്റിന് തീരുമാനമെടുക്കാം. രണ്ട്, കോടതിക്ക് തീരുമാനമെടുക്കാം, മൂന്ന് ബഹുമാനപ്പെട്ട കോടതിക്കോ സി.ബി.ഐ.-യ്ക്കോ കേസ് ഏറ്റെടുക്കാം. ഇതൊന്നും നടക്കുന്നില്ല.

മി. സ്പീക്കർ: ദയവായി അങ്ങ് ചോദ്യം ചോദിക്കൂ....രണ്ട് ചോദ്യങ്ങൾ തമ്മിൽ ക്ലബ്ബ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ പ്രധാനപ്പെട്ട ചോദ്യം, ഇതിനകത്ത് ലാഗിംഗ് എന്തുകൊണ്ട് ഉണ്ടാകുന്നു? അങ്ങ് പുറത്ത് പറഞ്ഞിട്ടുള്ള പ്രസ്താവനകൾ ഞാൻ വിശ്വസിക്കുകയാണ്. പക്ഷെ, ആ പ്രസ്താവനകൾക്കൊത്ത രീതിയിൽ ഫയലുകൾ നീങ്ങുന്നില്ല. ഫയലുകൾ ഉറങ്ങുകയും അങ്ങ് ഊർജ്ജിതമായി നിൽക്കുകയും ചെയ്യുന്ന എന്നുള്ള് വൈരുദ്ധ്യാത്മക ഭൗതികവാദമാണ്, അതിനുള്ള ഉത്തരമാണ് ഞങ്ങൾക്ക് വേണ്ടത്.

മി. സ്പീക്കർ: ദയവായി വൈരുദ്ധ്യാത്മക ഭൗതിക വാദമെന്ന് പറയരുത്.

ശ്രീ. പിണറായി വിജയൻ: സർ, നേരത്തെ കോടതിയിൽ പോയ കാര്യം ഓർമ്മിച്ചുകൊണ്ടുള്ള വാദമാണ് ബഹുമാന്യനായ അംഗം ഇവിടെ നടത്തിയതെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിന് അറിയാത്തതുകൊണ്ടല്ല ഇതെല്ലാം

ചോദിക്കുന്നതെന്ന് എനിക്കറിയാം. ഇക്കാര്യത്തിൽ ഒരു കോടതി വിധി വന്നിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. ആ വിധിയിലേയ്ക്ക് എത്തിച്ച കാര്യങ്ങളോട് നമുക്കാർക്കും യോജിപ്പില്ല. പക്ഷേ കോടതി വിധി വന്നാൽ അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കോടതിയുടെ കയ്യിലാവുകയാണ്. അതുമായി ബന്ധപ്പെട്ടതൊന്നും തന്നെ സർക്കാരിന് തീരുമാനിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ചുള്ള പുനരന്വേ ഷണമോ മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ചോ സർക്കാരിന് ഇപ്പോൾ തീരുമാനിക്കാൻ കഴിയാത്ത അവസ്ഥയാണ്. എല്ലാ കാര്യങ്ങൾക്കും കോടതിയുടെ അംഗീകാരം വേണം. അതുകൊണ്ടാണ് കോടതിയിൽ സമർപ്പിക്കുന്ന അപ്പീലിൽ ഇതുസംബന്ധിച്ച പുനരന്വേഷണവും പുനർവിചാരണയും ആവശ്യപ്പെടുമെന്ന് പറഞ്ഞിട്ടുള്ളത്. ഏജൻസിയുടെ കാര്യം പറയുകയാണെങ്കിൽ, തങ്ങൾ കോടതിയിൽ പോകുമെന്ന് മാതാപിതാക്കൾ പറയുന്നുണ്ട്. അത് തീരുമാനിക്കാൻ സർക്കാരിന് അധികാരമില്ല. കോടതിയുടെ മുന്നിൽ ഈ പ്രശ്നം വരുമ്പോൾ അതിന് എതിർപ്പില്ല എന്നുള്ള നിലപാട് സ്വീകരിക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. നേരത്തെ പറഞ്ഞ കാര്യങ്ങളിൽ തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. അതിനൊരു മാറ്റവുമില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ക്രിമിനൽ കേസുകൾ, കൊലക്കേസ്സുകൾ, സ്ത്രീപീഡനക്കേസ്സുകൾ, ആത്മഹത്യാപ്രേരണ കേസ്സുകൾ എന്നിവയിലെല്ലാം സർക്കാർ നിൽക്കേണ്ടത് ഇരകളുടെ ഭാഗത്താണ്. മരണപ്പെട്ടവരുടെയും കൊല ചെയ്യപ്പെട്ടവരുടെയും കുടുംബാംഗങ്ങളുടെ താൽപ്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചാണ് പ്രോസിക്യൂഷൻ നിൽക്കേണ്ടത്. എന്നാൽ പല കേസുകളിലും, കാസർഗോഡ് പെരിയ കേസ്, ഷുഹൈബ് കേസ്, ആന്തൂർ കേസ്, വാളയാർ കേസ് എന്നിവയിലെല്ലാം സർക്കാർ പ്രതിഭാഗം ചേരുന്ന കുറ്റകരമായൊരു പ്രവണതയാണ് കാണുന്നത്. കോടിക്കണക്കിന് രൂപ ഫീസ് വാങ്ങുന്ന അഭിഭാഷകരെ കൊണ്ടുവന്ന് വാദിക്കുമ്പോൾ സർക്കാർ ആരുടെ ഭാഗത്താണ് നിൽക്കുന്നത്; വാദികളുടെയും ഇരകളുടെയും ഭാഗത്തല്ല. സർക്കാർ പണംകൊണ്ട് പ്രതിഭാഗത്തിന് അനുകൂലമായ നിലപാടുകൾ സ്വീകരിക്കുന്ന നടപടി തിരുത്തുമോ; പ്രതിഭാഗത്ത് ചേരുന്നതിനുപകരം വാദിഭാഗത്ത് നിൽക്കാൻ, to be declared as hostile എന്ന അവസ്ഥയ്ക്ക് പകരം ഇരകളുടെ ഭാഗത്ത് നിൽക്കാൻ സർക്കാർ താൽപ്പര്യം കാണിക്കുമോ; അതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വാളയാർ കേസുമായി ബന്ധപ്പെട്ട് ആ കുട്ടികളുടെ മാതാപിതാക്കൾക്ക് സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് യാതൊരു പരാതിയുമില്ല. അവരുടെ നിലപാടിനോടൊപ്പമാണ് സർക്കാരുള്ളതെന്ന് അവർതന്നെ പലവട്ടം വ്യക്തമാക്കിയിട്ടുണ്ട്. സംഭവിച്ച കാര്യങ്ങളുടെ തുടർനടപടികളിൽ അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള നടപടികളിലേയ്ക്ക് പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുസംബന്ധിച്ച് യാതൊരു അവ്യക്തതയുമില്ല. അവരുടെ ഭാഗത്താണ് സർക്കാർ നിൽക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഒരു ആശയക്കുഴപ്പവുമില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വാളയാർ കേസിലെ പ്രതികൾക്കുവേണ്ടി ഹാജരായതുകൊണ്ടാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചെയർമാൻ അഡ്വ. എൻ. രാജേഷിനെ തൽസ്ഥാനത്തുനിന്നും മാറ്റിയതെന്നാണ് ബഹുമാനപ്പെട്ട വനിതാ ശിശുക്ഷേമ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. എന്നാൽ അദ്ദേഹത്തെ മാറ്റിയ ആ ഓർഡറിൽ പറയുന്നത്, കേരള മഹിളാ സമഖ്യ സൊസൈറ്റി നൽകിയ മറ്റൊരു പരാതിയിലാണ് ശ്രീ. രാജേഷിനെതിരെ ഓർഡർ എടുത്തിരിക്കുന്നത് എന്നാണ്. പോക്സോ കേസിലെ ഇരകളെ ഭീഷണിപ്പെടുത്തി എന്നതാണ് സമഖ്യ നൽകിയ പരാതി. ഏത് പരാതിയുടെ അടിസ്ഥാനത്തിലാണ് ശ്രീ. രാജേഷിനെ മാറ്റിയിരിക്കുന്നത്; വാളയാർ കേസിലാണോ, അതോ മഹിളാ സമഖ്യ സൊസൈറ്റി 21-3-2019-ന് നൽകിയ കേസിലാണോ അദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് മാറ്റിയിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ആശയക്കുഴപ്പമൊന്നുമില്ല. ആദ്യമുണ്ടായ കാര്യം സംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്. ആ ഘട്ടത്തിലാണ് രണ്ടാമത്തെ പ്രശ്നവും വരുന്നത്. രണ്ടുംകൂടി പരിഗണിച്ചുകൊണ്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്

ശ്രീ. ഷാഫി പറമ്പിലിനുപകരം ശ്രീ. കെ. സി. ജോസഫ്: സർ, ആത്മഹത്യ ചെയ്ത കുട്ടികളുടെ മാതാപിതാക്കൾക്ക് നല്ല ബോധ്യമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഈ കേസിലെ പ്രതികൾ അരിവാൾ പാർട്ടിക്കാരാണെന്ന് ആ കുട്ടികളുടെ അമ്മയാണ് പറഞ്ഞത്. അക്കാര്യം അങ്ങ് അംഗീകരിക്കുന്നുണ്ടോ; കേരളം ഭരിക്കുന്ന അങ്ങയുടെ കക്ഷിയിലെ ആളുകളാണ് ഈ കേസിലെ പ്രതികൾ. അതുകൊണ്ടുതന്നെയാണ് തുടർച്ചയായി കേസ് തേച്ചുമായ്ച്ചു കളയാൻ ശ്രമിക്കുന്നത്. ഇത്തരം സംഭവങ്ങളിൽ ആത്മാർത്ഥമായി ഇടപെടാനും ദുർബലരായ ആളുകളെ സംരക്ഷിക്കാനും അങ്ങ് നടപടി സ്വീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അവർ എന്നെ കാണാൻ വരികയും സംസാരിക്കുകയും ചെയ്തു. സംസാരിച്ച കാര്യത്തിൽ അവർക്ക് ഒരു തെറ്റിദ്ധാരണയും ഉണ്ടായിട്ടില്ല. അതിനുശേഷം പുറത്ത് പോയപ്പോൾ പത്രക്കാരോട് സംസാരിച്ചിട്ടുണ്ട്. നാട്ടിലെത്തിയിട്ടും അവർ അവരുടെ പ്രതികരണം രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികളിൽ പൂർണ്ണവിശ്വാസവും സംതൃപ്തിയുമാണ് അവർ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ആശങ്കയും ബഹുമാന്യനായ അംഗത്തിന് ഇക്കാര്യത്തിൽ വേണ്ട.

ശ്രീ. വി. ടി. ബൽറാം: സർ, സമൂഹത്തിൽ സ്വാധീനശേഷിയുള്ള പ്രതികൾ കേസ് അട്ടിമറിക്കുന്നതിനുവേണ്ടി ആ നിലയിൽ മുന്നോട്ടുപോകുന്നത് ഒരുപാട് അനുഭവങ്ങളിലൂടെ നമുക്ക് അറിവുള്ളതാണ്. വാളയാറിൽ ഇരകളും പ്രതികളും ഏതാണ്ട് ഒരേ സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങളിൽനിന്ന് വന്നവരാണ്.

എന്നിട്ടും എന്തുകൊണ്ട് ഇത്ര വലിയൊരു നീതിനിഷേധം നടന്നുവെന്നുള്ള ചോദ്യം ഉയരുമ്പോൾ സ്വാഭാവികമായും നമുക്ക് കാണാൻ സാധിക്കുന്നത്, പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലവും പ്രതികളെ സഹായിക്കുന്നതിനുവേണ്ടി രാഷ്ട്രീയമായ ഇടപെടൽ തുടക്കംമുതൽ ഉണ്ടായിരുന്നു എന്നുള്ളതുമാണ്. കേസ് അന്വേഷണത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെല്ലാംതന്നെ ഈ നിലയിലുള്ള കാര്യങ്ങൾ ഇപ്പോൾ പുറത്ത് പറയുന്നുണ്ട്. പ്രതികളായി കസ്റ്റഡിയിലെടുത്ത ആളുകളെ നിരുപാധികം വിട്ടയയ്ക്കണമെന്ന് സി.പി.ഐ.(എം.)-ന്റെ പാലക്കാട് ജില്ലയിലെ ഒരു സമുന്നത നേതാവ് തന്നിൽ സമ്മർദ്ദം ചെലുത്തി എന്നുള്ളൊരു ആരോപണം ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് ഉയർന്നുവരുന്നുണ്ട്. നേരത്തെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞതു പോലെ, ഷുക്കൂർ വധക്കേസ്, ഷുഹൈബ് വധക്കേസ്, കൃപേഷിന്റെയും ശരത് ലാലിന്റെയും കേസ്, വാളയാറിലെ കൂട്ടക്കൊല എന്നിവയിലെല്ലാം രാഷ്ട്രീയ കാരണങ്ങളാൽ ഇരകൾക്ക് നീതി നിഷേധിക്കപ്പെടുന്നു എന്ന സംശയം ഗൗരവമായി ഉയർന്നു വരുന്ന സാഹചര്യത്തിൽ പൂർണ്ണമായ സംശയനിവൃത്തി വരുത്താൻവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടനുസരിച്ച് പാലക്കാട് ജില്ലയിൽ ചില നിലപാടുകൾ സ്വീകരിക്കുന്നുണ്ടാകാം. ഇതുമായി ബന്ധപ്പെട്ട് യാതൊരു സ്വാധീനവും ഇടപെടലുകളും പാർട്ടിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അത് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. അങ്ങനെ ഏതെങ്കിലും നടപടി ഉണ്ടാകാൻ പറ്റുന്നൊരു പാർട്ടിയല്ല സി.പി.ഐ.(എം.). അങ്ങനെ എന്തെങ്കിലും ഉണ്ടായെങ്കിൽ അതിന്മേൽ കർക്കശ നിലപാട് സ്വീകരിക്കുന്ന പാർട്ടിയാണ് സി.പി.ഐ.(എം.). അതുസംബന്ധിച്ച് ആശങ്കയുണ്ടാകേണ്ടതില്ല. മറ്റൊരു കാര്യം പറയാനുള്ളത്, ഇവരുടെ താൽപര്യം സംരക്ഷിക്കുന്നതിന് ഏതറ്റം വരെയും പോകും, ആ കുടുംബത്തോടൊപ്പം നിൽക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുക.

ശ്രീ. പി. ടി. തോമസ്: സർ, വാളയാർ സഹോദരിമാരുടെ ദുരൂഹ മരണങ്ങളിലെ പ്രോസിക്യൂഷൻ വീഴ്ചകൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടുകൾ ലഭിച്ചതായി മന്ത്രി ശ്രീ. എ. കെ. ബാലൻ പറയുന്നു. "ഇതേ രീതിയിൽ വൃത്തികെട്ട അന്വേഷണം മറ്റൊരു കേസിലും ഉണ്ടാകാത്ത വിധത്തിൽ നടപടിയെടുക്കും" എന്നും പറഞ്ഞു. വളരെ പ്രധാനപ്പെട്ടൊരു പ്രസ്താവനയാണിത്. ഇവിടെ ഇത്രയും സുപ്രധാനമായൊരു ചോദ്യം വരുന്നു എന്നറിഞ്ഞ് ഇന്ന് രാവിലെ ഈ വക്കീലിനെ മാറ്റാൻ ഒപ്പിട്ടു എന്ന് അങ്ങ് പറയുകയുണ്ടായി. ഇതോടൊപ്പം വളരെ ഗുരുതരമായ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നത്, എറണാകുളത്തുള്ള റീജിയണൽ ലബോറട്ടറിയിലാണ് ഇതുസംബന്ധിച്ച കെമിക്കൽ എക്സാമിനേഷൻ പരിശോധന

നടന്നത്. Viscera പരിശോധനയാണ് നടന്നത്. പരിശോധന നടത്തിയ ശ്രീ. എം. ജി. മോഹൻ കളമശ്ശേരി ഐ.ടി.ഐ.-യിൽ നൈറ്റ് വാച്ചറായി ജോലിയിൽ പ്രവേശിച്ച ആളാണ്. ഞാൻ ഉത്തരവാദിത്വബോധത്തോടുകൂടിയാണ് പറയുന്നത്. കളമശ്ശേരി ഐ.റ്റി.ഐ.-യിൽ നൈറ്റ് വാച്ചറായി സർവ്വീസിൽ പ്രവേശിച്ച് പടിപടിയായി ഉയർന്നുവന്ന് ഇപ്പോൾ സയന്റിഫിക്ക് ഓഫീസറായി പ്രവർത്തിക്കുന്നയാളാണ് ഈ പെൺകുട്ടികളുടെ Viscera പരിശോധന നടത്തിയിരിക്കുന്നത്. മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഒന്ന്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം, രണ്ട്, അങ്ങ് വക്കീലിനെ മാറ്റിയ കാര്യം, മൂന്ന്, അന്വേഷണത്തിലെ വീഴ്ച. കൊലപാതകത്തെ സംബന്ധിച്ച് ഒരു അന്വേഷണം നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്റെ ചോദ്യം, എത്രയോ കേസുകൾക്കുവേണ്ടി കോടാനുകോടി രൂപ മുടക്കി നിങ്ങൾ സുപ്രീംകോടതിയിൽ പോകുന്നു. വാളയാർ കേസിൽ മാതാപിതാക്കൾ അപ്പീൽ കൊടുത്താൽ ഞങ്ങൾ പുറകേ പോകാം എന്ന് പറയുന്നു. അതിന് നിങ്ങളുടെ ആരുടെയും ചീട്ടൊന്നും വേണ്ട. നിങ്ങൾ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ; കൊലപാതകത്തിന് കേസെടുത്ത് അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാനുള്ള മര്യാദ അങ്ങ് കാണിക്കുമോ; പോളിറ്റ് ബ്യൂറോയിൽനിന്ന് വലിയ പ്രഹരമേറ്റാണ് അങ്ങ് വന്നിരിക്കുന്നതെന്ന് എനിക്കറിയാം. പക്ഷേ ഇക്കാര്യത്തിൽ ശക്തമായൊരു നടപടിയെടുക്കാൻ അങ്ങ് മുന്നോട്ടുവരണം.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം അവസാനം പറഞ്ഞഭാഗം ചില പത്രപ്രവർത്തകർ, അതായത് എന്തും വിളിച്ചുപറയാൻ തയ്യാറാകുന്നവരുണ്ട്. അവർക്ക് എന്തും പറയാം. അതിന്റെ ഭാഗമായി പി.ബി.-ക്കകത്ത് അവർ വന്നിരുന്നതു പോലെയാണ് ഇന്ന് വാർത്ത കൊടുത്തിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്, ആ കട്ടിൽ കണ്ട് പനിക്കേണ്ട എന്നാണ്. പി.ബി.-യിൽ ആ വാർത്തയിൽ പറയുന്ന തരത്തിലുള്ള യാതൊരു കാര്യവും സംഭവിച്ചിട്ടില്ല. പി.ബി. എന്ന് പറഞ്ഞാൽ ഹൈക്കമാന്റല്ല, പി.ബി. വളരെ ശക്തമാണ്, ഓർമ്മയില്ലേ പഴയ നടപടികളൊക്കെ? അത് വളരെ ശക്തമാണ്. ഞങ്ങളെല്ലാവരും ഞങ്ങളുടെ പാർട്ടി ഘടകത്തിന് വിധേയമായി പ്രവർത്തിക്കുന്നവരാണ്. അതിൽ യാതൊരു തർക്കവുമില്ല, അതിനുമേലെ ആർക്കും പോകാനും കഴിയുകയില്ല. അതാണ് ഞങ്ങളുടെ ഘടന. ഇന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതുപോലെയുള്ള ഏതെങ്കിലും ഒരു അതൃപ്തിയോ ഇവിടെ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് അതിഭയങ്കരമായ വിമർശനമോ ഒന്നും പി.ബി.-യിൽ ഉണ്ടായതേയില്ല. ബാക്കി കാര്യങ്ങളിലേയ്ക്ക് ഞാൻ വിശദമായിപ്പോകുന്നില്ല. വേണമെങ്കിൽ പിന്നീട് ഒരു ഘട്ടത്തിൽ അതിനെക്കുറിച്ച് വ്യക്തമാക്കാം. ഇവിടെ അദ്ദേഹം ചോദിച്ച മറ്റൊരു കാര്യം, നിയമവകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ശ്രീ. എ. കെ. ബാലൻ

അതുമായി ബന്ധപ്പെട്ട് ചില പ്രസ്താവനകൾ നടത്തിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് പറയാൻ പറ്റില്ല. മറ്റൊന്ന് ഇന്ന് രാവിലെ ഞാൻ ഒപ്പിടാൻ ഇടയായ ഓർഡർ സംബന്ധിച്ചാണ്. അതിന്റെ ഉത്തരം, പരിശോധിച്ച് വരുന്നുവെന്നാണ് പറയേണ്ടത്. അപ്പോൾ നിങ്ങൾ ചോദിക്കും, പരിശോധന പൂർത്തിയായില്ലേയെന്ന്. പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ രണ്ടുദിവസം ഞാൻ ഇവിടെ ഉണ്ടായിരുന്നില്ലെന്ന് നിങ്ങൾക്കറിയാം. ഇന്ന് രാവിലെയാണ് ആ ഫയൽ എന്റെ മുൻപിൽ വരുന്നത്, അത് ഞാൻ ഒപ്പിട്ടു എന്നുള്ളതാണ് വസ്തുത. മറ്റൊന്ന്, ബഹുമാന്യനായ അംഗം ആഭ്യന്തര വകുപ്പുമന്ത്രി സ്ഥാനത്തിരുന്നാലും, ഏതെങ്കിലും ഒരു ഘട്ടത്തിൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുമെന്ന് നമുക്ക് സങ്കൽപ്പിക്കാം. അങ്ങനെയായാലും അദ്ദേഹത്തിന് ഈ തീരുമാനമെടുക്കാൻ കഴിയില്ല. കാരണം ഇത് കോടതി തീരുമാനമെടുത്ത കേസ്സാണ്. അതിന്റെ തുടർനടപടികൾ കോടതിയുടെ അംഗീകാരത്തോടെ മാത്രമേ സ്വീകരിക്കാൻ പറ്റുകയുള്ളൂ. അതാണ് ഞാൻ നേരത്തെ വ്യക്തമാക്കിയത്, ഇതാണ് എനിക്ക് ഇപ്പോഴും വ്യക്തമാക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇതിൽ അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കോടതി ഡിസ്ചാർജ്ജ് ചെയ്തിരിക്കുന്ന കേസ് പുനരന്വേഷണത്തിന് കഴിയുകയില്ലെന്നുള്ളതാണ് വസ്തുത. ശ്രീ. പി. ടി. തോമസ് ഇവിടെ ചോദിച്ചത്, ഈ രണ്ടു പെൺകുട്ടികളുടെ കൊലപാതകത്തെ സംബന്ധിച്ചാണ്. അത് വേറെ വകുപ്പാണ്. നിലവിൽ കോടതി ഡിസ്ചാർജ്ജ് ചെയ്ത കേസിന്റെ വകുപ്പ് മാത്രമേ പുനരന്വേഷിക്കാതിരിക്കാൻ കഴിയുകയുള്ളൂ. കൊലപാതകമാണ് നടന്നത്, അതിൻമേൽ ഒരു കേസ് രജിസ്റ്റർ ചെയ്ത്, ഡെൽഹി പോലീസ് ആക്ടനുസരിച്ച് ഗവൺമെന്റിന് സി.ബി.ഐ.-യ്ക്ക് വിടാൻ കഴിയും. അതിന് അങ്ങ് തയ്യാറുണ്ടോയെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എനിക്ക് കിട്ടിയ ഉപദേശമനുസരിച്ച് അതിന് കഴിയില്ല. അതുകൊണ്ടാണ് ഗവൺമെന്റ് അത് ചെയ്യാത്തത്. അതിനാലാണ് കോടതിയിലേയ്ക്ക് പോകുമ്പോൾ മാതാപിതാക്കൾ ഇത്തരമൊരു ആവശ്യം ഉന്നയിച്ചാൽ അതിന്റെ കൂടെ നിൽക്കാമെന്ന് ഗവൺമെന്റ് പറഞ്ഞത്.

<u>ശ്രീ. പി. കെ. ശശി</u>: സർ, ഇവിടെ ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ള ബഹുമാന്യരായ മെമ്പർമാരുടെ പ്രധാനപ്പെട്ട ചോദ്യം, വാളയാർ കേസ്സിൽ വീഴ്ച വരുത്തിയ ഗവൺമെന്റ് വക്കീലിനെതിരായി എന്തുനടപടിയാണ് സ്വീകരിച്ചുവെന്നാണ്. എന്റെ ചോദ്യം, 2012-ൽ സ്പെഷ്യൽ പ്രോസിക്യൂട്ടറായി, അഡീഷണൽ ഗവൺമെന്റ് പ്ലീഡറായി ശ്രീമതി ലതാ ജയരാജ് എന്ന വക്കീലിനെ നിയമിച്ചത് ബഹുമാന്യനായ

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണെന്നുള്ള കാര്യം ഓർക്കണം. അതുപോലെ 2015-ൽ പോക്സോ കോടതി നിലവിൽ വന്നതിനുശേഷം ആ കോടതിയിൽ അഡീഷണൽ പ്രോസിക്യൂട്ടറായി ഇതേ വക്കീലിനെ തീരുമാനിച്ചതും യു.ഡി.എഫ്. ഗവൺമെന്റായിരുന്നുവെന്ന വിവരം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പരാമർശവിധേയയായ അഡ്വക്കേറ്റ് നേരത്തെയുള്ള ഗവൺമെന്റിന്റെ കാലത്ത് നിയമിക്കപ്പെട്ടതാണെന്ന് അറിയാമായിരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വാളയാറിലെ രണ്ടു പെൺകുട്ടികളുടെ വളരെ ദാരുണമായ അന്ത്യം കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയാസമുണ്ടാക്കിയ ഒന്നാണ്. അവർക്ക് നീതി നിഷേധിക്കപ്പെട്ടുവെന്നുള്ള കാര്യം നമ്മളെല്ലാവരും അംഗീകരിക്കുന്നതാണ്. ഇനി അവർക്ക് നീതി കൊടുക്കണമെങ്കിൽ ഇവിടെ പറഞ്ഞതുപോലെ നിലവിലുള്ള കേസിൽ സർക്കാർ അപ്പീൽ പോകുമെന്ന് പറഞ്ഞു. അപ്പീൽ പോകുന്നതുകൊണ്ട് വിശേഷിച്ച് ഒന്നും സംഭവിക്കാനില്ല. കോടതിയുടെ മുൻപിലുള്ള തെളിവുകളും വാദങ്ങളും മാത്രമാണ് അപ്പീലിൽ വീണ്ടും ചർച്ച ചെയ്യപ്പെടുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇതിൽ ഒരു സി.ബി.ഐ. അന്വേഷണത്തിനാണ് സർക്കാർ മുൻകയ്യെടുക്കേണ്ടത്. അതിന് ഈ കുട്ടികളുടെ മാതാപിതാക്കൾ പോകുമ്പോൾ സർക്കാർ സപ്പോർട്ട് ചെയ്യുകയല്ല വേണ്ടത്. സർക്കാർ വേണമെന്ന് പറഞ്ഞാലും വേണ്ടെന്ന് പറഞ്ഞാലും കോടതിയുടെ വിവേചനാധികാരമാണ്. വേണമെങ്കിൽ അനുവദിക്കാം അല്ലെങ്കിൽ അനുവദിക്കാതിരിക്കാം. സർക്കാർ മുൻകയ്യെടുത്ത് ഇതിൽ വേണ്ട നിയമോപദേശം തേടി ഒരു പുനരന്വേഷണത്തിനുള്ള സംവിധാനമൊരുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ലഭിച്ച നിയമോപദേശമനുസരിച്ചുള്ള കാര്യം ഞാൻ രണ്ടുമൂന്ന് തവണ ആവർത്തിച്ചു. അതു തന്നെയാണ് ഇപ്പോഴും പറയാനുള്ളത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, വാളയാർ സംഭവം പോലെയുള്ളവ നടക്കാൻ ഏറ്റവും കൂടുതൽ സാധ്യത സ്വന്തം വീടുകളിലുള്ള സാഹചര്യം മോശമാകുമ്പോഴാണ്. പലപ്പോഴും കുടുംബങ്ങളുമായി ബന്ധപ്പെട്ട ആളുകളാണ് ഈ കുട്ടികളെയും അതുപോലെ സ്ത്രീകളെയുമൊക്കെ അതിക്രമിക്കുന്ന സാഹചര്യമുണ്ടാകുന്നത്. ഇവിടെ പ്രതിപക്ഷ കക്ഷികൾ പലപ്പോഴും ഈ കേസ്സിന്റെ കാര്യത്തിൽ വളരെ ശക്തമായി മുന്നോട്ട് പോകുമ്പോൾ തന്നെ അവരുടെ കാലത്ത്, ജിഷയുടെ സമയത്താണെങ്കിലും, നിലമ്പൂർ പാർട്ടി ഓഫീസിലെ ഒരു സ്ത്രീ കൊല്ലപ്പെട്ടപ്പോഴൊന്നും കണ്ണുനീർ അവർക്കുണ്ടായിട്ടില്ല. ......(ബഹളം)...... പക്ഷെ ഞാൻ പറയുന്നത്, ഇത്തരത്തിലുള്ള സംഭവങ്ങൾ വരുമ്പോൾ ഒരു സുവർണ്ണാവസരം കിട്ടിയെന്നുള്ള

നിലയ്ക്ക്, രാഷ്ട്രീയപരമായിട്ട് ശബ്ദങ്ങൾ ഉണ്ടാക്കുന്നതിന് പകരം, നമ്മുടെ നാട്ടിൽ ഇനി ഒരു പെൺകുട്ടിയും അതിക്രമിക്കപ്പെടരുത്, നമ്മുടെ നാട്ടിൽ ഒരു സ്ത്രീക്കും അങ്ങനെയൊരു സാഹചര്യമുണ്ടാകരുത് എന്നാണ് ചിന്തിക്കേണ്ടത്. ഒരു സുവർണ്ണാവസരം കിട്ടിയെന്നുള്ള നിലയ്ക്ക് വിവാദങ്ങൾ ഉണ്ടാക്കുകയല്ല. ഇത് പരിഹരിക്കാൻ ഇത്തരത്തിലുള്ള കേസ്സുകളുടെ പ്രോസിക്യൂഷൻ സമയത്താണെങ്കിലും, അന്വേഷണ സമയത്താണെങ്കിലും, ഓരോ ഘട്ടത്തിലും മുഖ്യമന്ത്രിക്കോ അല്ലെങ്കിൽ ബന്ധപ്പെട്ട ആളുകൾക്കോ പൊളിറ്റിക്കൽ നേതൃത്വത്തിനോ ഇടപെടാൻ കഴിയുകയില്ല. അങ്ങനെ വരുന്ന സമയത്ത് ഇത്തരം കേസ്സുകൾ കാര്യക്ഷമമായി മുന്നോട്ടുപോകാൻ വിദഗ്ദ്ധരായിട്ടുള്ള പോലീസ് ഓഫീസർമാരും അതോടൊപ്പം നിയമജ്ഞരുമടക്കമുള്ള ഒരു സമിതി രൂപീകരിച്ച് കോടതിയിൽ പോകുന്നതിന് മുൻപ് ക്രോസ്സ് ചെക്ക് ചെയ്യാൻ പറ്റുന്നൊരു സംവിധാനം ഉണ്ടാക്കാൻ പറ്റുമോ എന്നുള്ളതാണ്. ...... (ബഹളം)...... നിങ്ങൾ ശബ്ദം ഉണ്ടാക്കണ്ട. നിങ്ങൾ രാഷ്ട്രീയപരമായിട്ട് മാത്രം ചോദിക്കുന്നവരാണ്.

<u>മി.സ്പീക്കർ</u>: താങ്കൾ കൺക്ലൂഡ് ചെയ്യൂ. അവരോട് താങ്കൾ സംസാരിക്കണ്ട.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, അതുകൊണ്ട് ഇത് പൊതുവായിട്ട്, രാഷ്ട്രീയ ഭേദമെന്യേ നമ്മളെല്ലാപേരും അത്തരത്തിലുള്ള കാര്യങ്ങൾക്ക് പോകേണ്ടതാണ്. അത്തരത്തിൽ ഒരു വിദഗ്ദ്ധ ടീമിനെ ഇത്തരത്തിലുള്ള ഓരോ കേസ്സുകളും ക്രോസ്സ് ചെക്ക് ചെയ്യാൻ വേണ്ടി സർക്കാരിന് നിയമിക്കാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നമ്മുടെ കേരളത്തിൽ ഒരു പെൺകുട്ടിയും ആക്രമിക്കപ്പെട്ടുകൂടാ എന്ന അംഗത്തിന്റെ വികാരത്തോട് പൂർണ്ണമായും സർക്കാർ യോജിക്കുകയാണ്. അതിനുതകുന്ന ഏതെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താൻ പറ്റുമോ അതൊക്കെ ചെയ്യുന്നതാണ്. ഇപ്പോൾ തന്നെ പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി മറ്റു ചില നടപടികളും കൂടി സ്വീകരിക്കാവുന്നതുമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട പട്ടാമ്പി മെമ്പറുടെ ചോദ്യത്തിലെ ആദ്യത്തെ പരാമർശം, വളരെ വളരെ അധിക്ഷേപകരമായിട്ടുള്ള ഒന്നാണ്. മരിച്ച കുട്ടികളുടെ വീട്ടിലെ സാഹചര്യം എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? വളരെ തെറ്റായ കാര്യമാണ്, അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.*

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 6469/ഇ.ബി./2019/നി.സെ. തീയതി 19-11-2019) രേഖയിൽ നിലനിർത്തി

മി. സ്പീക്കർ: ആവശ്യമായ പരിശോധന നടത്താം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഇതിൽ കക്ഷിയല്ല. ഞാൻ നിഷ്പക്ഷനാണ്. കോടതിയിൽ കേസ്സ് ചാർജ്ജ് ചെയ്തുകഴിഞ്ഞാൽ വക്കീലന്മാർ പറഞ്ഞുണ്ടാക്കുന്ന അപകടമാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടതെന്ന് എനിക്ക് തോന്നുന്നു. ഏത് ഗവൺമെന്റ് വന്നാലും അഡ്വക്കേറ്റ് ജനറലും ഡയറക്ടർ ഓഫ് പബ്ലിക് പ്രോസിക്യൂഷനും മാറുന്നുണ്ട്, അത് ന്യായമാണ്. ഏത് കേസ്സ് ചാർജ്ജ് ചെയ്താലും, കീഴ്ക്കോടതികളിൽ കേസ് വിസ്താരം നടക്കുന്ന സമയത്ത് രാഷ്ട്രീയ പ്രേരിതമായി വക്കീലന്മാരെ മാറ്റുന്നത് ഗുണകരമല്ല. ഏത് വക്കീൽ കേസ് നടത്തുന്നുവോ, ആ വക്കീൽ തന്നെ കേസ് തീർക്കാൻ ശ്രമിക്കുന്നതിനു പകരം, ഇടയ്ക്ക് കേസ് രാഷ്ട്രീയമായി മാറ്റുന്ന അപകടം വളരെ വലുതാണ്. ഈ കാര്യം മുഖ്യമന്ത്രി മാത്രം തീരുമാനിച്ചാലും പോരാ. അഡ്വക്കേറ്റ് ജനറലിനേയും ഡയറക്ടർ ഓഫ് പബ്ലിക് പ്രോസിക്യൂഷനേയും മാറ്റുക, അല്ലെങ്കിൽ ഹൈക്കോടതിയിലെ നിയമ വിദഗ്ദ്ധരെ മാറ്റിക്കൊള്ളൂ, കീഴ്ക്കോടതികളിൽ വിസ്താരത്തിലിരിക്കുന്ന കേസുകളിലെ വക്കീലന്മാരെ മാറ്റുകയില്ലെന്ന കാര്യം അങ്ങും പ്രതിപക്ഷവുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയാൽ ഭാവിയിൽ ഗുണമുണ്ടാകും, അങ്ങനെയൊരു ചർച്ചയ്ക്ക് അങ്ങ് സമയം കണ്ടെത്തുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ വരുന്ന പ്രശ്നം, ഓരോ ഗവൺമെന്റും അധികാരത്തിൽ വരുമ്പോൾ നിയമിക്കുന്ന ചിലരുണ്ട്, സ്ഥിരമായ നിയമനങ്ങളുമുണ്ട്. സ്ഥിരമായ നിയമനങ്ങളിൽ ആരും ഇടപെടുന്നില്ല. എന്നാൽ ഒരു ഗവൺമെന്റ് അധികാരത്തിൽ വന്ന് നിയമിക്കുന്നവ, ആ ഗവൺമെന്റ് രാജിവച്ച് പോകുമ്പോൾ മാറും, പുതിയ ആളുകൾ വരുമെന്നുള്ളതാണ് ഇതുവരെയുള്ള കീഴ്വഴക്കം. അദ്ദേഹം വച്ച നിർദ്ദേശത്തിൽ എന്തുവേണമെന്നുള്ളത് ഭാവിയിൽ ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. ബാബു: സർ, വാളയാർ സംഭവമുണ്ടായപ്പോൾ കേസിന്റെ വിധിയുമായി ബന്ധപ്പെട്ട് ഏറെ വിഷമത അനുഭവിക്കുന്ന കുടുംബത്തിലെ ആ അമ്മ, അരിവാൾ പാർട്ടിക്ക് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുക്കൽ വന്നപ്പോൾ ഏതുതരത്തിലുള്ള അന്വേഷണമാണോ ആ കുടുംബക്കാർ ആവശ്യപ്പെടുന്നത് അതനുസരിച്ചുള്ള അന്വേഷണത്തിന് തയ്യാറാണെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇരകൾക്കൊപ്പമാണ് ഈ ഗവൺമെന്റ് എന്ന് തെളിയിക്കപ്പെട്ടതാണ്. ജിഷയുടെ കൊലപാതകം കേരളത്തിലുണ്ടായപ്പോൾ അതിന്റെ അന്വേഷണവും അതിനുശേഷം ആ കുടുംബത്തിനെ സഹായിക്കുന്നതിനുവേണ്ടി ആജീവനാന്തം അമ്മയ്ക്ക് 5000 രൂപ പെൻഷൻ ലഭ്യമാക്കുന്നതിലും കുടുംബത്തിന് വീടുവച്ചുകൊടുക്കുന്ന കാര്യത്തിലും ഇരകൾക്കൊ

പ്പമാണെന്ന് തെളിയിച്ചു. ആ കുരുന്ന് ജീവനുകൾക്ക് പകരം വയ്ക്കാൻ ഒരു സാമ്പത്തിക സഹായത്തിനും കഴിയില്ലെന്നറിയാം. എന്നാലും അത്തരത്തിൽ ആ കുടുംബത്തിനെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുമ്പോട്ടുവന്നിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള സഹായമാണ് നൽകിയത്; സാമ്പത്തികമുൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇപ്പോൾ എനിക്കത് കൃത്യമായി ഓർക്കാൻ കഴിയുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആ സംഭവം നടന്ന വീട് സന്ദർശിച്ച ഒരാളാണ് ഞാൻ. അവർക്ക് ഗവൺമെന്റ് 10 ലക്ഷം രൂപ കൊടുത്തു. (...ബഹളം...) മരണത്തിനാണ് കൊടുത്തതെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആ വീടിന്റെ സ്ഥിതി വളരെ ദയനീയമായിരുന്നു. ഓലകൊണ്ട് കെട്ടിയ ഒറ്റമുറി വീടായിരുന്നു. അപ്പോൾതന്നെ പത്ത് ലക്ഷംരൂപ കൊടുക്കാൻ തീരുമാനിച്ചു. വീട് നിർമ്മാണത്തിനായി 7.5 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കി 2.5 ലക്ഷം രൂപയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ മറ്റുകാര്യങ്ങളെക്കുറിച്ച് പിന്നീട് പരിശോധിക്കുന്നതാണ്.

## പാസ്പോർട്ട് വെരിഫിക്കേഷന് സോഫ്റ്റ്‌വെയർ

4(*453) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് ബ്ലോക്ക് ചെയിൻ ടെക്നോളജി ഉപയോഗിച്ച് സോഫ്റ്റ്‌വെയർ/ആപ്പ് നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സ്ഥാപനമാണ് പ്രസ്തുത ആപ് നിർമ്മിച്ചിരിക്കുന്നത്, പ്രസ്തുത സ്ഥാപനവുമായുള്ള കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആപ്പിന്റെ ഉപയോഗം ഏതൊക്കെ ജില്ലയിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(സി) പോലീസിന്റെ പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ/ആപ്പ് നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) അതീവ രഹസ്യസ്വഭാവമുള്ള പോലീസ് ഡാറ്റ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നത് നിയമവിധേയമാണോയെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി എന്തെങ്കിലും ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പോലീസ് വകുപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പാസ്പോർട്ട് വെരിഫിക്കേഷൻ/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി Total Solution Provider ആയിട്ടുള്ള M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും തുടർന്ന് ഈ വിഷയത്തിൽ ഒരു Proof of Concept (POC) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ പ്രസ്തുത സ്ഥാപനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു ജില്ലയിലും പ്രാബല്യത്തിൽ വന്നിട്ടില്ല. M/s. ULCCS സമർപ്പിച്ച POC പരിശോധിക്കുന്നതിനായി എ.ഡി.ജി.പി. (കോസ്റ്റൽ സെക്യൂരിറ്റി) ചെയർമാനായി ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് പോലീസ് മേധാവി രൂപം നൽകിയിട്ടുണ്ട്.

(സി) ഇല്ല. G.O. (Ms) No.1/2016/ITD dated 18-1-2016 പ്രകാരം Total Solution Provider (TSP) ആയി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നതിനാൽ ടെണ്ടർ ഒഴിവാക്കി പ്രൊപ്പോസൽ ക്ഷണിക്കുകയാണ് ചെയ്തത്.

(ഡി) അതീവ രഹസ്യസ്വഭാവമുള്ള പോലീസിന്റെ വിവരസഞ്ചയം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാൻ ഒരു തീരുമാനവുമെടുത്തിട്ടില്ല. വിവരസഞ്ചയത്തിന്റെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് POC-യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പോലീസ് ഡാറ്റാബേസ് തുറന്നുനൽകുവാൻ 29-10-2019-ൽ ഡി.ജി.പി. ഉത്തരവിറക്കിയിരുന്നു. അതീവ രഹസ്യ സ്വഭാവമുള്ള പോലീസ് ഡാറ്റ സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചത് ഗൗരവമേറിയതാണെന്നും അത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ് ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ച അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നിലവിൽ ഡാറ്റാബേസ് ആക്സസ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുണ്ടോ; അത് പിൻവലിച്ചോ; ഊരാളുങ്കൽ സൊസൈറ്റി ഇപ്പോഴും ഡാറ്റാബേസ് ചോർത്തുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആ ഉത്തരവ് പിൻവലിച്ചതായുള്ള വിവരം എന്റെ പക്കലില്ല.

ശ്രീ വി. പി. സജീന്ദ്രൻ: സർ, അങ്ങ് മറുപടി പറഞ്ഞതനുസരിച്ചാണെങ്കിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇപ്പോഴും ഡാറ്റാ ചോർത്തിക്കൊണ്ടിരിക്കുകയാണ്. ഈ സൊസൈറ്റിക്ക് പൈലറ്റ് പദ്ധതിപ്രകാരം എറണാകുളം ജില്ലയിൽ 1000 പാസ്പോർട്ട് വെരിഫിക്കേഷനുമാത്രം 35 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചു. കേരളം മുഴുവനും ഈ പ്രോജക്ട് ചെയ്യുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ഗവൺമെന്റിൽ ഇപ്പോൾ സമർപ്പിക്കപ്പെട്ടത്; പ്രസ്തുത എസ്റ്റിമേറ്റുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇപ്പോഴും മുമ്പോട്ടുപോകുകയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിയമിക്കാനിടയായ സാഹചര്യം നേരത്തെ പറഞ്ഞതുപോലെ അവരെ Total Solution Provider (TSP) ആയി നിശ്ചയിച്ചതാണ്. മുമ്പൊരു ഘട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമെല്ലാം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കാര്യക്ഷമതയെ മാനിക്കുന്നവരായതുകൊണ്ട്, ഓരോഘട്ടത്തിലും അവരെ അംഗീകരിച്ചുപോയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 2016 മേയ് മാസത്തിലാണ്. കഴിഞ്ഞ ഗവൺമെന്റ് 18-1-2016-ൽ പുറപ്പെടുവിച്ച ഒരുത്തരവുണ്ട്. അതിലെ പ്രസക്ത ഭാഗം ഞാൻ വായിക്കാം.

"M/s. Uralungal Labour Contract Co-Operative Society Ltd. has requested Government, as per letter read as 1st paper above, to enlist them as a Total Solution Provider for undertaking IT/ITES works in various departments under the Government of Kerala, after considering the following:

(i) ULCCS is an Accredited Agency to undertake works directly without tender procedure.

(ii) ULCCS has a highly skilled engineering designing and planning division for providing all sorts of structural design and planning works to undertake turnkey infrastructure projects.

(iii) ULCCS has a strong IT Division focusing to deliver solutions for Health and transport sector, e-Governance and other utilities.

(iv) ULCCS has developed the first IT park in Kozhikode, viz, UL cyber park which is also first in the Co-operative sector.

(v) Uralungal Labour Technology Solution at Technopark, Thiruvananthapuram, the IT division of the ULCCS, has been providing IT/ITES services to various departments and PSUs and also helps them to set up IT infrastructure and hardware support.

Government has examined the matter in detail and are pleased to appoint M/s.Uralungal Labour Contract Co-operative Society Ltd (ULCCS) as a Total Solution Provider (TSP), as a special case, for undertaking IT/ITES works in various Departments and Public Sector Undertakings under the Government." അത് തുടർന്നുവരികയാണ്, അതിന്റെ ഭാഗമായാണ് ഇവരെ ഇത്തരത്തിലുള്ള കാര്യങ്ങൾ ഏൽപ്പിക്കുന്ന നിലപാട് പോലീസ് മേധാവിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കാര്യക്ഷമത വളരെ വലുതാണ് എന്നതുകൊണ്ടാണ് ടെണ്ടർ ഒഴിവാക്കി അവരെ കാര്യങ്ങൾ ഏൽപ്പിച്ചതെന്ന് പറയുന്നു. കാര്യക്ഷമതയുള്ള എത്രയോറെ സ്ഥാപനങ്ങൾ ഐ.ടി. മേഖലയിലുണ്ട്. അവരെയൊന്നും പരിഗണിക്കാതെയാണ് അങ്ങ് ഈ തീരുമാനമെടുത്തത്. പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്കറിയാം. പാസ്പോർട്ടിനായി അപേക്ഷ സമർപ്പിച്ചാൽ രണ്ടോ മൂന്നോദിവസം കൊണ്ട് അപേക്ഷിക്കുന്നയാളിന്റെ കയ്യിൽ പാസ്പോർട്ട് എത്തുന്ന സംവിധാനം ഇന്നുണ്ട്. അങ്ങനെയൊരു സിസ്റ്റമുള്ളപ്പോൾ അങ്ങ് എന്തിനാണ് ധൃതിപിടിച്ച് സി.പി.ഐ. (എം.)-ഉം ആയി ബന്ധമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചത്. പോലീസ് ഡിപ്പാർട്ടുമെന്റിലെ മിടുക്കരായ ഉദ്യോഗസ്ഥർ തയ്യാറാക്കിയ e-VIP എന്ന ആപ് കഴിഞ്ഞ കാലങ്ങളിൽ വിജയകരമായി പാസ്പോർട്ട് വെരിഫിക്കേഷനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ഇതിനെ തകിടം മറിച്ചുകൊണ്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കോൺട്രാക്ട് നൽകിയതിൽ ഒന്നുകൂടി വ്യക്തത വരുത്തണം. ഇവിടെ പോലീസ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ e-VIP എന്ന ആപ് പിൻവലിച്ചോ; അതോ തുടർന്നുകൊണ്ടുപോകുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കാര്യക്ഷമതയാണ് അവരെ Total Solution Provider (TSP) ആയി യു.ഡി.എഫ്. ഗവൺമെന്റ് നിശ്ചയിക്കാനിടയാക്കിയതെന്നാണ് ഞാൻ പറഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഉത്തരവാണ് ഇപ്പോൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഇത്തരമൊരു പദ്ധതി ഏൽപ്പിക്കുന്നതിന് പോലീസ് ചീഫിനെ പ്രേരിപ്പിച്ചിട്ടുണ്ടാവുക. അതിപ്പോഴും നിലനിലക്കുകയാണ്. അതിന്റെ ഭാഗമായി Total Solution Provider (TSP) സ്ഥാനം അവർക്ക് നിലനിൽക്കുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അംഗീകരിച്ച കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് തിരുത്തിയിട്ടില്ല. ആ ഉത്തരവ് തിരുത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അയോഗ്യരാണെന്ന് എൽ.ഡി.എഫ്. ഗവൺമെന്റും കാണുന്നില്ല. നേരത്തേ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് അംഗീകരിക്കുകയും പോലീസ് മേധാവി ചുമതല ഏൽപ്പിക്കുന്ന നിലയുമുണ്ടായി. ഇതാണ് സംഭവിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മാവോയിസ്റ്റുകൾക്കെതിരെ നടപടി

5(*454) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവോയിസ്റ്റുകൾ അപ്രായോഗികമായ പ്രത്യയശാസ്ത്രമാണ് പിന്തുടരുന്നതെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പേരിൽ പോലീസുകാർക്ക് വെടിവയ്പ്പ് ഉൾപ്പെടെ എന്ത് നടപടിയും സ്വീകരിക്കാമെന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(സി) അട്ടപ്പാടിയിൽ മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നും അക്രമവും വെടിവയ്പും ഉണ്ടായതിനാലാണ് പോലീസ് അവരെ വെടിവച്ചതെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) പ്രത്യയശാസ്ത്ര പാഠപുസ്തകങ്ങളും ലഘുലേഖകളും മറ്റും കൈവശം വയ്ക്കുന്നത് അറസ്റ്റ് ചെയ്ത് യു.എ.പി.എ. ചുമത്തുന്നതിന് പര്യാപ്തമാണോയെന്ന് വെളിപ്പെടുത്താമോ;

(ഇ) അല്ലെങ്കിൽ കോഴിക്കോട് രണ്ട് യുവാക്കളെ അറസ്റ്റ് ചെയ്ത് യു.എ.പി.എ ചുമത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ജനാധിപത്യ സംവിധാനത്തെ തകർത്ത് കലാപകലുഷിതമായ അന്തരീക്ഷം സൃഷ്ടിച്ച് ജനങ്ങളുടെ സ്വൈരജീവിതത്തെ കെടുത്തുന്ന അപ്രായോഗികമായ പ്രത്യയ ശാസ്ത്ര നിലപാടാണ് ഇവരുടേത്.

(ബി&സി) പോലീസ് റിപ്പോർട്ട് പ്രകാരം 28-10-2019-ൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ. മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി. 29-10-2019-ന് കൊല്ലപ്പെട്ടവരുടെ മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിന് സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ്കളക്ടർ അടങ്ങിയ സംഘത്തിന് നേരെയും മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെടുകയാണുണ്ടായത്. പോലീസ് നടപടിയിൽ എന്തെങ്കിലും വീഴ്ചയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധി ന്യായവും ബഹുമാനപ്പെട്ട ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശവും അനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത രണ്ടു കേസുകളിലും ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. CrPC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാകളക്ടറെ മജിസ്ട്രേറ്റുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നു വരികയുമാണ്.

പോലീസ് ഉപയോഗിച്ച തോക്കുകൾ പിടിച്ചെടുത്ത് ഫോറൻസിക്, ബാലിസ്റ്റിക് പരിശോധനയ്ക്ക് അയയ്ക്കുവാൻ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന കോഴിക്കോട് ക്രൈം ബ്രാഞ്ച് എസ്.പി.-ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി 12-11-2019 തീയതിയിലെ വിധിന്യായത്തിലൂടെ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി&ഇ) നിരോധിക്കപ്പെട്ട സംഘടനയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നവർക്കെതിരെ, യു.എ.പി.എ. നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ പര്യാപ്തമായ വസ്തുതകൾ കണ്ടെത്തിയ സാഹചര്യത്തിലാണ് യു.എ.പി.എ. പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്തതെന്നാണ് പോലീസ് റിപ്പോർട്ട്. യു.എ.പി.എ. കേസുകളിൽ പ്രോസിക്യൂഷൻ അനുമതി സർക്കാർ നൽകുന്നത് റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായി രൂപീകരിച്ചിട്ടുള്ള സമിതിയുടെ പരിശോധനയ്ക്കും ശിപാർശയ്ക്കും വിധേയമായിട്ടാണ്.

## സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

6(*455) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത്; സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം താലൂക്ക് ആശുപത്രികളിൽ കൂടി സ്ഥിരമായി ഏർപ്പെടുത്തിയാൽ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും തിരക്ക് കുറയ്ക്കാൻ കഴിയുമെന്നതിനാൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രികളിൽ ലഭ്യമാക്കിവരുന്ന ആധുനിക മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ പ്രാപ്തിയുള്ള ഉദ്യോഗാർത്ഥികളെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിലേയ്ക്കായി സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961-ലാണ് നിലവിൽ വന്നത്. ആരോഗ്യരംഗം ആധുനികവൽക്കരിക്കപ്പെടുകയും നൂതനമായ ചികിത്സാ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തെങ്കിലും സമഗ്രമായി സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിരുന്നില്ല. 2008-ൽ സ്റ്റാഫ് പാറ്റേണിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേൺ ഉയർത്തിക്കൊണ്ട് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യ ഘട്ടത്തിൽ എഫ്.എച്ച്.സി. ആയി ഉയർത്തിയ 170 കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടേയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും 150 കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേയ്ക്ക് ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ് ടെക്നീഷ്യന്റെയും

ആയി 1000 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മുഴുവൻ പി.എച്ച്.സി.-കളെയും എഫ്.എച്ച്.സി. ആയി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. എന്നിരുന്നാലും നിലവിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം മിഷൻ മുഖേന ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കേണ്ട തസ്തികകളെയും സേവനങ്ങളെയും സംബന്ധിച്ച് നിശ്ചിത മാനദണ്ഡം തീരുമാനിക്കുകയും ടി മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ജനറൽ/ജില്ലാ/താലൂക്കാശുപത്രികളിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വിവിധ ജനറൽ/ജില്ലാ/ താലൂക്കാശുപത്രികളിലായി 891 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5188 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം മിഷൻ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സ്ഥിരമായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിൽനിന്നും രണ്ട് താലൂക്കാശുപത്രികളെ വീതം മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിലുള്ള എല്ലാ താലൂക്കാശുപത്രികളിലും മിനിമം നിലവാരത്തിലുള്ള സ്പെഷ്യാലിറ്റി തസ്തികകൾ നിലവിലുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ പ്രസ്തുത വിഭാഗം തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്. പി.എസ്.സി. മുഖാന്തരം നിശ്ചിത യോഗ്യതയുള്ള ടെക്നീഷ്യൻമാരാണ് സർക്കാർ മെഡിക്കൽ കോളേജുകളിലെ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ യോഗ്യതയുള്ള ടെക്നീഷ്യന്മാരെ ആശുപത്രി വികസന സമിതികൾ മുഖാന്തരം താത്ക്കാലികമായി നിയമിച്ച് ഉപകരണങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നു.

### പോലീസിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ

7(*456) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീമതി യു. പ്രതിഭ</u> :
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മികച്ച പ്രവർത്തനത്തിന് സംസ്ഥാന പോലീസിന് ദേശീയ-രാജ്യാന്തര പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യവിരുദ്ധ ശക്തികളെയും ഗുണ്ടാ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ വേണ്ട ഇടപെടൽ പോലീസ് നടത്തിയിട്ടുണ്ടോ;

(സി) ഈ കാലയളവിൽ പോലീസിനെ ജനകീയവൽക്കരിക്കാൻ നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ; ഈ വിഭാഗങ്ങളിൽ നിന്നും എത്രപേരെ നിയമിച്ചു;

(ഡി) പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഇ) സിവിൽ പോലീസ് ഓഫീസർമാരുടെ പ്രൊമോഷൻ അവസരം വർദ്ധിപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ കൊടുക്കുന്ന ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ കേരള പോലീസ് സേനയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി ലഭിച്ചിട്ടുണ്ട്.

1. UAE സർക്കാരിന്റെ Best 'M' Government Service Award.
2. UMI (Urban Mobility India) Award 2017 for excellence in Urban Transport.
3. SKOCH Governance Award-2018.
4. SKOCH Order of Merit 2018-Community Policing-HOPE Project.
5. SKOCH Order of Merit 2018-Student Police Cadet Project.
6. SKOCH Award to Our Responsibility to Children (ORC) Project.
7. DSCI Award (Data Security Council of India) 2017.
8. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018-ലെ FICCI Smart Policing Award കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്.

9. സൈബർ ഡോമിന് Security Watch India (SWI) Innovation and Excellence Award Innovative use of Technology in Cyber Security എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

10. ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം.

11. അഴിമതി കുറവുള്ള സംസ്ഥാനം കേരളമെന്ന് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) റിപ്പോർട്ട്.

12. ഏറ്റവും കുറവ് വർഗ്ഗീയ കലാപം കേരളത്തിൽ (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട്.

13. കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'കോപ്പ് ടുഡൈ ഇന്റർനാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.

14. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം.

15. രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിലൊന്നായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.

16. ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (2016 നവംബർ) ഡിജിറ്റൽ ഇന്ത്യ ടീം കേരള പവലിയൻ Best Exhibitant Award-ന് അർഹമായി.

17. അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ (2016 ഡിസംബർ) കേരളാ പോലീസ് സേനയിൽപ്പെട്ടവർക്ക് കമ്പ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ.

18. സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ (സി.സി.റ്റി.എൻ.എസ്. ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരളാ പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ/ എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ.

19. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ 9001:2015 പദവി.

20. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയതലത്തിൽ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആന്റ് സർവ്വീസസ് കമ്പനിയും (നാസ്കോം) സംയുക്തമായി നൽകുന്ന അവാർഡ്.

21. റോഡ് സുരക്ഷിതത്വ പരിശ്രമത്തിന് ട്രാഫിക് സുരക്ഷിതത്വ ത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യ വകുപ്പ്).

22. കേരളാ പോലീസിന്റെ സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ട് രാജ്യത്താകമാനം നടപ്പിലാക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രി 2018-ൽ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്.

23. സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ).

24. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ.

(ബി) ഉണ്ട്. ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിരീക്ഷണം നടത്തുന്നതിനും സംസ്ഥാനത്ത് പോലീസ് കൺട്രോൾ റൂമുകൾ, മൊബൈൽ പട്രോൾ വാഹനങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ, ഗുണ്ടകളുടെ ഒളിത്താവളങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നതിന് രഹസ്യാന്വേഷണ വിഭാഗത്തെയും ഷാഡോ പോലീസിനെയും നിയോഗിച്ചിട്ടുണ്ട്. ഗുണ്ടാ പ്രവർത്തനത്തിൽപ്പെട്ട് ജയിൽവാസമനുഭവിച്ച് പുറത്തിറങ്ങിയവരെയും നിരീക്ഷിച്ചു വരുന്നു. ക്രിമിനൽ നടപടി നിയമത്തിലെ വകുപ്പ് 107, 109, 110 പ്രകാരവും കാപ്പാ സെക്ഷൻ 3, 15 എന്നിവ പ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ, തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണം നടത്തിയും കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവെൻഷൻ) ആക്ട് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതീയുവാക്കളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തി ആദ്യഘട്ടത്തിൽ 75 പേരെ നിയമിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 125 പേരെ നിയമിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്ത് താമസിക്കുന്ന

മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 200 പേരെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിക്കുവാൻ നടപടി തുടങ്ങുകയും അതിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 177 പേരെ 1-7-2019 മുതൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുമുണ്ട്.

(ഡി) പോലീസിൽ വനിതാ പ്രാതിനിധ്യം പടിപടിയായി വർദ്ധിപ്പിച്ച് 15% ആയി ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി കേരളാ പി.എസ്.സി. വഴി വനിതാ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തുകയും അവരുടെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത റവന്യൂ ജില്ലകളിൽ പുതുതായി വനിതാ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ വിവിധ തസ്തികകൾ സൃഷ്ടിച്ച് പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥരുടെ ഗ്രേഡ് പ്രൊമോഷനുള്ള കാലാവധി കുറച്ച് ചുവടെ കൊടുക്കുംപ്രകാരം ഉത്തരവായിട്ടുണ്ട്.

1. സീനിയർ സിവിൽ പോലീസ് ഓഫീസർ ഗ്രേഡ് 15 വർഷത്തിൽ നിന്നും 12 വർഷം.
2. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഗ്രേഡ് 22 വർഷത്തിൽ നിന്നും 20 വർഷം.
3. സബ് ഇൻസ്പെക്ടർ ഗ്രേഡ് 27 വർഷത്തിൽനിന്നും 25 വർഷം.
4. പ്രൊമോഷൻ സാധ്യത തീരെ കുറവായിരുന്ന പോലീസ് ഡ്രൈവർ വിഭാഗത്തിൽ ഡ്രൈവർ ഹെഡ് കോൺസ്റ്റബിൾ, ഡ്രൈവർ എസ്.ഐ.-മാരുടെയും തസ്തികകൾ സൃഷ്ടിച്ച് പ്രൊമോഷൻ നൽകി.
5. എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന്റെ ഭാഗമായി 268 എസ്.ഐ. തസ്തികയുടെ പദവി ഇൻസ്പെക്ടർമാരുടേതായി ഉയർത്തി.
6. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ തസ്തികകളില്ലാത്ത പോലീസ് ജില്ലകളിൽ 17 ഡിവൈ.എസ്.പി. തസ്തിക അഡീഷണൽ എസ്.പി.-മാരായി ഡെസിഗ്നേറ്റ് ചെയ്ത് നിയമനം നടത്തി.

## അട്ടപ്പാടിയിൽ മാവോയിസ്റ്റ്- പോലീസ് ഏറ്റുമുട്ടൽ

8(*457) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ മാവോയിസ്റ്റ് നേതാവ് മണിവാസകത്തെ പോലീസ് കസ്റ്റഡിയിലെടുത്ത് വെടിവച്ച് കൊല്ലുകയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിൽ നടന്നത് വ്യാജ ഏറ്റുമുട്ടൽ മാത്രമല്ല അത് ന്യായീകരിക്കുവാൻ വ്യാജതെളിവുകളും പോലീസ് ചമച്ചു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാരിനെ പോലീസ് തെറ്റിദ്ധരിപ്പിച്ചതായും ഭരണഘടനാ വിരുദ്ധമായ നടപടിയാണ് പോലീസ് നടത്തിയതെന്നും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ക്രൈംബ്രാഞ്ച് അന്വേഷണം വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവരാൻ പര്യാപ്തമല്ലാത്തതിനാൽ ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 28-10-2019-ൽ നടന്ന വെടിവയ്പ്പിൽ കൊല്ലപ്പെട്ട നിരോധിത സി.പി.ഐ. (മാവോയിസ്റ്റ്) പ്രവർത്തകരുടെ മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി 29-10-2019-ൽ സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ്കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തപ്പോഴാണ് ഈ മാവോയിസ്റ്റ് പ്രവർത്തകൻ കൊല്ലപ്പെട്ടതെന്നാണ് പോലീസ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. പോലീസ് നടപടിയിൽ എന്തെങ്കിലും വീഴ്ചയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായവും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത രണ്ട് കേസുകളിലും ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. CrPC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാകളക്ടറെ മജിസ്ട്രേറ്റുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നുവരികയുമാണ്. ഇതിനുപുറമെ, പോലീസ് ഉപയോഗിച്ച തോക്കുകൾ പിടിച്ചെടുത്ത് ഫോറൻസിക്, ബാലിസ്റ്റിക് പരിശോധനയ്ക്ക് അയയ്ക്കുവാൻ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന കോഴിക്കോട് ക്രൈംബ്രാഞ്ച് എസ്.പി.-ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി 12-11-2019 തീയതിയിലെ വിധിന്യായത്തിലൂടെ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ ആശുപത്രികളുടെ സേവനം ഫലപ്രദമാക്കാൻ പദ്ധതി

9(*458) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് ആശുപത്രികളുടെ ശേഷിക്കുമപ്പുറം വളരെയധികം രോഗികൾ എത്തുന്നതിനാൽ അതിവിദഗ്ദ്ധവും അടിയന്തരവുമായ ചികിത്സ അനിവാര്യമായവർക്ക് ആയത് ലഭിക്കാതെ പോകുന്നതും നിരവധി പേർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതമാകുന്നതും കണക്കിലെടുത്ത് പ്രാഥമിക, ദ്വിതീയ തല ആശുപത്രികളെ ശക്തിപ്പെടുത്തി തൃതീയ തല ആശുപത്രികളുടെ സേവനം ഫലപ്രദമാക്കാൻ പദ്ധതിയുണ്ടോ;

(ബി) മാറാരോഗികൾക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനുള്ള സംവിധാനം വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) ജലജന്യ, ആഹാരജന്യ രോഗങ്ങൾ ഒഴിവാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ആരോഗ്യ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേഡർ വിഭജനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലൂടെ ടി സ്ഥാപനങ്ങളിലെ ഒ.പി. സമയം ആറ് മണിവരെ ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പ്രാഥമികതലത്തിൽതന്നെ മെച്ചപ്പെട്ട സേവനം രോഗികൾക്ക് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ജില്ലാതല ആശുപത്രികളിൽ പുതുതായി സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾകൂടി ഏർപ്പെടുത്തി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ സേവനങ്ങൾ പ്രാഥമിക/ദ്വിതീയ തലങ്ങളിൽ ഏർപ്പെടുത്തുക വഴി മുൻകാലങ്ങളിൽ തൃതീയതല ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ ദ്വിതീയതല ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സാന്ത്വന ചികിത്സാ സംവിധാനം സാർവത്രികമാക്കുവാൻ സർക്കാർ തലത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിവഴി രോഗികൾക്കും വീട്ടുകാർക്കും ട്രെയിനിംഗ്, റിഹാബിലിറ്റേഷൻ പ്രോഗ്രാം, സാന്ത്വന പരിചരണം എന്നിവ നടത്തിവരുന്നു. ഉയർന്ന ആയുർദൈർഘ്യവും ജീവിതശൈലിയിൽ വന്ന മാറ്റങ്ങളുടെ കാരണത്താൽ ദീർഘകാല രോഗങ്ങളാൽ വലഞ്ഞവരും വാർദ്ധക്യസഹജമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുമായി സർക്കാർ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പ്രൈമറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും സി.എച്ച്.സി.കളിലും മേജർ ഹോസ്പിറ്റലുകളിലും സെക്കൻഡറി, ടേർഷ്യറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകൾവഴി നൽകിവരുന്ന സാന്ത്വന പദ്ധതികളും വ്യക്തിഗത/ സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ പദ്ധതികളും സമന്വയിപ്പിച്ചുകൊണ്ട് സാന്ത്വനപരിചരണ രംഗം വികസിപ്പിക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയായ "അരികെ" സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സാന്ത്വന ചികിത്സ സാർവ്വത്രികമാക്കാൻ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ പ്രിവന്റീവ് ക്ലിനിക്കിൽ പാലിയം ഇന്ത്യയുടെ നേതൃത്വത്തിൽ സൗജന്യമായി ഒരു മണി മുതൽ 4 (നാല്) മണിവരെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും സാന്ത്വന ചികിത്സ നടത്തിവരുന്നു. ഇവിടെനിന്ന് ഒ.പി.-യിലും ഐ.പി.-യിലുമുള്ള രോഗികൾക്ക് മോർഫിൻ ഗുളിക ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

2. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. ആലപ്പുഴ മെഡിക്കൽ കോളേജിൽ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസം പാലിയേറ്റീവ് കെയർ ഒ.പി. നടത്തിവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോം കെയർ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ സഹകരണത്തോടെ വീടുകൾ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ ഏറ്റുമാനൂർ ഹെൽത്ത് സെന്ററിൽ രണ്ട് യൂണിറ്റ് പാലിയേറ്റീവ് കെയർ പദ്ധതി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെനിന്ന് ആവശ്യമായ മരുന്നുകളും ചികിത്സാ സാമഗ്രികളും രോഗികൾക്ക് വിതരണം ചെയ്തുവരുന്നു.

ഇതുകൂടാതെ സാന്ത്വന പരിചരണ ചികിത്സ സാർവത്രികമാക്കുന്നതിനുവേണ്ടിയുള്ള സർക്കാർ നടപടിയുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും സാന്ത്വന ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന നിയമിച്ച 114 ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ട്രെയിനിംഗ് നൽകി, നോട്ടിഫൈ ചെയ്ത നിയമനം നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ

ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 140 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും 3 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും NABL അക്രെഡിറ്റേഷനുള്ള 3 അനലിറ്റിക്കൽ ലാബുകളും 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശ്രമിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന് കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യവസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകളും ഫലവത്തായി ഉപയോഗിച്ച് വരുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ മുഖേനയും കുടിവെള്ളം പരിശോധിക്കുന്നുണ്ട്. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും, സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Detection of Adulteration Test (പാൽ, ഭക്ഷ്യ എണ്ണകൾ) സംവിധാനവും, ഭക്ഷ്യവസ്തുക്കളിലെ കൃത്രിമ കളർ കണ്ടെത്തുന്നതിനുള്ള സംവിധാനവും ഈ ലാബുകളിൽ നിലവിലുണ്ട്. അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കം കഴിഞ്ഞ സമയങ്ങളിൽ ടി സ്ഥലങ്ങളിലെ കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI)-യുടെ നിർദ്ദേശാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് നിരവധി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. FoSTC (Food Safety Training & Certification), RUCCO (Repurpose Used Cooking Oil), BHOG (Blissful Hygienic Offering to God), SNF @ School (Safe & Nutritious Food at School), Clean Street Food Hub, സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ സാഗർ റാണി, ശർക്കരയിലെ മായം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ പനേല തുടങ്ങിയ പദ്ധതികളും നടന്നുവരുന്നു. സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contract Centre (GCC) വഴി (Toll Free No.

1800 425 1125) ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന QRT (Quick Response Team) സംവിധാനം എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 30-5-2019-ലെ സ.ഉ.(കൈ) 71/2019/ആ.കു.വ. പ്രകാരം പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കേഡർ സംവിധാനം നിലവിലുണ്ട്. നിലവിൽ ലക്ചർ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ, ഡി.എം.ഇ. എന്നീ കേഡർ തസ്തികകൾ നിലവിലുണ്ട്.

## പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് നടപടി

10(*459) <u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ.ആന്റണി ജോൺ</u> :
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) റേഷൻ കടകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും ഏകീകൃത നിറവും നെയിം ബോർഡും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്രമക്കേടുകൾ തടയുന്നതിനായി റേഷൻ കടകളിൽ എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നത്;

(ഡി) റേഷൻകടകളിൽ സ്റ്റോക്കുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം (End to End Computerisation) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്ത് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്ത കടകളൊഴികെയുള്ള 14272 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തിവരുന്നു. പോർട്ടബിലിറ്റി (ഏത് കടയിൽ നിന്നും സാധനങ്ങൾ വാങ്ങാവുന്ന സംവിധാനം) സംസ്ഥാനത്ത് നടപ്പിലാക്കി.

ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് മെഷീൻ മുഖേന ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. IMPDS (Integrated Management in Public Distribution System)-മായി ബന്ധപ്പെട്ട് 'ഒരു രാജ്യം ഒരു റേഷൻ കാർഡ് 'എന്ന ലക്ഷ്യം നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള-കർണ്ണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, GPS enabled vehicle tracking system നടപ്പാക്കുന്നതിലേയ്ക്കായി സപ്ലൈകോ മുഖാന്തരം EOI (Expresssion of Interest) ക്ഷണിക്കുകയും ഇതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിംഗ് സംസ്ഥാന വ്യാപകമായി നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതല പ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റേഷൻ കടകൾ വഴി കുപ്പിവെള്ളം, ശബരി ഉൽപ്പന്നങ്ങൾ എന്നിവയും ലഭ്യമാക്കിവരുന്നു.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കി യതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർ നിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യം ഇല്ലെന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻ കടകൾ ഒഴികെയുള്ള 13029 റേഷൻകടകൾ, ഒരു റേഷൻ കടയ്ക്ക് 2500 രൂപ നിരക്കിൽ 3,25,72,500 രൂപ (മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്.

(സി) റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ആഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്തുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 റേഷൻ കാർഡുകളെങ്കിലും പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ

കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും എ.ആർ.ഡി.-കളിൽ റേഷൻ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിനും റേഷൻ വ്യാപാരികൾ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും റേഷൻ കടകളിൽ വിലവിവര പട്ടിക, വിതരണ തോത്, ഭക്ഷ്യധാന്യങ്ങളുടെ സാമ്പിൾ പായ്ക്കറ്റ് എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും ആയത് പ്രകാരം തന്നെയാണോ വിതരണം ചെയ്യുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാർ/സിറ്റി റേഷനിംഗ് ആഫീസർമാർ 3 മാസത്തിലൊരിക്കൽ അവരുടെ അധികാര പരിധിയിലുള്ള എല്ലാ എ.ആർ.ഡി.-കളും പരിശോധിക്കുന്നതിനും റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തിയ 50% പരിശോധനകളിൽ സൂപ്പർ ചെക്ക് നടത്തുന്നതിനും ജില്ലാ സപ്ലൈ ഓഫീസർമാർ ജില്ലയിലെ മുഴുവൻ ഫർക്കകളിലേയും കുറഞ്ഞത് റേഷൻ കട എന്ന നിലയ്ക്ക് എല്ലാ ഫർക്കയിലും പ്രതിമാസ പരിശോധന നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മേഖലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ജില്ലകളിലെ പരിശോധനകൾ യഥാവിധി നിരീക്ഷിക്കുന്നുണ്ട്. ഇപ്രകാരം പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സർക്കാർ തലത്തിലും പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) റേഷൻ വ്യാപാരികൾ നിലവിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ തന്നെ ഇ-പോസ് മെഷീനിൽ സ്റ്റോക്ക് രേഖപ്പെടുത്തുന്നതാണ്. റേഷൻ കടകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് വിവരം സിവിൽ സപ്ലൈസ് വകുപ്പിന്റെ epos.kerala.gov.in എന്ന പോർട്ടലിൽ തത്സമയം ലഭ്യമാണ്.

11 (*460) ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ സമഗ്ര ആരോഗ്യ പരിരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തുന്നതിന് വനിതാ-ശിശു വികസന വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനമെമ്പാടുമുള്ള ഗോത്രമേഖലയിൽ പുതുതായി അംഗൻവാടികൾ തുടങ്ങുന്നതിന് നീക്കമുണ്ടോ;

(സി) ഏതൊക്കെ പ്രദേശങ്ങളിലാണ് അംഗൻവാടികൾ തുടങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികവർഗ്ഗ മേഖലയിലെ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരവും കൂടുതൽ ആരോഗ്യ പരിരക്ഷാ സേവനങ്ങളും നല്കുന്നതിന് പ്രസ്തുത അംഗൻവാടികൾ മുതൽക്കൂട്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ മാത്രം സമഗ്ര ആരോഗ്യ പരിരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തുന്നതിന് വനിത ശിശു വികസന വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. അനുപൂരക പോഷകാഹാര പദ്ധതി
2. നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ ആയിരംദിന പരിപാടി

(ബി) സംസ്ഥാനത്ത് ഗോത്ര മേഖലയിൽ (പട്ടികവർഗ്ഗ മേഖലയിൽ) പുതുതായി 112 അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന അങ്കണവാടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) പട്ടികവർഗ്ഗ മേഖലയിലെ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരവും കൂടുതൽ ആരോഗ്യ പരിരക്ഷാ സേവനങ്ങളും നല്കുന്നതിന് പ്രസ്തുത അങ്കണവാടികൾ മുതൽക്കൂട്ടാണ്.

## റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഫോർട്ടിഫിക്കേഷൻ

12(*461) ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഫോർട്ടിഫിക്കേഷൻ നടപടികൾ വിശദമാക്കാമോ;

(ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ പാക്കറ്റുകളിലാക്കി നൽകാൻ നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റേഷൻ ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് എന്തൊക്കെ സംവിധാന ങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) പട്ടികവർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ച നൽകുന്നതിന് സഞ്ചരിക്കുന്ന റേഷൻ കട എന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ വിറ്റാമിനുകളുടെ കുറവുമൂലം അനീമിയ പോലെയുള്ള രോഗങ്ങൾ വരാതെ ചെറുക്കുന്നതിന് സമ്പുഷ്ടീകരിച്ച് നൽകുന്ന പദ്ധതിയാണ് ഫോർട്ടിഫിക്കേഷൻ. ആയതിലേയ്ക്ക് റേഷൻ കടകളിലും വെൽഫെയർ സ്കീമുകളിലേയ്ക്കും വിതരണം ചെയ്യുന്ന അരി ഫോർട്ടിഫിക്കേഷൻ ചെയ്യുന്ന പദ്ധതി 2023 മുതൽ ആരംഭിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ട മാത്രമാണ് ഫോർട്ടിഫിക്കേഷൻ നടത്തിവരുന്നത്.

(ബി) റേഷൻ ഭക്ഷ്യധാന്യങ്ങൾ പായ്ക്കറ്റുകളിലാക്കി നൽകുന്നത് പരിഗണന യിലില്ല.

(സി) പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം "Public Grievance Redressal Portal" 27-2-2019 മുതൽ പ്രവർത്തിച്ചുവരുന്നു. pg.civilsupplieskerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷകന്റെ പേര്, വിലാസം, മൊബൈൽ നമ്പർ എന്നിവ നൽകി കേരളത്തിലെ ഏത് ജില്ലയിൽ നിന്നും പരാതിയുടെ വിശദവിവരം രേഖാമൂലമോ, ഓഡിയോ/വീഡിയോ ആയോ സമർപ്പിക്കാവുന്നതാണ്. കൂടാതെ പൊതുവിതരണ രംഗത്തെ പരാതികൾ, സംശയങ്ങൾ എന്നിവ പരിഹരിക്കുന്നതിന് 1967 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലെയും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെയും ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഫുഡ് കമ്മീഷന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

(ഡി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് പകരക്കാരെ (പ്രോക്സി) ഏർപ്പെടുത്താവുന്നതാണ്. അതേ റേഷൻ കടയിലുള്ള മറ്റേതെങ്കിലും കാർഡ് അംഗങ്ങളെ പ്രോക്സിയാക്കാവുന്നതാണ്.

(ഇ) കേരളത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ വാഹനങ്ങളിൽ നേരിട്ടെത്തിക്കുന്ന പദ്ധതി പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ നിലവിലുണ്ട്. ടി പദ്ധതി വയനാട്, ഇടുക്കി, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**കെ-ഫോൺ പദ്ധതി**

13(*462) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കാൻ വിവര സാങ്കേതിക വകുപ്പ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ടെൻഡർ നടപടികളിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്; ഇതിൽ ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക അറിയിക്കാമോ;

(സി) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കുമ്പോൾ റിവേഴ്സ് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(ഡി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെൻഡർ പോർട്ടൽ വഴി ടെൻഡർ നടപടികൾ പൂർത്തിയാക്കി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കെ-ഫോൺ പദ്ധതിയുടെ ടെൻഡറിന്റെ അവസാന ഘട്ടത്തിൽ മൂന്ന് കമ്പനികളാണ് പങ്കെടുത്തത്. ഓരോ കമ്പനിയും ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ക്വാട്ട് ചെയ്ത തുക (കോടി രൂപയിൽ) (നികുതികൾ പുറമെ) |
|---|---|---|
| 1 | M/s. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് | 1548.68 |
| 2 | M/s. ടെലികമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് | 1729.99 |
| 3 | M/s. A2Z ഇൻഫ്രാ എഞ്ചിനീയറിംഗ് ലിമിറ്റഡ് | 2853.54 |

(സി) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുത്തപ്പോൾ റിവേഴ്സ് ടെൻഡർ നടപടി സ്വീകരിച്ചിട്ടില്ല. രണ്ട് ഘട്ടമായിട്ടാണ് ടെൻഡർ നടപടികൾ സ്വീകരിച്ചത്. ആദ്യഘട്ടത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കി മുൻപരിചയമുള്ള കമ്പനികളെ പ്രീക്വാളിഫൈ ചെയ്തു. രണ്ടാം ഘട്ടത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഇ-ടെൻഡർ പോർട്ടൽ വഴി ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കമ്പനിയെ തെരഞ്ഞെടുത്തു. ഇത്തരത്തിൽ ഭാരത സർക്കാരിന്റെ നവരത്ന കമ്പനിയായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെയാണ് പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി തെരഞ്ഞെടുത്തിട്ടുള്ളത് വിവിധ ഘടകങ്ങൾ ഉള്ളതും കൺസോർഷ്യം മുഖേന നടപ്പാക്കുന്നതുമായ കെ-ഫോൺ പോലെയുള്ള സമഗ്ര പദ്ധതികൾക്ക് റിവേഴ്സ് ടെൻഡർ നടപടികൾ പ്രായോഗികമല്ല.

(ഡി) ഉണ്ട്. കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി. സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനം, 7 വർഷത്തെ പ്രവർത്തന പരിപാലനം എന്നിവ ഉൾപ്പെടെ ആകെ 9 വർഷത്തേയ്ക്ക് 1531.68 കോടി രൂപയ്ക്കാണ് (നികുതികൾ പുറമെ) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

## ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ

14(*463) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ ആധുനികീകരണത്തിന്റെ ഭാഗമായി കുറ്റവാളികളെ തിരിച്ചറിയാനും ട്രാഫിക് നിയമലംഘനം സ്വയം കണ്ടെത്താനും കഴിയുന്ന ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സി-ഡാക് മാതൃകയിൽ സൊസൈറ്റി രൂപീകരിച്ച് സൈബർ കുറ്റാന്വേഷണം, നവമാധ്യമങ്ങൾ വഴിയുള്ള മറ്റു ഭീഷണി മുതലായവ ഫലപ്രദമായി നേരിടാൻ പരിപാടിയുണ്ടോ; ഭീകരവാദത്തിലേക്ക് ആകൃഷ്ടരാകുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടക്കിക്കൊണ്ടുവരാൻ പദ്ധതിയുണ്ടോ;

(സി) കടകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ മോഷണം തടയാനുദ്ദേശിച്ചുകൊണ്ടുള്ള സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) 7-1-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 3/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 4-10-2019 മുതൽ പോലീസ് ആസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനു വേണ്ട സ്ഥല സൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയുമുണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്.

## പ്രോസിക്യൂഷൻ നീതിന്യായ സംവിധാനങ്ങളിലെ പരിഷ്കരണ നടപടികൾ

15(*464) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിലെങ്കിലും ബോധപൂർവ്വമോ അല്ലാതെയോ നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന് പരിഹാരമായി കേരള ജുഡീഷ്യൽ അക്കാഡമിയിൽ ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലനം മെച്ചപ്പെടുത്തേണ്ടതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ സമഗ്രമായ ഒരു പരിശോധനയും പരിഷ്കരണ നടപടികളും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പഴുതുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന പ്രശ്നങ്ങൾക്ക് നിയമാനുസൃതമായ പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. കേസന്വേഷണം, കുറ്റവിചാരണ എന്നിവ നിരവധി നടപടിക്രമങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഇതിലെവിടെയെങ്കിലും സംഭവിക്കുന്ന പിഴവുകളോ ആരുടെയെങ്കിലും ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകളോ നിരപരാധികൾ ശിക്ഷിക്കപ്പെടാനുള്ള കാരണങ്ങളാകാം. സർക്കാർ ഏതൊരു കേസിന്റെയും അന്വേഷണം നിഷ്പക്ഷമായും കാര്യക്ഷമമായും നിർവ്വഹിക്കപ്പെടുന്നതു വഴി നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(സി) കേരള ജുഡീഷ്യൽ അക്കാഡമിയിൽ നീതിന്യായ വകുപ്പിലെ വിവിധ റാങ്കുകളിലെ ജുഡീഷ്യൽ ഓഫീസർമാർക്കും പ്രോസിക്യൂട്ടർമാർക്കും നിയമവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. നിലവിലെ പരിശീലന പരിപാടികൾ കാര്യക്ഷമമാണ്.

(ഡി) ഇത്തരത്തിലുള്ള വീഴ്ചകളും പിഴവുകളും നിരന്തരമായ ഒരു പ്രക്രിയയിൽ അപൂർവ്വമായി സംഭവിക്കുന്ന കാര്യമായതിനാലും ആയവയ്ക്കുള്ള പരിഹാരം യഥാസമയം കൈക്കൊണ്ടുവരുന്നതിനാലും ഈ വിഷയം സർക്കാർ പ്രത്യേകമായി പരിശോധന നടത്തുന്നില്ല.

**ദേശീയജലപാത പദ്ധതിയുടെ പുരോഗതി**

16(*465) ശ്രീ. എം. മുകേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചരക്കുഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഏറെ പ്രയോജനപ്രദമാകുന്ന ദേശീയജലപാത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ഇൻലാന്റ് വാട്ടർവേ അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട്-നീലേശ്വരം, കോവളം-കൊല്ലം സംസ്ഥാന ജലപാത കളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) കിഫ്ബി സഹായത്തോടെ പാർവ്വതി പുത്തനാർ ഗതാഗത യോഗ്യമാക്കാൻ നടത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) വാഹനത്തിരക്കിൽ കുരുങ്ങുന്ന കൊച്ചിയിലെയും പരിസരപ്രദേശങ്ങളിലെയും യാത്രാക്ലേശത്തിന് പരിഹാരമാകുന്ന വാട്ടർ മെട്രോ പദ്ധതിയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയാണ് ദേശീയ ജലപാത-3 ആയി പ്രഖ്യാപിച്ചിട്ടുള്ളത്. ദേശീയ ജലപാതയുടെ ഡ്രെഡ്ജിങ്ങും നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും നടപ്പാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യാണ്. IWAI-യുടെ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. നിലവിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയുടെ പ്രവൃത്തികളും കൊച്ചിയിലെ ഫീഡർ റൂട്ടുകളായ ഉദ്യോഗമണ്ഡൽ കനാൽ, ചമ്പക്കര കനാൽ എന്നിവയുടെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള

ദേശീയജലപാതയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ആലപ്പുഴ, കോട്ടയം ജില്ലകളിലായുള്ള NW-8 (ആലപ്പുഴ-ചങ്ങനാശ്ശേരി), NW-9 (ആലപ്പുഴ-കോട്ടയം-അതിരമ്പുഴ), NW-59 (കോട്ടയം-വൈക്കം) എന്നീ ദേശീയ ജലപാതകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ഐ.ഡബ്ല്യൂ.എ.ഐ. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുമായി ബന്ധപ്പെട്ട ചവറ കെ.എം.എം.എൽ. ബോട്ട് ജെട്ടിയുടെ നിർമ്മാണം, തൃക്കുന്നപ്പുഴ നാവിഗേഷൻ ലോക്കിന്റെ പുനർ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് വർക്കായി ഇൻലാന്റ് നാവിഗേഷൻ വിഭാഗം നടപ്പിലാക്കിവരുന്നു.

(ബി) കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണം ഘട്ടംഘട്ടമായി ക്വിൽ പൂർത്തീകരിച്ചു വരുന്നു. ആക്കുളം മുതൽ കൊല്ലം വരെയുള്ള കനാൽ ശുചീകരണവും ആഴംകൂട്ടലും പ്രവൃത്തികൾ വിവിധ റീച്ചുകളിലായി പുരോഗമിക്കുന്നു. ലാന്റ് അക്വിസിഷനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം വർക്കലയിലെ കനാൽ വികസന പദ്ധതികൾക്ക് തടസ്സമായി കണ്ടിരുന്ന കനാൽ അരികിനോട് ചേർന്ന് പുറമ്പോക്കിൽ വസിക്കുന്ന 60 കുടുംബങ്ങളെ ആദ്യ ഘട്ടത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കോഴിക്കോട് മുതൽ വടകര വരെയുള്ള കനോലി കനാലിന്റെ ഭാഗങ്ങളിലും കനാൽ ശുചീകരണം പുരോഗമിക്കുന്നു. വടകര-മാഹി കനാൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വടകര-മാഹി കനാലിന്റെ സമ്പൂർണ്ണ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയും ഊർജ്ജിതമായി നടന്നുവരുന്നു. കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ നവീകരണവും പൂർത്തിയായി വരുന്നു. മാഹിക്കും വളപട്ടണത്തിനുമിടയിൽ 3 ഭാഗങ്ങളിലായുള്ള അൺകട്ട് ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വളപട്ടണം മുതൽ നീലേശ്വരം വരെയുള്ള ഭാഗം ആഴം കൂട്ടി നവീകരിച്ചിട്ടുള്ളതാകുന്നു.

(സി) പാർവ്വതീ പുത്തനാറിന്റെ രണ്ടാംഘട്ട വികസനത്തിന് 53 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ധനസഹായത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ക്വിൽ-നാണ് പാർവ്വതീ പുത്തനാറിന്റെ വികസന/നിർമ്മാണ ചുമതല. പാർവ്വതീ പുത്തനാറിലെ പുറമ്പോക്കിൽ വസിക്കുന്ന 60 കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്കോടുകൂടി ശൗചാലയങ്ങൾ സിയാലിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

കനാലിലേയ്ക്ക് ടോയ്ലെറ്റ് വേസ്റ്റുകൾ എത്തുന്നത് തടയുവാൻ 600-ഓളം ഭവനങ്ങൾക്കുകൂടി സെപ്റ്റിക് ടാങ്കുകളോടുകൂടിയ ശൗചാലയങ്ങൾ ശുചിത്വമിഷന്റെ സഹകരണത്തോടെ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൊച്ചിൻ മെട്രോ റെയിൽ കോർപ്പറേഷനാണ് വാട്ടർമെട്രോയുടെ നിർമ്മാണ ചുമതല. കൊച്ചി വാട്ടർമെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ബോട്ടുജെട്ടികളുടേയും ബോട്ടുകളുടേയും നിർമ്മാണവും സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽപ്പെട്ട എട്ട് ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകി കഴിഞ്ഞു. 2020 നവംബർ മാസത്തിൽ വാട്ടർമെട്രോയുടെ ആദ്യ സർവ്വീസ് നടത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ജീവിതശൈലി രോഗനിയന്ത്രണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ

17(*466) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർ ദൈർഘ്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടവും അനാരോഗ്യ കരമായ ജീവിത ശൈലിയും കാരണം പ്രായം ചെന്നവരിൽ ഗണ്യമായ പങ്ക് ആളുകളും പ്രമേഹം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിതശൈലി രോഗനിയന്ത്രണത്തിന് നടത്തുന്ന പ്രവർത്ത നങ്ങളുടെ വിശദവിവരം അറിയിക്കാമോ;

(ബി) സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ ഭീമമായ ചെലവും പരിമിതമായ സൗകര്യങ്ങളും കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ കാൻസർ പ്രാരംഭത്തിൽത്തന്നെ കണ്ടെത്തുന്നതിനും വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കു ന്നതിനും ഉള്ള സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ടോ;

(സി) കിടത്തി ചികിത്സ ആവശ്യമില്ലാതിരിക്കുകയും എന്നാൽ മരുന്നു കൾക്കായി ഏറെ തുക ദീർഘകാലം മുടക്കേണ്ടി വരികയും ചെയ്യുന്ന കേസുകളിൽ കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിക്കില്ലെന്ന പ്രശ്നമുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ മാർഗമുണ്ടോയെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആഗോളതലത്തിൽ തന്നെ ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമോ സാമുദായികമോ പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും രോഗാതുരതയും സാമ്പത്തിക ഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങൾ മുൻനിരയിലേയ്ക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജനറലാശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണ്ണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറുദിവസവും ജീവിതശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീ ചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവൽക്കരണവും നൽകിവരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക്ക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹത് സർവ്വെയും ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പിയുൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം

നൽകിവരുകയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേയ്ക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. റീജണൽ കാൻസർ സെന്ററുകളിൽ നിലവിലുള്ള ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകിയും റേഡിയോതെറാപ്പി ബിരുദധാരികളുടെയും സേവനം പ്രയോജനപ്പെടുത്തിയുമാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. നാളിതുവരെ 6800-ൽപ്പരം കീമോതെറാപ്പിയും മറ്റ് അനുബന്ധ കാൻസർ ചികിത്സാരീതികളും ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു. 3000-ൽപ്പരം പുതിയ കാൻസർ രോഗികളെ കണ്ടെത്തുന്നതിന് ഈ കേന്ദ്രങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനത്തിലൂടെ നടത്തി വരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ വദനാർബുദം, ഗർഭാശയഗളാർബുദം എന്നിവ പ്രാരംഭദശയിൽത്തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ കാൻസർ രോഗ ലക്ഷണമുള്ളവരെ മുൻഗണനാക്രമത്തിൽ കാൻസർരോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളും ഒരു ശൃംഖലയ്ക്കുള്ളിൽ അണിചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ കാൻസർ രോഗികളുടെയും രോഗവിവരങ്ങൾ ക്രോഡീകരിക്കുന്നതിന് ഒരു സമ്പൂർണ്ണ രജിസ്ട്രി തയ്യാറാക്കാൻ സഹായകമാവുകയും ചെയ്യുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ കിടത്തി ചികിത്സയ്ക്ക് മാത്രമാണ് ചികിത്സാ സഹായം നൽകുന്നത്. എന്നാൽ കിടത്തി ചികിത്സ ആവശ്യമില്ലാത്ത കീമോതെറാപ്പി, റേഡിയേഷൻ, ഡയാലിസിസ് തുടങ്ങിയ എഴുപതോളം ഡേ കെയർ ചികിത്സ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടും.

## സ്ത്രീ ശാക്തീകരണത്തിനായി ജൻഡർ ബഡ്ജറ്റിംഗ്

18(*467) ശ്രീ. എം. ഉമ്മർ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീ ശാക്തീകരണത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) സ്ത്രീ ശാക്തീകരണം ശക്തിപ്പെടുത്തുന്നതിനായി ജൻഡർ ബജറ്റിംഗ്, ആഡിറ്റിംഗ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ സ്ത്രീ സമത്വത്തിനു വേണ്ടി നിലപാട് സ്വീകരിക്കുന്ന ഈ അവസരത്തിൽ ജൻഡർ ബഡ്ജറ്റിംഗിലൂടെ വിവേചനം വർദ്ധിപ്പിക്കുന്നുവെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വനിത-ശിശു വികസന വകുപ്പ് വഴി സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അഭയകിരണം
2. സഹായഹസ്തം
3. പടവുകൾ
4. അതിജീവിക
5. സധൈര്യം മുന്നോട്ട്

(ബി) സ്ത്രീശാക്തീകരണം ശക്തിപ്പെടുത്തുവാനായി ജെൻഡർ ബഡ്ജറ്റിംഗും ജെൻഡർ ആഡിറ്റിംഗും നടപ്പിലാക്കി വരുന്നു. സ്ത്രീകൾക്കായുള്ള പദ്ധതികളുടെ ബഡ്ജറ്റ് നീക്കിയിരിപ്പിനെക്കുറിച്ചുള്ള ധാരണ തരികയും വർദ്ധിപ്പിക്കേണ്ടിടത്ത് വർദ്ധിപ്പിക്കാനും കുറയ്ക്കേണ്ടവ കുറയ്ക്കുവാനും ബഡ്ജറ്റിംഗ് വിഹിതത്തിലെ ജെൻഡർ അനുപാതം മനസ്സിലാക്കുവാനും സഹായിക്കുന്നു. ഇത് തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ ജെൻഡർ ബഡ്ജറ്റിംഗും/ജെൻഡർ ആഡിറ്റിംഗും നടപ്പിലാക്കുന്ന ഏക സംസ്ഥാനമാണ് കേരളം.

(സി) പരിശോധിച്ചിട്ടുണ്ട്. സ്ത്രീകൾക്കായുള്ള പദ്ധതികളുടെ ബഡ്ജറ്റ് നീക്കിയിരുപ്പിനെക്കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റ് വിഹിതത്തിൽ ജെൻഡർ അനുപാതം മനസ്സിലാക്കി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജെൻഡർ ബഡ്ജറ്റിംഗിലൂടെ കഴിയുന്നുണ്ട്. ഇതോടൊപ്പം സ്ത്രീകൾക്കുനേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയാനായി ബോധവൽക്കരണത്തിലൂടെ സമൂഹമനസ്സിനെ മാറ്റുവാനും തുല്യതയിൽ ഊന്നിയ കാഴ്ചപ്പാട് ഉണ്ടാക്കുവാനുമായി ജെൻഡർ അവബോധ പരിപാടികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ജെൻഡർ ബഡ്ജറ്റ് ആരംഭിച്ചതിനു ശേഷം സ്ത്രീകൾക്കും കുട്ടികൾക്കും 10% ആയിരുന്ന ബഡ്ജറ്റ് ഫണ്ട് 11.5% ആയി ഉയർത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ട് വിനിയോഗിക്കപ്പെടുമ്പോൾ സ്ത്രീ പുരുഷ സമത്വം പരിപാലിക്കപ്പെടുകയും വിവേചനത്തിന്റെ തോത് ലഘൂകരിക്കുന്നതിനും വഴി തെളിക്കുന്നതാണ്.

## നോർക്ക റൂട്ട്സിന്റെ നൈപുണ്യ വികസന പരിശീലന പദ്ധതി

19(*468) ശ്രീ. കെ. ദാസൻ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ യുവജനങ്ങൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്ന നൈപുണ്യ വികസന പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർ വിസ തട്ടിപ്പിനും തൊഴിൽ ചൂഷണങ്ങൾക്കും ഇരയാകുന്ന സംഭവങ്ങൾ നിരവധി ഉണ്ടാകുന്നതിനാൽ നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവ സംബന്ധിച്ച് ശക്തവും കാര്യക്ഷമവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രവാസികളായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എൻ.ആർ.ഐ. സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തുന്നതിനായി സംസ്ഥാനത്തെ യുവജനങ്ങൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്ന നൈപുണ്യ വികസന പരിശീലന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് ഇന്ത്യയ്ക്കകത്തും പുറത്തും തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതികവിദ്യ പകർന്നു കൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സർക്കാർ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), സർക്കാർ പോളിടെക്നിക്ക് കോളേജുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നിവ മുഖാന്തരമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. എന്നാൽ ഐ.റ്റി. മേഖലയിൽ വിദേശ രാജ്യങ്ങളിൽ ഒട്ടനവധി തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിനാൽ, ഈ മേഖലയിൽ പരിശീലനവും പ്രാവീണ്യവും നൽകുന്നതിനും സാധ്യതകൾ പ്രോയോജനപ്പെടുത്തുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ.)-യുമായി ചേർന്ന് കോഴ്സുകൾ നടത്തിവരുന്നു. ഇതുകൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യു.എ.ഇ., കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ (HAAD/PROMETRIC/MOH/DOH) യോഗ്യത നേടുന്നതിന്, കേരളത്തിലെ നഴ്സിംഗ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കു ന്നതിലേയ്ക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ധാരണയായിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവ സംബന്ധിച്ച് നോർക്ക വകുപ്പ് ശക്തവും കാര്യക്ഷമവുമായ ബോധവൽക്കരണം നടത്തിവരുന്നു. കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ (PDOP) മാർഗ്ഗരേഖ അനുസരിച്ചാണ് ബോധവൽ ക്കരണം നടത്തുന്നത്. പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ (PDOP) ഭാഗമായി കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് 2018 ഡിസംബർ 11, 12 തീയതികളിൽ ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് (ToT) വർക്ക്ഷോപ്പ് തിരുവനന്ത പുരത്തുവച്ച് നടത്തുകയുണ്ടായി. നിയമവിധേയമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ്, നൈപുണ്യവികസന പദ്ധതികളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നീ വിഷയങ്ങൾ ഈ വർക്ക് ഷോപ്പിൽ വളരെ ഫലപ്രദമായി ചർച്ച ചെയ്യുകയുണ്ടായി.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ നോർക്ക റൂട്ട്സ് മേഖലാ ഓഫീസുകളെ PDOP ട്രെയിനിംഗ് സെന്ററുകളായി തെരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ വച്ച് പരിശീലന പരിപാടികളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ നോർക്ക റൂട്ട്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം മുതൽ വിദേശ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യാൻ തൽപ്പരരായ വനിതകൾക്കും വിദേശ രാജ്യങ്ങളിൽ ജോലി സ്വീകരിക്കുന്ന നഴ്സമാർക്കും പ്രത്യേകം PDOP-കൾ നടത്തിവരുന്നു. നിലവിലെ ഷെഡ്യൂൾ പ്രകാരം 14 ജില്ലകളിലും പ്രസ്തുത ബോധവൽക്കരണ പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ, എഫ്.എം. റേഡിയോ, സിനിമാ തിയേറ്ററുകൾ എന്നിവ വഴി പരസ്യങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. ഇതിനായി 2019-20 കാലയളവിൽ 1 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിൽ ചൂഷണങ്ങളും തട്ടിപ്പുകളും തടയാനും സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സാധ്യമാക്കുന്നതിനുമായി വിദേശകാര്യ വകുപ്പിന്റെ ഓവർസീസ് എംപ്ലോയ്മെന്റ് & പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് വിഭാഗവും നോർക്ക വകുപ്പും സംയുക്തമായി 2019 ആഗസ്റ്റ് 29, 30 തീയതികളിൽ ഒരു ദ്വിദിന സെമിനാർ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടിയിൽ പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുവാൻ അവസരം നൽകുകയും അവയുടെ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ വിദേശകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

(സി) പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പു വരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും പ്രവാസം സംബന്ധിച്ചുള്ള വിവരകൈമാറ്റത്തിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.കെ. സെൽ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പ്രവാസി വനിതകൾക്ക് നേരിട്ടോ, ഫോൺ/ഇ-മെയിൽ, വാട്ട്സ് ആപ്പ് മുഖേനയോ സെല്ലിന്റെ നോഡൽ ഓഫീസർക്ക് പരാതികൾ സമർപ്പിക്കാവുന്നതാണ്.

(ഡി) പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലകളിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## ഐ.ടി. അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രവർത്തനങ്ങൾ

20(*469) ശ്രീ. വി. ജോയി :
ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകോത്തര ഐ.ടി. സംരംഭകരെയുൾപ്പെടെ കേരളത്തിലേക്കെത്തിച്ച് പ്രത്യക്ഷമായും പരോക്ഷമായും രണ്ട് ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. അടിസ്ഥാന സൗകര്യവികസനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) സുസ്ഥിര സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(സി) സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അക്കാദമിക സമൂഹം, പ്രമുഖ ഐ.ടി. സംരംഭകർ തുടങ്ങിയവരുടെ പാരസ്പര്യത്തിലൂടെ മാനവ വിഭവശേഷി വികസനത്തിൽ ഉന്നത നിലവാരം കൈവരിക്കുന്നതിന് നടപടിയുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ലോകോത്തര ഐ.ടി. സംരംഭകരെയുൾപ്പെടെ കേരളത്തിലേയ്ക്കെത്തിച്ച് പ്രത്യക്ഷമായും പരോക്ഷമായും രണ്ട് ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികളാണ് ടെക്നോളജി ഇന്നോവേഷൻ സോൺ, ടെക്നോസിറ്റി എന്നിവ. സംസ്ഥാന ഐ.ടി. പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ചു നൽകുന്നതിനായി KSITIL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നിലവിലുള്ള 175 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ, പുതുതായി നിർമ്മിക്കുന്ന ഏകദേശം 91.5 ലക്ഷം ചതുരശ്ര അടി അധിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ പുതുതായി ഏകദേശം 81100 പേർക്ക് പ്രത്യക്ഷമായും അതിന്റെ 3 മടങ്ങ് പരോക്ഷമായുമുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. തിരുവനന്തപുരം ടെക്നോസിറ്റിയിൽ ഐ.ഐ.ഐ.ടി.എം.കെ.-യ്ക്ക് വേണ്ടി അന്തർദ്ദേശീയ നിലവാരത്തിലുള്ള അതിനൂതന വിവര സാങ്കേതിക വിദ്യാഭ്യാസ ഗവേഷണ ക്യാമ്പസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ച് 2019-20 സാമ്പത്തിക വർഷം പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) നോളഡ്ജ് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നൂതന സാങ്കേതികവിദ്യ ആസ്പദമാക്കി മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനു വേണ്ടി ടെക്നോപാർക്കിന്റെ ടെക്നോസിറ്റിയിൽ 100 ഏക്കർ സ്ഥലം മാറ്റിവച്ചിട്ടുണ്ട്. സുസ്ഥിര സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികളും ഐ.ഐ.ഐ.ടി.എം.-കെ മുഖേന മേക്കർ വില്ലേജ്, തിംഗ്ക്യൂബേറ്റർ എന്നീ പദ്ധതികളും ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (Massachusetts Institute of Technology)-യുടെ സഹകരണത്തോടെ തിരുവനന്തപുരത്തും കൊച്ചിയിലും സ്ഥാപിച്ചിട്ടുള്ള ഫാബ് ലാബുകളും വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള 20 മിനി ഫാബ് ലാബുകളും ഡിസൈൻ ചെയ്ത് ആദ്യ മാതൃകകൾ വികസിപ്പിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. നൂതന സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, AR/VR തുടങ്ങിയവ അനുഭവിക്കുന്നതിനും ഇക്കാര്യങ്ങളിൽ പരീക്ഷണ ഗവേഷണ പ്രവർത്തനങ്ങൾക്കുമായി തിരുവനന്തപുരത്തും കൊച്ചിയിലും ഫ്യൂച്ചർ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ AR/VR രംഗത്തെ അതികായരായ യൂണിറ്റിയുടെ സെന്റർ ഓഫ് എക്സലൻസും കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ഐ.ടി/ഐ.ടി അനുബന്ധ വ്യവസായ മേഖലകളിലെ നിക്ഷേപകർക്ക് അവരുടെ പദ്ധതികൾക്ക് അനുയോജ്യമായ മികച്ച മാനവശേഷി ആവശ്യാനുസരണം നൽകുന്നതിന് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) എന്ന നൂതന പദ്ധതി നടപ്പിലാക്കിവരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ 150-ൽ അധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊല്യൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ്വർക്ക്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച് പ്രതിവർഷം 50000-ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനവും തൊഴിൽ സാദ്ധ്യതയും ഉറപ്പുവരുത്തുന്നതിനും അതുവഴി വിവരസാങ്കേതിക മേഖലയുടെ സുസ്ഥിര വികസനത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പദ്ധതി. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ആധുനിക സാങ്കേതികവിദ്യയായ ബ്ലോക്ക് ചെയിൻ സംബന്ധിച്ച പഠനങ്ങൾക്കും നൈപുണ്യ വികസനത്തിനുമായി ഐ.ഐ.ഐ.ടി.എം.കെ.-യുടെ ആഭിമുഖ്യത്തിൽ കേരള ബ്ലോക്ക് ചെയിൻ അക്കാദമി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഐ.ഐ.ഐ.ടി.എം.കെ.-യുടെ തിരുവനന്തപുരം ടെക്നോസിറ്റിയിലെ അന്തർദ്ദേശീയ നിലവാരത്തിലുള്ള ക്യാമ്പസ് പ്രാവർത്തികമാകുന്നതോടെ രാജ്യത്തേയും വിദേശത്തേയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അക്കാദമിക സമൂഹം, പ്രമുഖ ഐ.ടി. സംരംഭകർ തുടങ്ങിയവരുടെ പാരസ്പര്യത്തിലൂടെ മാനവവിഭവശേഷി വികസനത്തിൽ ഉന്നത നിലവാരം കൈവരിക്കാൻ കഴിയുന്നതാണ്.

## മരുന്നുകളുടെ ഗുണനിലവാരം

21(*470) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത ഇൻജക്ഷൻ മരുന്നുകളിൽ അന്യപദാർത്ഥങ്ങൾ കണ്ടെത്തിയതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചില പരാതികൾ ലഭിച്ചയുടൻതന്നെ അന്വേഷണം നടത്തി ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ കേസുകളിൽ ആ മരുന്നുകളുടെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാന വ്യാപകമായി നിർത്തലാക്കുകയുണ്ടായി.

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

(സി) ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികളിലേയ്ക്ക് സൗജന്യമായി വിതരണം നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ-ഹൗസ് (In-House) ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ കേന്ദ്രമരുന്ന പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്.

2. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ലാബുകളിലെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മപരിശോധന നടത്തുകയും ചെയ്യാറുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10%-ത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം (DDMS സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കുന്നു.) മരുന്നുകളുടെയും ഉത്പാദകരുടെയും പേരും മറ്റ് വിവരങ്ങളും

ഒഴിവാക്കി കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ്/ ലേബൽ പതിപ്പിക്കുകയും ഇങ്ങനെ ഡി കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളെ പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതും DDMS സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനില വാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽ നിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെ ത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

5. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.

6. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും മരുന്നുകളുടെ മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാ കേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽനിന്നും വിലക്കുകയും ചെയ്യുന്നു.

8. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10%-ൽ കുറയാതെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിന് പുറമെ കാലഹരണ തീയതി അവസാനിക്കുന്നതിന് മുമ്പുവരെ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

9. ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കുവാനോ പാടില്ലെന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉത്പാദകനിൽ നിന്നും പിഴ ഈടാക്കാറുമുണ്ട്. കോർപ്പറേഷന്റെ 2017-18-ലെ ദർഘാസ് മുതൽ കളർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്.

10. ശീതസംഭരണ ഊഷ്മാവിലും ($2^0$-$8^0$), നാർകോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

12. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL ലബോറട്ടറിയായ Pharma & Allied Testing Laboratory-യെ കോർപ്പറേഷന്റെ എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളുടെ ഫലപ്രദമായ വിനിയോഗം

22(*471) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ ജനങ്ങളുടെ ചികിൽസയ്ക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണമായും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ടോ; സർക്കാർ ആശുപത്രികളിൽ അത്യാധുനിക ഉപകരണങ്ങൾപോലും കേടായി ജനങ്ങൾ സ്വകാര്യ ക്ലിനിക്കുകളെയും സ്ഥാപനങ്ങളെയും ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ നന്നാക്കുന്നതിന് ഐ.ടി.ഐ, പോളിടെക്നിക് വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തുമോ; ഇത്തരം സാങ്കേതികജ്ഞാനം ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ അപ്രന്റീസുകളായി നിശ്ചിതസമയത്തേക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ വാങ്ങുമ്പോൾ ആയതിൻെറ മെയിന്റനൻസ് കരാർകൂടി ഒപ്പു വയ്ക്കുന്നതിനും ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഡയാലിസിസ് മെഷീൻ പോലുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പല സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് സ്ഥലവും മെഷീനുകളും ഉണ്ടെങ്കിലും ജീവനക്കാരില്ലാത്തതും വേണ്ടത്ര തസ്തികകൾ അനുവദിക്കാത്തതും രോഗികളെ ദുരിതത്തിലാക്കുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ വേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങുന്ന സമയത്തുതന്നെ വാറന്റിക്ക് ശേഷം ഉപകരണങ്ങൾ പരിപാലിക്കാനും അറ്റകുറ്റപ്പണികൾ നടത്താനുമുള്ള CAMC (Comprehensive Annual Maintenance Contract) തുക ഉറപ്പിക്കുന്നു. അപ്രകാരം വാറന്റിക്കുശേഷം CAMC കരാർ വിതരണക്കാരുമായി ആശുപത്രി അധികൃതർ ഒപ്പുവയ്ക്കുന്ന പക്ഷം ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ വിതരണക്കാരൻ എത്രയും പെട്ടെന്ന് നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. അപ്രകാരം ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനും സാധിക്കുന്നു. മാത്രമല്ല ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ (ജില്ലാ ആശുപത്രി മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ) എല്ലാ ആശുപത്രി ഉപകരണങ്ങളുടെയും വാറന്റിക്കുശേഷമുള്ള പൂർണ്ണമായ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി ബയോമെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (BEMP) എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രികളിലുള്ള എല്ലാ ഉപകരണങ്ങൾക്കും ബാർകോഡ് ചെയ്തിട്ടുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനത്തിലൂടെ ടി ഉപകരണങ്ങളുടെ കേടുപാടുകൾ രജിസ്റ്റർ ചെയ്യുവാനും ആയതിൻ പ്രകാരം തേർഡ് പാർട്ടി സർവ്വീസ് പ്രൊവൈഡർ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ ഈ വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം കാണുന്ന തരത്തിൽ വെബ്സൈറ്റിൽ ലഭ്യമാണ്. അപ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള ഉപകരണങ്ങളുടെ വാറന്റിക്ക് ശേഷമുള്ള പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനും സാധിക്കുന്നു.

സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ ജനങ്ങളുടെ ചികിത്സയ്ക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ട്. അത്യാധുനിക ഉപകരണങ്ങൾ കേടാകുന്നതുമൂലം ജനങ്ങൾ സ്വകാര്യ ക്ലിനിക്കുകളെ ആശ്രയിക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല.

(ബി) ക്ലീൻ ഹോസ്പിറ്റൽ, ഗ്രീൻ ഹോസ്പിറ്റൽ പദ്ധതിയുടെ കീഴിൽ ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറുകളും കേടുപാടുകൾ തീർക്കുന്നതിന് ഐ.ടി.ഐ.-കളിൽ പരിശീലനം ആർജ്ജിച്ച വിദ്യാർത്ഥികളുടെ സേവനം

പ്രയോജനപ്പെടുത്തുന്നതിനായി ഒരു രൂപരേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ., പോളിടെക്നിക് വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്ത ണമെന്ന നിർദ്ദേശത്തെ തുടർന്ന് വ്യവസായ പരിശീലന വകുപ്പുമായി ചർച്ചയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മെഡിക്കൽ കോളേജുകളിലെ ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെയും ഐ.ടി.ഐ., പോളിടെക്നിക് ഡിപ്ലോമയുള്ള വിദ്യാർത്ഥികളേയും ട്രെയിനികളായി നിയമിച്ചുവരുന്നുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. പ്രധാനപ്പെട്ട ഉപകരണങ്ങളെല്ലാം മൂന്ന് വർഷ വാറണ്ടിയിലാണ് വാങ്ങുന്നത്. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ വാങ്ങുമ്പോൾ വാറന്റിക്കുശേഷമുള്ള ഉപകരണങ്ങൾ പരിപാലിക്കാൻ വേണ്ടിയുള്ള CAMC (Comprehensive Annual Maintenance Contract) തുക മെഷീൻ വാങ്ങുന്ന സമയത്തുതന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉറപ്പുവരുത്തുന്നു. മാത്രമല്ല, വാറന്റിക്ക് ശേഷമുള്ള മെയിന്റനൻസ് തുകയുടെ വിശദവിവരങ്ങൾ ആശുപത്രി അധികൃതരെ അറിയിക്കുകയും ചെയ്യുന്നു.

(ഡി) ഡയാലിസിസ് മെഷീൻ പോലുള്ള ഉപകരണങ്ങൾ ആശുപത്രികളിൽ സ്ഥാപിക്കുന്ന സമയത്തുതന്നെ മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം വിതരണക്കാർ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തി വരുന്നു. മാത്രമല്ല എതു സമയത്തും ആശുപത്രി അധികൃതരിൽനിന്നും അങ്ങനെ ഒരു പരിശീലനം ആവശ്യമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചാൽ അവ സമയബന്ധിതമായി വിതരണക്കാരൻ മുഖാന്തരം വഴിയൊരുക്കുകയും ചെയ്തുവരുന്നു.

(ഇ) സർക്കാർ ആശുപത്രികളിൽ മിനിമം അംഗീകൃത നിലവാരം ഏർപ്പെടു ത്തുന്നതിന്റെ ഭാഗമായി ഗുണനിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൃഷ്ടിച്ച തസ്തികകളിൽ വിവിധ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആവശ്യാനുസരണം ആശുപത്രി വികസന സമിതി മുഖേനയും ജീവനക്കാരെ നിയമിക്കുന്നുണ്ട്.

## ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

23(*472) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന-ക്ഷേമ കാഴ്ചപ്പാടിന് അനുസൃതമായി വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരുടെ കാഴ്ചപ്പാടിലും ഇടപെടലിലും കാര്യക്ഷമതയും പരിവർത്തനവും സൃഷ്ടിക്കുന്നതിന് പരിശീലന നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) തദനുസൃതം പരിശീലന പദ്ധതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ജനങ്ങളുടെ ആവശ്യങ്ങളിൽ വേഗം തീർപ്പുകൽപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായ സംവിധാനങ്ങളെ ക്കുറിച്ച് അറിയിക്കാമോ;

(ഡി) ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം സർക്കാർ അംഗീകരിച്ച് 13-7-2017-ലെ സ.ഉ.(അച്ചടി) 9/2017/ഉ.ഭ.പ.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം പ്രകാരമാണ് നിലവിൽ പരിശീലനം നൽകിവരുന്നത്.

(സി) പൊതുജനങ്ങൾക്ക് നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അപേക്ഷിച്ച് വേഗത്തിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സംവിധാനമായ ഇ-ഡിസ്ട്രിക്ട് പദ്ധതി റവന്യൂ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ നീക്കവും ഫയലിലെ നടപടിക്രമങ്ങളും വേഗത്തിലാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിലും ചില ഡയറക്ടറേറ്റുകളിലും കളക്ടറേറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് എവിടെ നിന്നും പരാതി സമർപ്പിക്കുന്നതിനും പരാതികളിൽ വേഗത്തിൽ പരിഹാരമുണ്ടാക്കുന്നതിനുമായി CMO പോർട്ടൽ എന്ന ഒരു വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) എൻ.ഐ.സി. മുഖേന നടപ്പിലാക്കിയ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കംമൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങിയ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന നടപടി**

24(*474) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഏതെല്ലാം ജയിലുകളിലാണ് നിലവിൽ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി വില്പന നടത്തുന്നത് എന്ന് അറിയിക്കുമോ;

(സി) ജയിലുകളിൽ നിന്നും ഉണ്ടാക്കുന്ന രുചികരവും ഗുണനിലവാരവുമുള്ള ഭക്ഷണം ഓൺലൈനിലൂടെ ഓർഡർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ജയിലുകളിൽ നിന്ന് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിച്ച് വിതരണം നടത്തുന്നുണ്ടോ; വിശദാംശം നല്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം/ വിയ്യൂർ/ കണ്ണൂർ, തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കൊല്ലം/ ആലപ്പുഴ/ എറണാകുളം/ കോഴിക്കോട്, സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം, വനിതാ ജയിൽ/ വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം എന്നീ ജയിലുകളിലാണ് നിലവിൽ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി വിൽപ്പന നടത്തുന്നത്.

(സി) സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം/വിയ്യൂർ, ജില്ലാ ജയിൽ കൊല്ലം/ എറണാകുളം/ കോഴിക്കോട് എന്നീ ജയിലുകളിൽനിന്നും ഉണ്ടാക്കുന്ന രുചികരവും ഗുണനിലവാരവുമുള്ള ഭക്ഷണം ഓൺലൈനിലൂടെ ഓർഡർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ സബ് ജയിലിൽ എൽ.ഇ.ഡി. ബൾബ് നിർമ്മിക്കുന്നതിന് അന്തേവാസികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ ജയിലിൽ എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, വിയ്യൂർ വനിതാ ജയിൽ എന്നിവിടങ്ങളിൽ എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജുമായി സഹകരിച്ച് അന്തേവാസികളുടെ തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഭാഗമായി 29-8-2019 മുതൽ എൽ.ഇ.ഡി. നിർമ്മാണ പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജയിൽ വകുപ്പ് 50,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 20 അന്തേവാസികൾ പരിശീലനം നേടി വരുന്നുണ്ട്. മാനന്തവാടി ജില്ലാ ജയിലിൽ തടവുകാർ തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബ് നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ ജയിലിൽ 5 അന്തേവാസികൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിനായി പരിശീലനം നൽകുകയുണ്ടായി. പരിശീലനത്തിനുശേഷം അന്തേവാസികളെ ഉപയോഗിച്ച് 500 എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുകയും ടി 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ എറണാകുളം ജില്ലാ ജയിലിനു പുറത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യവിതരണ കൗണ്ടർ മുഖാന്തരം വിൽപ്പന നടത്തിവരുകയും ചെയ്യുന്നു. ഒരു വർഷം വാറണ്ടിയുള്ള ബൾബുകൾ 80 രൂപയ്ക്കും രണ്ട് വർഷം വാറണ്ടിയുള്ള ബൾബുകൾ 100 രൂപയ്ക്കുമാണ് വിൽപ്പന നടത്തിവരുന്നത്.

## പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ

25(*475) ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മഴക്കാലത്ത് ജലജന്യ, കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് "ആരോഗ്യജാഗ്രത" എന്ന പേരിൽ പ്രതിദിനം പ്രതിരോധത്തിനായി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി ആരോഗ്യവകുപ്പ് തയ്യാറാക്കി സമയബന്ധിത പ്രവർത്തന കലണ്ടർ അനുസരിച്ച് വർഷം മുഴുവൻ നടപ്പിലാക്കി വരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയിരിക്കുന്നു. താഴെത്തട്ടിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യസേനയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഗൃഹസന്ദർശനം, ബോധവത്കരണം, ശുചീകരണം, കൊതുക് നശീകരണം, ക്ലോറിനേഷൻ, പകർച്ചവ്യാധി പ്രതിരോധത്തിനുള്ള കാമ്പയിനുകൾ തുടങ്ങിയവ നടത്തിവരുന്നു. ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വേയലൻസ് പ്രോഗ്രാം, നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമുകളുടെ ഭാഗമായി രോഗനിരീക്ഷണം നടത്തുകയും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. രോഗബാധിതർക്ക് മാർഗ്ഗരേഖാനുസൃതം ചികിത്സയും ലഭ്യമാക്കുന്നു. ഇതുകൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി മലമ്പനി, മന്ത് രോഗം, കാല അസർ, ക്ഷയരോഗം, കുഷ്ഠരോഗം തുടങ്ങിയവ നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്. ഓരോ പ്രവർത്തനങ്ങളും ഓരോ തലത്തിലും അവലോകനം നടത്തുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനാവശ്യമായ ഫണ്ട് ലഭ്യത, മരുന്നുകൾ, അനുബന്ധ സാമഗ്രികൾ, പരിശോധനാ കിറ്റുകൾ, കീടനാശിനികൾ, ഉപകരണങ്ങൾ, മാനവശേഷി തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നുണ്ട്.

(ബി) മഴക്കാലത്ത് ജലജന്യ, കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനുമായി "ആരോഗ്യജാഗ്രത" പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്. മഴക്കാലത്ത് ജലജന്യ, കൊതുകുജന്യ രോഗങ്ങൾ വ്യാപകമാകാതിരിക്കാൻ മഴക്കാലത്തിന് മുമ്പുതന്നെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിനോടൊപ്പം സംയുക്തമായി മഴക്കാല പൂർവ്വശുചീകരണം, വിവിധതരം കാമ്പയിനുകൾ, ആരോഗ്യസന്ദേശയാത്ര തുടങ്ങിയവ ഉൾപ്പെടുന്നു. വാർഡുതല ആരോഗ്യശുചിത്വ സമിതി ഫണ്ട് ഉപയോഗിച്ച് ആരോഗ്യ സേനാംഗങ്ങളെ നിയോഗിച്ചാണ് താഴെത്തട്ടിൽ ഇത്തരം പ്രവർത്തനങ്ങൾ

നടത്തുന്നത്. കൊതുകിന്റെ ഉറവിടങ്ങൾ നീക്കം ചെയ്യൽ, 'തോട്ടങ്ങളിലേയ്ക്ക് നീങ്ങാം', 'ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം', 'ജലശുദ്ധി ഉറപ്പാക്കൽ' തുടങ്ങിയ കാമ്പയിനുകളോടൊപ്പം കൊതുക് നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവയും കാര്യക്ഷമമാക്കുന്നു.

മേയ്, ജൂൺ മാസങ്ങളിൽ നടത്തുന്ന ഊർജ്ജിത വയറിളക്ക നിയന്ത്രണ ദ്വൈവാരാചരണം, ജൂണിലെ ഒ.ആർ.ടി. വാരാചരണം, ജൂണിലെ മലമ്പനി വിരുദ്ധ മാസാചരണം, ജൂലൈയിലെ ഡെങ്കിപ്പനി വിരുദ്ധ മാസാചരണം, മേയ് 16-ലെ ദേശീയ ഡെങ്കി ദിനാചരണം തുടങ്ങിയവയോടനുബന്ധിച്ച് ജലജന്യ-കൊതുകുജന്യ രോഗ നിയന്ത്രണ പ്രവർത്തന പരിപാടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ബോധവത്ക്കരണത്തിന് ആരോഗ്യ പ്രവർത്തകർ പരസ്പരാശയ വിനിമയം, ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ശില്പശാലകൾ, വിവിധ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ, സാമൂഹികമാധ്യമങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടുംബശ്രീ, അങ്കണവാടി, റസിഡൻഷ്യൽ അസോസിയേഷൻ, സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു. പകർച്ചവ്യാധികൾക്കെതിരെ പ്രതിദിനം രോഗപ്രതിരോധത്തിനായി ചെയ്യേണ്ട മുൻകരുതലുകൾ ഉൾപ്പെടുത്തിയ ബ്രോഷറും ചെറു കൈപുസ്തകവും തയ്യാറാക്കി ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും ലഭ്യമാക്കി. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വശങ്ങളിലും പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച പരസ്യങ്ങൾ സ്ഥാപിക്കുകയുണ്ടായി. കൊതുകുകളുടെ ഉറവിട നശീകരണത്തെപ്പറ്റിയും തിളപ്പിച്ചാറിയ ജലം കുടിക്കുന്നതിന്റെയും കുടിവെള്ളം ക്ലോറിനേഷൻ നടത്തേണ്ടതിന്റെയും മറ്റും ആവശ്യകതയെപ്പറ്റി പ്രത്യേക ബോധവത്കരണം നടത്തുകയുണ്ടായി. ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നടത്തുന്ന 'ആരോഗ്യ സന്ദേശയാത്ര' യും ബോധവത്കരണത്തിന് സഹായിക്കുന്നു. കൂടാതെ ദിന/വാര/മാസാചരണങ്ങൾ നടത്തുമ്പോഴും ബോധവത്കരണം നടത്തുന്നു. പൊതുജനങ്ങൾ അറിയേണ്ട വസ്തുതകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസ് വെബ്സൈറ്റിലൂടെയും ജനങ്ങൾക്ക് അറിയാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

**വ്യാജമരുന്ന് നിർമ്മാണവും വിതരണവും**

26(*476) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട കമ്പനികളുടെ മരുന്നുകൾ വ്യാജമായി നിർമ്മിച്ച് വിതരണം ചെയ്യുന്ന സംഘങ്ങൾ കേരളത്തിൽ ശക്തമാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്ന് സംശയാസ്പദമായി കണ്ടെടുത്ത മരുന്നുകൾ ഇതിനകം പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായോ; അറിയിക്കുമോ;

(സി) കേരളത്തിലെ സംഭരണ കേന്ദ്രങ്ങളിൽ മരുന്നുകൾ വേണ്ടത്ര അളവിൽ ലഭിക്കുമെന്നിരിക്കെ പുറത്തുനിന്നും വൻതോതിൽ മരുന്നുകൾ വരുത്തുന്നതിന്റെ സാഹചര്യം പരിശോധിക്കുമോ;

(ഡി) വ്യാജ മരുന്ന് കേരളത്തിൽ എത്തുന്ന വിവരം വൻകിട കമ്പനികളും ഏജൻസികളും സർക്കാരിനെ അറിയിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>):

(എ) ഇത്തരത്തിലുള്ള വാർത്തകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശദമായ അന്വേഷണങ്ങൾ നടത്തിവരികയാണ്. 48-ഓളം സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഏഴ് ലക്ഷത്തോളം രൂപയുടെ മരുന്നുകളുടെ തുടർവിപണനം താത്കാലികമായി നിറുത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. പ്രമുഖ കമ്പനികളുടെ വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ അന്യസംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ബാച്ചുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ ഗുണനിലവാരമുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ചില മരുന്ന് വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവുമധികം ചിലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വിൽപ്പന ശൃംഖല വഴി വാങ്ങുന്നതിന് പകരം, അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നതായി വിവരം ലഭിക്കുകയും ഇതേപ്പറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ GST നിലവിൽ വന്നതിനെത്തുടർന്നാണ് ഇത്തരത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് സാഹചര്യമുണ്ടായതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരത്തിൽ വാങ്ങുന്ന മരുന്നുകളുടെ ആധികാരികതയെപ്പറ്റി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അന്വേഷണം നടന്നുവരികയാണ്.

(ഡി) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശദമായ പരിശോധനകളും അന്വേഷണങ്ങളും നടത്തിവരികയാണ്.

## അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

27(*T477) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അനുമതിയോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ;

(സി) ജനസാന്ദ്രത കണക്കിലെടുത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ സേവനം ഒരുക്കുന്നതിനായി പുതിയ അക്ഷയ സെന്ററുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്. ആയതുകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം, അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, കരാർ പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ സർക്കാർ പുനഃപരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 30-10-2019-ലെ സ.ഉ.(കൈ)നമ്പർ 24/2019/വി.സ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ എണ്ണം വിപുലപ്പെടുത്തിക്കൊണ്ട് അക്ഷയകേന്ദ്രങ്ങളുടെ സേവന വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് നൽകേണ്ട സർവ്വീസ് ചാർജ്ജ് കാലികമായി പരിഷ്കരിക്കുകയും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ നിരക്ക് 9-5-2018-ലെ സ.ഉ.(കൈ)നമ്പർ 03/2018 വി.സ.വ. പ്രകാരം ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂവെന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർതലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് &ഐ.ടി. മന്ത്രാലയത്തിൽ നിന്നുള്ള രജിസ്ട്രേഷനെടുത്ത് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കോമൺ സർവ്വീസ് സെന്ററുകൾ പലിയിടത്തും അക്ഷയ കേന്ദ്രങ്ങളുടെ സമീപത്തായി പ്രവർത്തിക്കുന്നത് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർതലത്തിൽ പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ. അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ ഇപ്പോൾ പരിഷ്കരിച്ചിട്ടുള്ളതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ആവശ്യകത കണക്കാക്കി അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് തടസ്സമില്ല.

**ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പദ്ധതികൾ**

28(*478) ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ആരോഗ്യമേഖലയിൽ വളരെയേറെ നേട്ടങ്ങൾ കൈവരിച്ചുവെങ്കിലും ജീവിതശൈലീ രോഗങ്ങൾ പ്രധാന ആരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവയെ പ്രതിരോധിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗം, പക്ഷാഘാതം, ഹൈപ്പർ ടെൻഷൻ, പ്രമേഹം, കിഡ്നി രോഗങ്ങൾ മുതലായവയ്ക്ക് നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിൽ പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനാവശ്യമായ പ്രതിരോധ നടപടികൾ സംബന്ധിച്ചും ചിട്ടയായ വ്യായാമ മുറകൾ, ചികിത്സ തുടങ്ങിയവ സംബന്ധിച്ചും പൊതുജനങ്ങൾക്കാവശ്യമായ അവബോധം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീരോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണ്ണയത്തോടൊപ്പംതന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറ് ദിവസവും ജീവിതശൈലീ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്ക്കരണവും നൽകിവരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ വ്യാപ്തിയും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹദ് സർവ്വെയും ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും രക്താതിമർദ്ദവും പ്രമേഹവും നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ഉണ്ടാകാവുന്ന മസ്തിഷ്കാഘാതവും വൃക്കരോഗങ്ങളും ഹൃദ്രോഗങ്ങളും ചികിത്സിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) പക്ഷാഘാതത്തിന്റെ ലക്ഷണം കണ്ടുതുടങ്ങി എത്രയും പെട്ടെന്ന് ജനങ്ങൾക്ക് എത്താൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. സ്വകാര്യ മേഖലയിലെ ഉയർന്ന ചികിത്സാച്ചെലവും ചികിത്സയ്ക്ക് ഉപയോഗിക്കുന്ന TPA (Tissue Plasminogen Activator) എന്ന മരുന്നിന്റെ ഉയർന്ന വിലയും, നിലവിൽ സർക്കാർ മേഖലയിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യവും സാധാരണ ജനങ്ങൾക്ക് ചികിത്സ അപ്രാപ്യമാക്കുന്നതിന് വഴിയൊരുക്കുകയും തൻമൂലം മരണമോ പൂർണ്ണമോ ഭാഗികമോ ആയ തളർച്ച സംഭവിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച SIRAS (Stroke Identification Rehabilitation Awareness Stabilisation) പദ്ധതിയിലൂടെ എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനും സൗജന്യ നിരക്കിൽ എല്ലാ രോഗികൾക്കും ചികിത്സ നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇപ്പോൾ പ്രവർത്തനസജ്ജമായ 8 ജില്ലാ കേന്ദ്രങ്ങളിൽ ഇതിനോടകം 105 പേർക്ക് ത്രോംബോലൈസിസ് ചികിത്സ നൽകാനായി എന്നുള്ളത് പദ്ധതിയുടെ നേട്ടമായി കണക്കാക്കാവുന്നതാണ്.

(ഡി) ആരോഗ്യപരമായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം എല്ലാ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും നടത്തിവരുന്നത്. ഇതിനായുള്ള പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും ഫീൽഡ്തല ജീവനക്കാർക്കും നൽകിയിട്ടുള്ളതാണ്. രോഗികൾക്ക് നേരിട്ടും കൂട്ടമായും വിവിധ ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച പ്രത്യേക അവബോധവും ചുമതലപ്പെട്ട ജീവനക്കാരിലൂടെ ആരോഗ്യകേന്ദ്രങ്ങൾ വഴി നൽകിവരുന്നു. ചില കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള ടെലിവിഷൻ സംവിധാനങ്ങളും പബ്ലിക് അഡ്രസ് സിസ്റ്റം, പോസ്റ്ററുകൾ തുടങ്ങിയവ വഴി ജീവിതശൈലീ രോഗനിയന്ത്രണത്തിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും

29(*479) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ പകയും ആക്രമണങ്ങളും കൊലപാതകങ്ങളും നിരന്തരം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇത് നിയന്ത്രിക്കാൻ നിലവിലെ ഗുണ്ടാ ആക്ട് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ അതിനുള്ള അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് ഗുണ്ടാ പകയും ആക്രമണങ്ങളും കൊലപാതകങ്ങളും നിരന്തരം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യക്തി വൈരാഗ്യത്തിന്റെ പേരിലുണ്ടാകുന്ന ചില കുറ്റകൃത്യങ്ങളും അതിനുപുറമേ മറ്റ് സംഘടിത കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഗുണ്ടാപ്രവർത്തനങ്ങളിലും മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും നിരന്തരം ഏർപ്പെടുന്ന വ്യക്തികളെ ഇത്തരം ചെയ്തികളിൽ നിന്നും തടയുന്നതിലേയ്ക്ക് KAA(P)A നിയമത്തിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം 6 മാസം വരെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കാവുന്നതാണ്. കൂടാതെ KAA(P)A നിയമത്തിലെ 15(1)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിലുള്ള വ്യക്തികളെ ഒരു പ്രത്യേക സ്ഥലത്തോ പ്രദേശത്തോ പ്രവേശിക്കുന്നതിന് നിരോധിച്ച് ഉത്തരവാകുന്നതിന് സാധ്യമാകുന്നതും പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്ക് KAA(P)A നിയമത്തിലെ 15(4)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മൂന്ന് വർഷംവരെയുള്ള കാലത്തേയ്ക്ക് തടവ് ശിക്ഷ ലഭിക്കാവുന്നതാണ്. ഇതനുസരിച്ച് ഇത്തരക്കാരെ നിരീക്ഷിക്കുകയും ആവശ്യമാകുന്ന ഘട്ടങ്ങളിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

## അന്ത്യോദയ അന്നയോജന പദ്ധതി ഗുണഭോക്താക്കൾ

30(*480) ശ്രീ. ആന്റണി ജോൺ :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന്റെ ഭാഗമായി പാവപ്പെട്ട കുടുംബങ്ങൾക്കായി അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും ലഭിക്കുന്ന അരി എത്ര കിലോയാണെന്നും സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന അരിയ്ക്ക് കേന്ദ്രസർക്കാർ കിലോഗ്രാമിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) അന്ത്യോദയ അന്നയോജനയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അറുപത്തഞ്ചും അതിന് മുകളിലും പ്രായമുള്ള അഗതികൾക്കായി നടപ്പാക്കി വരുന്ന അന്നപൂർണ്ണ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ഇ) അന്നപൂർണ്ണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-ഇ) അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.എ.വൈ. ഗുണഭോക്താക്കൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ 35 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായും 1 കിലോ പഞ്ചസാര സബ്സിഡി നിരക്കിലും നൽകിവരുന്നു. അരി, ഗോതമ്പ് എന്നിവയ്ക്ക് കിലോഗ്രാമിന് യഥാക്രമം 3 രൂപ, 2 രൂപ എന്ന നിരക്കിലാണ് കേന്ദ്രസർക്കാർ ഈടാക്കുന്നത്. അഗതികളും അശരണരുമായ വൃദ്ധജനങ്ങൾക്ക് ഭക്ഷ്യഭദ്രത ഉറപ്പ് വരുത്തുന്നതിനായി കേന്ദ്രസർക്കാർ 2000-ൽ ആവിഷ്കരിച്ച അന്നപൂർണ്ണ പദ്ധതി 1-4-2000 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസ്തുത ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. അറുപത്തഞ്ചോ അതിന് മുകളിലോ പ്രായമുള്ള സ്വന്തമായോ കുടുംബാംഗങ്ങളുടേയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളാണ് ഈ പദ്ധതിയിൽ ഗുണഭോക്താക്കളായുള്ളത്. ദേശീയ വയോജന പെൻഷൻ പദ്ധതിയിലോ മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം അപേക്ഷകൻ എന്ന് കേന്ദ്ര സർക്കാർ നിബന്ധന വച്ചിട്ടുണ്ട്. ക്ഷേമ പെൻഷൻ ഉൾപ്പെടെ യാതൊരു പെൻഷനും ലഭിക്കാത്ത ആളായിരിക്കണം ഗുണഭോക്താവ് എന്നാണ് കേന്ദ്ര മാനദണ്ഡം. ഇതനുസരിച്ച് സംസ്ഥാനത്ത് 44980 പേർക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. എങ്കിലും നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം 5726 മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായ 'അഗതി കേരളം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ളവരും യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത ആശ്രയ വിഭാഗക്കാരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. പദ്ധതി ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചീഫ് സെക്രട്ടറിയുടെ ടൈംസ് ഓഫ് ഇന്ത്യയിലെ ലേഖനം

1(5380) ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിക്കുന്നവരെ വധിക്കണമെന്ന് അഭിപ്രായപ്പെട്ട് കേരള ചീഫ് സെക്രട്ടറി എഴുതിയ ലേഖനം ഇംഗ്ലീഷ് ദിനപത്രമായ ടൈംസ് ഓഫ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലേഖനത്തിൽ ചീഫ് സെക്രട്ടറി ഉയർത്തിയ വാദങ്ങൾ സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(സി) ജീവിക്കാനുള്ള അവകാശം മൗലികാവകാശമായി നൽകിയിരിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ ലംഘനമല്ലേ ചീഫ് സെക്രട്ടറിയുടെ ഈ നിലപാടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലേഖനം സർക്കാർ അനുമതിയോടു കൂടിയല്ല ചീഫ് സെക്രട്ടറി എഴുതിയിട്ടുള്ളത്.

### ജില്ലാ വികസന സമിതികൾ

2(5381) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസന സമിതികളുടെ ലക്ഷ്യം എന്താണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) എന്നാണ് ഇത് രൂപീകരിച്ചത്;

(സി) ആരൊക്കെയാണ് അംഗങ്ങൾ;

(ഡി) ആരൊക്കെ ഇതിൽ പങ്കെടുക്കണം; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര-സംസ്ഥാന-തദ്ദേശ പദ്ധതികളുടെ നടത്തിപ്പ്, സംസ്ഥാനത്തെ ജില്ലകളിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെയും അവലോകനം, ജില്ലയിലെ വികസന

പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, ജില്ലാതല വകുപ്പ് മേധാവികളുടെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും ഏകോപനത്തിലൂടെ ജില്ലയുടെ ശരിയായി വികസനം സുസാധ്യമാക്കൽ എന്നിവയാണ് ജില്ലാ വികസന സമിതികളുടെ വിവിധ ലക്ഷ്യങ്ങൾ.

(ബി) ജില്ലാ വികസന സമിതികൾ 22-6-1957 മുതൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി&ഡി) ജില്ലാ കളക്ടർ (അദ്ധ്യക്ഷൻ), ജില്ലാ പ്ലാനിംഗ് ഓഫീസർ (സെക്രട്ടറി), ജില്ലയിലെ എല്ലാ എം.പി.-മാർ, ജില്ലയിലെ എല്ലാ എം.എൽ.എ.-മാർ, വിവിധ വികസന വകുപ്പുകളുടെ ജില്ലാതല മേധാവികൾ, ഡിസ്ട്രിക്ട് ലീഡ് ബാങ്കിന്റെ പ്രതിനിധി, ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും, ജില്ലയിലെ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികളുടെ അദ്ധ്യക്ഷൻമാർ, ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ മേയർ എന്നിവർ ജില്ലാ വികസന സമിതിയിൽ അംഗങ്ങളാണ്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*)

## സർക്കാരിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ

3(5382) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സുസ്ഥിരവികസനത്തിന്റെ അടിസ്ഥാന ശിലകളായ സാമ്പത്തിക വളർച്ച, സാമൂഹിക ഉന്നമനം, പ്രകൃതി സംരക്ഷണം എന്നിവയ്ക്ക് ഗതിവേഗവും ദിശാബോധവും കൈക്കൊണ്ട് നടത്തുന്ന സർക്കാരിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്രത്യേക സാമ്പത്തിക മേഖല വഴി നടപ്പാക്കി വരുന്നതും പ്രസ്തുത മേഖലയ്ക്കു പുറത്തു നടപ്പാക്കി വരുന്നതുമായ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്നും അവയിൽ നിന്നും മോചനം നേടാനും സാമ്പത്തിക മേഖല മെച്ചപ്പെടുത്താനും ഈ സർക്കാർ നല്കിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വികസന പദ്ധതികൾ എം.എൽ.എ.-മാരെ അറിയിക്കാൻ നടപടി

4(5383) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ യഥാസമയങ്ങളിൽ എം.എൽ.എ.-മാരെ അറിയിക്കുന്നത് സംബന്ധിച്ച് പൊതുഭരണ വകുപ്പ് എന്തെങ്കിലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പല വകുപ്പുകളും വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.-മാർക്ക് യഥാസമയം നൽകാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 21-11-2011-ലെ 77369/സിഡിഎൻ4/11/പൊഭവ. നമ്പർ സർക്കുലർ പ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എ.-മാരെ അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് കൂടി ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അഴിമതി സൂചിക തയ്യാറാക്കുന്നതിന് പദ്ധതി

5(5384) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീറോ ടോളറൻസ് ടു കറപ്ഷൻ എന്ന ലക്ഷ്യം നേടുന്നതിനായി വിവിധ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് പ്രയോജനപ്പെടുത്തി വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

(ബി) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇ-ഗവേണൻസിന്റെ ഭാഗമായി കടലാസ്‌രഹിത ഓൺലൈൻ സംവിധാനത്തിലൂടെ സമയബന്ധിതമായി ഫയലുകളിൽ അതിവേഗ തീർപ്പ് കൽപ്പിക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (iAPS) ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

3. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചു വരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

4. ഭരണകാര്യങ്ങളിൽ ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. അഴിമതിവിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

6. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് സംവിധാനം ഫലപ്രദമായി വിനിയോഗിച്ചുവരുന്നു.

7. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ**

6(5386) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇപ്പോഴും ഇംഗ്ലീഷിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിന് വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിന് കർശന നിർദ്ദേശം നൽകിവരുന്നു.

(ബി) ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 1957-ലാണ്. 1969-ൽ കേരള ഔദ്യോഗികഭാഷകൾ നിയമം പാസ്സാക്കി. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19-1-2015-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി

7(5388) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പത്ര-ദൃശ്യ-ഓൺലൈൻ മാധ്യമങ്ങൾക്ക് പ്രധാനമായി അച്ചടി മാധ്യമങ്ങൾക്കും പഞ്ചായത്ത് തലം വരെ പ്രാദേശിക ലേഖകകരുണ്ട്. ഇവരിൽ മിക്കവരും അവരുടെ പലവിധ തൊഴിലുകളിൽ ഒന്ന് മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവ്വഹിക്കുന്നവരാണ്. 2008-ലെ അൺ ഓർഗനനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം 2-2-2016-ലെ സ.ഉ.(പി) നമ്പർ 24/2016/തൊഴിൽ മുഖേന നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗമായി ചേരാനുള്ള അവസരം പ്രാദേശിക പത്ര പ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ് ആന്റ് മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്ര റിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നതാണ്.

## ന്യൂഡൽഹി കേരളാ ഹൗസിലെ നിയമനം

8(5389) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ന്യൂഡൽഹി കേരളാ ഹൗസിൽ സ്ഥിരനിയമനം ലഭിച്ച ജീവനക്കാരിൽ എത്ര പേർ അവരുടെ നിയമന സമയത്ത് സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ കൃത്രിമമായി നേടിയതാണെന്ന് സർക്കാരിന്റെ അന്വേഷണത്തിൽ തെളിവ് ലഭിച്ചിട്ടുണ്ട്; എങ്കിൽ പ്രസ്തുത ജീവനക്കാർ ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ കൃത്രിമമായി നിർമ്മിച്ച ജീവനക്കാർക്കെതിരെ ക്രിമിനൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത കേസുകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ന്യൂഡൽഹി കേരള ഹൗസിൽ ജോലിക്കയറ്റം നേടുന്നതിനു വേണ്ടി എത്ര പേർ വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചതായി സർക്കാരിന്റെ പരിശോധനയിൽ തെളിവ് ലഭിച്ചിട്ടുണ്ട്; എങ്കിൽ പ്രസ്തുത ജീവനക്കാർ ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോ; പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ജോലിക്കയറ്റത്തിനു വേണ്ടി വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചു എന്ന് പരിശോധനയിൽ തെളിയുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് നേരിടുകയും ചെയ്യുന്ന ജീവനക്കാരിൽ ആർക്കെങ്കിലും നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്ക് ജോലി പുനഃക്രമീകരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിൽ ജോലി പുനഃക്രമീകരിച്ചു നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ആളുകൾക്ക് ഉയർന്ന തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്; പ്രസ്തുത ഉയർന്ന തസ്തികയിലേക്ക് തൊട്ടു താഴെ ശമ്പള സ്കെയിലുള്ള ജീവനക്കാരിൽ എത്ര പേർ രേഖാമൂലം ജോലിക്കയറ്റത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരളാ ഹൗസിലെ നാലുജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ കൃത്രിമമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർ ജോലിയിൽ തുടരുന്നില്ല.

(ബി) രണ്ടു പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനായി ന്യൂഡൽഹിയിലെ കൊണാട്ട്പ്ലേസ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

(സി) മൂന്ന് പേർ വ്യാജ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ തെളിവ് ലഭിച്ചിട്ടുണ്ട്. ഇവരിൽ ഒരാൾ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. രണ്ട് പേർ ജോലിയിൽ തുടരുന്നു. മൂന്ന് പേരുടെയും രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞിട്ടുണ്ട്.

(ഡി) കേരള ഹൗസ് കൺട്രോളറുടെ 15-3-2019-ലെ പ്രൊസീഡിംഗ്സ് നമ്പർ 178/സി1/19/കെ.എച്ച്. പ്രകാരം ബെയററായ ശ്രീ. ശശിധരൻ സി.-ക്ക് സ്റ്റോർ കീപ്പർ തസ്തികയുടെ അഡീഷണൽ ചാർജ്ജ് നൽകിയിട്ടുണ്ട്.

(ഇ) ശ്രീ. ശശിധരൻ സി.-യ്ക്ക് സ്റ്റോർ കീപ്പർ തസ്തികയുടെ അഡീഷണൽ ചാർജ് നൽകിയ വകയിൽ സാമ്പത്തിക ആനുകൂല്യം നൽകിയിട്ടില്ല. സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് ജോലിക്കയറ്റത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പേര് | നിലവിലെ ശമ്പള സ്കെയിൽ |
|---|---|---|
| 1 | ശ്രീ. തങ്കപ്പൻ കെ.എം., ടെലഫോൺ ഓപ്പറേറ്റർ | 18000-41500 |
| 2 | ശ്രീ. സപ്രു പി.വി., അറ്റൻഡർ | 17000-37500 |
| 3 | ശ്രീ. ശശിധരൻ സി., ബെയറർ | 18000-41500 |
| 4 | ശ്രീ. ഷിബു കെ., ബെയറർ | 17500-39500 |
| 5 | ശ്രീ. വർഗ്ഗീസ് കെ.കെ. സ്റ്റുവേർഡ് | 18000-41500 |

## സ്പാർക്കിൽ ഓപ്ഷൻ

9(5390) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഭാവനയായി പ്രതിമാസം ഒരു നിശ്ചിത തുക ശമ്പളത്തിൽ നിന്നും നൽകുന്നതിനും ആയത് ശമ്പളത്തിൽനിന്നും റിക്കവറി ചെയ്യുന്നതിനും സമ്മതപത്രം നൽകിയിട്ടുള്ള സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക റിക്കവറി ചെയ്യുന്നതിന് സ്പാർക്കിൽ ഓപ്ഷൻ ഇല്ലാത്തതിനാൽ കഴിയുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരത്തിൽ സമ്മതപത്രം നൽകിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കി ദുരിതാശ്വാസ ഫണ്ടിൽ ചേർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഭാവനായി പ്രതിമാസം ഒരു നിശ്ചിത തുക ശമ്പളത്തിൽനിന്നും ഈടാക്കുന്നതിന് സമ്മതപത്രം നൽകിയ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവറി ചെയ്യുന്നതിന് 1-11-2019 മുതൽ സ്പാർക്കിൽ ഓപ്ഷൻ നൽകിയിട്ടുണ്ട്.

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം**

10(5391) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണേതര സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ പത്ത് ശതമാനം സംവരണം ഏർപ്പെടുത്തികൊണ്ടുള്ള ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആയത് പരിശോധിക്കുന്നതിന് ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ; കമ്മീഷൻ അതിന്റെ ശിപാർശകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിയമവകുപ്പ് മുൻ സെക്രട്ടറി ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ അഡ്വ. എം. രാജഗോപാലൻ നായർ മെമ്പറുമായി 12-3-2019-ലെ സ.ഉ. (കൈ) നമ്പർ 5/2019/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**സർക്കാരിനോട് വിശദീകരണം ആരാഞ്ഞ സംഭവങ്ങൾ**

11(5392) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-2016-ന് ശേഷം ഗവർണ്ണർ ഏതൊക്കെ വിഷയങ്ങളിലാണ് സർക്കാരിനോട് വിശദീകരണം നേരിട്ട് ആരാഞ്ഞതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയെ ഗവർണ്ണർ നേരിട്ട് വിളിച്ച് വിശദീകരണം ആരാഞ്ഞ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംഭവങ്ങളെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സാമാജികർ നൽകുന്ന നിവേദനങ്ങളിന്മേലുള്ള നടപടി

12(5393) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭാ സാമാജികർ മന്ത്രിമാർക്ക് നൽകുന്ന അപേക്ഷകൾക്കും നിവേദനങ്ങൾക്കുമുള്ള മറുപടി മടക്കത്തപാലിൽ തന്നെ ലഭ്യമാകുന്നുണ്ട്. എന്നാൽ ബന്ധപ്പെട്ട ചില വകുപ്പുകൾ വികസന പ്രവർത്തനങ്ങളുമായും അല്ലാതെയുമുള്ള വിഷയങ്ങൾക്ക് സമയബന്ധിതമായ മറുപടി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വകുപ്പ് മന്ത്രിമാരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച വിവരവും, ഏതു സെക്ഷനിലാണ് പരിശോധിക്കുന്നതെന്നും, ആയതിന്റെ തീർപ്പ് ഉത്തരവ് ബന്ധപ്പെട്ട സാമാജികർക്ക് ലഭ്യമാക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജനപ്രതിനിധി എന്ന നിലയിൽ പ്രത്യേക അവകാശവും അധികാരവുമുള്ള നിയമസഭാ സാമാജികരുടെ പരാതികളിൽ റിപ്പോർട്ട്/മറുപടി ലഭിക്കാൻ വളരെയധികം കാലതാമസം വരുന്നുണ്ടെന്നും പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും റിപ്പോർട്ട്/മറുപടി നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 14-2-2018-ലെ PAD-A2/30/2018-PAD നമ്പർ സർക്കുലർ മുഖേന ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭാ സാമാജികരിൽനിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായും നൽകേണ്ടതാണെന്നും അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവ്വമായ പരിഗണന നൽകേണ്ടതും എത്രയും വേഗത്തിലും അനുയോജ്യമായ തലത്തിലും മറുപടി നൽകേണ്ടതുമാണെന്നും ജനപ്രതിനിധികളിൽനിന്നും സർക്കാരിൽ ലഭിക്കുന്ന പാരാതികൾ പരിഗണിച്ച് യഥാസമയം റിപ്പോർട്ടുകൾ ലഭ്യമാക്കുന്നകാര്യം എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

13(5394) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവരുടെ പെൻഷൻ വർദ്ധിപ്പിക്കുന്ന എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ എത്രയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവരുടെ പെൻഷൻ കണക്കാക്കുന്ന രീതി വ്യക്തമാക്കുമോ; ഏത് ഫോർമുലയാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതെന്ന്; വിശദമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും സേവന വ്യവസ്ഥകളും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) 1-4-1982-നോ അതിനുശേഷമോ ബഹുമാനപ്പെട്ട മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമിതരായി മിനിമം മൂന്ന് വർഷം യോഗ്യസേവനമുള്ളവർക്കാണ് പെൻഷന് അർഹതയുള്ളത്. പരമാവധി പെൻഷനുള്ള യോഗ്യസേവനകാലം 30 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന ഫോർമുലയുടെ അടിസ്ഥാനത്തിലാണ് പെൻഷൻ കണക്കാക്കുന്നത്.

Pension= Average emoluments x ½ x N/30

(N= the number of years of qualifying service)

(ബി) ബഹുമാനപ്പെട്ട മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശേഷാൽ ചട്ടങ്ങളും അവയുടെ ഭേദഗതികളുടെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു *.

## കൊമേഴ്സ്യൽ ടാക്സ് ഓഫീസറുടെ പുതിയ തസ്തിക

14(5395) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 387/13 പ്രകാരം 5-7-2017-ൽ പ്രസിദ്ധീകരിച്ച കൊമേഴ്സ്യൽ ടാക്സ് ഓഫീസർ തസ്തികയിലേക്ക് എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഒഴിവുകൾ ഏതെങ്കിലും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 137 (നൂറ്റിമുപ്പതിയേഴ്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടികയുടെ കാലാവധി 5-7-2020 വരെയാണ്. നിലവിൽ പുതിയ ഒഴിവുകളൊന്നും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായി സ്വകാര്യ വാഹനങ്ങൾ**

15(5397) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്നതിനായി വാഹനങ്ങൾ വാടകയ്ക്ക്എടുക്കുന്നതിന്എന്തെങ്കിലും മാനദണ്ഡം ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പല ഓഫീസുകളിലും സ്വകാര്യ വാഹനങ്ങൾ ഇങ്ങനെ ഓഫീസ് ആവശ്യത്തിനായി വാടകയ്ക്ക്എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്തത് വഴി വാടകയിനത്തിൽ നൽകിയിട്ടുള്ള തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കാമോ;

(ഡി) സ്വകാര്യ വാഹനങ്ങൾ ഒഴിവാക്കി ടാക്സി വാഹനങ്ങൾ മാത്രം സർക്കാർ ഓഫീസുകളിലേക്ക് ഇത്തരം ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എന്നറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ വാഹനം എടുക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽനിന്നും 15-9-2018-ൽ സർക്കുലർ നമ്പർ 85/18/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ ശിപാർശ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലില്ല.

## ജീവനക്കാരുടെ പെൻഷൻ പ്രായം

16(5398) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പരിഗണനയിലില്ല.

## സ്പാർക്കുമായി ബന്ധപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

17(5399) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ സ്പാർക്ക് അറ്റൻഡൻസ് മോണിറ്ററിംഗ് സംവിധാനത്തിൽ പിഴവുകൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പുതുതായി ഏതെല്ലാം ഓഫീസുകളിലാണ് പഞ്ചിംഗ് ആരംഭിച്ചിട്ടുള്ളതെന്നും അതിനെ സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയേറ്റിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മറ്റെല്ലാ സർക്കാർ ഓഫീസുകളിലും ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാൻ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സെക്രട്ടേറിയറ്റ് ഒഴികെ മറ്റ് ഓഫീസുകളിലും പ്രസ്തുത സംവിധാനം സ്ഥാപിച്ച് സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സൂപ്പർ ന്യൂമററി തസ്തികയിലുള്ളവർക്ക് അനുവദിക്കപ്പെട്ട ഇൻക്രിമെന്റ് ആനുകൂല്യം

18(5401) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ സൂപ്പർന്യൂമററി തസ്തികയിൽ മുൻവർഷങ്ങളിൽ നിയമിതരായവർക്ക് അനർഹമായി ഇൻക്രിമെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരള സർവീസ് ചട്ടങ്ങളിലെ Note 1 below rule 31-ൽ വ്യവസ്ഥ ചെയ്യും പ്രകാരം വകുപ്പ് തല പരീക്ഷ പാസായതിനുശേഷമാണോ ഇവർക്ക് ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ;

(സി) കേരള സർവീസ് ചട്ടങ്ങളിലെ rule 37B അനുശാസിക്കും പ്രകാരം പ്രൊബേഷൻ പൂർത്തിയായതിന് ശേഷമാണോ ഇൻക്രിമെന്റുകൾ നൽകിയിട്ടുള്ളത്;

(ഡി) നിലവിലെ ചട്ടങ്ങൾ മറികടന്ന് അനധികൃതമായി ആനുകൂല്യം നൽകുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലായെങ്കിൽ ചട്ടലംഘനം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ചട്ടലംഘനം നടത്തി ആനുകൂല്യം അനുവദിച്ചത് വഴി സർക്കാരിന് ഉണ്ടായ അധികബാധ്യത എത്രയാണ്; കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും അനധികൃതമായി ആനുകൂല്യം നൽകിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത തീരുമാനം വഴി റെഗുലർ ജീവനക്കാർക്ക് ഉണ്ടാകുന്ന ജൂനിയർ-സീനിയർ അനോമലി പരിഹരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; ഈ ജീവനക്കാരെ എങ്ങനെ സർവീസിൽ റെഗുലറൈസ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വകുപ്പ്തല പരീക്ഷ പാസ്സാകാതെ ഇൻക്രിമെന്റ് നൽകുന്ന രീതി റെഗുലർ അപ്പോയ്ന്റ്മെന്റിലൂടെ കടന്നുവരുന്ന ജീവനക്കാർക്ക് കൂടി ബാധകമാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയേറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവർക്ക് 20-6-2019-ലെ സ.ഉ.(പി)നമ്പർ 70/2019/ധന. എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തലിന് മുൻപ് വാർഷിക ഇൻക്രിമെന്റ് നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഉദ്യോഗസ്ഥരെ അവരുടെ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 5% ഒഴിവുകളിൽ ക്രമീകരിച്ചതിനുശേഷം മാത്രമേ കേരള സർവ്വീസ് ചട്ടങ്ങൾ അവർക്ക് ബാധകമാകുകയുള്ളൂ. ആയതിനാൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 30-ന് ചുവടെയുള്ള നോട്ട് 1, ചട്ടം 37 B എന്നിവ ഇവർക്ക് ബാധകമാകുന്നില്ല. മേൽ എക്സിക്യൂട്ടീവ് ഉത്തരവിന് അനുസൃതമായി കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്. 20-6-2019-ലെ ഉത്തരവ് മന്ത്രിസഭയുടെ അംഗീകാരത്തോടെയല്ല പുറപ്പെടുവിച്ചിരിക്കുന്നത്. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ഉദ്യോഗസ്ഥർ ചട്ടലംഘനം നടത്തിയിട്ടില്ല.

(ഇ) അനധികൃതമായി ആനുകൂല്യം നൽകിയിട്ടില്ല. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നടത്തിയ നിയമനം ക്രമീകരിക്കുന്നത് സുദീർഘമായ ഒരു പ്രക്രിയ ആയതിനാൽ ഇവർക്ക് ദീർഘകാലം ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ജോലിചെയ്യേണ്ടിവരുന്നു. ഇതിനൊരു പരിഹാരമായാണ് സർക്കാർ ഇവർക്ക് ഇൻക്രിമെന്റ് അനുവദിക്കാൻ തീരുമാനിച്ചത്.

(എഫ്) അനോമലികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് അതിന്റെ മെരിറ്റ് അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 21-7-2014-ലെ സ.ഉ.(കൈ)നമ്പർ 22/2014/ഉ.ഭ.പ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുതല പരീക്ഷ പാസ്സാകാതെ ഇൻക്രിമെന്റ് നൽകുന്ന രീതി റെഗുലർ അപ്പോയിന്റ്മെന്റിലൂടെ കടന്നുവരുന്ന ജീവനക്കാർക്ക് ബാധകമാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പാക്കൽ യജ്ഞം

19(5402) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകളിൽ 31-10-2019-ലെ കണക്ക് പ്രകാരം എത്ര ഫയലുകളാണ് കെട്ടികിടക്കുന്നത്; ഓരോ വകുപ്പിലും തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഫയലുകൾ തീർപ്പാക്കുന്നതിന് തീവ്രയജ്ഞം നടത്തണമെന്ന നിർദ്ദേശപ്രകാരം ഓരോ വകുപ്പിലും എത്ര ഫയലുകളാണ് തീർപ്പാക്കിയത്; വിശദമാക്കാമോ;

(സി) ഫയൽ തീവ്ര യജ്ഞപരിപാടി വിജയപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സെക്രട്ടേറിയേറ്റിലെ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ കണക്ക് പ്രകാരം 2019 ജൂലൈ 31 വരെ ആരംഭിച്ച ഫയലുകളിൽ 31-10-2019-വരെ 1,11,976 ഫയലുകൾ തീർപ്പാക്കാനുണ്ട്. ഫയൽ തീർപ്പാക്കൽ തീവ്രയത്നം മുഖേന ഓരോ വകുപ്പിലും തീർപ്പാക്കിയതും തീർപ്പാക്കാനുള്ളതുമായ ഫയലുകളുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിജയപ്രദമാണ്. 2019 ജൂലൈ 31 വരെയുള്ള കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ 2,03,023 ഉണ്ടായിരുന്നു. ഫയൽ തീർപ്പാക്കൽ തീവ്രയത്നം മുഖേന പ്രസ്തുത ഫയലുകളിൽ 91,047 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

**സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി**

20(5403) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(ബി) പ്രതിനിധിയെ സഹായിക്കുന്നതിനായി സൃഷ്ടിച്ചിട്ടുള്ള തസ്തികകളിലേക്ക് ഏത് രീതിയിലാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) പ്രതിനിധിക്കും സ്റ്റാഫുകൾക്കും എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രാജ്യതലസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങളുമായും കേന്ദ്ര സർക്കാർ ഓഫീസുകളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാന വികസനത്തിന് ഉതകുന്ന രീതിയിൽ വളരെ വിശാലവും വൻതോതിലുമുള്ള കേന്ദ്ര സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള അംഗീകാരം/അനുമതി നേടിയെടുക്കുക, നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര സംസ്ഥാന ബന്ധം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നത തലത്തിലുള്ള ഇടപെടൽ നടത്തുക, സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്ര സർക്കാർ മുമ്പാകെ വ്യക്തമായി അവതരിപ്പിച്ച് കേന്ദ്രത്തിൽനിന്നും അനുകൂല നടപടികൾ ഉറപ്പാക്കുന്നതിനുവേണ്ട തുടർ നടപടികൾ നടത്തുക തുടങ്ങിയവയാണ് സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെ പ്രധാന ചുമതലകൾ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 3-8-2019 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 145/2019/പൊ.ഭ.വ, 14-11-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6542/2019/പൊ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിലവിലെ പ്രത്യേക പ്രതിനിധിയുടെ നിയമന കാലാവധി വരെ സഹായികൾക്കും തുടരാമെന്ന വ്യവസ്ഥയിലാണ് നിയമനം നൽകിയിട്ടുള്ള്.

(സി) സംസ്ഥാനത്തെ കാബിനറ്റ് മന്ത്രിക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്കും സൗകര്യങ്ങൾക്കും പ്രത്യേക പ്രതിനിധിയും അർഹനാണ്.

**മുൻ മന്ത്രിസഭാ തീരുമാനങ്ങളുടെ പുനഃപരിശോധന**

21(5404) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മന്ത്രിസഭ 1-1-2016-ന് ശേഷം കൈക്കൊണ്ട തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിശോധന പൂർത്തിയായോ; സമിതിയുടെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഉണ്ടായ മന്ത്രിസഭ തീരുമാനങ്ങളിൽ ഏതെല്ലാമാണ് നിയമവിരുദ്ധമെന്ന് മന്ത്രിസഭാ ഉപസമിതി കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമവിരുദ്ധമായ ഏതെല്ലാം തീരുമാനങ്ങൾ റദ്ദാക്കുകയോ പുനഃപരിശോധിക്കുകയോ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) മുൻ മന്ത്രിസഭ 1-1-2016-ന് ശേഷം കൈകൊണ്ട തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി നിയോഗിച്ച മന്ത്രിസഭാ ഉപസമിതി പരിശോധന പൂർത്തിയാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഉപസമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഉപസമിതിയുടെ ശിപാർശ പരിഗണിച്ച് 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യുകയോ പുനഃപരിശോധിക്കുകയോ ചെയ്തതായി വിവിധ വകുപ്പുകളിൽനിന്നും സമാഹരിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം

22(5405) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; ഐ.എ.എസ്, ഐ.പി.എസ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലിവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നു; എത്ര ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) കേരള കേഡറിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) മൂന്നോ അതിലധികമോ ചുമതലയുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര എന്ന് അറിയിക്കുമോ;

(ഇ) കേരള കേഡറിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ പഠനാവശ്യത്തിലടക്കം നീണ്ട അവധിയിലാണ്; അവർ ആരെല്ലാം; വെളിപ്പെടുത്തുമോ;

(എഫ്) 7 വർഷത്തെ സർവ്വീസ് പൂർത്തിയാക്കാത്തവർക്ക് ദീർഘകാലാവധി അനുവദിക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ജി) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് പഠാനാവശ്യത്തിലടക്കം നീണ്ട അവധി അനുവദിക്കാനുള്ള വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ അംഗീകൃത കേഡർ സ്ട്രെങ്ത് യഥാക്രമം 231 -ഉം 172 -ഉം ആണ്.

(ബി) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 123 ഐ.എ.എസ്. ഉദ്യോഗസ്ഥരും 95 ഐ.പി.എസ്. ഉദ്യോഗസ്ഥരും ജോലി ചെയ്തുവരുന്നു. അനുവദിച്ചിട്ടുള്ള കേഡർ സ്ട്രെങ്ങ്തിൽ നിലവിൽ 84 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും 55 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെയും കുറവുണ്ട്.

(സി) കേരള കേഡറിൽപ്പെട്ട 22 ഐ.എ.എസ്. ഉദ്യോഗസ്ഥരും 22 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ഡി) 28 ഐ.എ.എസ്. ഉദ്യോഗസ്ഥർ മൂന്നോ അതിലധികമോ ചുമതല വഹിക്കുന്നുണ്ട്.

(ഇ) കേരള കേഡറിൽപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ ശ്രീ. ഗോകുൽ ജി. ആർ., ഐ.എ.എസ് (പഠനാവശ്യം), ഡോ. കെ. വാസുകി ഐ.എ.എസ്., ശ്രീ. കാർത്തികേയൻ ഐ.എ.എസ്., ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്. എന്നിവർ ദീർഘകാല അവധിയിലാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്. (പഠനാവശ്യം), ശ്രീമതി കിരൺ നാരായണൻ ഐ.പി.എസ്., ശ്രീമതി മെറിൻ ജോസഫ് ഐ.പി.എസ്. എന്നിവർ ദീർഘകാല അവധിയിലാണ്.

(എഫ്) ഉണ്ട്. 7 വർഷ സർവ്വീസ് പൂർത്തിയാക്കാത്തവർക്കും പഠനാവശ്യം ഒഴികെ ദീർഘകാല അവധി ആൾ ഇന്ത്യാ സർവ്വീസ് (ലീവ്) റൂൾസ് 1955 പ്രകാരം അനുവദിക്കാറുണ്ട്.

(ജി) അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പാലിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ വൻകിട പദ്ധതികൾ

23(5407) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നതുമായ വൻകിട പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

24(5408) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികളുടെ നിർദ്ദേശം ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശിപാർശയോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

(സി) വിവിധ വകുപ്പുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവർ പരിഗണിച്ചുവരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13-08-2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)
2. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)
3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്ക് കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം. (3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഭരണാനുമതി) ഇതിനുപുറമെ ജലവിഭവം, തദ്ദേശ സ്വയംഭരണം, കൃഷി, മൃഗപരിപാലനം, റവന്യൂ, തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾ

25(5409) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഈ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന 34.47 കി.മീ. ദൈർഘ്യമുള്ള തൃക്കുന്നപ്പുഴ-നങ്ങ്യാർകുളങ്ങര-തട്ടാരമ്പലം-മിച്ചൽ ജംഗ്ഷൻ-കൊച്ചാലുംമൂട്- മാങ്കാങ്കുഴി-പന്തളം റോഡിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകളിൽ മാവേലിക്കര മണ്ഡലത്തിലെ AV മുക്ക്-ശാരംഗക്കാവ് റോഡ് ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

## ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഇ.എ.ആർ.എ.എസ്. സ്കീം

26(5410) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഇ.എ.ആർ.എ.എസ്. സ്കീമിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും 2019 ഏപ്രിൽ മുതൽ സമയബന്ധിതമായി ലഭിക്കാനായി നീതി ആയോഗിന്റെ 17-8-2016 ലെ O-11013/02/2015 CSS&CMC നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചതുപോലെ 60:40 (കേന്ദ്രം:സംസ്ഥാനം) അനുപാതത്തിലേക്ക് പദ്ധതി വിഹിതം മാറ്റിക്കൊണ്ട് ജീവനക്കാരുടെ ആശങ്ക ദൂരീകരിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ ജീവനക്കാരെ കരാർ തൊഴിലാളികൾക്ക് സമമാക്കിക്കൊണ്ട് സ്വകാര്യവത്ക്കരണത്തിന് ഗതിവേഗം നൽകുന്ന പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം ഇ.എ.ആർ.എ.എസ്. സ്കീമിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്) എന്ന 100% സെൻട്രൽ സെക്ടർ സ്കീമിലൂടെയാണ്. ഈ സ്കീമിലെ വിവരശേഖരണം, ക്രോഡീകരണം, മേൽനോട്ടം എന്നിവയ്ക്കായി 856 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ പി.എഫ്.എം.എസ്. മുഖേന മാത്രമേ കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യ വിതരണവും തടസ്സപ്പെടുത്തുന്നതിന് സാധ്യതയുള്ളതിനാൽ നിലവിലെ സംവിധാനം തുടരുന്നതിനും പി.എഫ്.എം. എസ്. മുഖേനയുള്ള ഫണ്ട് ട്രാൻസ്ഫർ ഒഴിവാക്കി കേന്ദ്ര ഗവൺമെന്റ് ഇ.എ.ആർ.എ.എസ്. സ്കീമിന് അനുവദിക്കുന്ന തുക സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഇ.എ.ആർ.എ.എസ്. സ്കീം 100% സെൻട്രൽ സെക്ടർ സ്കീം ആയതിനാൽ ഫണ്ടിംഗ് പാറ്റേൺ കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നത്.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ പ്രൊമോഷൻ

27(5411) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ അഡ്മിനിസ്ട്രേറ്റീവ് കാറ്റഗറിയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധമായ കാര്യങ്ങൾ ഏത് നിയമപ്രകാരമാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പ് ജി.ഒ.(ആർ.ടി) നമ്പർ 44/2019/ എസ്.&റ്റി.ഡി. തീയതി 17-9-2019 പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ/നിയമനം സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സർക്കാർ ഉത്തരവിന് കടകവിരുദ്ധമായി ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ച്, എല്ലാ ഗവേഷണ സ്ഥാപന ങ്ങളിലെയും പ്രൊമോഷൻ തസ്തികയിൽ ശാസ്ത്ര കൗൺസിൽ നേരിട്ട് അഭിമുഖം നടത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള ശാസ്ത്ര കൗൺസിലിന്റെ നിലവിലുള്ള ചട്ടങ്ങൾ മറികടന്നു കൊണ്ടുള്ള പ്രസ്തുത നിയമന നീക്കങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ച പ്രൊമോഷൻ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് എതിരായി ശ്രീ. അനിൽ കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 20263/2019-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും പ്രൊമോഷൻ കമ്മിറ്റി രൂപീകരണം സംബന്ധിച്ച ചട്ടങ്ങൾ വ്യക്തമാക്കിക്കൊണ്ടും ടി ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ കൈക്കൊള്ളാമെന്ന് കൗൺസിൽ മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും 17-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 44/2019/ശാ.സാ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി സ്ഥാനക്കയറ്റം നടത്തു ന്നതിനായി ഉദ്യോഗസ്ഥരുടെ അഭിമുഖം 28-10-2019, 31-10-2019 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് റദ്ദാക്കുകയുണ്ടായതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ഏഴാമത് ശമ്പള പരിഷ്കരണം

28(5412) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജനുവരി മാസം മുതൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞൻമാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപന ങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ അനന്തമായി ചില ഉദ്യോഗസ്ഥരുടെ കൈയ്യിൽ തന്നെ വെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരുടെ ഏഴാമത് ശമ്പള പരിഷ്കരണം സംബന്ധിച്ച ശിപാർശ 17-9-2017-ൽ സർക്കാരിൽ ലഭ്യമാകുകയുണ്ടായെങ്കിലും ആയത് വ്യക്തവും അവശ്യ വിശദാംശങ്ങൾ അടങ്ങിയതുമല്ലായിരുന്നു. ആയതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ അടങ്ങിയ ശിപാർശ ആവശ്യപ്പെടുകയും കൗൺസിൽ മെമ്പർ സെക്രട്ടറി 28-2-2019-ൽ തീയതിയിൽ ശിപാർശ സമർപ്പിയ്ക്കുകയുമുണ്ടായി. ടി ശിപാർശയിന്മേൽ കൂടുതൽ വിവരങ്ങൾ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് 2-7-2019-ൽ തീയതിയിൽ കൗൺസിൽ മെമ്പർ സെക്രട്ടറി വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. അവശ്യ വിവരങ്ങൾ ലഭ്യമാക്കി ശിപാർശ ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

(സി) ഫയൽ നടപടികളിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശിപാർശ സർക്കാർ പരിഗണിച്ച് തീർപ്പാക്കുന്ന മുറയ്ക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാവുന്നതാണ്.

**ഗവേഷണ സ്ഥാപനങ്ങളിലെ സർവ്വീസ് സംബന്ധമായ കേസ്സുകൾ**

29(5413) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്; ആയതിൽ നിലവിൽ എത്ര കേസ്സുകൾ ഹൈക്കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഹൈക്കോടതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്റ്റാന്റിംഗ് കൗൺസിലിന് എത്ര തുക ഫീസിനത്തിൽ നൽകിയിട്ടുണ്ട്;

(സി) ഇതിനുള്ള തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവാക്കുന്നത്; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർ സർവ്വീസ് സംബന്ധമായ ആകെ 95 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ നിലവിൽ 57 കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്റ്റാന്റിംഗ് കൗൺസിലിന് ഫീസിനത്തിൽ കൗൺസിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | റീറ്റെയ്നർ ഫീ | പ്രൊഫഷണൽ ഫീ |
|---|---|---|
| 2016-2017 | - | 1,50,000 |
| 2017-2018 | 1,38,000 | 1,40,000 |
| 2018-2019 | 2,86,840 | 5,40,400 |
| 2019-2020 (7-19-2019 വരെ) | 1,00,000 | 70,000 |
| ആകെ തുക | 5,24,840 | 9,00,400 |

(സി) ടി തുക 3425-60-200-71-07(NP) എന്ന ശീർഷകത്തിൽ നിന്നാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചെലവാക്കുന്നത്. ഇതിന് സർക്കാർ പ്രത്യേകാനുമതി നൽകിയിട്ടില്ല.

## കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

30(5414) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിലവിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ നിലവിൽ എന്തെങ്കിലും കോഴ്സ് പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ മാത്തമാറ്റിക്സ് പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണ നയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ ഗവേണിംഗ് ബോഡി നിലവിലില്ല. മാനേജ്മെന്റ് കമ്മിറ്റിയും റിസർച്ച് കൗൺസിലുമാണ് നിലവിലുള്ളത്. മാനേജ്മെന്റ് കമ്മിറ്റി, റിസർച്ച് കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. കെ.എസ്.ഒ.എം.-റെഗുലർ പി.എച്ച്.ഡി. പ്രോഗ്രാം.

2. സംസ്ഥാനത്തെ സ്കൂളുകളിൽനിന്നും കോളേജുകളിൽനിന്നുമുള്ള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗണിതശാസ്ത്ര റിഫ്രഷൻ കോഴ്സുകൾ

3. ഗണിതശാസ്ത്രത്തിൽ ഗവേഷണവും പരിശീലനവും നേടുന്നതിന് സംസ്ഥാനത്തെ ബിരുദതല വിദ്യാർത്ഥികളിൽ യുവപ്രതിഭകളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി KSoM-TNP (KSoM-Talent Nurture Program)

4. അടുത്ത അദ്ധ്യയന വർഷം മുതൽ കോഴിക്കോട് സർവ്വകലാശാലയുമായി സംയോജിച്ച് ഇന്റർഗ്രേറ്റഡ് Ph.d (Msc-Ph.D)പ്രോഗ്രാം.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് പ്രവർത്തിച്ചുവരുന്നത്. ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള ഗവേഷണ പഠന പ്രവർത്തനങ്ങളാണ് മുഖ്യമായും കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റേത്. ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപ്പശാലകൾ, പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപ്പശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന ക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിതശാസ്ത്ര പ്രഗൽഭരുടെ ശിൽപ്പശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ നടക്കുന്നുണ്ട്.

(ഡി) സർക്കാർ വിഷയം പരിഗണിച്ചിട്ടില്ല. ഉന്നതതല വിദ്യാഭ്യാസത്തിനായി കോഴിക്കോട് സർവ്വകലാശാലയുമായി സംയോജിപ്പിച്ച് ഇന്റർഗ്രേറ്റഡ് എം.എസ്.സി., പി.എച്ച്.ഡി. ആരംഭിക്കുന്നതിനുള്ള അനുമതി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് നൽകിയിട്ടുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

31(5415) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രതീക്ഷിതമായി കാണപ്പെട്ട നിപ വൈറസിന്റെ വ്യാപനം ഫലപ്രദമായി തടയാൻ കഴിഞ്ഞ സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങളെ സമയബന്ധിതമായി നേരിടാൻ സാധിക്കുന്ന വിധത്തിൽ തോന്നയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാക്കുവാൻ എന്തെല്ലാം സത്വരനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണയത്തിനുള്ള ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ അഡ്വൈസറായി ആരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഡോ. വില്യം ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിനെയാണ് അഡ്വൈസറായി നിയമിച്ചിട്ടുള്ളത്.

(ഇ) ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പരിസ്ഥിതി സംബന്ധിച്ച ധവളപത്രം

32(5416) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ധവളപത്രത്തിന്റെ കരട് തയ്യാറാക്കുന്ന അവസരത്തിൽ പ്രളയം സംബന്ധിച്ച പരിസ്ഥിതികാഘാതം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാലാവസ്ഥാ വ്യതിയാനം, പ്രളയം എന്നിവയാൽ സൃഷ്ടിക്കപ്പെടുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) പരിസ്ഥിതി സൗഹാർദ്ദപരമായ വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകികൊണ്ടുള്ള സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുക, മനുഷ്യന്റെ പരിസ്ഥിതിയുമായുള്ള ഇടപെടലുകൾ പ്രകൃതി സൗഹാർദ്ദമാക്കിമാറ്റുവാനുള്ള അവബോധം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നമ്മുടെ പരിസ്ഥിതിയുടെ സവിശേഷതകളും അവയ്ക്ക് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ആഘാതങ്ങളും മനസ്സിലാക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ ഏതൊക്കെ മേഖലകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് എന്നിവ മുൻനിർത്തിയും പരിസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പരിസ്ഥിതിയുടെ ഇപ്പോഴുള്ള അവസ്ഥ, തന്ത്രപ്രധാനമായ ലക്ഷ്യങ്ങൾ, പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതി, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായുള്ള നിയന്ത്രണത്തിന്റെ വിവിധ തലങ്ങൾ, വിഭവങ്ങളുടെ പരിപാലനവും സുസ്ഥിര ഉപയോഗവും ജനങ്ങളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം എന്നിവയെ മുൻനിർത്തിയാണ് ധവളപത്രം തയ്യാറാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ കേരള പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ്. കാലാവസ്ഥ വ്യതിയാനം, പ്രളയം എന്നിവയാൽ സൃഷ്ടിക്കപ്പെടുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിനുവേണ്ടി കാലാവസ്ഥ വ്യതിയാനം, കാലാവസ്ഥ അനുരൂപകൃഷി രീതികൾ എന്ന ശീർഷകത്തിനുകീഴിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

## കാലാവസ്ഥ വ്യതിയാനം

33(5417) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള കാലാവസ്ഥ വ്യതിയാനങ്ങളെ സംബന്ധിച്ച് ഗൗരവമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന കാര്യാലയത്തിന്റെയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ, കേരളത്തിൽ ഉണ്ടായിട്ടുള്ള കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും 256 ഓട്ടോമാറ്റിക് കാലാവസ്ഥ മാപിനികൾ സ്ഥാപിക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ പ്രകൃതി ദുരന്തങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും അവയ്ക്ക് പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശാ.സ.വ. പ്രകാരം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദുരന്തങ്ങൾ നേരിടുന്നതിനായി സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിച്ചിട്ടുണ്ട്. 2022 നുള്ളിൽ പരിശീലനം സിദ്ധിച്ച 3000 സന്നദ്ധ പ്രവർത്തകരെ വാർത്തെടുക്കാനാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ശ്രമിക്കുന്നത്. പ്രളയംപോലുള്ള പ്രകൃതി ദുരന്തങ്ങൾമൂലമുള്ള നാശനഷ്ടം ഒഴിവാക്കുന്നതിനുള്ള രീതിയിലായിരിക്കും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നത്.

**പരിസ്ഥിതി സംരക്ഷണത്തിന് സ്വീകരിച്ച നടപടി**

34(5418) <u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തിന്റെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും ദുരന്ത ഫലങ്ങൾക്ക് സംസ്ഥാനം ഇരയാകുന്ന സാഹചര്യത്തിൽ ഭൂമിയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പരിസ്ഥിതി, ജലം, ഭൂവിനിയോഗം പ്രകൃതിദുരന്താഘാത ലഘൂകരണം തുടങ്ങിയവയിൽ സർക്കാർ പുരോഗമനപരമായ നയം സ്വീകരിക്കുകയും ഭൂപരിഷ്കരണം, തോട്ടം മേഖലയുടെ സംരക്ഷണം, നെൽവയൽ തണ്ണീർത്തട നിയമങ്ങളടക്കം കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തതിന്റെ ഫലമായി പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത പശ്ചാത്തലത്തിൽ നിയമങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിനും നടപടി സ്വീകരിക്കുമോ;

(ഡി) ദുരന്തനിവാരണത്തിന് പ്രാദേശികമായി ആളുകളെ സന്നദ്ധരാക്കുന്നതിനും ആധുനിക സാങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേക്ഷ്യത്തിന്റെ (State Action Plan on Climate Change) പരിഷ്കരണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശീയ കാലാവസ്ഥ വ്യതിയാന കർമ്മ പരിപ്രേക്ഷ്യത്തിന്റെ (Local Action Plan on Climate Change) രൂപീകരണം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ Kerala Institute of Local Administration (KILA)-ന്റെ മേൽനോട്ടത്തിൽ തയ്യാറാക്കി വരുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ തിക്തഫലങ്ങളുടെ അനുകൂലനത്തിന് ഉതകുന്ന പദ്ധതികളും മിയവാക്കി വനം വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. Rebuild Kerala Development Programme-ന്റെ ഭാഗമായി KSBB താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. നദിയോര ജൈവവൈവിധ്യ അവലോകനം.
2. കാർഷിക ജൈവവൈവിധ്യ അവലോകനം.
3. സമുദായ പങ്കാളിത്തത്തോടുകൂടിയുള്ള കാവുകളുടെ സംരക്ഷണം.

(ബി&സി) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ തീവ്രമഴ, പ്രളയം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും അവയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശ.സ.വ. പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപതാ മിത്ര പദ്ധതിയിൽ സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിച്ചു. എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ആവശ്യമായ സഹായം നൽകുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. തൃശ്ശൂരിൽ അഗ്നി രക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ ആപതാ മിത്ര എന്ന പ്രോജക്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് ആദ്യമായി കോട്ടയം ജില്ലയിൽ ഒരു സന്നദ്ധ സേന രൂപീകരിച്ചു. നിലവിൽ ഈ പ്രോജക്ടിൽ 67 സന്നദ്ധ പ്രവർത്തകർക്ക് 12 ദിവസത്തെ പരിശീലനം നൽകി. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അരൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് തുടർച്ചയായി 133 പേരുടെ കൂടി പരിശീലനം ഈ സാമ്പത്തിക വർഷം നടത്തും. ഈ പരിശീലനം സിദ്ധിച്ചവർക്ക് പ്രത്യേക പ്രതികരണ കിറ്റുകളും സംസ്ഥാന അതോറിറ്റി നൽകും. ഇത്തരത്തിലുള്ള പ്രത്യേക പരിശീലനം സിദ്ധിച്ച 3000 സന്നദ്ധ പ്രവർത്തകരെ 2022 നുള്ളിൽ വാർത്തെടുക്കുവാനാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശ്രമിക്കുന്നത്. സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ പൊതുജനങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കുമായി വിവിധതരം പരിശീലന പരിപാടികൾ നടത്തിയിരുന്നു. കൂടാതെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ സന്നദ്ധ സേനകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷം എല്ലാ നഗരസഭകളിലും അവരവരുടേതായ ദുരന്ത ലഘൂകരണ പദ്ധതികൾ ഉണ്ടാക്കുകയും തനത് ഫണ്ടിൽ ദുരന്ത ലഘൂകരണത്തിനായി പണം വകയിരുത്തണമെന്നും ഉദ്ദേശിച്ച് നഗരസഭകൾക്ക് മാത്രമായി ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ മുഖേന പണം അനുവദിക്കുകയും ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എൻ.ജി.ഒ.-കളുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

## കിഴക്കഞ്ചേരിയിലെ ഭൂമി വിണ്ടുകീറൽ

35(5419) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ഉപ്പുമണ്ണ് എന്ന സ്ഥലത്ത് പ്രളയക്കെടുതികൾ മൂലമുണ്ടായ ഭൂമി വിണ്ടുകീറൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സംഘത്തെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പഠന സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിക്കാൻ പോകുന്ന തുടർനടപടികളെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## തീരദേശ പരിപാലന നിയമലംഘനത്തിന്റെ പ്രത്യാഘാതങ്ങൾ

36(5420) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണ നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ സ്ഥിതി വിവര റിപ്പോർട്ട് സമർപ്പിക്കുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മരടിലെ അഞ്ച് വിവാദ ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ച് മാറ്റുവാനുള്ള സുപ്രീംകോടതി നിർദ്ദേശത്തെത്തുടർന്ന് തീരസംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിങ്ങൾ പൊളിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; അറിയിക്കാമോ;

(സി) 2018, 2019 വർഷങ്ങളിലെ പ്രളയവും മരടിലെ സുപ്രീംകോടതി വിധി മൂലമുള്ള പ്രതിസന്ധിയും നദീതീര പാർപ്പിടങ്ങളോടുള്ള ജനങ്ങളുടെ പ്രിയത്തിന് അറുതി വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മരട് ഫ്ലാറ്റ് സംബന്ധിച്ച സുപ്രീം കോടതി വിധി, കേരളൈറ്റ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവാസി നിക്ഷേപം സംസ്ഥാനത്ത് സമാഹരിക്കുന്നതിനുള്ള സർക്കാർ നീക്കത്തിന് തിരിച്ചടിയായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA 1808-1809/2019 in C.A.No.4784-4785/2019 കേസിലെ 23-9-2019-ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി 16-10-2019-ലെ G.O.(Rt) No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt) No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രക കൺവീനറായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശപരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ശക്തമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധ്യമുണ്ടായിട്ടുണ്ട്.

(ഡി) ഇല്ല. പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പിനിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിന് 2019 ഒക്ടോബറിൽ ദുബായിൽ വച്ച് എൻ.ആർ.കെ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് (NEEM) സംഘടിപ്പിച്ചിരുന്നു. ഈ സംഗമത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് നടത്തിയ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## തീരപ്രദേശങ്ങളുടെയും തീരദേശവാസികളുടെയും വികസനത്തിനായുള്ള പദ്ധതി

37(5421) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ തീരപ്രദേശങ്ങളുടേയും തീരദേശവാസികളുടേയും വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ ബേപ്പൂർ-കടലുണ്ടി, കടലുണ്ടി-വള്ളിക്കുന്ന് തീരപ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രദേശങ്ങൾ ലോകബാങ്ക് പ്രതിനിധി സംഘം സന്ദർശിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തീരദേശവാസികളുടെ ഉപജീവന സുരക്ഷ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതി തുക 280 കോടി രൂപയാണ്. ഇതിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും ഇതര ഉപജീവന മാർഗ്ഗത്തിനായുള്ള പദ്ധതികൾക്കായി 65.40 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഉൾപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ തൈകടപ്പുറം മുതൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി-വള്ളിക്കുന്ന് വരെയുള്ള 175 കി.മീ. തീരപ്രദേശമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ കൊച്ചിൻ രജിസ്ട്രേഷൻ ആക്ട് 1956 അനുസരിച്ച് സൊസൈറ്റിയായി KCICM (Kerala Centre for Integrated Coastal Management)നെ രജിസ്റ്റർ

ചെയ്യുകയും പദ്ധതി നടത്തിപ്പിനായി പ്രോജക്ട് ഡയറക്ടർ, അഡീഷണൽ പ്രോജക്ട് ഡയറക്ടർ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ Preliminary Project Report (PPR) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 280 കോടി രൂപ പദ്ധതി തുകയായി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ Detailed Project Report തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി 2020-ൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്കീം മൂന്ന് പ്രകാരമുള്ള നിയമനം**

38(5424) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കാറ്റഗറി 188/2019 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിൽ സ്കീം-3 അനുസരിച്ചുള്ള നിയമനത്തിനായി ഷെഡ്യൂൾ I-ൽ, ഇരുപത്തി ഒമ്പത് വകുപ്പുകൾ, കോമൺ കാറ്റഗറി എന്നിവയിലുള്ള ഒന്നാം ഗസറ്റഡ് പോസ്റ്റിലുള്ള ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) കേരളത്തിന്റെ സ്വന്തം സൈന്യം എന്ന ഖ്യാതി നേടിയ മത്സ്യത്തൊഴിലാളികളുടെ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ഫിഷറീസ് വകുപ്പിനെ മേൽ പ്രകാരമുള്ള ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഫിഷറീസ് വകുപ്പിലെ ഒന്നാം ഗസറ്റഡ് പോസ്റ്റിലോ അതിന് മുകളിലുള്ള തസ്തികയിലോ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് കെ.എ.എസ്. നിയമനത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കത്തക്ക വിധത്തിൽ ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെടുത്തി ടി ഉദ്യോഗസ്ഥരുടെ വൈദഗ്ദ്ധ്യവും അനുഭവസമ്പത്തും കെ.എ.എസ്. വഴി ഉറപ്പാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## കെ.എ.എസ്. പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യപേപ്പർ

39(5426) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ മലയാളത്തിൽ നൽകുമെന്ന് പി.എസ്.സി. ഉറപ്പ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്. പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യ പേപ്പർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എല്ലാ പരീക്ഷകളും ഇംഗ്ലീഷ് മാധ്യമത്തിലല്ല നടത്തുന്നത്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷക രായിട്ടുള്ള എൽ.ജി.എസ്., എൽ.ഡി.സി. എന്നീ തസ്തികകളും പത്താം ക്ലാസ്സ് വരെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാ പരീക്ഷകളും മലയാളം/ തമിഴ്/ കന്നഡ മാധ്യമത്തിലാണ് നടത്തുന്നത്. +2 തലംവരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ ഇല്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ കൂടി മലയാളത്തിലാക്കുവാൻ തീരുമാനമായിട്ടുണ്ട്. +2-വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കാൻ പ്രയാസം നേരിടുന്നുണ്ട്. വിവിധ നാഷണൽ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ചോദ്യകർത്താക്കൾക്ക് മലയാളത്തിൽ ചോദ്യങ്ങൾ തയ്യറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾക്ക് ശരിയായ വിവർത്തനം നൽകി മലയാളത്തിലേയ്ക്ക് മാറ്റുന്നതിനും പ്രയാസം നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിലേയ്ക്ക് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഭാഷാ വിദഗ്ദർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ യോഗം കൂടുകയും സാങ്കേതിക പദങ്ങളുടെ മലയാളപദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാ ക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്താൻ സാധിക്കുന്നതാണ്.

(ബി) മുഖ്യപരീക്ഷയിൽ എല്ലാ ചോദ്യങ്ങൾക്കും മലയാളമാധ്യമത്തിലും ഉത്തരങ്ങൾ എഴുതാൻ കഴിയുന്നതാണ്. കെ.എ.എസ്.-ന്റെ പ്രാഥമിക പരീക്ഷയിൽ 30 മാർക്കിന് ഭാഷാചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേടുകൾ ഒഴിവാക്കാൻ നടപടി

40(5427) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിലെ ചീഫ് സോഷ്യൽ സർവ്വീസ്, പ്ലാൻ കോർഡിനേഷൻ, വികേന്ദ്രീകരണ പ്ലാനിംഗ്എന്നീ തസ്തികകളിലേക്ക് പി.എസ്.സി. നിയമനം നടത്തുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഒരു പ്രത്യേക സർവ്വീസ് സംഘടനയിൽപ്പെട്ട പ്രവർത്തകർക്ക് ചട്ടവിരുദ്ധമായി അഭിമുഖത്തിൽ മാർക്ക് നൽകിയെന്നും യോഗ്യരായ മറ്റ് ഉദ്യോഗാർത്ഥികളെ മനപൂർവ്വം ഒഴിവാക്കിയെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം വസ്തുതാപരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പി.എസ്.സി. പരീക്ഷകളിൽ നടക്കുന്ന ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും നിയമനം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) രണ്ട് തസ്തികകളിലെ നിയമനം തടഞ്ഞിട്ടുണ്ട്. ആസൂത്രണ ബോർഡിലെ ചീഫ് നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി സൗമ്യ പി.ജെ. O.A. No.2200/2019 നമ്പറായും ശ്രീ. ഉമർകോയ & അതേഴ്സ്, OA No.2201/2019 നമ്പറായും ശ്രീ. രാകേഷ് എ. & അതേഴ്സ് OA No.2202/2019 നമ്പറായും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള പരാതി ലഭിച്ചിട്ടില്ല. ഇന്റർവ്യൂവിന് മാർക്ക് നൽകുന്നത് ഇന്റർവ്യൂ ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്.

(സി) ഭരണഘടനാപരമായ സ്വതന്ത്ര സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. പരീക്ഷ നടത്തിപ്പിനും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷനിൽ കുറ്റമറ്റതായ സംവിധാനം നിലവിലുണ്ട്.

## കെ.എസ്.ആർ.ടി.സി.സേവനകാലം പെൻഷന് പരിഗണിക്കുവാൻ നടപടി

41 (5429) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് പി.എസ്.സി. മുഖേന ഒരേ ശമ്പള സ്കെയിലും യോഗ്യതാ മാനദണ്ഡവുമുള്ള ലോവർ ഡിവിഷൻ ക്ലാർക്കായി സംസ്ഥാന സർവ്വീസിലുള്ള ജീവനക്കാരൻ റിട്ടയർ ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. യിലെ സേവനകാലം പെൻഷൻ നിശ്ചയിക്കുന്നതിൽ പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കോടതി ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എസ്. ആർ. ഭാഗം III, ചട്ടം 20-ന കീഴിലെ കുറിപ്പ്, 16-6-2018 തീയതിയിലെ സ.ഉ. (അ) നമ്പർ 93/2018 ധന. നമ്പർ ഉത്തരവനുസരിച്ച് എസ്.ആർ.ഒ. നമ്പർ 415/2018 ആയി ടി ചട്ടത്തിൽതന്നെ ഉൾപ്പെടുത്തുകയും ആയത് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരിൻ കീഴിൽ ഒരു പ്രത്യേക നിയമം മൂലമോ കമ്പനി നിയമംമൂലമോ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനങ്ങളിലെയോ സ്വയംഭരണ സ്ഥാപനങ്ങളിലെയോ സേവനം സംസ്ഥാന സർക്കാർ സർവ്വീസിനോടൊപ്പം പെൻഷനുള്ള യോഗ്യ സേവന കാലമായി പരിഗണിക്കുവാൻ കഴിയില്ല. 15-3-1965-ലെ വിജ്ഞാപനം പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ആയതിനാൽ മേൽ ചട്ടപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ സേവനകാലം സംസ്ഥാന സർക്കാർ സർവ്വീസിനോടൊപ്പം പെൻഷൻ നിശ്ചയിക്കുന്നതിൽ യോഗ്യ സേവന കാലമായി പരിഗണിക്കുവാൻ കഴിയില്ല.

(ബി) WP(c)No. 8863/2009, OA No.516/2017 എന്നീ കേസുകളിലെ വിധിന്യായങ്ങൾക്കെതിരെ കേരള സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 1291/2018 (State of Kerala v/s M. C. Grigory), OP (KAT) 429/2018 (State of Kerala v/s D. John) എന്നിവ കോടതിയുടെ പരിഗണനയിലാണ്.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി

42 (5430) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം സർക്കാർ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്താറുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിലും നിയമനാധികാരികളുടെ കാര്യാലയങ്ങളിൽ പരിശോധന നടത്താറുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിയമനങ്ങളിലെ സംവരണം

43 (5431) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് വരെ വിശ്വകർമ്മജർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ലഭിച്ചിരുന്ന 8.5% ശതമാനം റിസർവേഷനിൽ പ്രസ്തുത വർഷത്തിന് ശേഷം മാറ്റം വരുത്തിയിട്ടുണ്ടോ; ഇപ്പോൾ ലഭിക്കുന്ന 3% സംവരണം എന്ന് മുതലാണ് ഈ സമൂഹത്തിന് ലഭിച്ചത്; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് സംവരണം നിലവിലുണ്ടായിരുന്നോ; ഇപ്പോൾ അത് തുടരുന്നുണ്ടോ; അറിയിക്കാമോ;

(സി) എങ്കിൽ ഓരോ സമുദായത്തിനും എത്ര ശതമാനമാണ് സംവരണം ലഭിച്ചുകൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. 1967-ൽ രൂപീകൃതമായ Backward Classes Reservation Commission (നെട്ടൂർ കമ്മീഷൻ) സർക്കാരിന് സമർപ്പിച്ച ശിപാർശകൾ പരിഗണിക്കുന്ന അവസരത്തിൽ പുറപ്പെടുവിച്ച 13-12-1978-ലെ ഉത്തരവിലാണ് ക്ലാസ് IV, ക്ലാസ് IV ഇതര തസ്തികകളിലെ ഒ.ബി.സി. സംവരണം പുനഃക്രമീകരിച്ചിട്ടുള്ളത്. അതിൻപ്രകാരം വിശ്വകർമ്മജർക്ക് ക്ലാസ് IV തസ്തികകളിൽ 2 ശതമാനവും ക്ലാസ് IV ഇതര തസ്തികകളിൽ 3 ശതമാനവും സംവരണം ലഭിക്കുന്നുണ്ട്. 20-6-1979 പ്രാബല്യത്തിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്തി 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. സാധ്യത പട്ടിക സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി

44(5432) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 571/2014, 137/2015 എന്നീ പി.എസ്.സി. സാധ്യത പട്ടികയിൽ ഉൾപ്പെട്ടവരുടെ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് ഉത്തരവിറക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവരെ, ഉയർന്ന യോഗ്യതയാക്കി കണക്കാക്കി സാധ്യത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടും, എക്സിക്യൂട്ടീവ് ഓർഡർ ഇല്ലാത്തതും, സ്പെഷൽ റൂൾ ഭേദഗതി ചെയ്യാത്തതും കാരണം ഇവരെ ലിസ്റ്റിൽ നിന്നും പുറത്താക്കണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ട പി.എസ്.സി.-യിൽ ടി തസ്തികയുടെ യോഗ്യതകൾ സംബന്ധിച്ച് ധാരാളം പരാതികൾ ലഭിച്ചിട്ടുള്ള തിനാൽ പി.എസ്.സി. സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി&ഡി) ഉണ്ട്. ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. തുടർനടപടി സ്വീകരിച്ചുവരുന്നു.

## വി.എച്ച്.എസ്.ഇ. ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് പി.എസ്.സി.റാങ്ക് ലിസ്റ്റ്

45 (T 5433) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ-യിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ കണക്കിലെടുത്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 173

(സി) 108

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി-എഫ്) സംസ്ഥാനത്തുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി (NSQF) നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികയിലേയ്ക്കുള്ള നിയമനം താൽക്കാലികമായി നിർത്തിവയ്ക്കാൻ 14-6-2018-ലെ 155/എസ്.സി.3/2018/ പൊ.വി.വ. കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പുതിയ നിയമനം നൽകുന്നതിന് തൽക്കാലം നിർവ്വാഹമില്ല.

## വി.എച്ച്.എസ്.ഇ. ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

46 (5434) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ.-യിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേരെ അഡ്വൈസ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ കണക്കിലെടുത്ത് കൂടുതൽ പേരെ അഡ്വൈസ് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 180 പേരെ അഡ്വൈസ് ചെയ്തതായി പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതി (NSQF) നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികയിലേയ്ക്കുള്ള നിയമനം താൽക്കാലികമായി നിർത്തിവെയ്ക്കാൻ 14-6-2018-ലെ 155/എസ്.സി.3/2018/ പൊ.വി.വ. കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ കൂടുതൽ പേരെ അഡ്വൈസ് ചെയ്യുന്നതിന് തൽക്കാലം നിർവ്വാഹമില്ല.

## എൻ.ജെ.ഡി. ഒഴിവുകളിലെ നിയമനം

47 (5435) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കുന്ന തീയതിയ്ക്കുമുമ്പ് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളും അതിന്മേലുണ്ടാകുന്ന എൻ.ജെ.ഡി. ഒഴിവുകളും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുതന്നെയാണോ നികത്തപ്പെടേണ്ടത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-ൽ നിലവിൽവന്ന കേരള പോലീസിലെ എസ്.ഐ. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളും അതിന്മേലുണ്ടായ എൻ.ജെ.ഡി. ഒഴിവുകളും 2015-ലെ റാങ്ക് ലിസ്റ്റിൽനിന്ന് തന്നെയാണോ നികത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) അല്ലെങ്കിൽ എന്ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് മേൽസൂചിപ്പിച്ച എൻ.ജെ.ഡി. ഒഴിവുകൾ നികത്തിയതെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് കെ.എ.ടി.യുടെയോ കോടതിയുടെയോ എന്തെങ്കിലും ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവിലേയ്ക്ക് എൻ.ജെ.ഡി. ഉൾപ്പെടെ പ്രസ്തുത ലിസ്റ്റിൽ നിന്നുതന്നെ നികത്തുന്നതാണ്. റാങ്ക് പട്ടികയുടെ കാലാവധി കഴിഞ്ഞ് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(ബി&സി) 2015-ൽ നിലവിൽവന്ന കേരള പോലീസിലെ എസ്.ഐ. റാങ്ക് ലിസ്റ്റ് 26-7-2018-ന് കാലാവധി അവസാനിക്കുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ട്. അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെയുള്ളവ 14-3-2019-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും നികത്തിവരുന്നു.

(ഡി) 2015-ലെ റാങ്ക് ലിസ്റ്റിൽനിന്നും കോടതി ഉത്തരവ് പ്രകാരം നികത്തപ്പെട്ടതും 12-7-2016-ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ 93 എൻ.ജെ.ഡി. ഒഴിവുകളുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ SLP (c) 7189/19, SLP (c) 7569/19 എന്നീ കേസ്സുകളും അതിനെത്തുടർന്ന് ഇടക്കാല സ്റ്റേയും നിലവിലുണ്ട്.

## എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ

48 (5436) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ. (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 387/2014) ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളിലേക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) റാങ്ക് പട്ടിക നിലവിൽ വരുന്നതിന് മുമ്പ് 152 (നൂറ്റി അമ്പത്തി രണ്ട്) ഒഴിവുകളും റാങ്ക് പട്ടിക നിലവിൽ വന്നതിനുശേഷം 264 (ഇരുന്നൂറ്റി അറുപത്തി നാല്) ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽനിന്നും നിലവിൽ 258 (ഇരുന്നൂറ്റി അൻപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 132 (നൂറ്റി മുപ്പത്തിരണ്ട്) ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാൻ അവശേഷിക്കുന്നുണ്ട്. ബാക്കി ഒഴിവുകൾ എൻ.സി.എ. വിജ്ഞാപനത്തിനായി മാറ്റി വച്ചിരിക്കുകയാണ്.

## എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)കൊമേഴ്സ് റാങ്ക് ലിസ്റ്റ്

49 (5438) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കോമേഴ്സ്(കാറ്റഗറി നമ്പർ-339/2017) എഴുത്തു പരീക്ഷ പി.എസ്.സി. നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് വൈകാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് നിശ്ചയിച്ചത് എത്രയാണെന്ന് പറയാമോ;

(ഡി) എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കോമേഴ്സ്(കാറ്റഗറി നമ്പർ-339/2017) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഒ.എം.ആർ. പരീക്ഷ 9-4-2018-ന് നടത്തിയിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ചുരുക്കപ്പട്ടിക പ്രസിദ്ധപ്പെടുത്തി ഇന്റർവ്യൂ പൂർത്തിയാകുന്ന മുറയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിക്കുന്നതാണ്.

## കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

50 (5441) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ ഇന്റർവ്യൂ കഴിഞ്ഞ് ഒരു വർഷത്തോളം ആയിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 571/2014 കാറ്റഗറി നമ്പർ പ്രകാരം അപേക്ഷിച്ച ഈ തസ്തികയിൽ 2019 ആയിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കാത്ത പി.എസ്.സി.-യുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 20 ഒഴിവുകൾ നിലവിലുണ്ട്.

(ബി & സി) ടി തസ്തികയുടെ യോഗ്യത സംബന്ധിച്ച് ധാരാളം പരാതികൾ പി.എസ്.സി.-യ്ക്ക് ലഭിച്ചിട്ടുള്ളതിനാൽ സർക്കാരിനോട് സ്പഷ്ടീകരണം തേടിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഫാർമസിസ്റ്റ് നിയമനം

51 (5442) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ഫാർമസിസ്റ്റ്(കാറ്റഗറി നമ്പർ 280/2014) തസ്തികയിലേയ്ക്കായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ അപാകത ചൂണ്ടിക്കാണിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എത്ര ഉദ്യോഗാർത്ഥികളാണ് കേസിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ പതിനാല് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിനെത്തുടർന്ന്, പ്രസ്തുത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ബഹു. ഹൈക്കോടതി 16-7-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നാളിതുവരെ പി.എസ്.സി. അനുബന്ധ (അഡെൻഡം) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഹൈക്കോടതി വിധി 16-7-2019-ൽ വന്നിട്ടും പതിനാല് പേരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പി.എസ്.സി. നേരത്തെ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 20-9-2019-ൽ പതിമൂന്ന് പേരെ നിയമിക്കുന്നതിനായി അഡ്വൈസ് നൽകിയതെന്തെന്ന് വിശദമാക്കുമോ;

(ഡി) കോടതി ഉത്തരവും മറ്റ് കേസുകളും നിലനിൽക്കെ അതേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി അഡ്വൈസ് നൽകുന്നത് കോടതി വിധിയുടെ ലംഘനമാണോയെന്ന് വ്യക്തമാക്കുമോ; ഇത്തരം അനാവശ്യ ധൃതികൾ ഉദ്യോഗാർത്ഥികളുടെ ഇടയിൽ തെറ്റായ സന്ദേശങ്ങൾ നൽകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കോടതി ഉത്തരവിനെത്തുടർന്ന് ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾക്കൊള്ളിക്കുമ്പോൾ ഇപ്പോൾ നിയമന ഉത്തരവിനായി അഡ്വൈസ് നൽകിയിട്ടുള്ള പതിമൂന്ന് പേർക്ക് മുകളിലായാണ് അവരുടെ റാങ്ക് ക്രമങ്ങളെങ്കിൽ പി.എസ്.സി.-യുടെ ഇപ്പോഴത്തെ നടപടിയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്. 41 ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കൂട്ടിച്ചേർക്കൽ വിജ്ഞാപനം 13-11-2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഇ) പ്രസ്തുത തസ്തികയ്ക്ക് നിലവിലുള്ള 54 ഒഴിവുകളിൽ 41 ഒഴിവുകൾ കോടതി വ്യവഹാരങ്ങളിൽപ്പെട്ടവയാണ്. ഇതുനിമിത്തം ഫലം തടഞ്ഞുവയ്ക്കപ്പെട്ടവർക്കായി മാറ്റിവച്ച്, ബാക്കി 13 ഒഴിവുകളിലേയ്ക്ക് 20-9-2019-ന് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നത്. ഇപ്രകാരം നിലവിൽ അവശേഷിക്കുന്ന 41 ഒഴിവുകളിൽ, 14 ഒഴിവുകൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമന ശിപാർശ നൽകുന്നതാണ്. 14 പേരുടെ വ്യവഹാരങ്ങൾ തീർപ്പായതിൽ 8 പേരെ ഉൾപ്പെടുത്തി 13-11-2019-ൽ Addendum Notification നിലവിൽ വന്നിട്ടുണ്ട്. ടി 8 പേരുടെയും റാങ്ക്നില നിലവിൽ നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ താഴെയാണ്.

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

52 (5443) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിലുള്ള റാങ്ക്‌ലിസ്റ്റിൽ ചോദ്യക്കടലാസ് ചോർന്നതിനെ തുടർന്ന് എസ്.എഫ്.ഐ. നേതാക്കളും കത്തിക്കുത്ത് കേസിലെ പ്രതികളും ഉന്നത റാങ്ക് നേടിയത് സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കൂടുതൽ പേർ ചോദ്യക്കടലാസ് ചോർത്തി പരീക്ഷ എഴുതിയതായി കണ്ടെത്തിയാൽ നിലവിലെ റാങ്ക്‌ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യത്തിൽ പി.എസ്.സി. എന്ത് നിലപാട് സ്വീകരിക്കും; വ്യക്തമാക്കാമോ?

ഉത്തരം

പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പരീക്ഷയുടെ ക്രമക്കേട് സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ കൂട്ട കോപ്പിയടിയോ ചോദ്യപേപ്പർ ചോർച്ചയോ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ 3 ഉദ്യോഗാർത്ഥികളൊഴികെ കെ.എ.പി. നാല് ബറ്റാലിയനിലേയ്ക്കും മറ്റ് 6 ബറ്റാലിയനിലേയ്ക്കും നിയമനശിപാർശ നൽകാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഷോർട്ട് ലിസ്റ്റ്

53 (5445) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ലാബ് ടെക്‌നീഷ്യൻ ഒഴിവിലേയ്ക്ക് പി.എസ്.സി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ പുതുതായി സൃഷ്ടിച്ച ലാബ് ടെക്‌നിഷ്യൻ തസ്തികകളും റിട്ടയർമെന്റ്, പ്രൊമോഷൻ എന്നിവമൂലം സൃഷ്ടിക്കപ്പെട്ട ഒഴിവുകളും നികത്തുന്നതിന് പര്യാപ്തമാകുന്ന വിധം ഷോർട്ട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) നിലവിലെ വ്യവസ്ഥയനുസരിച്ച് മുൻ റാങ്ക് പട്ടികയിലെ നിയമന ശിപാർശയുടെയും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെയും അടിസ്ഥാനത്തിലാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം പി.എസ്.സി. നിശ്ചയിക്കുന്നത്.

## ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് നിയമനം

54 (5446) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷനിലേയ്ക്കുള്ള എൽ.ഡി. ക്ലാർക്ക് (കാറ്റഗറി 561/2014) റാങ്ക് ലിസ്റ്റ് 3-6-2019-ൽ നിലവിൽ വന്നിട്ടും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 316 ഒഴിവുകൾക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2014-ൽ വിജ്ഞാപനം ചെയ്ത ഈ തസ്തികയുടെ നിയമന നടപടികൾ അഞ്ചര വർഷങ്ങൾക്ക് ശേഷവും പി.എസ്.സി.യ്ക്ക് പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിക്കുമോ; അടിയന്തരമായി നിയമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) റിപ്പോർട്ട് ചെയ്ത 314 ഒഴിവുകളിൽ 313 ഒഴിവുകളിലേയ്ക്കുള്ള റൊട്ടേഷൻ 3-10-2019-ന് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ ഉടൻ നൽകുന്നതാണ്. ഒരു ഒഴിവ് ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി നികത്തുന്നതാണ്.

## പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. നിയമനം

55 (5447) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എത്ര എൽ.പി.എസ്.എ., യു.പി.എസ്.എ. അധ്യാപകരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത നിയമനങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിലേയ്ക്ക് 571 ഉദ്യോഗാർത്ഥികൾക്കും യു.പി.എസ്.എ. തസ്തികയിലേയ്ക്ക് 386 ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വർഷം തിരിച്ചുള്ള ശിപാർശകളുടെ എണ്ണം താഴെ പറയുന്നു :

| വർഷം | എൽ.പി.എസ്.എ. | യു.പി.എസ്.എ. |
|---|---|---|
| 2016 | 161 | 133 |
| 2017 | 2 | 16 |
| 2018 | 1 | Nil |
| 2019 | 407 | 237 |

**മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് ഇൻസ്പെക്ടർ പരീക്ഷ**

56 (5448) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി കാറ്റഗറി നമ്പർ 571/2014, 137/2015 എന്നിവ പ്രകാരം പ്രസിദ്ധീകരിച്ച മുൻസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II പരീക്ഷയുടെ വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മേൽ കാറ്റഗറി നമ്പർ പ്രകാരമുള്ള ഷോർട്ട് ലിസ്റ്റിൽ വിജ്ഞാപനത്തിൽ പറഞ്ഞിട്ടില്ലാത്ത യോഗ്യതകൾ ഉള്ളവർ ഉൾപ്പെട്ടിരുന്നോ: എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ഡി) ഈ കോടതിവിധികളുടെ അടിസ്ഥാനത്തിൽ പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്നും ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി. കാറ്റഗറി നമ്പർ 571/2014, 137/2015 എന്നിവ പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലെ യോഗ്യതകൾ ചുവടെ ചേർക്കുന്നു :

1. എസ്.എസ്.എൽ.സി.
2. സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ് (ബോംബെ/മദ്രാസ്)

അല്ലെങ്കിൽ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ബോംബെ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സാനിട്ടറി ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ്.

(ബി) ടി തസ്തികയുടെ യോഗ്യത സംബന്ധിച്ച് ധാരാളം പരാതികൾ പി.എസ്.സി.-ക്ക് ലഭിച്ചിട്ടുള്ളതിനാൽ ആയത് പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ടി തസ്തികയുടെ യോഗ്യത സംബന്ധിച്ച് ധാരാളം പരാതികൾ പി.എസ്.സി.-ക്ക് ലഭിച്ചിട്ടുള്ളതിനാൽ ആയതിന്മേലുള്ള സ്പഷ്ടീകരണം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. സ്പഷ്ടീകരണം ലഭിച്ചശേഷം റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബൈൻഡർ ഗ്രേഡ് 2 റാങ്ക് പട്ടിക

57 (5449) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജില്ലയിൽ ഒഴിവുള്ള ബൈൻഡർ ഗ്രേഡ്-2 റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ട് രണ്ടര വർഷം കഴിഞ്ഞിട്ടും പി.എസ്.സി. യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ജില്ലകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ ബൈൻഡർ ഗ്രേഡ് II തസ്തികയിൽ പ്രൊമോഷൻ വഴി വന്ന ഒഴിവിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം, പാലക്കാട്, കാസർഗോഡ്.

(ബി) കോട്ടയം ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി വന്ന ഒഴിവുകളൊന്നും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

## മലപ്പുറം ജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്

58 (5450) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 6-2-2018 ന് നിലവിൽ വന്ന 016/2014 എൽ.ഡി.വി. വിവിധം ഡ്രൈവർ ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയ നിയമനങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതിയ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) 2019 ഡിസംബർ വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സർക്കുലർ ജില്ലയിൽ എല്ലാ വകുപ്പുകളും പാലിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവിധ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശം നൽകുമോ;

(ഇ) സർക്കാർ വാഹനങ്ങളുള്ള ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാനും നിയമനങ്ങൾ നടത്തുവാനും സത്വര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) 56 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും 55 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി)

| Sl. No. | Date of Receipt of Vacancies | Department | No. of Vacancies |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 1-8-2015 | Panchayat | 10 Fresh |
| 2 | 28-9-2015 | Panchayat | 2 NJD |
| 3 | 21-11-2015 | Civil Supplies | 4 Fresh |
| 4 | 2-12-2015 | Land Revenue | 1 Fresh |
| 5 | 14-12-2015 | Dairy Development | 1 NJD |
| 6 | 13-1-2016 | Rural Development | 1 NJD |
| 7 | 5-2-2016 | Co-operation | 1 Fresh |
| 8 | 31-3-2016 | Panchayat | 1 Fresh |
| 9 | 12-5-2016 | State Planning Board | 1 Fresh (H.Q) |
| 10 | 10-8-2016 | State Goods & Services Taxes | 1 Fresh |
| 11 | 31-12-2016 | Homoeopathy | 1 Fresh |
| 12 | 14-3-2017 | Animal Husbandry | 1 Fresh |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | 12-6-2017 | Land Revenue | 1 Fresh |
| 14 | 17-7-2017 | General Education | 1 Fresh(H.Q) |
| 15 | 17-8-2017 | Land Revenue | 1 Fresh |
| 16 | 12-10-2017 | Civil Supplies | 1 Fresh |
| 17 | 15-11-2017 | Chemical Examiners Lab. | 1 Fresh(H.Q) |
| 18 | 6-3-2018 | Fisheries | 1 Fresh |
| 19 | 28-3-2018 | LSGD (Engg.) | 1 Fresh |
| 20 | 21-5-2018 | Panchayat | 5 NJD |
| 21 | 11-6-2018 | LSGD (Engg.) | 1 Fresh |
| 22 | 9-7-2018 | Homoeopathy | 1 NJD |
| 23 | 6-8-2018 | Agricultural Development & Farmers Welfare | 1 Fresh(H.Q) |
| 24 | 7-8-2018 | Panchayat | 1 NJD |
| 25 | 18-8-2018 | Survey & Land Records | 1 Fresh |
| 26 | 6-10-2018 | Panchayat | 1 Fresh |
| 27 | 10-10-2018 | Labour | 1 Fresh |
| 28 | 11-10-2018 | Agricultural Development & Farmers Welfare | 1 NJD(H.Q) |

| (1) | (2) | (3) | (4) |
|---|---|---|---|
| 29 | 17-10-2018 | Rural Development | 2 Fresh |
| 30 | 20-12-2018 | Irrigation & Administration | 1 Fresh |
| 31 | 25-1-20199 | Rural Development | 1 NJD |
| 32 | 11-3-2019 | Panchayat | 1 Fresh |
| 33 | 12-3-2019 | Rural Development | 1 NJD |
| 34 | 28-1-2019 | Indian Systems of Medicine | 1 Fresh (Anticipated vacancy matured on 1-6-2019) |
| 35 | 21-6-2019 | Rural Development | 1 Fresh |
| 36 | 21-8-2019 | Agricultural Development & Farmers Welfare | 1 Fresh |
| 37 | 22-8-2019 | State Planning Board | 1 Fresh(H.Q) |
| 38 | 26-10-2019 | Agricultural Development & Farmers Welfare | 1 Fresh(H.Q) |

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാനാവുകയുള്ളൂ എന്നതിനാൽ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി തേടുമ്പോൾ തന്നെ ഡ്രൈവർ തസ്തിക കൂടി സൃഷ്ടിക്കണമെന്ന വ്യവസ്ഥ നിലവിൽ റദ്ദ് ചെയ്തിട്ടുണ്ട്.

## ഫാർമസിസ്റ്റ് ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്

59 (5451) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 11/2015 പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പുതിയ ഒഴിവുകൾ എറണാകുളം ഡി.എം.ഒ.- യിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ വേഗത്തിൽ നിയമന ശിപാർശ നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി)

| ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | റാങ്ക് ലിസ്റ്റിന്റെ കാലാവധി | നിയമന ശിപാർശ യുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 14-2-2018 | 13-2-2021 | 52 |
| കൊല്ലം | 23-8-2017 | 22-8-2020 | 28 |
| ആലപ്പുഴ | 4-4-2017 | 3-4-2020 | 28 |
| പത്തനംതിട്ട | 24-11-2017 | 23-11-2020 | 23 |
| കോട്ടയം | 11-4-2018 | 10-4-2021 | 29 |
| ഇടുക്കി | 21-3-2018 | 20-3-2021 | 15 |
| എറണാകുളം | 4-6-2018 | 3-6-2021 | 55 |
| തൃശ്ശൂർ | 11-4-2018 | 10-4-2021 | 37 |
| പാലക്കാട് | 24-4-2018 | 23-4-2021 | 48 |
| മലപ്പുറം | 6-2-2018 | 5-2-2021 | 49 |

| (1) | (2) | (3) | (4) |
|---|---|---|---|
| കോഴിക്കോട് | 12-12-2017 | 11-12-2020 | 31 |
| വയനാട് | 5-6-2017 | 4-6-2020 | 13 |
| കണ്ണൂർ | 2-5-2018 | 1-5-2021 | 34 |
| കാസർഗോഡ് | 13-9-2017 | 12-9-2020 | 17 |

(സി & ഡി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**സർക്കാർ സർവ്വീസിലെ അംഗപരിമിതരായവരുടെ പെൻഷൻ പ്രായം**

60 (5452) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ നിലവിലുള്ള അംഗപരിമിതരായ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ബി) അംഗപരിമിതരായ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് നിലവിൽ സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ജീവനക്കാരുടെ പെൻഷൻ പ്രായം പൊതുവെ 56 വയസ്സായി നിലനിർത്തുക എന്നതാണ് സർക്കാരിന്റെ നയം.

(സി) ഇല്ല.

## പാർട്ട് ടൈം തസ്തികയിൽനിന്ന് ഉദ്യോഗക്കയറ്റത്തിന് മുൻഗണനാ പട്ടിക

61 (5453) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ടൈം തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് ജില്ലാ കളക്ടമാർ തയ്യാറാക്കുന്ന മുൻഗണന പട്ടിക തിരുവനന്തപുരം ജില്ലയിൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് കാലയളവുവരെ സേവനത്തിൽ പ്രവേശിച്ചവരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മുൻഗണന പട്ടിക തിരുവനന്തപുരം ജില്ലയിൽ നിലവിലില്ലെങ്കിൽ അടിയന്തരമായി ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 31-12-2016 വരെ സേവനത്തിൽ പ്രവേശിച്ചവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട എല്ലാ ജീവനക്കാർക്കും ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ട്. 1-1-2017 മുതൽ 31-12-2017 വരെയുള്ള കാലയളവിൽ സേവനത്തിൽ പ്രവേശിച്ചവരെ ഉൾപ്പെടുത്തിയുള്ള മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

62 (5454) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിലവിലുണ്ടോ; ഇതുസംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പല വകുപ്പുകളിലും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ വെട്ടിച്ചുരുക്കാൻ പോകുന്ന എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാർത്തകൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

## കെ-ഫോൺ പദ്ധതിയുടെ ടെണ്ടർ നടപടികൾ

63 (5455) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കമ്പനികളെ തെരഞ്ഞെടുക്കാൻ വിവരസാങ്കേതിക വകുപ്പ് നടത്തിയ ടെണ്ടർ നടപടികളിൽ പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവുകൾ പാലിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാരിന്റെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് 2017-ൽ ധനവകുപ്പ് പുറത്തിറക്കിയ ഉത്തരവുകൾ വിവരസാങ്കേതിക വകുപ്പിന് ബാധകമല്ലേയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എസ്റ്റിമേറ്റ് തുകയുടെ അറുപത് ശതമാനം കൂടുതൽ നിരക്കിൽ ഒരു കൺസോർഷ്യത്തിന് നൽകിയത് പ്രസ്തുത ഉത്തരവുകൾ പാലിച്ചിട്ടാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഉത്തരവുകൾ പാലിച്ച് ഇ-ടെണ്ടർ പോർട്ടൽ വഴി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാണ് സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തത്.

(ബി) ധനകാര്യ വകുപ്പ് പുറത്തിറക്കിയ ഉത്തരവുകളിലെ പൊതുവായ കാര്യങ്ങൾ ഐ.ടി. വകുപ്പിനും ബാധകമാണ്.

(സി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത സർക്കാരിന്റെ നവരത്ന കമ്പനിയായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനാണ് കരാർ നൽകിയിരിക്കുന്നത്. സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി നിഷ്കർച്ചിട്ടുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിക്ക് പ്രാഥമിക ഭരണാനുമതി നൽകിയപ്പോൾ പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ, 7 വർഷത്തേയ്ക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേയ്ക്ക് മാത്രമായി കണക്കാക്കുകയും അങ്ങനെ ഭരണാനുമതി

തുക 1028.20 കോടി രൂപയായി (നികുതികൾ പുറമെ) നിജപ്പെടുകയുണ്ടായി. എന്നാൽ 7 വർഷത്തെ പ്രവർത്തന പരിപാലന ചെലവുകൾ കണക്കാക്കിയാൽ, എസ്റ്റിമേറ്റ് തുക 1654.60 കോടി രൂപയാകുമായിരുന്നു. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനും 7 വർഷത്തെ പ്രവർത്തന പരിപാലന ചെലവുകൾ ഉൾപ്പെടെ ആകെ 9 വർഷത്തേയ്ക്ക് 1531.68 കോടി രൂപയുള്ള (നികുതികൾ പുറമെ) കരാറാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയത്. ഇത് മേൽ പരാമർശിച്ച പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയുടെ പരിധിയിൽ വരുന്നതാണ്. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റി (ഡി.പി.സി.)-യുടെ അനുമതിയോടുകൂടിയാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി അംഗീകരിച്ചിട്ടുള്ളത്. കൂടാതെ ആദ്യ ഭരണാനുമതി തുകയും, ടെണ്ടർ തുകയും തമ്മിലുണ്ടായ വ്യത്യാസം പരിഗണിച്ച് മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടുകൂടിയാണ് കെ-ഫോൺ പദ്ധതിക്ക് 1548.08 കോടി രൂപയ്ക്ക് (നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്.

**പുതിയ ജനസേവന കേന്ദ്രങ്ങൾ**

64 (5457) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ജനസേവന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതുതായി ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജനസേവന കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ വകുപ്പുകളിലേയ്ക്കുള്ള പേയ്മെന്റുകളുടെയും യൂട്ടിലിറ്റി ബില്ലുകളും കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്കുള്ള ഫീസുകളും അടയ്ക്കുന്നതിന് ഒരു കുടക്കീഴിൽ സംവിധാനമൊരുക്കിക്കൊണ്ട് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സർക്കാർ അനുമതിയോടും സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണ ചട്ടക്കൂടിനുള്ളിലും പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ചതുൾപ്പെടെ 2700 ൽപ്പരം അക്ഷയകേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(ബി&സി) ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നിലവിൽ എല്ലാ ജില്ലകളിലും ഉള്ളതിനാൽ കൂടുതലായി ആരംഭിക്കേണ്ട സാഹചര്യമില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യകത കണക്കാക്കി സംസ്ഥാനമൊട്ടാകെ അനുവദിച്ചു വരുന്നുണ്ട്. അക്ഷയകേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുനഃപരിശോധിക്കുകയും ഒരു ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി പരിധിയിൽ അനുവദിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഇപ്പോൾ ഒഴിവാക്കുകയും 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 2 കി.മീ. യിൽ നിന്ന് 1.5 കി.മീറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള പുതിയ മാനദണ്ഡ പ്രകാരം ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

## സ്റ്റാർട്ട്അപ്പ് മിഷനുകളിൽ വനിതാ സംരംഭകർ

65 (T 5458) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റാർട്ട്അപ്പ് മിഷനുകളിൽ സ്ത്രീ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്റ്റാർട്ട്അപ്പുകളിൽ നിലവിൽ എത്ര ശതമാനം വനിതാ സംരംഭകരാണുള്ളതെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംരംഭകർക്ക് എന്തൊക്കെ അധിക സഹായമാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും നൽകുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വനിത സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 20-5-2019-ലെ സ.ഉ.(സാധാ) നമ്പർ 98/2019/വി.സ.വ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്റ്റാർട്ടപ്പുകളിൽ വനിതകളുടെ പ്രാതിനിധ്യം നിലവിൽ 14% ആണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) വനിത സംരംഭകത്വ പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് അനുവദനീയമായ അധിക സഹായങ്ങൾ താഴെപ്പറയുന്നവയാണ്.

1. ആദ്യകാല വനിത സംരംഭങ്ങൾക്ക് 3 മാസം സൗജന്യ പ്രീ ഇങ്കുബേഷൻ.
2. 10 സ്റ്റാർട്ടപ്പുകൾ വീതമുള്ള 2 ബാച്ചുകൾക്ക് മേൽപ്പറഞ്ഞ സഹായം.
3. ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷന് ചെലവാകുന്ന തുക 100% നൽകും.
4. ദേശീയ അന്തർദേശീയ ബിസിനസ് മീറ്റുകളിൽ സ്റ്റാർട്ടപ്പ് കാലയളവിൽ 4 തവണ എന്ന വ്യവസ്ഥയിൽ ഒരു സംരംഭകയ്ക്ക് യാത്രാചെലവ്.
5. വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒരു സ്റ്റാർട്ടപ്പിന് വർഷത്തിൽ പരമാവധി 5 ലക്ഷം രൂപ എന്ന നിരക്കിൽ 2 വർഷ കാലയളവിലേയ്ക്കുള്ള സഹായം.
6. കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്ന സീഡ് ഫണ്ടിന് വനിതകൾക്ക് രണ്ട് വർഷം മൊറട്ടോറിയം.
7. പർച്ചേസ് ഓർഡറുകൾക്ക് ഫാസ്റ്റ് ട്രാക്ക് വായ്പ സൗകര്യം.
8. സർക്കാർ പദ്ധതികൾ ലഭ്യമാകുന്ന പക്ഷം ഫാസ്റ്റ് ട്രാക്ക് വായ്പ സൗകര്യം.
9. സാങ്കേതിക കൈമാറ്റത്തിന് 10 ലക്ഷം എന്ന പരിധിയിൽ സഹായം.
10. അന്തർദേശീയ വിനിമയ പരിപാടിയിൽ വനിതകൾക്ക് 10% സംവരണം.

## ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പ്രളയ ബാധിതരായവർക്ക് അർഹമായ ധനസഹായം

66 (5460) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ദുരന്ത ബാധിതരായ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അപേക്ഷകർക്ക് അർഹമായ ധനസഹായം ഇനിയും ലഭ്യമാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്പീൽ അപേക്ഷകൾ പൂർണ്ണമായും പരിശോധിക്കുന്നതിനും അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിൽ ഇതുവരെ എത്ര പേർക്കാണ് പ്രളയ ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളത് എന്നും അനുവദിച്ച ആകെ തുക എത്രയാണ് എന്നും അറിയിക്കാമോ;

(ഡി) 2019-ലെ കാലവർഷക്കെടുതിയിൽ ഉൾപ്പെട്ട അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഇ) പ്രളയബാധിതരായ വ്യാപാരികൾക്ക് പലിശരഹിത വായ്പ അടക്കം എന്തെങ്കിലും വിധത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ ദുരന്തബാധിതരായ ചാലക്കുടി മണ്ഡലത്തിൽ പെട്ടവരുടെ അപേക്ഷകളിൽ അന്വേഷണ നടപടികൾ പൂർത്തീകരിച്ച് അർഹതയുള്ളതായി നിലവിൽ കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായ വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ടവരുടെ അപ്പീൽ അപേക്ഷകളിൽ പരിശോധന നടത്തി അർഹതയുള്ളതായി നിലവിൽ കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായ വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിലെ 14076 പേർക്ക് നാളിതുവരെ പ്രളയദുരിതാശ്വസമായി 103,24,22,100 രൂപ അനുവദിച്ചിട്ടുള്ളതാണ്.

(ഡി) 2019-ലെ കാലവർഷക്കെടുതിയിൽ ഉൾപ്പെട്ട അപേക്ഷകർക്ക് ധനസഹായ വിതരണം തുടർന്നുവരുന്നു.

(ഇ) ഉജ്ജീവന വായ്പ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ 36 കർഷകർ/സംരംഭകർ/ചെറുകിട വ്യാപാര സ്ഥാപനങ്ങൾ എന്നിവർക്ക് ബാങ്കുകളിൽനിന്നും എടുത്ത മൂലധന വായ്പയുടെ മാർജിൻ മണി/താങ്ങുപലിശ, വായ്പവിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 38,82,500 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

## പ്രളയാനന്തര പുനർ നിർമ്മാണത്തിന് ലഭിച്ച കേന്ദ്രസഹായം

67 (5461) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ എന്തൊക്കെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ആയതിൽ കേന്ദ്രസർക്കാർ എന്തെങ്കിലും കാര്യങ്ങൾ പരിഗണിക്കാൻ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനോ പ്രളയാനന്തര പുനർനിർമ്മാണത്തിനോ കേന്ദ്ര സഹായം അനുവദിച്ചിട്ടില്ല. അതേസമയം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 52.275 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

(ബി & സി) 2019-ലെ പ്രളയത്തെത്തുടർന്ന്, ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്കേ പരിഗണിക്കാൻ സാധ്യതയുള്ള സഹായം സംബന്ധിച്ച് വ്യക്തതയുണ്ടാകുകയുള്ളൂ.

## പ്രളയാനന്തര നാശനഷ്ടങ്ങളുടെ വിലയിരുത്തൽ

68 (5462) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തിനുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയക്കെടുതികളെത്തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭ്യമായിട്ടുണ്ടോ;

(സി) ഇനിയൊരു പ്രളയമുണ്ടായാൽ ഇതുവരെ ഉണ്ടായ അളവിൽ ഭൗതീക, സാമ്പത്തിക, മനുഷ്യവിഭവ, പാരിസ്ഥിതിക നഷ്ടം ഉണ്ടാകുന്നില്ല എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് നടക്കുന്ന നിർമ്മാണങ്ങൾ പരിസ്ഥിതിക്ക് വലിയ ആഘാതം ഏല്പിക്കുന്നില്ല എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഇ) നദികളുടെ ഇരുകരയിലുമുള്ള സ്വാഭാവിക ഫ്ലഡ്ലൈൻ മേഖലയിൽ നടത്തിയ കയ്യേറ്റങ്ങളും നിർമ്മാണങ്ങളും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ പൂർവ്വ ആവാസ വ്യവസ്ഥയിലേക്ക് മടക്കിക്കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2019-ൽ കേരളത്തിലുണ്ടായ പ്രളയ നാശനഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായമാവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം 2101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് ലഭിച്ചിട്ടുണ്ട്.

(സി & ഡി) പ്രളയദുരന്തത്തിന്റെ പാഠങ്ങൾ കൂടി ഉൾക്കൊണ്ട്കൊണ്ട് ദുരന്ത സമയങ്ങളിൽ വിവരസംവേദനത്തിന് തടസ്സം നേരിടാതിരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (സാറ്റലൈറ്റ് ഫോൺ) നൽകി. പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ നടപ്പാക്കുവാൻ നടപടി ആരംഭിച്ചു. United Nations Development Programme, United Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ

അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി.

രണ്ട് ദിവസം അടുപ്പിച്ച് മഴ പെയ്താൽ അത്തരം വില്ലേജുകളിലുള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയമുണ്ടാകുന്നതുവരെ നിർത്തിവയ്ക്കുവാൻ ഉത്തരവ് നൽകുവാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാമെന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യമാണോ അല്ലയോ എന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. കണ്ണൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശോധന നടത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ശിപാർശകൾ നൽകി. ഇപ്രകാരം പരിശോധനയിൽ കണ്ടെത്തിയ വാസയോഗ്യമല്ലാത്ത വീടുകളിൽ നിന്ന് മാറി താമസിക്കുന്നതിനായി ഓരോ വീടിനും 10 ലക്ഷം രൂപ നിരക്കിൽ നൽകിവരുന്നു.

(ഇ) കയ്യേറ്റമുള്ളതായി ലഭിക്കുന്ന പരാതികളിൽ പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ച് സർവ്വേ ചെയ്ത് കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും കേരള ഭൂസംരക്ഷണ നിയമപ്രകാരം പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(എഫ്) പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള പുനർനിർമ്മാണം എന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാനുള്ള ശേഷിയോടെ ആസ്തികൾ പുനർനിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ നിയമിച്ച കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര

വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 123 വില്ലേജുകളിലെ പരിസ്ഥിതി ലോലപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെയുള്ളതാണ് കരട് വിജ്ഞാപനം. പരിസ്ഥിതി ദുർബല പ്രദേശങ്ങളെ പൂർവ്വ ആവാസ വ്യവസ്ഥയിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കുന്നതും പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പുനരുജ്ജീവനമായി ബന്ധപ്പെട്ടുള്ള മറ്റ് വകുപ്പുകളുടെയും (വനം വകുപ്പ്, ജൈവവൈവിധ്യ ബോർഡ്) സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിശോധിക്കുന്നതാണ്.

## മരണാനന്തര ധനസഹായം ലഭ്യമാക്കുന്നതിന് നടപടി

69 (5464) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ചെറുവട്ടൂർ സ്വദേശി ആയ നൗഷാദ് ഗൾഫിൽ മരണമടഞ്ഞതിനെത്തുടർന്ന് നൗഷാദിന്റെ ഭാര്യ സബീന മരണാനന്തര സഹായത്തിനുവേണ്ടി നൽകിയ അപേക്ഷയിന്മേൽ മൂന്ന് വർഷം കഴിഞ്ഞിട്ടും തീരുമാനമെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണാനന്തര ആനുകൂല്യത്തിനായി ശ്രീമതി സബീന പുതിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് എൻ.ആർ.എഫ്/3825 എന്ന നമ്പരിലുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) ശ്രീമതി സബീനയ്ക്ക് മേൽപ്പറഞ്ഞ മരണാനന്തര സഹായം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഡി) ശ്രീമതി സബീന (കവലയ്ക്കൽ ചെറുവട്ടൂർ, എറണാകുളം) 3 വർഷങ്ങൾക്ക് മുമ്പ് നോർക്ക റൂട്ട്സ് വഴി സമർപ്പിച്ചുവെന്ന് പറയുന്ന അപേക്ഷ സർക്കാരിൽ ലഭ്യമായതായി കണ്ടില്ല. തുടർന്ന് ടിയാൾ സർക്കാരിൽ പരാതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സബീനയുടെ അപേക്ഷ സ്വീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കാൻ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പുതിയ അപേക്ഷ സർക്കാരിൽ ലഭിക്കുകയും ടിയാൾക്ക് ഒരു ലക്ഷം രൂപ മരണാനന്തര ധനസഹായമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ സി.എം.ഡി.ആർ.എഫ്.മുഖേന അനുവദിച്ച ധനസഹായം

70 (5465) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സി.എം. ഡി.ആർ.എഫ്.-ൽ നിന്നും പാലക്കാട് ജില്ലയിലെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി സി.എം.ഡി.ആർ.എഫ്.-ൽ നിന്നും പാലക്കാട് ജില്ലയിൽ ചികിത്സ ധനസഹായമായി 16084 പേർക്ക് 25,94,56,984 രൂപ (ഇരുപത്തിയഞ്ച് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി അൻപത്തിയാറ് ആയിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ നുച്ചിയാട് പുഴയിൽ പാലം പുനർനിർമ്മാണം

71 (5466) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.പി.-മാരുടെ ഫണ്ടിൽ നിന്നും എ. കെ. ആന്റണി, എം.പി. നിർദ്ദേശിച്ച ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നുച്ചിയാട് പുഴയിലെ പാലത്തിന് കഴിഞ്ഞ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലത്തിന്റെ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിലയിരുത്തിയെങ്കിൽ എത്ര ലക്ഷം രൂപയാണ് പാലം പുനർ നിർമ്മിക്കാൻ ചെലവഴിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേക്കാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ തുകയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പ്രാഥമിക നിഗമനത്തിൽ ഏകദേശം ഒരു കോടി രൂപയോളം ആവശ്യമായി വരുമെന്നാണ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം കണക്കാക്കിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി നൽകിയ അപേക്ഷ

72 (5467) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി രമ W/o രഘു, പാലയിൽ, കോമല്ലൂർ, ചുനക്കര പി.ഒ, മാവേലിക്കര, ആലപ്പുഴ നൽകിയ അപേക്ഷയിന്മേൽ ഒരു വർഷത്തിലേറെയായിട്ടും നടപടി സ്വീകരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ &ബി) നിലവിലുള്ള ഓൺലൈൻ അപേക്ഷകൾ പരിശോധിച്ചതിൽ ശ്രീമതി കെ. രമ, W/o രഘു, പാലയിൽ, കോമല്ലൂർ, ചുനക്കര പി.ഒ., മാവേലിക്കര, ആലപ്പുഴ എന്ന വ്യക്തിയുടെ അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല.

## ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള മാനദണ്ഡം

73 (5468) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മാരകരോഗങ്ങൾക്കും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്. രണ്ട് ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷയോടൊപ്പം ആധാർ കാർഡ്/റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെയും 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

## പേവിഷബാധയേറ്റ് മരണപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

74 (5469) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷബാധയേറ്റ് മരണപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(ബി) പേവിഷബാധയേറ്റ് മരണപ്പെടുന്നവർക്ക് അപകട മരണമായി കണക്കാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകാൻ കഴിയുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പേവിഷബാധയേറ്റ് ചികിത്സ തേടിയവർക്ക്/ മരണപ്പെടുന്നവർക്ക് മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാറുണ്ട്.

## അഫീൽ ജോൺസന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം

75 (5471) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലായിൽവെച്ച് നടന്ന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ വീണ് മരിച്ചുപോയ വിദ്യാർത്ഥി അഫീൽ ജോൺസൺന്റെ മാതാപിതാക്കൾക്ക് ക്യാബിനറ്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരതുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കുറ്റക്കാർക്കെതിരെ പോലീസ് ഏതൊക്കെ വകുപ്പുപ്രകാരം കേസ് എടുത്തു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അഫീൽ ജോൺസന്റെ പിതാവായ ജോൺസൺ ജോർജിന്റെ പേരിൽ ഫെഡറൽ ബാങ്ക് മൂന്നിലവ് ബ്രാഞ്ചിലെ അക്കൗണ്ടിലേയ്ക്ക് 6-11-2019-ൽ മീനച്ചിൽ സബ് ട്രഷറിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) സംഭവത്തിൽ പാലാ പോലീസ് സ്റ്റേഷനിൽ 4-10-2019 തീയതിയിൽ ക്രൈം നമ്പർ 2793/19 U/S 338 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടി മരണപ്പെട്ടതിനെ തുടർന്ന് 338 ഐ.പി.സി. ഒഴിവാക്കി 304 (A) വകുപ്പ് ചേർത്ത് അന്വേഷണം നടത്തി വരുന്നു. കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ഹാമർ ത്രോയിംഗ് റഫറി മുഹമ്മദ് കാസിം ജാവലിൻ റഫറി ജോസഫ് കെ. ഹാമർ ജഡ്ജ് മാർട്ടിൻ ടി.ഐ. ജാവലിൻ ജഡ്ജ് നാരായണൻ കുട്ടി എന്നിവരെ പ്രതി ചേർത്തിട്ടുണ്ട്. രണ്ടാം പ്രതി ജോസഫ് കെ. ഒഴികെയുള്ളവരെ 4-11-2019-ൽ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയയ്ക്കുകയുണ്ടായി.

**കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

76 (5472) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) അന്താരാഷ്ട്ര യാത്രക്കാർക്കായി 15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അത്യാധുനിക സൗകര്യങ്ങളുൾക്കൊള്ളിച്ച പുതിയ അന്താരാഷ്ട്ര ടെർമിനൽ, അനുബന്ധ പദ്ധതികളായ റോഡുകൾ, പാലങ്ങൾ, ഏപ്രൺ മുതലായവ പൂർത്തിയാക്കി ഏപ്രിൽ 2017-ൽ രാഷ്ട്രത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള പരമ്പരാഗത വാസ്തുശില്പ ശൈലിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ച ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആഭ്യന്തര ടെർമിനൽ ഡിസംബർ 2018-ന് രാഷ്ട്രത്തിന് സമർപ്പിച്ചു. മണിക്കൂറിൽ 4000 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ളതാണ് പ്രസ്തുത ടെർമിനൽ. വിമാന ത്താവളത്തിലേയ്ക്കുള്ള വഴിയിൽ ഒരു സുരക്ഷാ കവാടം നിർമ്മിക്കുകയുണ്ടായി.

പുതിയ അന്താരാഷ്ട്ര കാർഗോ കോംപ്ലക്സ്, പുതിയ ഇറക്കുമതി ടെർമിനലും ബന്ധപ്പെട്ട അത്യാധുനിക അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, റൺവേയുടെയും ടാക്സിവേകളുടെയും റീകാർപെറ്റിംഗ് സംവിധാനം, പുതിയ നക്ഷത്ര ഹോട്ടലിന്റെ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണ ജോലികൾ, മൂന്ന് പാലങ്ങളുടെ നിർമ്മാണം, ചെങ്ങൽ തോടിന്റെ ഗതിമാറ്റി നിർമ്മിക്കപ്പെട്ടിട്ടുള്ള കനാലിന്റെ വീതിയും ആഴവും കൂട്ടുന്നതിനുള്ള നടപടികൾ, പെരിയാറിൽ നിന്നും ചെങ്ങൽ തോടിലേയ്ക്കുള്ള വെള്ളത്തിന്റെ ഒഴുക്കിനെ നിയന്ത്രിക്കുവാനായി ഒരു റെഗുലേറ്റർ കം ബ്രിഡ്ജ്, പുതിയ ത്വരിത നിർഗ്ഗമന വഴി (Rapid Exit) ടാക്സിവേയും ലംബസമാനമായ ബന്ധം (Vertical Link) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വിമാനക്കമ്പനികളുടെ ചൂഷണം**

77 (5473) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിമാനക്കമ്പനികൾ ചില പ്രത്യേക സീസണുകളിൽ ഉൾപ്പെടെ യാത്രാ നിരക്ക് കുത്തനെ കൂട്ടുന്നതു കാരണം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമാനക്കമ്പനികളുടെ പ്രീമിയം നിരക്കുകൾമൂലമുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നും സർവ്വീസ് നടത്തുന്ന വിമാന കമ്പനികൾ പ്രത്യേക സീസണുകളിൽ വിമാനടിക്കറ്റിൽ 300-500% വരെ വർദ്ധനവ് വരുത്താറുണ്ട്. ഇത്തരത്തിൽ അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വിമാനയാത്രക്കൂലിയിൽ വൻ വർദ്ധനവ് വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർവ്വീസുകളുടെ എണ്ണവും സീറ്റും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. അധിക വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്.

## വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി

78 (5474) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിക്കായുള്ള ബോട്ട്ജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജെട്ടികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ജലമെട്രോ പദ്ധതിക്കുവേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി വാട്ടർ മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽപ്പെട്ട 8 ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകിക്കഴിഞ്ഞു. വൈറ്റിലയിലും കാക്കനാടും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി.

(ബി) ഉണ്ട്.

(സി) 2020 നവംബർ മാസത്തിൽ ആദ്യ സർവ്വീസ് ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കൊച്ചി വാട്ടർ മെട്രോ പദ്ധതിക്കുവേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു.

## അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ

79 (5475) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പ്രധാന അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളുമായി എത്ര കേസ്സുകൾ കോടതികളിൽ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുല്ലപ്പെരിയാർ ഡാം ഉൾപ്പെടെ വിവിധ കേസ്സുകൾക്കായി എത്രതുക ചെലവാക്കിയെന്ന് അറിയിക്കാമോ ;

(സി) 2014 മേയ് 7-ലെ സുപ്രീംകോടതി വിധി പ്രകാരം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടുപണിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ കരാർ പദ്ധതി, ശിരുവാണി കുടിവെള്ള പദ്ധതി, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കാര്യം, കാവേരി നദീജല അവാർഡ്, നെയ്യാർ ജലസേചന പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരളം കക്ഷിയായുള്ള 8 (എട്ട്) കേസുകൾ നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. നെയ്യാറിൽനിന്നും ജലം നൽകുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ കേരളത്തിനെതിരായി 30-5-2012-ൽ ഫയൽ ചെയ്ത അസ്സൽ അന്യായം നമ്പർ 02/2012 (നെയ്യാർ ജല തർക്കം) 2012-13 ജല വർഷത്തിൽ തമിഴ്നാട് കരാർപ്രകാരം ജലം ലഭ്യമാക്കാത്തതിനെ തുടർന്ന് പി.എ.പി. യുമായി ബന്ധപ്പെട്ട് കേരള സർക്കാർ തമിഴ്നാടിനെതിരായി 16-4-2013-ൽ ഫയൽ ചെയ്ത അസ്സൽ അന്യായം നമ്പർ 02/2013 (പറമ്പിക്കുളം ആളിയാർ പദ്ധതി) 26-9-2014-ൽ തമിഴ്നാട് സർക്കാർ കേരളത്തിനെതിരായി ഫയൽ ചെയ്ത അസ്സൽ അന്യായം നമ്പർ 04/2014 (മുല്ലപ്പെരിയാർ മെഗാ പാർക്കിംഗ് കേസ്), കാവേരി നദീജല തർക്കത്തോടനുബന്ധിച്ച് കർണ്ണാടകയിലെ മേക്കേടത്ത് ജലസംഭരണിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ കർണ്ണാടകക്കെതിരെ 30-11-2018-ൽ കേരളത്തിനെയും കക്ഷി ചേർത്തുകൊണ്ട് ഫയൽ ചെയ്ത MA No. 3127/2018 in CA 2453/2017, മുല്ലപ്പെരിയാർ ഡാം കേസ് O.S. No. 3/2006-നോട് അനുബന്ധിച്ച് 1-3-2017-ൽ കേരള സർക്കാരിനെ കക്ഷി ചേർത്ത് തമിഴ്നാട് ഫയൽ ചെയ്ത Execution Petition No. 28/2017, മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് 15-1-2017 തീയതിയിലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ (ദക്ഷിണ മേഖല) വിധിക്കെതിരായി തമിഴ്നാട് ഫയൽ ചെയ്ത CA 19581-19582/2017, അതോടൊപ്പം 8-5-2019 തീയതിയിൽ ഫയൽ ചെയ്ത Contempt Petition No. 675-676/2019, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് അഡ്വ. റസ്സൽ ജോയ് ഫയൽ ചെയ്ത MA No. 2219/2018 in WP(C) No. 878/2017 എന്നിവയാണ് അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസുകൾ.

ഇതിനു പുറമെ മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരളം കക്ഷിയായുള്ള 5 കേസുകൾ നിലവിലുണ്ട്. ചെമ്പകവല്ലി ആനിക്കെട്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ശ്രീ. വി. രവിചന്ദ്രൻ സമർപ്പിച്ച WP(MD) No. 1260/2015, ശ്രീ. ഭാസ്കരൻ സമർപ്പിച്ച WP(MD) No. 2398/2015, ശ്രീ. മുത്തുവേലൻ സമർപ്പിച്ച WP(MD) No. 3601/2015 എന്നിവയും മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി തമിഴ്നാട് സർക്കാരിനോടൊപ്പം കേരളത്തെയും കക്ഷി ചേർത്തുകൊണ്ട് തമിഴ്നാട് പി.ഡബ്ല്യു.ഡി. സീനിയർ എഞ്ചിനീയേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് ഹർജി WP(MD) No. 14190/2011, നദീസംയോജനവുമായി ബന്ധപ്പെട്ട് ശ്രീ. പി. അയ്യാകണ്ണ് ഫയൽ ചെയ്ത റിട്ട് ഹർജി WP(MD) No. 18059/2018 എന്നിവയും മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിന്റെ പരിഗണനയിലുള്ള കേസുകളാണ്.

(ബി) ആകെ 3,49,77,915 (മൂന്ന് കോടി നാല്പത്തിയൊൻപത് ലക്ഷത്തി എഴുപത്തിയേഴായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ) ചെലവാക്കിയിട്ടുണ്ട്.

(സി) ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാനവും മന്ത്രാലയം 2018 നവംബർ 14-ന് മുല്ലപ്പെരിയാർ പുതിയ അണക്കെട്ടിന്റെ EIA പഠനത്തിനുള്ള Terms of Reference-ന് അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനാവശ്യമായ അടിസ്ഥാന വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഹൈദ്രാബാദിലെ പ്രഗതി ലാബ്സ് ആന്റ് കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. വിവരശേഖരണവുമായി ബന്ധപ്പെട്ട് ആവശ്യമായ സർവ്വേകൾ, പരിശോധനകൾ എന്നിവ പെരിയാർ സംരക്ഷിത വന മേഖലയ്ക്കുള്ളിൽ ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള നിബന്ധനകളോടെയുള്ള അനുമതി സംസ്ഥാന വനം വകുപ്പിൽ നിന്നും 20-4-2019-ന് ലഭിച്ചു. പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ നൽകിയിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയവും ബാങ്ക് ജാമ്യവും ജൂൺ 2020 വരെ നീട്ടിക്കിട്ടുന്നതിനും ആവശ്യമായ അനുബന്ധ ഉടമ്പടികളിൽ എത്രയും വേഗം ഏർപ്പെട്ട് അടിസ്ഥാന വിവരശേഖരണത്തിനായുള്ള ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

## പ്രവാസി കമ്മീഷൻ പ്രവർത്തനങ്ങൾ

80 (5476) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കമ്മീഷൻ രൂപീകരിച്ച ശേഷം നാളിതുവരെ എത്ര സിറ്റിംഗുകൾ നടത്തിയെന്നും അത് എവിടെയെല്ലാം ആയിരുന്നുവെന്നും അറിയിക്കാമോ;

(ബി) ഓരോ സിറ്റിംഗുകളിലും എത്ര പരാതികൾ ലഭിച്ചു; അവയിൽ എത്ര എണ്ണം തീർപ്പു കല്പിച്ചു; വിശദാംശം നൽകാമോ;

(സി) അർദ്ധ ജുഡീഷ്യറി അധികാരങ്ങളുള്ള പ്രവാസി കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വികേന്ദ്രീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കൂടുതൽ പ്രവാസി മലയാളികളുള്ള മലപ്പുറം ജില്ലയിൽ കമ്മീഷന്റെ ഒരു മേഖലാ കേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസി കമ്മീഷൻ രൂപീകരിച്ച ശേഷം നാളിതുവരെ 70 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 70 സിറ്റിംഗുകളിലായി ആകെ 678 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 364 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(സി&ഡി) നിലവിൽ കമ്മീഷൻ നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തുടനീളം സിറ്റിംഗുകൾ നടത്തി പരാതികൾ സ്വീകരിച്ച് നടപടി എടുക്കുന്നതിനാൽ, കമ്മീഷന്റെ പ്രവർത്തനം വികേന്ദ്രീകരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

## മൃതദേഹം നാട്ടിലെത്തിക്കുന്ന പദ്ധതി

81 (5477) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വെച്ച് മരണപ്പെടുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ പദ്ധതി നിലവിൽ വന്നതിന് ശേഷം എത്ര പേർ സഹായം ആവശ്യപ്പെട്ടു; എത്രപേർക്ക് സഹായം നൽകി, ഓരോരുത്തർക്കും മൃതദേഹം നാട്ടിലെത്തിക്കാൻ ചെലവായ തുക, അതിന് സർക്കാർ നൽകിയ സാമ്പത്തിക സഹായം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉദ്യോഗദാതാവ്, സ്പോൺസർമാർ, എംബസി തുടങ്ങിയവ വഴി നിലവിലെ സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ, ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനായാണ് നോർക്ക എമർജൻസി റീപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സാമ്പത്തിക സഹായം ലഭ്യമല്ല.

(സി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം 3 സഹായാഭ്യർത്ഥനകൾ ലഭിച്ചു. ഇതുപ്രകാരം 3 പേരുടെ ഭൗതിക ശരീരം നാട്ടിലെത്തിച്ചു. ഇതിനു ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | മിർസാ അഷ്റഫ് | - | 8,28,285 രൂപ |
| 2. | വേലായുധൻ | - | 31,585 രൂപ |
| 3. | സാജൻ ആർ.എൽ. | - | 2,54,294 രൂപ |

**പ്രവാസി മലയാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

82(5478) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ നോർക്ക റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സാന്ത്വന ധനസഹായ പദ്ധതി
2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
3. എമർജൻസി റിപ്രാട്രിയേഷൻ പദ്ധതി
4. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ (PDOP)
5. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
6. പ്രവാസി നിയമസഹായ പദ്ധതി (PLAC)
7. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി
8. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി. എഫ്.സി.)
10. നോർക്ക എമർജൻസി റിപാട്രിയേഷൻ സ്കീമിന്റെ ഉപപദ്ധതി യായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം.
11. നോർക്ക ഫെയർ
12. വനിത എൻ.ആർ.ഐ. സെൽ.
13. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ.
14. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പെൻഷൻ
2. കുടുംബ പെൻഷൻ
3. അവശതാ പെൻഷൻ
4. മരണാനന്തര ധനസഹായം
5. ചികിത്സാ ധനസഹായം
6. വിവാഹ ധനസഹായം
7. പ്രസവാനുകൂല്യം

8. വിദ്യാഭ്യാസാനുകൂല്യം

9. പ്രവാസി ഡിവിഡന്റ് പദ്ധതി

(ബി) പ്രവാസികൾക്ക് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ള 60 വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000 രൂപ മിനിമം പെൻഷൻ നൽകിവരുന്നു. അഞ്ച് വർഷത്തിൽ കൂടുതൽ കാലം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിനു തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന പരമാവധി പെൻഷൻ 4000 രൂപയാണ്. ഇതുകൂടാതെ അർഹരായ അംഗങ്ങൾക്ക് കുടുംബ പെൻഷനും അവശതാ പെൻഷനും അനുവദിച്ചു വരുന്നുണ്ട്.

**നോർക്ക മുഖാന്തരം ലഭ്യമാക്കുന്ന സേവനങ്ങൾ**

83 (5479) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സേവനങ്ങൾ ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്താക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സേവനങ്ങൾ ലഭ്യമാകാൻ വിദേശങ്ങളിലും നാട്ടിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നോർക്കയുടെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ എന്നും അവിടങ്ങളിലുള്ള സ്റ്റാഫുകളടക്കമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) നോർക്കയിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നോർക്കയുടെ കീഴിൽ 1. നോർക്ക റൂട്ട്സ് 2. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 3. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നൽകുന്ന സേവനങ്ങളും, ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖേനയും 14 ജില്ലാ ഓഫീസുകൾ മുഖേനയും വിദേശങ്ങളിലുള്ള മലയാളി സംഘടനകൾ മുഖേനയും ഓൺലൈൻ വഴിയും വിവിധ സേവനങ്ങൾ ലഭ്യമാകാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിനെ സംബന്ധിച്ച് അംഗത്വ രജിസ്ട്രേഷനായി ഓഫ് ലൈൻ/ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇന്ത്യയിൽ വിവിധ അംഗീകൃത ബാങ്കുകൾ, പ്രവാസി സഹകരണ സംഘങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ, വിദേശത്തുള്ള മണി എക്സ്ചേഞ്ച് തുടങ്ങിയവ വഴി പ്രവാസി ക്ഷേമനിധി അംഗത്വം എടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എല്ലാ മാസങ്ങളിലും എറണാകുളം ജില്ലയിൽ സിറ്റിംഗും, സംസ്ഥാനത്തുടനീളം നിശ്ചിത കാലയളവുകളിൽ ജില്ലാ അദാലത്തുകൾ നടത്തി പരാതികൾ സ്വീകരിച്ചുവരുന്നുണ്ട്. വിദേശി ഭാരതീയരായ കമ്മീഷന്റെ 2 അംഗങ്ങൾ മുഖേനയും പരാതികൾ പരിഹരിച്ചുവരുന്നു. കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതും എന്നാൽ ഭാരതത്തിന് പുറത്ത് ജോലി നോക്കുന്നതിനോ പഠനത്തിനോ തൊഴിലിനോ വ്യാപാരസംബന്ധമായ ആവശ്യത്തിനോ, മറ്റേതെങ്കിലും ആവശ്യത്തിനായി നിശ്ചിതമല്ലാത്ത കാലയളവിലേയ്ക്ക് ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഒരു വ്യക്തിക്കും അയാളുടെ കുടുംബാംഗങ്ങൾക്കും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ സേവനം ലഭിക്കുന്നതാണ്.

(ഡി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ റീജിയണൽ ഓഫീസുകൾ ഒഴികെയുള്ള 11 ജില്ലാ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നു. 11 ജില്ല കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ജില്ലാ സെല്ലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓരോ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടപ്പിൽ വരുത്തിയിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടത്തിപ്പിനായി തിരുവനന്തപുരത്ത് ഹെഡ് ഓഫീസും (25 ജീവനക്കാർ) എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓരോ റീജിയണൽ ഓഫീസും (9 ജീവനക്കാർ) മലപ്പുറത്ത് ഒരു ലെയ്സൺ ഓഫീസും (2 ജീവനക്കാർ) പ്രവർത്തിച്ചു വരുന്നു. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. എല്ലാ മാസങ്ങളിലും എറണാകുളം ജില്ലയിൽ സിറ്റിംഗും, സംസ്ഥാനത്തുടനീളം നിശ്ചിത കാലയളവുകളിൽ ജില്ലാ അദാലത്തുകളും നടത്താറുണ്ട്.

(ഇ) നോർക്ക റൂട്ട്സിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളുടെ കുറിച്ച് വിവിധ പത്ര മാധ്യമങ്ങളിലൂടെ വാർത്തയും, പരസ്യവും നൽകി അവബോധം ഉണ്ടാക്കുന്നു. കൂടാതെ പ്രവാസി സംഘടനകൾ സംഘടിപ്പിക്കുന്ന യോഗങ്ങളിൽ സേവനങ്ങളെ പറ്റി വിശദീകരിക്കാറുണ്ട്. ലഘുലേഖകൾ വിതരണം ചെയ്തും, സോഷ്യൽ മീഡിയ തുടങ്ങിയ നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിയും അവബോധം സൃഷ്ടിക്കുന്നുണ്ട്. വിദേശത്ത് പോകുവാൻ തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ ജില്ലകളിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ സേവനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഇന്ത്യയ്ക്കകത്തും പുറത്തും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കേരളത്തിനകത്തും പുറത്തും ഇത്തരത്തിലുള്ള പരിപാടികളും അദാലത്തുകളും ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ നിശ്ചിത കാലയളവുകളിൽ ജില്ലയിൽ ബോധവത്കരണ ക്ലാസുകളും സെമിനാറുകളും നടത്തിവരുന്നു.

## ഡിവിഡന്റ് പദ്ധതിയിൽ അംഗത്വം

84 (5480) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്ത കേരളീയർക്ക് കേരള പ്രവാസി വെൽഫെയർ ബോർഡ് നടപ്പാക്കുന്ന ഡിവിഡന്റ് പദ്ധതിയിൽ അംഗത്വം ലഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്തശേഷം മടങ്ങി വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ കേരളീയർക്ക് പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്താൻ സാധിക്കില്ല.

## പ്രവാസികൾക്ക് നിയമസഹായ സെൽ

85 (5481) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമസഹായ സെൽ ജി.സി.സി. രാജ്യങ്ങളിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ സഹായങ്ങളാണ് നിയമസഹായ സെൽ മുഖാന്തരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവിധ ജി.സി.സി. രാജ്യങ്ങളിൽ കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ "പ്രവാസി നിയമസഹായ പദ്ധതി" ആവിഷ്കരിച്ച് ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ച് വരികയാണ്. അജ്ഞതമൂലം അന്യനാട്ടിൽ, പ്രത്യേകിച്ച് ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിൽ (GCC) രാജ്യങ്ങളിലുണ്ടാകുന്ന നിയമകുരുക്കുകളിലും കോടതി വ്യവഹാരങ്ങളിലും യാതൊരുവിധ നിയമസഹായവും ലഭിക്കാത്ത കേസുകളിലും നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയ്ക്ക് സഹായിക്കുക, മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് നിയമബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക തുടങ്ങിയവയാണ് നിയമ സഹായ സെൽ മുഖാന്തരം പ്രവാസികൾക്ക് ലഭിക്കുന്ന സഹായങ്ങൾ.

## നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ

86 (5482) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക-റൂട്സ് വഴി എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ നൽകി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുതായി എന്തെങ്കിലും സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സേവനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) എല്ലാത്തരത്തിലുള്ള സർട്ടിഫിക്കറ്റുകളുടെയും അറ്റസ്റ്റേഷന് നോർക്കയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നോർക്കയുടെ പ്രാദേശിക കേന്ദ്രങ്ങളിൽ കൂടി അറ്റസ്റ്റേഷൻ ഉൾപ്പെടെയുള്ള പുതിയ സൗകര്യം ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

1. സാന്ത്വന ധനസഹായ പദ്ധതി - പ്രവാസി ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിനായുള്ള പദ്ധതി.

2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)-തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM).

3. എമർജൻസി റിപാട്രിയേഷൻ പദ്ധതി - പൊതുമാപ്പ്, യുദ്ധം, ആഭ്യന്തര കലാപം, പ്രകൃതിദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽനിന്നും പ്രവാസി മലയാളികളെ, അവരെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി മാറ്റേണ്ട സാഹചര്യത്തിൽ നടപ്പിലാക്കുന്ന സഹായ പദ്ധതി.

4. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും - വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീ യുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

5. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ (എച്ച്.ആർ.ഡി.) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമെ വിദേശരാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി യായി സർക്കാർ നോർക്ക റൂട്ട്സിനെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ് - വിദേശരാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക-റൂട്ട്സ്.

7. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും, സുരക്ഷിതത്വവും നിയമപരമവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

8. ജോബ് പോർട്ടൽ - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽമേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

9. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളങ്ങളിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഇപ്പോൾ ഈ സേവനം മംഗലപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

10. പ്രവാസി നിയമസഹായ പദ്ധതി - കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യസേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായ സെൽ. ജി.സി.സി. രാജ്യങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

11. ലോക കേരള സഭ-ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരളസഭയുടെ ലക്ഷ്യം.

12. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

13. ലോക കേരള കേന്ദ്രം - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

14. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

15. നോർക്ക എയർഫയർ-ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7 ശതമാനം ഇളവ് നൽകുന്ന പദ്ധതിയാണിത്. കുവൈറ്റ് എയർവെയ്സിലും ഇത്തരത്തിൽ ഇളവ് ലഭിക്കുന്ന തിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

16. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി. എഫ്.സി.)- കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരി പ്പിക്കാനും, അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുമുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി. യുടെ ലക്ഷ്യം.

17. നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം - വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതിക ശരീരം എംബസിയോ മറ്റ് അസോസിയേഷനുകളോ നോർക്ക

ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.) - സ്പോൺസറോ സഹായിക്കുവാനില്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം എമർജൻസി റിപ്പാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കി വരുന്നു.

18. വനിത എൻ.ആർ.ഐ. സെൽ-കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ. സെൽ രൂപീകരിച്ചു.

19. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.)- ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്ട് സെന്റർ പ്രവർത്തിക്കുന്നു.

20. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് - വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സിന് മുകളിലുള്ളവർക്കാണ് 3 വർഷത്തെ കാലാവധിയുള്ള നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നത്. ടി കാർഡിന് അംഗമായിട്ടുള്ളവർക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും സ്ഥിരമായ അംഗവൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെയും നൽകിവരുന്നു.

(ബി) പരിശോധിക്കുന്നു.

(സി) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിന് തൽപ്പരരായവർക്ക് കേരളത്തിൽ നിന്നുള്ള സർക്കാർ അംഗീകൃത ബോർഡ്, കൗൺസിൽ, യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ എം.എച്ച്.ആർ.ഡി. മാനദണ്ഡമനുസരിച്ചുള്ള അറ്റസ്റ്റേഷന് നോർക്ക റൂട്ട്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സേവനം നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖാന്തിരം ലഭ്യമാണ്. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ നോർക്ക

റൂട്ട്സിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം വിദ്യാഭ്യാസ ഇതര സർട്ടിഫിക്കറ്റുകളായ ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ, വിവിധ അഫിഡവിറ്റുകൾ, പവർ ഓഫ് അറ്റോർണി തുടങ്ങിയവ മേഖലാ ഓഫീസുകളിൽ സ്വീകരിച്ച് ആഭ്യന്തര വകുപ്പിൽ എത്തിച്ച് അറ്റസ്റ്റ് ചെയ്ത് അപേക്ഷകർക്ക് തിരികെ ലഭ്യമാക്കുന്നതാണ്. കൂടാതെ എം.ഇ.എ. അറ്റസ്റ്റേഷൻ, അപ്പോസ്റ്റൈൽ അറ്റസ്റ്റേഷൻ എല്ലാ ജി.സി.സി. രാജ്യങ്ങളുടെയും വിദ്യാഭ്യാസ, വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളുടെയും എംബസി അറ്റസ്റ്റേഷൻ സേവനങ്ങളും നോർക്ക റൂട്ട്സിന്റെ അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകി വരുന്നു.

(ഡി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖാന്തരം വിദേശ തൊഴിൽ കാംക്ഷികൾക്ക് അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നുണ്ട്. അറ്റസ്റ്റേഷൻ സേവനം നിലവിൽ മേഖലാ ഓഫീസുകൾ വഴി മാത്രമാണ് നൽകിവരുന്നത്. എന്നാൽ സാദ്ധ്യമായ ദിവസങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളിൽ ഈ സേവനം ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

## പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ

87 (5483) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ താത്പര്യാർത്ഥം പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ ലോക കേരള സഭയുടെ ആസ്ഥാനം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രവാസികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി പ്രവാസി സാഹിത്യ പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കണമെന്ന ആശയം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) കേരളീയർ ഏറെയുള്ള ഇതരസംസ്ഥാന തലസ്ഥാനങ്ങളിൽ പ്രവാസി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണിക്കാമോ;

(ഡി) എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എൻ.ആർ.ഐ. ബാങ്ക്, നോർക്കറൂട്ട്സിൽ വനിത എൻ.ആർ.ഐ-സെല്ല് എന്നിവ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലോക കേരള സഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ലോക കേരള സഭ സെക്രട്ടേറിയറ്റ്, നോർക്ക സെന്ററിന്റെ ആറാം നിലയിൽ സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രവാസികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന തിനായി പ്രവാസി സാഹിത്യ പ്രസിദ്ധീകരണം തുടങ്ങുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ലോക കേരള സഭയുടെ ഏഴ് വിഷയം മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ശിപാർശകളാണ് എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എൻ.ആർ.ഐ. ബാങ്ക്, നോർക്ക റൂട്ട്സിൽ എൻ.ആർ.ഐ. വനിതാ സെൽ എന്നിവ. ഇതിൽ നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുക എന്ന ശിപാർശ തൽക്കാലം പരിഗണനയിലില്ല.

**പിങ്ക് പോലീസിന്റെ പ്രധാന കർത്തവ്യങ്ങൾ**

88 (5484) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവോരങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് എന്ന ഔദ്യോഗിക പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സദാ ജാഗരൂകരായി നഗരങ്ങളിലാകെ റോന്ത് ചുറ്റുന്നതിന് നിയോഗിക്കപ്പെട്ട പിങ്ക് പോലീസിന് നിഷ്കർഷിച്ചിട്ടുള്ള പ്രധാന കർത്തവ്യങ്ങളെന്തൊക്കെയാണ്;

(ബി) സർക്കാർ അറിയിച്ചിട്ടുള്ള നിശ്ചിത കർത്തവ്യങ്ങൾക്ക് പുറമേ ഉദ്യോഗസ്ഥരുടെ വാക്കാലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലെന്ന് പറഞ്ഞ് പ്രസ്തുത സേനാംഗങ്ങൾ പാർക്കുകളിലും മറ്റ് വിനോദ സഞ്ചാരകേന്ദ്രങ്ങളിലും പ്രായപൂർത്തിയായവർക്ക് സ്വതന്ത്രമായ വിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ അമിതാധികാരം പ്രയോഗിക്കുന്നത് നിയമവിധേയമായിട്ടാണോ;

(സി) അല്ലെങ്കിൽ പൊതുജനങ്ങളോട് പിങ്ക് പോലീസിന്റെ ഇടപെടലിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പിങ്ക് പോലീസിന്റെ പ്രധാന കർത്തവ്യങ്ങൾ ചുവടെ ചേർക്കുന്നു.

- സഹായമാവശ്യപ്പെട്ട് സ്ത്രീകൾ വിളിക്കുന്ന ഫോൺ കോൾ അറ്റൻഡ് ചെയ്ത് ഉടൻ സഹായമെത്തിക്കുക.
- സ്ത്രീകളും കുട്ടികളും ഒത്തുചേരുന്ന പൊതുസ്ഥലങ്ങളായ സ്കൂളുകൾ, കോളേജുകൾ, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധാനാലയങ്ങൾ എന്നിവിടങ്ങളിൽ പട്രോളിംഗ് നടത്തുക.
- സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധജനങ്ങൾക്കും ആവശ്യമായ സഹായവും സുരക്ഷാ അവബോധവും നൽകുക.
- വനിതാ കോളേജുകൾ, ഗേൾസ് സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് തിരക്കുള്ള സമയങ്ങളിൽ ട്രാഫിക് നിയന്ത്രണം നടത്തുക.
- പിങ്ക് ബീറ്റ് ഓഫീസർമാർക്കാവശ്യമായ സഹായം നൽകുക.
- പൊതുസ്ഥലങ്ങളിലെ പൂവാലശല്യം തടയുക.
- മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും സ്കൂൾ കോളേജ് കുട്ടികൾക്ക് സംരക്ഷണം നൽകുക.
- ക്ലാസിൽ പോകാതെ കറങ്ങി നടക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.
- പൊതുവാഹനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിനോദ സഞ്ചാരികൾക്കും യാത്രാ സുരക്ഷിതത്വം ഉറപ്പുവരുത്തുക.
- പിങ്ക് പോലീസ് പട്രോളിംഗ് കൺട്രോൾ റൂമിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.
- സ്ത്രീകളും കുട്ടികളും കൂടുതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കുക.

(ബി) പൊതുജനങ്ങളും പ്രത്യേകിച്ചും, സ്ത്രീകളും കുട്ടികളും പ്രായപൂർത്തിയായവരും കൂടുതലായി എത്തിച്ചേരുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനും പട്രോളിംഗിനുമായി പിങ്ക് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നതിന് സാദ്ധ്യതയേറെയുള്ള ഇത്തരം സ്ഥലങ്ങളിൽ ശല്യപ്പെടുത്തുന്നവർക്കെതിരെ പിങ്ക്

പോലീസ് കർശന നടപടികൾ സ്വീകരിച്ച് അവരുടെ കർത്തവ്യം നിറവേറ്റുകയാണ് ചെയ്യാറുള്ള്. സ്തുത്യർഹമായ പല സേവന പ്രവർത്തികളും പിങ്ക് പോലീസ് നടത്തിയിട്ടുള്ളതും, സമൂഹത്തിൽ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതുമാണ്. നിയമവിധേയമായ പ്രവർത്തനങ്ങളാണ് പിങ്ക് പോലീസ് നടത്തിവരുന്നത്. നിയമവിധേയമല്ലാത്ത പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പ് തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പൊതുജനങ്ങളോട് മാന്യമായ രീതിയിൽ ഇടപെടുന്നതിനുവേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും പിങ്ക് പോലീസ് സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

**പോലീസ് വകുപ്പിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പോളിസി**

89 (5485) ശ്രീ. കെ.എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ ഹ്യൂമെൻ റിസോർഴ്സ് ഡെവലപ്പ്മെന്റ് പോളിസി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് അന്യസംസ്ഥാനങ്ങളിലെ എന്തെങ്കിലും മാതൃകകൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

**പോലീസ് സേനയിലെ പരിഷ്കാരങ്ങൾ**

90 (5486) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് സേനയിലും പോലീസ് സ്റ്റേഷനുകളിലും വരുത്തിയ മാറ്റങ്ങളും ഘടനാപരമായ പരിഷ്കാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഇൻഡ്യ റിസർവ് ബറ്റാലിയൻ

91 (5487) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യ റിസർവ് ബറ്റാലിയൻ എന്ന വിഭാഗം കേന്ദ്രസേന ആണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യാ റിസർവ് ബറ്റാലിയന്റെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുവേണ്ടി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇന്ത്യാ റിസർവ് ബറ്റാലിയനിൽ ഹവിൽദാർ പ്രമോഷൻ നടത്തുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; കാരണം അറിയിക്കുമോ;

(ഇ) ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾ അതത് ജില്ലകളിലേക്ക് ട്രാൻസ്ഫർ ആകുന്നതും മറ്റ് ജോലി നോക്കുന്ന പോലീസുകാർ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ആകുന്നതിലും എന്തെങ്കിലും ബന്ധമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) പത്ത് വർഷത്തെ സേവനത്തിനു ശേഷം ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾക്ക് അതത് ജില്ലകളിലേക്ക് ട്രാൻസ്ഫർ നൽകുവാൻ വ്യവസ്ഥയുണ്ടോ എന്നും പ്രസ്തുത ട്രാൻസ്ഫറിനായി ഗവൺമെന്റ് മുൻകൂട്ടി ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(ജി) കേരള സർക്കാർ നിശ്ചയിക്കുന്ന ഏത് വിഭാഗത്തിലും ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇൻഡ്യാ റിസർവ് ബറ്റാലിയൻ കേന്ദ്ര സേനയല്ല. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന പ്രകാരം ഇന്ത്യയിലെവിടെയും വിന്യസിക്കുന്നതിനായി പ്രസ്തുത ബറ്റാലിയൻ സേനാംഗങ്ങളുടെ സേവനം സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ട്.

(ബി) ഇൻഡ്യാ റിസർവ് ബറ്റാലിയനായി സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി സമിതി രൂപീകരിച്ചിട്ടില്ല.

(സി) ഇൻഡ്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി നിലവിൽ പരിഗണിക്കുന്നില്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇൻഡ്യാ റിസർവ് ബറ്റാലിയനിൽ നിലവിലുള്ള 160 ഹവിൽദാർ തസ്തികകളിലേയ്ക്ക് റെഗുലർ, കമാന്റോ വിഭാഗങ്ങളിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനുള്ള അനുപാതം 1:1 ആയി നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട OA 757/16-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30-3-2017-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇരുവിഭാഗങ്ങളിൽ നിന്നും ഹവിൽദാർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സ്പെഷ്യൽ റൂൾ രൂപീകരിക്കപ്പെടുന്നതുവരെ 7:3 എന്ന അനുപാതത്തിൽ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഹവീൽദാർ തസ്തികയിലേയ്ക്ക് സ്ഥിരപ്രൊമോഷൻ നടത്താൻ കഴിയുകയുള്ളൂ.

(ഇ) ഇല്ല.

(എഫ്) ഇൻഡ്യ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് സേനയിൽ 10 വർഷത്തെ സേവനം പൂർത്തീകരിച്ചശേഷം ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജില്ലാ സിവിൽ പോലീസ് കേഡറിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

(ജി) സംസ്ഥാന സർക്കാർ നിയോഗിക്കുന്ന എവിടെയും ജോലി ചെയ്യാൻ ഇന്ത്യ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾ ബാദ്ധ്യസ്ഥരാണ്.

**ആഭ്യന്തര വകുപ്പിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ**

92 (5488) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ആഭ്യന്തര വകുപ്പിൽ പുതിയതായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് മാന്വൽ എത്ര പ്രാവശ്യം പരിഷ്കരിച്ചുവെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഗ്നിശമന സേനയ്ക്ക് പുതിയതായി എത്ര വാഹനങ്ങൾ വാങ്ങി എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജീവപര്യന്തം തടവിന് ശിക്ഷിച്ച എത്ര പ്രതികളെ ശിക്ഷയിൽ ഇളവ് നൽകി ജയിൽ മോചിതരാക്കിയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് മാന്വൽ പരിഷ്കരിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമാക്കിയ വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തരം | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | വാട്ടർ ടെണ്ടർ | 3 |
| 2 | മിനി വാട്ടർ മിസ്റ്റ് ടെണ്ടർ | 35 |
| 3 | മിനി വാട്ടർ ടെണ്ടർ | 25 |
| 4 | സ്കൂബാ വെഹിക്കിൾ (എസ്.യു.വി.) | 3 |
| 5 | വാട്ടർ ബ്രൗസർ | 12 |
| 6 | സ്കൂബാ വാൻ | 15 |
| 7 | ഇന്നോവാ കാർ | 1 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 8 | എമർജൻസി ടെണ്ടർ | 5 |
| 9 | ആംബുലൻസ് | 20 |
| 10 | മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾസ് ഫോർ എമർജൻസി റെസ്പോൺസ് | 25 |
| 11 | ഫോം ടെണ്ടർ | 10 |
| 12 | ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ | 25 |
| 13 | വാട്ടർ ടെണ്ടർ ചെയിസിസ് | 15 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവപര്യന്തം തടവിന് ശിക്ഷിച്ച പ്രതികളിൽ ഇളവ് നൽകി ജയിൽമോചിതരാക്കിയ 61 തടവുകാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## 2011-ലെ കേരള പോലീസ് ആക്ടിന് കീഴിലുള്ള ചട്ടങ്ങളുടെ രൂപീകരണം

93 (5489) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള പോലീസ് ആക്ടിന് കീഴിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമപ്രകാരം ഒരു നിയമം പാസ്സായി കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ അതനുസരിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കണം എന്ന് വ്യവസ്ഥയുണ്ടോ;

(സി) 2011-ലെ കേരള പോലീസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസമുണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-ലെ കേരള പോലീസ് ആക്ടിലെ 110-ാം വകുപ്പും 129-ാം വകുപ്പും വിനിയോഗിച്ചുകൊണ്ട് 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ 26-9-2019-ന് എസ്.ആർ.ഒ. നമ്പർ 684/2019 ആയി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിജ്ഞാപനം ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തി 8-12-2018 തീയതിയിലെ സി4/146704/2017 പി.എച്ച്.ക്യൂ. നമ്പർ പ്രകാരം പോലീസ് മേധാവി സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചശേഷം നിയമസഭയുടെ വിഷയനിർണ്ണയസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഒരു ആക്ട് പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസങ്ങൾക്കുള്ളിൽ ആയതിന്റെ ചട്ടങ്ങൾ കരട് രൂപത്തിൽ വിഷയനിർണ്ണയസമിതിക്ക് ലഭ്യമാക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2)-ൽ വ്യവസ്ഥയുണ്ട്.

(സി) 2011-ലെ കേരള പോലീസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാവുകയും അതേതുടർന്ന് ഭരണപരമായ കാലതാമസമുണ്ടാകുകയും ചെയ്തു. മുൻ ഗവൺമെന്റിന്റെ കാലത്തും യഥാസമയം യഥാവിധം ചട്ടങ്ങൾ തയ്യാറാക്കുന്നതിനുവന്ന താമസവും ഇതിനു കാരണമായെന്നും കാണുന്നു.

## സി.ഐ. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നിഷേധിച്ച നടപടി

94 (5490) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേരിട്ടുള്ള നിയമനം വഴി എസ്.ഐ. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 2005-2007 ബാച്ചിലെ നൂറുപേർക്ക് അച്ചടക്ക നടപടി ഉള്ളതുകാരണം സി.ഐ. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നിഷേധിച്ചിരുന്നുവോ;

(ബി) ഇവരിൽ മുപ്പത് പേർക്ക് എതിരെയുള്ള അച്ചടക്ക നടപടികളിൽ ക്ലിയറൻസ് ലഭിച്ച് അച്ചടക്ക നടപടികളിൽ നിന്ന് മുക്തമാക്കിയിട്ടുണ്ടോ;

(സി) ഡി.പി.സി. കൂടിയില്ല എന്ന ഒറ്റക്കാരണത്താൽ ഈ മുപ്പത് പേർക്ക് സ്ഥാനക്കയറ്റം നിഷേധിക്കുകയും ഇവരുടെ ജൂനിയർമാരായ അഞ്ച് പേർക്ക് സി.ഐ. തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ടോ;

(ഡി) ഡി.പി.സി. യോഗം ചേരുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ മുപ്പത് പേർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് സേനയെ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികൾ**

95 (5491) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡൽഹി പോലീസ് നടത്തിയ കലാപത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പോലീസ് സേനയെ ജനസൗഹൃദമാക്കിത്തീർക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഉന്നത പോലീസ് ഉദ്യോഗസ്ഥർ ക്യാമ്പ് ഫോളോവേഴ്സിനെ സ്വകാര്യ സേവകരാക്കിയിരുന്ന രീതിക്ക് മാറ്റം വരുത്തിയിട്ടുണ്ടോ; സിവിൽ പോലീസ് ഓഫീസർമാരും ഉയർന്ന ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം പരിഷ്കൃത സേനയ്ക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അത്തരത്തിലുള്ളവരെ ജനസമ്പർക്കമുള്ള ഡ്യൂട്ടിയിൽ നിന്നു ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ക്യാമ്പ് ഫോളോവേഴ്സിനെ സ്വകാര്യ സേവകരാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഡിപ്പാർട്ട്മെന്റുതല നടപടിയും അപ്രകാരം ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ക്യാമ്പ് ഫോളോവേഴ്സിനു വേണ്ട ശമ്പളവും മറ്റും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും പോലീസ് ആസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പോലീസുകാരുടെ ഇടയിൽ തൊഴിലിടങ്ങളിലും മറ്റുമുണ്ടാകുന്ന മാനസികസംഘർഷം കുറയ്ക്കുന്നതിനും പൊതുജനങ്ങളോടുള്ള അവരുടെ പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും തിരുവനന്തപുരം എസ്.എ.പി. ക്യാമ്പ് ആസ്ഥാനമായി Help and Assistants to Tackle Stress (HATS) എന്ന പേരിൽ ഒരു കൗൺസിലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വർഷത്തിലൊരിക്കലെങ്കിലും പോലീസുകാരുടെ ആരോഗ്യ പരിശോധന നടത്തുന്നതിന് സൗകര്യമൊരുക്കുന്നതിനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൗൺസിലിംഗ് സെന്റർ തുടങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ കേരളത്തിലെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. കൂടുതലിടങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്.

## പോലീസ് സേനയിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം

96 (5492) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിലുള്ള ഡി.വൈ.എസ്.പി., സി.ഐ., എസ്.ഐ., എ.എസ്.ഐ., സി.പി.ഒ. എന്നീ തസ്തികകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിലുള്ള ഡിവൈ.എസ്.പി., സി.ഐ., എസ്.ഐ., എ.എസ്.ഐ., സി.പി.ഒ. എന്നീ തസ്തികകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ല | ഡിവൈ. എസ്.പി | സി. ഐ | എസ്. ഐ. | എ.എസ് .ഐ | എസ്. സി.പി.ഒ | സി. പി.ഒ |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | പോലീസ് ആസ്ഥാനം | 2 | 2 | 4 | 0 | 2 | 5 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 2 | തിരു. റേഞ്ച് | 0 | 0 | 2 | 0 | 0 | 0 |
| 3 | തൃശ്ശൂർ റേഞ്ച് | 0 | 0 | 2 | 0 | 0 | 0 |
| 4 | കണ്ണൂർ റേഞ്ച് | 0 | 0 | 2 | 0 | 0 | 0 |
| 5 | തിരു.സിറ്റി | 12 | 30 | 166 | 152 | 565 | 2143 |
| 6 | തിരു. റൂറൽ | 8 | 39 | 89 | 104 | 446 | 1220 |
| 7 | കൊല്ലം സിറ്റി | 7 | 18 | 85 | 75 | 297 | 881 |
| 8 | കൊല്ലം റൂറൽ | 6 | 18 | 63 | 49 | 208 | 444 |
| 9 | പത്തനംതിട്ട | 8 | 22 | 72 | 60 | 245 | 797 |
| 10 | ആലപ്പുഴ | 9 | 33 | 98 | 101 | 399 | 1401 |
| 11 | കോട്ടയം | 10 | 31 | 87 | 95 | 449 | 1332 |
| 12 | ഇടുക്കി | 9 | 33 | 79 | 93 | 349 | 1373 |
| 13 | കൊച്ചി സിറ്റി | 10 | 31 | 142 | 105 | 479 | 1848 |
| 14 | എറണാകുളം റൂറൽ | 8 | 34 | 94 | 93 | 417 | 1266 |
| 15 | തൃശ്ശൂർ സിറ്റി | 7 | 23 | 88 | 73 | 327 | 1294 |
| 16 | തൃശ്ശൂർ റൂറൽ | 6 | 19 | 56 | 47 | 193 | 580 |
| 17 | പാലക്കാട് | 9 | 33 | 82 | 119 | 413 | 1587 |
| 18 | മലപ്പുറം | 8 | 36 | 76 | 101 | 360 | 1369 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 19 | കോഴിക്കോട് സിറ്റി | 10 | 21 | 110 | 71 | 344 | 1318 |
| 20 | കോഴിക്കോട് റൂറൽ | 9 | 24 | 87 | 62 | 296 | 969 |
| 21 | വയനാട് | 8 | 16 | 41 | 48 | 195 | 670 |
| 22 | കണ്ണൂർ | 9 | 40 | 158 | 142 | 469 | 1714 |
| 23 | കാസർഗോഡ് | 8 | 20 | 70 | 71 | 238 | 1034 |
| 24 | എസ്.ബി സി.ഐ.ഡി. | 31 | 24 | 113 | 201 | 465 | 90 |
| 25 | സി.ബി.സി. ഐ.ഡി. | 42 | 65 | 82 | 165 | 198 | 304 |
| 26 | എസ്.പി. എസ്. റ്റി.എസ്. | 0 | 3 | 9 | 27 | 54 | 53 |
| 27 | റെയിൽവേസ് | 4 | 4 | 19 | 6 | 100 | 504 |
| 28 | പി.റ്റി.സി. | 1 | 2 | 0 | 3 | 29 | 33 |
| 29 | എസ്.സി. ആർ.ബി. | 1 | 7 | 9 | 0 | 33 | 31 |
| 30 | ടെലി | 0 | 0 | 0 | 0 | 0 | 12 |
| 31 | പോലീസ് അക്കാദമി | 5 | 3 | 1 | 0 | 80 | 30 |
| | ആകെ | 247 | 631 | 1986 | 2063 | 7650 | 24302 |

## പോലീസ് വകുപ്പിലെ ആശ്രിത നിയമനം

97 (5493) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ആളുകളെ ഏതെല്ലാം തസ്തികകളിൽ ആശ്രിത നിയമന പ്രകാരം ജോലിയിൽ പ്രവേശിപ്പിച്ചു; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നിയമിതരായവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര പേരെ റെഗുലറൈസ് ചെയ്തു; ഇനി എത്ര ആളുകളെ റഗുലറൈസ് ചെയ്യാനുണ്ട്; അറിയിക്കുമോ;

(സി) ഇത്തരത്തിൽ റെഗുലറൈസ് ചെയ്യാൻ ബാക്കിയുള്ള ആളുകളെ ഉടൻ തന്നെ റെഗുലറൈസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസിൽ ആശ്രിത നിയമനം വഴി 585 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ക്ലാർക്ക് (സൂപ്പർ ന്യൂമററി) | - | 550 |
| പോലീസ് | - | 31 |
| ഓഫീസ് അറ്റൻഡന്റ് | - | 4 |

(ബി) ഇത്തരത്തിൽ നിയമിതരായവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28 ക്ലാർക്കുമാരുടെയും 4 ഓഫീസ് അറ്റൻഡന്റുമാരുടെയും നിയമനം ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 108 ക്ലാർക്കുമാരുടെ നിയമനവും ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. 414 പേരുടെ നിയമനം ക്രമീകരിക്കാനുണ്ട്.

(സി) വിവിധ വകുപ്പുകളിൽ റെഗുലറൈസ് ചെയ്യാനുള്ള സൂപ്പർ ന്യൂമററി ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി, ആയതിൽ ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു.

## പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന കാലം

98 (5494) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനകാലം സർവ്വീസായി സർക്കാർ പരിഗണിച്ചപ്പോൾ 2010-ന് മുൻപ് വിരമിച്ചവർക്ക് ഈ ആനുകൂല്യം നിഷേധിച്ചിരുന്നതിനാൽ അതിനെതിരെ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും വിധിയിന്മേൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിധി നടപ്പിലാക്കാതെ പോലീസ് പരിശീലനം കഴിഞ്ഞ് മറ്റ് വകുപ്പുകളിൽ നിയമനം ലഭിച്ച് പോയവർക്ക് ഇതേ ആനുകൂല്യം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പോലീസ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച O.A. 115/18 ന്റെ അന്തിമവിധിയിൽ ഇത് സംബന്ധിച്ച് മൂന്ന് മാസത്തിനകം തീരുമാനമെടുക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) 23-5-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 160/2016/ആഭ്യ. പ്രകാരം പോലീസ് സേനയിൽ പരിശീലനത്തിൽ പങ്കെടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കി പോലീസ് സേനയിൽ സേവനത്തിലേർപ്പെട്ട ശേഷം മറ്റ് സർവ്വീസുകളിൽ പോയവർക്ക് 1-7-2014-ൽ, 2014-ലെ ശമ്പളപരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിൽ 200 രൂപ പേഴ്സണൽ പേ, ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചും, പരിശീലന കാലം പെൻഷനും, ശമ്പളപരിഷ്കരണത്തിന് വെയിറ്റേജിനും പരിഗണിച്ചും ഉത്തരവായിരുന്നു.

## പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന എച്ച്.ആർ.എ.

99 (5495) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തുവരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത(എച്ച്.ആർ.എ) അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വിവാഹിതരല്ലെങ്കിലും മാതാപിതാക്കളെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ;

(ബി) സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്ത് വരുന്ന വിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് പകുതി എച്ച്.ആർ.എ മാത്രം അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കുടുംബവുമൊത്ത് ജീവിക്കുന്ന ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ;

(സി) സംസ്ഥാന പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ( ലോക്കൽ പോലീസ് സ്റ്റേഷനുകൾ ) വിഭാഗത്തിൽ ജോലി ചെയ്ത് വരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് പകുതി എച്ച്.ആർ.എ മാത്രം അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; മാതാപിതാക്കളെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ;

(ഡി) സംസ്ഥാന പോലീസിലെ എല്ലാ ഉദ്യോഗസ്ഥരും വിവാഹിതരാണോ അല്ലയോ എന്ന് പരിഗണിക്കാതെ നിലവിലെ ശമ്പള ഉത്തരവിൽ പറയുന്ന പ്രകാരം മുഴുവൻ എച്ച്.ആർ.എ അനുവദിക്കുവാൻ ഉത്തരവുണ്ടാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തുവരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത (എച്ച്.ആർ.എ.) അനുവദിക്കാത്തത് 11-2-1958-ലെ ജി.ഒ.(എംഎസ്.) നമ്പർ 146/1958-ലെ ഉത്തരവ് പ്രകാരം ഇവർ ക്യാമ്പിനുള്ളിൽ/ബാരക്കുകളിൽ താമസിക്കേണ്ടവരായതിനാലാണ്. സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തുവരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത (എച്ച്.ആർ.എ.) അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) വിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് ഫാമിലി ക്വാർട്ടേഴ്സ് അപേക്ഷിക്കുന്ന മുറയ്ക്ക് അനുവദിക്കാൻ കഴിയാത്ത അവസരങ്ങളിൽ ബാരക്കിൽ താമസിക്കുന്നവർക്ക് കേരള പോലീസ് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ റൂൾസ്, ജി.ഒ.(എംഎസ്.) നമ്പർ 128/1976 തീയതി 28-9-1976 എന്നിവയിലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും മറ്റ് സർക്കാർ ഉത്തരവുകൾക്കും വിധേയമായിട്ട് പകുതി എച്ച്.ആർ.എ. നൽകി വരുന്നു. കൂടാതെ ടി സേനാംഗങ്ങൾ ബ്യൂഗിൾ കോൾ പരിധിക്കുള്ളിൽ താമസിച്ച് മാര്യേജ് സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ സമർപ്പിക്കുന്ന പക്ഷം മുഴുവൻ എച്ച്.ആർ.എ. യും നൽകി വരുന്നു.

(സി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഫാമിലി ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ലെങ്കിൽ മുഴുവൻ എച്ച്.ആർ.എ.-യും നൽകുന്നുണ്ട്.

(ഡി) സംസ്ഥാന പോലീസിലെ എല്ലാ ഉദ്യോഗസ്ഥരും വിവാഹിതരാണോ അല്ലയോ എന്ന് പരിഗണിക്കാതെ നിലവിലെ ശമ്പള ഉത്തരവിൽ പറയുന്ന പ്രകാരം മുഴുവൻ എച്ച്.ആർ.എ. അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലനകാലം സർവ്വീസായി പരിഗണിക്കാൻ നടപടി

100 (5496) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എല്ലാ പോലീസുകാർക്കും പരിശീലന കാലം സർവ്വീസായി പരിഗണിക്കുന്നുണ്ടോ;

(ബി) കേരളാ പോലീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഇന്ത്യാ റിസർവ് ബറ്റാലിയൻ അംഗങ്ങളുടെ പരിശീലന കാലം എത്രയാണ്; പ്രസ്തുത പരിശീലന കാലയളവ് സർവ്വീസ് കാലഘട്ടമായി പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ;

(സി) മറ്റ് യൂണിഫോം സർവ്വീസുകൾക്കെന്നപോലെ ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലന കാലവും ഗ്രേഡ് പേ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസുകാരുടെ പരിശീലനകാലം പെൻഷൻ സമയബന്ധിത ഹയർ ഗ്രേഡ്, പേ ഫിക്സേഷനുള്ള വെയിറ്റേജ് എന്നിവയ്ക്ക് യോഗ്യതാ സർവ്വീസായി പരിഗണിക്കുന്നുണ്ട്. എന്നാൽ ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ പരിശീലന കാലയളവ് നിലവിൽ സർവ്വീസായി പരിഗണിച്ചിട്ടില്ല.

(ബി&സി) ഇന്ത്യാ റിസർവ് ബറ്റാലിയൻ അംഗങ്ങളുടെ പരിശീലനകാലം 18 മാസമാണ്. പ്രസ്തുത പരിശീലന കാലയളവ് സർവ്വീസ് കാലഘട്ടമായി പരിഗണിക്കുന്നില്ല.

## പോലീസിൽ ക്യാമ്പ് ഫോളോവേഴ്സിന് നൽകിയിട്ടുള്ള ചുമതലകൾ

101 (5497) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ ക്യാംപ് ഫോളോവേഴ്സിന് നൽകിയിട്ടുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ക്യാംപ് ഫോളോവേഴ്സിനെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വീട്ടുജോലിക്ക് നിയോഗിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ക്യാംപ് ഫോളോവേഴ്സിന് കൃത്യമായ സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്ന സ്പെഷ്യൽ റൂൾ നടപ്പാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ആയത് നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

(സി) പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിലുൾപ്പെടുത്തി ഭേദഗതി ചെയ്യുന്ന വിഷയം നിലവിൽ പി.എസ്.സി.-യുടെ പരിഗണനയിലാണ്.

## പോലീസുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനായി ഗാലക്സി ഇൻ എന്ന കമ്പനി

102 (5498) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> :
<u>ശ്രീ. ടി. ജെ. വിനോദ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസുമായി ബന്ധപ്പെട്ട ഏതെങ്കിലും പദ്ധതികളുടെ നടത്തിപ്പിനായി ഗാലക്സി ഇൻ എന്ന കമ്പനിയെ ഏല്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെൻഡറിൽ പങ്കെടുത്ത കമ്പനികളുടെയും ഓരോരുത്തരും ക്വാട്ട് ചെയ്ത തുകയുടെയും വിശദാംശങ്ങൾ നൽകാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത കമ്പനിയുടെ പ്രതിനിധികൾക്ക് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ സ്ഥലം അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനായി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) സർക്കാർ കരാർ നൽകിയ പ്രസ്തുത കമ്പനിയുടെ ഡയറക്ടർമാർ ആരൊക്കെയാണ്എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പോലീസ് CIMS പദ്ധതി നടത്തിപ്പിനായി കെൽട്രോണിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കെൽട്രോൺ 5 തവണ ടെൻഡർ വിളിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) CIMS Server Room പ്രവർത്തിക്കുന്നത് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലാണ്. CIMS-ന്റെ ആറ് മാസത്തേക്കുള്ള on site സപ്പോർട്ടിനുവേണ്ടി കെൽട്രോണിന്റെയും ഗ്യാലക്സോണിന്റെയും ഓരോ ടെക്നിക്കൽ സപ്പോർട്ട് എഞ്ചിനീയറെ CIMS സെർവർ റൂമിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. CIMS പോലീസ് കൺട്രോൾ റൂമിൽ തൽസമയ മോണിറ്ററിംഗിനായി മൂന്ന് പോലീസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) കെൽട്രോൺ സെലക്ട് ചെയ്ത M/s. Galaxone International Pvt. Ltd. കമ്പനിയുടെ directors താഴെപ്പറയുന്നവരാണ്.

1. Abdul Rasheed Packer Mohamed
2. Bernard Raj Kurisappan Lawrence
3. Lizy Nunez

## കോൺസ്റ്റബിൾ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് എ.എസ്.ഐ., എസ്.ഐ. ഗ്രേഡുകൾ

103 (5499) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺസ്റ്റബിൾ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് സബ് ഇൻസ്പെക്ടർ (ഗ്രേഡ്), അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്) എന്നീ ഗ്രേഡുകൾ അനുവദിക്കുന്നുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോൺസ്റ്റബിൾ റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർക്ക് മേൽപറഞ്ഞ പ്രകാരമുള്ള ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്;

(സി) സീനിയോറിറ്റി മറികടന്ന് ആർക്കെങ്കിലും പ്രസ്തുത ഗ്രേഡുകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) അന്തർ ജില്ലാ സ്ഥലമാറ്റത്തിലൂടെ വന്നിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ജി.ഒ.(പി) നമ്പർ 36/91/ഉ.ഭ.പ.വ, ജി.ഒ.(പി) നമ്പർ 42/12/ഉ.ഭ.പ.വ, പ്രകാരമുള്ള പ്രസ്തുത ഗ്രേഡുകൾ അനുവദിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരക്കാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് മുമ്പുള്ള സർവീസ് പ്രസ്തുത ഗ്രേഡുകൾക്ക് പരിഗണിക്കുമോ;

(എഫ്) എങ്കിൽ ആയത് അന്തർ ജില്ലാ സ്ഥലംമാറ്റത്തെ സംബന്ധിച്ചുള്ള ഉത്തരവുകളുടെ ലംഘനമാകുമോയെന്ന് വെളിപ്പെടുത്താമോ;

(ജി) അന്തർ ജില്ലാ സ്ഥലംമാറ്റ ഉത്തരവുകൾ മറികടന്ന് നൽകിയിട്ടുള്ള പ്രസ്തുത ഗ്രേഡുകൾ റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനുവദിച്ചുവരുന്നുണ്ട്.

(ബി&സി) 19-10-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 161/19 ആഭ്യ. പ്രകാരമുള്ള ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിക്കുന്നതിനുള്ള കാലപരിധി കുറച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ കൃത്യമായ എണ്ണം പറയാനാകുകയുള്ളൂ.

(ഡി-ജി) 22-8-2006-ലെ സർക്കാർ ഉത്തരവ് നമ്പർ 142/2006/ആഭ്യന്തരം പ്രകാരം 2006 മുതലാണ് ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ച് നൽകിത്തുട ങ്ങിയത്. ആയതിനാൽ ചോദ്യത്തിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകൾ ഗ്രേഡ് ഡെസിഗ്നേഷനുമായി ബന്ധപ്പെട്ടതാണെന്ന് പരിശോധനയിൽ കാണാൻ സാധിക്കുന്നില്ല. നിലവിൽ 19-10-2019-ലെ സർക്കാർ ഉതത്തരവ് നമ്പർ 161/19 ആഭ്യന്തരം പ്രകാരമാണ് ഗ്രേഡ് ഡെസിഗ്നേഷൻ അനുവദിച്ചുവരുന്നത്.

## പുതിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

104 (5500) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്ത് പുതിയ എസ്.പി.സി. (സ്റ്റുഡന്റ് പോലീസ് കേഡറ്റ്) യൂണിറ്റുകൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പുതിയ എസ്.പി.സി. യൂണിറ്റുകൾ സ്കൂളുകൾക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നറിയിക്കാമോ;

(സി) പുതിയ എസ്.പി.സി യൂണിറ്റ് സ്കൂളുകളിൽ അനുവദിക്കുമ്പോൾ സർക്കാരിന് വരുന്ന സാമ്പത്തിക ചെലവ് പ്രതിവർഷം എത്രയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 182 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധത്തിൽ* ഉള്ളടക്കം ചെയ്യുന്നു.

(ബി) എസ്.പി.സി. പദ്ധതിയിലേയ്ക്ക് പുതിയ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

(സി) നിലവിൽ പുതിയ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിന് സ്കൂൾ ഒന്നിന് 1,68,784 രൂപ വീതം ചെലവുണ്ട്. വിശദാംശങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.*

## കണ്ണൂർ ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

105 (5501) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്; മണ്ഡലം തിരിച്ച് കണക്ക് നൽകുമോ;

(ബി) ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.പി.സി. അനുവദിക്കുന്ന സ്കൂളുകളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കുമോ;

(സി) എസ്.പി.സി. കൂടുതൽ സ്കൂളുകളിൽ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ 54 സ്കൂളുകളിൽ എസ്.പി.സി. അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 15-7-2014-ന് ചേർന്ന എസ്.പി.സി. പദ്ധതിയുടെ സംസ്ഥാനതല ഉപദേശ സമിതി യോഗത്തിൽ ലഭ്യമായ സാഹചര്യങ്ങളുടേയും ലഭ്യമായ സൗകര്യ ങ്ങളുടേയും ഉദ്യോഗസ്ഥരുടേയും പരിമിതി കാരണം ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ടിൽ കൂടുതൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

## തൊടിയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി. യൂണിറ്റ്

106 (5502) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ തൊടിയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകൾക്ക് എസ്.പി.സി. യൂണിറ്റ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) തൊടിയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അപേക്ഷ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) 2019-2020 അദ്ധ്യയന വർഷത്തിൽ പുതുതായി 37 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു :

| SI.No. | District | Name of School |
|---|---|---|
| 1 | TVR | Govt. Model H.S., Varkala |
| 2 | | VK Kani Govt. H.S. Panacode |
| 3 | | Govt. H.S. Perumbhazhuthoor |
| 4 | | Govt. Model H.S.S. Venganoor |
| 5 | | Govt. Girls H.S.S. Neyyattinkara |
| 6 | | GHSS Kizharoor |
| 7 | KLC | GVHSS for Girls Valathungal |
| 8 | | GHSS Kollam West |
| 9 | KLR | VHS&HSS Anchal East |
| 10 | PTA | GHSS Thottakonam |
| 11 | ALP | Govt. HS Pollathai |
| 12 | | GHS Mannancherry |
| 13 | | GHS, Thirunellor, Cherthala |
| 14 | KTM | Govt. VHSS Kumarakom |
| 15 | | Govt. HSS Thottakkadu |
| 16 | EKM | GHSS Pezhakkapalli |
| 17 | | GHSS South Vazhakulam |
| 18 | | GVHSS Pallarimangalam |
| 19 | TRC | GHSS Villedom |

| | | |
|---|---|---|
| 20 | TRR | GHSS Muppliyam |
| 21 | | GVHSS Puthenchira |
| 22 | PKD | GVHSS Vattenad |
| 23 | | GHSS Kallingalpadam |
| 24 | MPM | GHS Peruvallur |
| 25 | | GHSS Pookkottumpadam |
| 26 | | GMHSS CU Campus |
| 27 | | GHSS Porur |
| 28 | | GHS Pulamanthole |
| 29 | | GHS Elappal |
| 30 | | GGVHSS Wandoor |
| 31 | | GHSS Moothedath |
| 32 | KDC | GVHSS Cheruvannur |
| 33 | WYD | GHS Thariode |
| 34 | | GHSS Neervaram |
| 35 | KNR | GHSS Nedungom |
| 36 | | A. Kunjiraman Adiyodi Memorial GHSS, Payannnur |
| 37 | | Govt. Boys HSS Cherukunnu |

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും എസ്.പി.സി. യൂണിറ്റ്

107 (5503) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ രാജാസ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിലും മറാക്കര ഹയർ സെക്കണ്ടറി സ്കൂളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കണമെന്ന നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് എസ്.പി.സി. അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പിലുള്ള ഫയലിൽ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് പ്രത്യേക അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ രാജാസ് ഗവ. ഹയർ സെക്കന്ററി സ്കൂളിന് എസ്.പി.സി. പദ്ധതി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ലഭിച്ച അപേക്ഷ സർക്കാരിന്റെ പരിശോധനയിലാണ്. മറാക്കര ഹയർ സെക്കന്ററി സ്കൂളിൽ നിന്നും എസ്.പി.സി. പദ്ധതി അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടില്ല. പ്രസ്തുത അപേക്ഷ ലഭിക്കുന്ന പക്ഷം മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിക്കുന്നതാണ്.

## ലൈംഗികാതിക്രമ കേസുകൾ

108 (5507) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗികാതിക്രമ കേസുകളുടെ ആദ്യഘട്ടത്തിലെ തെളിവ് ശേഖരണത്തിനും സമഗ്ര പരിചരണത്തിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ചട്ടം പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ലൈംഗികാതിക്രമ കേസുകളിൽ സ്വീകരിക്കേണ്ട നടപടികളെ വ്യക്തമാക്കികൊണ്ടുള്ള സർക്കുലറുകളും എക്സിക്യൂട്ടീവ് ഡയറക്ടീവുകളും സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

## പുളിയനം സ്കൂളിൽ പഠനോപകരണങ്ങൾ മോഷണം പോയ കേസ്

109 (5510) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ പുളിയനം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പഠനോപകരണങ്ങൾ മോഷണം പോയ സംഭവത്തിൽ അങ്കമാലി പോലീസ് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിലെ മോഷണവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ അങ്കമാലി പോലീസിൽ ലഭ്യമായിട്ടുണ്ടെന്നും ഇതിൽ എത്ര പരാതികളിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിൽ പോലീസ് വരുത്തിയ വീഴ്ചയും കെടുകാര്യസ്ഥതയും ഉന്നത ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കേസ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംഭവവുമായി ബന്ധപ്പെട്ട് 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരം താഴെ കൊടുക്കുന്നു.

1. സ്കൂളിലെ ഓഫീസ് മുറിയിലെ മേശ ഒരു തൊട്ടി ഉപയോഗിച്ച് ജനലിനടുത്തേയ്ക്ക് വലിച്ചടുപ്പിച്ച് മേശപ്പുറത്ത് വച്ചിരുന്ന HCL ലാപ്ടോപ്പ് (Rs.35,000), Mother Bord, RAM (Rs.12,000) എന്നിവ മോഷണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ക്രൈം. 1121/19 U/s. 457, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. സ്കൂളിലെ യു.പി. വിഭാഗത്തിലെ ലാബിന്റെ പൂട്ട് പൊളിച്ച് അകത്തുകയറി Projector (Rs.25,000), Speaker (Rs.750), Net Modem (Rs 1600) എന്നിവ മോഷണം ചെയ്തതുമായി ബന്ധപ്പെട്ട് ക്രൈം 1618/19 U/s. 457, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. സ്കൂളിലെ കമ്പ്യൂട്ടർ ലാബിന്റെ പൂട്ട് കുത്തിത്തുറന്ന് അകത്തു കയറി ലാബിൽ സൂക്ഷിച്ചിരുന്ന LCD Monitor-1, CPU-2, RAM-2 എന്നിവ മോഷണം ചെയ്തെടുത്തും കമ്പ്യൂട്ടർ ലാബിലുണ്ടായിരുന്ന അനുബന്ധ ഉപകരണങ്ങൾ 1,60,000 രൂപയുടെ നാശനഷ്ടം വരുത്തുകയും ചെയ്ത കേസ്സുമായി ബന്ധപ്പെട്ട് ക്രൈം. 1784/19 U/s. 457, 380, 461 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മോഷണവുമായി ബന്ധപ്പെട്ട് നാളിതുവരെ ലഭിച്ച മൂന്ന് പരാതികളിൽ മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം നടന്നുവരുന്നു.

(സി) പുളിയനം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ മോഷണം ഉൾപ്പെടെയുള്ള School Theft കേസുകൾ അന്വേഷണം നടത്തുന്നതിനായി DYSP- യുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പ്രവർത്തിച്ചു വരുന്നുണ്ട്.

**സുരേഷ്ബാബു വധക്കേസ്**

110 (5512) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ സുരേഷ്ബാബു വധകേസ്സിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രതികൾക്ക് അനധികൃതമായി പരോൾ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാളിതുവരെ ഈ പ്രതികൾക്ക് അനുവദിച്ചിട്ടുള്ള പരോളിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശിക്ഷിക്കപ്പെട്ട പ്രതികളുടെ പേരുവിവരം ചുവടെചേർക്കുന്നു :

1. മുഹമ്മദ് ഹാഷിം, S/o. മുഹമ്മദാലി, പള്ളിമഞ്ഞാലിൽ വീട്, കരിക്കോട് വില്ലേജ്, പെരുമ്പിലാവ്.
2. ബാലാജി എം. S/o. രാമൻ നായർ, മുല്ലത്ത് പള്ളിശ്ശേരി വീട്, കൊരട്ടിക്കര
3. ഉമ്മർ S/o. കുഞ്ഞിമോൻ, എതുക്കര വീട്, പെരുമ്പിലാവ്.
4. മുരളീധരൻ S/o. നീലകണ്ഠൻ എളയത്ത് മുല്ലപ്പള്ളി ഇല്ലം, കടവല്ലൂർ, കൊരട്ടിക്കര
5. മജീദ് S/o. ഉമ്മർ, പതിയത്ത് പാറമ്മൽ വീട്, പെരുമ്പിലാവ്

<u>പ്രതികളിൽ മരണപ്പെട്ടവർ</u>

6. അബുബെക്കർ, മുണ്ടംപ്ലാക്കിൽ വീട്, ഒറ്റപ്ലാവ്, പെരുമ്പിലാവ്

7. സെയ്തു്, വെട്ടംതാട്ടയിൽ വീട്, മണിയറക്കാട്, പെരുമ്പിലാവ്

(ബി) ജയിൽ ചട്ടപ്രകാരമുള്ള അവധി മാത്രമേ അനുവദിച്ചിട്ടുള്ളൂ.

(സി) ഓരോ പ്രതികൾക്കും അടിയന്തര അവധിയും സാധാരണ അവധിയും അനുവദിച്ചതിന്റെ വിശദവിവരം അനുബന്ധമായി *ചേർക്കുന്നു.

## രാജ്യദ്രോഹക്കുറ്റം സംബന്ധിച്ച കേസുകൾ

111 (5514) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പോലീസ് രാജ്യദ്രോഹക്കുറ്റം ചുമത്തി എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുപ്രകാരം എത്രപേരെ അറസ്റ്റുചെയ്തു; അറസ്റ്റുചെയ്തവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 152 പേർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തിയിട്ടുണ്ട്. തിരിച്ചറിയപ്പെട്ട 29 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 കേസുകളിൽ 3 എണ്ണം വിചാരണയിലും ബാക്കി 9 എണ്ണം അന്വേഷണത്തിലുമാണ്. മറ്റ് വിശദാംശങ്ങളിൽ വെളിപ്പെടുത്താൻ കഴിയാത്തവയും ഉൾപ്പെടുന്നതാകയാൽ വെളിപ്പെടുത്താൻ കഴിയുകയില്ല.

## വെള്ളയിൽ പോലീസ് രജിസ്റ്റർ ചെയ്ത 65/2019 നമ്പർ കേസിന്റെ അന്വേഷണം

112 (5515) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളയിൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 65/2019 കേസിന്റെ അന്വേഷണം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ് ജാമ്യം കിട്ടാവുന്നതാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രതി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേതാവാണോ; പ്രതിയെ ചോദ്യം ചെയ്തിട്ടുണ്ടോ;

(ഡി) അന്വേഷണം നീണ്ടുപോവുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വെള്ളയിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 65/2019 U/s. 465, 469, 471 IPC ആയി രജിസ്റ്റർ ചെയ്ത കേസ് കോഴിക്കോട് സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തിവരുന്നു. കേസിന്റെ FIR കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ടി കേസുമായി ബന്ധപ്പെട്ട സ്വീഷൻ മഹസ്സർ പ്രകാരം നിയമാനുസൃതം ബന്ധവസ്സിലെടുത്ത എല്ലാ രേഖകളും കോടതി മുൻപാകെ ഹാജരാക്കിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി കേസുമായി ബന്ധപ്പെട്ട പലരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്. കേസിനാസ്പദമായ പത്രസമ്മേളനം നടന്നത് കോഴിക്കോട് ലീഗ് ഹൗസിൽവച്ചാണെന്ന് വെളിവായതിനാൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ സംഭവസ്ഥലം മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണ്. കൂടാതെ പത്രസമ്മേളനത്തിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതാണ്.

(ബി) എഫ്.ഐ.ആർ.-ലെ വകുപ്പുകൾ പ്രകാരം പ്രതിക്ക് പോലീസിൽനിന്ന് ജാമ്യം കിട്ടാവുന്നതാണ്.

(സി) പ്രതി യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയാണ്. പ്രതിയെ ചോദ്യം ചെയ്തിട്ടുണ്ട്.

(ഡി) പത്രസമ്മേളനത്തിൽ പ്രതി വിതരണം ചെയ്ത രേഖകൾ കണ്ടെത്തുന്നതിനും കേസിലേയ്ക്കാവശ്യമായ തെളിവുകൾ ശേഖരിക്കുന്നതിനും പത്രസമ്മേളനത്തിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

**യു.എ.പി.എ. നിയമം**

113 (5516) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 കാലയളവിലെ യു.ഡി.എഫ്. സർക്കാർ എത്ര കേസ്സുകളിൽ യു.എ.പി.എ ചുമത്തിയിരുന്നു; വിശദവിവരം അറിയിക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ രാഷ്ട്രീയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണെന്നുള്ള വിവരം അറിയിക്കുമോ;

(സി) പിന്നീട് ഇത്തരം കേസുകളിൽ എത്ര എണ്ണം അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) യു.എ.പി.എ നിയമം ഒരു കേസിൽ ചുമത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 168 കേസുകൾ യു.എ.പി.എ. പ്രകാരമുള്ള വകുപ്പുകൾ ചുമത്തിയിരുന്നു. വിശദവിവരം അനുബന്ധമായി* ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(ബി) 6 കേസുകൾ. വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

(സി) ഇതിൽ 9 കേസുകളിൽ യു.എ.പി.എ. പിൻവലിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(ഡി) കേന്ദ്ര സർക്കാർ നിയമംമൂലം നിരോധിച്ച സംഘടനകളുടെ ഭരണഘടന, ലഘുലേഖകൾ, മറ്റ് രേഖകൾ കൈവശം വയ്ക്കുന്നത് തടയുന്നതിനും രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവൃത്തികളിലേർപ്പെടുന്ന സംഘടനകൾ/ വ്യക്തികൾ എന്നിവർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏത് നിയമത്തിന്റെ പരിധിയിൽ വരുന്നുവെന്ന് നിശ്ചയിക്കുന്നത്. ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ യു.എ.പി.എ. വകുപ്പ് പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് യു.എ.പി.എ. കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കുറ്റ സമ്മതമൊഴി ജില്ലാ പോലീസ് മേധാവിമാർ എടുക്കേണ്ടതും ആയത് വീഡിയോയിൽ പകർത്തേണ്ടതുമാണ്. യു.എ.പി.എ. കേസ് രജിസ്റ്ററായാൽ ഡിവൈ.എസ്.പി./എ.എസ്.പി. അന്വേഷിക്കേണ്ടതും ടി കേസുകളിൽ ഫസ്റ്റ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് സൂപ്രണ്ട് ആയിരിക്കണമെന്നും സെക്കന്റ് ലെവൽ സൂപ്പർവൈസറി ഓഫീസർ പോലീസ് ഇൻസ്പെക്ടർ ജനറലായിരിക്കും. യു.എ.പി.എ. കേസുകളിൽ കോടതിക്ക് മുൻപാകെ ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യുന്നതിന് സർക്കാരിന്റെ പ്രോസിക്യൂഷൻ അനുമതി ആവശ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

114 (5519) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ദേശീയ പാതയിൽ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഓച്ചിറ വരെയുള്ള ഭാഗങ്ങളിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത വവ്വാക്കാവ്, പുത്തൻതെരുവ്, ചങ്ങൻകുളങ്ങര ക്ഷേത്ര ജംഗ്ഷൻ എന്നിവിടങ്ങളിൽ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ;

(സി) ദേശീയ പാതയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്ന പ്രസ്തുത മണ്ഡലത്തിൽ പുതിയകാവിലെ സിഗ്നൽ പോയിന്റിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുകാരെ നിയോഗിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഓച്ചിറവരെയുള്ള ഭാഗങ്ങളിൽ കൺട്രോൾ റൂം വെഹിക്കിൾ, ഹൈവേ പോലീസ് എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി പട്രോളിംഗും വാഹനപരിശോധനയും നടത്തി ഗതാഗത നിയമ ലംഘനവും വാഹന അപകടവും നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

(ബി) വവ്വാക്കാവ് ജംഗ്ഷനിൽ ഹോം ഗാർഡിനെ നിയമിച്ചിട്ടുണ്ട്. പുത്തൻതെരുവ്, ചങ്ങൻകുളങ്ങര എന്നിവിടങ്ങളിൽ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വാഹനതിരക്ക് അനുഭവപ്പെടുന്ന സമയങ്ങളിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുദ്യോഗസ്ഥരെ ഇവിടെ നിയോഗിച്ചുവരുന്നു.

## കേരളത്തെ ട്രാഫിക് സാക്ഷരതാ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന് നടപടി

115 (5520) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് കൊച്ചിയിൽ ആരംഭിച്ച സി. സി. വിജിൽ, തിരുവനന്തപുരത്ത് ആരംഭിച്ച റ്റി. സി. വിജിൽ എന്നീ പദ്ധതികൾ വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കേരളം മുഴുവൻ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) കേരളത്തെ ട്രാഫിക് സാക്ഷരതാ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനും ട്രാഫിക് കുറ്റങ്ങൾ ഒഴിവാക്കുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്ന തിനുമായി പോലീസ് വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചിയിൽ സി.സി. വിജിൽ എന്ന പദ്ധതി കേരള പോലീസ് നടപ്പിലാക്കിയിട്ടില്ലാത്തതാണ്. എന്നാൽ തിരുവനന്തപുരം സിറ്റിയിലെ റ്റി.സി. വിജിൽ, കോഴിക്കോട് സിറ്റിയിലെ സി.സി. വിജിൽ, എന്നീ പദ്ധതികൾ വിജയകരമായി നടന്നുവരുന്നു. പദ്ധതി വഴി പൊതുജനങ്ങൾക്ക് അവരുടെ ശ്രദ്ധയിൽപ്പെടുന്ന ട്രാഫിക് സംബന്ധമായ കുറ്റകൃത്യങ്ങൾ അവരുടെ മൊബൈൽ ഫോണിൽ പകർത്തി കോഴിക്കോട് സിറ്റിയിലെ വാട്സാപ്പ് നമ്പരായ 6238488686-ലേയ്ക്കും തിരുവനന്തപുരം സിറ്റിയിലെ വാട്സാപ്പ് നമ്പരായ 9497975000-ലേക്കും അയയ്ക്കുന്നതിനും അതുവഴി നിയമലംഘനം നടത്തുന്നവർ ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ട്രാഫിക് നിയമലംഘനങ്ങളുടെ പരിശോധനയ്ക്കായി ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

116 (5521) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം എത്രത്തോളം സഹായകര മാകുമെന്ന് വ്യക്തമാക്കുമോ;

(സി) ട്രാഫിക്ക് നിയമലംഘനങ്ങളുടെ പരിശോധനയിലൂടെ പോലീസുദ്യോഗസ്ഥർ അഴിമതി നടത്തുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്നതിന് ഈ സംവിധാനം പര്യാപ്തമാകുമോ;

(ഡി) ട്രാഫിക് നിയമങ്ങളുടെ ലംഘനങ്ങളും പിഴയടയ്ക്കലും അപകടമുണ്ടായാൽ അതിനെത്തുടർന്നുള്ള നടപടികളും മറ്റും തികച്ചും സുതാര്യവും നീതിപൂർവ്വവും ആയ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് ഈ സംവിധാനം ഉപകാരപ്പെടുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി അപകടസാധ്യതയേറിയ റോഡുകളിലെല്ലാം ആധുനിക സംവിധാനങ്ങളോടുകൂടിയ ക്യാമറകൾ സ്ഥാപിക്കുകയും അവയിലൂടെ നിയമലംഘനങ്ങൾ സ്വമേധയാ റിക്കാർഡ് ചെയ്യപ്പെടുകയും വിവരങ്ങൾ സെൻട്രൽ കൺട്രോൾ റൂമിൽ ലഭ്യമാവുകയും ചെയ്യും. ഓരോ നിയമ ലംഘനത്തിനും നിയമ നടപടികൾ ഉറപ്പാകുന്നതോടെ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കുകയും നിയമലംഘനങ്ങൾ കുറയുകയും ചെയ്യും. റോഡ് നിയമങ്ങൾ പാലിക്കപ്പെടുന്നതോടെ സുരക്ഷിതമായ റോഡ് ഗതാഗതം സാധ്യമാകുന്നതാണ്.

(സി&ഡി) ഈ പദ്ധതി പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതിനാൽ അഴിമതിക്കുള്ള സാധ്യത ഇല്ലാത്തതാണ്. ആയതിനാൽ ട്രാഫിക് നിയമങ്ങളുടെ ലംഘനങ്ങളും പിഴ അടയ്ക്കലും അപകടമുണ്ടായാൽ അതിനെ തുടർന്നുള്ള നടപടികളും മറ്റും തികച്ചും സുതാര്യവും നീതിപൂർവ്വകവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് സഹായകമാണ്.

## പുതിയ പോലീസ് സ്റ്റേഷനുകൾ

117 (5522) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പൊലീസ് മേധാവി ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൊല്ലം റൂറൽ പോലീസ് പരിധിയിൽ വാളകം ആസ്ഥാനമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക സർക്കാരിൽ ലഭ്യമായിട്ടില്ല.

## സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സംവിധാനം

118 (5523) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഷണശ്രമം തത്സമയം കണ്ടെത്താനും അത് കേന്ദ്രീകൃത സംവിധാനത്തിലൂടെ പോലീസ് ആസ്ഥാനത്ത് അറിയുന്നതിനും, നടപടി സ്വീകരിക്കുന്നതിനും വേണ്ടി രൂപീകൃതമായ സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിങ് സംവിധാനം പോലീസിൽ പ്രവർത്തനക്ഷമമായോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം എങ്ങനെയെന്ന് വിശദീകരിക്കുമോ; ഈ സംവിധാനം നടപ്പിലാക്കുന്നത് ഏത് വ്യവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിൽ സ്വകാര്യ പങ്കാളിത്തമുണ്ടോ; എങ്കിൽ ഏത് സ്വകാര്യ കമ്പനിക്കാണ് പങ്കാളിത്തമുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത സ്വകാര്യ കമ്പനി ഏതു വർഷം രൂപീകൃതമായെന്നും ഇവർക്ക് ഈ മേഖലയിൽ എത്ര വർഷം മുൻകാല പരിചയം ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടോ; എങ്കിൽ ഏത് പൊതുമേഖലാ സ്ഥാപനത്തിനാണെന്നും ഏതൊക്കെ മേഖലയിലാണ് പ്രസ്തുത സ്ഥാപനത്തിന്റെ ഇടപെടലുകളെന്നും വിശദമാക്കാമോ;

(ഡി) ഒരു സ്വകാര്യ കമ്പനിയ്ക്ക് പോലീസ് ആസ്ഥാനത്ത് ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുന്നതിന് അനുമതി നൽകിയത് വിശദപഠനത്തിനു ശേഷമാണോയെന്നും പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും കമ്പനിയുടെ ഈ രംഗത്തെ പാരമ്പര്യം എന്താണെന്നും വ്യക്തമാക്കാമോ; കമ്പനിയുടെ കഴിഞ്ഞ 5 വർഷത്തെ ആനുവൽ ഓഡിറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സംവിധാനം ചെയ്യുന്നതിന് ഓപ്പൺ ടെൻഡർ നടത്തിയാണോ ഈ കമ്പനിയെ തെരഞ്ഞെടുത്തത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത കമ്പനിയെ തെരഞ്ഞെടുക്കുന്നതിന് ഏത് തരം ടെണ്ടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെ പത്രത്തിൽ പരസ്യം നൽകിയാണ് ടെണ്ടർ നടപടികൾ നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) കെൽട്രോണും കേരള പോലീസും കൂടി നടത്തി വരുന്ന എത്ര പ്രോജക്ടുകൾ നിലവിൽ ഉണ്ട്; ഇവയിൽ എത്രയെണ്ണം വിജയകരമായി നടക്കുന്നു എന്ന് വിശദമാക്കാമോ;

(എഫ്) സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിങ് സംവിധാനം നടപ്പിൽ വരുത്തുന്നതിൽ കെൽട്രോണിന് മുൻകാല പരിചയമുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 7-1-2019 സ.ഉ. (കൈ) നമ്പർ 3/2019/ ആഭ്യന്തരം ഉത്തരവ് പ്രകാരം സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS)എന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 4-10-2019 മുതൽ പോലീസ് ആസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ സാമ്പത്തിക ബാധ്യതയുമുണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്.

(ബി) CIMS സംവിധാനം നടപ്പാക്കുന്നതിന് കെൽട്രോണിന് സ്വകാര്യ കമ്പനിയുമായി പങ്കാളിത്തമുണ്ട്. സ്വകാര്യ കമ്പനിയായ M/s Vostoc Trading LLC യും അവരുടെ പാർട്ണർ കമ്പനിയായ M/s Galaxon International Pvt. Ltd. ഉം ആയാണ് പങ്കാളിത്തം. M/s Vostoc Trading LCC രൂപീകൃതമായത് 12-9-1998 ലാണ്. പ്രസ്തുത കമ്പനിക്ക് ബന്ധപ്പെട്ട മേഖലയുമായി 8 വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. M/s. Galaxon International Pvt. Ltd. രൂപീകൃതമായത് 10-07-2017-ലാണ്. പ്രസ്തുത കമ്പനി M/s Vostoc Trading LCC യുടെ പാർട്ണർ കമ്പനിയാണ്. M/s Galaxon International Pvt. Ltd. കമ്പനിയെക്കുറിച്ചുള്ള രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ഉണ്ട്. പ്രസ്തുത പദ്ധതി കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ വഴിയാണ് നടപ്പാക്കുന്നത്. CIMS സംസ്ഥാന വ്യാപകമായി Public/ Private സ്ഥാപനങ്ങളിലെ Asset-കളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും ഏതെങ്കിലും വിധേന മോഷണശ്രമം നടത്തിയാൽ തത്സമയം തന്നെ പോലീസിന്റെ ഇടപെടൽ ഉണ്ടാകുന്നതിനുവേണ്ടി കെൾട്രോണും പോലീസും സംയുക്തമായി നടപ്പിലാക്കുന്ന പ്രോജക്ട് ആണ്. ഇത് Banks, Jewellery, ATMs, Treasury, Co-operative Banks, Mobile Shops, Electronics Shops, Supermarkets, Hypermarkets, Malls, Public/Private Offices എന്നിവിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാനാണ്.

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി കേരള പോലീസ് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയത്. തുടർന്ന് കെൽട്രോൺ സാങ്കേതിക സഹായിയെ തെരഞ്ഞെടുക്കുവാൻ വേണ്ടി ഗവൺമെന്റ് ഇ-ടെണ്ടർ സൈറ്റ് വഴി

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓപ്പൺ ടെണ്ടർ വിളിക്കുകയും പ്രസ്തുത ടെണ്ടറിൽ 2 കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. തുടർന്നുള്ള ടെണ്ടർ നടപടി ക്രമങ്ങളിൽ M/s. Galaxon International Pvt. Ltd. നെ സാങ്കേതിക സഹായിയായി തെരഞ്ഞെടുക്കുകയും ചെയ്തു. ടെണ്ടർ പ്രകാരമുള്ള കമ്പനിയുടെ മൂന്ന് വർഷത്തെ ആനുവൽ ആഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) കെൽട്രോണും കേരള പോലീസുംകൂടി 22 പ്രോജക്ടുകൾ നടത്തിവരുന്നു. എല്ലാ പ്രോജക്ടുകളും വിജയകരമായ രീതിയിൽ നടത്തിവരുന്നു.

(എഫ്) ഇല്ല. ഇന്ത്യയിൽത്തന്നെ ആദ്യമായിട്ടാണ് സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നത്.

**വർക്കല പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

119 (5524) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2018-2019-ൽ 130 ലക്ഷം രൂപയും 2020-2021-ൽ 9.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 139.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം ആണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്.

(സി) നിർമ്മാണ ചുമതല ഹാബിറ്റാറ്റിനെ ഏൽപ്പിക്കുകയും അഡ്വാൻസ് തുകയായി 27,90,000 രൂപ നൽകിയിട്ടുമുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെണ്ണലയിൽ പുതിയ പോലീസ് സ്റ്റേഷൻ

120 (5525) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വെണ്ണലയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ വെണ്ണല ആസ്ഥാനമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക സർക്കാരിൽ ലഭ്യമായിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ചവയും മുൻപ് അനുമതി നൽകിയവയുമായ പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കിയതിനുശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## വൈക്കം പോലീസ് ക്വാർട്ടേഴ്സിന്റെ നവീകരണം

121 (5526) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം പോലീസ് ക്വാർട്ടേഴ്സിൽ ആകെ എത്ര ക്വാർട്ടേഴ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വാസയോഗ്യമല്ലാത്തവ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) വാസയോഗ്യമല്ലാത്ത ക്വാർട്ടേഴ്സുകൾ നീക്കം ചെയ്ത് പുതിയ ക്വാർട്ടേഴ്സ് സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വൈക്കം പോലീസ് സ്റ്റേഷൻ പരിധിയിൽ ആകെ 26 പോലീസ് ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്.

(ബി) ഇതിൽ 14 ക്വർട്ടേഴ്സുകളാണ് വാസയോഗ്യമല്ലാത്തത്.

(സി) ജീർണ്ണാവസ്ഥയിലുള്ള ക്വാർട്ടേഴ്സുകൾ ലേലം ചെയ്യുന്നതിലേയ്ക്ക് സർവ്വേ റിപ്പോർട്ടിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. പുതിയ ക്വാർട്ടേഴ്സുകൾ തൽക്കാലം പരിഗണനയിലില്ല.

## പിറവം മുൻ മുനിസിപ്പൽ വൈസ് ചെയർപേഴ്സണിനെതിരെ കേസ്

122 (5527) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തനത്തിന്റെ ഭാഗമായി സ്വന്തം വാർഡിലെ സരോജിനി ഭാസ്കരൻ എന്ന രോഗിയ്ക്ക് ചികിത്സ നിഷേധിക്കപ്പെട്ട വിവരം അന്വേഷിക്കാൻ 21-10-2019-ന് പിറവം താലൂക്ക് ആശുപത്രിയിൽ എത്തിയ മുൻ പിറവം മുനിസിപ്പൽ വൈസ് ചെയർപേഴ്സണും നിലവിൽ കൗൺസിലറുമായ ഐഷാ മാധവനെതിരെ പിറവം പോലീസ് കേസെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേസെടുക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തിരിക്കുന്നത്;

(സി) കേസെടുക്കുന്നതിന് മുൻപ് പ്രസ്തുത ജനപ്രതിനിധിയ്ക്ക് പറയാനുള്ളത് പോലീസ് കേട്ടിരുന്നോ എന്നും ഇല്ലെങ്കിൽ അതിന്റെ സാഹചര്യമെന്താണെന്നും അറിയിക്കുമോ?

ഉത്തരം

(എ) പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പിറവം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ ക്യാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസർ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ടി ഡോക്ടറുടെ ഡ്യൂട്ടി തടസ്സപ്പെടുത്തിയതിന് പിറവം പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1444/2019 U/s 447, 353, 506(1), 34 IPC & 3 r/w 4 of Kerala Health Care Service persons and Health care Institutions (Prevention of Violence and damages of Properties) Act 2012 പ്രകാരം പിറവം മുനിസിപ്പൽ കൗൺസിലർ ഐഷാ മാധവനും കണ്ടാലറിയാവുന്ന മറ്റ് രണ്ട് പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഡോക്ടറുടെ പരാതി ലഭിച്ചതിനുശേഷം സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നതിന് പിറവം മുനിസിപ്പൽ കൗസിലർ ഐഷാ മാധവനെ പിറവം പോലീസ് സ്റ്റേഷൻ എസ്.ഐ. പലതവണ ഫോണിൽ ബന്ധപ്പെട്ട് നടപടി ആവശ്യമുണ്ടെങ്കിൽ രേഖാമൂലം പരാതി നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ലാത്തതാണ് എന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## പി.എസ്.സി. പരീക്ഷാ തട്ടിപ്പുകേസിലെ ക്രൈംബ്രാഞ്ച് അന്വേഷണം

123 (5528) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയുമായി ബന്ധപ്പെട്ട് 2019-ൽ നടന്ന പരീക്ഷാ തട്ടിപ്പുകേസ്സിലെ ക്രൈംബ്രാഞ്ച് അന്വേഷണം മരവിച്ച നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) യൂണിവേഴ്സിറ്റി കോളേജിൽ നിന്നുമാണ് ചോദ്യപേപ്പർ ചോർന്നതെന്ന് വ്യക്തമായിട്ടും ആരാണ് അതിന് പിന്നിലെന്ന് കണ്ടെത്തുവാൻ നാളിതുവരെ ക്രൈംബ്രാഞ്ചിന് കഴിഞ്ഞില്ലായെന്നത് പ്രസ്തുത അന്വേഷണ സംഘത്തിന്റെ വീഴ്ചയല്ലേയെന്നത് പരിശോധിക്കുമോ;

(ഡി) പി.എസ്.സി.-യുടെ വിശ്വാസ്യത വീണ്ടെടുക്കുവാൻ പരീക്ഷാത്തട്ടിപ്പ് സംബന്ധിച്ച സമഗ്രാന്വേഷണം സി.ബി.ഐ.യെ ഏല്പിക്കുന്നത് പരിഗണിക്കുമോ; സർക്കാർ പ്രസ്തുത അന്വേഷണത്തിനെ എതിർക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്ത മാക്കാമോ;

(ഇ) പ്രസ്തുത പരീക്ഷാ ക്രമക്കേടിനെ തുടർന്ന് പി.എസ്.സി.യുടെ പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(എഫ്) അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ പരീക്ഷാ നടത്തിപ്പിനായി ഏർപ്പെടുത്തുന്നതോടൊപ്പം ഓരോ പരീക്ഷാ കേന്ദ്രത്തിലും പരീക്ഷാ നടത്തിപ്പിനായി പി.എസ്.സി.-യിലെ ഒരുദ്യോഗസ്ഥൻ ചുമതല വഹിക്കുന്ന തരത്തിൽ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(ജി) അതിനാവശ്യമായ ജീവനക്കാർ പി.എസ്.സി.-യിൽ ഇല്ലായെങ്കിൽ മതിയായ ജീവനക്കാരെ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേസന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു.

(സി) അന്വേഷണത്തിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ ഇക്കാര്യത്തിൽ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

(ഇ-ജി) ഓരോ പരീക്ഷാ കേന്ദ്രത്തിലും പി.എസ്.സി.-യിലെ ഉദ്യോഗസ്ഥൻ ചുമതല വഹിക്കുന്ന രീതിയിൽ പരീക്ഷാ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കർശന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ചളവറ ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ

124 (5529) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ ലഭിക്കുവാൻ അനുമതി നൽകുന്നതിലേക്കായി 4-4-2019-ന് എം.എൽ.എ. ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നമ്പറും ഈ ഫയലിന്റെ നാൾ വഴി നടപടിക്രമവും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ ലഭിക്കുവാൻ അനുമതി നൽകുന്നതിലേയ്ക്കായി ശ്രീ. പി. കെ. ശശി, എം.എൽ.എ. സമർപ്പിച്ച അപേക്ഷ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിൽ ആഭ്യന്തരം-എസ്.എസ്.എ. 4/393/ 2019-ആഭ്യന്തരം എന്ന ഫയലിൽ പരിശോധിക്കുകയും 1-10-2019-ൽ പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അയയ്ക്കുകയും പാലക്കാട് ജില്ലാ കളക്ടർ 11-11-2019-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പള്ളി പണി പൂർത്തീകരിച്ച നടപടി ക്രമീകരിച്ച് നൽകണമെന്ന ആവശ്യത്തിന്മേൽ ചില വ്യക്തതകൾ വരുത്തുന്നതിനായി 13-11-2019-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

## മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ തസ്തിക സൃഷ്ടിക്കൽ

125 (5531) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ പോലീസ് വാഹനങ്ങൾക്ക് അനുസൃതമായി സബ് ഇൻസ്പെക്ടർമാരും ഇൻസ്പെക്ടർമാരും മറ്റ് ഉദ്യോഗസ്ഥരും നിലവിലുണ്ടോ; ജില്ല തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ;

(സി) മോട്ടോർ വാഹന വിംഗിൽ സബ് ഇൻസ്പെക്ടർമാരുടെയും ഇൻസ്പെക്ടർമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചതെന്നാണ്; അറിയിക്കുമോ;

(ഡി) വാഹനങ്ങൾക്ക് ആനുപാതികമായി പ്രസ്തുത തസ്തികകൾ ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) പോലീസിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| എസ്.പി. (എം.റ്റി.) | 1 |
| എ.ഡി.(എം.റ്റി.) | 1 |
| ഡിവൈ.എസ്.പി. (എം.റ്റി.) | 5 |
| എം.റ്റി.ഐ. | 7 |
| എം.റ്റി.എസ്.ഐ. | 7 |
| എച്ച്.സി. മെക്കാനിക് | 30 |
| പി.സി. മെക്കാനിക്/ഫിറ്റർ | 61 |
| ഇലക്ട്രീഷ്യൻ | 35 |
| പെയിന്റർ | 26 |
| കാർപെന്റർ | 37 |
| ബ്ലാക്ക് സ്മിത്ത് | 13 |

(ബി) പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ശരിയായ പരിപാലനത്തിനായി സാങ്കേതിക പരിജ്ഞാനമുള്ള

- രണ്ട് എസ്.പി.മാരുടെയും [എസ്.പി (എം.റ്റി.), പി.എച്ച്.ക്യൂ.എ.ഡി. (എം.റ്റി.), KEPA]
- 5 ഡിവൈ.എസ്.പി. (എം.റ്റി.)മാരുടേയും (തിരുവനന്തപുരം റേഞ്ച്, കൊച്ചി റേഞ്ച്, കണ്ണൂർ റേഞ്ച്, ഐ.ആർ. ബറ്റാലിയൻ, പി.എച്ച്.ക്യൂ.)
- 7 മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർമാരുടേയും (തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, ക്രൈം ബ്രാഞ്ച് കൊച്ചി സിറ്റി, പോലീസ് ആസ്ഥാനം, ഐ.ആർ. ബറ്റാലിയൻ, കേരള പോലീസ് അക്കാദമി, എം.എസ്.പി. റേഞ്ച് വർക്ക് ഷോപ്പ്)
- 7 മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെയും (കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സിറ്റി, പാലക്കാട്, കണ്ണൂർ, ആർ.ആർ.ആർ.എഫ്.) തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥരെ വാഹന പരിപാലന കാര്യത്തിൽ സഹായിക്കുന്നതിലേയ്ക്കായി പോലിസ് ജില്ലകളിലും ബറ്റാലിയനുകളിലും സ്പെഷ്യൽ യൂണിറ്റുകളിലുമായി 30 ഡ്രൈവർ എസ്.ഐ. മാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 17-1-2017-ലെ സ.ഉ. (കൈ) 07/2017/ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിൽ സൃഷ്ടിച്ച 400 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരിൽ നിന്നും 38 എണ്ണം ഡ്രൈവർ ഹെഡ് കോൺസ്റ്റബിൾ തസ്തികയായും 19 എണ്ണം ഡ്രൈവർ എ.എസ്.ഐ. തസ്തികയായും അപ്ഗ്രേഡ് ചെയ്തുകൊണ്ട് 6-3-2019-ലെ സ.ഉ. (കൈ) 28/2019 ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) 1995-ൽ ആർ.ആർ.ആർ.എഫ്.-ൽ എം.റ്റി.എസ്.ഐ. മാരുടെ തസ്തികയും 2012-ൽ ഐ.ആർ. ബറ്റാലിയനിൽ എം.റ്റി.ഐ.-യുടെ തസ്തികയുമാണ് അവസാനമായി സൃഷ്ടിച്ചിട്ടുള്ളത്.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പുതിയ വാഹനങ്ങളെല്ലാം AMC (Annual Maintence Contract) വ്യവസ്ഥയിലാണ് വാങ്ങുന്നത്. ആയതിനാൽ ഈ വാഹനങ്ങളുടെ റിപ്പയർ അതാത് കമ്പനികളിൽ നിക്ഷിപ്തമാണ്.

(ഇ) പോലീസ് വകുപ്പിൽ കാലപ്പഴക്കംചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 13-11-2019-ലെ സ.ഉ. (സാധാ.) നമ്പർ 3207/2019/ ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മാവോയിസ്റ്റുകളുടെ ആക്രമണം

126 (5532) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ഏതൊക്കെ ജില്ലകളിലാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവോയിസ്റ്റ് ആക്രമണത്തിൽ ആരെങ്കിലും കൊല്ലപ്പെടുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) അട്ടപ്പാടി വനത്തിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവത്തിൽ പോലീസ് വെടിവച്ചത് സ്വയം രക്ഷയ്ക്കാണെന്ന വാദം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) മാവോയിസ്റ്റുകളുടെ ആക്രമണത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റി; വെളിപ്പെടുത്തുമോ;

(ഇ) ഏറ്റുമുട്ടൽ സംഭവങ്ങളിൽ ഉടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന സുപ്രീംകോടതി നിർദ്ദേശം ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ;

(എഫ്) സംഭവ സ്ഥലത്തുനിന്നും വിരലടയാളവും മറ്റ് ശാസ്ത്രീയ തെളിവുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ വനപ്രദേശങ്ങളിലും ആദിവാസി മേഖലകളിലുമാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്ഥിരീകരിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) പോലീസ് റിപ്പോർട്ട് പ്രകാരം 28-10-2019-ൽ പാലക്കാട് അഗളി മേഖലയിൽ മേലേ മഞ്ചിക്കണ്ടി റിസർവ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ. മാവോയിസ്റ്റുകൾ പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ച് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം

തിരികെ വെടിവച്ചതിൽ ഒരു സ്ത്രീ ഉൾപ്പെടെ മൂന്നുപേർ കൊല്ലപ്പെടുകയുണ്ടായി. 29-10-2019-ന് കൊല്ലപ്പെട്ടവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തുന്നതിനായി സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടർ അടങ്ങിയ സംഘത്തിന് നേരെയും മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെ തുടർന്ന് സ്വയരക്ഷാർത്ഥം സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻകൂടി കൊല്ലപ്പെടുകയാണുണ്ടായത്. ഈ സംഭവവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിന്റെ സമഗ്രവും കാര്യക്ഷമവുമായ അന്വേഷണവും നടന്നുവരുന്നു. കൂടാതെ Cr.PC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാ കളക്ടറെ മജിസ്റ്റീരിയൽതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നുവരികയുമാണ്.

(ഡി) ആർക്കും പരിക്ക് പറ്റിയിട്ടില്ല.

(ഇ) യഥാസമയം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഉണ്ട്.

**അങ്കണവാടികൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ**

127 (5533) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്.) പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിലും, വിതരണം ചെയ്യുന്നതിലും വെട്ടിപ്പ് നടത്തുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ വർഷങ്ങളായി ആരും തന്നെ പരിശോധിക്കാത്ത സാഹചര്യം വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി യോഗം ചേർന്നതായി വ്യാജരേഖയുണ്ടാക്കിയ കാര്യം വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ ; അറിയിക്കാമോ;

(ഡി) എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദാംശം നൽകാമോ?

ഉത്തരം

(എ) സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്.) പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങലിലും വിതരണത്തിലും അഴിമതി നടക്കുന്ന എന്നതുമായി ബന്ധപ്പെട്ട് 4-10-2019-ന് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ വെൽഫെയർ' എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനകളിൽ ചില അങ്കണവാടികളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ചില അങ്കണവാടികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്.-ന്റെ കൈവശം സൂക്ഷിക്കുന്ന രജിസ്റ്ററുകളും അങ്കണ വാടികളിലുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മിന്നൽ പരിശോധന റിപ്പോർട്ടുകൾ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിൽ തയ്യാറായിവരുന്നുണ്ട്. ആയത് ലഭിച്ച് സൂക്ഷ്മപരിശോധന നടത്തിയാൽ മാത്രമെ കൃത്യമായ ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ സാധിക്കുകയുള്ളൂ.

## ഖനനാനുമതിക്കുവേണ്ടിയുള്ള അപേക്ഷകളിന്മേൽ വിജിലൻസ് വകുപ്പിന്റെ ഇടപെടൽ

128 (T5534) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ മണൽ, പാറ, കളിമണ്ണ് ഖനനാനുമതിയ്ക്ക് വേണ്ടിയുള്ള അപേക്ഷകളിന്മേൽ വിജിലൻസ് വകുപ്പ് ഇടപെടൽ നടത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര യോഗങ്ങൾ എവിടെയെല്ലാം വച്ച് ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) അപ്രകാരമുള്ള യോഗങ്ങൾ വിളിച്ചു ചേർക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചുചേർത്തിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ചേലക്കര ആസ്ഥാനമായി മുൻസിഫ് മജിസ്ട്രേറ്റ് കോടതി

129 (5535) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേലക്കര, ചെറുതുരുത്തി പോലീസ് സ്റ്റേഷനുകളിൽ ശരാശരി ഒരു വർഷം എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്;

(ബി) ഭൂവിസ്തൃതി കൊണ്ടും ജനസംഖ്യ കൊണ്ടും വലിയ പഞ്ചായത്തുകളാണ് പഴയന്നൂർ, തിരുവില്വാമല, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ, ദേശമംഗലം എന്നത് കണക്കിലെടുത്ത് ചേലക്കര ആസ്ഥാനമാക്കി മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലം പ്രസ്തുത സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| Police Station | 2016 | 2017 | 2018 | Average |
|---|---|---|---|---|
| Chelakkara | 1330 | 795 | 514 | 879.67 |
| Pazhyannur | 1397 | 978 | 702 | 1025.67 |
| Cheruthuruthy | 1311 | 706 | 429 | 815.33 |

(ബി&സി) സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കേണ്ട കോടതികളുടെ മുൻഗണനാ പട്ടിക സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ചേലക്കര മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ സ്ഥലത്ത് കോടതി ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പുതിയ ഫയർ സ്റ്റേഷൻ

130 (5536) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്ന തിനായി വകുപ്പുതലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**അഗ്നിശമന നിലയങ്ങളിൽ ഡ്രൈവർമാരുടെ അഭാവം**

131 (5537) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ നിലവിൽ എത്ര അഗ്നിശമന നിലയങ്ങളാ ണുള്ളത്; അത്രയും നിലയങ്ങളിൽ ആകെ എത്ര വാഹനങ്ങളുണ്ട്; നിലവിലുള്ള അഗ്നിശമന നിലയങ്ങളിലുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര ഫയർമാൻ ഡ്രൈവർ- കം -പമ്പ് ഓപ്പറേറ്റർമാരുടെ തസ്തികകളാണുള്ളത്;

(ബി) അഗ്നിശമന നിലയങ്ങളിലെ ഫയർ വെഹിക്കിൾ വാഹനം ഓടിക്കാൻ ഇരുപത്തിനാലു മണിക്കൂറും ഡ്യൂട്ടി നോക്കുന്നതിന് ആവശ്യമായ ഡ്രൈവർമാർ ഉണ്ടോ; ഇല്ലെങ്കിൽ അഗ്നിശമന പ്രവർത്തനങ്ങൾക്കായി വാഹനങ്ങൾ സമയത്ത് എത്തിച്ചേരാത്ത ഗുരുതരമായ സാഹചര്യം സർക്കാർ ഗൗരവമായി കാണുമോ; അതിന് പരിഹാരമായി ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ തസ്തികകൾ സൃഷ്ടിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഗ്നിശമന സേനയിലേക്ക് വാങ്ങിയിട്ടുള്ള വാഹനങ്ങൾക്ക് ഇരുപത്തിനാലു മണിക്കൂറും ഡ്യൂട്ടി നോക്കുന്നതിനായി ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയതായി വാങ്ങിയ വാഹനങ്ങളുടെ ഉപയോഗം എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) തീപിടുത്തങ്ങൾ, മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ അഗ്നിശമന വാഹനങ്ങൾ യഥാസമയം എത്തിച്ചേരുന്നില്ല എന്നുള്ള പത്ര വാർത്തകൾ നിരന്തരം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്യാഹിതങ്ങൾ ഉണ്ടാകുന്ന സ്ഥലത്തിനടുത്തുള്ള അഗ്നിശമന നിലയങ്ങളിൽ വാഹനങ്ങൾ ഉണ്ടായിട്ടും ഓടിക്കാൻ ഡ്രൈവർമാർ ഇല്ലാത്തതിനാൽ വളരെ ദൂരെയുള്ള അഗ്നിശമന നിലയത്തിൽ നിന്നാണ് വാഹനങ്ങൾ ഓടിയെത്തുന്നത് എന്നുള്ള യാഥാർത്ഥ്യം സർക്കാർ ഗൗരവമായി കാണുമോ;

(ഇ) അഗ്നിശമനസേനാ വിഭാഗത്തിൽ ഫയർമാൻമാരെ നിയമിക്കുമ്പോൾ അവർക്ക് ട്രെയിനിംഗ് കാലയളവിൽ ഡ്രൈവിംഗ് പരിശീലനം നൽകാറുണ്ടോ; എങ്കിൽ അങ്ങനെ പരിശീലനം നൽകുന്നതിന്റെ ഉദ്ദേശ്യം എന്താണ്; ട്രെയിനിംഗ് കാലയളവിൽ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്ത് ജീവനക്കാർ

സേനയിൽ നിലനിൽക്കേ മതിയായ ഡ്രൈവർമാർ ഇല്ലാത്തതിനാൽ അഗ്നിശമന പ്രവർത്തനങ്ങൾക്ക് വാഹനങ്ങൾ ഓടിക്കാൻ പറ്റുന്നില്ല എന്ന ഗുരുതരമായ സാഹചര്യം പരിഹരിക്കുന്നതിനായി ലൈസൻസ് ഉള്ള ഫയർമാൻമാർക്ക് ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുമതി നൽകുമോ ;

(എഫ്) സേനയിലെ നാനൂറോളം വാഹനങ്ങൾ ഉപയോഗമില്ലാതെ പൊതുജനങ്ങൾക്ക് പ്രയോജനരഹിതമായി കിടക്കുമെന്ന സാഹചര്യം എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെ 124 അഗ്നിശമന നിലയങ്ങളാണുള്ളത്. 691 വാഹനങ്ങളാണ് നിലയങ്ങളിൽ അനുവദിച്ചിട്ടുള്ളത്. വകുപ്പിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററുടെ 914 തസ്തികകളാണ് നിലവിലുള്ളത്.

(ബി) ആവശ്യമായ ഡ്രൈവർമാരുണ്ട്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ കുറവുകൊണ്ട് അടിയന്തര സാഹചര്യങ്ങളിൽ വകുപ്പിന്റെ സേവനം ലഭ്യമാകാത്ത സാഹചര്യമുണ്ടായിട്ടില്ല.

(സി) പുതിയതായി വാഹനങ്ങൾ അനുവദിക്കുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കാറില്ല. വകുപ്പിൽനിന്നും കാലഹരണപ്പെട്ട വാഹനങ്ങൾ യഥാസമയം നിരാകരണം ചെയ്ത് ലേലത്തിൽ വിൽക്കാറുണ്ട്. ആയതിന്റെ കുറവ് നികത്തുന്നതിനും വാഹനങ്ങളുടെ കുറവുണ്ടായിരുന്ന നിലയങ്ങളിലേയ്ക്കുമാണ് പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്.

(ഡി) അപകടങ്ങൾ അറിയുന്ന/അറിയിക്കുന്ന മുറയ്ക്ക് അഗ്നിശമന സേന അത്യാഹിത സ്ഥലങ്ങളിൽ യഥാസമയമെത്തി സ്തുത്യർഹമായ സേവനങ്ങൾ കാഴ്ച വയ്ക്കാറുണ്ട്. അപകടങ്ങളുടെ സ്വഭാവമനുസരിച്ചാണ് സംഭവസ്ഥലത്തേയ്ക്ക് വാഹനങ്ങളെ നിയോഗിക്കുന്നത്. ഗുരുതരമായ അപകടങ്ങളുണ്ടാകുമ്പോൾ മാത്രമാണ് ഒരു നിലയത്തിലുള്ള എല്ലാ ക്രൂവും വാഹനങ്ങളും ഒരുമിച്ച് ഉപയോഗിക്കേണ്ടി വരുന്നത്. ഇത്തരം അടിയന്തര സാഹചര്യത്തിൽ അപകടത്തിന്റെ തീവ്രതയ്ക്കനുസരിച്ച് കൂടുതൽ സേനാംഗങ്ങൾ/വാഹനങ്ങൾ/ ഉപകരണങ്ങൾ ആവശ്യമാകുന്ന മുറയ്ക്കാണ് മറ്റ് സമീപസ്റ്റേഷനുകളിൽനിന്ന് ലഭ്യമാക്കാറുള്ളത്.

(ഇ) ഉണ്ട്. ഫയർമാൻ ട്രെയിനി തസ്തികയിലെ ജീവനക്കാർക്ക് പരിശീലനം നൽകുമ്പോൾ ഒരു പരിശീലനാർത്ഥിയുടെ സമഗ്രമായ വ്യക്തിത്വ വികസനം മുൻനിർത്തി പാഠ്യപദ്ധതിയിൽ ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടുത്തി ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ പരിശീലനം നൽകിവരുന്നു. പരിശീലനാർത്ഥികൾക്ക്

സ്വന്തം ചെലവിലാണ് പരിശീലനം നൽകുന്നത്. വകുപ്പിലെ ഫയർ ഫൈറ്റിംഗ് വാഹനങ്ങൾ കൂടുതലും ഹെവി മോട്ടോർ വെഹിക്കിൾസാണ്. വാഹനങ്ങൾ ഓടിക്കുന്നതിന് കൂടുതൽ പരിചയം ആവശ്യമാണ്. മാത്രവുമല്ല വകുപ്പിൽ ഓരോ തസ്തികയ്ക്കുമുള്ള ചുമതലകൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, ഫയർമാൻ എന്നീ തസ്തികകളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നത്. ലൈസൻസുള്ള ഫയർമാൻമാർക്ക് ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലില്ല.

(എഫ്) സേനയിലെ പ്രവർത്തനക്ഷമമായ ഒരു വാഹനവും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമല്ലാതായി മാറ്റിനിർത്താറില്ല.

### കെട്ടിടങ്ങളിലെ ഫയർ ആന്റ് സേഫ്റ്റി സംബന്ധമായ അപാകതകൾ

132 (5538) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് സേഫ്റ്റി സംബന്ധമായ അപാകതകളുള്ള കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ ഫയർ ഫോഴ്സിന് എന്തെങ്കിലും അധികാരങ്ങൾ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം കേസുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഫയർ ഫോഴ്സിന് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) ഫയർ ആന്റ് സേഫ്റ്റി സംബന്ധമായ അപാകതകളുള്ള കെട്ടിടങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് അഗ്നിരക്ഷാ വകുപ്പിന് അധികാരം നൽകത്തക്കവിധം ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

### ഫയർഫോഴ്സിൽ കമാൻഡോ ഫോഴ്സ്

133 (5539) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിൽ കമാൻഡോ ഫോഴ്സ് രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിനായി നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി ഫയർസ്റ്റേഷനിൽ ഡ്രൈവർമാരുടെ തസ്തികയിൽ നിലവിലുള്ള മൂന്ന് ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള തസ്തികകളും ഇൻഫ്രാസ്ട്രക്ചറും ഉപയോഗിച്ച് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ആരംഭിക്കുന്നതിന് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടി സ്റ്റേഷനിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിലവിൽ ഒരു ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ**

134 (5540) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ സംബന്ധിച്ച മുൻഗണനാ പട്ടിക സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പട്ടികയിലുൾപ്പെടുന്ന തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ടും ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) സർക്കാർ അംഗീകരിക്കുന്ന മുൻഗണനാ പട്ടികയിലുൾപ്പെടുന്നപക്ഷം, ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത, അടിയന്തര പ്രാധാന്യം, സ്ഥല ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## മണലൂർ മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ

135 (5541) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ജനസാന്ദ്രതയേറിയതും, കടലും കായലും പുഴകളും കോൾപാടങ്ങളും ഉള്ള ഭൂപ്രകൃതിയായതിനാൽ വെള്ളക്കെട്ടിൽ വീണുള്ള അപകടങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നതും, റോഡപകടങ്ങൾ പെരുകുന്നതും, അഗ്നിസുരക്ഷ ആവശ്യമുള്ള സ്ഥാപനങ്ങൾ ഉള്ളതുമായ മണലൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച് പ്രസ്തുത മണ്ഡലത്തിൽ പുതിയ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് മേധാവി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സർക്കാർ അംഗീകരിക്കുന്ന മുൻഗണനാപ്പട്ടികയിലുൾപ്പെടുന്ന പക്ഷം അടിയന്തര പ്രാധാന്യം, സ്ഥല ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്കുവിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാസർഗോഡ് അഗ്നിശമന ജീവനക്കാർ നടത്തിയ സ്തുത്യർഹമായ സേവനം

136 (5542) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയടുത്ത കാലത്ത് കാസർഗോഡ് നഗരത്തിൽ വാതക ടാങ്കറിൽ നിന്ന് ചോർച്ച ഉണ്ടായതിനെത്തുടർന്ന് വലിയ അപകടത്തിൽനിന്ന് നാടിനെ രക്ഷിക്കാൻ അഗ്നിശമന ജീവനക്കാർ നടത്തിയ സ്തുത്യർഹമായ സേവനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാടും നാട്ടാരും പ്രസ്തുത ജീവനക്കാരെ അനുമോദിക്കാൻ മൽസരിച്ച് ചടങ്ങുകൾ സംഘടിപ്പിച്ചു വരുമ്പോൾ അവരുടെ സേവനങ്ങളെ അംഗീകരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രശംസനീയമായ സേവനങ്ങൾ ചെയ്തു വരുന്ന കാസർകോട്ടെ അഗ്നിശമന ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രാരാബ്ധങ്ങളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രാരാബ്ധങ്ങളും പ്രയാസങ്ങളുമെന്നും അവ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഏതെല്ലാം ഉപകരണങ്ങളുടെ അപര്യാപ്തതയാണ് കാസർഗോഡ് അഗ്നിശമന വിഭാഗത്തിലുള്ളതെന്നും ജീർണ്ണിച്ച ഓഫീസ് കെട്ടിടത്തിനും ജീവനക്കാരുടെ ഹോസ്റ്റലിനും പകരം പുതിയ സംവിധാനം എപ്പോൾ നിലവിൽ വരുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമന്ത്രി കാസർഗോഡ് നിലയത്തലവനെ ഫോണിൽ വിളിച്ച് അനുമോദിച്ചിട്ടുണ്ട്. ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും കാസർഗോഡ് നിലയത്തിൽ വന്ന് ജീവനക്കാരെ അനിമോദിച്ചിട്ടുണ്ട്. ഫയർഫോഴ്സ് വകുപ്പിൽ നിന്നും സ്തുത്യർഹമായ സേവനത്തിനുള്ള അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഷന്റെ പരിധി കൂടുതലായതിനാൽ വളരെ ദൂരം സഞ്ചരിച്ച് രക്ഷാപ്രവർത്തനം നടത്തേണ്ടിവരുന്നു. പുതുതായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന മുൻഗണനാ പട്ടികയിൽ കാസർഗോഡ് നിലയത്തിൽനിന്നും 20 കിലോമീറ്റർ അകലെയുള്ള ബദിയഡുക്ക ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഒരു എമർജൻസി ടെണ്ടറും ഒരു ആംബുലൻസും നിലയത്തിന് അത്യാവശ്യമാണ്. കൂടുതൽ സ്കൂബാ സെറ്റുകളും അസ്കാ ലൈറ്റുകളും ചെയിൻസോകളും ആവശ്യമുണ്ട്. ഓഫീസ് കെട്ടിടവും നിലയവും ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സും വളരെ പഴക്കം ചെന്നവയായതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി ഫയർ സ്റ്റേഷൻ

137 (5543) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിൽ ഉദ്യോഗസ്ഥർക്കുവേണ്ടി എത്ര ക്വാർട്ടേഴ്സാണ് ആവശ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) നിലവിൽ എത്ര ക്വാർട്ടേഴ്സിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ബാക്കി ക്വാർട്ടേഴ്സിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിലെ ഒരു ഫയർ എൻജിൻ മറ്റ് ഏതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ അത് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനിലെ ആംബുലൻസ് ബാറ്ററിയുടെ അഭാവം കൊണ്ടും ജീപ്പ് ടയർ ഇല്ലാത്തതുകൊണ്ടും ഓടാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ചങ്ങനാശ്ശേരിയിലെയും മറ്റ് സമീപ പ്രദേശങ്ങളിലേയും സേവനത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ചങ്ങനാശ്ശേരി ഫയർ സ്റ്റേഷന്റെ സേവനം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 12 എണ്ണം.

(ബി) രണ്ട് ക്വാർട്ടേഴ്സുകളുടെ പണി 90% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു.

(സി) 10 ക്വാർട്ടേഴ്സുകൾ കൂടി പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(ഡി) കാഞ്ഞിരപ്പള്ളി നിലയത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി നിലയത്തിലെ മൊബൈൽ ടാങ്കർ യൂണിറ്റിന്റെ അറ്റകുറ്റപ്പണി തീർത്ത് ഉപയോഗ യോഗ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത വാഹനം ചങ്ങനാശ്ശേരി നിലയത്തിന് തിരികെ ലഭ്യമാക്കുന്നതാണ്.

(ഇ) ആംബുലൻസിന് പുതിയ ബാറ്ററി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീപ്പ് പ്രവർത്തനക്ഷമമാക്കി ഉപയോഗിച്ചുവരുന്നു.

(എഫ്) ചങ്ങനാശ്ശേരി അഗ്നിരക്ഷാ നിലയത്തിന്റെ സേവനം നിലവിൽ തടസ്സമില്ലാതെ നടന്നുവരുന്നുണ്ട്.

## കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

138 (5544) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഫയർ സ്റ്റേഷന് ആവശ്യമായ എന്തെല്ലാം ഒരുക്കങ്ങളാണ് നിലവിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 2007, 2011 വർഷങ്ങളിൽ സർക്കാർ അനുമതി നൽകിയിരുന്ന മുൻഗണനാ പട്ടികകളിൽ കൊല്ലങ്കോട് ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് കൊല്ലങ്കോട് I വില്ലേജിൽ റീസർവ്വേ നമ്പർ 523/11-ൽപ്പെട്ട ട്രഷറി വകുപ്പിന്റെ കൈവശത്തിലുള്ള 0.9275 ഹെക്ടർ ഭൂമിയിൽനിന്നും 50 സെന്റ് ഭൂമി ഫയർ& റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 320 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് തടസ്സമായ മരങ്ങൾ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിശ്ചയിച്ച വിലയനുസരിച്ച് ലേലനടപടികൾ സ്വീകരിച്ച് മുറിച്ചുമാറ്റി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ജയിൽ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

139 (5545) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടി ആകെ എത്ര ജയിലുകളുണ്ടെന്നും ആകെ എത്ര തടവുകാരെ പാർപ്പിക്കാമെന്നും അറിയിക്കുമോ;

(ബി) നിലവിൽ എല്ലാ ജയിലുകളിലും കൂടി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്ന് സ്ത്രീ,പുരുഷ ഇനം തിരിച്ച് അറിയിക്കാമോ; സംസ്ഥാനത്തെ ജയിലുകളുടെ ശേഷിയിൽ കൂടുതലായി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്നും ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ;

(സി) ജയിലുകളുടെ സുരക്ഷാ സംവിധാനങ്ങളുടെ കുറവുമൂലം കഴിഞ്ഞ പത്ത് വർഷത്തിനകം എത്ര തടവുകാർ ജയിൽ ചാടി; അതിൽ എത്ര പേരെ പിടികൂടി; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ജയിലുകളിലും തടവുകാരുടെ നിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; കൂടുതൽ എത്രയെണ്ണം കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു; നിരീക്ഷണം ശക്തമാക്കാൻ മറ്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) വിചാരണ തടവുകാരെ വിലങ്ങണിയിക്കാതെ പുറത്തുകൊണ്ടു പോകുന്നതുമൂലം കുറ്റവാളികൾ രക്ഷപ്പെടുവാനുള്ള സാധ്യത കൂടുതലാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ പത്ത് വർഷത്തിനകം എത്ര വിചാരണ തടവുകാർ ഇത്തരത്തിൽ രക്ഷപ്പെട്ടു; അതിൽ എത്ര പേരെ പിടികൂടി; വിശദാംശം ലഭ്യമാക്കാമോ;

(ജി) വിചാരണ തടവുകാരെ വിചാരണയ്ക്കായി വിവിധ കോടതികളിൽ കൊണ്ടുപോകുന്നതിനും തിരിച്ച് ജയിലുകളിൽ എത്തിക്കുവാനുമുള്ള ചുമതല പോലീസ് വകുപ്പിനാണോ ജയിൽ വകുപ്പിനാണോ എന്നത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 55 ജയിൽ സ്ഥാപനങ്ങൾ നിലവിലുണ്ട്. ടി ജയിലുകളിലായി 6451 പുരുഷ തടവുകാരെയും 404 സ്ത്രീ തടവുകാരെയും പാർപ്പിക്കാൻ സാധിക്കും.

(ബി) നിലവിൽ എല്ലാ ജയിലുകളിലുമായി 7485 (11-11-2019 തീയതി ആധാരമാക്കി) തടവുകാരെ പാർപ്പിച്ചുവരുന്നു. സ്ത്രീകൾ -167, പുരുഷൻമാർ-7318 പേർ. അംഗീകൃത കപ്പാസിറ്റിയിലും കൂടുതലായി 630 തടവുകാരെ ജയിലുകളിൽ പാർപ്പിച്ചുവരുന്നു. തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിന്റെ ഭാഗമായി തവനൂരിൽ പുതിയ ജയിൽ നിർമ്മിച്ചുവരുന്നുണ്ട്. കൂടാതെ പത്തനംതിട്ടയിൽ ജയിൽ പുതുക്കി പണിയുന്നതിനും ഇരിങ്ങാലക്കുടയിൽ കൂടുതൽ സൗകര്യങ്ങളോടെ ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും ആലപ്പുഴയിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണവും നടന്നുവരുന്നു.

(സി) കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്ന് 43 തടവുകാർ ജയിൽ ചാടുകയും ഇതിൽ 34 തടവുകാരെ തിരികെ പിടികൂടുകയും ചെയ്തു. സുരക്ഷാ സംവിധാനങ്ങളുടെ കുറവുമൂലമാണ് ഇതെന്ന് വിലയിരുത്തിയിട്ടില്ല.

(ഡി) കേരളത്തിൽ ആകെ 55 ജയിലുകളുള്ളതിൽ 52 ജയിലുകളിലായി 1103 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിലും അടുത്തിടെ പ്രവർത്തനം ആരംഭിച്ച ഇടുക്കി, മലമ്പുഴ ജില്ലാ ജയിലുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. ഉടൻതന്നെ കൂടുതലായി 427 നിരീക്ഷണ ക്യാമറകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. നിരീക്ഷണം ശക്തമാക്കുന്നതിന്റെയും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന്റെയും ഭാഗമായി അത്യാധുനിക ഉപകരണങ്ങളായ മെറ്റൽ ഡിക്ടക്ടർ, Non Lenear Junction Detector, Security Pole, X-ray baggage Scanner എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഒരു ശിക്ഷാ തടവുകാരനെയോ വിചാരണ തടവുകാരനെയോ തന്റെ കുറ്റകൃത്യത്തിന്റെ ഹീനതമൂലമോ അക്രമ വാസനയോ തടവുചാടാനുള്ള സാധ്യതയോ ഇല്ലായെങ്കിൽ കൈവിലങ്ങണിയിക്കുവാൻ പാടുള്ളതല്ലെന്നും 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 584-ൽ നിഷ്കർഷിക്കുന്നുണ്ട്. തടവുകാരെ പുറത്ത് കൊണ്ടുപോകുന്നത് പരമാവധി ഒഴിവാക്കാനായി ജയിലും കോടതിയും തമ്മിൽ വീഡിയോ കോൺഫറൻസിലൂടെ ബന്ധിപ്പിച്ച് വിചാരണ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(എഫ്) കഴിഞ്ഞ പത്ത് വർഷത്തിനകം പോലീസ് കസ്റ്റഡിയിൽനിന്നും 63 തടവുകാർ രക്ഷപ്പെട്ടു. ഇതിൽ 28 തടവുകാരെ പിടികൂടിയിട്ടുണ്ട്.

(ജി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 590 പ്രകാരം തടവുകാരുടെ എസ്കോർട്ട് ചുമതല പോലീസ് വകുപ്പിനാണ്.

## ജയിൽ വകുപ്പിന്റെ സ്ഥാപനങ്ങളിൽ സർക്കാർ ചെലവിൽ പ്രസിദ്ധീകരണങ്ങൾ

140 (5546) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലും സ്ഥാപനങ്ങളിലും ഏതെല്ലാം പ്രസിദ്ധീകരണങ്ങളും പത്രങ്ങളും സർക്കാർ ചെലവിൽ വിതരണം ചെയ്യുന്നുണ്ടെന്ന് സ്ഥാപനങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും പേരും എണ്ണവും സഹിതം വെളിപ്പെടുത്തുമോ;

(ബി) ഇതിലേയ്ക്കായി നിലവിൽ പ്രതിമാസം വകുപ്പിന് എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജയിൽ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ദേശാഭിമാനി പത്രം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പ്രത്യേക നിർദ്ദേശമോ ഉത്തരവോ നിലവിലുണ്ടോ;

(ഡി) ദേശാഭിമാനി പത്രത്തിനും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി പ്രതിമാസം വകുപ്പിന് എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) 1,17,957 രൂപ ചെലവ് വരുന്നു.

(സി) ജയിൽ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ദേശാഭിമാനി പത്രം വിതരണം ചെയ്യുന്നില്ല. ഇതിനായി പ്രത്യേക നിർദ്ദേശമോ ഉത്തരവോ നിലവിലില്ല.

(ഡി) 11,820 രൂപ ചെലവ് വരുന്നു.

**ജയിലുകളിൽ വിചാരണ തടവുകാരും റിമാൻഡ് പ്രതികളും**

141 (5547) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജയിലുകൾ ഉണ്ട്; അവ ഏതെല്ലാം എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ജയിലുകളിൽ വിചാരണ തടവുകാരും റിമാൻഡ് പ്രതികളും ഉൾപ്പെടെ എത്ര തടവുകാർ കഴിയുന്നു എന്നതിന്റെ വിശദവിവരം നൽകുമോ;

(സി) ഓരോ ജയിലുകളിലും അനുവദിക്കപ്പെട്ട പരമാധി തടവുകാർ എത്രയാണെന്നും നിലവിൽ ഓരോ ജയിലുകളിലുമുള്ള തടവുകാരുടെ എണ്ണം സംബന്ധിച്ച വ്യക്തമായ വിവരവും നൽകുമോ;

(ഡി) പ്രസ്തുത തടവുകാരെ നോക്കുന്നതിന് ജയിലുകളിൽ ആവശ്യാനുസരണം ജീവനക്കാരില്ലാത്ത പ്രശ്നം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 55 ജയിലുകളുണ്ട്.

| | | |
|---|---|---|
| സെൻട്രൽ ജയിൽ | - | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ |
| അതീവ സുരക്ഷാ ജയിൽ | - | വിയ്യൂർ |
| തുറന്ന ജയിൽ | - | നെട്ടുകാൽത്തേരി, ചീമേനി |
| വനിതാ തുറന്ന ജയിൽ | - | തിരുവനന്തപുരം |
| വനിതാ ജയിൽ | - | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ |
| ജില്ലാ ജയിൽ | - | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, വിയ്യൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, പാലക്കാട്, ഇടുക്കി |
| സ്പെഷ്യൽ സബ് ജയിൽ | - | തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊട്ടാരക്കര, മാവേലിക്കര, ഇരിങ്ങാലക്കുട, മൂവാറ്റുപുഴ, ദേവികുളം, പൊൻകുന്നം, കണ്ണൂർ, തലശ്ശേരി, കാസർഗോഡ്, വൈത്തിരി, മഞ്ചേരി, കോഴിക്കോട്, ചിറ്റൂർ |
| ബോർസ്റ്റൽ സ്കൂൾ | - | തൃക്കാക്കര |
| സബ് ജയിൽ | - | ആറ്റിങ്ങൽ, ചാവക്കാട്, വിയ്യൂർ, ആലുവ, എറണാകുളം, മട്ടാഞ്ചേരി, പീരുമേട്, മീനച്ചിൽ, കണ്ണൂർ, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ, വടകര, കൊയിലാണ്ടി, ഒറ്റപ്പാലം, ആലത്തൂർ |

(ബി) 11-11-2019-ലെ ലോക്കപ്പ് പ്രകാരം ആകെ 7485.

(സി) അനുബന്ധമായി* ചേർത്തിരിക്കുന്നു. പത്തനംതിട്ട ജില്ലാ ജയിൽ പുനർ നിർമ്മാണം നടക്കുന്നതിനാൽ തടവുകാരില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/അസിസ്റ്റന്റ് വനിതാ പ്രിസൺ ഓഫീസർ തസ്തികകളിലെ 327 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ജില്ലാ സൈനിക ക്ഷേമ ബോർഡ് എന്നിവമുഖേന 174 അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് പ്രിസൺ ഓഫീസർ/ വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളിലെ റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് എല്ലാ ഒഴിവുകളും നികത്താനാകും.

## പാലക്കാട് ജില്ലയിൽ ജയിൽ വകുപ്പിലെ ഒഴിവുകൾ

142 (5548) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജയിൽ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പിൽ ആകെ എത്ര നിയമനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്താമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ജയിൽ വകുപ്പിൽ ആകെ 22 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | - | 19 |
| ഡെപ്യൂട്ടി പ്രിസൺ ഓഫീസർ | - | 01 |
| ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | - | 01 |
| അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഡ്രൈവർ | - | 01 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽ വകുപ്പിൽ ആകെ 394 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | തസ്തികയുടെ പേര് | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 263 |
| 2 | അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ | 64 |
| 3 | അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I | 27 |
| 4 | വെൽഫെയർ ഓഫീസർ ഗ്രേഡ് II | 2 |
| 5 | ക്ലാർക്ക് | 19 |
| 6 | എൽ.ഡി. ടൈപ്പിസ്റ്റ് | 6 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 2 |
| 8 | വീവർ | 1 |
| 9 | വാർഡർ അറ്റൻഡന്റ് | 2 |
| 10 | ഓഫീസ് അറ്റൻഡന്റ് | 5 |
| 11 | ബൂട്ട് ഫോർമാൻ | 1 |
| 12 | ടെയ്‌ലറിംഗ് ഇൻസ്ട്രക്ടർ | 2 |
| | ആകെ നിയമനങ്ങളുടെ എണ്ണം | 394 |

## കാസർഗോഡ് സ്പെഷ്യൽ സബ് ജയിൽ വാഹനങ്ങൾ

143 (5549) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് സ്പെഷ്യൽ സബ്ജയിലിൽ ശരാശരി എത്ര അന്തേവാസി കളാണുള്ളതെന്നും സ്റ്റാഫിന്റെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇവരുടെ യാത്രാ സൗകര്യത്തിനായി വാഹനങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര കാലമായി വാഹനങ്ങളില്ലായെന്നും അതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) വാഹനങ്ങളില്ലാത്തതുകൊണ്ട് അന്തേവാസികളെ കോടതിയിലേക്കും ആശുപത്രിയിലേക്കും കൊണ്ടു പോകുന്നതെങ്ങനെയാണെന്നും ഇതിനുവേണ്ടി വരുന്ന ചെലവ് സർക്കാർ നൽകുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) കാസർഗോട് സ്പെഷ്യൽ സബ്ജയിലിനായി പുതിയ വാഹനം അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശരാശരി അന്തേവാസികളുടെ എണ്ണം - 60

സ്റ്റാഫിന്റെ എണ്ണം - 17

(ബി) കാസർഗോഡ് സ്പെഷ്യൽ സബ് ജയിലിന് ഒരു ജീപ്പും ഒരു ബൈക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

(ഇ) പരിഗണനയിലില്ല.

## ബയന്റർ രണ്ടാം ഗ്രേഡ് തസ്തിക

144 (5550) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ബയന്റർ രണ്ടാം ഗ്രേഡ് തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ പി.എസ്.സി. നിയമനം, തസ്തികമാറ്റം, ഉദ്യോഗക്കയറ്റം എന്നിവ തരം തിരിച്ച് അറിയിക്കാമോ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിൽ ബയന്റർ രണ്ടാം ഗ്രേഡ് തസ്തികകൾ ഒഴിവുണ്ട്; ഇവയിൽ പി.എസ്.സി. നിയമനം മുഖേന നികത്തേണ്ട ഒഴിവുകൾ എത്ര; തസ്തികമാറ്റം, ഉദ്യോഗക്കയറ്റം എന്നിവയ്ക്കായി മാറ്റിയിടേണ്ട തസ്തികകൾ എത്ര; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 3 സൂപ്പർ ന്യൂമററി തസ്തികകളുൾപ്പെടെ 210 തസ്തികകൾ.

ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 116 |
| എറണാകുളം | - | 36 |
| കോട്ടയം | - | 21 |
| പാലക്കാട് | - | 35 |
| കണ്ണൂർ | - | 1 |
| വയനാട് | - | 1 |

(ബി) അനുബന്ധമായി *ചേർക്കുന്നു.

(സി)

| ജില്ല | ഒഴിവുകൾ | | |
|---|---|---|---|
| | പി.എസ്.സി. | | |
| | റിപ്പോർട്ട് ചെയ്തവ | റിപ്പോർട്ട് ചെയ്യാനുള്ള | തസ്തികമാറ്റം |
| എറണാകുളം | 3 | 1 | 2 |
| ഷൊർണ്ണൂർ | 3 | 0 | - |
| കോട്ടയം | 1 | 0 | 1 |

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയിൽ അച്ചടി മ്യൂസിയം

145 (5551) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

ഉത്തരം

അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി നിയോഗിച്ച ഡോ. രാജേന്ദ്ര കുമാർ അനയത്ത് സമിതിയുടെ റിപ്പോർട്ടിൽ ഒരു പ്രിന്റിംഗ് മ്യൂസിയം സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ മ്യൂസിയം എവിടെ സ്ഥാപിക്കണമെന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

## അങ്കമാലി മണ്ഡലത്തിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പദ്ധതികൾ

146 T(5552) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻലാന്റ് നാവിഗേഷൻ വകുപ്പ് അങ്കമാലി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് പ്ലാൻ / നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയെന്നും ഇതിൽ പൂർത്തികരിച്ചതും ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ളത് ഏതെല്ലാമെന്നും ഇനം തിരിച്ചും വർഷം തിരിച്ചുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) കഴിഞ്ഞ പ്രളയത്തിൽ തകർന്നവ പുനരുദ്ധരിക്കുന്നതിനായി എത്ര തുകയാണ് ഈ മണ്ഡലത്തിലേക്ക് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിൽ റീബിൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-ഡി) അങ്കമാലി നിയോജകമണ്ഡലത്തിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പിനുകീഴിൽ പദ്ധതികളൊന്നും തന്നെയില്ല.

**വൈപ്പിൻ-ഫോർട്ട് കൊച്ചി റോ-റോ സർവ്വീസ്**

147 (5553) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-ഫോർട്ട് കൊച്ചി റോ-റോ സർവ്വീസ് നടത്തുന്നതിന്റെ ചുമതലയുള്ള കെ.എസ്.ഐ.എൻ.സി. സമയക്രമം പാലിക്കാത്തതുമൂലം യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടിൽ എത്ര ജങ്കാറുകളുണ്ടെന്നും എത്ര സർവ്വീസുകളാണ് ഉള്ളതെന്നും ഇവക്കായി നിശ്ചയിച്ചിരിക്കുന്ന സമയക്രമം എങ്ങിനെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വീസ് നടത്തിപ്പിന് കൊച്ചി നഗരസഭ ആവശ്യമായ ജീവനക്കാരെ നിയോഗിക്കാൻ തയ്യാറാകാത്ത സാഹചര്യം കണക്കിലെടുത്ത് പൊതുജനസൗകര്യാർത്ഥം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള ചുമതല കെ.എസ്.ഐ.എൻ.സി.-ക്ക് നൽകുന്നതിനും കൃത്യമായി സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈപ്പിൻ-ഫോർട്ട് കൊച്ചി റോ-റോ സർവ്വീസ് നടത്തുന്ന തിരക്കേറിയ വൈപ്പിൻ അഴിമുഖത്ത് മത്സ്യബന്ധന യാനങ്ങൾ, ഇന്ത്യൻ നേവിയുടെ കപ്പലുകൾ, ചരക്ക് കപ്പലുകൾ, മറ്റ് യാനങ്ങൾ എന്നിവയുടെ ആധിക്യംമൂലം സമയക്രമം കൃത്യമായി പാലിക്കുവാൻ പലപ്പോഴും സാധിക്കാറില്ല. എങ്കിലും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പരമാവധി സമയക്രമം പാലിക്കുവാൻ ശ്രമിക്കുന്നുണ്ട്.

(ബി) വൈപ്പിൻ-ഫോർട്ട് കൊച്ചി റൂട്ടിൽ രണ്ട് ജങ്കാർ/ റോ-റോകൾ സർവ്വീസ് നടത്തുന്നുണ്ട്. ഒരു റോ-റോ രാവിലെ 6.00 മണി മുതൽ രാത്രി 8.30 വരെയും രണ്ടാമത്തെ റോ-റോ രാവിലെ 8.30 മുതൽ രാത്രി 10.00 മണി വരെയും സർവ്വീസ് നടത്തുന്നു. ഓരോ 15 മിനിട്ടിടവിട്ട് റോ-റോ സർവ്വീസ് ഇരുജെട്ടികളിൽ നിന്നും പുറപ്പെടുന്ന രീതിയിലാണ് സമയക്രമം.

(സി) റോ-റോ സർവ്വീസിന്റെ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ കെ.എസ്.ഐ.എൻ.സി. ആണ് നിയോഗിക്കുന്നത്. 'അസിമുത്ത് പ്രൊപൽഷൻ' ഇനത്തിൽപ്പെട്ട യാനമാകയാൽ ഇത് പ്രവർത്തിപ്പിക്കുവാൻ അറിവുള്ളവരെ കിട്ടാനുള്ള ബുദ്ധിമുട്ട് നിലവിലുണ്ട്. ലഭ്യമായ മാസ്റ്റർമാരെ പരമാവധി ഉപയോഗിച്ചാണ് നിലവിൽ സർവ്വീസ് നടത്തുന്നത്.

## ഇരിങ്ങാലക്കുട മണ്ഡലത്തിൽ ജലപാത നിർമ്മാണം

148 (5554) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജലപാതനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

1. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഷൺമുഖം കനാലിന്റെ ചെ. 1400 മുതൽ ചെ. 4935 മീ. വരെയുള്ള ഭാഗത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തി. ഈ പ്രവൃത്തിയുടെ 85% പൂർത്തീകരിച്ചിട്ടുണ്ട്.
2. പടിയൂർ പഞ്ചായത്തിൽ പടിയൂരിൽ ഷൺമുഖം കനാലിന് കുറുകെ ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണം. പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്.
3. 2019 ആഗസ്റ്റിലുണ്ടായ ശക്തമായ മഴയിൽ പൂമംഗലം പഞ്ചായത്തിലെ വാർഡ് 1-ൽ ഷൺമുഖം കനാൽ ബണ്ട് കുറച്ചുഭാഗം ഇടിഞ്ഞതിനെ തുടർന്ന് 8 ലക്ഷം തുകയ്ക്ക് അടിയന്തര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചു.
4. ഷൺമുഖം കനാൽ ബണ്ട് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

## വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ

149 (5555) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കരാറുകാർക്കിടയിൽ ഏകോപനമില്ലാത്തതും ആധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ കുറവും ഒരു പരിധിവരെ പദ്ധതി പൂർത്തീകരണത്തിന് തടസ്സ മാകുന്നുണ്ടോ;

(സി) എങ്കിൽ വിവിധ റീച്ചുകളിലായി ശേഷിക്കുന്ന പ്രവർത്തികൾ ഒരു പാക്കേജായി പരിഗണിച്ചുകൊണ്ട് ആധുനിക ശാസ്ത്രീയ സംവിധാനങ്ങളുള്ള ഒറ്റ ഏജൻസിയെക്കൊണ്ട് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സർക്കാർ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ നിർമ്മാണം 5 റീച്ചുകളായി നടന്നുവരുന്നു. ഒന്നാം റീച്ചിൽ മണ്ണിന്റെ ഘടനയിലുള്ള വ്യതിയാനം കാരണം ഡിസൈൻ പ്രകാരം നിർമ്മാണം നടത്താൻ സാധിക്കാത്ത തിനാൽ 14 മീറ്റർ വീതിയിൽ കനാൽ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക ലാന്റ് അക്വിസിഷൻ പൂർത്തീകരിച്ച് കനാലിന് വീതി കൂട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. രണ്ടാം റീച്ച് പൂർത്തിയാ യിട്ടുണ്ട്. മൂന്നാം റീച്ച് നിർമ്മാണം നടത്തിവരുന്നു. നാലാം റീച്ച് 93% പൂർത്തി യായിട്ടുണ്ട്. 5-ാം റീച്ച് തൃപ്തികരമായി പൂർത്തിയാക്കാൻ നിലവിൽ ആവശ്യമായ സ്ഥലമില്ലാത്തതിനാൽ , അധികസ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടത്താനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും ഇതിനകം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാഹി കനാൽ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാനാണ് വ്യത്യസ്ത റീച്ചുകളായി ദർഘാസ് നൽകിയത്. ചില ഭാഗങ്ങളിൽ മണ്ണിന്റെ ഘടന യിലുള്ള വ്യത്യാസം കാരണം നിലവിലുള്ള ഡിസൈൻ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മാത്രമല്ല അധിക സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. കനാൽ നിർമ്മാണത്തിൽ ലഭിക്കുന്ന 80 ലക്ഷം ക്യൂബിക് മീറ്റർ മണ്ണും ഇതര പദാർത്ഥങ്ങളും ഫലപ്രദമായി നിക്ഷേപിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ ഉപകരണങ്ങൾ കരാറുകാർ ഉപയോഗിക്കുന്നുണ്ട്.

(സി&ഡി) വിവിധ റീച്ചുകളിൽ ശേഷിച്ച പണികൾ ഒറ്റ പാക്കേജായി പരിഗണിച്ച് സർക്കാർ അംഗീകരിച്ച അക്രെഡിറ്റഡ് ഏജൻസി വഴിനടപ്പിലാക്കു ന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

## നവോത്ഥാന മൂല്യസംരക്ഷണ സമിതിയുടെ പ്രവർത്തനം

150 (5556) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന മൂല്യസംരക്ഷണത്തിനായി രൂപീകരിച്ച സമിതിയ്ക്ക് സ്ഥിരം സംഘടനാ സംവിധാനം ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയുടെ പ്രവർത്തനം വിപുലീകരിക്കുവാനും താഴെ തലങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ സമിതിയുടെ പ്രവർത്തനംമൂലം കേരള സമൂഹത്തിൽ ഇതിനകം കൊണ്ടുവരുവാൻ കഴിഞ്ഞ മാറ്റങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നവോത്ഥാന മൂല്യസംരക്ഷണ സമിതിക്ക് സ്ഥിരം സംഘടനാ സംവിധാനമുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം വിപുലമായി താഴെ തലത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന്റെ ഭാഗമായാണ് സംഘടനാ സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്. നവോത്ഥാന മൂല്യസംരക്ഷണ സമിതിക്ക് ഇതിനകം തന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന കാലംവരെ നവോത്ഥാന മൂല്യസംരക്ഷണ സമിതിക്ക് പ്രാധാന്യമുണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതുസമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കാൻ ഇതുവരെയുള്ള പ്രവർത്തനംകൊണ്ട് സമിതിക്ക് സാധിച്ചിട്ടുണ്ട്.

## വിദേശ ടൂറിസ്റ്റുകളുടെ ചികിത്സ

151 (T5558) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സംസ്ഥാനത്തെ മെഡിക്കൽ ടൂറിസത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകൾ മെഡിക്കൽ ചികിത്സക്കായി സംസ്ഥാനത്ത് കൂടുതലായി എത്തുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ആശുപത്രികൾ, മികച്ച ഡോക്ടർമാർ, കുറഞ്ഞ നിരക്കിലുള്ള ചികിത്സ തുടങ്ങിയ ഘടകങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ആശുപത്രികളെ കൂടി വിദേശ ടൂറിസ്റ്റുകളുടെ ചികിത്സയ്ക്കായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാന വിനോദസഞ്ചാര രംഗത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുമൂലം 2018 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. ഇത് ചികിത്സയ്ക്കായും മറ്റും എത്തുന്ന വിനോദസഞ്ചാരികളെയും ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കൂടുതൽ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് എത്തുമെന്നാണ് പ്രതീക്ഷ. ഈ വർഷത്തെ ടൂറിസം സീസൺ ആരംഭിച്ച സ്ഥിതിക്ക് ഇതുസംബന്ധിച്ച് ശുഭപ്രതീക്ഷയാണ് വകുപ്പിനുള്ളത്. മെഡിക്കൽ ചികിത്സയ്ക്കായും സഞ്ചാരികൾ കൂടുതലായെത്തുമെന്നും വകുപ്പ് പ്രതീക്ഷിക്കുന്നുണ്ട്. വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ വേണ്ട തരത്തിലുള്ള പ്രചാരണ പരിപാടികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ആശുപത്രികളെക്കൂടി വിദേശ ടൂറിസ്റ്റുകളുടെ ചികിത്സയ്ക്കായി വിനിയോഗിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

**ആഹാര പദാർത്ഥങ്ങളിലെ മായം ചേർക്കൽ**

152 (5559) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഹാര പദാർത്ഥങ്ങളിലെയും പഴം, പച്ചക്കറി, മത്സ്യം എന്നിവയിലെയും മായം ചേർക്കലും മലിനീകരണവും കാൻസർ രോഗം വർദ്ധിച്ച വരുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ് എന്ന് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെ നിയന്ത്രിക്കുവാനും പ്രതിരോധിക്കുവാനും സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആഹാര പദാർത്ഥങ്ങളിലെയും പഴം, പച്ചക്കറി, മത്സ്യം എന്നിവയിലേയും മായം ചേർക്കൽ പല രോഗങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആഹാര പദാർത്ഥങ്ങളുടെയും പഴം, പച്ചക്കറി, മത്സ്യം എന്നിവയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറികളും മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഡ്രഗ് അനലിസ്റ്റ് ലാബുകൾ

153 (5560) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്ന പല മരുന്നുകളും തിരിച്ചറിയാൻ കഴിയാത്തവിധം ഒരേ ലേബൽ ഉള്ള വയാകയാൽ പല സ്ഥലങ്ങളിലും മരുന്ന് മാറി നൽകിയ സംഭവങ്ങൾ കുറയ്ക്കുവാനായി ആരോഗ്യ വകുപ്പിലെ ഡ്രഗ് അനാലിസിസ് ചെയ്യുവാനുള്ള സാങ്കേതിക യോഗ്യത കരസ്ഥമാക്കിയ ഫാർമസിസ്റ്റുമാരെ ഉപയോഗിച്ച് ഡ്രഗ് അനലിസ്റ്റ് ലാബുകൾ ആരംഭിക്കുമോ?

ഉത്തരം

ഡ്രഗ് അനാലിസിസ് ചെയ്യുവാനുള്ള സാങ്കേതിക യോഗ്യത കരസ്ഥമാക്കിയ ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരെ ഉപയോഗിച്ച് ഡ്രഗ് അനലിസ്റ്റ് ലാബുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർവൽക്കരണം

154(5561) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ (ഡി.എച്ച്,എസ്.) കമ്പ്യൂട്ടർവൽക്കരണം കൃത്യമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ കാലതാമസം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ പൊതുജനങ്ങളും ജീവനക്കാരും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡയറക്ടറേറ്റിൽ ആധുനിക സോഫ്റ്റ്‌വെയറും, കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഡയറക്ടറേറ്റിൽ എത്തുന്ന അപേക്ഷകളും മറ്റും അനന്തമായി കാലതാമസം നേരിട്ടും, ഫയൽതന്നെ നഷ്ടപ്പെട്ടും ഉണ്ടാകുന്ന പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; അറിയിക്കാമോ;

(ഡി) ഡി.എച്ച്,എസ്.-ലെ ഫയലുകൾ തീർപ്പാക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡയറക്ടറേറ്റിൽ ആധുനിക സോഫ്റ്റ്‌വെയറും കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 117 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 46 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) അപേക്ഷകളുടെ ബാഹുല്യം കാരണം ചില വിഭാഗങ്ങളിൽ ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിലും ഫയലുകൾ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല. വളരെ പരിമിതവും ലഭ്യമായതുമായ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് കാലതാമസം പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പെന്റിംഗ് ഫയലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായതോതിൽ നടപ്പിലാക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ജില്ലാ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ**

155 (5562) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പരിപാലന നിയമം പ്രകാരമുള്ള ജില്ലാ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബോർഡുകൾ എന്ന് നിലവിൽ വരും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. മെന്റൽ ഹെൽത്ത് കെയർ ആക്റ്റ്, 2017-ലെ സെക്ഷൻ 73(1) പ്രകാരം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി നോട്ടിഫിക്കേഷൻ വഴി മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ രൂപീകരിക്കുന്ന കാര്യം സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പരിഗണനയിലുണ്ട്.

(ബി) റിവ്യൂ ബോർഡുകൾ രൂപീകരിക്കുന്നതിനായി മാനസികാരോഗ്യ പരിപാലന നിയമത്തിലെ സെക്ഷൻ 73(2) പ്രകാരം റിവ്യൂ ബോർഡുകളുടെ എണ്ണം (Number), സ്ഥാനം(Location), അധികാരപരിധി (Jurisdiction) എന്നിവ സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇതുസംബന്ധിച്ചുള്ള സർക്കാരും അതോറിറ്റിയുമായുള്ള കൂടിയാലോചനകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ബോർഡുകൾ എത്രയുംവേഗം രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊച്ചി ആസ്ഥാനമായി ഫാർമ പാർക്ക്**

156 (5563) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾ ഓരോ വർഷവും ശരാശരി എണ്ണായിരം കോടി രൂപയുടെ അലോപ്പതി മരുന്നുകൾ കഴിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ജനസംഖ്യയുടെ 2.76 ശതമാനം മാത്രം ജനസംഖ്യയുള്ള കേരളത്തിൽ ഇത്രയും ഉയർന്ന തുകയ്ക്കുള്ള മരുന്നുപയോഗത്തിനുള്ള കാരണം ജീവിതശൈലീരോഗങ്ങളും വർധിച്ചു വരുന്ന പകർച്ച വ്യാധികളും കൂടാതെ മരുന്നുകളുടെ വില നിർണ്ണയത്തിൽ നിയന്ത്രണമില്ലാത്തതുകൊണ്ടുമാണോ;

(സി) എങ്കിൽ അതിനൊരു പരിഹാരമായി കൊച്ചി ആസ്ഥാനമായി ഫാർമ പാർക്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അലോപ്പതി മരുന്നുകളുടെ ഉപഭോഗം, മറ്റു സംസ്ഥാനങ്ങളിലെ ആനുപാതിക ഉപഭോഗം വച്ച് കണക്കാക്കുമ്പോൾ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ എല്ലാ ജീവൻരക്ഷാ മരുന്നുകളും ദൗർലഭ്യമില്ലാതെ സർക്കാർ വിവിധ പദ്ധതികൾവഴി ലഭ്യമാക്കുന്നതുകൊണ്ടു മാത്രമാണ് ഇത്തരത്തിലുള്ള ഉയർന്നതോതിലുള്ള ഉപഭോഗം കണ്ടുവരുന്നത്. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പകർച്ചവ്യാധികൾ തികച്ചും നിയന്ത്രണത്തിലാണ്. കേന്ദ്ര നിയമമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ വഴിയാണ് രാജ്യമെമ്പാടും മരുന്നുകളുടെ വില നിയന്ത്രിച്ച് വരുന്നത്. രാജ്യമെമ്പാടുമുള്ള വിലയിൽ തന്നെയാണ് സംസ്ഥാനത്തും മരുന്ന് വിറ്റഴിക്കപ്പെടുന്നത്.

(സി) ഫാർമ പാർക്ക് രൂപീകരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റിസ്റ്റ്

157 (5564) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ക്യാൻസർ വായിലെ അർബുദം ആണെന്നിരിക്കെ പ്രാരംഭത്തിൽത്തന്നെ ആയത് കണ്ടുപിടിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഡെന്റിസ്റ്റ്മാരുടെ സേവനം ഏർപ്പാടാക്കുകയാണെങ്കിൽ ഓറൽ ക്യാൻസർ പ്രാരംഭത്തിൽത്തന്നെ കണ്ടെത്തുവാനും ചികിത്സിക്കുവാനും സാധിക്കില്ലേയെന്ന് അറിയിക്കാമോ;

(സി) സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റൽ സർജൻമാരെ നിയമിച്ച് ഡെന്റൽ സംവിധാനം ഏർപ്പാടാക്കുവാനായുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ദന്ത വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകൾ ഉൾപ്പെട്ട സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ട് എത്ര നാളായെന്നും, ഇപ്പോൾ അത് ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് പ്രാഥമികാരോഗ്യതലം മുതൽ വദനാർബുദത്തിന്റെ സ്ക്രീനിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാശുപത്രിയിൽ ദന്തൽ വിംഗിനോട് അനുബന്ധിച്ച് ഓറൽ ക്യാൻസർ ഡിറ്റക്ഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിൽ ഉൾപ്പെടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രീ-ചെക്ക് സംവിധാനത്തിൽതന്നെ

വദനാർബുദത്തിന്റെ സ്ക്രീനിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. ആർ.സി.സി.-യിലും ആർ.സി.സി.-യുടെ എറണാകുളം, പാലക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകളിലും വായിലെ ക്യാൻസർ കണ്ടുപിടിക്കുന്നതിനുള്ള മുൻകൂർ ക്യാൻസർ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുകൂടാതെ ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രത്യേകിച്ചും വായിലെ ക്യാൻസർ കൂടുതലായും കണ്ടുവരുന്ന ഉൾനാടൻ മേഖലകളിലും കടലോര പ്രദേശങ്ങളിലും ക്യാമ്പുകൾ നടത്തി വരുന്നു. ക്യാൻസറിനെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തരം പ്രദേശങ്ങളിൽ ബോധവത്ക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്.

(ബി) ഓറൽ ക്യാൻസറും (വദനാർബുദം) മറ്റ് പ്രീ ക്യാൻസറസ് അസുഖങ്ങളും (Potentially Malignant Oral Lesions) പ്രാരംഭത്തിൽ തന്നെ കണ്ടുപിടിക്കുക യാണെങ്കിൽ പ്രീ-ക്യാൻസറസ് അസുഖങ്ങൾക്ക് ചികിത്സ ലഭ്യമാക്കാം. പക്ഷേ ക്യാൻസറിന്, (Established Oral Cancer)-നെ ചികിത്സിക്കാൻ നമ്മുടെ സംസ്ഥാനത്തിലെ മൂന്ന് ക്യാൻസർ സെന്ററുകളിലും വയനാട് ജില്ലയിലെ നല്ലൂർനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലും എറണാകുളം ജനറലാശുപത്രിയിലും കഴിയും.

(സി&ഡി) ഇതുസംബന്ധിച്ച് സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല.

**എയ്ഡ്സ് രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ**

158 (5565) <u>പ്രൊഫ. കെ. യു. അരുണൻ</u> :

<u>ശ്രീ. കെ. ജെ. മാക്സി</u> :

<u>ശ്രീ. എം. മുകേഷ്</u> :

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി./എയ്ഡ്സ് രോഗബാധിതരുടെ എണ്ണം മുൻവർഷങ്ങളിലേക്കാൾ ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എച്ച്.ഐ.വി.-യുടെ വ്യാപനം തടയുന്നതിനും എച്ച്.ഐ.വി./ എയ്ഡ്സ് രോഗത്തെ പ്രതിരോധിക്കുന്നതിനും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) എച്ച്.ഐ.വി./എയ്ഡ്സ് രോഗബാധ ഏറ്റവും കൂടുതലായി കണ്ടുവരുന്ന വിഭാഗക്കാർക്കിടയിൽ ഇത് സംബന്ധിച്ച ബോധവത്കരണം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കണക്കുകൾ പ്രകാരം പുതുതായി എച്ച്.ഐ.വി. അണുബാധിതരാകുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു.

(ബി) എച്ച്.ഐ.വി പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗിക ശീലങ്ങളുള്ള വിഭാഗങ്ങൾക്കിടയിലുള്ള എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി 61 സുരക്ഷ പദ്ധതികൾ കേരളത്തിലുണ്ട്. ലക്ഷ്യ ഗ്രൂപ്പുകളിൽപെടുന്നവരുടെ എച്ച്.ഐ.വി. അണുബാധാ ഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പെരുമാറ്റ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് സുരക്ഷാ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. സ്ത്രീ ലൈംഗിക തൊഴിലാളികൾ, പുരുഷ സ്വവർഗ്ഗാനുരാഗികൾ, മയക്കുമരുന്ന് കുത്തി വെയ്ക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ, ട്രാൻസ്ജെൻഡർ തുടങ്ങിയവർക്കിടയിലൊക്കെ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം എത്തുന്നു. കൗൺസിലിംഗ്, സ്വഭാവ വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണ സാമഗ്രികൾ ലഭ്യമാക്കുക, സുരക്ഷിത ലൈംഗികബന്ധത്തിനായി കോണ്ടം ലഭ്യമാക്കുക, പാർശ്വവൽകൃത ലൈംഗിക ന്യൂനപക്ഷങ്ങളുടെ ഇടയിലും മയക്കുമരുന്ന് കുത്തിവെയ്പ്പിന് അടിമപ്പെട്ടവർക്കായുള്ള പ്രത്യേക ബോധവകത്കരണ പരിപാടികളും ചികിത്സാ പദ്ധതിയും നടപ്പാക്കുക തുടങ്ങിയവ നടത്തി വരുന്നു. ലൈംഗിക/ജനനേന്ദ്രീയ രോഗങ്ങൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന 23 പുലരി കേന്ദ്രങ്ങൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നു. ഇത് എച്ച്.ഐ.വി. പ്രതിരോധത്തിന് സഹായകമാകുന്നു. എച്ച്.ഐ.വി. അണുബാധയുള്ള ഗർഭിണികളിൽ നിന്നും ശിശുവിലേയ്ക്ക് എച്ച്.ഐ.വി. വ്യാപനം തടയുന്നതിനായി ഇന്റഗ്രേറ്റഡ് കൗൺസിലിംഗ് & ടെസ്റ്റിംഗ് കേന്ദ്രങ്ങൾ വഴി കൗൺസിലിംഗ് നടത്തി വരുന്നു. എല്ലാ ഗർഭിണികൾക്കും മൂന്ന് മാസത്തിനുള്ളിൽ തന്നെ എച്ച്.ഐ.വി. പരിശോധന നടത്തുകയും എച്ച്.ഐ.വി. അണുബാധിതയാണെന്ന് കണ്ടെത്തുകയാണെങ്കിൽ ഗർഭസ്ഥ ശിശുവിലേയ്ക്ക് അണുബാധ പകരാതിരിക്കുവാൻ ആവശ്യമായ ചികിത്സ നൽകിക്കൊണ്ട് അമ്മയിൽനിന്നും കുഞ്ഞിലേയ്ക്ക് അണുവ്യാപനം തടയുന്നു.

എച്ച്.ഐ.വി. അണുബാധ രക്തസന്നിവേശത്തിലൂടെ പകരുന്നതിനുള്ള സാധ്യതയുള്ളതിനാൽ സുരക്ഷിത രക്തം ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ രക്ത സുരക്ഷിതത്വ വിഭാഗം വിവിധ

പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുജനങ്ങളുടെ ഇടയിൽ എച്ച്.ഐ.വി. അവബോധത്തിനും പ്രതിരോധത്തിനുമായി ടെലിവിഷൻ, റേഡിയോ, പത്ര പ്രസിദ്ധീകരണങ്ങൾ, സമൂഹമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, ബസ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിംഗുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും ലോക എയ്ഡ്സ് ദിനം ഉൾപ്പെടെയുള്ള വിവിധ ദിനാചരണങ്ങളും നടത്തി വരുന്നു.

എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, സാമൂഹ്യ നീതി, തദ്ദേശ സ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. വിവിധ വകുപ്പുകൾ എച്ച്.ഐ.വി പ്രതിരോധത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിത നൈപുണ്യം കൈവരിക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും എച്ച്.ഐ.വി. നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തി വരുന്നത്. സ്കൂൾതലത്തിൽ കൗമാര ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിലൂടെ എച്ച്.ഐ.വി. പ്രതിരോധത്തിനുള്ള അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) എച്ച്.ഐ.വി. പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗിക ശീലങ്ങളുള്ള വിഭാഗങ്ങൾക്കിടയിലുള്ള എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൗൺസിലിംഗ്, സ്വഭാവ വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള ബോധ വത്ക്കരണ സാമഗ്രികൾ ലഭ്യമാക്കുക, സുരക്ഷിത ലൈംഗികബന്ധത്തിനായി കോണ്ടം ലഭ്യമാക്കുക, പാർശ്വവൽകൃത ലൈംഗിക ന്യൂനപക്ഷങ്ങളുടെ ഇടയിലും മയക്കുമരുന്ന് കുത്തിവെയ്പ്പിന് അടിമപ്പെട്ടവർക്കായുള്ള പ്രത്യേക ബോധവൽകരണ പരിപാടികളും ചികിത്സാ പദ്ധതിയും നടപ്പാക്കുക തുടങ്ങിയവ നടത്തി വരുന്നുണ്ട്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് KILA വഴി എച്ച്.ഐ.വി/എയ്ഡ്സിനെക്കുറിച്ച് പരിശീലനം നൽകുകയും തുടർ നടപടിയായി പഞ്ചായത്ത് സ്ഥാപനങ്ങളിലൂടെ എച്ച്.ഐ.വി. പിടിപെടാൻ സാധ്യതയുള്ള വിഭാഗങ്ങൾക്കും പൊതുജനങ്ങൾക്കും ബോധവൽകരണം നൽകാൻ ഉദ്ദേശിക്കുന്നു. സന്നദ്ധ സംഘടനകളിലൂടെയും യൂത്ത് ക്ലബ്ബുകൾ വഴിയും എച്ച്.ഐ.വി. ബോധവത്ക്കരണവും എച്ച്.ഐ.വി. പരിശോധനയും ഉറപ്പാക്കും.

എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സുരക്ഷാ പ്രോജക്ടുകൾവഴി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക, നാടൻ കലാരൂപങ്ങളിലൂടെ ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

**ആരോഗ്യമേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ**

159 (5566) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) മാരകരോഗങ്ങൾമൂലം വിഷമിക്കുന്ന പാവപ്പെട്ട രോഗികൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനായി മെഡിക്കൽ അസിസ്റ്റൻസ് റ്റു പുവർ എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ജനറൽ/ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കിടക്കകൾ, തലയിണകൾ, മറ്റ് ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, മെച്ചപ്പെട്ട ചികിത്സാ സൗകര്യം പ്രദാനം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പൊന്നാനി.
2. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, പത്തനംതിട്ട
3. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
4. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, വയനാട് (സുൽത്താൻ ബത്തേരി)

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) തെരഞ്ഞെടുത്ത ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ഗുണമേന്മയുള്ള ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിക്കൊണ്ടും മെച്ചപ്പെട്ട ചികിത്സാ സൗകര്യം രോഗികൾക്ക് പ്രദാനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾ

160 (5567) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇവ എത്ര ജില്ലയിലാണ് പ്രവർത്തിക്കുന്നത്; ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ആരോഗ്യവകുപ്പ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നല്കാമോ;

(ബി) മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾക്കായി എത്ര വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളതെന്നും പ്രസ്തുത വാഹനങ്ങൾ ആര് എപ്പോൾ വാങ്ങിയതാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ പ്രവർത്തന സജ്ജമാണോ; ഇല്ലെങ്കിൽ ഇവ പ്രവർത്തന സജ്ജമാക്കാത്തതിന്റെ കാരണമെന്താണ്; കാലതാമസം പരിഹരിച്ച് വാഹനങ്ങൾ ഉടൻ നൽകുമോ; വിശദാംശം അറിയിക്കാമോ;

(ഡി) ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ വാഹനങ്ങൾ മാസങ്ങളായി മൊബൈൽ ഒഫ്ത്താൽമിക് യൂണിറ്റുകൾക്ക് കൈമാറിയിട്ടില്ല എന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ 14 ജില്ലകളിലും മൊബൈൽ ഒഫ്ത്താൽമിക് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിൽ മൊബൈൽ യൂണിറ്റ് നേരിട്ടെത്തി ജനങ്ങളുടെ നേത്രപരിശോധന നടത്തി വേണ്ടുന്ന നിർദ്ദേശങ്ങളും ചികിത്സകളും നൽകി വരുന്നു. ഇതിനായി മൊബൈൽ യൂണിറ്റുകളിലേയ്ക്ക് നേത്രരോഗ വിദഗ്ദ്ധർ, കാഴ്ച പരിശോധകർ എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നു.

(ബി-ഡി) ജില്ലകളിലെ മൊബൈൽ യൂണിറ്റുകൾക്കായി ഉപയോഗിച്ചിരുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾക്കായി 2018-19 സാമ്പത്തിക വർഷം 7 വാഹനങ്ങൾ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകൾക്കായി വാങ്ങി നൽകുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഭരണാനുമതിയും തുകയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങി ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകളാക്കി സജ്ജീ കരിക്കുന്നതിനുള്ള ടെണ്ടർ നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം 7 വാഹനങ്ങൾ കൂടി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 7 ജില്ലകൾക്കായി വാങ്ങുന്നതിനുള്ള അനുമതി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം 2019 ഡിസംബറോടുകൂടി ജില്ലകൾക്ക് കൈമാറ്റം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അലോപ്പതി മരുന്നുകളുടെ രാസനാമം എഴുതുന്നതിന് നടപടി**

161 (5568) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അലോപ്പതി ഡോക്ടർമാർ മരുന്നുകളുടെ ബ്രാന്റ് നെയിം ആണ് രോഗികൾക്ക് കുറിച്ചുനൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ രാസനാമം ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതി നൽകണമെന്ന സുപ്രീംകോടതി നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 9-6-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 1895/2014/ആ.കു.വ. പ്രകാരം മരുന്നുകളുടെ രാസനാമം ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവ പരിശോധിക്കാൻ ജില്ലാ തലത്തിലും സ്ഥാപനതലത്തിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുമുണ്ട്.

**സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ യോഗ്യത**

162 (5569) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്കും നേഴ്സുമാർക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ലാബുകളിൽ നടത്തുന്ന വിവിധ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടേയും താൽക്കാലിക രജിസ്ട്രേഷൻ നടന്നുവരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ആശുപത്രികളും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പേരും യോഗ്യതകളും അപ്‌ലോഡ് ചെയ്യേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. നിശ്ചിത നിലവാരമുള്ള ആശുപത്രികൾക്കാണ് ഇപ്പോൾ താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നത്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി രണ്ടുവർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ടു വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് സ്ഥാപന പരിശോധനയ്ക്കു നിയോഗിക്കപ്പെടുന്ന അസ്സസർമാർ പരിശോധന നടത്തുകയും നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനുശേഷം മാത്രം സ്ഥിരം രജിസ്ട്രേഷൻ നൽകേണ്ടതാണ്.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഹീമോഫീലിയ ബാധിതർക്ക് മരുന്നുകൾ

163 (5571) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗബാധിതർക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കിയതു കാരണം രോഗികൾ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഹീമോഫീലിയ രോഗികൾക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടർ ഇഞ്ചക്ഷൻ മരുന്ന് ആശുപത്രിവഴിയും ഫാർമസികൾവഴിയും കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത രോഗികൾക്കായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിലെ വിവിധ ജില്ലകളിലെ ഹീമോഫീലിയ രോഗബാധിതരുടെ എണ്ണം ലഭ്യമാക്കുമോ ?

### ഉത്തരം

(എ&ബി) സർക്കാർ ഹീമോഫീലിയ രോഗികൾക്ക് നൽകിയിരുന്ന മരുന്നുകൾ നിർത്തലാക്കിയിട്ടില്ല.

(സി & ഡി) സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി 6-8-2019 തീയതിയിലെ (എംഎസ്സ്) 122/2019/H &FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്ക് 2020 മാർച്ച് 31 വരെ കോർപ്പറേഷൻവഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 1137 ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്നു.

## കിണറുകൾ ശുദ്ധീകരിക്കാൻ പ്രവർത്തനങ്ങൾ

164 (5572) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിലെ വെള്ളം മലിനമാകുന്നത് തടയുന്നതിനും അവ ശുദ്ധീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയബാധിത പ്രദേശങ്ങളിലും നഗരങ്ങളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും കിണറുകൾ ശുദ്ധീകരിക്കാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കാമോ;

(സി) ഈ പ്രവർത്തനത്തിന് തുടർനടപടികൾ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കിണർ വെള്ളം മലിനമാകാതിരിക്കുവാൻ അവയുടെ മുകൾഭാഗം വലകൊണ്ട് മൂടുന്നതിനും അവയ്ക്ക് ചുറ്റുമതിൽ കെട്ടുവാനും കിണറുകൾ മലിനജല/കക്കൂസ് ടാങ്കിൽനിന്നും നിശ്ചിത അകലം പാലിക്കണമെന്നും കിണർജലം ക്ലോറിനേറ്റ് ചെയ്യുന്നത് എങ്ങനെയെന്നുമുള്ള ബോധവത്കരണം ആരോഗ്യ പ്രവർത്തകർ പൊതു ജനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ ആവശ്യമെങ്കിൽ കിണർ വെള്ളത്തിന്റെ സാമ്പിളെടുത്ത് ഗുണമേന്മ പരിശോധനകൾ നടത്തിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് സ്വകാര്യ കിണറുകളും പൊതു കിണറുകളും ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കുകയും ചെയ്യുന്നു.

കിണർവെള്ളം സംഭരിച്ച് സൂക്ഷിക്കുന്ന പ്രദേശങ്ങളിൽ അത്തരം ജലം ക്ലോറിൻ ടാബ്ലെറ്റ്/ക്ലോറിൻ സൊല്യൂഷൻ എന്നിവകൊണ്ട് അണുനശീകരണവും ആവശ്യാനുസരണം നടത്തുന്നു. ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ അത്തരം പ്രദേശങ്ങൾ സന്ദർശിച്ച് കിണർ ഉൾപ്പെടെയുള്ള കുടിവെള്ള സ്രോതസ്സുകളുടെ ജലത്തിന്റെ ഭൗതിക/രാസ ജൈവീക ഗുണമേന്മ പരിശോധന നടത്തിക്കുകയും ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ അത്തരം ജലം കുടിക്കാൻ ഉപയോഗിക്കരുതെന്ന് കർശനമായി നിർദ്ദേശിക്കുകയും ചെയ്യുന്നു. അതിനുശേഷം ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ ഉൾപ്പെടെയുള്ള അണുനശീകരണ പ്രവർത്തനങ്ങൾ നടത്തിയശേഷം വെള്ളം ഉപയോഗയോഗ്യമാക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടേയും കേരള ജല അതോറിറ്റിയുടേയും പങ്കാളിത്തം ഉറപ്പാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പ്രളയബാധിത പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും സമീപ പ്രദേശങ്ങളിൽനിന്നും വിവിധതരം മാലിന്യങ്ങൾ അടിയുവാൻ സാധ്യത യുള്ളതിനാൽ അതെല്ലാം നീക്കി ശുചീകരിക്കുവാൻ ആരോഗ്യ പ്രവർത്തകർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം പ്രാരംഭ ശുചീകരണം നടത്തിയ കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ കൂടി നടത്തി ജലം കുടിക്കുവാൻ ഉപയുക്തമാക്കി വരുന്നു. ഇത്തരം ജലം തിളപ്പിച്ചാറിയശേഷമേ ഉപയോഗിക്കാവൂയെന്നും അവബോധം നൽകുന്നു. കിണർവെള്ളം സംഭരിച്ച് സൂക്ഷിക്കുന്ന പ്രദേശങ്ങളിൽ അത്തരം ജലം ക്ലോറിൻ ടാബ്ലെറ്റ്/ക്ലോറിൻ സൊല്യൂഷൻ എന്നിവകൊണ്ട് അണുനശീകരണവും ആവശ്യാനുസരണം നടത്തുന്നു. പ്രളയ സമയത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും ജന്തുക്കളുടെ മൃതശരീര ഭാഗങ്ങളും കിണറിൽ നിന്നും 200 അടിയെങ്കിലും ദൂരെമാത്രമേ കുഴിച്ചുമൂടുകയെന്ന നിർദ്ദശവും നൽകിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിലെ കിണർ ജലത്തിന്റെ ഗുണമേന്മാ പരിശോധനയും നടത്തിവരുന്നു.

(സി) കിണർജലം മലിനമാകുന്നത് തടയുന്നതിനും അത് ശുദ്ധീകരിക്കുന്ന തിനുമുള്ള ബോധവത്കരണ പ്രവർത്തനങ്ങളും ശുചീകരണവും ഗൃഹസന്ദർശന വേളയിലും ജലശുദ്ധി ക്യാമ്പയിൻ തുടങ്ങിയ ക്യാമ്പയിനുകൾ നടത്തുമ്പോഴും ഒ.ആർ.ടി. വാരാചരണം, ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം, ഊർജ്ജിത വയറിളക്കനിയന്ത്രണ ദ്വൈവാരാചരണം തുടങ്ങിയ പരിപാടികൾ നടത്തുമ്പോഴും ജലജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോഴും ആരോഗ്യ സന്നദ്ധ പ്രവർത്തകർ ഊർജ്ജിതമായിത്തന്നെ നടത്തി വരുന്നു. ക്ലോറിനേഷനും/സൂപ്പർ ക്ലോറിനേഷനും രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ വീണ്ടും ചെയ്തുവരുന്നു. ഹെൽത്തി കേരള പരിശോധനകൾ നടത്തുമ്പോൾ കിണർവെള്ളം മലിനമാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതായി കണ്ടെത്തിയാൽ പൊതുജനാരോഗ്യ നിയമം അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതര വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തു ന്നതിന് തദ്ദേശ സ്ഥാപനതലത്തിലും/ജില്ലാ തലത്തിലും/സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്ന യോഗങ്ങളിൽ കുടിവെള്ളം, ശുചിത്വം സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളുടെ നേതൃത്വത്തിൽ ആവശ്യാനുസരണം നടത്തി വരുന്നു.

## കാൻസർ രോഗപ്രതിരോധത്തിനുള്ള അവബോധം

165 (5573) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പുതു തലമുറയിൽ കാൻസർ രോഗ പ്രതിരോധത്തിനുള്ള അവബോധം വളർത്തുന്നതിനായി സ്കൂൾ-കോളേജ് തലങ്ങളിൽ രോഗപ്രതിരോധമാർഗ്ഗങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിക്കുവാൻ ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ വരുംതലമുറയുടെ ആരോഗ്യ സംരക്ഷണത്തിനുള്ള ഏറ്റവും ശക്തമായ ഒരു അവബോധമാർഗ്ഗം എന്ന നിലയിൽ സർക്കാർ ഇക്കാര്യം അനുകൂലമായി പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിദ്യാർത്ഥികൾക്കിടയിൽ ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും ക്യാൻസറിലേയ്ക്ക് നയിക്കുന്ന ജീവിതശൈലിയിൽ നിന്ന് വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ തരത്തിലുള്ള ആരോഗ്യ പരിപാടികൾ സ്കൂൾ കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, എക്സിബിഷനുകൾ ലഘുലേഖകൾ, സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റുകളുടെ സഹായത്തോടു കൂടിയുള്ള ക്യാൻസർ awareness ക്യാമ്പുകൾ എന്നിവ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നുണ്ട്.

## കരൾമാറ്റ ശസ്ത്രക്രിയ

166 (5574) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരൾ രോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരൾ രോഗം വർദ്ധിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഗുരുതരമായ കരൾ രോഗം ബാധിച്ച് ഒരു വർഷം ശരാശരി എത്ര പേരാണ് കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നത് എന്നറിയിക്കാമോ;

(സി) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലൊന്നും കരൾ മാറ്റ ശസ്ത്രക്രിയക്കുള്ള സൗകര്യം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി ആവശ്യമുള്ള തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ചുള്ള പഠനങ്ങൾ നടന്നു വരുന്നു.

(ബി) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു വർഷം ശരാശരി 25 പേർ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി മെഡിക്കൽ ഗ്യാസ്ട്രോ എൻറോളജി വിഭാഗത്തിനു കീഴിൽ ഹെപ്പറ്റോളജി യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജിയും ഇരട്ട ഓപ്പറേഷൻ തീയേറ്ററും പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

**സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിന് നടപടി**

167 (5575) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ നിരന്തരമായ ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്തി ഉത്കൃഷ്ട സ്ഥാപനങ്ങളാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിനു നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) മതിയായ അടിസ്ഥാന സൗകര്യം ഒരുക്കാത്തതിനാൽ വിദ്യാർത്ഥി പ്രവേശനാനുമതി നിഷേധിക്കപ്പെട്ട ഇടുക്കി മെഡിക്കൽ കോളേജിനു അംഗീകാരം നേടിയെടുക്കാനായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളും ഡയഗ്നോസ്റ്റിക് ഉപകരണങ്ങളും ദ്വിതീയ, ത്യതീയ തല ആശുപത്രികളിൽ സജ്ജീകരിക്കാൻ പ്രവർത്തനം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചുണ്ടെങ്കിലും കേരളത്തിന് ആയതു ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടുവരുന്നു.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഇടുക്കി മെഡിക്കൽ കോളേജിൽ MCI മാനദണ്ഡ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോന്നായി പൂർത്തീകരിച്ചുവരുന്നു. 2020-21 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതിയ്ക്കായി MCI-യെ സമീപിച്ചിട്ടുണ്ട്.

(ഡി) ദ്വിതീയ, തൃതീയതല ആശുപത്രികളിലേയ്ക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ അപേക്ഷയ്ക്കനുസരിച്ച് വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കി വരുന്നു.

**മൈക്രോബയോളജി വിഭാഗത്തിന് നാക് അക്രെഡിറ്റേഷൻ**

168 (5576) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള മൈക്രോബയോളജി വിഭാഗത്തിന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിനു കീഴിലുള്ള ഗവൺമെന്റ് റീജിയണൽ അനലിറ്റിക്കൽ ലാബുകളിൽ നാക് അക്രെഡിറ്റേഷൻ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; കെമിക്കൽ സെക്ഷനും ഇൻസ്ട്രുമെന്റേഷൻ സെക്ഷനും അക്രെഡിറ്റേഷൻ ലഭിച്ചിട്ടും ഈ വിഭാഗത്തിനുമാത്രം ഇതു ലഭിക്കാത്തത് എന്തിന്റെ പോരായ്മ കൊണ്ടാണ്; വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭക്ഷ്യ വിഷബാധ ഉണ്ടാകുന്നതിൽ കൂടുതലും അണുബാധമൂലമാണെന്നിരിക്കെ മൈക്രോ ബയോളജി വിഭാഗത്തിന് വേണ്ട പഠനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോ സംവിധാനങ്ങളോ സംസ്ഥാന സർക്കാരിന് കീഴിലുള്ള ലാബുകളിൽ ലഭ്യമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനലിറ്റിക്കൽ ലാബുകൾക്ക് നൽകുന്നത് NABL Accreditation ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുള്ളത്. മൈക്രോബയോളജി വിഭാഗത്തിന് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം സർക്കാർ അനലിസ്റ്റ് ലാബിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങളും യോഗ്യരായ ജീവനക്കാരും ഇപ്പോൾ നിലവിലുണ്ടെങ്കിലും NABL അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റിക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 2020-21-ലെ ബഡ്ജറ്റിൽ (പ്ലാൻ ശീർഷകത്തിൽ) കൂടുതൽ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിന് NABL മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സ്ഥല സൗകര്യങ്ങക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2019 ആഗസ്റ്റിൽ പൂർത്തിയാക്കിയിട്ടുണ്ട്. മൈക്രോബയോളജിസ്റ്റിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ NABL മാനദണ്ഡപ്രകാരമുള്ള കെട്ടിടവും മൈക്രോബയോളജിസ്റ്റുകളും നിലവിലില്ല. NABL Accreditation ലഭിക്കുന്നതിനുള്ള അടിസ്ഥാന സ്ഥല സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആദ്യ ഗഡുവായി 50 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇതുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. NABL മാനദണ്ഡപ്രകാരമുള്ള ഭൗതിക സാഹചര്യങ്ങളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് NABL Accreditation ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ നിലവിലുള്ള ജീവനക്കാരുടെ സേവനവും ഭൗതിക സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി മൈക്രോബയോളജി പരിശോധനകൾ നടത്തുന്നുണ്ട്. NABL Accreditatiton ലഭിക്കുന്ന മുറയ്ക്ക് പഠനങ്ങൾ നടത്തുവാനുള്ള സംവിധാനം ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പൊതുആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും നടപടി

169 (5577) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് സ്വകാര്യ മേഖലക്കുള്ള മേൽകൈയുടെ ഫലമായി ചികിത്സാചെലവിൽ സാധാരണക്കാർക്ക് താങ്ങാനാവാത്ത തരത്തിലുള്ള വർദ്ധനവ് നിയന്ത്രിക്കുന്നതിന് പൊതുആരോഗ്യമേഖലയെ ശക്തീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ചട്ടങ്ങൾ രൂപീകരിച്ച് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സ്റ്റാഫ് പാറ്റേൺ ഉചിതമായി പരിഷ്കരിച്ചും ജീവനക്കാരിൽ സേവന മനോഭാവം വളർത്തിയും പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ഡി) മാതൃ, ശിശു മരണ നിരക്കും ആയുർ ദൈർഘ്യവും വികസിത രാജ്യ ങ്ങളിലേതിന് തുല്യ നിലയിൽ എത്തിക്കാൻ നടത്തുന്ന യത്നങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടനുസരിച്ച് 1-1-2019 മുതൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയുൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടേയും താത്ക്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. ഓരോ ക്ലിനിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം ആ സ്ഥാപനത്തിൽനിന്നും നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമാക്കുന്ന സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്ക്, രോഗികളുടേയും രോഗികളുടെ ബന്ധുക്കളുടെയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും അച്ചടിച്ചോ, ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമാകുന്ന മുറയ്ക്ക് പ്രസ്തുത വിവരങ്ങൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികളാണ് ആർദ്രം മിഷൻ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക വഴി പ്രസ്തുത സ്ഥാപനങ്ങളിൽ ഒ.പി. സമയം വൈകുന്നേരം വരെ ദീർഘി പ്പിക്കുകയും മെച്ചപ്പെട്ട ലാബോറട്ടറി സംവിധാനം ഏർപ്പെടുത്തുകവഴി പ്രാഥമിക തലത്തിൽ തന്നെ രോഗ നിർണ്ണയം നടത്തി മെച്ചപ്പെട്ട ചികിത്സ നൽകുവാൻ സാധിക്കുന്നു. താലൂക്ക്/ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തിയും ഗുണനിലവാരമുള്ള മരുന്നുകളും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള രോഗനിർണ്ണയവും ലഭ്യമാക്കുകവഴി കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം പൊതു ആരോഗ്യ മേഖലയിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ വിവിധതരം ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ആശുപത്രികൾ ആധുനികവത്ക രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് (2018) (രജിസ്ട്രേഷനും നിയന്ത്രണവും) 1-1-2019-ൽ സംസ്ഥാനത്ത് നിലവിൽ വന്നു. ആയതനുസരിച്ച് ആദ്യം തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മോഡേൺ മെഡിസിൻ ക്ലിനിക്കൽ സ്ഥാപനങ്ങൾ (ആശുപത്രികൾ, ലാബുകൾ, എക്സ്റേ, സ്കാനിംഗ് സെന്ററുകൾ, ദന്തൽ ക്ലിനിക്കുകൾ) എന്നിവയുടെ താത്ക്കാലിക രജിസ്ട്രേഷനാണ് ആരംഭിച്ചത്. അതിനു തുടർച്ചയായി മറ്റ് 11 ജില്ലകളിൽകൂടി രജിസ്ട്രേഷൻ ആരംഭിക്കുകയും ജില്ലകളിലെ സർക്കാർ, പ്രൈവറ്റ് ആശുപത്രികൾ, ലാബുകൾ, എക്സ്റേ, സ്കാനിംഗ് സെന്ററുകൾ, ദന്തവിഭാഗം ആശുപത്രികൾ എന്നിവിടങ്ങളിലെ പ്രതിനിധികൾക്ക് ജില്ലാടിസ്ഥാനത്തിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് സംസ്ഥാന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിയും രൂപീകരിച്ചിട്ടുള്ളതാണ്. ജില്ലകളിൽ സ്ഥാപനങ്ങളുടെ സംശയനിവാരണങ്ങൾക്കായി ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. താൽക്കാലിക ഓൺലൈൻ രജിസ്ട്രേഷൻ നടന്നു വരികയാണ്. താത്ക്കാലിക രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുമ്പോൾ മിനിമം അടിസ്ഥാന നിലവാരമുള്ള സ്ഥാപനങ്ങൾക്ക് 45 ദിവസത്തിനകം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. താൽക്കാലിക രജിസ്ട്രേഷന് 2 വർഷത്തെ പ്രാബല്യം മാത്രമേ ഉണ്ടാകുകയുള്ളൂ. ഓരോ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും നിശ്ചയിക്കപ്പെടുന്ന നിശ്ചിത നിലവാരമുള്ളവർക്ക് മാത്രമേ പരിശോധനയ്ക്കുശേഷം സ്ഥിരം രജിസ്ട്രേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. സ്ഥാപനങ്ങൾക്കായുള്ള മിനിമം സ്റ്റാൻഡേർഡ് നിശ്ചയിക്കുന്നതിനുള്ള സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റി

അംഗങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഹോമിയോ, ആയുർവേദ, സിദ്ധ, യുനാനി തുടങ്ങിയ വിഭാഗങ്ങൾക്കായുള്ള രജിസ്ട്രേഷൻ ആരംഭിച്ച കഴിഞ്ഞു. ആയുഷ് വിഭാഗങ്ങളുടെ രജിസ്ട്രേഷൻ മൂന്ന് ജില്ലകളിൽ (മലപ്പുറം, തൃശ്ശൂർ, പാലക്കാട്) ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും ഉടൻ ആരംഭിക്കുന്നതാണ്.

(സി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961-ലാണ് നിലവിൽ വന്നത്. ആരോഗ്യരംഗം ആധുനികവത്കരിക്കപ്പെടുകയും നൂതനമായ ചികിത്സാ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചെങ്കിലും സമഗ്രമായി സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിരുന്നില്ല. 2008-ൽ സ്റ്റാഫ് പാറ്റേണിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡ ങ്ങളോടെ സ്റ്റാഫ് പാറ്റേൺ ഉയർത്തിക്കൊണ്ട് സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ എഫ്.എച്ച്.സി. ആയി ഉയർത്തിയ 170 കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടേയും രണ്ട് സ്റ്റാഫ് നേഴ്സിന്റേയും ഒരു ലാബ് ടെക്നീഷ്യന്റേയും 150 കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റിന്റേയും അധിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേയ്ക്ക് ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സിന്റേയും ലാബ് ടെക്നീഷ്യന്റെയുമായി 1000 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മുഴുവൻ പി.എച്ച്.സി.കളേയും എഫ്.എച്ച്.സി.യായി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

(ഡി) കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ ശരാശരി മാതൃമരണ നിരക്കിനേക്കാൾ കുറവാണ്. മാത്രമല്ല കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞതാണ്. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obsterics and Gynecology)യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കി വരുന്നു. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി വാങ്ങി നൽകി. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ഇതിന്റെ

അടിസ്ഥാനത്തിൽ മാതൃമരണ നിരക്ക് ഇനിയും കുറയ്ക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി മാതൃമരണങ്ങളും മാതൃ ചികിത്സാ പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നു. ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മാതൃമരണ നിരക്ക് 2020-ൽ 30 (മുപ്പത്) ആയി കുറയ്ക്കുക. 2030-ൽ 20 (ഇരുപത്) ആയി കുറയ്ക്കുകയെന്നതാണ് ലക്ഷ്യം. ആശുപത്രികളിലെ പ്രസവ മുറികൾ നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (New Born Care Corner) തുടങ്ങി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New born Stebilization Unit), SNCU (Special Newborn Care Unit) എന്നിവ തുടങ്ങി ആധുനിക മെഡിക്കൽ ഉപകരണങ്ങൾ KMSCL വഴി വാങ്ങി ആശുപത്രികൾക്ക് നൽകി. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു. നവജാത ശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി Newborn screening programme നടപ്പിലാക്കി വരുന്നു.

## 108 ആംബുലൻസ് സർവ്വീസ്

170 (5578) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 108 ആംബുലൻസ് സർവ്വീസുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നത്; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന സർവ്വീസുകൾ പലതും നിർത്തലാക്കിയത് രോഗികൾക്കും അത്യാഹിതങ്ങൾ സംഭവിക്കുന്നവർക്കും വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന എത്ര ആംബുലൻസുകളാണ് നിലവിൽ സർവ്വീസ് നടത്താത്തതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന വ്യാപകമായി 108 ആംബുലൻസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻകാലങ്ങളിൽ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 43 ആംബുലൻസുകളാണ് സർവീസ് നടത്തിയിരുന്നത്. 26-12-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 3648/2017/ആകുവ. പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും സൗജന്യ ആംബുലൻസ് സേവനം വ്യാപിപ്പിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് ജി.വി.കെ ഇ.എം.ആർ.ഐ. എന്ന കമ്പനിയെ ഓപ്പറേറ്റിംഗ് ഏജൻസിയായി തെരഞ്ഞെടുത്തിരുന്നു. കനിവ് 108 എന്ന പേരിൽ പുതിയ ആംബുലൻസ് സർവ്വീസ് ആരംഭിച്ചതോടെ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് നേരിട്ട് നടത്തിയിരുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ആംബുലൻസ് സംവിധാനം 25-10-2019-ൽ നിർത്തലാക്കുകയും ജി.വി.കെ. ഇ.എം.ആർ.ഐ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി 100 ആംബുലൻസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്കുള്ള ആംബുലൻസുകളുടെ ഉത്ഘാടനം 21-10-2019-ൽ കണ്ണൂരിൽ നടന്നു. കനിവ് 108 എന്ന പേരിലുള്ള പുതിയ ആംബുലൻസ് സർവ്വീസ് പൂർണ്ണരൂപത്തിൽ സജ്ജമാകുമ്പോൾ സംസ്ഥാനത്താകമാനം 315 ആംബുലൻസുകൾ സർവ്വീസിനുണ്ടാകും.

(ബി) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 43 ആംബുലൻസുകളാണ് സർവ്വീസ് നടത്തിയിരുന്നത്. കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചതിനെത്തുടർന്ന് 25-10-2019-ൽ 43 ആംബുലൻസുകളുടെ സേവനം നിർത്തലാക്കി. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി 100 ആംബുലൻസുകളാണ് സർവ്വീസ് നടത്തുന്നത്.

(ഡി) കനിവ് 108 പദ്ധതി പ്രകാരമുള്ള ആംബുലൻസ് സർവ്വീസ് സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കുന്നത്. ഈ സർവ്വീസ് പൂർണ്ണസജ്ജമാകുമ്പോൾ 315 ആംബുലൻസുകൾ സർവ്വീസിനുണ്ടാകും.

## എം.എൽ.എ.-യുടെ വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങുന്ന ആംബുലൻസുകൾ

171 (5580) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ വികസന ഫണ്ട് വിനിയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങൾക്ക് വാങ്ങി നൽകുന്ന ആംബുലൻസുകൾ ആരുടെ പേരിലാണ് നിലവിൽ രജിസ്റ്റർ ചെയ്തു വരുന്നതെന്നറിയിക്കാമോ;

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലെ മേലധികാരി ആരോഗ്യവകുപ്പിൽ നിന്നോ ബന്ധപ്പെട്ട ഡയറക്ടറേറ്റിൽ നിന്നോ അനുവാദം വാങ്ങേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട മറ്റ് നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്.

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലെ മേലധികാരി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സഹിതം സർക്കാരിൽ നിന്നാണ് അനുമതി വാങ്ങേണ്ടത്.

(സി)
1. നിർദിഷ്ട മെഡിക്കൽ ഓഫീസറുടെ വ്യക്തമായ അപേക്ഷ
2. ടി സ്ഥാപനത്തിൽ വേറെ ആംബുലൻസുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ
3. ജി.ഇ.എം.ൽ നിന്നുള്ള വാഹനത്തിന്റെ വിലയുടെ വിവരം
4. എം.എൽ.എ/എം.പി. ഫണ്ട് അനുവദിച്ച ഉത്തരവ്
5. വാഹനം പാർക്ക് ചെയ്യുന്ന സംവിധാനം
6. വാഹനത്തിൽ ഡ്രൈവറുടെ വേതനം, അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നിവയുടെ ഫണ്ടിനുള്ള സ്രോതസ്സ് വ്യക്തമാക്കൽ തുടങ്ങിയ നടപടികൾ പാലിച്ചിരിക്കണം.

## ആരോഗ്യ കിരണം പദ്ധതി

172 (5581) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സുവരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സയും അനുബന്ധ വൈദ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആരോഗ്യ കിരണം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം രോഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം ചികിത്സാ ചെലവുകൾക്കാണ് തുക അനുവദിക്കുന്നതെന്നും അറിയിക്കുമോ;

(സി) പതിനെട്ട് വയസ്സിന് മുകളിലുള്ളവർക്ക് എൻ.സി.ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്) സ്ക്രീനിംഗ് നടത്തുന്നതിനായി 14 ജില്ലകളിലും അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) രോഗം സ്ഥിരീകരിക്കുന്നവർക്ക് മതിയായ ചികിത്സ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പതിനെട്ട് വയസ്സ് വരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സയും അനുബന്ധ വൈദ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ജനനം മുതൽ പതിനെട്ടു വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാവിധത്തിലുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പത് രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിലുള്ള എല്ലാവരും തന്നെ ആരോഗ്യകിരണം പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിലൂടെ

ഒ.പി. ടിക്കറ്റ്, എല്ലാ മരുന്നുകളും ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ/ പരിശോധനകൾ ആശുപത്രിയുമായി എം.പാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്നു കടകൾ/ലാബുകളിൽനിന്നും സൗജന്യമായി ലഭിക്കുന്നതാണ്. (ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.)

(സി) ഉണ്ട്. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനായി 14 ജില്ലകളിലും അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് രക്താതിസമ്മർദ്ദം (Hypertension) വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ലോകാരോഗ്യ സംഘടനയും ICMR മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതി IHMR (Indian Hypertension Management System) പ്രകാരം ഇതിന്റെ പ്രായപരിധി 18 വയസ്സായി കുറച്ചിട്ടുണ്ട്.

(ഡി) എൻ.സി.ഡി. ക്ലിനിക്കുകളിലൂടെ രോഗം സ്ഥിരീകരിക്കുന്നവർക്ക് മതിയായ ചികിത്സ ഉറപ്പാക്കാനായി സംസ്ഥാന ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ മിഷനുമായി സംയുക്തമായി സഹകരിച്ചുകൊണ്ടാണ് അമൃതം ആരോഗ്യം എന്ന ജീവിതശൈലീരോഗ നിർണ്ണയ പദ്ധതി നടപ്പാക്കി വരുന്നത്. രോഗനിർണ്ണയത്തോടൊപ്പം തന്നെ വിദഗ്ദ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന പൾമണറി ടെസ്റ്റ് (COPD) റെറ്റിനോപ്പതി കണ്ടുപിടിക്കുന്നതിനുള്ള റെറ്റിനോപ്പതി ക്ലിനിക്കുകൾ, വിഷാദരോഗത്തിനുള്ള ആശ്വാസം ക്ലിനിക്ക് തുടങ്ങിയ വിവിധ പരിശോധനകൾ പ്രീ-ചെക്ക് ക്ലിനിക്കിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണവും നൽകിവരുന്നു. ജീവിതശൈലി രോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

## ഹൃദ്യം പദ്ധതി

173 (5582) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ നൽകിയ ചികിത്സാ സഹായങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ഹൃദ്യം പദ്ധതി തുടങ്ങിയതുമുതൽ നാളിതുവരെ 1690 കുട്ടികൾക്ക് ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയും ശസ്ത്രക്രിയയും സൗജന്യമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ശസ്ത്രക്രിയയ്ക്കുശേഷം കുട്ടികളെ അവരവരുടെ വീടുകൾ സന്ദർശിച്ച് പ്രത്യേകം ഫോളോ-അപ്പ് ചെയ്യുന്നുണ്ട്. പ്രത്യേക പരിശീലനം സിദ്ധിച്ച RBSK നഴ്സുമാർ മുഖേനയാണ് ഇത്തരത്തിൽ ഫോളോ-അപ്പ് നടപടികൾ ചെയ്തുവരുന്നത്.

## ഹൃദ്യം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

174 (5583) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൃദ്യം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള മെഡിക്കൽ കോളേജിലും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം, എസ്.എ.റ്റി. ആശുപത്രി തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് വഴിയും ഹൃദ്യം പദ്ധതി നടന്നുവരുന്നു. ഹൃദ്യം പദ്ധതിക്കായി സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ.ബി. എസ്.കെ. മാർഗ്ഗ നിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്.

## അമ്മയും കുഞ്ഞും പദ്ധതി

175 (5584) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായുള്ള സൗജന്യ ചികിത്സാ പദ്ധതിയായ അമ്മയും കുഞ്ഞും പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ സംരക്ഷണത്തിനായുള്ള സൗജന്യ ചികിത്സാ പദ്ധതിയായ അമ്മയും കുഞ്ഞും പദ്ധതി (ജനനി ശിശു സുരക്ഷാ കാര്യക്രം) ദേശീയ ആരോഗ്യ ദൗത്യം മുഖേന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി വരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഗർഭിണികൾക്കും 30 ദിവസം വരെ പ്രായമായ നവജാത ശിശുക്കൾക്കും സൗജന്യ ചികിത്സയും 3 മുതൽ 7 ദിവസം വരെ സൗജന്യ ഭക്ഷണവും സൗജന്യ യാത്രാ സൗകര്യവും നൽകുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. സാധാരണ പ്രസവത്തിന് 1650 രൂപയും സിസേറിയന് 3300 രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. എന്നാലും കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട പദ്ധതിയായതിനാൽ പ്രസവവുമായി ബന്ധപ്പെട്ട മുഴുവൻ ചികിത്സയും സൗജന്യമായാണ് ഈ ആശുപത്രികളിൽ നടത്തി വരുന്നത്. ഇതിനെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാൻ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി നോട്ടീസുകൾ OP കൗണ്ടറുകളിൽ പതിപ്പിച്ചിട്ടുണ്ട്. JSSK സീൽ ചെയ്ത OP ടിക്കറ്റുകൾ ഉപയോഗിച്ച് ഇതുമായി ബന്ധപ്പെട്ട സ്കാനുകളും മരുന്നുകളും പൂർണ്ണമായും സൗജന്യമായി ആശുപത്രികൾ മുഖേനയോ അംഗീകരിച്ച മെഡിക്കൽ സ്റ്റോറുകൾ/സ്കാൻ സെന്ററുകൾ മുഖേനയോ നൽകി വരുന്നുണ്ട്. ഇതുകൂടാതെ DMO, DPM ജില്ലാ RCH ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കുറവുകളോ പരാതികളോ ഇവരെ അറിയിക്കാവുന്നതാണ്.

## കാരുണ്യ പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും

176 (5585) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉണ്ടെങ്കിൽ എങ്ങനെയാണ് ഇത് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആയുഷ്മാൻ ഭാരത് പദ്ധതിയിൽ (PMJAY) കേന്ദ്ര സർക്കാർ നിഷ്കർഷിച്ച ദുർബല വിഭാഗം ജനങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നത്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്കായി പ്രീമിയം തുകയുടെ ഒരു വിഹിതം കേന്ദ്ര സർക്കാർ വഹിക്കും. നിലവിൽ 31 മാർച്ച്, 2019-ൽ സാധുതയുള്ള ആർ.എസ്.ബി.വൈ. കാർഡുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011 പ്രകാരം ദുർബല വിഭാഗമായി തെരഞ്ഞെടുത്തവർക്കും മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 31 മാർച്ച് 2019-ൽ സാധുതയുള്ള ചിസ് കാർഡ് കൈവശമുള്ളവർക്ക് സംസ്ഥാന സർക്കാർ പ്രീമിയം തുക മുഴുവനായും വഹിച്ച് പദ്ധതിയിൽ അംഗങ്ങളാകും. നിലവിലെ ആർ.എസ്.ബി.വൈ., ചിസ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ സർക്കാർ കാലാകാലങ്ങളായി ഉൾപ്പെടുത്തിയ സംസ്ഥാനത്തെ ദുർബല വിഭാഗം ജനങ്ങളാകുന്നു.

**മെന്റൽ ഹെൽത്ത് കെയർ പദ്ധതി**

177 (5586) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ കേന്ദ്ര സർക്കാർ ആരംഭിച്ച മെന്റൽ ഹെൽത്ത് കെയർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മെന്റൽ ഹെൽത്ത് കെയർ അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് പ്രകാരം ഡിസെബിലിറ്റി ബോർഡ് പരിഷ്കരിക്കുന്നതിനും അതുപ്രകാരം ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനും അതിന് പ്രാപ്തരായ മെന്റൽ സൈക്കോളജിസ്റ്റ് ഉൾപ്പെട്ടുകൊണ്ടുള്ള ബോർഡ് രൂപീകരിക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ;

(ഡി) ബോർഡിൽ മെന്റൽ സൈക്കോളജിസ്റ്റ് ഇല്ലാത്തതുകൊണ്ട് ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അർഹതപ്പെട്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത്തരത്തിൽ മെന്റൽ സൈക്കോളജിസ്റ്റുകളെ എല്ലാ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഉൾപ്പെടുത്തി ബോർഡ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017, 29-5-2018-ൽ രാജ്യത്തൊട്ടാകെ നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) 16-7-2019-ലെ SRO No. 486/2019 നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ചെയർമാൻ), ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് എന്നിവർ (ഔദ്യോഗികാംഗങ്ങൾ) ആയിട്ടുള്ള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി അതോറിറ്റിയിലേയ്ക്കുള്ള ബാക്കി (ഔദ്യോഗികവും അനൗദ്യോഗികവും) ആയ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) The Rights of Persons with Disabilities Act 2016 പ്രകാരം കേന്ദ്ര സർക്കാർ വൈകല്യ നിർണ്ണയത്തിനും മെഡിക്കൽ ഡിസെബിലിറ്റി ബോർഡ് രൂപീകരണത്തിനുമായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരമാണ് മെഡിക്കൽ ഡിസെബിലിറ്റി ബോർഡ് രൂപീകരിക്കേണ്ടത്. ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വാധാർ ഗൃഹ് എന്ന പദ്ധതി**

178 (5587) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാധാർ ഗൃഹ് എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ബി) നടപ്പ് സാമ്പത്തികവർഷം ഓരോ സ്ഥാപനങ്ങൾക്കും എത്ര രൂപയുടെ ധനസഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ സ്ഥാപനങ്ങൾക്കും ഓരോ വർഷവും എത്ര രൂപ വീതമാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ സ്വാധാർ ഗ്രഹ് പദ്ധതി പ്രകാരം 07 (ഏഴ്) സ്ഥാപനങ്ങൾക്ക് വനിതാ ശിശു വികസന വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നു.

1. Kerala Working Women's Association, Near Cantonement House, Vikas Bhavan, Thiruvananthapuram.
2. Abhaya, Pattoor Road, Vanchiyoor, Thiruvananthapuram.
3. Desasevini Vanith Samajam, Thenguvila, Puthalam, Kottukal P.O, Thiruvananthapuram.
4. National Service Society, NSS Institute Building Perinhtalmanna, Malappuram.
5. District Women's Councial, Idukki colony P.O, Idukki
6. Dharmagiri Vikas Society, Kothamangalam, Ernakulam.
7. People's Council for Society, Justice ACM Lord, AC City Building, Opp mangalavanam, Near High Court, Kochi

(ബി) സ്വാധാർ ഗ്രഹ് പദ്ധതിക്ക് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർത്താണ് ഫണ്ട് അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ 7 സ്വാധാർ ഹോമുകൾക്ക് ആദ്യ ഗഡുവായി കേന്ദ്ര വിഹിതമായ 8,06,550 രൂപയും സംസ്ഥാന വിഹിതമായ 5,37,700 രൂപയും ചേർത്ത് ആകെ 13,44,250 രൂപ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിച്ചിട്ടുണ്ട്. ബോർഡാണ് ഓരോ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത്.

(സി) സ്വാധാർ ഗ്രഹ് പദ്ധതി പ്രകാരം 7 സ്ഥാപനങ്ങൾക്ക് 2016-17 മുതൽ 2018-19 സാമ്പത്തിക വർഷം വരെ ആകെ 1,49,99,871 രൂപ കുടിശ്ശിക അനുവദിക്കാനുണ്ട്. സ്ഥാപനങ്ങൾ തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ആലത്തൂർ മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി**

179 (5588) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി, തേൻകുറിശ്ശി, കുനിശ്ശേരി എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നത്.

## നാഡീസംബന്ധ രോഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

180 (5589) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള നാഡീസംബന്ധമായ രോഗമുള്ളവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സെറിബ്രൽ പാൾസി എന്നത് ഒരു വ്യക്തിയുടെ അവസ്ഥയെ സൂചിപ്പിക്കുന്ന പേരാകുന്നു. ആയതു ഒരു രോഗമല്ല. സെറിബ്രൽ പാൾസി ബാധിച്ചവർക്കുൾപ്പെടെ നാഡീസംബന്ധമായ രോഗമുള്ളവർക്കു കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചികിത്സ ലഭ്യമാണ്.

## സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

181 (5590) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റുഡന്റ് ഡോക്ടർ പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇനിയും എവിടെയൊക്കെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ 50% ജില്ലകളിൽ കൗമാര ആരോഗ്യ പദ്ധതിയിലൂടെ പിയർ എഡ്യൂക്കേറ്റർമാരുടെ (സമപ്രായക്കാർ) വലിയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 8,9,11-ാം ക്ലാസ്സുകളിലെ നേതൃത്വപാടവമുള്ള വിദ്യാർത്ഥികളിൽനിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്ക് 5 ദിവസം നീണ്ട കൗമാര ആരോഗ്യ പരിശീലനം നൽകിയാണ് ഈ കൂട്ടായ്മയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. വയനാട് ജില്ലയിൽ ഈ പിയർ എഡ്യൂക്കേറ്റർ സംഘത്തെ "കുട്ടി ഡോക്ടർ" എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ മുഖേന കൗമാര ആരോഗ്യ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടുപിടിക്കുക (Buddy Detection), ഒരു സഹപാഠിക്ക് ചെയ്യുവാൻ പറ്റുന്ന സഹായങ്ങളും ആശയങ്ങളും നൽകുക (buddy help), കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തിയാൽ അവരെ ഉചിതമായ വിദഗ്ദ്ധ സേവന ദാതാക്കൾ/ആരോഗ്യ പ്രവർത്തകർക്ക് റഫർ ചെയ്യുകയും ചെയ്യുന്നു (Buddy Referral). പുറമെ ഇവർ കൗമാരക്കാർക്കുള്ള മറ്റ് ആരോഗ്യ ഇടപെടലുകളിൽ സജീവ പങ്കാളിത്തം വഹിക്കുന്നു.

(ബി) സംസ്ഥാനത്ത് 7 ജില്ലകളിൽ കൗമാര ആരോഗ്യ പദ്ധതിയിലൂടെ പിയർ എഡ്യൂക്കേറ്റർ (സമപ്രായക്കാർ) സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ പിയർ എഡ്യൂക്കേറ്റർ സംഘത്തെ "കുട്ടി ഡോക്ടർ" എന്ന പേരിൽ അറിയപ്പെടുന്നു. സമാനമായ രീതിയിൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ പ്രവർത്തനം നടന്നു വരുന്നു.

(സി) ഇപ്പോൾ 7 ജില്ലകളിൽ നടത്തിവരുന്ന ഈ പദ്ധതി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും.

**'ശ്വാസ് ' പ്രോഗ്രാം**

182 (5591) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഭാഗമായി സി.ഒ.പി.ഡി. (ക്രോണിക്ക് ഒബ്സ്ട്രക്റ്റീവ് പൾമിനറി ഡിസീസ്) പ്രതിരോധത്തിനായി കുടുംബാരോഗ്യകേന്ദ്ര തലം മുതൽ ശ്വാസ് പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) സി.ഒ.പി.ഡി. രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ഇവ പ്രാഥമിക ഘട്ടത്തിൽതന്നെ തിരിച്ചറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാർക്കും ഇതുസംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 178 കുടുംബാരോഗ്യകേന്ദ്രങ്ങളിലും 39 ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിലും ശ്വാസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സി.ഒ.പി.ഡി (ക്രോണിക്ക് ഒബ്സ്ട്രക്ടീവ് പൾമിനറി ഡിസീസ്) എന്നത് ശ്വാസകോശത്തെ ബാധിക്കുന്ന ഒരു രോഗമാണ്. സി.ഒ.പി.ഡി. എന്ന മാറാരോഗത്തിന്റെ വരും വരായ്മകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് കേരള സർക്കാർ ശ്വാസ് പദ്ധതി ആരംഭിച്ചത്. 178 കുടുംബാരോഗ്യകേന്ദ്രങ്ങളിലും 39 ജില്ലാ/ജനറൽ/താലൂക്കാശു പത്രികളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ സ്പൈറോമീറ്റർ വാങ്ങി നൽകുകയും പൾമിനറി ഫംഗ്ഷൻ ടെസ്റ്റ് നടത്തി സി.ഒ.പി.ഡി. രോഗനിർണ്ണയം നടത്തുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്കുള്ള പ്രത്യേക ചികിത്സയും സൗജന്യമായാണ് നടത്തിവരുന്നത്. രോഗചികിത്സയ്ക്കുള്ള ഇൻഹെയിലർ മരുന്ന് സൗജന്യമായി ഈ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. കൂടാതെ Non invasive Ventilator, Oxygen Concentrator, Pulse Oxymeter തുടങ്ങിയ ഉപകരണങ്ങളും ശ്വാസ് പദ്ധതിയിൽ നൽകി വരുന്നു.

(സി) സി.ഒ.പി.ഡി. രോഗനിർണ്ണയത്തിനായി ഉപയോഗിക്കുന്ന സ്പൈറോമീറ്റർ ടെസ്റ്റിനെക്കുറിച്ചും ഇൻഹെയിലർ മരുന്ന് ഉപയോഗിക്കുന്ന ടെക്നിക്കുകളെക്കുറിച്ചും ശ്വസന വ്യായാമങ്ങൾ ഉൾപ്പെടെയുള്ള പൾമിണറി റീഹാബിലിറ്റേഷനെക്കുറിച്ചും സി.ഒ.പി.ഡി. പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ട്രെയിനിംഗുകൾ മെഡിക്കൽ ഓഫീസർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും മറ്റു പാരാമെഡിക്കൽ സ്റ്റാഫുകൾക്കും നൽകിയിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിലെ ആർദ്രം പദ്ധതി**

183 (5592) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതുമായ പദ്ധതികളുടേയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം നിയോജകമണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി, പെരുമൺ പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയെ തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. കൺസൾട്ടന്റ് ഇൻ യൂറോളജി-1
2. കൺസൾട്ടന്റ് ഇൻ ഫോറൻസിക് മെഡിസിൻ-1
3. ജൂനിയർ കൺസൾട്ടന്റ് ഇൻ റേഡിയോ തെറാപ്പി-1
4. ജൂനിയർ കൺസൾട്ടന്റ് ഇൻ ജനറൽ മെഡിസിൻ-1
5. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2
6. ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-II -1
7. ഡയാലിസിസ് ടെക്നീഷ്യൻ-3
8. ഫിസിയോ തെറാപ്പിസ്റ്റ്-1
9. മോർച്ചറി ടെക്നീഷ്യൻ-1
10. മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ്-1

കൂടാതെ ടി ആശുപത്രിയിൽ പുതുതായി കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുകയും ഒ.പി. വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുള്ള ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. പെരുമൺ കുടുംബാരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിക്കുന്നു. ശ്വാസരോഗങ്ങൾക്ക് ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യത്തിനായി ആശ്വാസ് ക്ലിനിക്ക്, ലാബ് സൗകര്യം എന്നിവ ലഭ്യമാക്കി വരുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊല്ലം മണ്ഡലത്തിലെ തൃക്കരുവ, കിളികൊല്ലൂർ എന്നീ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കിളികൊല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 2018-19 പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 14 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൃക്കരുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് NHM ഫണ്ടിൽ 15.5 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതിന് കാലതാമസം

184 (5593) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയ ശസ്ത്രക്രിയകൾ നടത്തുന്നതിന് സർക്കാർ മെഡിക്കൽ കോളേജിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതര ഹൃദയരോഗികൾക്ക് കോട്ടയം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയക്ക് മാസങ്ങൾ കഴിഞ്ഞുള്ള തീയതി നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ശസ്ത്രക്രിയകൾ അനന്തമായി നീളുന്നത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) വേഗത്തിൽ ശസ്ത്രക്രിയകൾ നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏറ്റവും കൂടുതൽ ഹൃദയശസ്ത്രക്രിയ നടക്കുന്നത് കോട്ടയം മെഡിക്കൽ കോളേജിലാണ്. കൂടാതെ കുട്ടികളുടെ അതിസങ്കീർണ്ണമായ ഹൃദയ ശസ്ത്രക്രിയ നടക്കുന്ന ഏക സർക്കാർ മെഡിക്കൽ കോളേജ് കൂടിയാണിത്. ഹൃദയമാറ്റ ശസ്ത്രക്രിയ, വാൽവ് റിപ്പയർ, അന്യൂറിസം എന്നിങ്ങനെ അതിസങ്കീർണ്ണമായ സർജറികൾ നടക്കുന്ന വിഭാഗമെന്ന നിലയിൽ ഇവിടെ ജോലി ചെയ്യുന്ന ഡോക്ടർമാർ ദിവസം 14 മുതൽ 18 മണിക്കൂർ വരെ ജോലി ചെയ്യുന്നുണ്ട്. ദിവസവും 6 മുതൽ 8 വരെ ഹൃദയ ശസ്ത്രക്രിയകൾ രാവിലെ 8 മണി മുതൽ രാത്രി വൈകുന്നതുവരെ നടത്തുന്നുണ്ട്. ദിവസേന ശരാശരി 14 മുതൽ 18 മണിക്കൂർ വീതം ആഴ്ചയിൽ തുടർച്ചയായി 5 ദിവസവും ഈ വിഭാഗത്തിലെ ഡോക്ടർമാർ ശസ്ത്രക്രിയ ചെയ്യുന്നുണ്ടെങ്കിലും രോഗികളുടെ ബാഹുല്യം കാരണം 13-11-2019 വരെയുള്ള കണക്കുകൾ പ്രകാരം ഏകദേശം 530-ഓളം രോഗികൾ ഹൃദയശസ്ത്രിക്രിയയ്ക്കായി കാത്തു നൽക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും വർദ്ധിപ്പിക്കുന്നതുവഴി ശസ്ത്രക്രിയകളുടെ എണ്ണം കൂട്ടുകയും അതുവഴി ശസ്ത്രക്രിയയ്ക്കായുള്ള രോഗികളുടെ കാത്തിരിപ്പ് കുറയ്ക്കുകയും ചെയ്യുന്നത് പരിശോധിക്കാവുന്നതാണ്.

**അണുബാധ**

185 (5594) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ അകവും പുറവും പൂർണ്ണമായി രോഗാണുരഹിതമാണെന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) നിലവിൽ പ്രസ്തുത ആശുപത്രികളിലെ ശുചിത്വ പരിശോധനകൾ എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ രാത്രിയും പകലും മുഴുവൻ സമയവും ശുചീകരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വ്യക്തമാക്കുമോ;

(ഡി) അണുബാധ ഫലപ്രദമായി തടയുന്നതിന് ആശുപത്രിയിലും പരിസരത്തും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വൃത്തിയുള്ള ശൗചാലയങ്ങൾ വേണ്ടത്ര ഉണ്ടെന്ന് ഉറപ്പുവരുത്താൻ ഉതകുന്ന വിധത്തിൽ നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രികൾ, വാർഡുകൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു.-കൾ ഉൾപ്പെടുന്ന ഭാഗം പൂർണ്ണമായി രോഗാണു വിമുക്തമാക്കാൻ മൂന്ന് ഷിഫ്റ്റുകളിലായി മുഴുവൻ സമയം ശുചീകരണ പ്രവർത്തനങ്ങളും രോഗാണു വിമുക്ത പ്രവർത്തനങ്ങളും നടത്തിവരുന്നു. ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു.-കൾ എന്നിവ കൃത്യമായ ഇടവേളകളിൽ ഫ്യൂമിഗേഷൻ പോലുള്ള അണുനശീകരണ പ്രവർത്തനങ്ങളും നടത്തുന്നു. ആശുപത്രിയുടെ പരിസരം എല്ലാ ദിവസവും ശുചിയാക്കുന്നു. കൂടാതെ ലാബുകൾ, ഒ.പി.കൾ, ബ്ലഡ് ബാങ്ക് എന്നിവിടങ്ങളിലും ദിവസേന ശുചീകരണം നടത്തിവരുന്നു. ആശുപത്രി പരിസരം രോഗീസൗഹൃദമാക്കുന്നതിനുവേണ്ടിയുള്ള തുക എല്ലാ വർഷവും പ്ലാൻ ഫണ്ടിൽനിന്ന് കൃത്യമായി എല്ലാ മെഡിക്കൽ കോളേജുകൾക്കും അനുവദിച്ചുവരുന്നു. എല്ലാ വാർഡുകളിലും അണുനശീകരണ

ലായനി ഉപയോഗിച്ച് ചുമരുകൾ, കുളിമുറി, കക്കൂസ് എന്നിവ ദിവസവും കഴുകുന്നുണ്ട്. ആശുപത്രിയിലെ എല്ലാ വാർഡുകളും ദിവസവും തൂക്കുകയും തുടയ്ക്കുകയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ വാർഡുകൾ കഴുകി വൃത്തിയാക്കുന്നു. ദിവസവും ഓടകൾ വൃത്തിയാക്കുകയും ബ്ലീച്ചിംഗ് ലായനി ഒഴിക്കുകയും ചെയ്യുന്നു. ആശുപത്രി പരിസരങ്ങൾ ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ കീഴിലുള്ള ജീവനക്കാരെക്കൊണ്ട് വൃത്തിയാക്കാറുണ്ട്. ആശുപത്രിയിലുണ്ടാകുന്ന മാലിന്യം തരംതിരിച്ച് അതാത് രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്.

(ബി) സൂപ്രണ്ടുമാർ, പീഡ് സെൽ എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ, സിവിൽ, വാട്ടർ അതോറിറ്റി, സെക്യൂരിറ്റി, ഹൗസ് കീപ്പിംഗ് ഡിപ്പാർട്ടുമെന്റ്, നഴ്സിംഗ് ഓഫീസർ എന്നിവരുൾപ്പെടുന്ന ടീം ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ആഴ്ചയിലൊരിക്കൽ ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ, എച്ച്.ഐ, ഇൻഫക്ഷൻ കൺട്രോൾ നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സാനിട്ടറി റൗണ്ട്സ് നടത്താറുണ്ട്. ദിവസവും നഴ്സിംഗ് ഓഫീസറിന്റെ നേതൃത്വത്തിൽ നഴ്സിംഗ് സൂപ്രണ്ടുമാർ വാർഡുകളിലും ഒ.പി, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിൽ റൗണ്ട്സ് നടത്തി ശുചീകരണം വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. എല്ലാ മാസത്തിലും സാനിട്ടറി മീറ്റിംഗും ഇൻഫെക്ഷൻ കൺട്രോൾ മീറ്റിംഗും നടത്തുന്നുണ്ട്. ഐ.സി.യു., ഓപ്പറേഷൻ തീയേറ്ററുകൾ എന്നീ സ്ഥലങ്ങൾ അണുബാധ വിമുക്തമാണെന്ന് മൈക്രോ ബയോളജി വിഭാഗം കൾച്ചർ ചെയ്ത് സ്ഥിരീകരിക്കാറുണ്ട്.

(സി) ഫലപ്രദമാണ്. ഹൗസ് കീപ്പിംഗ് വിഭാഗത്തിലെ ജീവനക്കാരും നഴ്സിംഗ് സൂപ്രണ്ടിന്റെ കീഴിലുള്ള ശുചീകരണ ജീവനക്കാരും രാത്രിയും പകലും ശുചീകരണം കാര്യക്ഷമമായി നടത്താറുണ്ട്. മൂന്ന് ഷിഫ്റ്റുകളിലേയും ശുചീകരണ-അണുവിമുക്ത പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാരും നഴ്സിംഗ് സൂപ്രണ്ടുമാരും നിരീക്ഷിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ആധുനിക ശുചീകരണ യന്ത്രങ്ങൾ നിലവിൽ ഉപയോഗിച്ചുവരുന്നു.

(ഡി) എല്ലാ വാർഡുകളിലും പ്രവർത്തനക്ഷമമായ ശൗചാലയങ്ങളുണ്ട്. പുതിയ ശൗചാലയങ്ങൾകൂടി നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

## കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

186 (5595) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനുവദിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സൂപ്പർസ്പെഷ്യാലിറ്റി ചികിത്സകൾ ഇല്ലാത്ത ഈ ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കാൻ നടപടികളുണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ&ബി) ഒരു മെഡിക്കൽ കോളേജിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ഘട്ടം ഘട്ടമായി മാത്രമേ വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കും. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിർമ്മാണം പൂർത്തിയായി വരുന്ന അക്കാദമിക് ബ്ലോക്കിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ഒ.പി. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ പദ്ധതി

187 (5596) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പദ്ധതിയിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുവാൻ ആലോചിക്കുമോ; വിശദമാക്കുമോ ?

### ഉത്തരം

ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളെ 2019-20 എൻ.എച്ച്.എം.-ന്റെ PIP യിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സംസ്ഥാനത്തെ 152 ബ്ലോക്ക് തല സി.എച്ച്.സി.കളെ ഘട്ടം ഘട്ടമായി ആർദ്രം മിഷനിലുൾപ്പെടുത്തി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം

188 (5597) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇടുക്കിയിലെ മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കീമോതെറാപ്പി സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ കീമോതെറാപ്പി ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ച് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർദ്ധിച്ച് വരുന്ന കാൻസർ ബാഹുല്യത്തിന് അനുസൃതമായി സർക്കാൽ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ, താലൂക്ക് ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 23 സർക്കാർ ആശുപത്രികളിൽ ഡേ കെയർ കീമോതെറാപ്പി സെന്ററുകൾ ആരംഭിക്കുകയും നാളിതുവരെ 70000-ൽപ്പരം കീമോതെറാപ്പി നൽകുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കാശുപത്രിയിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതി പ്രകാരം കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുകയും അനുബന്ധ സൗകര്യങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും ക്യാൻസർ കെയർ ഫണ്ട് ഉപയോഗിച്ച് പുതിയ കീമോതെറാപ്പി സെന്ററുകൾ പ്രാവർത്തികമാക്കി വരുന്നു.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്കാശുപത്രികളായി ഉയർത്താൻ നടപടി

189 (5598) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തി മെച്ചപ്പെട്ട സേവനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് സി.എച്ച്.സി, കൊല്ലം ജില്ലയിലെ പത്തനാപുരം സി.എച്ച്.സി., മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സി.എച്ച്. സി., കാസർഗോഡ് ജില്ലയിലെ പനത്തടി സി.എച്ച്.സി., മംഗൽപ്പാടി, ബേഡുക്ക എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) മങ്കട സി.എച്ച്.സി. സ്ഥിതി ചെയ്യുന്നത് പെരിന്തൽമണ്ണ താലൂക്കിലാണ്. ഈ താലൂക്കിൽ തന്നെയാണ് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയും സ്ഥിതി ചെയ്യുന്നത്. മങ്കട സി.എച്ച്.സി ഉൾപ്പെടുന്ന പ്രദേശം 7 പഞ്ചായത്തുകളുടെ പരിധി യിലാണ്. ടി പ്രദേശത്തെ ജനസംഖ്യ 3.5 ലക്ഷമാണ്. ഈ പ്രദേശത്തിനുള്ളിൽ കുട്ടിലങ്ങാടി, മക്കരപ്പറമ്പ്, മൂർക്കനാട്, പാങ്ങ്, അങ്ങാടിപ്പുറം, ചെമ്മലശ്ശേരി എന്നീ പി.എച്ച്.സി.കളും പൂഴക്കാട്ടിരി സി.എച്ച്.സിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇവിടെ നിന്നും 9 കി.മീ ചുറ്റളവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയും പ്രവർത്തിച്ചു വരുന്നു. 26 കിടക്കകളുള്ള മങ്കട സി.എച്ച്.സി.യിൽ ഒരു സിവിൽ സർജന്റേയും രണ്ട് അസിസ്റ്റന്റ് സർജന്റേയും കൂടാതെ ജൂനിയർ കൺസൾട്ടന്റ് (ഗൈനോക്കോളജി, പീഡിയാട്രീഷ്യൻ) എന്നീ സ്പെഷ്യാലിറ്റി തസ്തികകളും നിലവിലുണ്ട്. ദൈനംദിന ഒ.പി, ഐ.പി എന്നിവയ്ക്ക് പുറമെ എൻ.സി.ഡി. ക്ലിനിക് പരിരക്ഷാ പദ്ധതി, സെക്കണ്ടറി പരിരക്ഷാ പദ്ധതി, രോഗപ്രതിരോധ പ്രവർത്ത നങ്ങൾ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പെരിമ്പിലാവ്-താമരശ്ശേരി സ്റ്റേറ്റ് ഹൈവേയിൽ സ്ഥിതി ചെയ്യുന്ന മങ്കട സി.എച്ച്.സി.യിലെ ദിവസേനയുള്ള ശരാശരി ഒ.പി 700-ഉം ഐ.പി. 12-ഉം ആണ്. ക്വാളിറ്റി

കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലാബ് സൗകര്യവും ലഭ്യമാണ്. കൂടാതെ ഡി.എം.സി., എഫ്.ഐ.സി.റ്റി.സി. എന്നീ സൗകര്യങ്ങളും ഇവിടെയുണ്ട്. വേസ്റ്റ് മാനേജ്മെന്റിനായി ഇൻസിനറേറ്ററും, ഒപ്റ്റോമെട്രിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ് സേവനവും ലഭ്യമാണ്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്.

## കണ്ണുപരിശോധനയ്ക്കായി സ്പെഷ്യലിസ്റ്റ് ആശുപത്രികൾ

190 (5599) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ കണ്ണു പരിശോധിക്കുന്നതിനായി എത്ര സ്പെഷ്യലിസ്റ്റ് ആശുപത്രികളുണ്ട്; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് തിമിര രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് സംസ്ഥാനത്ത് തന്നെ സൗജന്യ തിമിര ശസ്ത്രക്രിയയും തുടർ ചികിത്സയും ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത ദിവസങ്ങളിലും താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ എല്ലാ ദിവസവും കാഴ്ച പരിശോധകരുടെ നേതൃത്വത്തിൽ കാഴ്ച പരിശോധനയ്ക്കായുള്ള സേവനം സൗജന്യമായി ലഭ്യമാണ്. കൂടാതെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ നേത്രരോഗ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. ആയതിലൂടെ ഇവിടങ്ങളിൽ നേത്ര സംബന്ധമായ സ്പെഷ്യലിസ്റ്റ് ചികിത്സകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ കണ്ണുപരിശോധനയ്ക്കായും ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള വിദഗ്ദ്ധ നേത്രരോഗ ചികിത്സയ്ക്കായും നേത്രരോഗ വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള സ്പെഷ്യലിസ്റ്റ് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തിമിര രോഗികളെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ജില്ലാ, ജനറൽ, തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് നേത്രരോഗ വിദഗ്ധരുടെ നേതൃത്വത്തിൽ തിമിര ശസ്ത്രക്രിയ നടന്നു വരുന്നു. കൂടാതെ മൊബൈൽ യൂണിറ്റുകൾ വഴിയും ക്യാമ്പുകൾ സംഘടിപ്പിച്ചും തിമിര രോഗികളെ കണ്ടെത്തി ബന്ധപ്പെട്ട ആശുപത്രികളിൽ എത്തിച്ച് സൗജന്യമായി തിമിര ശസ്ത്രക്രിയയും തുടർ ചികിത്സയും നടത്തി വരുന്നു.

## കുറ്റിപ്പുറം ആശുപത്രി വികസനം

191 (5600) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ആശുപത്രിയുടെ വികസനത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസിലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഭരണാനുമതിയ്ക്കുവേണ്ടിയുള്ള പ്രൊപ്പോസൽ മലപ്പുറം ഡി.എം.ഒ. ഡി.എച്ച്. എസ്.-ൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റിപ്പുറം ആശുപത്രിയുടെ നിർമ്മാണത്തിനായി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി 2019-20 ബഡ്ജറ്റിൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ തുടർ പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലം തടസ്സരഹിതമാക്കി കൊടുക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ചവറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

192 (5601) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാല് മണിക്കൂറും ഡോക്ടർമാരുടെ സേവനമുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഒ.പി. സമയം കഴിഞ്ഞ് വൈകുന്നേരവും രാത്രിയിലും ചികിത്സ തേടി എത്തുന്നവർക്ക് ഒരു നേരത്തേയ്ക്കുള്ള മരുന്ന് മാത്രം നൽകുന്നതും ഇവർ രാവിലെ വീണ്ടും വന്ന് ഡോക്ടറെ കണ്ടാലേ തുടർന്ന് മരുന്ന് നൽകുകയുള്ളൂ എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ ചവറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇത്തരത്തിൽ പ്രവർത്തിക്കുന്നത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) രണ്ട് സിവിൽ സർജന്റെ തസ്തികകളും മൂന്ന് അസിസ്റ്റന്റ് സർജന്റെ തസ്തികകളുമുള്ള ചവറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ നിർദ്ദേശം അനുസരിച്ചാണ് രോഗികൾക്ക് മരുന്ന് നൽകുന്നത്. ഇവിടെ ഇരുപത്തിനാല് മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. മരുന്നുകൾ വിതരണം ചെയ്യുന്നതിന് രണ്ട് ഫാർമസിസ്റ്റുകളുടെ സേവനവും ലഭ്യമാണ്.

## പിറവം താലൂക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ച സംഭവം

193 (5602) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21-10-2019-ന് പിറവം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി എത്തിയ സരോജിനി ഭാസ്കരൻ എന്ന രോഗിക്ക് ചികിത്സ നിഷേധിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് ചികിത്സ നിഷേധിച്ചത് എന്നും ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ഇപ്രകാരമുള്ള നിലപാടെടുക്കാൻ ഇടയായ സാഹചര്യമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ചികിത്സ നിഷേധിക്കപ്പെട്ട രോഗിയുടെ ബന്ധുക്കളുടെ ആവശ്യപ്രകാരം രോഗിയുടെ വാർഡ് കൗൺസിലർ പ്രസ്തുത വിവരം തിരക്കാൻ താലൂക്ക് ആശുപത്രിയിൽ എത്തിയിരുന്നോ; എങ്കിൽ കൗൺസിലർ ആവശ്യപ്പെട്ടതിനു ശേഷവും ചികിത്സ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ഡ്യൂട്ടി ഡോക്ടർ കൗൺസിലറോട് മോശമായി സംസാരിച്ചുവെന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം പിറവം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർക്കെതിരായി പിറവം മുനിസിപ്പാലിറ്റി സ്റ്റാന്റഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഐഷാ മാധവൻ നൽകിയ പരാതി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് റീജിയണൽ വിജിലൻസ് യൂണിറ്റ്-2-നെ ചുമതലപ്പെടുത്തുകയും റീജിയണൽ വിജിലൻസ് യൂണിറ്റ്-2 30-10-2019, 31-10-2019, 5-11-2019 തീയതികളിൽ പിറവം നഗരസഭയിലും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലും വച്ച് തെളിവെടുപ്പ് നടത്തി 7-11-2019-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. റീജിയണൽ വിജിലൻസ് യൂണിറ്റ്-2 ന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം 21-10-2019-ന് പിറവം താലൂക്കാശുപത്രിയിൽ ചികിത്സ തേടിയെത്തിയ സരോജിനി എന്ന രോഗിക്ക് ചികിത്സ നിഷേധിച്ചതായി കാണുന്നില്ല. 21-10-2019-ന് പിറവം താലൂക്കാശുപത്രിയിൽ ചികിത്സ തേടിയെത്തിയ സരോജിനി എന്ന രോഗിക്ക് ചികിത്സ നിഷേധിച്ചതായി കാണുന്നില്ല. 21-10-2019-ന് പിറവം താലൂക്കാശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ വൈകുന്നേരം 5.30- ന് അടിയന്തിര ചികിത്സ തേടിയ അത്യാസന്ന നിലയിലായ രോഗികൾക്ക് ചികിത്സ നൽകി കാഷ്വാലിറ്റി ഡ്യൂട്ടിയിൽ വ്യാപൃത യായിരുന്നു ഡോ. ആൻ വെൽനാ റൊസാരിയോ. ഈ സമയം സരോജിനിയെന്ന രോഗിയെ ടി ആശുപത്രിയിലെ താൽക്കാലിക സ്വീപ്പർ ഒബ്സർവേഷനിൽ എത്തിച്ച വിവരം നഴ്സിനേയൊ ഡോക്ടറേയോ അറിയിച്ചിരുന്നില്ല. ആയതിനാൽ ടി ഡോക്ടറുടെ ഭാഗത്ത് മനഃപൂർവ്വമായി വിഴ്ചയുണ്ടായതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ചികിത്സാ നിഷേധം ഉണ്ടായിട്ടില്ലെന്നും സരോജിനി എന്ന രോഗിയെ ബന്ധുക്കൾ മറ്റൊരു ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോയതായും ആണ് റീജിയണൽ വിജിലൻസ് യൂണിറ്റ്-2 -ന്റെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്.

അത്യാഹിത വിഭാഗത്തിൽ അടിയന്തര ചികിത്സ ആവശ്യമുള്ള രോഗിയെ ത്തുമ്പോൾ ഉടൻ തന്നെ അത് ഡോക്ടറെ അറിയിക്കേണ്ടത് ഡ്യൂട്ടി നഴ്സിന്റെ കർത്തവ്യമാണ്. എന്നാൽ ഇവിടെ രോഗി എത്തിയത് ഡ്യൂട്ടി നഴ്സ് അറിഞ്ഞില്ല. രോഗിയെ ബെഡ്ഡിൽ എത്തിച്ച എച്ച്.എം.സി. സ്റ്റാഫ് ആ വിവരം ഡ്യൂട്ടി നഴ്സിനെയൊ ഡോക്ടറെയോ അറിയിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ കർശന നടപടികൽ സ്വീകരിക്കാൻ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(ബി) വാർഡ് കൗൺസിലർ പ്രസ്തുത വിവരം തിരക്കാൻ ആശുപത്രിയിൽ എത്തിയിരുന്നു. വാർഡിൽ അത്യാസന്ന നിലയിലുള്ള രോഗിയെ പരിശോധിക്കുകയും വേണ്ട ചികിത്സ നൽകുന്നതിൽ വ്യാപൃതയായ ഡോക്ടറെ ബഹുമാന്യയായ മുനിസിപ്പൽ കൗൺസിലർ ശ്രീമതി ഐഷാ മാധവൻ, തന്റെ രോഗിയെ പരിശോ

ധിക്കാൻ ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി എന്ന തെറ്റിദ്ധാരണയുടെ പുറത്ത് ശകാരിക്കുകയും ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായും റീജിയണൽ വിജിലൻസ് യൂണിറ്റ് -2 റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഡ്യൂട്ടി ഡോക്ടർ കൗൺസിലറോട് ആക്രോശിക്കുകയോ മോശമായി സംസാരിക്കുകയോ ചെയ്തിട്ടില്ലായെന്നും ഡോക്ടറുടെ ഭാഗത്ത് വീഴ്ചകൾ യാതൊന്നും ഉണ്ടായിട്ടില്ലായെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## കൊല്ലം ജില്ലയിലെ ആശുപത്രികളിൽ കിഫ്ബി പദ്ധതികൾ

194 (5603) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലും വിക്ടോറിയ ആശുപത്രിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം കിഫ്ബിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 15-12-2018-ലെ സ.ഉ. (സാ.ധാ)നമ്പർ 3697/2018/ ആ.കു.വ. പ്രകാരം 183.07 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആശുപത്രി വികസനത്തിന് നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള സംസ്ഥാന വൈദ്യുതി ബോർഡ് പ്രാഥമിക ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ പാരിസ്ഥിതിക അനുമതി ലഭിച്ചശേഷം അന്തിമ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കും. കൊല്ലം സർക്കാർ വിക്ടോറിയ ആശുപത്രിയുടെ വികസനം കിഫ്ബിയിൽ ഏറ്റെടുക്കുന്നതിന് 15-12-2018-ലെ 3698/2018/ആ.കു.വ. പ്രകാരം 108.975 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതിക അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ആശുപത്രിയുടെ വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചശേഷം പ്രവർത്തികൾ ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുന്നതാണ്.

## കോന്നി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

195 (5604) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ആശുപത്രികളുടെ നവീകരണമാണ് നടത്തിയിട്ടുള്ളത്;

(ബി) ഇതിൽ കിഫ്ബി മുഖാന്തരം നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം നൽകുമോ;

(സി) ഏതെല്ലാം ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനാണ് ഭരണാനുമതി ലഭ്യമായി പ്രവൃത്തികൾ ആരംഭിച്ചത്;

(ഡി) ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കാശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജെറിയാട്രിക് വാർഡ് നിർമ്മാണവും ബ്ലോക്ക് പഞ്ചായത്ത് maintenance grant ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മാണവും നടന്നുവരുന്നു. തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആർദ്രം ഫണ്ടും എൽ.എസ്.ജി.ഡി.യുടെ ഫണ്ടും ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊക്കാത്തോട് പി.എച്ച്.സി.യിൽ ഒ.പി. കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

(ബി) കിഫ്ബി മുഖാന്തരം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോന്നി താലൂക്കാശുപത്രിയിലെ ജെറിയാട്രിക് വാർഡ് ചുറ്റുമതിൽ, ചിറ്റാർ സി.എച്ച്.സി.യിലെ ഒ.പി. കെട്ടിടം, ചിറ്റാർ സി.എച്ച്.സിയിലെ ആർദ്രം പദ്ധതി പ്രകാരമുള്ള നവീകരണ പ്രവൃത്തികൾ, ഏനാദിമംഗലം സി.എച്ച്.സി.-യിലെ നബാർഡ് ഫണ്ടും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും ചേർത്ത് മെറ്റേണിറ്റി വാർഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. സീതത്തോട് പി.എച്ച്.സി.യിലും കൊക്കാത്തോട് പി.എച്ച്.സി.യിലും മൈലപ്ര പി.എച്ച്.സി.യിലും ആർദ്രം പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് വഴി 50 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകേണ്ടതുണ്ട്.

**കോന്നി മണ്ഡലത്തിലെ സി.എച്ച്.സി, പി.എച്ച്.സി. തസ്തികകൾ**

196 (5605) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി.കളും പി.എച്ച്.സി.-കളുമാണ് ഉള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി., പി.എച്ച്.സി.-കളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നീ തസ്തികകൾ എത്ര വീതമാണെന്ന് അറിയിയ്ക്കാമോ;

(സി) അതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഒഴിവുകൾ ഉണ്ടെങ്കിൽ അവ നികത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ രണ്ട് സി.എച്ച്.സി-ഏനാദിമംഗലം, ചിറ്റാർ എട്ട് പി.എച്ച്.സി-വള്ളിക്കോട്, പ്രമാടം, മലയാലപ്പുഴ, മൈലപ്ര, കൊക്കോത്തോട്, തണ്ണിത്തോട്, സീതത്തോട്, കൂടൽ

(ബി) അനുവദിച്ച തസ്തികകൾ അനുബന്ധമായി* ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സ്റ്റാഫ് നഴ്സ് ഗ്രേഡ്-II സി.എച്ച്.സി ഏനാദിമംഗലം-1 ഒഴിവ്

ഫാർമസിസ്റ്റ് ഗ്രേഡ്-II എഫ്.എച്ച്.സി. തണ്ണിത്തോട്-1 ഒഴിവ്

ടി ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റ് നിയമനം**

197 (5606) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ എത്ര ഡയാലിസ് മെഷീനുകൾ ഉണ്ട്; ദിവസം എത്ര ഡയാലിസ് ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവിടെ നെഫ്രോളജിസ്റ്റ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴുള്ളതിന്റെ ഇരട്ടി രോഗികളെ ഡയാലിസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നെഫ്രോളിജിസ്റ്റിനെ അടിയന്തരമായി നിയമിച്ച് ഡയാലിസ്സിനുള്ള മുഴുവൻ കപ്പാസിറ്റിയും പ്രയോജനപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ 10 ഡയാലിസിസ് മെഷീനുകളുണ്ട്. ദിനംപ്രതി 10 ഡയാലിസിസ് നടത്തുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) നെഫ്രോളജിസ്റ്റിനെ നിലവിൽ നിയമിക്കാൻ സാധിക്കുകയില്ല. Trained Physician/Medical Officer ആണ് ഡയാലിസിസ് രോഗികളെ ചികിത്സിക്കുന്നത്. തുടർ ഡയാലിസിസാണ് താലൂക്കാശുപത്രികളിൽ നടപ്പിലാക്കുന്നത്.

**ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിലെ ഫീസ്**

198 (5607) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറൽ പരിശോധനയിൽ 2015-16, 2017-18 കാലയളവുകളിൽ ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിൽ വിദ്യാർത്ഥികളിൽ നിന്നും കുറവ് ഫീസാണ് ഈടാക്കിയിരുന്നത് എന്ന് കണ്ടെത്തിയതിനെ തുടർന്ന്

കുടിശ്ശികയായ ഫീസ് സർക്കാരിൽ അടച്ചിട്ടുണ്ടോ; ഈ തുകയുടെ പത്ത് ശതമാനം മാത്രമാണ് ഇതുവരെയും വസൂലാക്കിയിട്ടുള്ളത് എന്നുള്ള ഗൗരവ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനി പിരിഞ്ഞ് കിട്ടാനുള്ള അമ്പത്തി രണ്ട് ലക്ഷം രൂപ എങ്ങനെ ഈടാക്കാനാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം കടുത്ത കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥരിൽനിന്നും സർക്കാരിന് ലഭിക്കേണ്ട തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിൽ ഉണ്ടായ വൻ സാമ്പത്തിക വീഴ്ചയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(ഡി) സർക്കാർ സ്ഥാപനങ്ങളിൽ ഇത്തരം ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നത് വകുപ്പ് അധ്യക്ഷൻമാരുടെ ശ്രദ്ധക്കുറവ് കൊണ്ടാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിശ്ചയിക്കപ്പെട്ട ഫീസിൽ വർഷംതോറുമുള്ള 10% വർദ്ധനവ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇക്കാര്യം അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയപ്പോൾ തന്നെ കുട്ടികളെ അറിയിക്കുകയും വർദ്ധിപ്പിച്ച ഫീസ് 2015 ബാച്ച് മുതലുള്ള കുട്ടികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതനുസരിച്ച് 5,67,795 രൂപ ഈടാക്കിയിട്ടുമുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെയുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക എത്രയാണെന്ന് വിശദമായി പരിശോധിച്ചശേഷം അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് തുക വസൂലാക്കുന്നതാണ്.

(ബി) പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) 2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കേണ്ടിയിരുന്ന സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആനക്കയം പഞ്ചായത്തിൽ പുതിയ പി.എച്ച്.സി.**

199 (5608) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജക മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ പുതിയ ഒരു പി.എച്ച്.സി. കൂടി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 18-9-2018-ന് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ആനക്കയം, പന്തല്ലൂർ എന്നീ രണ്ടു വില്ലേജുകളും ഉൾപ്പെട്ട 45.23. ച.കി.മീ. വിസ്തൃതിയുമുള്ള ആനക്കയം പഞ്ചായത്തിൽ ഒരു പി.എച്ച്.സി. കൂടി അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ആർദ്രം മിഷന്റെ ഭാഗമായി ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആർദ്രം മൂന്നാം ഘട്ടത്തിൽ ആനക്കയം പി.എച്ച്.സി.യെ എൻ.എച്ച്.എം. പി.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## എളവള്ളി കുടുംബാരോഗ്യ കേന്ദ്രം

200 (5609) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;

(ബി) ഈ ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് മണലൂർ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചത്;

(സി) ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) ചുറ്റുമതിൽ നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെങ്കിലും നടപടികൾ പൂർത്തിയാക്കാനുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഭൂമിയുടെ വിസ്തീർണ്ണം 94 സെന്റാണ്.

(ബി) ഒമ്പത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കോസ്റ്റ്ഫോർഡ്, തൃശ്ശൂർ

(ഡി&ഇ) എളവള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി ബഹു.എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ടിൽനിന്നും 9 ലക്ഷം രൂപ അനുവദിക്കുകയും കോസ്റ്റ് ഫോർഡിനെ നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**മലപ്പുറം താലൂക്കാശുപത്രിയിൽ ഫോറൻസിക് സർജൻ തസ്തിക**

201 (5610) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എം.എൽ.എ. നൽകിയ PU/08/2018/TVM/HFW തീയതി 29-11-2018 നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) അപകട മരണങ്ങളിലും സംശയാസ്പദമായ സാഹചര്യങ്ങളിലും പോസ്റ്റുമോർട്ടം നടത്തുന്നതിന് ഫോറൻസിക് സർജൻ ആവശ്യമായതിനാൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 4-5-2019-ലെ പി.എൽ.എ. 2/98723/18/ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കത്ത് പ്രകാരം മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 22-4-2017-ലെ സ.ഉ. (കൈ) 58/2017/ആ.കു.വ പ്രകാരം, ആർദ്രം പദ്ധതിയിൽ ജില്ലാതല ആശുപത്രിയായി മലപ്പുറം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ടത് തിരൂർ ജില്ലാ ആശുപത്രിയാണ്. ഈ ഉത്തരവ് അനുസരിച്ച് മലപ്പുറം താലൂക്ക് ആശുപത്രി താലൂക്ക് തല വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. താലൂക്ക് ആശുപത്രികളിൽ ഫോറൻസിക് സർജൻ തസ്തിക ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പാലക്കാട് ജില്ലാ ആശുപത്രിയിലെ സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റ്

202 (5611) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിലെ ശസ്ത്രക്രിയ ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റിന്റെ ഉദ്ഘാടനം 2016 മാർച്ചിൽ നടത്തിയെങ്കിലും ഇപ്പോഴും ഈ യൂണിറ്റ് ഉപയോഗിക്കാതെ ഇട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അത്യാവശ്യ സംവിധാനം ഉപയോഗക്ഷമമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ സംവിധാനം ഉപയോഗത്തിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-ൽ ഉദ്ഘാടനം നടത്തിയെങ്കിലും എച്ച്.ടി. കണക്ഷൻ ലഭ്യമായത് 2018-ൽ ആണ്. എന്നാലും ഓപ്പറേഷൻ തിയേറ്ററും സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റും രണ്ട് വ്യത്യസ്ത കെട്ടിടങ്ങളിലായതിനാൽ അണുവിമുക്തമാക്കിയ ഉപകരണങ്ങൾ തിയേറ്ററിൽ എത്തിക്കുവാൻ തുറന്ന സ്ഥലത്തുകൂടി കൊണ്ടുപോകേണ്ട സാഹചര്യമാണ്. ആയത് അനുവദനീയമല്ലാത്തതിനാൽ CSSR ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) നിലവിൽ പ്രസ്തുത യൂണിറ്റ് ഓപ്പറേഷൻ തിയേറ്റർ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള നടപടികൾ പാലക്കാട് മെഡിക്കൽ കോളേജിന്റെ സഹായത്തോടെ പുരോഗമിക്കുന്നു.

## വെള്ളായണി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സമഗ്ര പുരോഗതി

203 (5612) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് നല്ല രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) നിലവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മെമ്പർമാർ ആരെല്ലാമാണ്; പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഒരു വർഷത്തിൽ എത്ര തവണ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടാറുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടി കാത്തിരിപ്പുകേന്ദ്രം നവീകരിച്ചു. രോഗികൾക്ക് സൗകര്യപ്രദമായി ഡോക്ടറെ കാണുന്നതിലേയ്ക്കായി കൂടുതൽ ഇരിപ്പിടവും സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടറെ കാണുന്നതിനായി ക്യൂ നിൽക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ടോക്കൺ സിസ്റ്റം സജ്ജീകരിച്ചിട്ടുണ്ട്. അധികമായി വേണ്ടിവരുന്ന മരുന്നുകളുടെ ആവശ്യകത പരിഹരിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് പ്രോജക്ടിലൂടെ കൂടുതൽ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. കാത്തിരിപ്പു കേന്ദ്രത്തിൽ രോഗികൾക്ക് ആരോഗ്യ സന്ദേശം പകർന്നുനൽകുന്നതിലേയ്ക്കും മാനസികോല്ലാസത്തിനായും സ്പീക്കർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. രോഗികൾക്കായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. ലാബ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സെമി ബയോകെമിസ്ട്രി അനലൈസർ സ്ഥാപിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പണികൾ പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത ആശുപത്രി 2019-20-ലെ എൻ.എച്ച്.എം.പി.ഐ.പി-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

(സി) നിലവിൽ വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 14 ജീവനക്കാരുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഡോക്ടർമാർ( അസിസ്റ്റന്റ് സർജൻ) | - | 2 |
| സ്റ്റാഫ് നേഴ്സ് | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ലാബ് ടെക്നീഷ്യൻ | - | 1 |

| | | |
|---|---|---|
| ജെ.പി.എച്ച്.എൻ.ഗ്രേഡ് (1&2) | - | 2 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 3 |
| സീനിയർ ക്ലാർക്ക് | - | 1 |
| ഓഫീസ് അസിസ്റ്റന്റ് | - | 1 |
| ആശുപത്രി അറ്റൻഡർ ഗ്രേഡ്(2) | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

(ഡി) നിലവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മെമ്പർമാരുടെ പേര് സഹിതം വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഡോ. അജേഷ് എസ്.ആർ. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്
2. ജയലക്ഷ്മി ആർ., പഞ്ചായത്ത് പ്രസിഡന്റ്
3. കുമാർ എസ്., പഞ്ചായത്ത് പ്രസിഡന്റ്
4. ജയന്തി, ഹെൽത്ത് & എഡ്യൂക്കേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
5. കൃഷ്ണകുമാരി, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
6. ചന്തു കൃഷ്ണ, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
7. ജയൻ ജി., മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
8. പ്രവീണകുമാരി, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
9. കിരൺകുമാർ, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
10. ബീന, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്
11. സതികുമാർ, യു.ഡി.എഫ്. റെപ്രസെന്റേറ്റീവ്
12. രവീന്ദ്രൻ നായർ, ബി.ജെ.പി. റെപ്രസെന്റേറ്റീവ്
13. അനിക്കുട്ടൻ, സി.പി.എം. റെപ്രസെന്റേറ്റീവ്
14. പ്രീതാറാണി, സി.പി.ഐ. റെപ്രസെന്റേറ്റീവ്
15. സുരേഷ് കുമാർ, ജെ.ഡി.എസ്. റെപ്രസെന്റേറ്റീവ്

16. ലതകുമാരി, ഡിസ്ട്രിക്ട് പഞ്ചായത്ത് മെമ്പർ

17. ഗിരിജ. ജെ., ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

18. കൃഷ്ണൻ നാടാർ, എം.എൽ.എ. യുടെ റെപ്രസെന്റേറ്റീവ്

19. ബിന്ദു തോമസ്, സോഷ്യലിസ്റ്റ് ജനത റെപ്രസെന്റേറ്റീവ്

(ഇ) ഒരു വർഷത്തിൽ നാല് തവണ ഹോസ്പിറ്റൽ മാനേജ്മെന്റ കമ്മിറ്റി യോഗം കൂടാറുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത്‌ലാബ്**

204 (5613) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)മാവേലിക്കര ജില്ല ആശുപത്രിയിൽ കാത്ത്‌ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) മാവേലിക്കര ജില്ല ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത്‌ലാബ് എന്ന രീതിയിലാണ് കാത്ത്‌ലാബ് ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ ജനറൽ ആശുപത്രിയിൽ കാത്ത്‌ലാബ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ആയതിനാൽ, ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത്‌ലാബ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ ഉൾപ്പെടെ അധിക തസ്തിക സൃഷ്ടിക്കുന്നിനുള്ള പ്രോപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ച് മാവേലിക്കര ജില്ലാ ആശുപത്രി താലൂക്ക്തല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് തല ആശുപത്രികളിൽ ഫോറൻസിക് സർജൻ തസ്തിക ഉൾപ്പെട്ടിട്ടില്ല.

## തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ

205 (5614) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിക്കുന്നതിന് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കുമോ;

(സി) അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാ നത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പരിശീലന കേന്ദ്രത്തിൽ എത്ര ക്വാർട്ടേഴ്സുകളുണ്ടെന്നും നിലവിൽ ആർക്കെല്ലാമാണ് അത് അനുവദിച്ചിട്ടുള്ളതെന്നും പേരും തസ്തികയും സഹിതം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ക്വാർട്ടേഴ്സുകൾക്ക് നിലവിൽ അപേക്ഷകരുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ അപേക്ഷകരുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് നൽകാമോ?

### ഉത്തരം

(എ) തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് 24-12-2000-ന് നിലവിൽ വന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എം.എച്ച്3-88275/99/ആ.വ.ഡ. എന്ന ഉത്തരവാണ് നിലവിൽ അടിസ്ഥാനമാക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*

(ബി) യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലും സമാന റാങ്കിലുള്ളവർക്കും ആണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്.

(സി) ഇളവ് നൽകിയിട്ടുണ്ട്. നിശ്ചിത വിഭാഗത്തിലുള്ള ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ ആവശ്യമില്ലാത്തപക്ഷം വകുപ്പിലെ മറ്റുവിഭാഗം ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ചു വരുന്നുണ്ട്. ഇതിനായി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തിരുവനന്തപുരം തൈയ്ക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയറിനോട് അനുബന്ധിച്ച് ആരോഗ്യവകുപ്പിന്റെ അധീനതയിൽ 3 ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്. ആകെ ഉണ്ടായിരുന്ന അഞ്ച് ക്വാർട്ടേഴ്സുകളിൽ മേൽപ്പറഞ്ഞവ ഒഴികെ മറ്റ് 2 ക്വാർട്ടേഴ്സുകൾ പൊളിച്ച് സ്ഥലം ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന് കെട്ടിടം നിർമ്മിക്കുവാൻ കൈമാറിയിട്ടുണ്ട്. നിലവിൽ ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളവരുടെ പേരും തസ്തികയും താഴെ കൊടുക്കുന്നു.

1. ഡോ. സെമീറ. എ. - അഡീഷണൽ ഡയറക്ടർ (ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് (അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ്))
2. അജയകുമാർ എൻ.പി. - ചീഫ് ഓപ്പറേറ്റർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് (ഓഡിയോ വിഷ്വൽ)
3. ഡി. പി. സെൻകുമാർ - സീനിയർ ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

(ഇ) നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയ ഡോ. ശ്രീലത. ആർ. -ന്റെ അപേക്ഷ നിലനിൽക്കുന്നുണ്ട്.

## കാസർഗോഡ് ജനറൽ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ

206 (5615) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ വിവിധ തരത്തിലുള്ള രോഗങ്ങൾ ബാധിച്ചെത്തുന്നവർക്ക് ഏതെല്ലാം ചികിത്സാ സംവിധാനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനങ്ങൾ രോഗികൾക്ക് സൗജന്യമായിട്ടാണോ ലഭ്യമാകുന്നതെന്നും ഏതെങ്കിലും സേവനത്തിനും സംവിധാനത്തിനും പണം നൽകേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) രോഗനിർണ്ണയത്തിനും തുടർന്നുള്ള ചികിത്സയ്ക്കും സി.ടി.സ്കാൻ എം.ആർ.ഐ തുടങ്ങിയ സംവിധാനങ്ങൾ പുറമെ നിന്ന് പ്രയോജനപ്പെടുത്താൻ സാമ്പത്തിക ശേഷിയില്ലാത്ത രോഗികൾക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(ഡി) ചെറുതും വലുതുമായ രോഗങ്ങൾക്ക് പരിശോധനകളും ചികിത്സകളും സൗജന്യമായി രോഗികൾക്ക് ലഭ്യമാക്കുന്ന നിലയിൽ കാസർഗോഡ് ജനറൽ ആശുപത്രി എത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാം പരിശോധനകൾക്കും ചികിത്സയ്ക്കുമാണ് രോഗികൾ പുറമെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്; ഇതിന് ശാശ്വതപരിഹാരം ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനറൽ മെഡിസിൻ, ജനറൽ സർജ്ജറി, ഗൈനക്, പീഡിയാട്രിക്, അനസ്തേഷ്യ, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., സൈക്യാട്രി, ഓർത്തോ, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ(പി.എം.ആർ), റെസ്പിറേറ്ററി മെഡിസിൻ, ദന്തൽ എന്നീ വിഭാഗങ്ങളിൽ ഒ.പി., ഐ.പി. സേവനങ്ങൾ നൽകിവരുന്നു. ബ്ലഡ് ബാങ്ക്, ഡയാലിസിസ്, സി.ടി.സ്കാൻ, എക്സ് റേ, വിവിധ ലാബ് സേവനങ്ങൾ എന്നിവയും ലഭ്യമാണ്. 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനത്തിന് പുറമേ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഡ്യൂട്ടി ഡോക്ടറുടെ സേവനവും ലഭ്യമാണ്.

(ബി) 18 വയസ്സിന് താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, എ.എ.വൈ കാർഡ് ഉള്ളവർ കെ.എ.എസ്.പി. ഇൻഷ്വറൻസ് കാർഡ് ഉള്ളവർ എന്നിവർക്ക് സൗജന്യമായി സേവനങ്ങൾ നൽകിവരുന്നു. മറ്റുള്ളവർക്ക് ആശുപത്രി വികസന സമിതി നിശ്ചയിച്ച ചാർജ്ജുകൾ ഈടാക്കുന്നു.

(സി) അബോധാവസ്ഥയിൽ കൊണ്ടുവരുന്നവർ, അജ്ഞാതർ, തീരെ പണമില്ലാത്തവർ എന്നിവർക്ക് ആശുപത്രിയിൽ ലഭ്യമായ സി.ടി.സ്കാൻ ഉൾപ്പെടെയുള്ള പരിശോധനകളും ചികിത്സയും തീർത്തും സൗജന്യമായി നൽകുന്നു. എം.ആർ.ഐ. സംവിധാനം നിലവിലില്ല.

(ഡി) മുഴുവൻ സേവനങ്ങളും സൗജന്യമായി നൽകുന്ന രീതിയിൽ എത്തിയിട്ടില്ല.

(ഇ) എം.ആർ.ഐ. സ്കാൻ, ബയോപ്സി പരിശോധന, കൾച്ചർ ആന്റ് സെൻസിറ്റിവിറ്റി ടെസ്റ്റ്, ഹോർമോൺ പരിശോധനകൾ എന്നിവയ്ക്ക് ഇതിനു പരിഹാരമായി കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. Microbiology lab തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

207 (5618) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നെടുങ്ങോലം ഗവ. രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നെടുങ്ങോലം ഗവ. രാമറാവു മെമ്മോറിയിൽ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ അവസാനഘട്ട പണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. വഴി നടന്നുവരികയാണ്. സിവിൽ വിഭാഗവുമായി ബന്ധപ്പെട്ട് യൂണിറ്റിനകത്തുള്ള അലൂമിനിയം ഫാബ്രിക്കേഷൻ വർക്കുകളും സെപ്റ്റിക് ടാങ്ക് നിർമ്മാണവും നടന്നുവരുന്നു. ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട വയറിംഗ് വർക്കുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളും നടന്നുവരികയാണ്. വർക്കുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(സി) പി.ഡബ്ല്യൂ.ഡി. സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് അടിയന്തരനടപടി സ്വീകരിച്ചുവരികയാണ്. ഡിസംബർ ആദ്യ ആഴ്ചയോടുകൂടി തന്നെ യൂണിറ്റിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. കെട്ടിടം കൈമാറിക്കിട്ടിയാൽ ഉടൻതന്നെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഡയാലിസിസ് മെഷീനുകൾ, RO plant GPS എന്നിവ ലഭ്യമാക്കി യൂണിറ്റ് പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ**

208 (5618) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ ജീവനക്കാരുടെ എണ്ണം, സ്ഥാപനം, തസ്തിക എന്നിവ അനുസരിച്ച് ലഭ്യമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിലെ ആശുപത്രികളിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ എത്ര കാലമായി പ്രസ്തുത തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിലെ ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ ജീവനക്കാരുടെ എണ്ണം, സ്ഥാപനം, തസ്തിക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) മാനന്തവാടി മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ജൂനിയർ കൺസൽട്ടന്റ് തസ്തികകളിലെ ഒഴിവ് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും സ്ഥാന നൽകൽ വഴിയും (placement) കൺസർട്ടന്റ് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം നൽകുന്നതിലൂടെയും നികത്തുന്നതാണ്. ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നീ തസ്തികയിലെ ഗ്രേഡ് 1 ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫാർമസിസ്റ്റ് ഗ്രേഡ് -1, സ്റ്റാഫ് നഴ്സ് ഗ്രേഡ് -1 എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ സേവനവിവരങ്ങൾ അയച്ചു തരുവാൻ എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ദന്തൽ ഹൈജീനിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ആരോഗ്യ വകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയുടെ യോഗ്യത സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ടി.ബി. സെന്ററിൽ X-ray machine നിലവിലില്ലാത്തതിനാൽ റേഡിയോഗ്രാഫർ ജീവനക്കാരെ working arrangement വ്യവസ്ഥയിൽ ജില്ലാ ആശുപത്രിയിൽ നിയമിച്ചു വരുന്നു.

ബയോളജിസ്റ്റ് തസ്തിക ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ്. അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിൽ ഒരു വർഷം നിരീക്ഷണകാലം പൂർത്തീകരിച്ചാൽ മാത്രമേ ബയോളജിസ്റ്റായി സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂ. എന്നാൽ അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയുടെ യോഗ്യതയെച്ചൊല്ലി നിരവധി തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലനിൽക്കുന്നതിനാൽ ടി തസ്തികയിലേയ്ക്ക് ഏറെക്കാലം നിയമനങ്ങൾ നടന്നിരുന്നില്ല. ടി തർക്കങ്ങളും കോടതി വ്യവഹാരങ്ങളും തീർപ്പാക്കി അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്കികയിലേയ്ക്ക് ഇ.ജി. 1-80613/14/ആ.വ.ഡ. തീയതി 27/03/19 എന്ന ഉത്തരവിലൂടെയാണ് നിയമനങ്ങൾ നടന്നത്. ടി തസ്തികയിലേയ്ക്ക് ജീവനക്കാർ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതോടെ സ്ഥാനക്കയറ്റം നൽകി നിലവിലെ ബയോളജിസ്റ്റ് തസ്കികയുട ഒഴിവ് നികത്തുന്നതാണ്. ടി കാലയളവ് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലിക നിയമനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, ഹെൽത്ത് ഇൻസ്പെക്ടർ തസ്കികയിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ, ക്ലാർക്ക്, ക്ലാർക്ക് ടൈപ്പിസ്റ്റ്, ഫീൽഡ് വർക്കർ, ഇൻസെക്ട് കളക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2, ലാബ് ടെക്നീഷ്യൻ, ട്രീറ്റ്മെന്റ് ഓർഗനൈസർ തസ്തികകളിലെ ഒഴിവ് എന്നിവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.റ്റി.എസ്-ന്റെ നിരീക്ഷണകാലം പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി Hospital Attendant Grade-II-ന്റെ ഒഴിവ് നികത്തുന്നതാണ്.

**നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

209 (5620) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ല ആശുപത്രിയായി ഉയർത്തിയതിന് ശേഷം ജില്ല ആശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഏതെല്ലാം തസ്തിക സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയതിന് ശേഷം സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ല. ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രി താലൂക്കാശുപത്രികളുടെ പട്ടികയിലാണ്. ആർദ്രം പദ്ധതി പ്രകാരം പുതിയ 3 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ 23-9-2017 തീയതിയിലെ G.O. (Ms)No.136/2017/H&FWD പ്രകാരം ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്)-1, ജൂനിയർ കൺസൽട്ടന്റ് (സർജറി)-1, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുലശേഖരപുരം ആയുർവ്വേദാശുപത്രി

210 (5621) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം ആയുർവേദാശുപത്രിയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാണോ; അല്ലെങ്കിൽ എത്ര ദിവസം ഡോക്ടറുടെ സേവനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) അവിടെ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കുലശേഖരപുരം ആയുർവ്വേദാശുപത്രിയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

മെഡിക്കൽ ഓഫീസർ -1

ഫാർമസിസ്റ്റ് ഗ്രേഡ് -1

അറ്റൻഡർ -1

(ബി) നിലവിൽ ആഴ്ചയിൽ മൂന്ന് ദിവസം ഡോക്ടറുടെ സേവനം ലഭ്യമാണ് (ചൊവ്വ, വ്യാഴം, ഞായർ). ടി സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ച് 3-7-2019 മദ്ധ്യാഹ്നത്തിന് വിടുതൽ ചെയ്തിട്ടുള്ളതിനാൽ 4-7-2019 മുതൽ പാവുമ്പ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ ടി സ്ഥാപനത്തിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. നിലവിൽ പാവുമ്പ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ 28-10-2019 മുതൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ 28-10-2019 പൂർവാഹ്നം മുതൽ കുലശേഖരപുരം സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറുടെ അധിക ചുമതല ഒന്നിടവിട്ട (ചൊവ്വ, വ്യാഴം, ഞായർ), ശനി (വീക്കിലി ഓഫ്) ദിവസങ്ങളിൽ കരുനാഗപ്പള്ളി സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

## കരിവെള്ളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം

211 (5622) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും അടിസ്ഥാന സൗകര്യത്തിലും സേവനത്തിലും സി.എച്ച്.സി. നിലവാരത്തിലേക്ക് എത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ സി.എച്ച്.സി. നിലവാരത്തിലെത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

സാമൂഹികാരോഗ്യകേന്ദ്രമായി ഉയർത്തിയ കരിവെള്ളൂർ സി.എച്ച്.സി.യിൽ കെട്ടിട-ഭൗതിക സൗകര്യങ്ങൾ ലഭ്യമാണ്. 62 കിടക്കകളുള്ള ടി സ്ഥാപനത്തിൽ പ്രതിദിനം ശരാശരി ഒ.പി. 226 ആണ്. ടി കേന്ദ്രത്തെ സി.എച്ച്.സി. നിലവാരത്തിലെത്തിക്കുന്നതിന് അധിക തസ്തികകൾ ആവശ്യമാണ്. എന്നാൽ നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം മാത്രമാണ് സർക്കാർ പരിഗണനയിലുള്ളത്. സംസ്ഥാനത്ത് 162 ബ്ലോക്ക്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീസൗഹൃദരീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പട്ടികയിൽ കരിവെള്ളൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

## കരുനാഗപ്പള്ളി ഗവ.താലൂക്ക് ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ

212 (T5623) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച കരുനാഗപ്പള്ളി ഗവ. താലൂക്ക് ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്കുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്തുനിന്നും ഏതെങ്കിലും കെട്ടിടങ്ങൾ നീക്കം ചെയ്യേണ്ടതുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

---

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയ കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയുടെ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ 2019 നവംബർ അവസാന ആഴ്ചയോടെ പൂർത്തിയാകും.

(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി 15 കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നതിന് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി സൂപ്രണ്ട് കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജനറൽ ആശുപത്രി**

213 (5624) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ദിവസേന ഒ.പി.-യിൽ ചികിത്സ തേടി എത്ര രോഗികൾ എത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ദിനംപ്രതി എത്ര രോഗികൾക്കാണ് കിടത്തി ചികിത്സ സൗകര്യം ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ നിലവിൽ എത്ര ഡോക്ടർമാരാണുള്ളതെന്നും എത്ര ഹൗസ് സർജൻമാരുടെ സേവനം ആണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019 ഒക്ടോബർ പ്രകാരം ദിനംപ്രതി 2550-ൽപ്പരം രോഗികൾ ചികിത്സ തേടി ഒ.പി.യിൽ എത്തുന്നുണ്ട്.

(ബി) 2019 ഒക്ടോബർ പ്രകാരം 747 കിടക്കകളാണ് കിടത്തിച്ചികിത്സക്കായി സൗകര്യപ്പെട്ടിട്ടുള്ളത്.

(സി) 88 സർക്കാർ ഡോക്ടർമാരും 120 ഹൗസ് സർജൻമാരും സേവനമനുഷ്ഠിക്കുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രി

214 (5625) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും, അവയിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ)
1. പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന 3 കോടി രൂപ ചെലവിൽ മെറ്റേണിറ്റി യൂണിറ്റിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.
2. കെ.എം.എസ്.സി.എൽ. മുഖേന 1,09,11,440 രൂപ ചെലവിൽ 6 മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.
3. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് 20 ലക്ഷം രൂപ ചെലവിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചു.
4. മെറ്റേണിറ്റി യൂണിറ്റിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണത്തിനായി നബാർഡ് ഫണ്ടിൽ നിന്നും 6 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) മെറ്റേണിറ്റി യൂണിറ്റിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരുടെ സേവനം

215 (5626) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. എച്ച്.എം./06 തീയതി 21-10-2019- ൽ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരെ നിയമിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള നടപടിക്രമങ്ങൾ ആണ് വേണ്ടതെന്ന് വിശദമാക്കാമോ;

(സി) 2019-ൽത്തന്നെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. എം.എൽ.എ.-യുടെ 8-11-2019 -ലെ നിവേദനം 13-11-2019 -ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ ആവശ്യമാണ്.

1. ആശുപത്രിയിൽ എല്ലാ വിഭാഗങ്ങളിലുമുള്ള അടിസ്ഥാന സൗകര്യ വികസനം ഉണ്ടായിരിക്കണം.
2. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുകയും റ്റി.സി.എം.സി.-യുടെ ശിപാർശയും ഉണ്ടായിരിക്കണം.
3. എത്ര ഹൗസ് സർജൻമാർക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതിന് അനുവാദം നൽകണമെന്നത് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ ആശുപത്രി സൂപ്രണ്ട് ഉചിതമാർഗ്ഗേണ (ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന) സമർപ്പിക്കേണ്ടതാണ്.

4. ഉചിതമാർഗ്ഗേണ ലഭിക്കുന്ന അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ (MCI)-യുടെ അംഗീകാരത്തിന് വിധേയമാക്കുന്നതിനായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ (TCMC)ന്റെ പരിഗണനയ്ക്കായി അയച്ചു കൊടുക്കുന്നതായിരിക്കും.

5. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ആവശ്യമാണ്.

(സി) ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## താലൂക്ക് ആശുപത്രികളിൽ ഫാർമസി സ്റ്റോർ കീപ്പറുടെ തസ്തിക

216 (5627) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസി സ്റ്റോർ കീപ്പറുടെ തസ്തിക നിലവിലില്ലാത്ത ആശുപത്രികൾ ഉണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രികളിൽ ഫാർമസി സ്റ്റോർ കീപ്പറെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഡെന്റൽ കോളേജുകളിൽ മരുന്ന് വിതരണത്തിന് ഫാർമസിസ്റ്റുമാരില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾ വിതരണത്തിന് ശേഷം ഡ്രഗ് ഇൻസ്പെക്ടർമാരുടെ പരിശോധനയിൽ സബ് സ്റ്റാൻഡേർഡ് ആയി ഡിക്ലയർ ചെയ്യപ്പെടുന്നത് രോഗികൾക്കും സർക്കാരിനും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസി സ്റ്റോർ കീപ്പർ തസ്തിക സൃഷ്ടിച്ചിട്ടില്ല. ആർദ്രം പ്രൊപ്പോസലിൽ പനത്തടി താലൂക്ക് ആശുപത്രിയിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറുടെ ഒരു തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ സർക്കാർ ഡെന്റൽ കോളേജുകൾ എല്ലാംതന്നെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ഒരേ ക്യാംപസിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ ഡെന്റൽ കേളേജിൽ വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ അതാത് സ്ഥലത്തുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ള ഫാർമസി മുഖാന്തരം മുടക്കമില്ലാതെ വിതണം ചെയ്തുവരുന്നു. അതിനാൽ ഡെന്റൽ കോളേജുകളിൽ പ്രത്യേക ഫാർമസികൾ തുടങ്ങുന്നതിന്റെ ആവശ്യം നിലവിലില്ല.

(സി) പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധനയിൽ വാസ്തവമുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആ മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾത്തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉത്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉത്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ-ഹൗസ് (In-House) ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited Lab) അല്ലെങ്കിൽ കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാ ഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്.

2. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി ലാബുകളിൽ സന്ദർശനം നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ എംപാനൽഡ് ലാബുകളെ തെരഞ്ഞെടുക്കുന്നത്. എംപാനൽഡ് ലാബുകളുടെ പരിശോധനാ ഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10%-ത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം (DDMS സോഫ്റ്റ്‌വെയർ ആട്ടോമാറ്റിക്കായി തെരഞ്ഞെടുക്കുന്നു) മരുന്നുകളുടെയും ഉത്പാദകരുടെയും പേരും മറ്റു വിവരങ്ങളും നീക്കം ചെയ്ത് കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ് / ലേബൽ പതിപ്പിക്കുകയും ഇങ്ങനെ കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളെ പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതും DDMS സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസിലാക്കിയ ശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ ആ മരുന്നിന്റെ

ഉപയോഗം നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

5. മുകളിൽ സൂചിപ്പിച്ചതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statuory Analysis ) നടത്തുകയും ചെയ്യുന്നുണ്ട്.

6. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും മരുന്നുകളുടെ മൂന്നു ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാ കേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്നുകമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യുന്നു.

8. കോർപ്പറേഷൻ സംഭരിച്ച് വിതരണം നടത്തുന്ന മരുന്നുകളിൽ നിന്നും 10% ത്തിൽ കുറയാതെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിനു പുറമെ കാലഹരണ തീയതി അവസാനിക്കുന്നതിനു മുമ്പുവരെ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി റാൻഡമായി മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്താനായി ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

9. ഒരു ഉത്പദാകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനാമാകാനോ നിറത്തിലോ മറ്റു അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കാനോ പാടില്ലായെന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉത്പാദകനിൽനിന്നും പിഴ ഈടാക്കാറുമുണ്ട്. എന്നിരുന്നാലും സമാനമായ പരാതികൾ വീണ്ടും ഉയരാറുള്ള സാഹചര്യത്തിൽ രോഗികളുടെ സുരക്ഷിതത്വത്തിനായി കോർപ്പറേഷന്റെ 2017-2018 -ലെ ദർഘാസുമുതൽ കളർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്.

10. ശീതസംഭരണ ഊഷ്മാവിലും ($2^0$ -$8^0$ c), നാർകോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽനിന്നും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി അന്യത്രസേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

12. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL ലബോറട്ടറിയായി Pharma & Allied Testing Laboratory-യെ കോർപ്പറേഷന്റെ എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

13. കോർപ്പറേഷൻ സംഭരിച്ച് വിതരണം നടത്തുന്ന Blood Diagnostics Kits And Reagents and Medical Devices എന്നിവയുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിലേയ്ക്കായി വിദഗ്ദ്ധരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും Sample evaluation നടത്തുകയും ഇപ്രകാരം ഗുണനിലവാരം ഉറപ്പിച്ച ഇനങ്ങൾ മാത്രമാണ് ദർഘാസിൽ ഉൾപ്പെടുത്തുന്നത്.

## ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതിന് നടപടി

217 (5628) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കേണ്ട തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഏതെല്ലാം തസ്തികകൾക്കാണ് ഇനിയും സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) ആരോഗ്യ വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ യോഗ്യതകൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കേണ്ട തസ്തികകൾ ചുവടെ ചേർക്കുന്നു :

1. തിയ്യേറ്റർ മെക്കാനിക്ക് ഗ്രേഡ് I & ഗ്രേഡ് II
2. സി.എസ്.ആർ. ടെക്നീഷ്യൻ ഗ്രേഡ് I & ഗ്രേഡ് II
3. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I & ഗ്രേഡ് II
4. നഴ്സിംഗ് അസിസ്റ്റന്റ്
5. ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്
6. എക്സ്റേ അറ്റൻഡന്റ്
7. മോർച്ചറി ടെക്നീഷ്യൻ
8. ഫാർമസിസ്റ്റ് ഗ്രേഡ് I & ഗ്രേഡ് II
9. ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ
10. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I & ഗ്രേഡ് II
11. ചീഫ് ലബോറട്ടറി ടെക്നീഷ്യൻ
12. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് I & ഗ്രേഡ് II
13. റേഡിയോഗ്രാഫർ ഗ്രേഡ് I & ഗ്രേഡ് II
14. ഡയാലിസിസ് ടെക്നീഷ്യൻ
15. ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് I & ഗ്രേഡ് II
16. ഡെന്റൽ മെക്കാനിക്ക് ഗ്രേഡ് I & ഗ്രേഡ് II
17. ഡെന്റൽ എക്യുപ്മെന്റ് മെയിന്റനൻസ് ടെക്നീഷ്യൻ

(ബി) ഇനിയും സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കേണ്ട തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ആരോഗ്യവകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത തസ്തികകളിൽ ആയത് തയ്യാറാക്കുന്നതിലേയ്ക്കായി കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം തയ്യാറാക്കുന്ന വിഷയം പരിഗണനയിലാണ്. കൂടാതെ മെഡിക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുകയും ടി യോഗ്യതകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ തസ്തികകൾക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയി ക്കുന്നതുൾപ്പെടെ ആശുപത്രി ജീവനാക്കാരുടെ യോഗ്യതകൾ കാലോചിതാമായി പരിഷ്കരിക്കുന്നരീതിയിൽ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്ന വിഷയവും പരിഗണ നയിലാണ്.

## ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിയമനം

218 (5631) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിയോ തെറാപ്പിസ്റ്റുകൾ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി. ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഇല്ലാത്തതു കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ഏത് വിഭാഗം ആശുപത്രികളിലാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ നിയമനം എല്ലാ വിഭാഗം ആശുപത്രി കളിലും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)തെരഞ്ഞെടുക്കപ്പെട്ട ജനറൽ /ജില്ലാ ആശുപത്രികളിലായി 6 ഫിസിയോ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ദേശീയ ആരോഗ്യദൗത്യത്തിൻ കീഴിൽ നാഷണൽ പ്രോഗ്രാം ഫോർ പാലിയേറ്റീവ് കെയറിന്റെ (NPF) ഭാഗമായി സംസ്ഥാനത്തെ 232 സി.എച്ച്.സി.-കളിലും ഓരോ ഫിസിയോതെറാപ്പിസ്റ്റിനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സെക്കന്ററിതല പാലിയേറ്റീവ് കെയർ എല്ലാ സി.എച്ച്.സി.കളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് 2017-18, 2018-19 വർഷം മുതൽ ഫിസിയോ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുള്ളത്. ഇതിനുപുറമേ National Progamme for Health Care of Elderly യുടെ ഭാഗമായിട്ടും National Progamme for Control of Cancer, Cardiovascular Diseases-ന്റെ ഭാഗമായിട്ടും ജില്ലാ-താലൂക്ക് ആശുപത്രികളിലും ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ഫിസിയോതെറാപ്പിസ്റ്റുകൾ സി.എച്ച്.സി.കളിൽ വരുന്ന രോഗികൾക്കു പുറമേ ഫീൽഡ് തലത്തിൽ അതാത് പ്രാഥമികാരോഗ്യകേന്ദ്ര തലത്തിലുള്ള ശയ്യാവലംബരായ രോഗികൾക്ക് ഭവന സന്ദർശനം നടത്തി സേവനം നൽകുന്നുണ്ട്.

## ആരോഗ്യ വകുപ്പിലെ ഒഴിവുകൾ നികത്താൻ നടപടി

219 (5632) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ഡിസ്ട്രിക് മലേറിയ ഓഫീസർ, ഡിസ്ട്രിക് എജ്ജക്കേഷൻ ആന്റ് മീഡിയ ഓഫീസർ, ഡെപ്യൂട്ടി ജില്ലാ മീഡിയ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികകളിൽ ഓരോന്നിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)

| തസ്തിക | ഒഴിവുകൾ |
|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | 12 |
| ഹെൽത്ത് സൂപ്പർവൈസർ | 9 |
| ഡിസ്ട്രിക്ട് മലേറിയ ഓഫീസർ | 1 |
| ഡിസ്ട്രിക്ട് എജ്യൂക്കേഷൻ ആന്റ് മീഡിയ ഓഫീസർ | 9 |
| ഡെപ്യൂട്ടി ജില്ലാ മീഡിയ ഓഫീസർ | - |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II | 14 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | 3 |

(ബി) ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ഡിസ്ട്രിക്ട് മലേറിയ ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തകകളുടെ വിശേഷാൽ ചട്ടമായ സ.ഉ. (അച്ചടി)നമ്പർ 75/17/ആ.കു.വ., തീയതി, 12-12-2017 പ്രകാരം ടി വിഭാഗത്തിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ, നിലവിൽ 20 വർഷത്തിൽ

കൂടുതൽ സർവ്വീസ് പൂർത്തീകരിച്ച ജീവനക്കാർക്ക് ആർക്കുംതന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ ടി വിഭാഗത്തിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ, നിലവിലെ ജീവനക്കാരെ ടി വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ, ടി വിശേഷാൽ ചട്ടത്തില ഭേദഗതി വരുന്നതുവരെ പ്രസ്തുത തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ താത്ക്കാലികമായി നടത്തുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്.

ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മീഡിയ ഓഫീസർ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ വഴിയാണ് നികത്തുന്നത്. ഇതിന്റെ നിയമന അധികാരി സർക്കാർ ആണ്. പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ സംബന്ധിച്ച വിഷയത്തിന്മേൽ കോടതി സ്റ്റേ നിലനിന്നിരുന്നു. എന്നാൽ, ഇപ്പോൾ നിലനിൽക്കുന്ന ഒഴിവുകളിൽ 8 ഒഴിവിലേയ്ക്ക് പ്രൊമോഷൻ നടത്തുവാനായി കോടതി സ്റ്റേ വെക്കേറ്റ് ചെയ്തിട്ടുണ്ട്. തുടർന്ന്, സ്ഥാനക്കയറ്റം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ നിയമനം

220 (5633) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നിർത്തി വെച്ചതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിൽ സീനിയർ മൈക്രോബയോളജി സയന്റിഫിക് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലേക്ക് നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ;

(ഇ) അർഹതയുള്ളവരുണ്ടായിട്ടും പ്രസ്തുത തസ്തികയിൽ നിയമനം നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 7 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) സ്ഥാനക്കയറ്റം മുഖാന്തരം നികത്തേണ്ട 8 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(സി) സ്ഥാനക്കയറ്റം മുഖാന്തരം നികത്തേണ്ട 8 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**സ്റ്റാഫ് നഴ്സുമാരുടെ സീനിയോറിറ്റി**

221 (5634) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ ജില്ലാതലനിയമനം ലഭിച്ച് അഞ്ച് വർഷം ജോലി ചെയ്ത ശേഷം പ്രമോഷൻ ലഭിക്കാതെ സ്ഥലം മാറി മറ്റ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരിൽ എത്ര പേർക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇങ്ങനെ നിയമനം ലഭിച്ചവരിൽ എത്ര പേർക്ക് കോടതി ഉത്തരവുമൂലം സീനിയോറിറ്റി പുനഃസ്ഥാപിച്ചു ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കോടതി ഉത്തരവ് ഉണ്ടായിട്ടും ഇത്തരം കേസുകളിൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; കോടതിയിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യ വിഭാഗത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഇരുപത്തി രണ്ടോളം ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഉടനടി പ്രൊമോഷൻ നൽകി രണ്ടാം ഗ്രേഡ് ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 88

(ബി) 88

(സി) ഇല്ല

(ഡി&ഇ) ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികയുടെ വിശേഷാൽ ചട്ടം നിലവിൽ വന്നത് സ.ഉ.(അച്ചടി)നമ്പർ 75/2017/ ആ.ക.വ. തീയ്യതി. 12-12-2017 എന്ന ഉത്തരവിലൂടെയാണ്. ടി ഉത്തരവ് അനുസരിച്ച് മേൽ സൂചിപ്പിച്ച തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. എന്നാൽ നിലവിൽ 20 വർഷം വരെ സേവനമനുഷ്ഠിച്ച ജീവനാക്കാർക്ക് ആർക്കും തന്നെ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ടി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനായി വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി യോഗം ചേരുന്നതിനുള്ള പ്രാഥമിക നടപടിയായി കോൺഫിഡൻഷ്യൽ റിപ്പോർട്ട്, പ്രൊബേഷൻ, സ്റ്റാറ്റസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പിൽ നിന്നും സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിലവിലെ ജീവനക്കാർക്ക് ആർക്കുംതന്നെ ഇല്ലാത്തതിനാൽ ആയത് ആരും ലഭ്യമാക്കിയിരുന്നില്ല. ഈ സാഹചര്യത്തിൽ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിശേഷാൽ ചട്ടത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥ നിലവിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമാകുമെന്ന അവസ്ഥ മുന്നിൽക്കണ്ട് ഇവരെ ടി വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. കൂടാതെ ടി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുന്നതുവരെ ഈ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ താത്ക്കാലികമായി നടത്തുന്ന കാര്യവും പരിശോധിച്ചു വരുന്നുണ്ട്.

**ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ**

222 (5635) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര ലബോറട്ടറി ടെക്നീഷ്യൻ തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 454.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

**ഡയാലിസിസ് ടെക്നീഷ്യന്മാരുടെ നിയമനം**

223 (5636) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പി. എസ്. സി. മുഖേന ഡയാലിസിസ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഡയാലിസിസ് ടെക്നിഷ്യൻ കോഴ്സ് പൂർത്തിയാക്കിയവരെ ആരോഗ്യ വകുപ്പിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ അംഗീകൃത ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് പഠിപ്പിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന ഡയാലിസിസ് സെന്ററിന്റെ തിരക്ക് കണക്കിലെടുത്ത് പി. എസ്. സി. മുഖേന നിയമനത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ആരോഗ്യ വകുപ്പിൽ ആർദ്രം പദ്ധതി പ്രകാരം പുതുതായി സൃഷ്ടിച്ച ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയുടെ നിയമനരീതി, യോഗ്യത എന്നിവ സംബന്ധിച്ച് തീരുമാനം ആകുന്ന മുറയ്ക്കേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് ലാബ് അസിസ്റ്റന്റ് ഡയാലിസിസിൽ നിന്നും സ്ഥാനക്കയറ്റം നൽകിയാണ് നിയമിച്ചു വരുന്നത്.

(ബി) നിയമന രീതി, യോഗ്യത എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(സി) 24 സ്ഥാപനങ്ങൾ നിലവിലുണ്ട്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയുടെ നിയമനരീതി, യോഗ്യത എന്നിവ സംബന്ധിച്ച് തീരുമാനം ആകുന്ന മുറയ്ക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ രണ്ടാംഗ്രേഡ് നഴ്സ് (ഹെൽത്ത്) റാങ്ക് ലിസ്റ്റ്

224 (5637) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ രണ്ടാം ഗ്രേഡ് നഴ്സ് (ഹെൽത്ത്) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സം വകുപ്പ് തലത്തിൽ നിലനില്ക്കുന്നുണ്ടോ;

(ബി) നിരവധി ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടും അധികൃതർ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിച്ച മറ്റ് ജില്ലകളിലെ ലിസ്റ്റുകളിൽ നിന്നും നിരവധി പേരെ നിയമിച്ചിട്ടും കാസർഗോഡ് ജില്ലയിൽ മാത്രം ആരെയും നിയമിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉദ്യോഗാർത്ഥികളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് തടസ്സങ്ങൾ നിലവിലില്ല.

(ബി) സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 ന്റെ 40 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 40 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 3 സ്റ്റാഫ് നഴ്സ്മാർക്കാണ് പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ചത്. ഇതിൽ ഒരാൾ മാത്രമാണ് സേവനത്തിൽ പ്രവേശിച്ചത്. ബാക്കി 2 ഒഴിവുകൾ എൻ.ജെ.ഡി. ആയി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവ് ഉൾപ്പെടെ 39 പേർക്ക് പി.എസ്.സി.-യിൽ നിന്നും ശിപാർശ ലഭിക്കാനുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫാർമസിസ്റ്റ് തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി

225 (5638) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റോർ കസ്റ്റോഡിയൻ കൂടിയായ ഫാർമസിസ്റ്റുമാർക്ക് സി.എച്ച്.സി. മുതൽ മുകളിലോട്ടുള്ള സർക്കാരാശുപത്രികളിലെ അമിത ജോലിഭാരം പരിഹരിക്കുന്നതിനായി ഒരു ഷിഫ്റ്റ് ഡ്യൂട്ടിക്ക് രണ്ട്, രണ്ട് ഷിഫ്റ്റ് ഡ്യൂട്ടിക്ക് മൂന്ന് എന്ന രീതിയിൽ ഫാർമസിസ്റ്റ് തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കുടുംബാരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ 184 ഫാർമസിസ്റ്റ് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഓരോ ഷിഫ്റ്റിനും ഫാർമസിസ്റ്റുമാരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ആരോഗ്യ വകുപ്പിലെ ബൈട്രാൻസ്ഫർ നിയമനം

226 (5639) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ 76/2017 ഉത്തരവിൽ പറയുന്ന പ്രകാരം ബൈട്രാൻസ്ഫർ ഒഴിവുകളിലേക്ക് അപേക്ഷ ഇല്ലാത്തപക്ഷം ആ ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) അന്തർ ജില്ലാമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്ത സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ജെ.എച്ച്.ഐ. ഗ്രേഡ് II-ന്റെ നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയാറായ സാഹചര്യത്തിൽ 2020 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ കണ്ടെത്തി നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടിയവരുടെ അപേക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി&ഡി) ഇല്ല. 2-12-1991-ലെ തിയതിയിലെ സ.ഉ.(അച്ചടി)നമ്പർ 36/91/പി& എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ഒരു ജില്ലയിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവിൽ 10% ഒഴിവുകൾ അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന നികത്താവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു.

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 4-11-2019-ലെ ഇ.ജി2-40/2016/ ആ.വ.ഡ. നമ്പർ ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളിലും സ്ഥാനക്കയറ്റം നടത്തുകയും ആയതു പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരികയാണ്.

## കെമിസ്റ്റ് ഗ്രേഡ് -2 തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ

227 (5640) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 554/2014 പ്രകാരം 23-8-2017-ന് നിലവിൽ വന്ന ആരോഗ്യ വകുപ്പിലേയ്ക്കുള്ള കെമിസ്റ്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് എത്ര നിയമനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യവകുപ്പിൽ കെമിസ്റ്റ് ഗ്രേഡ് -2-ന്റെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് പറയാമോ;

(സി) നിലവിൽ കെമിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര എണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു; ഇനി എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-ൽ കെമിസ്റ്റ് ഗ്രേഡ്-2-ന്റെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ&ബി) രണ്ട്.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) പ്രതീക്ഷിത ഒഴിവുകൾ ഇല്ല.

## മണ്ണാർക്കാട് താലൂക്കിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

228 (5641) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പരുത്തിമലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടത്തിൽ എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായി പ്രസ്തുത പ്രദേശത്തേയും സമീപ പ്രദേശങ്ങളിലേയും അൻപതിലേറെ കുട്ടികൾ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി, എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരം ഈ പ്രദേശങ്ങളിലെ ദുരിതമനുഭവിക്കുന്നവർക്ക് കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ നോട്ടൻമല പ്രദേശത്ത് 13 കുട്ടികൾക്ക് സെറിബ്രൽ പാൾസി, മാനസികവൈകല്യം തുടങ്ങിയവ കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത ആൾക്കാർക്ക് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരം നൽകുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

## ഇറച്ചി വ്യാപാരശാലകൾ ഭക്ഷ്യസുരക്ഷാനിയമ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമാക്കുന്നതിന് നടപടി

229 (5642) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചി ഉൾപ്പെടെയുള്ള ഇറച്ചി വ്യാപാരശാലകൾക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അവിടുത്തെ ശുചിത്വവും ഇറച്ചിയുടെ ആരോഗ്യപരമായ സുരക്ഷിതത്വവും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) അവിടുത്തെ മാലിന്യനിർമ്മാർജ്ജനത്തിന് ഏതെങ്കിലും നിർദ്ദേശങ്ങളോ നിബന്ധനകളോ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ആരോഗ്യവകുപ്പിന്റെ നിരന്തര നിരീക്ഷണത്തിന് ഇറച്ചിവ്യാപാരശാലകളെ വിധേയമാക്കി ജനങ്ങൾക്ക് സുരക്ഷിതമായ ഇറച്ചി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2006 -ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയം Schedule 4, Part IV -ൽ ഇറച്ചി വ്യാപാരശാലകൾ പാലിക്കേണ്ട ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള നിബന്ധനകൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചി വ്യാപാരശാലകളും സ്ലോട്ടർ ഹൗസുകളും മാംസമാർക്കറ്റുകളോട് ചേർന്നും പച്ചക്കറി, മത്സ്യം തുടങ്ങി വിൽക്കുന്ന സ്ഥലങ്ങളിൽ നിന്നും മാറി പുകയും, പൊടിപടലങ്ങളും ബാധിക്കാത്ത രീതിയിൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ ടി സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ NOC-യും നിർബന്ധമാണ്. കൂടാതെ ഉപയോഗിക്കുന്ന വെള്ളം ശുദ്ധമായിരിക്കേണ്ടതും ഉപകരണങ്ങൾ വൃത്തിയും വെടിപ്പുമുള്ളതും അണുവിമുക്തവുമായിരിക്കേണ്ടതുമാണ്. അറവു ചെയ്യുന്ന തിനുമുമ്പ് മൃഗങ്ങളെ പാർപ്പിക്കുന്ന സ്ഥലമായ Lairage, അറവുചെയ്യുന്നതിനുമുമ്പ് മൃഗങ്ങൾക്ക് അസുഖങ്ങളൊന്നുമില്ലായെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്ന പ്രക്രിയയായ Ante Mortem, മൃഗങ്ങളെ Captive Bolt Piston എന്ന ഉപകരണം ഉപയോഗിച്ച് വേദനിപ്പിക്കാത്ത തരത്തിൽ ബോധരഹിതമാക്കുന്ന പ്രക്രിയയായ Stunning, അറവുചെയ്തതിനുശേഷം മൃഗങ്ങളുടെ ആന്തരീകാവയവങ്ങൾ പരിശോധിക്കുന്ന പ്രക്രിയയായ Post Mortem തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങൾക്ക് പ്രത്യേകം മുറികളും സൗകര്യങ്ങളും ഒരുക്കിയിരിക്കേണ്ടതാണ്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇത്തരം സ്ഥാപനങ്ങളിൽ നിരന്തര പരിശോധന നടത്തിവരുന്നുണ്ട്.

(സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം Schedule 4, Part IV പ്രകാരം സ്ഥിരമായ " Drainage System" നിലവിൽ ഉണ്ടായിരിക്കണം. പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ഓടകളിൽ മൂടിയും ട്രാപ്പുകളും സ്ക്രീനുകളും സ്ഥാപിച്ച് എലികൾ പോലെയുള്ള ക്ഷുദ്രജീവികൾ കടക്കാതെ സംരക്ഷിക്കേണ്ടതാണ്. രക്തം പ്രത്യേകമായി നിർമ്മിച്ച കുഴികളിലൂടെമാത്രം പുറംതള്ളേണ്ടതാണ്.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി വരുന്നുണ്ട്. 2019 ഒക്ടോബർ മുതൽ സംസ്ഥാനത്ത് ഒട്ടാകെ 23 സ്ലോട്ടർ ഹൗസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം 15 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ 13 എണ്ണം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയവയ്ക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്ഥാപനം അനാരോഗ്യകരമായ ചുറ്റുപാടിലാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ ആയത് പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് തുടർ പരിശോധനകൾ നടത്തിവരുന്നു. ഇത്തരം നടപടികളിലൂടെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിരന്തര നിരീക്ഷണത്തിലൂടെയും സംസ്ഥാനത്ത് ശുദ്ധമായ ഇറച്ചി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഗുണമേന്മയില്ലാത്ത പാലിനെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടി

230 (5643) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയില്ലാത്തതും കൃത്രിമമായുണ്ടാക്കുന്നതുമായ പാൽ കേരളത്തിലെ മിക്ക തട്ടുകടകളിലും ഹോട്ടലുകളിലും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പാലിന്റെ പരിശോധനയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) അപ്രകാരം പരിശോധന നടത്തി നടപടി എടുത്തിട്ടുള്ള കേസ്സുകളുടെ വിശദാംശം നൽകുമോ;

(സി) ഇത്തരം പാൽ കേരളത്തിലേക്ക് കടന്നുവരുന്നത് തടയുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അത്തരം പാൽ സംസ്ഥാനത്ത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില സ്ഥാപനങ്ങളിൽ ഗുണനിലവാരമില്ലാത്ത പാൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുണ്ട്. എന്നാൽ കൃത്രിമമായുണ്ടാക്കിയ പാൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല. സംസ്ഥാനത്ത് ഹോട്ടലുകളിലും തട്ടുകടകളിലും ഉപയോഗിക്കുന്ന പാലുൾപ്പെടെയുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി

നിരന്തര പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 1083 പാൽ സാമ്പിളുകൾ ശേഖരിച്ച് നടത്തിയ പരിശോധനയിൽ 85 എണ്ണം Substandard ആയും 6 എണ്ണം Misbranded ആയും 13 എണ്ണം Unsafe ആയും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 15 അഡ്ജ്യൂഡിക്കേഷൻ കേസുകളും 2 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി പരിശോധനാ ഫലം ലഭിച്ച 15 കേസുകളിൽ അഡ്ജ്യൂഡിക്കേഷൻ നടപടികളും Unsafe ആയി പരിശോധനാഫലം ലഭിച്ച ഒരു കേസിൽ പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

<u>ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത ബ്രാൻഡുകളുടെ വിവരം</u>

1. <u>ഹോമോജിനൈസ്ഡ് ടോൺഡ് മിൽക്ക്</u>

   (ID Milk, Indira Diary, Thozhichal, Thiruvananthapuram) - രണ്ട് കേസ്

2. ഹോമോജിനൈസ്ഡ് ഡബിൾ ടോൺഡ് മിൽക്ക് (ശ്രീലക്ഷ്മി, കൊല്ലം)- രണ്ട് കേസ്.

3. Fresh Cow Milk, ക്ഷീരോത്പാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചിറ്റിലപ്പിള്ളി.

4. Toned Milk - OM Krishna Diary, Anthikkad

5. നാടൻ നറുംപാൽ, Annamm Agency, Chalakkudy.

6. Sterilized Flavoured Double Toned Milk (PODARAN, M/S Podaran Foods India Pvt.Ltd., Plot No. 12, 13, 18, 19, Srini Food Park, Moongil Village, Bangarupalayam, Mandal, Chittore, Andrapredesh)

7. Standardized Milk (Heritage Goodness, M/S Heritage Foods Ltd. NH-45, Trichy Main Road, Morepatti PO, Vadamadurai, Dindigal, Tamilnadu-624802)

8. ഏഴാംകുളം ക്ഷീരോത്പാദക സഹകരണസംഘം, പത്തനംതിട്ട.

9. M/S കുളമുട്ടം ക്ഷീരോത്പാദക സഹകരണസംഘം, കവലയൂർ.

10. ആമ്പാടി കൗ മിൽക്ക്, ആമ്പാടി ഡയറി പ്രോഡക്ട്സ്, വെള്ളനാട്.

11. പാസ്ചറൈസ്ഡ് ടോൺഡ് മിൽക്ക് മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണസംഘം.

12. പാസ്ച്ചറൈസ്ഡ് ഹോമോജീനൈസ്ഡ് ടോൺഡ് മിൽക്ക്, ലയ മിൽക്ക് പ്രോഡക്ട്സ്, ഉമയനല്ലൂർ, കൊല്ലം - 3 കേസ്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശാധനനടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പാൽ വിൽപന നടത്തിയാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരം അത്തരം ബ്രാൻഡുകൾ നിരോധിക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഡിപ്ലോമ ഇൻ സെന്റർ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള നിയമനം

231 (5644) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ.-യുടെ കീഴിൽ നടത്തിവരുന്ന ഡിപ്ലോമ ഇൻ സെന്റർ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് സംസ്ഥാനത്തെ ഏതൊക്കെ കോളേജുകളിൽ നടത്തിവരുന്നു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സിന് സംസ്ഥാനത്ത് എത്ര സീറ്റുകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിൽ തസ്തികകളെന്തെങ്കിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ; വിശദമാക്കുമോ;

(ഡി) പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൽ നിലവിലുള്ള തസ്തികകൾക്ക് ആനുപാതികമായി സ്വകാര്യ ഡെന്റൽ കോളേജുകളിലും മറ്റും ഈ തസ്തിക നിർബന്ധമാക്കികൊണ്ട് ജോലി സാദ്ധ്യത വർദ്ധിപ്പിയ്ക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഇ) പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇതിനകം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് എന്നാണ് നിയമനം നടത്തിയിട്ടുള്ളത്; നിയമനങ്ങൾ പി.എസ്.സി. മുഖേനയായിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത യോഗ്യത നേടിയിട്ടുള്ള നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി നിലവിലുള്ള വേക്കൻസികളിലേയ്ക്ക് നിയമനം നടത്തുന്നതിന് അടിയന്തര നടപടി കൈകൊള്ളുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡി.എം.ഇ.-യുടെ കീഴിൽ ഡിപ്ലോമ ഇൻ സെന്റർ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് നടത്തപ്പെടുന്നില്ല. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ദന്തൽ കോളേജുകളിൽ ഡിപ്ലോമ ഇൻ ദന്തൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്ന കോഴ്സ് നടത്തിവരുന്നു. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ദന്തൽ കേളേജുകളിൽ 10 സീറ്റുകൾ വീതം ആകെ 20 സീറ്റുകൾ ഡിപ്ലോമ ഇൻ ദന്തൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സിന് നിലവിലുണ്ട്.

(സി) ഉണ്ട്. ഡിപ്ലോമ ഇൻ ദന്തൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് അടിസ്ഥാന യോഗ്യതയായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ, ആലപ്പുഴ സർക്കാർ ദന്തൽ കോളേജുകളിൽ 5 വീതം (ആകെ പത്ത്) ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) പ്രസ്തുത തസ്തികയിലേയ്ക്ക് നിയനം നടന്നിട്ടില്ല. 1-6-2019-ലെ ഇ 3/674/2017/ ഡി.എം.ഇ. നമ്പർ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 10 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മങ്കട മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് പ്രവൃത്തികൾ

232 (5645) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഹോമിയോപ്പതി ആശുപത്രി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. 2018-19 ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മൂർക്കനാട്, പുഴക്കാട്ടിരി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി. കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം ഫണ്ടിൽ നിന്നും 15.5 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ മൂർക്കനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അങ്ങാടിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സിവിൽ വർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂട്ടിലങ്ങാടിയിൽ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

അങ്ങാടിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിന് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം നടന്നുവരുന്നു. മൂർക്കനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് ജില്ലാ പഞ്ചായത്ത് മുഖേന

20 ലക്ഷം രൂപയുടെ ഭിന്നശേഷി തെറാപ്പി കെട്ടിടംപണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് മുഖേന 4,70,000 രൂപയുടെ നവീകരണത്തിനുള്ള പ്രോജക്റ്റിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. പുഴക്കാട്ടിരി സാമൂഹികാരോഗ്യകേന്ദ്രത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിച്ച് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. മങ്കട സാമൂഹികാരോഗ്യകേന്ദ്രത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഒ.പി. കെട്ടിട നവീകരണം നടന്നുവരുന്നു.

(സി) സർക്കാർ / എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കൂടി പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് അടുത്തവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോതമംഗലം താലൂക്കിലെ കാൻസർ രോഗികൾ

233 (5646) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗം വ്യാപകമായിക്കൊണ്ടിരിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ക്യാൻസർ രോഗം വ്യാപകമാകുന്നതിന്റെ കാരണം സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ വിദഗ്ദ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ലഭ്യമല്ല.

(ബി) എറണാകുളം ജില്ലയിൽ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കോതമംഗലത്തോ മറ്റേതെങ്കിലും സ്ഥലത്തോ പ്രത്യേകമായി ക്യാൻസർ രോഗം പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള ക്യാൻസർ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ക്യാൻസർ രോഗം വ്യാപകമാകുന്നതിന്റെ കാരണം സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പഠനം നടത്തിയിട്ടില്ല.

(ഡി) എറണാകുളം ജില്ലയിൽ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടികളുടെ ഭാഗമായി ജില്ലയൊട്ടാകെ കൊച്ചിൻ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ വരാതിരിക്കുന്നതിനായി ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളും പ്രാരംഭത്തിലെ ക്യാൻസർ കണ്ടുപിടിക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള ബോധവൽകരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് നടന്നുവരികയാണ്. കൂടാതെ പോപ്പുലേഷൻ ബേസ്ഡ് ക്യാൻസർ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികളും കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

## സ്വകാര്യ ആശുപത്രികൾ

234 (5647) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ എണ്ണം എത്രയാണ്; അതിൽ ആലപ്പുഴ ജില്ലയിലെ ആശുപത്രികൾ എത്രയെന്ന് അറിയിക്കാമോ;

(ബി) നഴ്സ്, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്നത് വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ റിപ്പോർട്ടിൻ പ്രകാരം സംസ്ഥാനത്ത് 1625 സ്വകാര്യ ആശുപത്രികൾ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് -1960 സെക്ഷൻ 5 എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആലപ്പുഴ ജില്ലയിൽ 28 സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.

(ബി) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളുൾപ്പെടെ 20,000 രൂപയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിനെതിരെ ആശുപത്രി

ഉടമകൾ ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും WP(C) 25524/18, WP(C) 23406/18 എന്നീ കേസുകളിൽ ടി കേസിലെ കക്ഷികൾക്ക് സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്. 10 കേസുകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ Coercive step എടുക്കുന്നത് താത്ക്കാലികമായി വിലക്കിക്കൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിനാൽ മിനിമം വേതനം നൽകുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്.

**സീമെറ്റ് ജീവനക്കാർക്ക് ആരോഗ്യ പരിരക്ഷ**

235 (5648) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സീമെറ്റിന്റെ കീഴിൽ സേവനം ചെയ്യുന്നതും ഇ.എസ്.ഐ. പരിധിയിൽ വരാത്തതും പത്താം ശമ്പള പരിഷ്കരണ ആനുകൂല്യം നടപ്പിലാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് യാതൊരു ആരോഗ്യ പരിരക്ഷ പദ്ധതിയും നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സീമെറ്റ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ഇത് സംബന്ധിച്ച ഫയലിൽ (No.3718526/2019) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ ജീവനക്കാരെ മെഡിസെപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പത്താം ശമ്പള പരിഷ്കരണ ആനുകൂല്യം നടപ്പിലാക്കിയപ്പോൾ ഇ.എസ്.ഐ. പരിധിയിൽ നിന്ന് ഒഴിവാക്കിയ ജീവനക്കാർക്ക് 24-4-2017-ലെ സ.ഉ.(പി) നമ്പർ 54/2017/ഫിൻ പ്രകാരമുള്ള മെഡിസെപ്പിലോ, മറ്റ് ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിലോ ഉൾപ്പെടുത്താൻ അനുവാദം നൽകണമെന്ന് കാണിച്ച് സീ-മെറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## റീജിയണൽ ക്യാൻസർ സെന്ററിൽ കാരുണ്യ പദ്ധതിയുടെ ആനുകൂല്യം

236 (5649) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ 2017-18, 2018-19 എന്നീ വർഷങ്ങളിൽ ചികിത്സ തേടിയ രോഗികളിൽ എത്രപേർക്ക് കാരുണ്യ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ടി വർഷങ്ങളിൽ ഓരോന്നിലും ആർ.സി.സി. പ്രസ്തുത രോഗികൾക്കായി എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആർ.സി.സി.-ക്ക് മടക്കി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ എന്ത് തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ 2017-18 -ൽ 21326 രോഗികൾക്കും 2018-19-ൽ 10329 രോഗികൾക്കും ചികിത്സാനുമതി നൽകിയിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കായി 2017-18 വർഷത്തിൽ 27.49 കോടി രൂപയും 2018-19 വർഷത്തിൽ 19.89 കോടി രൂപയും ആർ.സി.സി. ചെലവഴിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള ചികിത്സാനുമതി പ്രകാരം ചികിത്സ നൽകിയതിന്റെ വിനിയോഗവിവരം സർക്കാർ/ സഹകരണ/ ത്രിതല ആശുപത്രികൾ ലഭ്യമാക്കുന്ന മുറയ്ക്കാണ് നിലവിൽ ടി ആശുപത്രികൾക്ക് തുക വിതരണം ചെയ്യുന്നത്. ആർ.സി.സി. ലഭ്യമാക്കിയ വിനിയോഗവിവര പ്രകാരം 14.37 കോടി രൂപ ആർ.സി.സി.ക്ക് നൽകുവാനുണ്ട്.

## മാനസികാരോഗ്യം

237 (5650) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടേയും യുവാക്കളുടേയും മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

സ്കൂൾ തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കുന്നതിനായി ടീച്ചർമാർ, സ്കൂൾ കൗൺസിലർമാർ, സ്കൂൾ ഹെൽത്ത് നഴ്സുമാർ എന്നിവർക്ക് മാനസികാരോഗ്യ പരിശീലനം നൽകിവരുന്നു. ജില്ലാ മാനസിക ആരോഗ്യ പരിപാടി മുഖേന സംസ്ഥാനത്ത് 272 മാനസികാരോഗ്യ ക്ലിനിക്കുകൾ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത എന്നീ പ്രയാസങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ 'സ്കൂൾ മാനസികാരോഗ്യ പദ്ധതിയും', മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി'യും വിഷാദ രോഗമുള്ളവരെ കണ്ടെത്താനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം, വിഷാദ രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം, ജില്ലാ മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനം എന്നിവ നൽകുന്നതിനായി 'ആശ്വാസം' പദ്ധതിയും സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവ വഴി സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി 'ആത്മഹത്യാ പ്രതിരോധ പദ്ധതി'യും 24X7 ടെലഫോൺ കൗൺസിലിംഗ് സേവനം നൽകുന്ന 'ദിശ' എന്ന പദ്ധതിയും പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. സൈക്യാട്രിസ്റ്റ് പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സുമാർ, സെക്യൂരിറ്റി സ്റ്റാഫ്, അറ്റൻഡർമാർ എന്നിവരെ ഈ പദ്ധതിയിൽ നിയമിച്ചിട്ടുണ്ട്.

**സഞ്ചരിക്കുന്ന നേത്രരോഗ പരിശോധന യൂണിറ്റ്**

238 (5651) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ സഞ്ചരിക്കുന്ന നേത്രരോഗ പരിശോധന യൂണിറ്റ് വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത വാഹന യൂണിറ്റുകൾ പ്രവർത്തനസജ്ജമാണോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഏറെ തുക ചെലവഴിച്ച് വാങ്ങിയ പ്രസ്തുത വാഹനങ്ങൾ ഉപയോഗ ശൂന്യമായത് ഗുരുതരമായ വീഴ്ചയായി കണക്കിലെടുത്ത് ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താമോ;

(ഡി) നേത്രരോഗ നിർണ്ണയത്തിന് വാങ്ങിയ വാഹനത്തെ ഉപയോഗപ്രദമായ മറ്റു പദ്ധതികൾക്കായി ഉപയോഗിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജില്ലകളിലെ മൊബൈൽ യൂണിറ്റുകൾക്കായി ഉപയോഗിച്ചിരുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകൾക്കായി 2018-19 സാമ്പത്തിക വർഷം 7 വാഹനങ്ങൾ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകൾക്കായി വാങ്ങി നൽകുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഭരണാനുമതിയും തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് മൊബൈൽ ഒഫ്ത്താൽമോളജി യൂണിറ്റുകളാക്കി സജ്ജീകരിക്കുന്നതിനുള്ള ടെണ്ടർ നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തി വരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം 7 വാഹനങ്ങൾ കൂടി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 7 ജില്ലകൾക്കായി വാങ്ങുന്നതിനുള്ള അനുമതി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം 2019 ഡിസംബറോടുകൂടി ജില്ലകൾക്ക് കൈമാറ്റം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മൊബൈൽ നേത്രപരിശോധനയ്ക്കായി വാങ്ങിയ പ്രസ്തുത വാഹനങ്ങൾ ഉപയോഗയോഗ്യമാണ്. പ്രസ്തുത വാഹനങ്ങൾ ദേശീയ അന്ധത കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് പരിവർത്തനം ചെയ്ത് മൊബൈൽ യൂണിറ്റുകളാക്കിമാറ്റുന്നതിനുള്ള സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് കാലതാമസം നേരിടുന്നത്. പ്രസ്തുത മാറ്റങ്ങൾ വരുത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷേൻ മുഖാന്തരമാണ്. ഒരു മാസത്തിനുള്ളിൽ മാറ്റം വരുത്തിയ വാഹനങ്ങൾ ബന്ധപ്പെട്ട ജില്ലകൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നേത്രരോഗ നിർണ്ണയത്തിന് വാങ്ങിയ വാഹനത്തെ മറ്റ് പദ്ധതികൾക്കായി ഉപയോഗിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. പ്രസ്തുത വാഹനങ്ങൾ നേത്രരോഗ നിർണ്ണയ യൂണിറ്റുകളായിത്തന്നെ ഉപയോഗിക്കാവുന്നതാണ്.

## തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

239 (5652) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് 2016 -ൽ പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനും അവരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അടക്കമുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് 7-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് യഥാസമയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കോഴിക്കോട് ജില്ലയിലെ 108 ആംബുലൻസ് സേവനം

240 (5653) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 108 ആംബുലൻസിന്റെ സേവനം എവിടെയൊക്കെ ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നടത്തിപ്പും ചുമതലയും ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സംവിധാനം വഴി നൽകുന്ന സേവനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തനം നടത്തുന്ന ആംബുലൻസുകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു :

| No. | Name of the Institution | Service Timings |
|---|---|---|
| 1 | PHC Kodenchery | 08.00 am to 8.00 pm |
| 2 | PHC Ramanattukara | 24 Hrs |
| 3 | CHC Mokkom | 24 Hrs |
| 4 | CHC Thiruvangoor | 24 Hrs |
| 5 | CHC Koduvally | 8.00 a.m to 8.00 p.m |
| 6 | MCH Kozhikode | 24 Hrs |
| 7 | THQH Badgara | 24 Hrs |
| 8 | THQH Kuttiadi | 24 Hrs |
| 9 | THQH Petambra | 24 Hrs |
| 10 | CHC Valayam | 8.00 a.m to 8.00 p.m |
| 11 | GRD Vadakara(FHC) | 8.00 a.m to 8.00 p.m |
| 12 | THQH Qiolandi | 24 Hrs |
| 13 | PHC Arikulam | 8.00 a.m to 8.00 p.m |
| 14 | PHC Azhiyoor | 8.00 a.m to 8.00 p.m |
| 15 | PHC Chaliyam | 8.00 a.m to 8.00 p.m |
| 16 | PHC Chekyadu | 8.00 a.m to 8.00 p.m |
| 17 | PHC Changaroth | 8.00 a.m to 8.00 p.m |
| 18 | PHC Kakkodi | 8.00 a.m to 8.00 p.m |

| | | |
|---|---|---|
| 19 | PHC Kolathur | 8.00 a.m to 8.00 p.m |
| 20 | PHC Madappally | 8.00 a.m to 8.00 p.m |
| 21 | PHC Madavoor | 8.00 a.m to 8.00 p.m |
| 22 | PHC Nochad | 8.00 a.m to 8.00 p.m |
| 23 | PHC Vanimal | 8.00 a.m to 8.00 p.m |
| 24 | TH Nadapuram | 8.00 a.m to 8.00 p.m |
| 25 | THQH Thamarassery | 24 Hrs |
| 26 | THQH Feroke | 08.00 am to 8.00 pm |
| 27 | PHC Puthuppady | 24 Hrs |
| 28 | CHC Cheruvannur | 24 Hrs |
| 29 | CHC Olavanna | 24 Hrs |
| 30 | CHC Thiruvalloor | 24 Hrs |
| 31 | Women and Children Hospital, Kozhikode | 24 Hrs |

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) 'കനിവ്-108' എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്ന സൗജന്യ ആംബുലൻസ് ശൃംഖലയിൽ അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദ്ധരും അടങ്ങിയ 315 ആംബുലൻസുകളുടെ സേവനം ഉറപ്പാക്കിയിരുന്നു. ഈ വാഹനങ്ങൾ എല്ലാം തന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർ ആണ് പ്രസ്തുത വാഹനങ്ങളെ നിയന്ത്രിക്കുന്നത്.

പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്ത് എത്തിച്ച് പരിശോധനയ്ക്ക് ശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസ് കൊണ്ട് ഉദ്ദേശിക്കുന്നത്.

## നാലുചക്ര വാഹനമുള്ളവർക്ക് ക്ഷേമപെൻഷൻ നിഷേധിക്കുന്ന നടപടി

241 (5654) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവ്ര ശാരീരിക വൈകല്യം നേരിടുന്നവർക്ക് സ്വന്തമായി നാലുചക്ര വാഹനം ഉണ്ടെന്ന കാരണത്താൽ ക്ഷേമ പെൻഷന് അർഹതയുള്ളവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീവ്രമായ വൈകല്യം അനുഭവിക്കുന്നവർക്ക് പൊതു ഗതാഗത സൗകര്യത്തെ ആശ്രയിക്കുന്നത് ഒട്ടേറെ പ്രയാസങ്ങൾ ഉണ്ടാക്കുമെന്നതിനാൽ അവർക്ക് നാലു ചക്രവാഹനത്തിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീൽചെയറിൽ യാത്ര ചെയ്യുന്നവർക്ക് സ്വന്തമായി നാലു ചക്രവാഹനമുണ്ടെന്ന പേരിൽ ക്ഷേമപെൻഷൻ നിഷേധിക്കുന്ന നടപടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ള (അംബാസിഡർ കാർ ഒഴികെ) ടാക്സിയല്ലാത്ത വാഹനം സ്വന്തം പേരിൽ ഉള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്ന് ഉത്തരവായിരുന്നു. ഇത് വികലാംഗപെൻഷൻ ഗുണഭോക്താക്കൾക്കും ബാധകമാണ്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി-ഡി) വളരെ ഉയർന്ന ജീവിതസാഹചര്യം ഉള്ളവരും സാമൂഹ്യ സുരക്ഷാ പെൻഷന്റെ സഹായമില്ലാതെതന്നെ ജീവിതം മുന്നോട്ട് നയിക്കാൻ കഴിയുന്നവരും അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയുന്നതിന്റെ ഭാഗമായാണ് മേൽപ്പറഞ്ഞ നിയന്ത്രണം കൊണ്ടുവന്നത്. 1000 സി.സിയിൽ താഴെ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായുള്ള വ്യക്തി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹനാണെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ല.

## സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോളജി ടെക്നീഷ്യൻ കോഴ്സ്

242 (5655) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരോഗ്യ സർവകലാശാലാ അംഗീകാരമുള്ള റേഡിയോളജി ടെക്നീഷ്യൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി റേഡിയോളജിക്കൽ ടെക്നോളജിയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരോഗ്യ സർവ്വകലാശാലാ അംഗീകാരമുള്ള റേഡിയോളജി ടെക്നീഷ്യൻ കോഴ്സുകൾ ആരംഭിച്ചിട്ടില്ല.

(ബി) റേഡിയോളജിക്കൽ ടെക്നോളജിയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തിയശേഷം സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി ധനലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ നടപ്പിലാക്കാൻ കഴിയൂ.

## സ്വാശ്രയ കോളേജുകളിൽ രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ച ഫീസ്

243 (5656) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ വർഷം ജനറൽ സീറ്റിലും, എൻ.ആർ. ഐ. സീറ്റിലും രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ച ഫീസെത്രയാണ്;

(ബി) കഴിഞ്ഞ വർഷം നിശ്ചയിച്ച ഫീസിൽ നിന്നും എത്ര ശതമാനം വർദ്ധനയാണ് ഈ വർഷം നടപ്പിലാക്കിയത്;

(സി) കഴിഞ്ഞ വർഷം ബാങ്ക് ഗ്യാരന്റി ഉൾപ്പെടെ പതിനൊന്ന് ലക്ഷം രൂപ പിരിക്കുവാൻ മാനേജ്മെന്റുകൾക്ക് സുപ്രീംകോടതി അനുമതി നൽകിയിരുന്നോ; അപ്രകാരമുള്ള ഫീസാണോ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫീസ് സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജനറൽ സീറ്റിൽ പത്തുശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) അതെ. ആറു ലക്ഷം രൂപ ബാങ്ക് ഗ്യാരന്റി ഉൾപ്പെടെ 11 ലക്ഷം രൂപ ബഹു. സുപ്രീംകോടതി അനുമതി പ്രകാരം സ്വാശ്രയ മാനേജ്മെന്റുകൾ കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ അതിനുശേഷം ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിർണ്ണയിക്കുകയും ടി ഫീസിലും അധികരിച്ച തുക തിരികെ നൽകുകയോ അടുത്ത അധ്യയന വർഷത്തെ ഫീസിൽ അഡ്ജസ്റ്റ് ചെയ്യുകയോ വേണമെന്ന് മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മെഡിക്കൽ ബിരുദ പ്രവേശനത്തിന് അധിക സീറ്റ്**

244 (5657) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ബിരുദ പ്രവേശനത്തിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പത്ത് ശതമാനം അധിക സീറ്റ് അനുവദിക്കണമെന്ന മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഈ സീറ്റു വർദ്ധനവ് മറ്റ് പൊതുസംവരണ സീറ്റുകളെ ബാധിക്കുമോ; അറിയിക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ വർഷം എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് വർദ്ധിപ്പിച്ചത്; വ്യക്തമാക്കുമോ;

(ഡി) സീറ്റുവർദ്ധനവിന് ആനുപാതികമായി പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ എണ്ണം കൂട്ടുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. നിലവിൽ നിലനിൽക്കുന്ന സംവരണ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്താതെയാണ് MBBS കോഴ്സിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള സീറ്റ് വർദ്ധനവ് നടപ്പിലാക്കിയത്.

(സി) സംസ്ഥാനത്തെ 7 സർക്കാർ മെഡിക്കൽ കോളേജുകളിലായി സംസ്ഥാന ക്വാട്ടയിൽ 130 സീറ്റുകളും ആൾ ഇന്ത്യാ കോട്ടയിൽ 25 സീറ്റുകളും ഉൾപ്പെടെ ആകെ 155 EWS ക്വാട്ട സീറ്റുകൾ MBBS കോഴ്സിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കാനുപാതികമായിട്ടാണ് നിലവിൽ കോളേജുകളിൽ സീറ്റ് വർദ്ധനവ് നടപ്പിലാക്കിയത്.

**മെഡിക്കൽ വിഭ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർ**

245 (5658) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം എത്രയാണെന്നും വിരമിക്കൽ പ്രായം അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് സൂപ്പറാന്വേഷൻ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(സി) സൂപ്പറാന്വേഷൻ ആനുകൂല്യം ലഭിച്ച എത്ര അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരായ അദ്ധ്യാപകരുടേത് ഒഴികെയുള്ള മറ്റ് വിഭാഗം അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം 60 വയസാണ്. 28-11-2017-ലെ സ.ഉ. (കൈ) 169/2017/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരായ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം 62 വയസാക്കി ഉയർത്തിയിട്ടുണ്ട്. വിരമിക്കൽ പ്രായം അവസാനമായി പരിഷ്കരിച്ചത് പ്രസ്തുത ഉത്തരവ് പ്രകാരമാണ്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് സൂപ്പറാന്വേഷൻ ആനുകൂല്യം നൽകിവരുന്നുണ്ട്. അക്കാദമിക് വർഷം അവസാനി ക്കുന്നതാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടുവരുന്ന മാനദണ്ഡം.

(സി) സൂപ്പറാന്വേഷൻ ആനുകൂല്യം ലഭിച്ച 13 (പതിമൂന്ന്) അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

## സിദ്ധ മരുന്നുകളുടെ ഗുണനിലവാരം

246 (5659) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിദ്ധ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) ആയുർവ്വേദ, സിദ്ധ - യുനാനി ഡ്രഗ് കൺട്രോളറുടെ കീഴിൽ സിദ്ധ വിദഗ്ദ്ധർ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എം.എസ്.യു. ഡ്രഗ് ഇൻസ്പെക്ടർമാരിൽ എത്ര സിദ്ധ, യുനാനി ഡ്രഗ് ഇൻസ്പെക്ടർമാരുണ്ട്; വ്യക്തമാക്കുമോ;

(ഡി) സിദ്ധയുടെ വിദഗ്ദ്ധർ ഇല്ലാതെ സിദ്ധ മരുന്നുകൾക്ക് ലൈസൻസ് അനുവദിക്കാറുണ്ടോ; അറിയിക്കാമോ;

(ഇ) എങ്കിൽ എന്തടിസ്ഥാനത്തിലാണ് വിദഗ്ദ്ധർ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് സിദ്ധ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ്, തിരുവനന്തപുരം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം എന്നിവിടങ്ങളിൽ പ്രത്യേകം ആയുഷ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനാ വേളയിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി സർക്കാർ ലാബുകളിലേയ്ക്ക് ആയയ്ക്കാറുണ്ട്. കൂടാതെ പരാതികൾ ലഭിച്ചാൽ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് 7 ആയുഷ് അംഗീകൃത ലാബുകൾ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നുണ്ട്. ഇവിടത്തെ ക്രമീകരണങ്ങൾ അനുസരിച്ച് പൊതുജനങ്ങൾക്കും ഔഷധ നിർമ്മാതാക്കൾക്കും സാമ്പിൾ നൽകിയാൽ പരിശോധനാ ഫലം ലഭിക്കുന്നതാണ്.

(ബി&സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ സിദ്ധ വിദഗ്ദ്ധരോ ഡ്രഗ്സ് ഇൻസ്പെക്ടർ (സിദ്ധ), ഡ്രഗ്സ് ഇൻസ്പെക്ടർ (യുനാനി) തസ്തികകളോ നിലവിലില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940, ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945

എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവ്വേദം) ആണ് ആയുർവ്വേദ സിദ്ധ, യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിക്കുന്നത്.

(ഡി&ഇ) ഇപ്പോൾ സർക്കാർ ആയുഷ് മാർഗ്ഗനിർദ്ദേശപ്രകാരം ഏർപ്പെടുത്തിയ Expert Committee-യിൽ സിദ്ധ വിദഗ്ദ്ധനെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഫോർമുലകൾ, ലിസ്റ്റ് എന്നിവ വിലയിരുത്തുമ്പോൾ മതിയായ യോഗ്യതയുള്ള സിദ്ധ വിദഗ്ദ്ധന്റെ അഭിപ്രായം തേടാറുണ്ട്. കൂടാതെ സിദ്ധൗഷധ നിർമ്മാതാക്കൾ സമർപ്പിക്കുന്ന അപേക്ഷയിൽ അവരുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സിദ്ധ സാങ്കേതിക വിദഗ്ദ്ധൻ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് കൂടി അപേക്ഷയ്ക്ക് ഒപ്പം സമർപ്പിക്കുന്നുണ്ട്. കൂടുതൽ വിലയിരുത്തലിനായി ലൈസൻസിംഗ് അതോറിറ്റി നേരിട്ട് സാങ്കേതിക വിദഗ്ദ്ധന്റെ അഭിപ്രായവും സഹായവും തേടാറുണ്ട്.

**മരുന്ന് വിതരണം**

247 (5660) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അലോപ്പതി മേഖലയിലെ വിവിധ ആശുപത്രികൾക്കും മെഡിക്കൽ കോളേജുകൾക്കും ഡിസ്പെൻസറികൾക്കുമായി എത്ര കോടി രൂപയുടെ മരുന്നുകൾ ആണ് ഓരോ വർഷവും വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദം, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ, ഹോമിയോ വിഭാഗ ങ്ങളിലായി ഓരോ വർഷവും എത്ര കോടി രൂപയുടെ മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അലോപ്പതി മേഖലയിലുള്ള സർക്കാർ ആശുപത്രികളിലൂടെ ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് വിതരണം നടത്തിയ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ചെലവായ തുക (കോടിയിൽ) |
|---|---|
| 2016-17 | 320.88 |
| 2017-18 | 322.99 |
| 2018-19 | 385.27 |
| 2019-20 (11-11-2019 വരെ) | 313.42 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഭാരതീയ ചികിത്സാ വകുപ്പിൽ ആയുർവ്വേദം, സിദ്ധ, യുനാനി എന്നീ വിഭാഗങ്ങളിലായി സൗജന്യമായി വിതരണം ചെയ്ത മരുന്നുകൾക്ക് ചെലവായ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | ആയുർവേദം | സിദ്ധ | യുനാനി | ഹോമിയോ |
|---|---|---|---|---|
| 2016-17 | 8 കോടി | 6.05 ലക്ഷം | 55000 | 16.83 കോടി |
| 2017-18 | 8.80 കോടി | 6.60 ലക്ഷം | 60000 | 25.06 കോടി |
| 2018-19 | 8.80 കോടി | 6.60 ലക്ഷം | 60000 | 25.83 കോടി |
| 2019-20 (31-10-2019 വരെ) | 8.85 കോടി | 6.60 ലക്ഷം | 60000 | 14.76 കോടി |

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മരുന്നുകൾക്ക് ചെലവായ തുക ചുവടെചേർക്കുന്നു :

| വർഷം | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 355.63 |
| 2017-18 | 382.63 |
| 2018-19 | 404.03 |
| 2019-20 | 414.72 |

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുക ചുവടെചേർക്കുന്നു :

| വർഷം | ആയുർവ്വേദം (തുക ലക്ഷത്തിൽ) | സിദ്ധ (തുക ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 99.00 | 1.00 |
| 2017-18 | 112.00 | 1.00 |
| 2018-19 | 112.00 | 1.00 |
| 2019-20 | 120.00 | 1.00 |

പ്രകൃതി ചികിത്സയ്ക്കായി മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ മരുന്നുകൾ വാങ്ങാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

## ഹോമിയോപ്പതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

248 (5661) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരം നല്കുന്നതിന് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) സ്ത്രീകളുടെ മാനസിക/ശാരീരിക ആരോഗ്യം, സുരക്ഷ, സമത്വം എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് നടത്തുന്ന സീതാലയം പദ്ധതിയുടെ വിശദാംശങ്ങൾ ആറിയിക്കാമോ;

(സി) ആധുനിക ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഹോമിയോപ്പതി വകുപ്പ് സുസജ്ജമാണോ; വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ രോഗങ്ങൾക്കായുള്ള ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കുട്ടികളുടെ മാനസിക-ബൗദ്ധിക -വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്ന സദ്ഗമയ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുമോ;

(എഫ്) വകുപ്പിന്റെ കീഴിൽ വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അതെ. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി & ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ആയി ചേർത്തിരിക്കുന്നു.*

**ഇതര സംസ്ഥാനങ്ങളിൽനിന്നുവന്ന കുട്ടികൾ**

249 (5662) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കുട്ടികൾ വന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി സി.ബി.ഐ. അന്വേഷണം നിർദ്ദേശിച്ചപ്പോൾ കേരള സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ അഫിഡവിറ്റ് എന്തായിരുന്നു; പ്രസ്തുത അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ചൈൽഡ് റൈറ്റ്സ് കമ്മീഷൻ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയത്; രേഖപ്പെടുത്തിയ അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ബീഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവന്ന കുട്ടികളെ പാലക്കാട് റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തപ്പോൾ സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏതൊക്കെ രീതിയിൽ ടി വിഷയത്തിൽ ഇടപെട്ടുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ; മേൽ വിഷയം കുട്ടിക്കടത്ത് ആണെന്ന് വകുപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നിലപാട് എന്തായിരുന്നു; ടി കാലയളവിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ആരായിരുന്നു; ഇത് സംബന്ധിച്ച് വകുപ്പ് ഡയറക്ടർ ഏതെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ കത്തുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മേൽ വിഷയം കുട്ടിക്കടത്ത് ആണെന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; അതോ സംസ്ഥാനത്ത് പഠനത്തിന് എത്തിയ കുട്ടികൾക്ക് മതിയായ രേഖകൾ ഇല്ല എന്ന കാരണത്താലാണ് പിടിക്കപ്പെട്ടത് എന്ന അഭിപ്രായമാണോ ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ജി) പ്രസ്തുത കുട്ടികളെ തിരിച്ചയക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അഫിഡവിറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) പാലക്കാട് റെയിൽവേ സ്റ്റേഷനിൽ കുട്ടികളെ തടഞ്ഞുവച്ചതറിഞ്ഞ് സാമൂഹ്യനീതി വകുപ്പ് ഓഫീസറും ചെൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സണും സ്ഥലത്തെത്തി കുട്ടികൾക്ക് സുരക്ഷിതമായി താമസസ്ഥലം ഒരുക്കുന്നതിനും ബന്ധപ്പെട്ട അധികാരികളുടെ മുമ്പിൽ ഹാജരാക്കുന്നതിനും നടപടി സ്വീകരിച്ചു. ഓർഫനേജുകളിൽ താമസിപ്പിക്കുന്നതിനാവശ്യമായ രേഖകളില്ലാത്ത കുട്ടികളെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രക്ഷിതാക്കളോടൊപ്പം അയയ്ക്കുന്നതിനും രക്ഷിതാക്കളെ കണ്ടെത്തുവാൻ കഴിയാത്ത കുട്ടികളെ ബന്ധപ്പെട്ട ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു.

(ഡി) മതിയായ രേഖകളില്ലാതെ സംസ്ഥാനത്തെത്തിയ കുട്ടികളെ സംരക്ഷിക്കുന്നതിനും അവരുടെ നാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും നടപടി സ്വീകരിക്കുകയാണുണ്ടായത്.

(ഇ&എഫ്) ശ്രീ. വി. എൻ. ജിതേന്ദ്രൻ ഐ.എ.എസ്. ആയിരുന്നു അന്നത്തെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ. ഇതുസംബന്ധിച്ച് അന്നത്തെ സാമൂഹ്യനീതി ഡയറക്ടർ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് അയച്ച കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ജി) രണ്ട് ബാച്ചായി പാലക്കാട് റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ 578 കുട്ടികളെ നിയമാനുസരണം ചെൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പിൽ ഹാജരാക്കുകയും കുട്ടികളുടെ സംരക്ഷണത്തിനാവശ്യമായ എല്ലാ നടപടികളും വകുപ്പ് മുഖേന സ്വീകരിക്കുകയുമുണ്ടായി. തുടർന്ന് മതിയായ രേഖകൾ കൈവശമുണ്ടായിരുന്ന 271 കുട്ടികളെ സംസ്ഥാനത്തെ അംഗീകൃത ഓർഫനേജുകളിൽ താമസിപ്പിക്കുകയും മതിയായ രേഖകൾ ഹാജരാക്കാത്ത 128 കുട്ടികളെ ജാർഖണ്ഡിലേയ്ക്കും 13 കുട്ടികളെ ബീഹാറിലേയ്ക്കും 57 പേരെ വെസ്റ്റ് ബംഗാളിലേയ്ക്കും 109 പേരെ സ്വന്തം മാതാപിതാക്കൾക്കൊപ്പവും തിരികെ അയച്ചു.

**വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം**

250 (5663) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ മക്കൾ ഉപേക്ഷിക്കുന്ന പ്രവണത സംസ്ഥാനത്ത് കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച 2007-ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഇത്തരം പരാതികളിൻമേൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തര നടപടി സ്വീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വയോജനങ്ങൾക്ക് ശ്രദ്ധയും പരിഗണനയും ഉറപ്പ് വരുത്തുന്നതിന് നോഡൽ വകുപ്പായ സാമൂഹ്യനീതി വകുപ്പ് മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 2007-ലെ വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാന ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവ്വചിച്ച് നൽകിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതി സംബന്ധിച്ച് അന്വേഷണ, വിചാരണ നടപടികളിലൂടെയും ഒത്തുതീർപ്പ് ചർച്ചകളിൽ താല്പര്യമുള്ളവർക്ക് കൺസീലിയേഷൻ മുഖാന്തിരവും പ്രസ്തുത പരാതികൾക്ക് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസം വരെയുള്ള തടവിനോ 5000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാനും ടി നിയമം അനുശാസിക്കുന്നുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും സമയ ബന്ധിതമായി പരാതികളിന്മേൽ അന്വേഷണ നടപടികൾ പൂർത്തിയാക്കി ട്രൈബ്യൂണൽ മുഖേന പരിഹാരം കണ്ടെത്തുന്നതിനുമായി എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് ടി നിയമത്തിന്റെ നടത്തിപ്പ് ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കുവരുന്ന കേസുകളിന്മേൽ അന്വേഷണ, വിചാരണ നടപടികൾ വേഗത്തിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് ഇതിനകം തന്നെ നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം കേസ് നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ട്രൈബ്യൂണലുകളെ സഹായിക്കുന്നുണ്ട്.

## ഗാർഹിക പീഡനബാധിതർക്ക് സൗജന്യ നിയമ സഹായം

251 (5664) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക പീഡന നിരോധന നിയമത്തിന്റെ ഭാഗമായി സൗജന്യ നിയമ സഹായം, കൗൺസിലിംഗ് എന്നിവ നൽകുന്ന സർക്കാർ നോട്ടിഫൈ ചെയ്ത സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് സമയബന്ധിതമായി ഫണ്ടുകൾ വിതരണം ചെയ്യാറുണ്ടോ; 2019-20 വർഷത്തെ ഫണ്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സാമ്പത്തിക വർഷാവസാനം തുക വിതരണം ചെയ്യുന്നതുമൂലം പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ലെന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) 2018-19 വർഷത്തെ ലീഗൽ കൗൺസിലർമാരുടെ ഓണറേറിയവും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ ഫണ്ടും സമയബന്ധിതമായി വിതരണം ചെയ്യുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. PWDV Act, 2005 നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലും വനിത സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മേൽനോട്ടം വഹിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് പ്രതിനിധിയും വനിത സംരക്ഷണ ഓഫീസറും പ്രതിമാസം സന്ദർശിക്കുകയും അവലോകന റിപ്പോർട്ട് ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും അവലോകനം ചെയ്യാറുമുണ്ട്.

(ബി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സമർപ്പിക്കുന്ന പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കുള്ള ഫണ്ട് ഗഡുക്കളായി വകുപ്പിൽനിന്നും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിക്കുന്നു. ഓരോ ഗഡു അനുവദിക്കുന്നതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡീച്ചർ എന്നിവ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിൽനിന്ന് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമ്പോൾ സമയബന്ധിതമായി ഫണ്ട് അനുവദിക്കാൻ കഴിയാതെവരുന്നു. 2019-20 വർഷം ഫണ്ട് നൽകിയിട്ടില്ല. 2019-20 വർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിന് മുന്നോടിയായി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനിത സംരക്ഷണ ഓഫീസർമാരെയും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിനെയും ചുമതലപ്പെടുത്തിയിരുന്നു. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃപ്തികരമായ പ്രവർത്തനം നടത്തുന്ന 79 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) 2018-19 വർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കായി 1,21,68,000 രൂപ ഭരണാനുമതി നൽകി ഉത്തരവായതിൽ ഒന്നാം ഗഡുവായി 60,84,000 രൂപ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിച്ചിരുന്നു. രണ്ടാം ഗഡുവായി 54,71,500 രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## അനാഥാലയങ്ങളിൽ താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിന് അവകാശം

252 (5665) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന കുട്ടികൾക്ക് സംസ്ഥാനത്തെ അനാഥാലയങ്ങളിൽ (ഓർഫനേജുകളിൽ)താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിന് അവകാശമുണ്ടെന്ന് ചൂണ്ടികാണിക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) 2011 മുതൽ 2017 വരെയുള്ള കാലയളവിൽ ഇത് സംബന്ധിച്ച് ഏതൊക്കെ സർക്കാർ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇതര സംസ്ഥാനത്തിലെ കുട്ടികളെ സംസ്ഥാനത്തെ അനാഥാലയങ്ങളിൽ സംരക്ഷിക്കുന്നത് സംബന്ധിച്ച് ഒ.സി.ബി. ആക്ടിൽ വരുത്തിയ ഭേദഗതി വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിക്കുന്നതും ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ നടപടി

253 (5666) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിയ്ക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിയ്ക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ളവർക്കെതിരെ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) സർക്കാർ നേരിട്ട് നടത്തുന്നതോ സർക്കാർ ഗ്രാന്റിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വൃദ്ധസദനങ്ങളിൽ അവിടുത്തെ അന്തേവാസികളുടെ കുടുംബത്തിന്റെയും മക്കളുടെയും വിശദവിവരം സൂക്ഷിയ്ക്കാറുണ്ടോ;

(സി) എങ്കിൽ വൃദ്ധമാതാപിതാക്കളെ ഉപേക്ഷിക്കുകയോ ഏറ്റെടുക്കാൻ തയ്യാറാകാതിരിക്കുകയോ ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരായവർ ഉൾപ്പെടെയുള്ള മക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിയ്ക്കുന്നതിന്റെ സാധ്യതകൾ പരിഗണിയ്ക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ വകുപ്പ് നേരിട്ട് നടപടി സ്വീകരിക്കുന്നില്ല. എന്നാൽ വയോജനങ്ങളെ പൂർണ്ണമായും ഉപേക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഏതെങ്കിലും സ്ഥലത്ത് അവരെ വിട്ടിട്ട് പോകുകയാണെങ്കിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സംബന്ധിച്ച നിയമം 2007 പ്രകാരം ആർ.ഡി.ഒ. മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. പരാതിയിന്മേൽ വിചാരണ നടത്തി മൂന്ന് മാസത്തെ തടവോ അയ്യായിരം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കുവാൻ ടി നിയമം വ്യവസ്ഥ ചെയ്യുന്നു.

(ബി) സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളിൽ താമസക്കാരുടെ ബന്ധുക്കളുടെ വിവരങ്ങൾ സൂക്ഷിക്കുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള എല്ലാ വയോജന സംരക്ഷണ ക്ഷേമകേന്ദ്രങ്ങളിലും പാർപ്പിച്ചിരിക്കുന്നവരുടെ ലഭ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ട്. കുടുംബത്തിന്റെയും മക്കളുടെയും വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയതും രേഖപ്പെടുത്താറുണ്ട്.

(സി) വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മക്കൾക്കെതിരെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സംബന്ധിച്ച നിയമം 2007 പ്രകാരം നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ട്.

## ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്

254 (5667) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ബോർഡിന്റെ ഘടന വിശദമാക്കാമോ;

(ബി) ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനായി അവർക്ക് സ്വയം തൊഴിൽ പദ്ധതി ഉൾപ്പെടെയുള്ള സംരംഭങ്ങൾ അനുവദിക്കുന്നതിന് ഓരോ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക ശരിയായ വിധം വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിലേക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്യണം എന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകളുടെ ഘടന ചുവടെ ചേർക്കുന്നു.

ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് സംസ്ഥാനതലം.

അംഗങ്ങൾ:

| | | | |
|---|---|---|---|
| 1. | ചെയർപേഴ്സൺ | - | സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2. | മെമ്പർ സെക്രട്ടറി | - | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (കൺവീനർ) |
| 3. | മെമ്പർമാർ | - | ആഭ്യന്തരവകുപ്പ് സെക്രട്ടറി |
| 4. | | - | ധനകാര്യവകുപ്പ് സെക്രട്ടറി |
| 5. | | - | ആരോഗ്യവകുപ്പ് സെക്രട്ടറി |
| 6. | | - | പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി |
| 7. | | - | നിയമവകുപ്പ് സെക്രട്ടറി |
| 8. | | - | സാംസ്കാരിക വകുപ്പ് സെക്രട്ടറി |
| 9. | | - | തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 10. | | - | സാമൂഹ്യനീതി ഡയറക്ടർ |
| 11. | | - | പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| 12. | | - | എൻ.ജി.ഒ.-യുടെ പ്രതിനിധി |
| 13. | | - | ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ അഞ്ച് പ്രതിനിധികൾ |

ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് ജില്ലാതലം

അംഗങ്ങൾ:

| | | | |
|---|---|---|---|
| 1. | ചെയർപേഴ്സൺ | - | ജില്ലാ കളക്ടർ |
| 2. | മെമ്പർ സെക്രട്ടറി | - | ജില്ലാ സാമൂഹ്യനീതി ഓഫീസർ (കൺവീനർ) |

3. <u>മെമ്പർമാർ</u>:

1. സിറ്റി പോലീസ് കമ്മീഷണർ/ഡിസ്ട്രിക്ട് പോലീസ് ചീഫ്

2. റൂറൽ എസ്.പി.

3. ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ

4. ഡിസ്ട്രിക്ട് ലേബർ ഓഫീസർ

5. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

6. ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ

7. സാമൂഹ്യ പ്രവർത്തകരുടെ പ്രതിനിധി

8. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ 4 പ്രതിനിധികൾ

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

**വി-കെയർ പദ്ധതി**

255 (5668) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വി കെയർ പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നറിയിക്കാമോ;

(ബി) വി കെയർ പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിൽ ആണെന്ന് അറിയിക്കാമോ;

(സി) 2016 ജൂൺ മുതൽ 2019 ജൂൺ വരെ വി കെയർ പദ്ധതിയിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, അവയ്ക്ക് അനുവദിച്ച സഹായങ്ങൾ എന്നിവ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2014-ലാണ് വി-കെയർ പദ്ധതി ആരംഭിച്ചത്. സർക്കാരിന്റെ മറ്റ് പദ്ധതികളിലുൾപ്പെടാത്ത സമൂഹത്തിലെ അശരണരും നിരാലംബരും അവഗണിക്കപ്പെട്ടവരും രോഗാതുരരുമായ വ്യക്തികൾക്ക് സാമ്പത്തിക-ചികിത്സാ-വിദ്യാഭ്യാസ

ധനസഹായം, സഹായോപകരണങ്ങൾ, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ 2019 ജൂൺ വരെ വി-കെയറിൽ പരിഗണിക്കാവുന്ന 465 അപേക്ഷകളിൽ അർഹരായ 427 പേർക്ക് അപേക്ഷകളിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് യഥാക്രമം മെഡിക്കൽ/ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിക്കുകയും ടി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വി-കെയറിന്റെ വിവിധ കമ്മിറ്റികളിൽ (ഇംപ്ലിമെന്റേഷൻ/റിവ്യൂ& ഇംപ്ലിമെന്റേഷൻ/എക്സിക്യൂട്ടീവ്/ ഗവേണിംഗ് ബോഡി) പരിഗണിച്ച് മേൽപ്പറഞ്ഞ പ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

## വി-കെയർ പദ്ധതിപ്രകാരം ചികിത്സാ സഹായങ്ങൾ

256 (5669) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യസുരക്ഷ മിഷനിലെ വീ-കെയർ പദ്ധതി പ്രകാരം എത്ര പേർക്ക് 2013 മുതൽ നാളിതുവരെ ചികിത്സാ സഹായങ്ങൾ നൽകി; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അൻപതിനായിരം രൂപക്ക് മേൽ ധനസഹായം നൽകിയിട്ടുള്ളത് ഏതൊക്കെ വ്യക്തികൾക്കാണ്; വിലാസം സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് തുക അനുവദിച്ചത് ഏത് രോഗത്തിനാണെന്നും എത് ചികിത്സക്കാണെന്നും ഏതൊക്കെ ആശുപത്രികൾക്കാണെന്നും വ്യക്തമാക്കാമോ;

(ഡി) അൻപതിനായിരം രൂപക്ക് മുകളിലുള്ള സാമ്പത്തിക സഹായം ആശുപത്രികൾക്ക് നേരിട്ടാണോ അതോ ഗുണഭോക്താക്കൾക്ക് നേരിട്ടാണോ നൽകിയതെന്ന് വ്യക്തമാക്കാമോ; ഇവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) 2016-17 സാമ്പത്തിക വർഷത്തിൽ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ വീ-കെയർ പദ്ധതിയിൽ ലഭിച്ച സംഭാവന തുകയുടെ ഇനം തിരിച്ചുള്ള ഓരോ മാസത്തെയും കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014 മുതലാണ് വി-കെയർ പ്രവർത്തനം ആരംഭിച്ചത്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ചികിത്സാ സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|
| 2014-15 | 3 |
| 2015-16 | 3 |
| 2016-17 | 1 |
| 2017-18 | 63 |
| 2018-19 | 215 |
| 2019-2020 (ഇതുവരെ) | 218 |
| ആകെ | 503 |

(ബി-ഡി) ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ചികിത്സയുടെ ധനസഹായം ആശുപത്രികൾക്ക് നേരിട്ടും പ്രതിമാസം ഒരു നിശ്ചിത തുക നൽകാൻ കമ്മിറ്റിയിൽ തീരുമാനമായ അപേക്ഷകളിൽ ഗുണഭോക്താക്കൾക്ക് നേരിട്ടും നൽകുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**വി-കെയർ പദ്ധതിപ്രകാരം കുടിശ്ശിക**

257 (5670) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി നടപ്പിലാക്കുന്ന വി-കെയർ പദ്ധതി പ്രകാരം ബാങ്ക് ലോൺ എടുത്ത് വീഴ്ച വരുത്തിയ കുടിശ്ശികകാർക്ക് പ്രസ്തുത ലോൺ തിരിച്ചടക്കുന്നതിന് ധനസഹായം അനുവദിക്കുമോ;

(ബി) ഇത്തരത്തിൽ നാളിതുവരെ ആർക്കെങ്കിലും ബാങ്ക് ലോൺ തിരിച്ചടവിനായി ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്;

(ഡി) ഇത്തരത്തിൽ ധനസഹായം അനുവദിച്ച വ്യക്തികളുടെ പേരും മേൽവിലാസവും ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-ഡി) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വി-കെയർ പദ്ധതിയിലുൾപ്പെടുത്തി ബാങ്ക് ലോൺ തിരിച്ചടയ്ക്കുന്നതിന് നാളിതുവരെ രണ്ട് പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. ശ്രീമതി ശൈലജ ജിത്തുമോൻ, നായ്ക്കുംവെളി, ഏടാട് പി.ഒ., ഇടുക്കി.
2. ശ്രീമതി ഷാനി കെനി, TC 78/1124, ജ്ഞസ റോഡ്, വള്ളക്കടവ്, തിരുവനന്തപുരം.

ശ്രീമതി ഷൈലജ ജിത്തുമോന്റെ ഭർത്താവ് 100 ശതമാനം അന്ധനായ വ്യക്തിയാണ്. അവരുടെ രണ്ട് പെൺമക്കളിൽ മൂത്തയാൾക്ക് ശാരീരിക വൈകല്യമുള്ളതും രണ്ടാമത്തെയാൾ സന്ധിവാതവുമായി ബന്ധപ്പെട്ട അസുഖത്തിനും ചികിത്സയിലുമാണ്. ടി കുട്ടികളുടെ ചികിത്സയ്ക്കായിട്ടാണ് ബാങ്ക് ലോൺ എടുത്തത്. എന്നാൽ ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്ന ഈ കുടുംബത്തിന് ബാങ്ക് ലോൺ അടയ്ക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീമതി ഷൈലജ സഹായത്തിനായി വി-കെയർ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി-കെയർ പദ്ധതിയിൽ ടി അപേക്ഷ പരിഗണിക്കുകയും ബാങ്കുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ തിരിച്ചടയ്ക്കാനുള്ള തുകയിൽ ഇളവ് അനുവദിച്ച് നൽകുന്നതിന് ഗവേണിംഗ് ബോഡിയിൽ തീരുമാനിക്കുകയും അപ്രകാരം തുക അനുവദിക്കുകയും ചെയ്തു.

ശ്രീമതി ഷാനി കെനിയുടെ ഭർത്താവ് ശ്രീ. കെനി നിക്കോളാസ് വീട് നിർമ്മാണത്തിനെടുത്ത ലോൺ തുക ഏകമകളായ നിഖിത കെനിയുടെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടിയാണ് ഉപയോഗിച്ചതെന്ന് അറിയാൻ കഴിഞ്ഞു. ശസ്ത്രക്രിയ നടത്തി തുടർ ചികിത്സയിലിരിക്കെ കുട്ടി മരണപ്പെട്ടു. മത്സ്യത്തൊഴിലാളിയായ ശ്രീ. കെനി നിക്കോളാസിന് ബാങ്കിൽനിന്നും എടുത്ത തുക തിരിച്ചടയ്ക്കാൻ സാധിച്ചില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വി-കെയർ പദ്ധതിയിൽ അപേക്ഷ പരിഗണിക്കുകയും ബാങ്കുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ തിരിച്ചടയ്ക്കാനുള്ള തുകയിൽ ഇളവ് അനുവദിച്ച് നൽകുകയും ചെയ്തു.

വി-കെയറിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകരുടെ വിശദമായ അന്വേഷണ റിപ്പോർട്ട് അപേക്ഷകരുടെയും കുടുംബാംഗങ്ങളുടെയും വിവരങ്ങൾ, ചികിത്സ സംബന്ധിച്ച രേഖകൾ, സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന രേഖകൾ, സ്വത്ത്/കടബാദ്ധ്യത സംബന്ധിച്ച രേഖകൾ, ജപ്തി നോട്ടീസിന്റെ പകർപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ

പരിഗണിച്ച് ബാങ്കുമായി ഇടപെട്ട് ഒറ്റത്തവണ തീർപ്പാക്കലിലൂടെ തുകയിൽ ഇളവ് ചെയ്തതിനുശേഷം വി-കെയറിന്റെ കമ്മിറ്റികളിൽ (ഇംപ്ലിമെന്റേഷൻ/റിവ്യൂ ആന്റ് ഇംപ്ലിമെന്റേഷൻ/ എക്സിക്യൂട്ടീവ്/ഗവേണിംഗ് ബോഡി) പരിശോധിച്ച് അവയുടെ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കുന്നു.

**വികലാംഗ ക്ഷേമ കോർപ്പറേഷന്റെ മുച്ചക്രവണ്ടി നൽകൽ പദ്ധതി**

258 (5671) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ കോർപ്പറേഷന്റെ മുച്ചക്രവണ്ടി നൽകൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിലെ ശ്രീമതി ജയശ്രീയുടെ മുച്ചക്രവണ്ടിക്ക് വേണ്ടിയുള്ള അപേക്ഷയുടെ തൽസ്ഥിതി വെളിപ്പെടുത്താമോ;

(സി) ശ്രീമതി ജയശ്രീക്ക് മുച്ചക്രവാഹനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ മുച്ചക്ര വാഹനത്തിനായി 2016 ഡിസംബർ 31 വരെ അപേക്ഷ സമർപ്പിച്ച ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലെ അപേക്ഷകൾ ഇതിനായി രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് അംഗീകാരത്തോടെ സർക്കാരിന്റെ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് മുൻഗണനകൾക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ച് വിതരണം നടത്തുന്നതാണ്.

(ബി&സി) നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി ജയശ്രീയുടെ മുച്ചക്ര വാഹനത്തിനുവേണ്ടിയുള്ള അപേക്ഷ കോർപ്പറേഷനിൽ 12-10-2017-ലാണ് ലഭിക്കുന്നത്. ടിയാളിൽനിന്ന് അപേക്ഷയോടൊപ്പം ലഭിക്കാതിരുന്ന രേഖകൾക്കായി 16-10-2019-ന് കത്തയച്ചിട്ടുണ്ട്. ടി രേഖകൾ ലഭിക്കുന്ന മുറയ്ക്ക് സീനിയോരിറ്റിയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി മുച്ചക്രവാഹന വിതരണത്തിനായി ടിയാളെയും പരിഗണിക്കുന്നതാണ്.

## പ്രൊബേഷൻ & ആഫ്റ്റർ കെയർ ഉപദേശക സമിതി

259 (5672) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊബേഷൻ & ആഫ്റ്റർ കെയർ ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള ഉപദേശക സമിതി അംഗങ്ങളുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജന സഹകരണം ഉറപ്പാക്കൽ, നിയമം ഗുണകരമായി നടപ്പാക്കുന്നതിനാവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിവിധ സംവിധാനങ്ങൾക്ക് നൽകുക എന്നിവയാണ് ജില്ലാ/സംസ്ഥാനതല ഉപദേശക സമിതിയുടെ ഉത്തരവാദിത്തമായി പ്രൊബേഷൻ ചട്ടങ്ങൾ വ്യക്തമാക്കുന്നത്.

(ബി) ജില്ലാതല ഉപദേശക സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ - ജില്ലാ മജിസ്ട്രേറ്റ്
2. ജില്ലാ പോലീസ് മേധാവി - അംഗം
3. കോർപ്പറേഷൻ/മുൻസിപ്പൽ ചെയർമാൻ - അംഗം
4. ജില്ലാ വിദ്യാഭ്യാസ ആഫീസർ - അംഗം
5. ജില്ലാ പ്രൊബേഷൻ ഓഫീസർ - സെക്രട്ടറി
6. മൂന്ന് അനൗദ്യോഗിക അംഗങ്ങൾ

വിവിധ ജില്ലകളിലെ ജില്ലാതല ഉപദേശക സമിതിയിലെ മുൻസിപ്പൽ ചെയർപേഴ്സന്റെയും മൂന്ന് അനൗദ്യോഗിക അംഗങ്ങളുടെയും പേരുവിവരം ചുവടെ ചേർക്കുന്നു.

1. <u>തിരുവനന്തപുരം</u>

1. അഡ്വ. ഐ. സാജു, പി. എ. ഹൗസ്, കിള്ളി, കൊല്ലോട് പി.ഒ., തിരുവനന്തപുരം.
2. അഡ്വ. എസ്. എ. സുന്ദർ, ടി. സി. 38/792, മരക്കട റോഡ്, ചാല, തിരുവനന്തപുരം.

3. അഡ്വ. എസ്. ഷാജഹാൻ, ഷാനിൽ ബംഗ്ലാവ്, കല്ലമ്പലം പി.ഒ., വർക്കല, തിരുവനന്തപുരം.

4. ശ്രീ. എം. പ്രദീപ് (ആറ്റിങ്ങൽ നഗരസഭാ ചെയർമാൻ), ഗീതാഞ്ജലി, തച്ചൂർകുന്ന്, അവനവഞ്ചേരി, ആറ്റിങ്ങൽ.

2. <u>കൊല്ലം</u>

1. അഡ്വ. വി. സുമലാൽ, മംഗലത്ത് വീട്, തെക്കുംപുറം, പുത്തൂർ പി.ഒ., 691507.

2. ശ്രീ. എസ്. ചന്ദ്രശേഖരൻ പിള്ള (റിട്ടയേർഡ് ഡെപ്യൂട്ടി സെക്രട്ടറി), ചൈത്രം, കെ. ബി. നഗർ - 38, തെക്കേവിള പി.ഒ., കൊല്ലം - 16.

3. അഡ്വ. രാഹുൽ. എസ്. ആർ., തൊടിയിൽ വീട്, പട്ടത്താനം പി.ഒ., കൊല്ലം.

4. ശ്രീ. കെ. പി. കുറുപ്പ്, (മുൻസിപ്പൽ ചെയർമാൻ, പരവൂർ), തെക്കേ മണ്ണുവള വീട്, കുനയിൽ, പരവൂർ പി.ഒ., കൊല്ലം.

3. <u>പത്തനംതിട്ട</u>

1. അഡ്വ. സക്കീർ ഹുസൈൻ, ബീനാ മൻസിൽ, അഴൂർ, പത്തനംതിട്ട പി.ഒ.

2. അഡ്വ. എസ്. മനോജ്, മുഴങ്ങോടിയിൽ, മണ്ണടി പി.ഒ., അടൂർ.

3. അഡ്വ. എസ്. കാർത്തിക, തൃക്കാർത്തിക, തുമ്പമൺ പി.ഒ.

4. ശ്രീമതി ടി. കെ. സതി, മുൻസിപ്പൽ ചെയർപേഴ്സൺ, പന്തളം മുൻസിപ്പാലിറ്റി.

4. <u>ആലപ്പുഴ</u>

1. ശ്രീമതി കെ. ജി. രാജേശ്വരി, കോയിക്കൽ, കലവൂർ പി. ഒ., ആലപ്പുഴ.

2. ശ്രീ. അരുൺ കുമാർ എം. എസ്., മനാത്തുംപാട്ടി, കല്ലിമേൽ, മാവേലിക്കര, ആലപ്പുഴ.

3. ശ്രീ. വി. ജി. മോഹനൻ, നെടുങ്ങാട്ട്, എസ്.എൽ. പുരം പി.ഒ., കഞ്ഞിക്കുഴി, ആലപ്പുഴ.

4. ശ്രീ. എൻ. ശിവദാസൻ, ചെയർമാൻ, കായംകുളം നഗരസഭ.

5. കോട്ടയം

1. ശ്രീ. ടി. ആർ. രഘുനാഥൻ, തറയിൽ, ആറുമാനൂർ പി.ഒ., അയർക്കുന്നം, കോട്ടയം.
2. അഡ്വ. വി. ജയപ്രകാശ്, കാരാട്ട്, ഏറ്റുമാനൂർ പി. ഒ., കോട്ടയം.
3. അഡ്വ. ഷീജ അനിൽ, നെടുവേലിൽ, മൂലവട്ടം പി. ഒ.,
4. ശ്രീ. പി. ശശിധരൻ, ചെയർമാൻ, വൈക്കം മുൻസിപ്പാലിറ്റി.

6. ഇടുക്കി

1. ശ്രീമതി കെ. പി. മേരി, മുണ്ടപ്ലാക്കൽ, തൊടുപുഴ, ഇടുക്കി.
2. ശ്രീ. എം. എൻ. മോഹനൻ, മണലിക്കുടിയിൽ, തോക്കുപാറ, ഇടുക്കി.
3. ശ്രീ. ആർ. തിലകൻ, കാവാലം പറമ്പിൽ, പീരുമേട് പി. ഒ., ഇടുക്കി.
4. ശ്രീമതി ജെസി ആന്റണി, മുൻസിപ്പൽ ചെയർപേഴ്സൺ, തൊടുപുഴ.

7. എറണാകുളം

1. അഡ്വ. പി. എം. ഇസ്മായിൽ, പനക്കൽ വീട്, മുടവർ പി. ഒ., മൂവാറ്റുപുഴ.
2. അഡ്വ. എം. അനിൽ കുമാർ, മണിമേഘല, എളമക്കര പി. ഒ., എറണാകുളം.
3. ശ്രീ. എൻ. കെ. വാസുദേവൻ, സിന്ദൂരം, ആദർശ് ലെയിൻ, തൃക്കാക്കര, കൊച്ചി - 682021.
4. ശ്രീമതി ചന്ദ്രിക ദേവി, ചെയർപേഴ്സൺ, തൃപ്പൂണിത്തുറ നഗരസഭ.

8. തൃശ്ശൂർ ജില്ല

1. ശ്രീമതി ടി. ആർ. മീര, പുതിയേടത്ത് വീട്, അമ്മാടം പി. ഒ., തൃശ്ശൂർ - 680563.
2. അഡ്വ. സി. ജെ. ബിമൽ, ചുള്ളിപ്പറമ്പിൽ വീട്, ശാന്തി നഗർ, തൃശ്ശൂർ - 680003.
3. ശ്രീ. കെ. വി. സജു, കോരാംകുഴിയിൽ വീട്, പുത്തൂർ, തൃശ്ശൂർ - 680014.
4. ശ്രീ. എൻ. കെ. അക്ബർ (ചാവക്കാട് മുൻസിപ്പൽ ചെയർമാൻ), നാലകത്ത് കുറ്റിക്കാട്ട്.

9. <u>പാലക്കാട്</u>

1. ശ്രീ. ഇ. എൻ. സുരേഷ് ബാബു, ഇടയൻകുളമ്പ ഹൗസ്, കോരിയാർച്ചള്ള, കന്നിമാരി പി. ഒ., ചിറ്റൂർ, പാലക്കാട്.
2. ശ്രീ. പി. എൻ. മോഹനൻ, നടുവള വളപ്പിൽ ഹൗസ്, ആനക്കര പി. ഒ., പാലക്കാട്.
3. അഡ്വ. ടി. കെ. നൗഷാദ്, Ex. MLA, സലാമത്ത് നഗർ, സിവിൽ സ്റ്റേഷൻ, പാലക്കാട്.
4. ശ്രീ. എം. എൻ. നാരായണൻ നമ്പൂതിരി, മുൻസിപ്പൽ ചെയർമാൻ, ഒറ്റപ്പാലം.

10. <u>മലപ്പുറം</u>

1. ശ്രീ. ഐ. ടി. നജീബ്, ഇരിങ്ങൽതൊടി ഹൗസ്, മഞ്ചേരി പി. ഒ., മലപ്പുറം - 676121.
2. ശ്രീ. പി. ഹംസക്കുട്ടി, പുല്ലാനിക്കാട്ടിൽ ഹൗസ്, പൂനയിൽ പി. ഒ., തിരൂർ, മലപ്പുറം - 676107.
3. ശ്രീ. ജിജി. പി., മണ്ണടിയിൽ ഹൗസ്, ചെറുവായൂർ പി. ഒ., എടവണ്ണപ്പാറ, മലപ്പുറം - 673645.
4. ശ്രീ. എം. മുഹമ്മദ് സലിം, ചെയർമാൻ, പെരിന്തൽമണ്ണ നഗരസഭ.

11. <u>കോഴിക്കോട്</u>

1. ശ്രീ. കെ. എം. രാധാകൃഷ്ണൻ, ചെറുവാരത്ത് ഹൗസ്, പാവണ്ടൂർ പി. ഒ., കോഴിക്കോട് - 673613.
2. ശ്രീമതി സുധർമ്മ യു., നാസ്തികം, നല്ലൂർ, ഫറോക്ക് പി. ഒ.
3. ശ്രീ. മോഹൻദാസ് ടി. കെ., റിട്ടയേർഡ് ഹെഡ്മാസ്റ്റർ, ആർ.എൻ.എം.എച്ച്.എസ്., കോഴിക്കോട് - 673507.
4. അഡ്വ. കെ. സത്യൻ, ചെയർമാൻ, കൊയിലാണ്ടി നഗരസഭ.

12. <u>വയനാട്</u>

1. ശ്രീ. കെ. മുഹമ്മദ് കുട്ടി, നന്മ ഹൗസ്, പറയ്ക്കൽ, മൂട്ടിൽ പി. ഒ.
2. ശ്രീ. ഷിജു കെ. പി., പലട്ട് തടത്തിൽ ഹൗസ്, നീർവാരം പി. ഒ., വയനാട്.

3. ശ്രീ. സുരേഷ് തള്ളൂർ, വാരിങ്കലേക്കൽ ഹൗസ്, ചുള്ളിയോട് പി. ഒ., വയനാട് - 673592.

4. ശ്രീമതി സനിത ജഗദീഷ്, മുൻസിപ്പൽ ചെയർപേഴ്സൺ, കൽപ്പറ്റ നഗരസഭ.

13. <u>കണ്ണൂർ</u>

1. ശ്രീ. കെ. പി. സേതുമാധവൻ, ജന്ന, സൊസൈറ്റി പ്രസ്റ്റ് റോഡ്, പയ്യന്നൂർ - 670307.

2. ശ്രീ. എം. ഉദയകുമാർ, പൂമുഖം, ചുങ്കം, എരഞ്ഞോളി, കണ്ണൂർ - 670107.

3. ശ്രീ. എ. സി. മാത്യു, സ്റ്റാർ, പുഷ്പഗിരി, ഗാന്ധിനഗർ പി. ഒ., തളിപ്പറമ്പ്, കണ്ണൂർ - 670141.

4. ശ്രീ. എം. സുകുമാരൻ, കൂത്തുപറമ്പ് മുൻസിപ്പൽ ചെയർമാൻ.

14. <u>കാസർഗോഡ്</u>

1. ശ്രീ. കെ. വി. കുഞ്ഞിരാമൻ, ബേബൂരി, ഉദുമ.

2. അഡ്വ. കെ. രാജ്മോഹൻ, പ്രതീക്ഷാ ഹൗസ്, കോഴക്കുണ്ട്, ചെമ്മട്ടം വയൽ, ബല്ല പി. ഒ., കാഞ്ഞങ്ങാട്.

3. അഡ്വ. എ. പി. ഉഷ, ദേവരട്ക്ക ഹൗസ്, ഉറുട്ടൂർ പി. ഒ., അട്ടൂർ.

4. പ്രൊഫ. കെ. പി. ജയരാജൻ, ചെയർമാൻ, നീലേശ്വരം നഗരസഭ.

## വിശപ്പുരഹിത നഗരം പദ്ധതി

260 (5673) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിലെത്തിച്ചേരുന്ന രോഗികൾ, കൂട്ടിരിപ്പുകാർ, സാമ്പത്തിക പരാധീനത കാരണം ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നവർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ഒരു ദിവസം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് 2009 മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. പദ്ധതി മുടക്കം കൂടാതെ നടക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അതാത് സമയം ടെണ്ടർ വിളിച്ച് നടത്തിപ്പുകാരെ കണ്ടെത്തുകയും ഭക്ഷണത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി അതാത് ജില്ലയിലെ വയോമിത്രം കോർഡിനേറ്ററിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, എസ്.എ.ടി. ആശുപത്രി, കൊല്ലം ജില്ലയിലെ ജില്ലാ ആശുപത്രി, വിക്ടോറിയ ആശുപത്രി, കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ്, ഗവൺമെന്റ് ജനറൽ ആശുപത്രി, മലപ്പുറം ജില്ലയിലെ ഗവൺമെന്റ് താലൂക്കാശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലാണ് നിലവിൽ വിശപ്പുരഹിത നഗരം പദ്ധതി നടപ്പാക്കിവരുന്നത്.

**സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**

261 (5674) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിനുകീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പട്ടിക പ്രകാരം കോന്നി നിയോജകമണ്ഡലത്തിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ മന്ദഹാസം, വയോമധുരം, സ്വാശ്രയ, ഭിന്നശേഷിക്കാർക്കായുള്ള തുല്യതാ പരീക്ഷ, മാതൃജ്യോതി, വിദ്യാജ്യോതി, വിദ്യാകിരണം എന്നീ പദ്ധതികളിലുൾപ്പെടുത്തി കോന്നി നിയോജകമണ്ഡലത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് സർക്കാർ സഹായം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മന്ദഹാസം | 31 | 1,55,000 |
| 2 | വയോമധുരം | 174 | 67,550 (Approx) through KMCL |
| 3 | സ്വാശ്രയ | 3 | 1,05,000 |
| 4 | ഭിന്നശേഷിക്കാർക്കുള്ള തുല്യതാ പരീക്ഷ | 2 | 5,900 |
| 5 | മാതൃജ്യോതി | 2 | 44,000 |
| 6 | വിദ്യാജ്യോതി | 15 | 37,150 |
| 7 | വിദ്യാകിരണം | 125 | 6,86,000 |

**സ്നേഹപൂർവ്വം പദ്ധതി**

262 (5675) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാവ്, പിതാവ് എന്നിവരിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ എത്ര രൂപ വീതമാണ് ധനസഹായം നൽകുന്നത്; എത്ര ക്ലാസുവരെ പഠിക്കുന്ന കുട്ടികൾക്കാണ് ധനസഹായം നൽകുന്നത്;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്നേഹപൂർവ്വം പദ്ധതിയിൽ മൂന്ന് വയസ്സ് മുതൽ പ്രൊഫഷണൽ/ ഐ.ടി.ഐ./പോളിടെക്നിക് കോഴ്സുകളുൾപ്പെടെ ഡിഗ്രിതലം വരെയുള്ള കുട്ടികൾക്കാണ് ധനസഹായം നൽകുന്നത്. ധനസഹായത്തിന്റെ ക്ലാസ്സ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 3 വയസ്സ് മുതൽ V-ാം ക്ലാസ്സ് വരെ | 300 രൂപ പ്രതിമാസം |
| VI-ാം ക്ലാസ്സ് മുതൽ X-ാം ക്ലാസ്സ് വരെ | 500 രൂപ പ്രതിമാസം |
| XI-ാം ക്ലാസ്സ് മുതൽ XII-ാം ക്ലാസ്സ് വരെ | 750 രൂപ പ്രതിമാസം |
| ഡിഗ്രി/ഐ.ടി.ഐ./ പോളിടെക്നിക് കോഴ്സുകൾ | 1000 രൂപ പ്രതിമാസം |

പരമാവധി 10 മാസത്തെ ധനസഹായമാണ് ഒരു കുട്ടിക്ക് ഒരു വർഷം ലഭിക്കുക.

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിഗ്രി തലംവരെയുള്ള കുട്ടികൾക്കും ഐ.ടി.ഐ./പോളിടെക്നിക് സ്ഥാപനങ്ങളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നു.

**വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം**

263 (5676) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; പ്രസ്തുത ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 30,000 രൂപ. ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം.

2. വാർഷിക കുടുംബ വരുമാനപരിധി 2 ലക്ഷം രൂപ.

3. വിവാഹിതയാകുന്ന പെൺകുട്ടി മൂന്ന് വർഷം കേരളത്തിൽ സ്ഥിരതാമസമായിരിക്കണം.

4. വിധവകൾ/മൂന്ന് വർഷമായി വിവാഹ മോചിതരായി കഴിയുന്ന സ്ത്രീകൾ/ഭർത്താവ് ഉപേക്ഷിച്ച/ഭർത്താവിനെ കാണാതായി ഏഴ് വർഷം കഴിഞ്ഞവർ/അവിവാഹിതരായ സ്ത്രീകൾ എന്നിവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് അർഹതയുണ്ട്.

5. വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകളുടെ കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും അധികാരമുണ്ട്.

(ബി) 6134 പേർക്ക്.

## കുട്ടികളുടെ ക്ഷേമസ്ഥാപനങ്ങളിലെ തസ്തികകൾ

264 (5677) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിനു കീഴിലെ കുട്ടികളുടെ ക്ഷേമ സ്ഥാപനങ്ങളിൽ പുതുതായി ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികളുടെ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തിക മറ്റ് തസ്തികയായി പരിവർത്തനം ചെയ്തിട്ടുണ്ടോ; എങ്കിൽ ആനുപാതികമായി തസ്തിക സൃഷ്ടിക്കുമോ;

(സി) നിലവിലുള്ള ജീവനക്കാർക്ക് ലഭിച്ചു വന്നിരുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം വകുപ്പ് വിഭജനത്തിലൂടെ നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ക്ഷേമസ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തിക മറ്റ് തസ്തികയാക്കി മാറ്റിയിട്ടില്ല.

(സി) പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തിക സാമൂഹ്യനീതി വകുപ്പിലാണുള്ളത് ഇരു വകുപ്പുകളിലുമായി ഫീഡർ കാറ്റഗറി നിശ്ചയിക്കപ്പെട്ടിട്ടുള്ള തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകളിൽ വകുപ്പ് ഡയറക്ടർമാരുടെ ശിപാർശ പരിഗണിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**അരയ്ക്കുതാഴെ തളർന്ന കുട്ടികൾക്ക് ചികിത്സാസഹായം**

265 (5678) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻമനാ ഉള്ളതും അല്ലാത്തതുമായ കാരണങ്ങളാൽ അരയ്ക്കുതാഴെ തളർന്ന് കിടക്കുന്ന പതിനാറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ചികിത്സാസഹായമായി എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് സാമൂഹ്യനീതി വകുപ്പ് വഴി ലഭ്യമാകുന്നത് വിശദമാക്കുമോ;

(ബി) ഇത്തരം കുട്ടികൾക്ക് മാസത്തിൽ ഒരു നിശ്ചിത തുക പെൻഷൻ പോലെ അനുവദിക്കുന്ന ഏതെങ്കിലും പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) മറ്റേതെങ്കിലും സർക്കാർ മേഖലകളിൽ നിന്ന് ഇത്തരം കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ?

ഉത്തരം

(എ) Rights of Persons with Disabilities Act അനുശാസിക്കുന്ന 40 ശതമാനത്തിനും അതിനുമുകളിലും വൈകല്യബാധിതരായ സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ, വൃദ്ധജനങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി (കോർപ്പസ് ഫണ്ട്) നിക്ഷേപിച്ചിട്ടുള്ള 2,55,59,000 രൂപയുടെ പലിശയിനത്തിൽ ലഭിക്കുന്ന തുകകൊണ്ട് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയ്ക്കായി പരമാവധി 5000 രൂപ വരെ വകുപ്പുമുഖേന അനുവദിക്കുന്നുണ്ട്. അടിയന്തര സാഹചര്യം നേരിടേണ്ടിവരുന്ന ഭിന്നശേഷിക്കാർക്ക് പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം തുടങ്ങിയവയ്ക്കായി സ്ത്രീ പുരുഷ, ട്രാൻസ്ജെൻഡർ ഭേദമന്യേ 'പരിരക്ഷ' പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നൽകുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നു :

1. അരയ്ക്കുതാഴെ തളർന്നുകിടക്കുന്ന കുട്ടികളുൾപ്പെടെ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്കായി പ്രതിമാസം 600 രൂപ ധനസഹായം നൽകുന്ന 'ആശ്വാസ കിരണം' പദ്ധതി.

2. ജന്മനായുള്ള ഗുരുതരമായ രോഗങ്ങൾ, ജനിതക രോഗങ്ങൾ തുടങ്ങിയവമൂലം പ്രയാസമനുഭവിക്കുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാകുന്ന 'താലോലം' പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന നടപ്പാക്കുന്നു.

3. " സ്പൈനൽകോഡ് ഇൻജ്യുറി" മുഖേന പ്രയാസം അനുഭവിക്കുന്നവർക്കായുള്ള പുനരധിവാസ പദ്ധതി തൃശ്ശൂർ NIPMR-ൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി) ഇത്തരം കുട്ടികൾക്ക് മാസത്തിൽ ഒരു നിശ്ചിത തുക പെൻഷൻ പോലെ അനുവദിക്കുന്ന പദ്ധതി നിലവിൽ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ഇത്തരം കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും പ്രതിമാസം വികലാംഗ പെൻഷൻ അനുവദിക്കുന്നുണ്ട്.

(സി) നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സഞ്ചാരസഹായികൾ, വീൽചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിപ്പിക്കുന്നതോ ആയ പ്രത്യേകം രൂപകല്പന ചെയ്ത ട്രൈസൈക്കിളുകൾ മുതലായവ വിതരണം ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28500 രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്.

## വനിതകളുടെയും ശിശുക്കളുടെയും നേർക്കുള്ള അതിക്രമങ്ങൾക്കെതിരെ ക്യാമ്പയിനുകൾ

266 (5679) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതകളുടെയും ശിശുക്കളുടെയും നേർക്ക് വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

1. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള മാസ് ക്യാമ്പയിനിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് പൊതുയാത്രാ സംവിധാനങ്ങളിൽ സ്റ്റിക്കർ പതിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

4. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൺ സ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർ മുഖേന വിവിധ തലങ്ങളിൽ അവബോധ നടപടികൾ നടത്തിവരുന്നു.

5. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വിമൻ ആന്റ് ചിൽഡ്രൻസ് ഹോം താമസക്കാർക്കായി സൈക്കോളജിക്കൽ ഇന്റർവെൻഷൻ, ജീവിത നൈപുണ്യ വിദ്യാഭ്യാസം, വിവിധ തൊഴിൽ പരിശീലന പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

6. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി "കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതി 2019-ൽ ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. ഈ പദ്ധതിയിൽ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വം എന്ന വിഷയം ആസ്പദമാക്കി എല്ലാ പഞ്ചായത്തുകളിലും 5 വീതം പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ കൂടുതലും കുടുംബത്തിനുള്ളിൽനിന്നും ബന്ധുക്കളിൽ നിന്നുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്.

7. സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്'ന്റെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം സ്കൂൾ തലം മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

267 (5680) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം സർവ്വീസുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനത്തിന് എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിത ശിശുവികസന വകുപ്പിലെ എസ്.എസ്. എൽ.സി.-യും 10 വർഷം അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ കാറ്റഗറിയിൽ 64 ഒഴിവുകളാണ് നിലവിലുള്ള്. ഡിഗ്രിയും 10 വർഷം അങ്കണവാടി സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കാറ്റഗറിയിലെ ആകെയുള്ള 146 പേരെ നിയമിക്കുന്നതിന് 146 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിൽനിന്നും പി.എസ്.സി. 143 പേർക്ക് നിയമന ശിപാർശ നൽകുകയും 1 ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാലും 1 ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താല്ക്കാലികമായി നിയമന ശിപാർശ മാറ്റിവച്ചിട്ടുള്ളതുമാണ്. നിയമനം ലഭിച്ച 143 പേർ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിൽ ഒരാൾ വകുപ്പ് മാറിയത് വഴിയുണ്ടായ ഒഴിവ് എസ്.ടി. വിഭാഗത്തിന് നേരിട്ടുള്ള നിയമനത്തിന് ശിപാർശ ചെയ്യാൻ മാറ്റിവച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നുമില്ല.

(ബി) എസ്.എസ്.എൽ.സി.-യും 10 വർഷം അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽനിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കാറ്റഗറിയിലെ 19 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 45 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഐ.സി.ഡി.എസ്. ഓഫീസ്/ അങ്കണവാടികളിലെ ക്രമക്കേടുകൾ

268 (5681) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശു വികസന ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അങ്കണവാടി സൂപ്പർവൈസർമാർ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ യഥാർത്ഥ കണക്കിനേക്കാൾ പെരുപ്പിച്ച കണക്കാണ് കാണിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ;

(സി) വിറകുകൾ, പച്ചക്കറികൾ എന്നിവ വൻതുകയ്ക്ക് വാങ്ങുന്നതു വഴി സർക്കാരിന് വൻ നഷ്ടം ഉണ്ടാകുന്നത് പരിശോധിക്കുമോ;

(ഡി) അങ്കണവാടികളിൽ നിന്നും വിതരണം ചെയ്യുന്നതിനേക്കാൾ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ പലർക്കും നൽകുന്നതായി വ്യാജരേഖ ചമച്ച് വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംയോജിത ശിശുവികസന ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലും വിജിലൻസ് നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മലപ്പുറം ജില്ലയിൽ മഞ്ചേരി, കോഡൂർ, പൂക്കോട്ടൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ അങ്കണവാടികളിൽ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് 2015-ൽ നടത്തിയ മിന്നൽ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭക്ഷ്യസാധനങ്ങൾ അംഗീകൃതമല്ലാത്ത ഏജൻസികളിൽനിന്നും വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥയായ സൂപ്പർവൈസർക്കെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.
2. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ്, ചെങ്കളം, ബദിയഡുക്ക പഞ്ചായത്തുകളിലെ മുക്കംപാറ AWC No. 28, AWC No. 37

എന്നിവിടങ്ങളിൽ 18-3-2019-ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കാസർഗോഡ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ അപാകതകൾ കണ്ടെത്തി യിട്ടില്ല.

3. 10-7-2019-ൽ കോട്ടയം ജില്ലയിൽ കല്ലറയിലെ സർക്കാർ മഹിളാ മന്ദിരത്തിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ ക്രമക്കേടുക ളൊന്നും കണ്ടെത്തിയിട്ടില്ല.

4. തലശ്ശേരി സർക്കാർ മഹിളാ മന്ദിരത്തിൽ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത 4.66 ലക്ഷം രൂപ കണ്ടെത്തിയതായുള്ള പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപന സൂപ്രണ്ടിനെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അങ്കണവാടികളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് രണ്ട് രൂപയും വിറകിന് ഒരു രൂപയുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്കിലാണ് വിറകിനും പച്ചക്കറിക്കും തുക അനുവദിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അങ്കണവാടി വർക്കർമാരുടെയും ആയമാരുടെയും ആനുകൂല്യ വർദ്ധനവ്

269 (5682) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ആയമാരുടെയും ശമ്പളത്തിൽ ഈ സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗക്കാർക്കായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിൽ കേന്ദ്രധനസഹായം പ്രയോജനപ്പെ ടുത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 10,000 രൂപയായും 7500 രൂപയായും 25-2-2016-ൽ വർദ്ധിപ്പിച്ചിരുന്നുവെങ്കിലും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് പ്രാബല്യത്തിൽ വന്നിരുന്നില്ല. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വർദ്ധനവിന്റെ 50 ശതമാനം സാമൂഹ്യ നീതി വകുപ്പ് വഹിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് വർദ്ധിപ്പിച്ച തുക ജീവനക്കാർക്ക് ലഭ്യമായത്. 11-2-2019-ലെ സ.ഉ. (സാധാ) നമ്പർ 81/2019/ സാ.നീ.വ. പ്രകാരം 1-10-2018 മുതൽ പ്രാബല്യത്തിൽ സംസ്ഥാനത്തെ മെയിൻ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 11500 (പതിനൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും മിനി അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,500 (പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും അങ്കണവാടി ഹെൽപ്പർമാരുടെ ഓണറേറിയം 7750 (ഏഴായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) ആയും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രതിമാസ ഓണറേറിയത്തിനുപുറമേ അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250 (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ ഇൻസെന്റീവ് (Performance linked incentive) നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 12,000 രൂപയും ഹെൽപ്പർമാരുടെ ഓണറേറിയം 8,000 രൂപയുമായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ് നൽകിവരുന്നത്. ഇതുകൂടാതെ സംസ്ഥാന വിഹിതമായും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിഹിതമായും അധിക ഓണറേറിയം നൽകിവരുന്നുണ്ട്. അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കണക്ക് ശീർഷകം | അങ്കണവാടി വർക്കർ (രൂപയിൽ) | മിനി അങ്കണവാടി വർക്കർ (രൂപയിൽ) | അങ്കണവാടി ഹെൽപ്പർ (രൂപയിൽ) |
|---|---|---|---|---|
| 1 | 2235-02-102-47 (P) കേന്ദ്ര വിഹിതം (60%) | 4500 (കേ.വി. 2700 + സം.വി. 1800) | 3500 (കേ.വി. 2100 + സം.വി. 1400) | 2250 (കേ.വി. 1350+സം.വി. 900) |
| 2 | 2235-02-102-55 (NP) അധിക സംസ്ഥാന വിഹിതം | 4800 | 4800 | 4050 |
| 3 | 2235-02-102-34 (NP) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം | 2200 | 2200 | 1450 |
| | ആകെ | 11500 | 10500 | 7750 |

അങ്കണവാടി വർക്കർക്ക് 2700 രൂപയും മിനി അങ്കണവാടി വർക്കർക്ക് 2100 രൂപയും അങ്കണവാടി ഹെൽപ്പർക്ക് 1350 രൂപയും മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നൽകുന്നതിനുപകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽനിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ 2235-02-102-05-deduct amount transferred from Development Fund towards Honorarium & Allowances of Anganwadi Workers and Helpers (NP) എന്ന കണക്ക് ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ പെൻഷൻ**

270 (5683) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ പെൻഷൻ പ്രായം എത്രയാണ്;

(ബി) ഇവർ വിരമിക്കുമ്പോൾ കിട്ടുന്ന പെൻഷൻ എത്രയാണെന്ന് അറിയിക്കാമോ;

(സി) ഈ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നയം എന്താണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ വർഷവും ഏപ്രിൽ 30-ന് 62 വയസ്സ് പൂർത്തിയാകുന്ന അങ്കണവാടി ജീവനക്കാർ അവരുടെ സർവ്വീസിൽനിന്നും വിരമിക്കുന്നു.

(ബി) വിരമിച്ച അങ്കണവാടി വർക്കർക്കും അങ്കണവാടി ഹെൽപ്പർക്കും നിലവിൽ യഥാക്രമം 1000 രൂപ, 600 രൂപ എന്ന നിരക്കിൽ പ്രതിമാസ പെൻഷൻ നൽകിവരുന്നു.

(സി) വിരമിച്ച അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**വയനാട് ജില്ലയിലെ മാതൃക അങ്കണവാടി കെട്ടിടങ്ങൾ**

271 (5684) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ എവിടെയെല്ലാം മാതൃക അങ്കണവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വയനാട് ജില്ലയിൽ മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നുംതന്നെ ലഭ്യമായിട്ടില്ല. ജില്ലയിൽ നാല് മാതൃക അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ മാതൃക അങ്കണവാടികൾ

272 (5685) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ കുന്ദമംഗലം, കൊടുവള്ളി ബ്ലോക്കുകളിലായി മാതൃക അങ്കണവാടികളായി തെരഞ്ഞെടുക്കപ്പെട്ടവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കുന്ദമംഗലം ബ്ലോക്കിലെ കൊടിയത്തൂർ പഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി തെരഞ്ഞെടുത്തിരുന്നു. ടി അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 20 സെന്റ് സ്ഥലം ലഭിച്ചിരുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണം 142 സ്ക്വയർമീറ്റർ ആണ്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ വരാന്ത, രണ്ട് ഹാൾ, ഒരു റൂം, ഒരു അടുക്കള, രണ്ട് ഇന്ത്യൻ ടോയ്‌ലറ്റ് എന്നിവയും ഒന്നാം നിലയിൽ ഒരു ഹാൾ, ഒരു റൂം, ഒരു ടോയ്‌ലെറ്റ് എന്നിവയുമുണ്ട്. കുട്ടികൾക്ക് കളിക്കാൻ Outdoor play ground, Merigo round, Slider എന്നീ സൗകര്യങ്ങളോട്ടുകൂടി അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ടി അങ്കണവാടി പ്രവർത്തിച്ചുവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിൽ മാതൃക അങ്കണവാടി

273 (5686) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മാതൃക അങ്കണവാടി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മാതൃക അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കാൻ എത്ര തുക അനുവദി ച്ചിട്ടുണ്ടെന്നും പ്രവൃത്തി ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടി അനുവദിച്ചിട്ടില്ല.

## കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

274 (5687) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ പേരുകൾ അറിയിക്കാമോ;

(സി) സ്വന്തമായി കെട്ടിടം ഇല്ലാത്തവയ്ക്ക് പുതിയവ പണിയുന്നതിന് സമഗ്രമായ ഏതെങ്കിലും പാക്കേജ് നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) അങ്കണവാടികളുടെ ഭരണം ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ ഏതാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികൾ ചുവടെ ചേർക്കുന്നു :

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നമ്പർ, പേര് |
|---|---|---|
| (1) | (2) | (3) |
| കാഞ്ഞിരപ്പള്ളി | മണിമല | 3, ആലപ്ര |
| | | 5, ആലപ്ര സ്കൂൾ |
| | | 10, കുവക്കാവ് |
| | | 26, കാവുംഭാഗം |
| | കാഞ്ഞിരപ്പള്ളി | 30, മണങ്ങല്ലൂർ |
| | | 36, മണ്ണാറക്കയം |
| | | 39, അഞ്ചാം മൈൽ |

| | | |
|---|---|---|
| | | 44, പരുന്തൻമല |
| | | 45, കറുവാമൂഴി |
| | | 46, കൊരട്ടി |
| | | 47, കുവപ്പള്ളി |
| | | 50, മാനിടംകുഴി |
| | | 66, കുരിശുങ്കൽ |
| | | 68, ആനിത്തോട്ടം |
| | | 70, വണ്ടനാമല കോളനി |
| പാമ്പാടി | പള്ളിക്കത്തോട് | 93, മറ്റപ്പള്ളി |
| വാഴൂർ | ചിറക്കടവ് | 1, കടുക്കാമല |
| | | 2, അട്ടിക്കൽ |
| | | 7, പൊന്താക്കൽ |
| | | 8, മഞ്ഞപ്പള്ളിക്കുന്ന് |
| | | 9, കെ. വി. എം. എസ്. |
| | | 10, ചിറക്കടവ് ഈസ്റ്റ് |
| | | 17, വാണിയിടം |
| | | 21, തെക്കേത്തുക്കവല |
| | | 22, ഉള്ളായം |

| | | |
|---|---|---|
| | | 14, ഗവ. എൽ.പി.എസ്. ചിറക്കടവ് |
| | | 117, BRC കുന്നംഭാഗം |
| | | 118, ഗവ. എൽ. പി. എസ്. ചെറുവള്ളി |
| | കങ്ങഴ | 35, കാരമല |
| | | 112, മണ്ണൂപ്പുരയിടം |
| | | 38, കാനം കൃഷിഭവൻ |
| | നെടുങ്കുന്നം | 67, ദേവഗിരി |
| | | 114, മണിക്കുളം |
| | | 115, നെടുങ്കുന്നം |
| | | 110, സോഷ്യൽ വെൽഫെയർ സ്കൂൾ, കൊച്ചുകുളം |
| | വെള്ളാവൂർ | 81, കോത്തലപ്പടി |
| | | 116, അടാമറ്റം |
| | വാഴൂർ | 90, 15-ാം മൈൽ |
| | | 108, ചാമംപതാൽ |
| | | 107, സാംസ്കാരിക നിലയം, എരുമത്തല |
| | | 120, ഗവ. എൽ.പി.എസ്., തേക്കാനം |

| | | |
|---|---|---|
| | കറുകച്ചാൽ | 131, മിനംപ്പടി |
| | | 140, മാന്തുരുത്തി |
| | | 143, കലയക്കുളം |
| | | 144, റൈട്ടൻപറമ്പ് |
| | ആകെ | 45 |

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികൾ.

| പ്രോജക്ട് | പഞ്ചായത്ത് | അങ്കവാടി സെന്റർ നമ്പർ, പേര് |
|---|---|---|
| കാഞ്ഞിരപ്പള്ളി | കാഞ്ഞിരപ്പള്ളി | 36, മണ്ണാറക്കയം |
| | | 68, ആനിത്തോട്ടം |
| പാമ്പാടി | പള്ളിക്കത്തോട് | 93, മറ്റപ്പള്ളി |
| വാഴൂർ | വാഴൂർ | 90 |

(സി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലത്തിന്റെ വിസ്തൃതിയനുസരിച്ച് 6 വ്യത്യസ്ത പ്ലാനുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള സ്മാർട്ട് അങ്കണവാടി പദ്ധതി നടപ്പുസാമ്പത്തിക വർഷം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നമ്പർ, പേര് |
|---|---|---|
| കാഞ്ഞിരപ്പള്ളി | കാഞ്ഞിരപ്പള്ളി | സെന്റർ നം. 30 മുതൽ 70 വരെ |

| | | |
|---|---|---|
| | മണിമല | സെന്റർ നം. 3 മുതൽ 26 വരെ |
| പാമ്പാടി | പള്ളിക്കത്തോട് | സെന്റർ നം. 93 |
| വാഴൂർ | ചിറക്കടവ് | സെന്റർ നം. 1, 2, 7, 8, 9, 13, 17, 21, 22, 26, 14, 117, 118 |
| | വെള്ളാവൂർ | സെന്റർ നം. 81, 116 |
| | കങ്ങഴ | സെന്റർ നം. 35, 112, 113, 38 |
| | വാഴൂർ | സെന്റർ നം. 90, 108, 107, 120 |
| | കറുകച്ചാൽ | സെന്റർ നം. 131, 140, 143, 144 |
| | നെടുങ്കുന്നം | സെന്റർ നം. 67, 114, 115, 110 |

**പരിരക്ഷ പദ്ധതി**

275 (5688) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്കായി പരിരക്ഷ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം നൽകുന്നതിന് ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നുണ്ടോ; എങ്കിൽ 2018 ലും 2019-ലുമുണ്ടായ പ്രളയത്തിൽ ദുരിതം നേരിട്ട അംഗപരിമിതരിൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പ് പരിരക്ഷ പദ്ധതി 2018-19 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് പരിരക്ഷ. വകുപ്പിന്റെ വിവിധ പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽക്കൂടുതൽ ഭിന്നശേഷിക്കാരുള്ളതും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ കുടുംബങ്ങൾക്കും സഹായം നൽകുന്നു. സ്ത്രീ/ പുരുഷ/ട്രാൻസ്ജെൻഡർ ഭേദമന്യേ എല്ലാ അംഗപരിമിതർക്കും പ്രസ്തുത സേവനം നൽകുന്നു.

(ബി) എല്ലാ ജില്ലകളിലും ചുവടെ ചേർത്തിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1. ജില്ലാ കളക്ടർ/പ്രതിനിധി
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ
3. ജില്ലാ മെഡിക്കൽ ഓഫീസർ / പ്രതിനിധി
4. ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രതിനിധി
5. ഡെൽസാ പ്രതിനിധി
6. അംഗപരിമിതരുടെ സംഘടനയിലെ രണ്ട് പ്രതിനിധികൾ

(സി) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് പരിരക്ഷ പദ്ധതിയിൽനിന്നും തുക വിനിയോഗിക്കാവുന്നതാണ്. 2018-ലെ ഭിന്നശേഷിക്കാർക്ക് ആയത് പുനഃസ്ഥാപിക്കുന്നതിനായി പരിരക്ഷയിൽനിന്നും ഒരു ഗുണഭോക്താവിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അപ്രകാരം പ്രളയ ബാധിതരായ 10 ജില്ലകളിലെ 40 ഭിന്നശേഷിക്കാർ 17,54,460 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കോക്ലിയാർ ഇംപ്ലാന്റ് സർജറി

276 (5689) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റ് സർജറി കഴിഞ്ഞുള്ള മെയിന്റനൻസിനായി അൻപതിനായിരം രൂപ വീതം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നീക്കി വച്ചിട്ടുള്ള തുകയിൽ എത്ര തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ആകെ ലഭിച്ചിട്ടുണ്ട്; ഈ തുക ഉപയോഗിച്ച് എത്ര പേർക്ക് മെയിന്റനൻസ് തുടങ്ങിയ സഹായങ്ങൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കോക്ലിയർ ഇംപ്ലാന്റിനുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേരിട്ട് നൽകണമെന്ന ഉത്തരവ് മാറ്റി കെ.എസ്.എസ്.എം. മുഖേന നടപ്പിലാക്കണമെന്ന ഉത്തരവ് ഇറക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ഈ പുതുക്കിയ ഉത്തരവ് കാരണം കേരളത്തിലെ ഇംപ്ലാൻസിന് യാതൊരുവിധ സഹായവും ലഭ്യമായിട്ടില്ല എന്നുള്ള വിവരം കാണിച്ച് കോക്ലിയർ ഇംപ്ലാൻസ് അസോസിയേഷൻ ആന്റ് ചാരിറ്റബിൾ സൊസൈറ്റി (സിയാക്സ്) സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.എസ്.എം. ലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് പുതിയ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന നടപടി എന്തായെന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിൽ കോക്ലിയർ ഇംപ്ലാന്റ് സർജറി ഗവൺമെന്റ് സ്കീമിൽ ചെയ്യുന്നതിനും അനുബന്ധ സഹായങ്ങൾ ലഭിക്കുന്നതിനുമുള്ള വരുമാന, പ്രായ പരിധി എടുത്ത് മാറ്റി എല്ലാവർക്കും സഹായം ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലെത്തിയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് കോക്ലിയാർ ഇംപ്ലാന്റ് സർജറി കഴിഞ്ഞുള്ള മെയിന്റനൻസിനായി 50,000 രൂപ നീക്കിവച്ചുകൊണ്ട് ഇതുവരെ 17 പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് 17 പഞ്ചായത്തുകൾ/കോർപ്പറേഷനുകളിൽ നിന്നുമായി ആകെ 64,75,520 രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള തുകയുടെ വിനിയോഗം നടത്തുന്നതിന് മാർഗ്ഗരേഖ അംഗീകരിക്കുന്നതിനും റേറ്റുകൾ പരിശോധിക്കുന്നതിനുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

(സി) 5-9-2018, 27-9-2018 എന്നീ തീയതികളിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സാമൂഹ്യ സുരക്ഷാ മിഷൻ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്ന ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കി പരിചയവും പ്രാവീണ്യവുമുള്ളതിനാൽ ഇവയുടെ റിപ്പയറിംഗും കേരള

സാമൂഹ്യ സുരക്ഷാ മിഷൻതന്നെ നടത്തുന്നതാണ് ഉചിതമെന്നും ഇത്തരം ഉപകരണങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ടുവേണം വാങ്ങുവാനെന്നും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിക്കുന്നതിനും റേറ്റുകൾ പരിശോധിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) പ്രസ്തുത പദ്ധതിക്കായി പുതിയ അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ അക്കൗണ്ട് ലഭിക്കുന്നതുവരെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നിലവിലുള്ള അക്കൗണ്ടിൽ പഞ്ചായത്ത്/കോർപ്പറേഷൻ വകയിരുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് / കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്.

(എഫ്) നിലവിൽ പരിഗണനയിലില്ല.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇലക്ട്രോണിക് വീൽ ചെയർ**

277 (5690) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്ന് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഇലക്ട്രോണിക് വീൽ ചെയറിനുവേണ്ടി നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; 2016 ജനുവരി മുതൽ എത്ര അപേക്ഷകൾ നാളിതു വരെയായി ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) എം.എൽ.എ.-യുടെ കവറിംഗ് ലെറ്റർ ഉൾപ്പെടെയുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) എം.എൽ.എ.-യുടെ കവറിംഗ് ലെറ്റർ ഉൾപ്പെടെയുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ശുഭയാത്ര പദ്ധതിയിലുൾപ്പെടുത്തി ഇലക്ട്രോണിക് വീൽചെയർ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചുതുടങ്ങിയത് 7-12-2018 മുതലാണ്. അപേക്ഷ ലഭിക്കേണ്ട അവസാന

തീയതി 5-1-2019 വരെയായിരുന്നു. ടി കാലയളവിനുള്ളിൽ ഇലക്ട്രോണിക് വീൽചെയർ ലഭിക്കുന്നതിന് കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നാല് അപേക്ഷകൾ Quadripareses വിഭാഗത്തിലും ഒരു അപേക്ഷ Triplegea-Second opinion ലഭിക്കേണ്ടുന്ന വിഭാഗത്തിലും മറ്റ് അപേക്ഷകൾ others (Paraplegea ഉൾപ്പെടെയുള്ള ചലന പരിമിതികൾ) വിഭാഗത്തിലുമാണ് വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങിയ സമിതി പരിശോധിച്ച് വിഭാഗീകരിച്ചിട്ടുള്ളത് ഇലക്ട്രോണിക് വീൽചെയർ വിതരണം ആരംഭിച്ചിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രയോറിറ്റി ലിസ്റ്റ് സെലക്ഷൻ കമ്മിറ്റി അംഗീകാരത്തോടെ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) എം.എൽ.എ.-യുടെ കവറിംഗ് ലെറ്റർ സഹിതം മുഹമ്മദ് നബീൽ. വി. ടി., വെള്ളിയപ്പൻതൊടി, തിരൂർ, കുറ്റിപ്പുറം, മലപ്പുറം, മുഹമ്മദ് നിഹാൽ. വി. ടി., വെള്ളിയപ്പൻതൊടി, പേരശ്ശന്നൂർ, കുറ്റിപ്പുറം, മലപ്പുറം എന്നീ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ എം.എൽ.എ.-യുടെ ശിപാർശ കത്തുൾപ്പെടെ ഇലക്ട്രോണിക് വീൽചെയറിനായി ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നമുറയ്ക്ക് ബന്ധപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിക്കാർക്ക് സംവരണം**

278 (5691) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതിയുടെ വിധിന്യായം അനുസരിച്ച് സർക്കാർ സർവ്വീസിലെ ഓരോ തസ്തികയുടെയും കേഡർ സ്ട്രെംഗ്തിന് ആനുപാതികമായി ഭിന്നശേഷിക്കാർക്ക് തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ ഇത്തരത്തിൽ തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളിൽ ഇതുവരെയും സംവരണം ഏർപ്പെടുത്തിയിട്ടില്ലായെന്നും വ്യക്തമാക്കാമോ;

(സി) പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് പ്രകാരമുള്ള സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ബാക്ക് ലോഗ് ഉണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ട് അതേപടി സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 8-10-2013-ലെ 9096/2013 നമ്പർ വിധിന്യായം അനുസരിച്ച് സർക്കാർ സർവ്വീസിലെ ഓരോ തസ്തികയുടെയും കേഡർ സ്ട്രെംഗ്തിന് ആനുപാതികമായി ഭിന്നശേഷിക്കാർക്ക് തസ്തികകൾ സംവരണം ചെയ്യുന്നതിനായി ഓരോ തസ്തികയും ഭിന്നശേഷിക്കാർക്ക് അനുയോജ്യ മാണോയെന്ന് പരിശോധിച്ച് തസ്തികകൾ ഭിന്നശേഷിക്കാർക്കായി കണ്ടെത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി 7-3-2008-ലെ സ.ഉ.(പി) നമ്പർ 21/2008/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് അംഗപരിമിതർക്ക് തൊഴിൽ സംവരണം ചെയ്യുന്നതിനനുയോജ്യമായ ക്ലാസ് 3, 4 തസ്തികകൾ കണ്ടെത്തുന്നതിനും G.O.(P) No. 24/2008/SWD dated 11-4-2008 പ്രകാരം ക്ലാസ് 1, ക്ലാസ് 2 തസ്തികകൾ കണ്ടെത്തുന്നതിനുള്ള വിദഗ്ദ്ധ സമിതി (Expert Committee) രൂപീകരിക്കുകയും ടി സമിതി നാളിതുവരെ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി നിരവധി തസ്തികകൾ Persons with Disbilities (Equal Opportunities, Protection of Right and Full Participation) Act, 1995 പ്രകാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റികൾ ഏകീകരിക്കുകയും The Rights of Persons with Disbilities Act 2016 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 19-6-2018-ലെ സ.ഉ. (അച്ചടി) നമ്പർ 8/18/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റിയായി പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായി കണ്ടെത്തുന്ന തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഭിന്നശേഷിക്കാർക്ക് സംവരണം നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഏകദേശം 104 സർക്കാർ വകുപ്പുകളിലും 15 പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിവിധ തസ്തികകൾ ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയിട്ടുണ്ട്. ടി വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സംവരണം നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാർക്കായി തസ്തികകൾ കണ്ടെത്താത്ത സർക്കാർ വകുപ്പുകളുടെ വിവരം ക്രോഡീകരിച്ചിട്ടില്ല. എന്നാൽ നാളിതുവരെ ഭിന്നശേഷിക്കാർക്കായി അനുയോജ്യമായി കണ്ടെത്താത്ത എല്ലാ തസ്തികകളും കണ്ടെത്തുന്ന വിഷയം പരിശോധിക്കുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായുള്ള National Institute for Speech and Hearing (NISH) സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ പൊതുജനാഭിപ്രായം ലഭ്യമാക്കി പരിശോധിച്ചശേഷം സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷ തയിൽ 17-10-2019-ന് ചേർന്ന യോഗം അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ശിശുക്ഷേമ സമിതി

279 (5693) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമ സമിതിയിലെ അംഗങ്ങളെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ശിശുക്ഷേമസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള സെലക്ഷൻ ബോഡിയിലെ അംഗങ്ങൾ ആരൊക്കെയാണ് എന്ന് അറിയിക്കുമോ;

(സി) സെലക്ഷൻ ബോഡിയുടെയും ശിശുക്ഷേമസമിതിയുടെയും കാലാവധി എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ശിശുക്ഷേമസമിതിയുടെ ജുഡീഷ്യൽ നടപടികളിൽ സർക്കാരിന് ഇടപെടാൻ അവകാശമുണ്ടോ; അറിയിക്കുമോ;

(ഇ) ശിശുക്ഷേമസമിതിയെ തെരഞ്ഞെടുക്കുന്നതും അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഭേദഗതികൾ ജുവനൈൽ ജസ്റ്റിസ് ആക്ടിൽ വന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷമെന്ന് അറിയിക്കാമോ;

(എഫ്) മേൽ വിഷയവുമായി ബന്ധപ്പെട്ട് ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പഴയ ക്ലോസ് എന്തായിരുന്നു; ഭേദഗതിക്ക് ശേഷം ക്ലോസിൽ വന്നിട്ടുള്ള വ്യത്യാസമെന്ത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ബാലനീതി മാതൃകാ ചട്ടം 2016 ചട്ടം 87 പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജി ചെയർപേഴ്സണായി താഴെപ്പറയുന്നവരുൾപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റിയെ സർക്കാർ നിയമിക്കണം.

1. ബാലനീതി നിയമം നടപ്പാക്കുന്ന വകുപ്പിലെ ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു പ്രതിനിധി - മെമ്പർ സെക്രട്ടറി
2. ശിശുസംരക്ഷണ/വികസന രംഗങ്ങളിൽ കുറഞ്ഞത് 7 വർഷത്തെ പരിചയമുള്ളതും എന്നാൽ ഏതെങ്കിലും ചിൽഡ്രൻസ് ഹോം നടത്താത്തതുമായ രണ്ട് എൻ.ജി.ഒ.-കളിൽ നിന്നുള്ള രണ്ട് പ്രതിനിധികൾ.

3. യൂണിവേഴ്സിറ്റി/അക്കാഡമിക് ബോഡിയുടെ രണ്ട് പ്രതിനിധികൾ.
4. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിന്നുള്ള ഒരു പ്രതിനിധി.

ഈ സെലക്ഷൻ കമ്മിറ്റി, വകുപ്പിന്റെ വെബ്സൈറ്റിലൂടെയും പ്രാദേശിക-ദേശീയ പത്രമാധ്യമങ്ങളിലൂടെയും പരസ്യം നൽകി അപേക്ഷ ക്ഷണിച്ച്, പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, അഭിമുഖം നടത്തി മെരിറ്റടിസ്ഥാനത്തിൽ ഒരു തസ്തികയ്ക്ക് മൂന്ന് പേരുടെ പേര് നാമനിർദ്ദേശം ചെയ്ത് ഒരു പാനൽ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കണം. ഇതിൽനിന്ന് അംഗങ്ങളെ തെരഞ്ഞെടുത്ത് ഗസറ്റ് വിജ്ഞാപനം വഴി കമ്മിറ്റി രൂപീകരിക്കുന്നു.

(സി) മൂന്ന് വർഷം.

(ഡി) ബാലനീതി നിയമം 2015 സെക്ഷൻ 101 പ്രകാരം ശിശുക്ഷേമ സമിതിയുടെ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ആഫ്റ്റർ കെയർ എന്നിവയൊഴികെയുള്ള തീരുമാനങ്ങളിൽ അപ്പീലുകൾ ബന്ധപ്പെട്ട കോടതിയും ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ആഫ്റ്റർ കെയർ എന്നിവ സംബന്ധിച്ച തീരുമാനങ്ങളുടെ അപ്പീൽ, ജില്ലാ മജിസ്ട്രേറ്റുമാണ് പരിശോധിക്കേണ്ടത്.

(ഇ) ജുവനൈൽ ജസ്റ്റീസ് ആക്ട് 2000 റദ്ദാക്കി, ജുവനൈൽ ജസ്റ്റീസ് ആക്ട് 2015 (Act 2 of 2016), 15-1-2016 മുതൽ നിലവിൽ വന്നു.

(എഫ്) ജുവനൈൽ ജസ്റ്റീസ് ആക്ട് 2000-ലെ സെക്ഷൻ 29-ലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത സെക്ഷൻ പ്രകാരം ചെൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ/മെമ്പർമാർ എന്നിവരുടെ യോഗ്യതകൾ, സേവന കാലാവധി എന്നിവ നിഷ്കർഷിക്കും പ്രകാരമായിരിക്കും എന്നാണ് പ്രതിപാദിച്ചിട്ടുള്ളത് ജെ.ജെ. ആക്ട് 2015-ലെ സെക്ഷൻ 27-ലാണ് ഇക്കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത് പുതിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമം എന്നീ മേഖലകളിൽ കുറഞ്ഞത് 7 വർഷമെങ്കിലും സജീവമായി ഇടപെട്ടവരോ ചൈൽഡ് സൈക്കോളജി/സൈക്യാട്രി/നിയമം/സോഷ്യൽ വർക്ക്/ സോഷ്യോളജി/ ഹ്യൂമൻ ഡെവലപ്മെന്റ് എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദമുള്ള പ്രാക്ടീസിലുള്ള പ്രൊഫഷണലോ ആയിരിക്കണം. മൂന്ന് വർഷത്തിൽക്കൂടുതൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗമായി നിയമിക്കപ്പെടാൻ പാടില്ല.

## വാളയാറിലെ പെൺകുട്ടികളുടെ മരണം

280 (5694) ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടു പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികൾക്ക് വേണ്ടി പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ കോടതിയിൽ ഹാജരായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെ ശിശു ക്ഷേമ വകുപ്പ് മറ്റേതെങ്കിലും കേസിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച് സർക്കാർ നിയമിച്ച പ്രത്യേക സമിതി അന്വേഷണം നടത്തിവരുന്നു.

(ബി&സി) പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. എൻ. രാജേഷ്, മെമ്പർ അഡ്വ. അപർണ എന്നിവർ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വുമൺ & ചിൽഡ്രൻസ് ഹോമിൽ 13-3-2019-ൽ സന്ദർശനം നടത്തവേ ഒരു കേസിലെ കുട്ടിയെപ്പറ്റി അന്വേഷിക്കുകയും ആ കേസിൽ പ്രതികൾക്ക് അനുകൂലമായി സംസാരിക്കുകയും ചെയ്തുവെന്നും പിന്നീട് അന്വേഷണത്തിൽ കേസിൽ പ്രതികൾക്കുവേണ്ടി ഹാജരായത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സന്റെ ഓഫീസാണെന്നും അറിയാൻ സാധിച്ചതായും ഇത്തരം അംഗങ്ങളെ സർക്കാർ സംവിധാനത്തിന്റെ ഭാഗമാകുന്നത് അപകടകരമാണെന്നും സർക്കാരിന് പരാതി ലഭിക്കുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ശിശുവികസന വകുപ്പ് ഡയറക്ടറേയും സാമൂഹ്യനീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തി ഉത്തരവായി. പാലക്കാട് ജില്ലയിലെ വാളയാറിലെ

രണ്ട് പെൺകുട്ടികൾ പീഡനത്തെ തുടർന്ന് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട കേസിൽ പ്രതികൾക്കുവേണ്ടി പാലക്കാട് CWC ചെയർപേഴ്സൺ അഡ്വ. എൻ. രാജേഷ് ഹാജരായി എന്ന മാധ്യമ വാർത്തയെത്തുടർന്ന് ടി വിഷയവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

ഈ അന്വേഷണ സംഘത്തിന്റെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്വ. എൻ. രാജേഷിനെ പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, മെമ്പർ എന്നീ നിലകളിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽ നിന്നും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ വിലക്ക് ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തത്

281 (5695) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻ ഓഫീസിൽ തന്നെ താമസിക്കുന്നതും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതും സംബന്ധിച്ച ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സർക്കാർ ഓഫീസിൽ വിശ്രമം നടത്തുന്നതിനും താമസിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എക്സിക്യൂട്ടീവ് ഡയറക്ടറായി ചാർജെടുത്ത അന്ന് മുതൽ നാളിതുവരെ ഓഫീസ് മുറി താമസത്തിനായി ഉപയോഗിച്ച സ്ഥിതിക്ക് അദ്ദേഹത്തിൽ നിന്ന് ഒരു നിശ്ചിത തുക ഈടാക്കുന്നതിന് തയ്യാറാകുമോ;

(ഡി) സർക്കാരിന്റെ അനുമതിയില്ലാതെ സർക്കാർ ഓഫീസ് അനധികൃതമായി വാസത്തിന് ഉപയോഗിച്ച സ്ഥിതിക്ക് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## വിഷാദ രോഗബാധിതർക്ക് പെൻഷൻ

282 (5696) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബൈപോളാർ ഡിസോർഡറിന്റെ ഭാഗമായുള്ള വിഷാദ രോഗബാധിതർക്ക് പെൻഷൻ നൽകുന്നതിനോടൊപ്പം റിക്കറന്റ് ഡിപ്രസീവ് ഡിസോർഡർ വിഭാഗത്തിലുള്ള വിഷാദ രോഗികൾക്കുകൂടി പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

സാമൂഹ്യ സുരക്ഷാ പെൻഷനിലുൾപ്പെട്ട ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ അനുവദിക്കുന്നത് വൈകല്യത്തിന്റെ തോതനുസരിച്ചാണ്. ഏത് അസുഖമാണെന്നത് പെൻഷൻ അനുവദിക്കുന്നതിന് തടസ്സമല്ല. 6-9-1982-ലെ ജി.ഒ.(പി) നമ്പർ 154/82/LA&SWD ഉത്തരവ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ശാരീരിക വൈകല്യങ്ങളുള്ളവർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

1. അസ്ഥി സംബന്ധമായ വികലാംഗത്വമുള്ളവർക്ക് 40 ശതമാനമോ അതിനുമുകളിലോ വികലാംഗത്വമുണ്ടായിരിക്കണം.

2. അന്ധത നിർണ്ണയിക്കുന്നത് കാഴ്ചശക്തിയും കാഴ്ച മണ്ഡലവും പരിഗണിച്ചാണ്. പൂർണ്ണ അന്ധതയുള്ള വ്യക്തികളും തിരുത്തൽ ലെൻസുകൾ ഉപയോഗിച്ചാലും കാഴ്ച ശക്തി 6/60 അല്ലെങ്കിൽ 20/200 സ്നെല്ലണിൽ കവിയാത്തവരും കാഴ്ചമണ്ഡലത്തിന്റെ പരിധി 20 ഡിഗ്രിയോ അതിൽ കുറവോ കോണിന് കീഴിലുള്ള വ്യക്തികൾക്കും പെൻഷന് അർഹതയുണ്ട്.

3. 90 ഡെസിബലിൽ കൂടുതൽ കേൾവി ശക്തിക്ക് നഷ്ടം സംഭവിച്ചവർ.

4. സ്ഥിരമായി മാനസിക വൈകല്യമുള്ളവർ ഐ.ക്യൂ. (Intelligence Quotient) 50-ൽ താഴെയുള്ളവർ.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റീസ് ബോർഡ് എന്നിവയുടെ പ്രവർത്തനം

283 (5697) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി തസ്തിക സൃഷ്ടിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ബാലനീതി നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ നിശ്ചിത എണ്ണം മറ്റു തസ്തികയാക്കി മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആനുപാതികമായി പുതിയ തസ്തിക സൃഷ്ടിക്കുമോ; വിശദമാക്കുമോ;

(സി) വകുപ്പുവിഭജനത്തെത്തുടർന്ന് തസ്തിക നഷ്ടം സംഭവിച്ചതിലൂടെ ഉദ്യോഗക്കയറ്റം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് നഷ്ടമായത്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്ഷേമ സ്ഥാപനങ്ങളിൽ പുതുതായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല. 2015 ജെ.ജെ. ആക്ട് സെക്ഷൻ 27(3) പ്രകാരം ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് സെക്രട്ടറിയ്ക്ക് സപ്പോർട്ട് നൽകണമെന്ന് പ്രതിപാദിക്കുന്നുണ്ട്.

(ബി) ക്ഷേമ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തിക മറ്റ് തസ്തികയാക്കി മാറ്റിയിട്ടില്ല.

(സി) വകുപ്പ് വിഭജനത്തെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ തസ്തിക നഷ്ടം സംഭവിച്ചിട്ടില്ല. വകുപ്പിൽ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾക്കനുസൃതമായാണ് ഇരു വകുപ്പുകളിലുമായി തസ്തികകൾ പുനർവിന്യസിച്ചിട്ടുള്ളത്

(ഡി) ഇല്ല.

## പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് നടപടി

284 (5698) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണശൃംഖലയിലെ കരിഞ്ചന്ത, റേഷൻസാധന തിരിമറി എന്നിവ തടയുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) യു.പി.എ. സർക്കാരിന്റെ കാലത്ത് പാസ്സാക്കിയ ഭക്ഷ്യ ഭദ്രത നിയമത്തിലൂടെ പൊതുവിതരണരംഗത്ത് ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ, കമ്പ്യൂട്ടറൈസേഷൻ എന്നിവ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പൊതുവിതരണ സമ്പ്രദായത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, റേഷൻ സാധന തിരിമറി എന്നിവ തടയുന്നതിന് സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക്തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പും എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ്. അലർട്ടായി നൽകിവരുന്നുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിലൊരു തവണ കർശനമായി പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ സിവിൽ സപ്ലൈസ് ലീഗൽ

മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത പരിശോധനാ സംഘം രൂപീകരിച്ച് പൊതുവിപണി പരിശോധനകളും നടത്തുന്നുണ്ട്.

(ബി&സി) പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യഭദ്രതാ നിയമം 2013 കേരളത്തിൽ 1-11-2016 മുതൽ നടപ്പാക്കിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായിട്ടുള്ള ടി നിയമം നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമമായി തീർന്നിട്ടുണ്ട്. എഫ്.സി.ഐ.-യിൽ നിന്നോ സപ്ലൈകോ മില്ലുകളിൽ നിന്നോ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇടക്കാല ഗോഡൗണുകളിൽ സൂക്ഷിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് റേഷൻ കടകളിൽ എത്തിക്കുകയും ചെയ്യുന്ന സംവിധാനം (സപ്ലൈ ചെയിൻ മാനേജ്മെന്റ്) കമ്പ്യൂട്ടർവൽകരിച്ചിട്ടുണ്ട്. സ്വകാര്യ വ്യാപാര ഡിപ്പോകളെ ഒഴിവാക്കി സപ്ലൈകോയെ സംഭരണ ചുമതല ഏൽപ്പിച്ചു. എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും ഉപഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഉപഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻ വിതരണ സംവിധാനവും സംസ്ഥാനത്തെ ഏത് റേഷൻ കടകളിൽനിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കാനുള്ള തയ്യാറെടുപ്പുകളും നടന്നുവരുന്നു. റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് പകരക്കാരെ നിയമിക്കാനുള്ള പ്രോക്സി സംവിധാനവും നടപ്പിലാക്കി. ഇ-പോസ് മെഷീനുകളുമായി കണക്ട് ചെയ്ത് റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-ന്റെ സെക്ഷൻ 28 അനുശാസിക്കുന്ന പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തിയിട്ടുണ്ട്. ഇതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി (TISS) സിവിൽ സപ്ലൈസ് വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിരുന്നു. സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ സി.ആർ.ഒ. നോർത്തിന്റെ പരിധിയിലുള്ള എ.ആർ.ഡി. 107, 114, 116, 77 എന്നീ റേഷൻ കടകളിലാണ് നടത്തിയത്. ഉപഭോക്താക്കളെ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റി/റേഷൻ വിഹിതത്തെപ്പറ്റി ബോധ്യവാന്മാരാക്കുക എന്നതും ആനുകൂല്യങ്ങൾ/റേഷൻ വിഹിതം എന്നിവ അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയുമാണ് സോഷ്യൽ ഓഡിറ്റിംഗ് കൊണ്ട്

ഉദ്ദേശിക്കുന്നത്. ടി.ഐ.എസ്.എസ്. നടത്തിയ പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ഓഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടില്ല. ആയതിനുള്ള ഏജൻസിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പ്രളയകാലത്ത് കേന്ദ്ര സർക്കാർ അനുവദിച്ച റേഷൻ സാധനങ്ങൾക്ക് വില

285 (5699) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയകാലത്ത് കേന്ദ്രസർക്കാർ കേരളത്തിന് അനുവദിച്ച റേഷൻ സാധനങ്ങൾക്ക് വില നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

2018-ലെ പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി താങ്ങുവില നിരക്കിൽ (എം.എസ്.പി. ഡിറൈവ്ഡ് നിരക്ക്) 89540 മെട്രിക് ടൺ അരി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. അരി എഫ്.സി.ഐ.-യിൽ നിന്നും സൗജന്യമായി വിട്ടു നൽകിയെങ്കിലും ആയതിന്റെ വില സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന ദുരിതാശ്വാസ ഫണ്ടിൽ നിന്നോ എൻ.എഫ്.എസ്.എ. ഉൾപ്പെടെയുള്ള മറ്റ് സ്കീമുകളിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. നിലവിൽ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 മെട്രിക് ടൺ അരി അധികമായി അനുവദിച്ചതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 205.81 കോടി രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് റവന്യൂ (ദുരന്ത നിവാരണ) വകുപ്പിന്റെ ഡി.എം.എ 4/245/2019-ഡി.എം.ഡി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## എല്ലാ ജില്ലകളിലും വിശപ്പ്രഹിത കേരളം പദ്ധതി

286 (5700) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പ് രഹിത കേരളം പദ്ധതി ഏതൊക്കെ ജില്ലകളിൽ ആണ് നടപ്പിലാക്കിയത്; എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശപ്പ് രഹിത കേരളം പദ്ധതി ആലപ്പുഴ ജില്ലയിൽ ആരംഭിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പദ്ധതി ഉടൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലും കോട്ടയം,

കൊല്ലം ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലുമാണ്. പദ്ധതി ക്രമമായി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷം പദ്ധതിക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ഭക്ഷ്യഭദ്രതാ നിയമപ്രകാരം ലഭിക്കുന്ന റേഷൻ സാധനങ്ങൾ**

287 (5701) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന റേഷൻ ഇനങ്ങളിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം കുറവ് വന്നിട്ടുള്ള റേഷൻ സാധനങ്ങൾ പുനസ്ഥാപിച്ചു കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യ വിഹിതം പരിമിതമാണ്. ഭക്ഷ്യഭദ്രതാ നിയമപ്രകാരം 5 കി.ഗ്രാം ഭക്ഷ്യധാന്യം ഒരാളിന് എന്നാണ് നിയമപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിലെ 2,00,98,624 ആളുകൾക്ക് 5 കി.ഗ്രാം വീതം ആവശ്യമായ 100493 മെ.ടൺ ഭക്ഷ്യധാന്യത്തിൽ ആവശ്യകതയുടെ 1/3 ആയ 33294.198 മെ.ടൺ ഭക്ഷ്യധാന്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതായത് അരിയുടെ വിതരണത്തിൽ 15 ശതമാനവും ഗോതമ്പിന്റെ വിതരണത്തിൽ 6 ശതമാനവും ശരാശരി കുറവ് വന്നിട്ടുണ്ട്.

(ബി) 2018 മേയ് 15-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യവിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യവിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

## വിവിധ കാർഡുകൾക്ക് ലഭിക്കുന്ന റേഷൻ വിഹിതം

288 (5702) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള റേഷൻ കാർഡുകളാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ തരം റേഷൻ കാർഡും എന്തു മാനദണ്ഡം അനുസരിച്ചാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര കാർഡുടമകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും ലഭിക്കുന്ന റേഷൻ വിഹിതം ഇനം തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാരിന്റെ എ.എ.വൈ. മാനദണ്ഡങ്ങളുടെയും 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/പൊ.വി.വ-യുടെയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര (സബ്സിഡി), മുൻഗണനേതര (നോൺ സബ്സിഡി) എന്നിങ്ങനെ ഗുണഭോക്താക്കളെ തരംതിരിച്ച് യഥാക്രമം മഞ്ഞ, പിങ്ക്, നീല, വെള്ള എന്ന 4 തരം കാർഡുകളാണ് വിതരണം ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്ത് ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും ലഭിക്കുന്ന റേഷൻ വിഹിതം അനുബന്ധമായി ചേർക്കുന്നു.*

## കോന്നി നിയോജകമണ്ഡലത്തിൽ റേഷൻ കാർഡ്

289 (5703) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര പേർക്കാണ് പുതുതായി റേഷൻ കാർഡ് അനുവദിച്ചത്;

(ബി) കോന്നി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഇനിയും റേഷൻ കാർഡ് നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 3552 പേർക്ക്.

(ബി&സി) റേഷൻ കാർഡ് നൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ അതേ ദിവസം തന്നെ തീർപ്പാക്കി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

**റേഷൻ രംഗത്തെ ഓൺലൈൻ സംവിധാനങ്ങൾ**

290 (5704) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സംബന്ധിച്ച അപേക്ഷകൾ എല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണോ സ്വീകരിക്കുന്നത്; അറിയിക്കാമോ;

(ബി) നിലവിൽ റേഷൻ സംബന്ധമായ ഏതൊക്കെ അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ നൽകേണ്ടതെന്നറിയിക്കാമോ;

(സി) ഇ-റേഷൻകാർഡ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നറിയിക്കുമോ; സംസ്ഥാനത്ത് ഇ-റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(ഡി) റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളിലൂടെ മൈക്രോബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ;

(ഇ) നോൺ-സബ്സിഡി വിഭാഗത്തിന് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗത്തിന് നല്കുന്ന അരിവിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) റേഷൻ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ സംബന്ധമായോ ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയോ ഉള്ള അത്യാവശ്യ അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും ബാക്കിയുള്ള അപേക്ഷകൾ ഓൺലൈൻ (സിറ്റിസൺ ലോഗിൻ, അക്ഷയ) സംവിധാനത്തിലൂടെയും ആണ് നിലവിൽ സ്വീകരിക്കുന്നത്.

(ബി) നിലവിൽ റേഷൻ കാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും ഓൺലൈൻ (സിറ്റിസൺ ലോഗിൻ, അക്ഷയ) സംവിധാനത്തിലൂടെ നൽകാവുന്നതാണ്.

(സി) കുടുംബാംഗങ്ങളുടെ പേരുൾപ്പെടെയുള്ള രണ്ടുപുറത്തും വിവരങ്ങളടങ്ങിയതും ഗുണഭോക്താവിന് നേരിട്ട് " പ്രിന്റ് ഔട്ട് " എടുക്കാവുന്നതുമായ റേഷൻ കാർഡാണ് ഇ-റേഷൻ കാർഡ് എന്നുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ഇ-റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളുടെ രൂപരേഖ തയ്യാറായിവരുന്നു.

(ഡി) ബാങ്കുകളുമായി ചർച്ച നടത്തി Fund Transfer, Withdrawal of fund, Balance enquiry, BSNL payment, KSEB bill payment, Data card recharge, Insurance policy payment തുടങ്ങിയ ബാങ്കിംഗ് സേവനങ്ങൾ നടപ്പാക്കുന്നതിന്റെ മുന്നോടിയായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഓരോ കാർഡിനും അരിയും (കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ) ഗോതമ്പ് സമ്പുഷ്ടീകരിച്ച് ആട്ടയാക്കി കിലോഗ്രാമിന് 17 രൂപ നിരക്കിലും നൽകി വരുന്നു. നീക്കിയിരുപ്പിനനുസൃതമായി ഓരോ മാസവും അളവിൽ വ്യത്യാസം വരാവുന്നതാണ്.

(എഫ്) റേഷൻ രംഗത്തെ മാറ്റങ്ങളെപ്പറ്റി ദൃശ്യപത്രമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവ വഴി പ്രചരണം നൽകി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മുൻഗണനാ റേഷൻകാർഡ്

291 (5705) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി റേഷൻകാർഡ് ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്;

(ബി) പുതുതായി റേഷൻകാർഡ് അനുവദിക്കുമ്പോൾത്തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകാൻ കഴിയാത്തതെന്തുകൊണ്ട് എന്നറിയിക്കാമോ;

(സി) മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപെടുത്തി പുതിയ കാർഡു നൽകുമ്പോൾ മുൻഗണനാ കാർഡ് നൽകാൻ കഴിയുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) 53,722 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിന്റെ എണ്ണം കേന്ദ്രസർക്കാർ നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ, അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്ന മുൻഗണനാ സാധ്യതാ പട്ടികയിൽ നിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തി വരുന്നു. ആയതിനാലാണ് പുതിയ കാർഡ് അനുവദിക്കുമ്പോൾ തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാതെ പോകുന്നത്. ഇത്തരത്തിലുള്ള മാറ്റങ്ങൾ NIC കൈകാര്യം ചെയ്യുന്ന ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(സി) മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപെടുത്തി പുതിയ കാർഡ് നൽകുമ്പോൾ മുൻഗണനാ കാർഡും പൊതുവിഭാഗം കാർഡിൽ നിന്ന് അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം കാർഡും ലഭ്യമാക്കുന്ന അവസരത്തിൽ അപാകതയുണ്ടാകാൻ സാധ്യതയുള്ളതിനാൽ പുതിയ കാർഡ് അനുവദിക്കുമ്പോൾ, പ്രത്യേകിച്ച് മുൻഗണനാ കാർഡാണെങ്കിൽ വ്യക്തമായ പരിശോധന നടത്തി അർഹത ഉറപ്പുവരുത്തി മാത്രമേ കാർഡ് അനുവദിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് റേഷൻകാർഡ്**

292 (5706) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുമോ;

(ബി) അങ്ങനെയുള്ളവർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകിവരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു.

## കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകാൻ നടപടി

293 (5707) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകൾ ലഭിച്ചിട്ടുള്ള നിരാലംബരും സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് പ്രസ്തുത കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതിനാവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ മുൻഗണനേതര റേഷൻ കാർഡുകൾ ലഭിച്ചവരും എന്നാൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുമായ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി ആകെ 30-ഓ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമായതിനാൽ അർഹരെ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല.

## കേരള റേഷനിംഗ് കൺട്രോൾ ഓർഡർ പരിഷ്കരിക്കുന്നതിന് നടപടി

294 (5708) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷനിംഗ് കൺട്രോൾ ഓർഡർ പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ബി) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നിലവിലുള്ള സംവരണ തത്വത്തിൽ മാറ്റം വരുത്തുമോ; വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി വിഭാഗം, ട്രാൻസ്ജെൻഡർ വിഭാഗം, വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുമോ;

(ഡി) വാതിൽപ്പടി വിതരണത്തിൽ എന്തെങ്കിലും ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള റേഷനിംഗ് ഓർഡർ, 1966 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, TPDS Control Order, 2015 എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കേരള റേഷനിംഗ് ഓർഡർ, 1966-ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ)-ന്റെ കരട് തയ്യാറാക്കി ആയതിന്മേൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ (www.civilsupplies kerala.gov.in) പ്രസിദ്ധീകരിച്ചിരിക്കുകയാണ്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, TPDS Control Order, 2015, എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് കേരളാ റേഷനിംഗ് ഓർഡർ, 1966-ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ)-ന്റെ കരട് തയ്യാറാക്കിയിരിക്കുന്നത്. ആയതനുസരിച്ചുള്ള മാറ്റങ്ങൾ പുതിയ ഓർഡറിൽ വരുത്തുന്നതാണ്.

(സി) സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്.

1. ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിച്ച് FIFO (First in First Out) അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്ന് താൽപ്പര്യ പത്രങ്ങൾ ലഭ്യമാക്കി അനുയോജ്യമായവ കണ്ടെത്തി ദീർഘകാല കരാർ അടിസ്ഥാനത്തിൽ ഗോഡൗണുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

2. പി.ഡി.എസ്. ഗോഡൗണുകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് ജി.പി.എസ്. സംവിധാനം സ്വീകരിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.

4. എസ്.സി.എം.എസ്./ഡി.എം.എസ്. സോഫ്റ്റ്‌വെയറുകൾ മുഖേന അക്കൗണ്ട് ചെയ്തു ബിൽ പ്രകാരം റേഷൻ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു.

5. കടത്തു കരാർ നിബന്ധനയിൽ ഉൾപ്പെടുത്തി വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ വ്യാപാരിയിൽനിന്നും ബില്ലിൽ ഒപ്പ് വാങ്ങുകയും പിന്നീട് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രം വാങ്ങുകയും ചെയ്യുന്നുണ്ട്.

**റേഷൻ ചില്ലറ വ്യാപാരികളുടെ ക്ഷേമത്തിന് നടപ്പാക്കിയത്**

295 (5709) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് റേഷൻ ചില്ലറ വ്യാപാരികളുടെ ക്ഷേമ ത്തിനായി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പാക്കിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാനത്തെ റേഷൻ ചില്ലറ വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമത്തെ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി കേരള റേഷൻ വ്യാപാരി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം നിലവിൽ വന്ന ക്ഷേമനിധി പദ്ധതിയിൻകീഴിൽ റേഷൻ ചില്ലറ വ്യാപാരികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 30-11-2018-ലെ സ.ഉ.(കൈ) നമ്പർ 46/2018/ ഭ.പൊ.വി. വ. നമ്പർ ഉത്തരവ് പ്രകാരം 45 ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. 45 ക്വിന്റലിൽ താഴെ വിൽപ്പന നടത്തുന്ന വ്യാപാരികൾക്കുള്ള കമ്മീഷൻ 18,000 രൂപയിൽ എത്തിക്കുന്നതിന് 8500 രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും നൽകുന്നുണ്ട്. 44 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് ക്വിന്റലിന് 220 രൂപ നിരക്കിലും 45 ക്വിന്റലിന് മുകളിൽ 180 രൂപ നിരക്കിലുമാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. രാജ്യത്ത് ഏറ്റവും ഉയർന്ന നിരക്കിൽ കമ്മീഷൻ നൽകുന്ന സംസ്ഥാനമാണ് കേരളം. കൂടാതെ റേഷൻ വ്യാപാരികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും വഴി കുപ്പിവെള്ളവും ശബരി ഉൽപ്പന്നങ്ങളും വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻ കടകളിലൂടെ ഗുണനിലവാരമുള്ള അരിയും ഗോതമ്പും

296 (5710) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽ ഗുണനിലവാരമില്ലാത്ത മട്ട അരിയുടെയും ഗോതമ്പിന്റെയും വിതരണം വ്യാപകമാകുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകളിലൂടെ ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സപ്ലൈകോയിലെ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ബന്ധപ്പെട്ട മില്ലുകൾ പരിശോധിച്ച് ശിപാർശ ചെയ്തതിന് ശേഷമാണ് മട്ട അരി വിതരണത്തിനായി എത്തുന്നത്. കൂടാതെ മട്ട അരിക്ക് 3 മാസം വാറണ്ടി ഉള്ളതിനാൽ ടി കാലയളവിനുള്ളിൽ എന്തെങ്കിലും കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ട മില്ലിലേയ്ക്ക് മടക്കി നൽകി പുതിയ സ്റ്റോക്ക് ലഭ്യമാക്കി വരുന്നുണ്ട്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First in First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ

297 (5711) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ റേഷൻ കട ലൈസൻസിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ ;

(ബി) വൈത്തിരി താലൂക്കിൽ ഏതെല്ലാം റേഷൻ കടകൾ ലൈസൻസി ഇല്ലാത്തതിനാൽ മറ്റു റേഷൻ കടകളിലേക്ക് അറ്റാച്ച് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അറ്റാച്ച് ചെയ്യപ്പെട്ട റേഷൻ കടകളിൽ സ്ഥിരം ലൈസൻസിയെ വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിൽ പുതിയ റേഷൻ കട ലൈസൻസിക്കായി മൂന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻകടകളുടെ ക്രമീകരണം പുരോഗമിച്ചു വരുന്നതുകൊണ്ടും 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല. വൈത്തിരി താലൂക്കിൽ 29, 96, 99 എന്നീ എ.ആർ.ഡി.-കൾ മറ്റ് റേഷൻ കടകളിലേയ്ക്ക് അറ്റാച്ച് ചെയ്തിട്ടുണ്ട്.

## റേഷൻകട അടച്ചുപൂട്ടരുതെന്ന നിവേദനം

298 (5712) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കീഴയിൽ എ.ആർ.ഡി. നമ്പർ 3 റേഷൻകട അടച്ചുപൂട്ടരുതെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല. എന്നാൽ പ്രസ്തുത കട തന്റെ കടയോട് കൂട്ടിച്ചേർക്കണമെന്നാവശ്യപ്പെട്ട് എ.ആർ.ഡി. 172-ന്റെ ലൈസൻസി ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്; ആയത് പരിശോധിച്ചുവരുന്നു.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകടകൾ

299 (5713) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എവിടെയെല്ലാമാണ് പുതിയ റേഷൻകടകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിച്ചിട്ടില്ല.

## കേരള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ കരട്

300 (5714) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് കേരള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങളെന്ന് അറിയിക്കാമോ;

(സി) ഉത്തരവിലെ നിർദ്ദേശങ്ങൾ റേഷൻ വ്യാപാരികൾക്ക് ദോഷകരമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് റേഷൻ വ്യാപാരികളുമായി ചർച്ച ചെയ്യുന്നതിനും അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 1966-ലെ കേരളാ റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആയതിന്റെ കരട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.civilsupplieskerala.gov.in) എന്ന വെബ്സൈറ്റിൽ പ്രസ്തുത കരട് ലഭ്യമാണ്. ആയതിൽ നിലവിലുള്ള റേഷനിംഗ് ഓർഡറിലെ പ്രധാന നിർദ്ദേശങ്ങൾക്കുപുറമേ, ഭക്ഷ്യഭദ്രത അടിസ്ഥാനപ്പെടുത്തിയുള്ള മാറ്റം വരുത്തിയ റേഷൻ വിതരണ സമ്പ്രദായത്തിനനുസൃതമായ നിർദ്ദേശങ്ങളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ റേഷൻ വ്യാപാരികൾക്ക് ദോഷകരമായ നിർദ്ദേശങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പൊതുജനങ്ങളുടേയും വ്യാപാരി പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിശോധിച്ച് മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ.

## റേഷൻ വിതരണ നടപടികൾ

301 (5715) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് വഴി റേഷൻ വിതരണം ആരംഭിച്ചതിനുശേഷം ശരാശരി ഒരു മാസത്തെ റേഷൻ വിതരണം എത്ര ശതമാനമാണ്; വ്യക്തമാക്കുമോ;

(ബി) നൂറ് ശതമാനം റേഷൻ വിതരണം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) മൂന്ന് മാസമോ അതിലധികമോ റേഷൻ വാങ്ങാതെ വന്നാൽ റേഷൻ കാർഡ് റദ്ദ് ചെയ്യുന്ന നടപടി സ്വീകരിച്ചു വരുന്നുണ്ടോ; അറിയിക്കുമോ;

(ഡി) കേരളം വിട്ട് ഇതര സംസ്ഥാനങ്ങളിൽ പോകേണ്ടിവരുന്നവരുടെ അപേക്ഷ പ്രകാരം സസ്പെൻഡ് ചെയ്യപ്പെടുന്ന റേഷൻ കാർഡ് അവർ തിരിച്ചുവരുമ്പോൾ പുനസ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശരാശരി 86.94% കാർഡുടമകൾ റേഷൻ വാങ്ങുന്നുണ്ട്.

| വർഷം | മാസം | ശതമാനം |
|---|---|---|
| 2018 | മേയ് | 84.35 |
| | ജൂൺ | 84.70 |
| | ജൂലൈ | 86.09 |
| | ആഗസ്റ്റ് | 92.21 |
| | സെപ്റ്റംബർ | 88.01 |
| | ഒക്ടോബർ | 87.22 |
| | നവംബർ | 85.38 |

| | | |
|---|---|---|
| | ഡിസംബർ | 87.66 |
| 2019 | ജനുവരി | 85.55 |
| | ഫെബ്രുവരി | 84.88 |
| | മാർച്ച് | 87.16 |
| | ഏപ്രിൽ | 85.65 |
| | മേയ് | 83.44 |
| | ജൂൺ | 87.13 |
| | ജൂലൈ | 88.73 |
| | ആഗസ്റ്റ് | 88.92 |
| | സെപ്റ്റംബർ | 88.93 |
| | ഒക്ടോബർ | 88.99 |
| | ശരാശരി | 86.94 |

(ബി) റേഷൻ വിഹിതം സംബന്ധിച്ച അറിയിപ്പുകൾ എസ്.എം.എസ്. മുഖേനയും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നൽകുന്നുണ്ട്. civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേനയും പ്രസ്തുത വിവരം ലഭ്യമാണ്.

(സി) ഇല്ല. എന്നാൽ തുടർച്ചയായി മൂന്നു മാസം റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നുണ്ട്.

(ഡി&ഇ) റേഷൻ കാർഡ് സസ്പെൻഡ് ചെയ്യുന്ന സംവിധാനം നിലവിലില്ല. ഇതര സംസ്ഥാനങ്ങളിൽ പോകുകയാണെങ്കിൽ Give up റേഷൻ കാർഡ് എന്ന സംവിധാനം വഴി റേഷൻ ഉപേക്ഷിക്കാവുന്നതാണ്. തിരികെയെത്തുന്ന മുറയ്ക്ക് (ആറു മാസത്തിനുശേഷം മാത്രം) വിഹിതം തിരികെ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## റേഷൻ കടകൾ വഴി പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെയും മണ്ണെണ്ണയുടേയും വിശദാംശങ്ങൾ

302 (5716) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി പ്രതിമാസം വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെയും, മണ്ണെണ്ണയുടെയും നിരക്ക്, അളവ് എന്നിവ വിവിധ വിഭാഗത്തിലെ കാർഡുകൾക്ക് ഓരോന്നിനും എത്രയാണെന്ന് വിശദമാക്കുന്ന വിവരങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ടുന്ന മണ്ണെണ്ണയുടെ കേന്ദ്രവിഹിതത്തിന്റെ, കഴിഞ്ഞ 10 വർഷത്തെ കണക്ക് പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(ബി) പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ലഭ്യമായ മണ്ണെണ്ണയുടെ അളവ് (in KL) |
|---|---|
| 2009-10 | 216330 |
| 2010-11 | 175153 |
| 2011-12 | 153404 |
| 2012-13 | 125196 |
| 2013-14 | 120192 |
| 2014-15 | 120180 |
| 2015-16 | 117780 |
| 2016-17 | 88344 |
| 2017-18 | 58716 |
| 2018-19 | 55632 |

2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം പാദത്തിൽ 13908 KL, രണ്ടാം പാദത്തിലും മൂന്നാം പാദത്തിലും 9264 KL വീതവും ലഭ്യമായിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**റേഷൻ വിതരണം സുഗമമാക്കുവാൻ നടപടി**

303 (5717) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം സുഗമമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയത് റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) റേഷൻ വിതരണം സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.

1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.
2. പൊതുവിതരണ രംഗം അഴിമതിമുക്തമാക്കുന്നതിന് സാധിച്ചു.
3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.
5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.
7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.
8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നു.

9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

10. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

13. റേഷൻ വ്യാപാരികൾക്ക് 1-12-2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.

14. ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

15. സംസ്ഥാനത്തെ ഏത് റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്.

16. റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് (ശാരീരിര, മാനസിക വെല്ലുവിളികൾമൂലം) പകരക്കാരെ നിയോഗിക്കാവുന്ന പ്രോക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

**റേഷൻ കടകളിലെ ഭക്ഷ്യധാന്യ വിതരണം**

304 (5718) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; എല്ലാ ജില്ലകളിലെയും റേഷൻ കടകളിൽ ഏകീകൃത രീതിയിലല്ലേ സാധനങ്ങൾ ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ റേഷൻ കടകളിൽ നിന്നും പുഴക്കലരി, പച്ചരി എന്നിവ വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കുമോ; തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻ ജില്ലകളിൽ ഇപ്പോൾ ചമ്പാവരി (കുത്തരി) മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്) വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചു വന്നിരുന്ന പത്ത് കിലോഗ്രാം റേഷൻ അരി ഇപ്പോൾ മൂന്ന് കിലോഗ്രാമായി കുറച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) എഫ്.സി.ഐ ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന അരിയുടെ ശുക്കവും തീയതിയും വ്യക്തമാക്കുമോ; എഫ്.സി.ഐ. ഗോഡൗണിൽ അരി ലഭ്യമാണെങ്കിലും റേഷൻ കടകളിൽ ആയത് ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) കേരളത്തിൽ നെല്ല് സംഭരിക്കപ്പെടുന്നത് ഏതെല്ലാം ജില്ലകളിലാണ്; കേരളത്തിൽ സംഭരിക്കപ്പെടുന്ന നെല്ല് കുത്തരിയാക്കി വിതരണം ചെയ്യുന്നത് ഏതെല്ലാം ജില്ലകളിലാണ്; ഇങ്ങനെ സംഭരിക്കപ്പെടുന്ന കുത്തരിയുടെ വിഹിതത്തിന്റെ ബാക്കി മാത്രമാണോ എഫ്.സി.ഐയിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ഏതെല്ലാം ജില്ലകൾക്കാണ് കഴിഞ്ഞ മൂന്നുമാസത്തോളമായി പച്ചരിയും പുഴക്കലരിയും വിതരണം ചെയ്തത്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ജി) സംസ്ഥാനത്ത് സംഭരിക്കുന്ന കുത്തരി വടക്കൻ ജില്ലകളിൽ വിതരണം ചെയ്യേണ്ടായെന്ന തീരുമാനം നിലവിലുണ്ടോ; വിശദമാക്കുമോ; തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തീരദേശ മേഖലകളിലെ റേഷൻ കടകളിൽ പച്ചരിയും പുഴക്കലരിയും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ക്രിസ്തുമസും പുതുവർഷവും ആസന്നമായിരിക്കെ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരി, ഗോതമ്പ്, ആട്ട, മണ്ണെണ്ണ, പഞ്ചസാര എന്നീ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്തുവരുന്നത്. കൂടാതെ, കുപ്പിവെള്ളവും ശബരി ഉൽപ്പന്നങ്ങളും താൽപ്പര്യമുള്ള റേഷൻ വ്യാപാരികൾ വിതരണം ചെയ്യുന്നുണ്ട്. ഏകീകൃത രീതിയിലാണ് വിതരണം ചെയ്യേണ്ടത് എങ്കിലും ജില്ലകളിലെ ഭക്ഷ്യധാന്യത്തിന്റെ ആവശ്യകത കണക്കിലെടുത്ത് വടക്കൻ ജില്ലകളിൽ പച്ചരി കൂടുതലും കുത്തരി

കുറവുമാണ് വിതരണം ചെയ്യുന്നത്. തെക്കൻ ജില്ലകളിൽ കുത്തരിക്കുള്ള ആവശ്യകത കൂടുതലായതിനാൽ അപ്രകാരമുള്ള ക്രമീകരണവും പൊതുതാൽപ്പര്യം മാനിച്ച് ചെയ്യാറുണ്ട്.

(ബി) സപ്ലൈകോ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന CMR (Custom Milled Rice) അരിയുടെ (കുത്തരി) അളവ് വർദ്ധിച്ചതാണ് ഇതിന് കാരണം. പച്ചരി കൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) നോൺ പ്രയോറിറ്റി എന്ന വിഭാഗത്തിലായതിനാൽ, മുൻഗണനേതര വിഭാഗത്തിന് കേന്ദ്രത്തിൽ നിന്ന് അലോട്ട്മെന്റ് ലഭ്യമാകുന്നില്ല. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമാണ് നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്.) വിഭാഗത്തിനും നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്.) വിഭാഗത്തിനും നൽകിവരുന്നത്. ഇതിൽ നോൺ പ്രയോറിറ്റി, നോൺ സബ്സിഡി (എൻ.പി.എൻ.എസ്.) വിഭാഗത്തിനുള്ള വിതരണത്തോത് മുൻ മാസത്തെ നീക്കിയിരിപ്പുകൂടി കണക്കിലെടുത്തുള്ള അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. പരമാവധി ഏകീകൃത രീതിയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് 3 കിലോഗ്രാമായി കുറയ്ക്കേണ്ടി വന്നത്.

(ഡി) എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് ദിവസവും ഭക്ഷ്യധാന്യങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വിട്ടെടുക്കുകയും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചേരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച പൊതുവായ ഒരു കണക്കെടുപ്പ് പ്രായോഗികമല്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ അരി ലഭ്യമാണെന്നിരിക്കെ ആയത് റേഷൻ കടകളിൽ ലഭ്യമല്ലാത്ത സാഹചര്യം നിലവിലില്ല.

(ഇ) കേരളത്തിലെ 14 ജില്ലകളിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകൾ ഒഴികെ ബാക്കി 11 ജില്ലകളിലും വിതരണത്തിനായി നൽകുന്നു. ഭക്ഷ്യഭദ്രതാ നിയമപ്രകാരം അനുവദിച്ചിട്ടുള്ള അരി വിഹിതത്തിൽ സപ്ലൈകോ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന സി.എം.ആർ. അരി വിഹിതത്തിന്റെ ബാക്കിയാണ് എഫ്.സി.ഐ.-യിൽ നിന്ന് ലഭിക്കുന്നത്.

(എഫ്) കഴിഞ്ഞ മൂന്ന് മാസമായി പച്ചരിയും പുഴക്കലരിയും ലഭ്യമായ ജില്ലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ജി) ഇല്ല. എന്നാൽ വടക്കൻ ജില്ലകളിൽ പൊതുവെ കുത്തരിക്ക് ആവശ്യകത കുറവുള്ളതും സപ്ലൈകോയുമായി നെല്ല് സംഭരണത്തിനായി കരാറുള്ള മില്ലുകൾ എറണാകുളം, പാലക്കാട് തുടങ്ങിയ മേഖലകളിലും ചിലത് തെക്കൻ ജില്ലകളിലു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മായതിനാൽ കടത്തുകൂലിയിനത്തിൽ സർക്കാരിന്റെ ബാദ്ധ്യത വർദ്ധിപ്പിക്കു മെന്നതുമാണ് വടക്കൻ ജില്ലകളിൽ സി.എം.ആർ. അരി വിതരണം ചെയ്യാത്തതിന് കാരണം. തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിലെ റേഷൻ കടകളിൽ പച്ചരിയും പുഴക്കലരിയും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന അരിയുടെ അളവ് കുറയുന്നത നുസരിച്ച് പച്ചരിയും പുഴക്കലരിയും പരമാവധി ലഭ്യമാക്കിവരുന്നു.

## റേഷൻകടകളുടെ പ്രവർത്തന സമയക്രമം

305 (5719) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ഡിപ്പോ ലൈസൻസികളിൽ എത്ര പേർ സ്ത്രീകളാണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിതരണകേന്ദ്രത്തിന്റെ പ്രവർത്തി സമയം നിലവിൽ എങ്ങനെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) സ്ത്രീകളായിട്ടുള്ള ലൈസൻസികളുടെ സൗകാര്യാർത്ഥം പൊതുവിതരണ കേന്ദ്രം തുറന്നു പ്രവർത്തിക്കേണ്ട സമയം രാവിലെ ഒൻപത് മണി മുതൽ ഒരു മണി വരെയും ഉച്ചതിരിഞ്ഞ് മൂന്ന് മണി മുതൽ ഏഴ് മണി വരെയും ആക്കി മാറ്റി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) എങ്കിൽ സ്ത്രീ ലൈസൻസികൾക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനം ചെയ്യുന്ന ഈ സമയക്രമം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ മുന്തിയ പരിഗണന നൽകുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 3905 വനിതാ ലൈസൻസികളുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | വനിത ലൈസൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 683 |
| 2 | കൊല്ലം | 494 |
| 3 | പത്തനംതിട്ട | 301 |

| | | |
|---|---|---|
| 4 | ആലപ്പുഴ | 410 |
| 5 | കോട്ടയം | 208 |
| 6 | ഇടുക്കി | 136 |
| 7 | എറണാകുളം | 291 |
| 8 | തൃശ്ശൂർ | 320 |
| 9 | പാലക്കാട് | 241 |
| 10 | മലപ്പുറം | 275 |
| 11 | കോഴിക്കോട് | 205 |
| 12 | വയനാട് | 81 |
| 13 | കണ്ണൂർ | 178 |
| 14 | കാസർഗോഡ് | 82 |
| | ആകെ | 3905 |

(ബി) പൊതുവിതരണ കേന്ദ്രത്തിന്റെ പ്രവർത്തന സമയം നിലവിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെയും വൈകുന്നേരം 4 മണി മുതൽ 8 മണിവരെയുമാണ്.

(സി&ഡി) തൽക്കാലം പരിഗണനയിലില്ല.

**റേഷൻ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

306 (5720) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) റേഷൻ വിതരണത്തിന് ലഭിക്കുന്ന അരി മോശമാണെങ്കിൽ ഒരു മാസത്തിനുള്ളിൽ അറിയിച്ചില്ലെങ്കിൽ പകരം അരി നൽകില്ലായെന്ന് എഫ്.സി.ഐ. മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(സി) ഈ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First in First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കോഴിക്കോട് ജില്ലയിൽ അനർഹമായി റേഷൻ വാങ്ങിയവർക്കെതിരെ നടപടികൾ

307 (5721) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണത്തിനുശേഷം കോഴിക്കോട് ജില്ലയിൽ അനർഹമായി റേഷൻ വിഹിതം വാങ്ങിയവരുടെ ഇതുവരെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ റേഷൻ കാർഡ് വിതരണത്തിനുശേഷം കോഴിക്കോട് ജില്ലയിൽ അനർഹമായി റേഷൻ വാങ്ങിയവർ - 21874

(ബി) വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കി കാർഡ് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

## സംസ്ഥാനത്തിന് ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണയുടെ സംഭരണം

308 (5722) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രം ഇപ്പോൾ അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനങ്ങളുടെ അടിയന്തര ആവശ്യങ്ങൾക്കും ഉത്സവകാല ആവശ്യങ്ങൾക്കും സബ്സിഡി രഹിത മണ്ണെണ്ണ എത്ര അളവിലാണ് കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സബ്സിഡി രഹിത മണ്ണെണ്ണ യഥേഷ്ടം അനുവദിക്കാമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; സംസ്ഥാനം കൂടിയ അളവിൽ മണ്ണെണ്ണ സംഭരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഉത്സവകാലങ്ങളിലും കാർഷികമേഖലയിലെ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിനായി പെർമിറ്റുകൾ നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ത്രൈമാസ അലോട്ട്മെന്റായി നിലവിൽ 9264 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണയാണ് കേന്ദ്രം ലഭ്യമാക്കുന്നത്.

(ബി&സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മാസം ലഭ്യമായ 4632 കിലോ ലിറ്റർ മണ്ണെണ്ണയ്ക്കുപുറമെ സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ 10476 കിലോ ലിറ്റർ മണ്ണെണ്ണ സഹിതം ആകെ 15108 കിലോ ലിറ്റർ

സബ്സിഡി രഹിത മണ്ണെണ്ണ കേന്ദ്ര സർക്കാർ ലഭ്യമാക്കിയിരുന്നു. ആയതിന്റെ വിട്ടെടുപ്പ് പൂർത്തിയാക്കിയതിനുശേഷം ആവശ്യപ്പെട്ടാൽ തുടർന്നും സബ്സിഡി രഹിത മണ്ണെണ്ണ ലഭ്യമാക്കാമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളിൽ എണ്ണക്കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് കൂടിയ അളവിൽ സബ്സിഡി രഹിത മണ്ണെണ്ണ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാർഷിക മേഖലയ്ക്കും ഉത്സവങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കും അപേക്ഷ ലഭ്യമാകുന്നതിന് അനുസരിച്ച് സബ്സിഡിരഹിത മണ്ണെണ്ണ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണത്തിന് നടപടി

309 (5723) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽനിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾക്ക് ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഗോഡൗണുകളിൽനിന്നും ലഭിക്കുന്ന സാധനങ്ങൾ കർശന ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതാണെന്ന് കണ്ടെത്താൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ചിലയിടങ്ങളിൽ റേഷൻകടകളിൽനിന്ന് ഗുണനിലവാരമില്ലാത്ത ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യഭദ്രതാനിയമം അനുശാസിക്കും പ്രകാരം ഗുണനിലവാര പരിശോധന നടത്തിയ ഭക്ഷ്യസാധനങ്ങൾ മാത്രമേ ഗോഡൗണുകളിൽനിന്ന് സ്വീകരിക്കാവൂ എന്ന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ്

എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First in First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## സപ്ലൈകോ വിപണനകേന്ദ്രങ്ങളിലെ സാധനങ്ങളുടെ സംഭരണം

310 (5724) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ വിപണനകേന്ദ്രങ്ങളിൽ കമ്മീഷൻ കൂടുതൽ കിട്ടുന്ന സാധനങ്ങൾ മാത്രം സ്റ്റോക്ക് ചെയ്യുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സപ്ലൈകോയ്ക്ക് കേന്ദ്രീകൃത പർച്ചേസ് ആണോ നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ലോക്കൽ പർച്ചേസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) വിപണിയിൽ കൂടുതൽ ഡിമാൻഡ് ഉള്ള സാധനങ്ങളും അതാത് ഏര്യകളിൽ കിട്ടുന്ന സാധനങ്ങളും വാങ്ങുന്നതിന് സ്റ്റോർ മാനേജർമാർക്ക് അനുവാദം നൽകുമോ; വ്യക്തമാക്കാമോ;

(ഇ) ഏറ്റവും കൂടുതൽ വിപണന ശൃംഖലയുള്ള സപ്ലൈകോ മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്കുകൾ എടുക്കുന്നതിന് അവസരം നൽകാതെ കൂടിയ വിലയ്ക്ക് സാധനങ്ങൾ സംഭരിക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോയ്ക്ക് കേന്ദ്രീകൃത പർച്ചേസ് കൂടാതെ ഹെഡ് ഓഫീസ് തലത്തിൽ വാങ്ങൽ വില നിശ്ചയിച്ച് ഡിപ്പോ തലത്തിലുള്ള പർച്ചേസും നിലവിലുണ്ട്.

(സി) ഹെഡ് ഓഫീസ് തലത്തിൽ വാങ്ങൽ വില നിശ്ചയിച്ച് ലോക്കൽ പർച്ചേസ് തുടരുന്നുണ്ട്.

(ഡി) വിപണിയിൽ കൂടുതൽ ഡിമാന്റുള്ള സാധനങ്ങളും അതാത് പ്രദേശങ്ങളിൽ കിട്ടുന്ന സാധനങ്ങളും അതാത് സ്റ്റോർ മാനേജർമാരുടെ ആവശ്യാനുസരണം സപ്ലൈകോ ഹെഡ് ഓഫീസിൽ വില നിശ്ചയിച്ച് ഡിപ്പോതലത്തിൽ വാങ്ങുന്നതിന് അനുവാദം ഉണ്ട്.

(ഇ) ഏറ്റവും കൂടുതൽ വിപണന ശൃംഖലയുള്ള സപ്ലൈകോ, മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സാധനങ്ങൾ വാങ്ങി സംഭരിക്കുന്നത്.

**ഗൃഹോപകരണ ഷോറൂമുകൾ തുടങ്ങാൻ നടപടികൾ**

311 (5725) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയുടെ കിഴിൽ ആരംഭിച്ച ഗൃഹോപകരണ ഹോം അപ്ലയൻസ് ഷോറൂമുകൾ ഒരു നിയോജകമണ്ഡലത്തിൽ ഒന്നെങ്കിലും തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

നിലവിൽ ഏകദേശം 140-ഓളം സപ്ലൈകോ വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് സൂപ്പർ മാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പീപ്പിൾ ബസാറുകൾ എന്നിവിടങ്ങളിൽ കൂടുതൽ ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോന്നി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

312 (5726) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ പുതുതായി എവിടെയെല്ലാം ആരംഭിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോറുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോന്നി നിയോജക മണ്ഡലത്തിൽ 11 പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട് (9 മാവേലി സ്റ്റോറുകളും 4 സൂപ്പർ മാർക്കറ്റുകളും 2 മാവേലി സൂപ്പർ സ്റ്റോറുകളും). ടി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന കലഞ്ഞൂർ, തണ്ണിത്തോട് എന്നിവിടങ്ങളിൽ രണ്ടാമത്തെ വിൽപ്പനശാല ആരംഭിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ കെട്ടിടം/അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതകൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. തണ്ണിത്തോട് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന തണ്ണിത്തോട് മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തിയിട്ടുണ്ട്. ഇതിനുപുറമെ കരിമാൻതോട് എന്ന സ്ഥലത്ത് വീണ്ടും ഒരു മാവേലി സ്റ്റോർ കൂടി ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനത്തിന്മേൽ നടത്തിയ സാധ്യതാ പഠനത്തിൽ ഒരു പുതിയ വിൽപ്പനശാലയ്ക്കുകൂടി വിപണന സാധ്യതയില്ലാത്ത സാഹചര്യത്തിൽ ആയത് ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

**കോതമംഗലം ടൗൺ മാവേലിസ്റ്റോർ ജീവനക്കാരിയുടെ പരാതി**

313 (5727) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ടൗൺ മാവേലിസ്റ്റോറിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സന്ധ്യ ബാബുവിന് കഴിഞ്ഞ എട്ട് മാസമായി പകുതി വേതനം മാത്രമാണ് ലഭിക്കുന്നത് എന്ന് കാണിച്ച് നല്കിയിട്ടുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടിയാളുടെ പരാതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി എന്താണ്; വിശദമാക്കാമോ;

(സി) ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ഇവർക്ക് മുഴുവൻ വേതനവും ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ശ്രീമതി സന്ധ്യ ബാബു മാവേലി സ്റ്റോറിൽ ജോലി ചെയ്ത ദിവസങ്ങളിൽ മുഴുവൻ വേതനവും നൽകിയിട്ടുണ്ട്.

## വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ

314 (5728) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിന് വകുപ്പുമന്ത്രിക്ക് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) വകുപ്പുമന്ത്രിയുടെ VIP/E-3801399/19/M(F&SD) നമ്പർ കത്തിന്മേൽ സപ്ലൈകോ ഡയറക്ടർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആയിരക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന പ്രദേശമെന്നത് പരിഗണിച്ച് മാവേലിസ്റ്റോർ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിൽ 11-10-2019-ൽ മാവേലി സൂപ്പർ സ്റ്റോർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിൽപ്പനശാല പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടത്തിന്റെ ഫർണിഷിംഗ് ജോലികൾ കൂടി പൂർത്തിയായാലുടൻ മാവേലി സൂപ്പർ സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ മാവേലിസ്റ്റോറുകൾ

315 (5729) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നിലവിൽ എവിടെയെല്ലാമാണ് തീരദേശ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂരിൽ മാവേലിസ്റ്റോർ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പുതുതായി സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ തിരൂർ ഡിപ്പോയുടെ പരിധിയിൽ കൂട്ടായി, പുറത്തൂർ എന്നീ തീരദേശങ്ങളിൽ മാവേലി സ്റ്റോറുകളും തിരൂരങ്ങാടി ഡിപ്പോയുടെ പരിധിയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചെട്ടിപ്പടി എന്ന തീരദേശ പ്രദേശത്ത് ഒരു സൂപ്പർ മാർക്കറ്റും തിരൂർ ഡിപ്പോയുടേയും തിരൂരങ്ങാടി ഡിപ്പോയുടേയും പരിധിയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സാഫിന്റെ (Society for Assistance to Fisher Women) കീഴിൽ തീരമാവേലി/തീരമൈത്രി സൂപ്പർമാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ രണ്ടാമത്തെ മാവേലി സ്റ്റോർ അരിയല്ലൂരിൽ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കെട്ടിട സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്തും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരൂരങ്ങാടി ഡിപ്പോയുടെ കീഴിലുള്ള കൊണ്ടോട്ടി മാവേലി സ്റ്റോർ, പൊന്നാനി ഡിപ്പോയുടെ കീഴിലുള്ള തവനൂർ മാവേലി സൂപ്പർ സ്റ്റോർ എന്നിവ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ വണ്ടൂർ എന്ന സ്ഥലത്ത് പുതിയ സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തിവരുന്നു. നിലവിലുള്ള സപ്ലൈകോ വിൽപ്പനശാലകളുടെ വിറ്റുവരവിനെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പ്രതിമാസം 15 ലക്ഷത്തിൽ കുറയാതെയുള്ള വിറ്റുവരവ് പ്രതീക്ഷിക്കാവുന്ന വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ മിതമായ വാടക നിരക്കിൽ കുറഞ്ഞത് 1000 ചതുരശ്ര അടിയിൽ കുറയാതെ വിസ്തീർണ്ണമുള്ള കെട്ടിട സൗകര്യം ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതയുംകൂടി കണക്കിലെടുത്താണ് പുതിയ സൂപ്പർ മാർക്കറ്റുകൾ അനുവദിക്കുന്നത്.

**കാട്ടാക്കടയിൽ സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ്**

316 (5730) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്കാസ്ഥാനമായ കാട്ടാക്കട കേന്ദ്രമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാട്ടാക്കടയിൽ പ്രവർത്തിക്കുന്ന നിലവിലെ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതയും വിപണന സാധ്യതയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര പോങ്ങിൽ സപ്ലൈകോയുടെ പുതിയ ഔട്ട്ലെറ്റ്

317 (5731) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ സപ്ലൈകോയുടെ പുതിയ ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. യുടെ ഉപരി കത്തോടെ പഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഔട്ട്ലെറ്റ് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2019 സെപ്റ്റംബർ വരെ സപ്ലൈകോയുടെ എത്ര ഔട്ട്ലെറ്റുകൾ ആണ് പ്രവർത്തനം ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിലെ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2019 സെപ്റ്റംബർ വരെ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വട്ടവിളയിൽ ഒരു പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്.

## നെല്ല് സംഭരണം

318 (5732) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ സപ്ലൈകോ മുഖാന്തരം എത്ര ടൺ നെല്ലാണ് കർഷകരിൽ നിന്ന് സംഭരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണത്തിന്റെ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷത്തിൽ സപ്ലൈകോ മുഖാന്തരം 6.93 ലക്ഷം മെട്രിക് ടൺ നെല്ലാണ് കർഷകരിൽ നിന്നും സംഭരിച്ചിട്ടുള്ളത്.

(ബി) നെല്ല് സംഭരണ ഇനത്തിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

## സപ്ലൈകോ ഗോഡൗണുകൾ

319 (5733) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സപ്ലൈകോ ഗോഡൗണുകളാണുള്ളത്; ഗോഡൗണുകളിൽ മതിയായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഗോഡൗണുകളിൽനിന്നും ഉപയോഗ ശൂന്യമായ ഭക്ഷ്യവസ്തുക്കൾ സംഭരിച്ച് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ഗോഡൗണുകളിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളും സാമ്പത്തിക തട്ടിപ്പും കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിവരിക്കുമോ ?

ഉത്തരം

(എ) സപ്ലൈകോയ്ക്ക് സംസ്ഥാനത്ത് ആകെ 396 ഗോഡൗണുകളുണ്ട്. ഗോഡൗണുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡിപ്പോകളിലെത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷമാണ് ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്.

(സി) സപ്ലൈകോ വിജിലൻസ് വിഭാഗം മുഖേനയും സംസ്ഥാന വിജലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ മുഖേനയും അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വയനാട് ജില്ലയിൽ പുതിയ റേഷൻകടകൾ**

320 (5734) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ എവിടെയെങ്കിലും പുതിയ റേഷൻകട അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻകടകളുടെ ക്രമീകരണം പുരോഗമിച്ചു വരുന്നതുകൊണ്ടും 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിലെ രോഗബാധിതർക്കുള്ള റേഷൻ**

321 (5735) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിലെ കാൻസർ രോഗങ്ങളുൾപ്പെടെ മാരകരോഗങ്ങൾ ബാധിച്ച ആൾക്കാർ ഉള്ള കുടുംബങ്ങൾക്കും കിടപ്പുരോഗികൾക്കും ബി.പി.എൽ. കാർഡുകാർക്ക് ലഭ്യമാകുന്ന തരത്തിൽ റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകിവരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗബാധിതർക്കും അടിയന്തര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ള പോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു.

**കടൽത്തീര കപ്പൽ ചരക്കുഗതാഗതം**

322 (5736) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കത്തിന് ചെലവേറെയാകുന്നതിനാലും അന്തരീക്ഷ മലിനീകരണവും അപകടങ്ങളും വർദ്ധിച്ചു വരുന്നതിനാലും തീരദേശ കപ്പൽ ഗതാഗതത്തിന്റെ മികച്ച സാധ്യത പ്രയോജന പ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) തീരദേശ കടൽ മാർഗ്ഗവും കായലുകളും നദികളും പ്രയോജനപ്പെടുത്തു കയാണെങ്കിൽ കരമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ ഗണ്യമായ ഭാഗവും ഒഴിവാക്കി ചെലവുകുറഞ്ഞ ചരക്കുനീക്കം വർദ്ധിപ്പിക്കാൻ കഴിയുമെന്ന വസ്തുത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇപ്പോൾ ആരംഭിക്കാനുദ്ദേശിക്കുന്ന കടൽത്തീര കപ്പൽ ചരക്കു ഗതാഗതത്തിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ എന്താണ്; എത്ര കപ്പലുകൾ പ്രസ്തുത പദ്ധതികളുടെ ഭാഗഭാക്കാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; ഏതെല്ലാം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ഗതാഗതം ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2030-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 50% തീരദേശ കപ്പൽ ഗതാഗതം വഴിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിൽ അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടത്തിപ്പിനുള്ള ആക്ഷൻ പ്ലാൻ M/s ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയിരുന്നു. കൊച്ചി തുറമുഖത്തും അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലും കപ്പലുകളിൽ ചരക്കുകൾ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്ത് ഇതുവരെ 131 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കപ്പലുകൾ എത്തുന്നുണ്ട്. കൂടാതെ മംഗലാപുരത്തെയും ബേപ്പൂരിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സർവ്വീസുകളും നടന്നുവരുന്നുണ്ട്.

## വൻകിടേതര തുറമുഖങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി

323 (5737) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തന സജ്ജമായതും പ്രവർത്തനരഹിതമായതുമായ വൻകിടേതര തുറമുഖങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇവയുടെ വിപുലീകരണത്തിനും പ്രവർത്തനരഹിതമായവയെ പ്രവർത്തന സജ്ജമാക്കുന്നതിനും മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സാഗരമാല പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രവർത്തന സജ്ജമായിട്ടുള്ളവയെങ്കിലും ഉപയുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) തുറമുഖങ്ങളുടെ റെയിൽ റോഡ് കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും റോ-റോ സൗകര്യമുള്ള യാനങ്ങൾ ഏർപ്പെടുത്തി ചരക്ക വാഹനങ്ങളെ ആകർഷിക്കാനും പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 4 വൻകിടേതര തുറമുഖങ്ങളും പ്രവർത്തനരഹിതമായ 13 തുറമുഖങ്ങളും ഉണ്ട്. (1) വിഴിഞ്ഞം (2) കൊല്ലം (തങ്കശ്ശേരി) (3) ബേപ്പൂർ (4) അഴീക്കൽ എന്നിവയാണ് പ്രവർത്തനസജ്ജമായ തുറമുഖങ്ങൾ. (1) വലിയതുറ (2) നീണ്ടകര (3) കായംകുളം (4) ആലപ്പുഴ (5) കൊടുങ്ങല്ലൂർ (6) പൊന്നാനി (7) കോഴിക്കോട് (8) തലശ്ശേരി (9) കണ്ണൂർ (10) വടകര (11) കാസർഗോഡ് (12) ചെറുവത്തൂർ (13) മഞ്ചേശ്വരം എന്നിവയാണ് പ്രവർത്തനരഹിതമായ തുറമുഖങ്ങൾ. പ്രവർത്തനക്ഷമമായ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആഴം വർദ്ധിപ്പിച്ച് വലിയ കപ്പലുകൾക്ക് ഈ തുറമുഖങ്ങളിൽ എത്തിച്ചേരാനുമുള്ള നടപടികളാണ് മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി വിഴിഞ്ഞം തുറമുഖത്ത് റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ

തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (VTMS) തുടങ്ങിയ സംവിധാനങ്ങളും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ 40 അടി കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, 4 ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (VTMS), ടഗ്ഗുകൾ തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിന് ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. പ്രവർത്തനരഹിതമായ തുറമുഖങ്ങളിൽ ആലപ്പുഴ തുറമുഖത്തെ ഒരു മറീനയായി വികസിപ്പിക്കുന്നതിനും പൊന്നാനി തുറമുഖത്തെ PPP വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ സാഗർമാലയിൽ ഉൾപ്പെടുത്തി Coastal Berth, Dredging, Breakwater Modernisation, Connectivity എന്നീ components-ന് 50% വരെ സാമ്പത്തിക സഹായം ലഭിക്കും.

(സി) തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആഴം വർദ്ധിപ്പിച്ച് വലിയ കപ്പലുകൾക്ക് ഈ തുറമുഖങ്ങളിൽ എത്തിച്ചേരാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിച്ചു വരികയാണ്.

(ഡി) കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനുവേണ്ടി സമർപ്പിച്ച 3 പ്രൊപ്പോസലുകൾക്ക് സാഗർമാലയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ DPR തയ്യാറാക്കുന്നതിനായി ഇന്ത്യൻ പോർട്ട് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IPRCL)-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## കൊച്ചിയിൽ നിന്നും കപ്പൽ സർവ്വീസുകൾ

324 (5738) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കേന്ദ്രീകരിച്ച് മാലിദ്വീപ്, കൊളംബോ എന്നിവിടങ്ങളിലേക്ക് യാത്രാ കപ്പൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കൊച്ചിയിൽ നിന്ന് തങ്കശ്ശേരി വഴി മാലിദ്വീപ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലേക്ക് കാർഗോ സർവ്വീസ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കൊച്ചി-കോഴിക്കോട് ഹൈഡ്രോഫോയിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടായിരുന്ന ആശങ്ക മാറ്റുന്നതിന് നടപടി സ്വീകരിച്ചുവോയെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) തീരദേശകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി കൊല്ലം തുറമുഖത്ത് (തങ്കശ്ശേരി) എമിഗ്രേഷൻ ഓഫീസ് ആരംഭിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇതു സംബന്ധിച്ച പദ്ധതികളൊന്നും തുറമുഖ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29-3-2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്, സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി മെസേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് വിദേശത്തുനിന്ന് രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിക്കാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ തുറമുഖ വകുപ്പ് ചർച്ച ചെയ്തിട്ടില്ല.

(ഡി) കൊല്ലം തുറമുഖത്തെ എൻട്രി എക്സിറ്റ് പോർട്ടായി പ്രഖ്യാപിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ ഇമിഗ്രേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 17-1-2019-ൽ തുറമുഖം സന്ദർശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലത്ത് ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്.

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണം

325 (5739) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിന് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സന്ദർശകർക്കും കഥകളി ആസ്വാദകർക്കും പ്രയോജനപ്പെടും വിധം മ്യൂസിയത്തെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാ മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്നത് കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിന് സമീപമുള്ള ഇളയിടത്ത് വലിയ കോയിക്കൽ കൊട്ടാരത്തിലാണ്. റവന്യൂ പുറമ്പോക്കിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത കെട്ടിടത്തിൽ മ്യൂസിയത്തിന്റെ പ്രദർശന വസ്തുക്കൾ, കഥകളി ചമയങ്ങൾ, കഥകളി ശിൽപ്പങ്ങൾ എന്നിവയും പൈതൃക വസ്തുക്കളുടെ ഗ്യാലറിയും പ്രവർത്തിക്കുന്നുണ്ട്. കൊട്ടാരക്കര തമ്പുരാന്റേതായി ഇന്ന് അവശേഷിക്കുന്ന ഏക പൈതൃക നിർമ്മിതിയാണ് ഈ കെട്ടിടം. കഥകളിക്ക് കേളികൊട്ടുയർന്നത് ഈ നിർമ്മിതിക്കുള്ളിലാണ്. കേരള പുരാവസ്തു വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന കഥകളി കലാമ്യൂസിയം വാടക കെട്ടിടത്തിൽ നിന്ന് 2010 ഏപ്രിൽ 15-ന് ദേവസ്വം അധീനതയിലുള്ള ഇപ്പോഴത്തെ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ഗ്യാലറികളുടെ നവീകരണം, കഥകളിച്ചമയങ്ങളുടെ പുതുക്കിയ പ്രദർശനം, പൈതൃക ഗ്യാലറി സജ്ജീകരണം എന്നിവ നിർവ്വഹിക്കുകയുമുണ്ടായി. എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തെച്ചൊല്ലി തിരുവിതാംകൂർ ദേവസ്വം ബോർഡ് ചില തർക്കങ്ങൾ ഉന്നയിക്കുകയും കെട്ടിടത്തിന്റെ തുടർന്നുള്ള അറ്റകുറ്റപ്പണികൾ നിലയ്ക്കുകയുമാണുണ്ടായത്.

സന്ദർശകരെ ആകർഷിക്കുന്ന തരത്തിലുള്ള ഒരു ക്ലാസ്സിക്കൽ കലാമ്യൂസിയം ഇപ്പോൾ പ്രസ്തുത സ്മാരകത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഥകളിയുടെ ചമയത്തോടു കൂടിയ പൂർണ്ണകായ പ്രതിമകൾ, അപൂർവ്വങ്ങളായ നാട്യകലാ മുദ്രകൾ, പൈതൃക വസ്തുക്കൾ, നാണയശേഖരം, വാദ്യ ഉപകരണങ്ങൾ തുടങ്ങിയവ സന്ദർശകർക്കായി ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടുതൽ വികസന പ്രവർത്തനങ്ങൾ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ തർക്കം അവസാനിക്കുന്ന മുറയ്ക്ക് നിർവ്വഹിക്കുന്നതാണ്. 400 കൊല്ലത്തിലധികം പഴക്കമുള്ള കെട്ടിടം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## എ.കെ.ജി. സ്മൃതി മ്യൂസിയം

326 (5740) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും സെന്റിന് എന്ത് വില വച്ചാണ് ഭൂമി ഏറ്റെടുക്കുന്നതെന്നും വെളിപ്പെടുത്താമോ;

(സി) ഇതിനായി ഏറ്റെടുക്കുന്ന ഭൂമിയിൽ നിലം നികത്തിയ ഭൂമിയോ, നിലമോ ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽപ്പെട്ട പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ 3.21 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടെത്തി മ്യൂസിയം മൃഗശാലാ വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് പ്രാരംഭ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷത്തിൽ " 2205-00-107-91 പ്ലാൻ " എന്ന പുതിയ ശീർഷകത്തിൽ 7 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ വകുപ്പിന് അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രാരംഭ നടപടിയുമായി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹിക ആഘാതപഠനം നടത്തുന്നതിനായി ആനുഷാംഗിക ചാർജ്ജിനത്തിൽ 4,29,132 രൂപ റവന്യൂ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് നൽകുകയും തുടർന്ന് കണ്ണൂർ ജില്ലയിലുള്ള M/s കെയ്റോ എന്ന സ്ഥാപനത്തിനെ 60 ദിവസം കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള വിവരം റവന്യൂ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. തുടർന്ന് എ.കെ.ജി. മ്യൂസിയം ആരംഭിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ജീവിത ചരിത്രം ഉൾക്കൊള്ളിച്ച് രചിച്ച സംഗ്രഹം തയ്യാറാക്കുകയും അതിനെ തുടർന്ന് എ.കെ.ജി. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചരിത്രവസ്തുതകൾ, നിർദ്ദേശങ്ങൾ, വിലയേറിയ അഭിപ്രായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ 7 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി യോഗം കൂടുകയും കൺസെപ്റ്റ് നോട്ട് തയ്യാറാക്കി വീണ്ടും ചർച്ച ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് 3.21 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാകളക്ടർ സ്ഥലവില നിർണ്ണയം നടത്തുന്ന മുറയ്ക്ക് മാത്രമേ സെന്റ് തിരിച്ചുള്ള വില വ്യക്തമാവുകയുള്ളൂ.

(സി) എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി നിലം നികത്തിയ ഭൂമിയോ നിലമോ ഉൾപ്പെടുന്നുണ്ടോ എന്ന വിവരം കണ്ണൂർ ജില്ലാ കളക്ടറുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ വ്യക്തമാവുകയുള്ളൂ.

## സംസ്ഥാന പുരാവസ്തു/പുരാരേഖ വകുപ്പുകളുടെ സമഗ്രവും ആനുകാലികവുമായ പുനഃസംഘാടനം

327 (5741) ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു/പുരാരേഖ വകുപ്പുകളെ സമഗ്രവും ആനുകാലികവുമായി പുനഃസംഘാടനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ലോകപൈതൃക പട്ടികയുടെ സാദ്ധ്യതാലിസ്റ്റിലുള്ള പദ്മനാഭപുരം കൊട്ടാരവും പരിസരവും സൗന്ദര്യവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നിയമസഭാ സബ്ജക്ട് കമ്മിറ്റി (വിദ്യാഭ്യാസം) ശിപാർശ ചെയ്തതിൻ പ്രകാരം പരിഗണനാ വിഷയങ്ങൾ തയ്യാറാക്കുന്നതിന് 16-8-2017-ലെ സ.ഉ.(സാധാ) നമ്പർ 506/17/സാം.കാ.വ. പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പരിഗണനാ വിഷയങ്ങൾ നിർണ്ണയിച്ചു കൊണ്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പുരാരേഖാ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി കെ.സി.എച്ച്.ആർ. ചെയർമാൻ പ്രൊഫ. മൈക്കിൾ തരകൻ അദ്ധ്യക്ഷനായി " സ്റ്റഡി ഓൺ ആർക്കൈവ്സ് " എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലെ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെട്ട പത്മനാഭപുരം കൊട്ടാരത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൊട്ടാരത്തിലെ 'കമ്മട്ടപ്പുര' സമഗ്ര സംരക്ഷണത്തിന് വിധേയമാക്കി. അന്തർദ്ദേശീയ നിലവാരത്തിലുള്ള ടിക്കറ്റ് കൗണ്ടർ, ഇൻഫർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കുകയുണ്ടായി. പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുരയുടെ എല്ലാവിധ അറ്റകുറ്റ പ്രവൃത്തികളും പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. അതുപോലെതന്നെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി മണിമേട, പാൽപ്പുരമാളിക എന്നിവയും സന്ദർശകർക്കായി തുറന്നു നൽകിയിട്ടുണ്ട്. കൊട്ടാര പരിസരത്തെ വെളിച്ചവിതാനം ആധുനികവൽക്കരിച്ചിട്ടുണ്ട്. പത്മനാഭപുരം കൊട്ടാര പരിസരത്തിന്റെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരമുറ്റങ്ങളിലും പരിസര പ്രദേശങ്ങളിലുമായി 33,157 സ്ക്വയർ ഫീറ്റ് ഏരിയായിൽ പുൽത്തകിടികൾ നിർമ്മിക്കുകയും മറ്റ് പ്രദേശങ്ങളിൽ ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയാണിത് നടപ്പിലാക്കിയത്. ഇതിനായി 29,02,235 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പുൽത്തകിടിയുടെ വാർഷിക പരിപാലനത്തിനായി 6,59,000 രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി നടന്നുവരികയുമാണ്.

## മേലൂർ വട്ടക്കോട്ട സംരക്ഷിക്കാൻ നടപടി

328 (5742) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ വട്ടക്കോട്ടയിലെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽ പുരാവസ്തു/മ്യൂസിയം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ നെടുങ്കോട്ടയുടെ ഭാഗമായ വട്ടക്കോട്ട സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ചാലക്കുടി ആസ്ഥാനമായിട്ടുണ്ടായിരുന്നതും പൈതൃകമൂല്യം ഏറെയുള്ളതുമായ ചാലക്കുടി ട്രാംവേയുടെ ചരിത്രം അധിഷ്ഠിതമാക്കി ഒരു ട്രാംവേ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ.-യുടെ ആവശ്യം പരിഗണിച്ച് അത്തരം ഒരു പദ്ധതിക്കായി പുരാവസ്തു വകുപ്പ് തയ്യാറെടുപ്പ് തുടങ്ങിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്കായി ട്രാംവേയുടെ പഴയ വർക്ക്ഷോപ്പ് നിന്ന സ്ഥലത്ത് നിലവിലെ ഷെഡ് ഉൾപ്പെടെ 50 സെന്റ് സ്ഥലം പുരാവസ്തു വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. അവിടെ സ്ഥിതി ചെയ്യുന്ന കെട്ടിടം നവീകരിക്കാനും മ്യൂസിയം സജ്ജീകരിക്കുന്നതിന് യോഗ്യമാക്കുന്നതിനുംവേണ്ടി മ്യൂസിയം സജ്ജീകരിക്കുന്ന നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പുരാവസ്തു വകുപ്പും വിനോദസഞ്ചാരവും

329 (5743) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് കീഴിലുള്ള സമസ്ത സ്ഥാപനങ്ങളെയും വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ വിനോദസഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ മുസിരിസ് പൈതൃക പദ്ധതിയിൽപ്പെടുന്ന ചരിത്രപൈതൃക സ്മാരകങ്ങളിൽ ഭൂരിഭാഗവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. ഈ സ്മാരകങ്ങളിൽ സന്ദർശകർക്കാവശ്യമായ എല്ലാവിധ സൗകര്യവും ഒരുക്കുന്നത് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് മുഖാന്തരമാണ്. തിരുവനന്തപുരം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മടവൂർപ്പാറയുടെ സമീപത്തായി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഘുഭക്ഷണശാല, ഓപ്പൺ തീയറ്റർ, നടപ്പാത തുടങ്ങിയവ സന്ദർശകർക്കായി ഇക്കഴിഞ്ഞ ഓണക്കാലത്ത് തുറന്നുനൽകിയിട്ടുണ്ട്. സംരക്ഷിത സ്മാരകമായ വയനാട്ടിലെ എടയ്ക്കൽ ഗുഹയിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പുരാവസ്തു വകുപ്പിന്റെ സഹകരണത്തോടെയാണ് സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്.

(ബി) ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന 12 സ്മാരകങ്ങളെയാണ് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

1. ബുദ്ധ പ്രതിമ, കരുനാഗപ്പള്ളി
2. ബുദ്ധ പ്രതിമ, മാവേലിക്കര
3. മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ചെങ്ങന്നൂർ, ആലപ്പുഴ
4. ബുദ്ധ പ്രതിമ, കരുമാടിക്കുട്ടൻ, അമ്പലപ്പുഴ
5. ബുദ്ധ പ്രതിമ, ഭരണിക്കാവ്
6. നരസിംഹ ക്ഷേത്രം, ചാത്തൻകുളങ്ങര, ആലപ്പുഴ
7. കൃഷ്ണപുരം കൊട്ടാരം, കായംകുളം
8. കടക്കരപ്പള്ളി പായ്ക്കപ്പലും അനുബന്ധ ഭൂമിയും

9. ശ്രീ കാർത്ത്യായനി ക്ഷേത്രം, കുട്ടമ്പേരൂർ

10. വാരനാട് നടുവിലെ കോവിലകം

11. ശ്രീഇട്ടിഅച്ചുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും

12. മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം, ചെങ്ങന്നൂർ

ഈ 12 സംരക്ഷിത സ്മാരകങ്ങളിൽ കായംകുളം കൃഷ്ണപുരം കൊട്ടാരം, കടക്കരപ്പള്ളിയിലെ കപ്പലിന്റെ അവശിഷ്ടം, കരുമാടിയിലെ ബുദ്ധമണ്ഡപം, ഭരണിക്കാവിലെ ബുദ്ധമണ്ഡപം എന്നിവ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ളവയാണ്. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ പുരാവസ്തു മ്യൂസിയം പ്രവർത്തിച്ചു വരുന്നു.

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംരക്ഷിത സ്മാരകങ്ങളുടെ പുനർനിർമ്മാണം

330 (5744) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഏതൊക്കെ സ്മാരകങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് ഇതിനകം പൂർത്തിയായത്; അതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തിൽ കേരള പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ അമ്പലപ്പുഴ കരുമാടിക്കുട്ടൻ ബുദ്ധമണ്ഡപം, ചെങ്ങന്നൂർ ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം, കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് കോട്ട, മൂവാറ്റുപുഴ ഊരമന ക്ഷേത്രം എന്നിവിടങ്ങളിൽ ചെറിയ തോതിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. അവയിൽ ഹോസ്ദുർഗ്ഗ് കോട്ട, അമ്പലപ്പുഴ കരുമാടിക്കുട്ടൻ ബുദ്ധമണ്ഡപം എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം, മൂവാറ്റുപ്പുഴ ഊരമന ക്ഷേത്രം എന്നിവിടങ്ങളിൽ സംരക്ഷണപ്പണികൾക്കുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചങ്ങനാശ്ശേരി തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിൽ 2019-ലെ മഴയിൽ

ചെറിയ തോതിൽ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. പ്രസ്തുത ക്ഷേത്രത്തിൽ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും 2019-ലെ മഴയിൽ ഒരു ഭാഗം തകർന്നു വീണതിനാൽ അവ നീക്കം ചെയ്യുകയും പള്ളി ഡോക്യുമെന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഹോസ്ദുർഗ്ഗ് കോട്ടയിൽ തകർന്നു വീണ ഭാഗങ്ങൾ പുനഃസ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സാംസ്കാരിക പൈതൃകങ്ങളുടെ പരിപാലനം

331 (5745) ശ്രീ. ബി. സത്യൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ ചരിത്ര സത്യങ്ങളെയും ചരിത്ര നായകന്മാരെയും വികലമാക്കാനും തമസ്കരിക്കാനുമുള്ള ഹീനശ്രമങ്ങൾ നടന്നുവരുന്ന വർത്തമാനകാലത്ത് ചരിത്ര സത്യങ്ങളെയും സാംസ്കാരിക പൈതൃകങ്ങളെയും ശരിയായ രീതിയിൽ പരിപാലിക്കേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ചരിത്ര സ്മാരകങ്ങളെയും പുരാവസ്തുക്കളെയും പുരാരേഖകളെയും വീണ്ടെടുത്ത് ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ഏതെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് ഉപയോഗിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ കാലത്തിന് അനുസൃതമായി അവയെ കൂടുതൽ ജനകീയമാക്കുന്നതിനും സാംസ്കാരിക പൈതൃകത്തെക്കുറിച്ചും ചരിത്ര സത്യങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ ഗാഢമായ അവബോധം സൃഷ്ടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമായി നിർവ്വഹിക്കാൻ ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമങ്ങളുടെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമായോ പുരാവസ്തു ശാസ്ത്ര സംബന്ധമായോ കലാശില്പപരമായോ കൗതുകപ്രദമായതും ഒരു ദശാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ എടുപ്പോ സ്മാരകമോ അഥവാ ശ്മശാന സ്ഥലമേടയോ തടങ്കൽ സ്ഥലമോ അഥവാ ഗുഹയോ പാറമേലുള്ള ശില്പവേലയോ ശിലാലിഖിതമോ ആണ് പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിക്കുക എന്നതാണ് പുരാവസ്തു വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന കർത്തവ്യം. ടി സ്മാരകങ്ങളെക്കുറിച്ചും ലഭ്യമാകുന്ന പുരാവസ്തുക്കളെക്കുറിച്ചും ശാസ്ത്രീയമായ പഠനം നടത്തി നിഗമനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പ്രദർശനങ്ങൾ എന്നിവ വഴി മ്യൂസിയങ്ങളിലെത്തിക്കുന്നതിനാണ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ കേരളത്തിലെ പുരാവസ്തു സ്മാരകങ്ങളെ ശരിയായി സംരക്ഷിക്കുന്നതിനും അതിനെക്കുറിച്ചുള്ള ശാസ്ത്രീയവും വസ്തുതാപരവുമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ചരിത്ര സാംസ്കാരിക പൈതൃകങ്ങളുടെ സംരക്ഷണത്തിനും വിശദീകരണത്തിനുമായി പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നിരവധി മ്യൂസിയങ്ങളും സംസ്ഥാനത്ത് ഒട്ടാകെ പുതുതായി സജ്ജീകരിച്ചുവരുന്നു.

(ബി) കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും സങ്കേതങ്ങളുടെയും പൗരാണികാവശിഷ്ടങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണം നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലേയ്ക്കായി കേരള പുരാവസ്തു വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നല്ലൊരുഭാഗം മാറ്റി വച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ശേഷിപ്പുകൾ, പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ, അവയൊക്കെ വരുംതലമുറയ്ക്ക് പഠന വിധേയമാക്കാൻ പാകത്തിൽ നിലനിർത്തുക, ഇത്തരം സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പരിപ്രേക്ഷ്യത്തിൽ വരുന്ന സംഗതികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തേണ്ടതുകൊണ്ടുതന്നെ, നവീന മാർഗ്ഗങ്ങളും നിർമ്മാണ വസ്തുക്കളും

ഉപയോഗിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. പുരാവസ്തു വകുപ്പിൽ ഘടനാ സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകൾ തൽസ്ഥിതിയിൽ തുടരാനുള്ള നടപടികൾ കൈക്കൊള്ളുന്നത്. നിലവിൽ 180-ൽപ്പരം സംരക്ഷിത സ്മാരകങ്ങളുണ്ട്. അവയുടെ സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ, അവ അർഹിക്കുന്ന ഗൗരവത്തിൽ തന്നെയാണ് നടപ്പിൽ വരുത്തുന്നത്. നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്നതാണ്. അതിന്റെ സമഗ്രസംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി പൂർത്തിയാക്കി തുറന്നു കൊടുത്തിട്ടുള്ളതാണ്. മാറുന്ന ലോകക്രമത്തിൽ മൺമറയുന്ന പലതരം പൈതൃകശേഷിപ്പുകളെ സംരക്ഷിക്കുക എന്നതാണ് ഘടനാ സംരക്ഷണ വിഭാഗം വഴി പുരാവസ്തുവകുപ്പ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തികൾ ഏതെങ്കിലും ഒരു മുൻ മാതൃക പിൻതുടർന്ന് നടത്താവുന്നതല്ല. ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു മേഖലയായതിനാൽ ഓരോ സ്മാരകവും സംരക്ഷിക്കുന്നത് അതിനാവശ്യമായ നൂതന രീതികൾ അവലംബിച്ചു തന്നെയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവൃത്തികൾ വളരെയേറെ പ്രാധാന്യത്തോടെ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മറ്റൊരു ഉദാഹരണം പുനലൂർ തൂക്കുപാലമാണ്. അതും പൈതൃക പ്രേമികളെ വളരെയധികം ആകർഷിക്കുന്ന രീതിയിലാണ്. ഇവിടെ രണ്ടിടത്തും ഉപയോഗിച്ച സംരക്ഷണ രീതികൾ തുലോം വ്യത്യസ്തമാണ്. അതായത് ഓരോ സ്മാരകവും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ രീതികളാണ്. ഇക്കാര്യം വകുപ്പ് വളരെ ഗൗരവമായി കണക്കിലെടുത്ത് സ്തുത്യർഹമായി നിർവ്വഹിച്ചുവരുന്നു. 2019-20 വർഷത്തിലേയ്ക്ക് 650 ലക്ഷം രൂപയാണ് ഘടനാ സംരക്ഷണ വിഭാഗത്തിന്റെ പദ്ധതി വിഹിതം.

രാസസംരക്ഷണ വിഭാഗമാണ് വസ്തുക്കളെ വിശിഷ്യാ പ്രദർശന വസ്തുക്കളെ കൈകാര്യം ചെയ്യുന്നത്. മ്യൂസിയങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കളെ നാശത്തിൽ നിന്നും സംരക്ഷിച്ചു നിലനിർത്തുന്നതിന് സ്ഥായിയായ പരിചരണം ആവശ്യമാണ്. ഇവിടെയാണ് രാസസംരക്ഷണ വിഭാഗം ഉപയോഗത്തിൽ വരുന്നത്. രാസസംരക്ഷണ വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 100 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ഉത്ഖനനം വഴി ലഭിക്കുന്ന പൈതൃക ശേഷിപ്പുകളും മറ്റും രാസസംരക്ഷണം നടത്തിയതിന് ശേഷമാണ് മ്യൂസിയങ്ങൾ, സ്റ്റോറുകൾ തുടങ്ങിയവയിലേയ്ക്ക് മാറ്റുന്നത്. തലശ്ശേരിയിൽ നിന്നും കിട്ടിയ പീരങ്കികളും രാസസംരക്ഷണം നടത്തിയത് പുരാവസ്തു വകുപ്പിലെ രാസസംരക്ഷണ വിഭാഗമാണെന്ന കാര്യം കൂടി അറിയിക്കുന്നു. നവീനമായ രാസസംരക്ഷണ രീതികൾ ഉപയോഗിച്ച് അന്തർദ്ദേശീയ നിലവാര ത്തിലാണ് സംരക്ഷണ പ്രക്രിയ നടത്തിവരുന്നത്. ഇതിനാവശ്യമായ സാങ്കേതികവിദ്യ വകുപ്പിലെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയിട്ടുണ്ട്. പുരാരേഖാ വകുപ്പിന് കീഴിൽ പ്രാചീന രേഖകളുടേയും താളിയോലകളുടേയും സംരക്ഷണം ശാസ്ത്രീയമായി നടത്തിവരുന്നു.

(സി) മ്യൂസിയങ്ങളെ കാലഘട്ടത്തിന് അനുയോജ്യമായി നവീകരിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും സാംസ്കാരിക പൈതൃകത്തെക്കുറിച്ചും ചരിത്ര സത്യങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ ഗാഢമായ അവബോധം സൃഷ്ടിക്കുന്നതിന് പുരാരേഖാ, പുരാവസ്തു, മ്യൂസിയം വകുപ്പുകൾ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മ്യൂസിയങ്ങളിലെ ഗ്യാലറികളുടെ പുനഃസജ്ജീകരണം പ്രദർശന വസ്തുക്കളുടെ ക്രമീകരണം, മ്യൂസിയങ്ങൾ കൂടുതൽ സന്ദർശന സൗഹൃദമാക്കാൻ ഓഡിയോ വിഷ്വൽ സമ്പ്രദായം ഏർപ്പെടുത്തൽ എന്നിവ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. സംസ്കാരം, പൈതൃകം എന്നിവയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സിബിഷനുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ തുടർച്ചയായി വകുപ്പ് സംഘടിപ്പിച്ച് പോരുന്നു. നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് നമ്മുടെ നാടിന്റെ പ്രൗഢമായ പാരമ്പര്യവും പൈതൃകവും വിദേശികൾക്ക് വരെ അനുഭവവേദ്യമാക്കുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. സാമൂഹിക മാധ്യമരംഗത്ത് വകുപ്പിന്റെ മ്യൂസിയങ്ങളെക്കുറിച്ചും സ്മാരകങ്ങളെക്കുറിച്ചും പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി പുരാവസ്തുവകുപ്പിന്റെ യുട്യൂബ് ചാനൽ, മ്യൂസിയങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുന്ന വീഡിയോ ചിത്രങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. പഴയ രീതിയിലുള്ള പ്രദർശന സംവിധാനങ്ങൾ ഒഴിവാക്കി സന്ദർശകർക്ക് നേരിട്ട് ഇടപെടാനും സംവദിക്കാനും കഴിയും വിധമുള്ള സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള നവീകരണ പ്രക്രിയകളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പ്രക്രിയയുടെ ആദ്യഘട്ടം പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. 2020-ഓടുകൂടി വകുപ്പിന്റെ മ്യൂസിയങ്ങൾ ഒരു നവീന കാഴ്ചപ്പാടിൽ അന്താരാഷ്ട്ര നിലവാരത്തിലെ ത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) പുരാവസ്തു വകുപ്പിന്റെ ജീവനക്കാരുടെ കാര്യശേഷിയും കാര്യക്ഷമതയും വികസിപ്പിക്കുന്നതിന് വിവിധ പരിശീലനങ്ങൾ നൽകുന്നതിലേയ്ക്കായി 'Capacity Building and Conservation Awareness' എന്ന പദ്ധതി ശീർഷകവും നിശ്ചിത വിഹിതവും 2017-18 സാമ്പത്തിക വർഷം മുതൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ഉദ്യോഗസ്ഥർക്കും, ടെക്നിക്കൽ ഉദ്യോഗസ്ഥർക്കും ശ്രീപാദം കൊട്ടാരത്തിൽ വച്ച് അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുകയുമുണ്ടായി. കൂടാതെ വകുപ്പിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് അന്തർദ്ദേശീയ നിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകുന്നതിന് ഭരണാനുമതി ലഭിച്ചതിൻ പ്രകാരം ന്യൂഡൽഹിയിലെ National Museum Institute-മായി വകുപ്പ് ധാരണാ പത്രത്തിൽ ഏർപ്പെടുകയും പരിശീലനത്തിന്റെ ആദ്യഘട്ടം 2019 ജനുവരി 16 മുതൽ 30 വരെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുകയുമുണ്ടായി. ഇതിന്റെ രണ്ടാംഘട്ട പരിശീലനം കേരളത്തിൽ വച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വകുപ്പിലെ ജീവനക്കാർക്ക് IMG നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## മാടായിപ്പള്ളിയെ ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിന് നടപടി

332 (5746) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാടായിപ്പള്ളിയെ ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിനും അവിടുത്തെ കൈയെഴുത്തു ഗ്രന്ഥങ്ങളും ശിലാലിഖിതങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാടായിപ്പള്ളിയുടെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച് പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളി ഏറ്റെടുക്കൽ നടപടി

333 (5747) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ 20-6-2018 സ.ഉ.(സാധാ) നമ്പർ 401/2018 നമ്പർ ഉത്തരവ് പ്രകാരം ചരിത്ര സ്മാരകമായ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും ഏറ്റെടുക്കുന്നതിനായി അനുവദിച്ച 91.45 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പുരാവസ്തു ഡയറക്ടർക്ക് അനുമതി നൽകിയിട്ടും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകത്തിന്റെ ബാധ്യതകൾ തീർത്ത് ഈ സ്ഥലം കൈമാറുന്നതിന് തുക എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടും പ്രസ്തുത ചരിത്ര സ്മാരകം ഏറ്റെടുക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ജൂതപ്പള്ളി ഏറ്റെടുക്കുന്നതിന് നേരിടുന്ന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) കറുത്ത ജൂതപ്പള്ളി സ്ഥിതിചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ബാദ്ധ്യതകൾ നിലനിൽക്കുന്നതിനാൽ പുരാവസ്തു വകുപ്പ് ഡയറക്ടർ 91.45 ലക്ഷം രൂപ എറണാകുളം ജില്ലാകളക്ടർക്ക് കൈമാറേണ്ടതും ജില്ലാകളക്ടർ പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാദ്ധ്യതകൾ തീർത്ത് പുരാവസ്തു വകുപ്പ് ഡയറക്ടറുടെ പേരിൽ സ്ഥലം കൈമാറുന്നതിനുമുള്ള തുടർനടപടി സ്വീകരിക്കുവാനും 20-6-2018-ലെ സ.ഉ.(സാധാ) നമ്പർ 401/2018/സാം.കാ.വ. നമ്പരായി സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 91.45 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പൊന്നുംവില നടപടികൾക്കുള്ള ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ (L.A)-യെ എറണാകുളം ജില്ലാ കളക്ടർ നിയമിച്ചിട്ടുണ്ട്. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള 91.45 ലക്ഷം രൂപയ്ക്ക് പുറമെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള 75,77,956 രൂപ കൂടി സ്പെഷ്യൽ തഹസിൽദാർ (LA)-യുടെ പേരിൽ അനുവദിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 10-9-2019-ലെ മഴയിൽ പ്രസ്തുത നിർമ്മിതി ഭാഗികമായി തകർന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിർമ്മിതിയെ തകർന്ന അവസ്ഥയിലും സംരക്ഷിക്കാൻ കഴിയുന്നതാണോ എന്ന് വകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## നെടുമങ്ങാട് മണ്ഡലത്തിലെ പുരാവസ്തു വകുപ്പ് പ്രവർത്തനം

334 (5748) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു സംരക്ഷണ വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം പുനഃസജ്ജീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. നവീനരീതിയിൽ സജ്ജീകരിച്ചിട്ടുള്ള കോയിക്കൽ കൊട്ടാര മ്യൂസിയം ഒട്ടനവധി സന്ദർശകരെ ആകർഷിച്ചുവരുന്നു. കൂടാതെ പരിസര വികസന, സന്ദർശക സൗഹൃദ പദ്ധതികളുടെ ഭാഗമായി കൊട്ടാരത്തിന് ചുറ്റും പുൽത്തകിടി, സന്ദർശകർക്കായി ഇരിപ്പിട സൗകര്യങ്ങൾ, ശുചിമുറികൾ, സുരക്ഷയ്ക്കായി CCTV തുടങ്ങിയവ സ്ഥാപിച്ചു. നിലവിൽ മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതികൾ നടന്നുവരുന്നു. നവീന നാണയ ഗ്യാലറി, സന്ദർശകർക്കായുള്ള curio-shop, cafeteria എന്നിവ താമസിയാതെ പ്രവർത്തനക്ഷമമാകും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 73,18,787 രൂപ ചെലവഴിച്ചിട്ടുണ്ട്.

(18-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5379, 5385, 5387, 5396, 5400, 5406, 5422, 5423, 5425, 5428, 5437, 5439, 5440, 5444, 5456, 5459, 5463, 5470, 5504, 5505, 5506, 5508, 5509, 5511, 5513, 5517, 5518, 5530, 5557, 5570, 5579, 5617, 5619, 5629, 5630 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല. നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5692 ഒഴിവാക്കി.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### കേരള സർവ്വകലാശാലയിലെ ക്രമക്കേട്

മി. സ്പീക്കർ: കേരള സർവ്വകലാശാലയിലെ കമ്പ്യൂട്ടർ ശൃംഖലയിൽ സർവ്വകലാശാല ഉദ്യോഗസ്ഥർ കടന്നു കയറി 2016 മുതൽ 2019 വരെയുള്ള പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികളെ ജയിപ്പിച്ച സംഭവം കേരള യൂണിവേഴ്സി റ്റിക്കും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും ഉണ്ടാക്കിയ അവമതിപ്പും വിശ്വാസത്തകർച്ചയും മൂല്യശോഷണവുംമൂലം വിദ്യാർത്ഥി സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### ക്രമപ്രശ്നം

### അടിയന്തരപ്രമേയ നോട്ടീസിന്റെ ഉള്ളടക്കം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാനൊരു ക്രമപ്രശ്നം എഴുതിത്തന്നിരുന്നു. സി.പി.ഐ.(എം)-ന്റെ അമിതമായ ഇടപെടലുകൾ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഇടപെടലുകൾ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആരോപണമാണ് ഈ അടിയന്തരപ്രമേയത്തിന്റെ ഭാഗമായിട്ടുള്ളത്. അഴിമതിയാരോപണം നിയമസഭയിൽ കൊണ്ടുവരുന്നതിന് ഒരു പ്രശ്നവുമില്ല. അതിന് അതിന്റേതായ വഴിയുണ്ട്. ഒരിക്കൽ എം.ജി. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ആരോപണം കൊണ്ടുവന്നിട്ടുണ്ട്. അതിന് അദ്ദേഹം കൃത്യമായി മറുപടി പറഞ്ഞതുമാണ്. വീണ്ടും ആരോപണം എന്നുപറയുന്നത് അടിയന്തര പ്രമേയത്തിന്റെ ഭാഗമല്ല. 52(v)-മായി ബന്ധപ്പെട്ടുകൊണ്ട് കൃത്യമായി പറയുന്നുണ്ട്. 'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും...'. എന്നിട്ടും വ്യക്തിപരമായി വീണ്ടും ഒരു മന്ത്രിയെ അധിക്ഷേപിക്കുകയാണ്. ഇന്ന് അദ്ദേഹത്തിന്റെ ഒരു ബിൽ ഇവിടെ വരുന്നുണ്ട്. ഇത് അതിന്റെ മുന്നോടിയാണ് എന്നറിയാം. ഇത് ശരിയാണോ? 'പ്രതികളായവർ ഭരണകക്ഷിപ്രവർത്തകരായി രുന്നതിനാൽ' എന്ന് ചോദ്യത്തിനകത്താണ് വന്നിട്ടുള്ള്; ഈ ചോദ്യം അനുവദിക്കാൻ പാടുള്ളതാണോ; പ്രതികൾ ഭരണക്ഷികളാണെന്നുള്ളതിന്റെ തെളിവ് എന്താണുള്ളത് ;

നിയമസഭയ്ക്ക് എന്ത് തെളിവാണുള്ളത്; എവിടെയെങ്കിലും അതിന്റെ തെളിവുണ്ടോ? ചോദ്യത്തിലടക്കം ഇത് വരികയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് ഗൗരവത്തി ലെടുക്കേണ്ടതാണ്. ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത് ഭരണകക്ഷികൾക്ക് മാത്രമല്ല, എല്ലാവർക്കും ബാധകമാണ്.

മി. സ്പീക്കർ: ചോദ്യങ്ങളുടെ എഡിറ്റിംഗുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ ദിവസം റൂളിംഗ് നൽകിയിരുന്നു. ശ്രീ. സണ്ണി ജോസഫിന്റെ ക്രമപ്രശ്നത്തിന്റെ ഭാഗമായിട്ടാണ് റൂളിംഗ് നൽകിയത്. ചോദ്യങ്ങളിൽ യാതൊരുതരത്തിലുള്ള അഴിമതിയാരോപണവും അനുവദിക്കാൻ പാടില്ല. അതിൽ തെറ്റായ രീതി സ്വീകരിച്ചിട്ടുണ്ടെങ്കിൽ കർശനമായ നടപടിയുണ്ടാകുമെന്നും റൂൾ നൽകിയിരുന്നു. അങ്ങ് പറഞ്ഞകാര്യം പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ ഞങ്ങൾ ഉന്നയിക്കേണ്ട എല്ലാ കാര്യങ്ങളും ഭംഗിയായി അവതരിപ്പിക്കുകയുണ്ടായി. ഞങ്ങൾക്ക് വളരെ സന്തോഷമായി. അദ്ദേഹം ഞങ്ങളുടെ ജോലി കുറച്ചിരിക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു എന്നൊരു പരാമർശം അദ്ദേഹം ഇവിടെ പറഞ്ഞു. സിൻഡിക്കേറ്റ് ആ ഉത്തരവ് പിൻവലിച്ചു. ഞങ്ങൾ കൊണ്ടുവന്ന ആരോപണം ശരിയാണെന്ന് വച്ചുകൊണ്ട് അന്ന് എം.ജി.യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അത് പിൻവലിച്ചിരിക്കുകയാണ്. അവാസ്തവമായ കാര്യങ്ങൾ മന്ത്രി പറയാൻ പാടില്ലല്ലോ; മന്ത്രി മറുപടി പറഞ്ഞതുകൊണ്ടല്ലേ അദ്ദേഹം രക്ഷപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണെന്ന് ഞാൻ കരുതുന്നു, സിൻഡിക്കേറ്റ് വിളിച്ചുകൂട്ടി അവർ ആ തീരുമാനം പിൻവലിച്ചു. വിശദീകരണക്കുറിപ്പിൽ ആരേയും ആക്ഷേപിച്ചിട്ടില്ല, വസ്തുതകൾ പറഞ്ഞിട്ടേയുള്ളൂ. അതുകൊണ്ട് ഇത് ഓർഡറിലാ ണെന്നാണ് എന്റെ അഭിപ്രായം.

## റൂളിംഗ്

മി. സ്പീക്കർ: റൂൾ 50-ലെ പ്രമേയത്തിൽ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികളോ ഉണ്ടാകാൻ പാടില്ലെന്ന നിർദ്ദേശമുണ്ടെന്ന് പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് വ്യക്തമാണ്. പക്ഷെ റൂൾ 50-ലെ പ്രമേയത്തിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലുള്ള വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ,ആരോപണങ്ങളോ ഇല്ലായെന്നുള്ളതാണ് കാണുന്നത്. അതെല്ലാം വിശദീകരണക്കുറിപ്പിലാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇവിടെ ലഭിച്ച പ്രമേയം ഓർഡറിലാണ്. പ്രമേയം അവതരിപ്പിക്കുന്ന സമയത്ത് അവതരണാനുമതി നേടിയിട്ടുള്ള പ്രഭാഷണത്തിൽ വ്യാജോക്തികളും കാര്യങ്ങളും അദ്ദേഹം പറയാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**അടിയന്തരപ്രമേയം (തുടർച്ച)**

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള സർവ്വകലാശാലയിൽ 2016 ജൂലൈ മാസം മുതൽ 2019 ജനുവരി മാസംവരെ നടന്ന വിവിധ ഡിഗ്രി പരീക്ഷകളുടെ ഫലങ്ങളിൽ നടത്തിയ ചില തിരിമറികളാണ് സർവ്വകലാശാലയിലെ ആഭ്യന്തര അന്വേഷണത്തിൽ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നത്. ബി.ബി.എ., ബി.സി.എ. എന്നീ കോഴ്സുകളുടെ പരീക്ഷയിൽ മോഡറേഷൻ നൽകിയതിൽ തിരിമറിയുണ്ടായിട്ടുണ്ടെന്നാണ് സർവ്വകലാശാല കണ്ടെത്തിയിട്ടുള്ളത്. വീഴ്ചകൾ വരുത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളുകയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി വിപുലമായ അന്വേഷണം നടത്തിവരികയുമാണ്. അതത് പാസ് ബോർഡുകൾ നിശ്ചയിച്ചതിലും കൂടുതൽ മാർക്ക് ഓൺലൈനായി കൂട്ടിച്ചേർത്തും നിശ്ചയിച്ച മാർക്കിൽ കുറവു വരുത്തിയും തന്ത്രപരമായ നീക്കങ്ങളാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. ബാഹ്യശക്തികളുടെ ഇടപെടലിനുള്ള സാധ്യതകൂടി കണ്ടു കൊണ്ടാണ് പഴുതടച്ച അന്വേഷണത്തിന് യോഗ്യമാകുന്ന തരത്തിൽ നിക്ഷ്പക്ഷമായും സമയബന്ധിതമായും ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷന് സർവ്വകലാശാല ശിപാർശ ചെയ്തിട്ടുള്ളത്. തിരിമറി കണ്ടെത്തിയ മാർക്ക് ലിസ്റ്റുകൾ റദ്ദാക്കി പുതിയത് നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഈ സാഹചര്യത്തിൽ തെറ്റായ പ്രചാരണങ്ങൾ സർവ്വകലാശാലയുടെ ശുദ്ധീകരണ നടപടികൾ ദുർബലമാക്കാനേ ഉപകരിക്കുകയുള്ളൂയെന്ന വസ്തുത ബന്ധപ്പെട്ട എല്ലാവരും മനസ്സിലാക്കുന്നത് നന്നാകും. അന്വേഷണം എത്രയുംപെട്ടെന്ന് പൂർത്തിയാക്കി കുറ്റക്കാരെന്ന് കണ്ടെത്തുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. ഒരുവിധത്തിലുള്ള ദാക്ഷിണ്യവും കുറ്റവാളികളോട് കാണിക്കില്ല. സർവ്വകലാശാലയും സർക്കാരും അതീവ ജാഗ്രതയോടെയാണ് ഇക്കാര്യത്തിൽ മുന്നോട്ടുപോകുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുമെന്ന് കഴിഞ്ഞ മൂന്നര വർഷമായി മുഖ്യമന്ത്രി മുതൽ എല്ലാ മന്ത്രിമാരും വിദ്യാർത്ഥികൾ ഇമ്പോസിഷൻ എഴുതുന്നതുപോലെ ആവർത്തിച്ചാവർത്തിച്ച് പറയുന്നതുകേട്ട് അതൊരു കളിതമാശയായി മാറിയിരിക്കുകയാണ്. ഞാൻ National Students Union-ന്റെ അഖിലേന്ത്യ പ്രസിഡന്റായിരുന്ന ആളാണ്. രാജ്യം മുഴുവനുമുള്ള യൂണിവേഴ്സിറ്റികളിൽ പരീക്ഷകൾ നടക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്രയധികം ക്രമക്കേടുകൾ നടക്കുന്നൊരു സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മന്ത്രിസ്ഥാനത്ത്

തുടരാൻ ബഹുമാന്യനായ മന്ത്രിക്ക് എങ്ങനെ കഴിയുന്നുവെന്ന് മനസ്സിലാകുന്നില്ല. ബഹുമാന്യനായ മന്ത്രിയും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയും ഇടപെട്ടു കൊണ്ട് എം.ജി. യൂണിവേഴ്സിറ്റിയിലും കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും നടത്തിയ അദാലത്തിനെയും മാർക്ക് ദാനത്തെയും സംബന്ധിച്ചുള്ള ആരോപണം നിയമസഭ ഇതേ സമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്യുകയും ആ വിവാദം കെട്ടടങ്ങുന്നതിന് മുൻപുതന്നെ കേരള യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ നടന്നിരിക്കുന്ന ക്രമക്കേടും പുറത്തുവന്നിരിക്കുകയാണ്. 2016 മുതൽ 2019 വരെ നടന്ന 16 പരീക്ഷകളിലാണ് ക്രമക്കേട് നടന്നിരിക്കുന്നത്. അതായത്, പ്രൊഫഷണൽ കോഴ്സുകളായിട്ടുള്ള ബി.ബി.എ., ബി.സി.എ., ബി.കോം, എൽ.എൽ.ബി. മുതലായ കോഴ്സുകളിലാണ് ഇത്തരത്തിൽ ക്രമക്കേട് നടന്നിരിക്കുന്നത്. സർവ്വകലാശാലയുടെ ചട്ടമനുസരിച്ച് പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് ടാബുലേഷന്റെ ജോലികൾ പൂർത്തീകരിച്ചശേഷം പാസ്ബോർഡ് യോഗം ചേർന്ന് ചോദ്യങ്ങളുടെ കാഠിന്യവും മൊത്തത്തിലുള്ള വിദ്യാർത്ഥികളുടെ പ്രകടനവും പരാതികളും എക്സാമിനർമാരുടെ അഭിപ്രായവും വിലയിരുത്തിയാണ് മോഡറേഷൻ നൽകാമോ; നൽകണമെങ്കിൽ എത്ര എന്ന് തീരുമാനിക്കുന്നത്. ഈ അധികാരം യൂണിവേഴ്സിറ്റിയുടെ പാസ്ബോർഡിന് മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കോ, വൈസ് ചാൻസലർക്കോ സിൻഡിക്കേറ്റിനോ ഇത്തരത്തിൽ മോഡറേഷൻ അധികമായി നൽകാനുള്ള അധികാരം കീഴ്വഴക്കമനുസരിച്ചോ ചട്ടങ്ങൾ അനുസരിച്ചോ ഇല്ലെന്നുള്ളത് വ്യക്തമാണ്. സാധാരണ കീഴ്വഴക്കമനുസരിച്ച് റിസൽട്ട് പ്രഖ്യാപിക്കുന്നതിനുമുമ്പാണ് മോഡറേഷൻ തീരുമാനിക്കുന്നത്. കാരണം റിസൽട്ട് പ്രഖ്യാപിച്ചതിനുശേഷം മോഡറേഷൻ നൽകിയാൽ അതാർക്കെങ്കിലും പ്രത്യേകമായി, അവരെ favour ചെയ്യാൻവേണ്ടി നൽകിയതാണെന്ന് വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനുമുമ്പാണ് പാസ്ബോർഡ് മോഡറേഷൻ തീരുമാനിക്കുന്നത്. പരീക്ഷാ ബോർഡ് രണ്ടുമുതൽ പത്തു മാർക്കുവരെ മോഡറേഷൻ നൽകാനായി തീരുമാനിച്ച് റിസൽട്ട് പബ്ലിഷ് ചെയ്തതിനുശേഷമാണ് ഇവിടെ ഇത്തരത്തിൽ ക്രമക്കേട് നടന്നിരിക്കുന്നത്.

അങ്ങനെ രണ്ടുമുതൽ പത്ത് മാർക്ക് വരെ മോഡറേഷൻ നൽകിയിട്ടും വിജയിക്കാത്ത വിദ്യാർത്ഥികൾക്കുവേണ്ടി വീണ്ടും നാല് മുതൽ എട്ട് മാർക്ക് വരെ അനർഹമായി നൽകി തോറ്റ വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള അവസരമാണ് നൽകിയിരിക്കുന്നത്. ഇത് വളരെ ആസൂത്രിതമായിട്ടാണ് നടത്തിയിരിക്കുന്നത്. പാസ്ബോർഡ് അനുവദിച്ചിരിക്കുന്ന മോഡറേഷൻ കമ്പ്യൂട്ടർ സിസ്റ്റത്തിൽ എന്റർ ചെയ്യാനായി അധികാരമുള്ള ഡെപ്യൂട്ടി രജിസ്ട്രാറുടെ യൂസർ ഐ.ഡി.-യും പാസ്വേർഡും ഉപയോഗിച്ചുകൊണ്ടാണ് ഈ ക്രമക്കേട് സിസ്റ്റത്തിൽ നടത്തിയിരിക്കുന്നത്.

നിരവധി വിദ്യാർത്ഥികൾ ഇതിന്റെയടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് വാങ്ങി പോകുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിയും സർവ്വകലാശാലയും പറയുന്നത് സർവ്വകലാശാല സ്വമേധയാ ഈ കൃത്രിമം കണ്ടുപിടിച്ച് പുറത്തുകൊണ്ടുവന്നു വെന്നാണ്. അത് തീർത്തും അവാസ്തവമാണ്. ആദ്യ വർഷം പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ പരീക്ഷയിൽ തോറ്റു, മോഡറേഷൻ കിട്ടിയിട്ടും തോറ്റു. അവർ രണ്ടാം വർഷം പരീക്ഷ എഴുതി. അപ്പോഴും തോറ്റു. അവർ മൂന്നാം വർഷം പരീക്ഷ എഴുതാനായി പരീക്ഷാഫീസ് അടയ്ക്കാൻ യൂണിവേഴ്സിറ്റിയിൽ പോയപ്പോൾ അവരുടെ പരീക്ഷാ ഫീസ് വാങ്ങാൻ യൂണിവേഴ്സിറ്റി തയ്യാറായില്ല. നിങ്ങൾക്ക് പരീക്ഷാ ഫീസ് അടയ്ക്കാൻ കഴിയില്ല, കാരണം നിങ്ങൾ ജയിച്ചിരിക്കുകയാണെന്നാണ്. ആദ്യവർഷം തോറ്റു, രണ്ടാം വർഷം തോറ്റു, മൂന്നാം വർഷം പരീക്ഷയ്ക്ക് ഫീസ് അടയ്ക്കാൻ പോകുന്ന വിദ്യാർത്ഥികളോട് യൂണിവേഴ്സിറ്റി പറയുകയാണ്, നിങ്ങൾ തോറ്റിട്ടില്ല; ജയിച്ചിരിക്കുകയാണ് എന്ന്. എന്ത് വിചിത്രമാണ് ഇവിടെ നടക്കുന്നത്. യൂണിവേഴ്സിറ്റിയിലെ ആളുകൾ തങ്ങളെ പറ്റിക്കാൻവേണ്ടി പറയുന്നതായിരിക്കുമെന്നാണ് നിഷ്കളങ്കരായ വിദ്യാർത്ഥികൾ വിചാരിച്ചത്. അങ്ങനെ നിരവധി വിദ്യാർത്ഥികൾ ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് യൂണിവേഴ്സിറ്റിക്ക് പരാതി കൊടുക്കുകയാണ്. ഒരുപക്ഷേ ക്രമക്കേട് നടത്തിയ ആളുകൾക്ക് ഇത് മനസ്സിലായിട്ടുണ്ടാകില്ല. അതായത് നാലുമുതൽ പത്തുവരെ മാർക്ക് അധീഷണലായി മോഡറേഷൻ നൽകുമ്പോൾ അത് ആർക്കുവേണ്ടി നൽകാനാണ് അല്ലെങ്കിൽ ആർക്ക് പ്രയോജനം ലഭിക്കാനാണ് നൽകിയത്, അവർക്ക് മാത്രമായിരിക്കില്ല. ആ മാർക്ക് കാറ്റഗറിയിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഇത് അധികമായി ലഭിക്കുകയാണെന്ന വസ്തുത ഒരുപക്ഷേ ഈ ക്രമക്കേട് നടത്തിയ ആളുകൾക്ക് മനസ്സിലായിട്ടുണ്ടാകില്ല. ക്രമക്കേടിനെക്കുറിച്ച് അറിവില്ലാതിരുന്ന വിദ്യാർത്ഥികളാണ് ഇത്തരത്തിൽ യൂണിവേഴ്സിറ്റിക്ക് പരാതി നൽകിയത്. അത് പുറത്തുവന്നപ്പോഴാണ് സംഭവം വിവാദമാകുകയും പത്രങ്ങളിൽ വാർത്ത വരികയും ചെയ്തത്. ഇവിടെ പ്രസക്തമായ ചില ചോദ്യങ്ങളും സംശയങ്ങളുമുണ്ട്. പല തവണയാണ് മാർക്ക് കൂട്ടിക്കൊടുത്തിരിക്കുന്നത്. ഏതെങ്കിലും ഒന്നോ രണ്ടോ വിദ്യാർത്ഥിയെ വിജയിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു ക്രമക്കേട് നടത്തുന്നതെങ്കിൽ ഒരു തവണ ആ മാർക്ക് തിരുത്തിയാൽ മതി. ഇവിടെ നിരവധി തവണ ഇത്തരത്തിൽ മാർക്ക് തിരുത്തിയിരിക്കുകയാണ്. അതിന്റെ അർത്ഥം ക്രമക്കേട് നടത്തിയ ആളുകൾ ആവർത്തിച്ചാവർത്തിച്ച് നിരവധി വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി പലവട്ടം മാർക്ക് തിരുത്തിയെന്നുള്ളതാണ്. ഇതിന്റെ പുറകിൽ വലിയൊരു മാഫിയ തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന് വിശ്വസിക്കേണ്ടി വരും. യൂസർ ഐ.ഡി.യും പാസ്‌വേർഡും ദുരുപയോഗം ചെയ്തുവെന്ന് പറയപ്പെടുന്ന ഡെപ്യൂട്ടി രജിസ്ട്രാറെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിരിക്കുകയാണ്.

വിചിത്രമായ ഒരു കാര്യം, കഴിഞ്ഞ വർഷംതന്നെ ഈ ഡെപ്യൂട്ടി രജിസ്ട്രാർ പരീക്ഷാവിഭാഗത്തിൽനിന്നും സ്ഥലം മാറിപ്പോയിരുന്നു. അതുകൊണ്ടാണ് ഇതിന്റെ പുറകിൽ വലിയ മാഫിയതന്നെ പ്രവർത്തിക്കുന്നുണ്ടെന്ന് പറയുന്നത്. ഒരു ഡെപ്യൂട്ടി രജിസ്ട്രാർ, അതീവ രഹസ്യ സ്വഭാവമുള്ള യൂസർ ഐ.ഡി.-യും പാസ്‌വേർഡും കൈകാര്യം ചെയ്യുന്നയാൾ ആ സെക്ഷനിൽ നിന്നും ട്രാൻസ്ഫറായി പോകുമ്പോൾ, ആ പാസ്‌വേർഡും യൂസർ ഐ.ഡി.യും നിയന്ത്രിക്കുന്ന യൂണിവേഴ്സിറ്റിയുടെ കമ്പ്യൂട്ടർ വിഭാഗം എന്തുകൊണ്ട് ആ യൂസർ ഐ.ഡി.-യും പാസ്‌വേർഡും മാറ്റിയില്ല? ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, ആ സെക്ഷനുകീഴിൽ ആകെ 39 ജീവനക്കാരാണുള്ളത്. 39 ജീവനക്കാരുള്ള ആ പരീക്ഷാ സെക്ഷനിൽ ഇപ്പോൾ 78 യൂസർ ഐ.ഡി.കളും പാസ്‌വേർഡുമാണ് അനധികൃതമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ കമ്പ്യൂട്ടർ വിഭാഗത്തിനോ, ഭരണതലത്തിലിരിക്കുന്ന ആളുകൾക്കോ അറിവില്ലെന്ന് പറയുന്നത് തീർത്തും വിശ്വസിക്കാൻ സാധിക്കില്ല. ഇവിടെ പ്രസക്തമായ ചോദ്യം, സ്ഥലം മാറിപ്പോയ ഡെപ്യൂട്ടി രജിസ്ട്രാറുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ചു കൊണ്ടാണ് സെക്ഷനിൽ ജോലി ചെയ്യുന്ന മറ്റാളുകൾ ക്രമക്കേട് നടത്തിയതെന്ന് പറയപ്പെടുന്നു. ഡെപ്യൂട്ടി രജിസ്ട്രാറെ സ്ഥലം മാറ്റി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവരുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും മറ്റാളുകൾക്ക് കൊടുത്തുവെന്നുള്ള ഒരു തെറ്റ് മാത്രമേ ചെയ്തിട്ടുള്ളൂ. ഇവിടെ യഥാർത്ഥ ക്രമക്കേട് നടത്തിയവർ ഈ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ചുകൊണ്ട് നിരവധി തവണ രണ്ട് മുതൽ പത്ത് മാർക്ക് വരെ അഡീഷണലായി മോഡറേഷൻ നൽകിയ ഉദ്യോഗസ്ഥരാണ്. അവർക്കെതിരെ എന്തുനടപടി സ്വീകരിക്കാനാണ് യൂണിവേഴ്സിറ്റി തയ്യാറായിരിക്കുന്നതെന്ന് നമ്മൾ ചിന്തിക്കണം. അത് ചിന്തിക്കുമ്പോഴാണ് ഇതിന്റെ യഥാർത്ഥ കുറ്റവാളികളെക്കുറിച്ച് അറിയേണ്ടത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ആളുകൾ ആരാണെന്ന് അറിയേണ്ടതുണ്ട്. അത് അറിയണമെങ്കിൽ യൂണിവേഴ്സിറ്റിയുടെ പഴയ ചരിത്രം പരിശോധിക്കണം. 2008-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന കാലത്ത് കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമന വിവാദം ആരും മറന്ന് കാണില്ല. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയിൽ മാർക്കിൽ കൃത്രിമം നടത്തി സി.പി.ഐ.(എം) പ്രവർത്തകരായിട്ടുള്ള ആളുകൾ കടന്നുകയറിയെന്ന വ്യാപകമായ പരാതിയും അതുസംബന്ധിച്ച കേസും കോടതിയിൽ നിലനിൽക്കുകയാണ്. നിർഭാഗ്യവശാൽ അന്ന് നിയമിതരായിട്ടുള്ള പല ഉദ്യോഗസ്ഥരും ഇന്ന് യൂണിവേഴ്സിറ്റികളിൽ ഗസറ്റഡ് ഓഫീസർമാരായും സെക്ഷൻ ഓഫീസർമാരായും ജോലിയെടുക്കുന്നുവെന്നുള്ളതാണ് വളരെ വിചിത്രമായ കാര്യം. ആ ആളുകൾ തന്നെയാണ് ഈ ക്രമക്കേടിന്റെ പിറകിലെന്ന് വ്യാപകമായ ആരോപണം

വന്നിരിക്കുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ കേട്ടുകേൾവിയില്ലാത്ത സംഭവങ്ങളാണ് നടക്കുന്നത്. ആയിരം കിലോ സ്വർണ്ണക്കള്ളക്കടത്ത് നടത്തിയ പ്രതിയുടെ വീട്ടിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ അന്വേഷിച്ച് പോയപ്പോൾ അവിടെ സ്വർണ്ണമല്ല, കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരപേപ്പറാണ് കിട്ടിയത്. കുത്തുകേസ് പ്രതിയുടെ വീട്ടിൽ കേരള പോലീസ് പോയാൽ അവിടെ കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരക്കടലാസ്. പി.എസ്.സി. തട്ടിപ്പുകേസിലെ പ്രതിയുടെ വീട്ടിൽ കേരള പോലീസ് പോയാൽ അവിടെ കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരക്കടലാസ്. കേരള പോലീസ് ഈ നാട്ടിലെ ഏത് കൊള്ളരുതാത്തവന്റെ വീട്ടിൽ ഏത് കേസ് അന്വേഷിച്ച് പോയാലും അവിടെയെല്ലാം കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരപേപ്പർ കണ്ടുകിട്ടുന്നു. ബഹുമാന്യനായ മന്ത്രി ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതല ഏറ്റെടുത്തശേഷം ഇത്തരത്തിൽ കേരള പോലീസിനെയും വിദ്യാഭ്യാസവകുപ്പിനെയും സംയോജിപ്പിച്ചിരിക്കുകയാണ്. ഏതു കേസ് അന്വേഷിച്ചുപോയാലും ഇത്തരത്തിൽ ഉത്തരക്കടലാസുകൾ കിട്ടും. കേരള യൂണിവേഴ്സിറ്റിയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അങ്ങനെയുള്ളവയാണ്. നാളെ പരീക്ഷാ കൺട്രോളറെ നിയമിക്കാൻവേണ്ടി ഇന്റർവ്യൂ ക്ഷണിച്ചിരിക്കുകയാണ്. ആ ഇന്റർവ്യൂവിന് ക്ഷണിച്ചിരിക്കുന്ന, അല്ലെങ്കിൽ അപേക്ഷ കൊടുത്തിരിക്കുന്ന ആളുകൾ ആരാണെന്നുപോലും രഹസ്യമാക്കി വച്ചിരിക്കുകയാണ്. സാധാരണ ചട്ടമനുസരിച്ച് പത്തുവർഷത്തെ അദ്ധ്യയന പരിചയവും അഞ്ചുവർഷത്തെ സൂപ്പർവൈസറി പരിചയവുമുള്ള യൂണിവേഴ്സിറ്റി പ്രൊഫസർമാരെയും കോളേജ് പ്രിൻസിപ്പാൾമാരെയുമാണ് പരീക്ഷാ കൺട്രോളർമാരായി നിയമിക്കാറുള്ളത്. എന്നാൽ വെറും അസിസ്റ്റന്റ് പ്രൊഫസറായ സി.പി.ഐ.(എം.) സംഘടനാ നേതാവിനെ എല്ലാ കീഴ്വഴക്കങ്ങളും ചട്ടങ്ങളും ലംഘിച്ച് പരീക്ഷാ കൺട്രോളറാക്കാൻ പോകുകയാണ്. നാളെ നടക്കുന്ന പരീക്ഷാ കൺട്രോളർക്കുവേണ്ടിയുള്ള ഇന്റർവ്യൂവിൽ പരീക്ഷാ കൺട്രോളറാകാൻ പോകുന്നത് ആരാണെന്ന് എനിക്ക് ഇന്ന് പറയാൻ സാധിക്കും. എനിക്ക് മാത്രമല്ല യൂണിവേഴ്സിറ്റിയിൽ പോയി അവിടത്തെ ഏത് സെക്യൂരിറ്റിക്കാരനോട് ചോദിച്ചാലും പറയും നാളത്തെ പരീക്ഷാ കൺട്രോളറുടെ ഇന്റർവ്യൂവിൽ, ഇന്റർവ്യൂ പാസ്സായി പരീക്ഷാ കൺട്രോളറാകാൻ പോകുന്നത് ആരാണെന്നുള്ളത്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റോജി എം. ജോൺ: സർ, ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകനായിട്ടുള്ള, ഒരു അസിസ്റ്റന്റ് പ്രൊഫസർ മാത്രമായ ഈ വ്യക്തി തന്നെയാണ് സിൻഡിക്കേറ്റിന്റെ പരീക്ഷാ കൺവീനറായിരുന്ന കാലത്ത് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ക്രമക്കേടുകൾ നടന്നിരിക്കുന്നതെന്നും വളരെ പ്രസിദ്ധമായിട്ടുള്ള കാര്യമാണ്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. റോജി എം. ജോൺ: സർ, പരീക്ഷയിൽ ആവർത്തിച്ച് തോൽക്കുന്ന ആളുകളോട് മനുഷ്യത്വപരമായി പെരുമാറി മാർക്കുകൊടുത്ത് വിജയിപ്പിക്കുന്ന മന്ത്രിയുടെ സമീപനം ഇന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നയമായി മാറാൻ പോകുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള ആളുകളെ പരീക്ഷാ കൺട്രോളറാക്കി വയ്ക്കുന്നത്. അവരെ പരീക്ഷാ കൺട്രോളറാക്കിയാൽ പിന്നെ മറ്റെല്ലാവർക്കും യൂസർ ഐ.ഡി.യും പാസ്‌വേർഡും കൊടുക്കേണ്ട കാര്യമില്ല. വളരെ സെൻട്രലൈസ്ഡായി ഒരാൾക്കുതന്നെ ഇത് നടത്താനാകും. യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ പാർട്ടിഭരണമാണ് നടക്കുന്നത്. ചില സിൻഡിക്കേറ്റ് അംഗങ്ങളാണ് വൈസ് ചാൻസലറുടെ മുറിയിലിരുന്ന് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, കൺക്ലൂഡ് ചെയ്യൂ.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. സർവ്വകലാശാലയുടെ ഉന്നതതല യോഗങ്ങളിൽപ്പോലും സീനിയറായ പ്രൊഫസർമാരും പ്രിൻസിപ്പാൾമാരും വൈസ് ചാൻസലറോട് ചോദ്യം ചോദിച്ചാൽ മറുപടി പറയുന്നത് ഒരു സിൻഡിക്കേറ്റ് അംഗമാണ്. ഈ സിൻഡിക്കേറ്റ് അംഗം രാവിലെ വൈസ് ചാൻസലറുടെ ഓഫീസിലും ഉച്ചയ്ക്കുശേഷം ഏതൊക്കെ ഓഫീസുകളിൽ നിരങ്ങുന്നുവെന്നുമുള്ളത് യൂണിവേഴ്സിറ്റിയിൽ ആരോട് ചോദിച്ചാലുമറിയാം. മന്ത്രിയുടെ ഓഫീസിലും പാർട്ടി ഓഫീസുകളിലും നിരങ്ങുന്നുവെന്നുള്ളത് യൂണിവേഴ്സിറ്റിയിലെ എല്ലാവർക്കും വ്യക്തമായി അറിയാവുന്ന കാര്യമാണ്. ഈ യൂണിവേഴ്സിറ്റി അംഗത്തിന്റെ സഹോദരൻ ഒരു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പാളാണ്. അദ്ദേഹത്തിന്റെ മകന് ബി.ടെക് പരീക്ഷയിൽ 49 മാർക്ക് ഗ്രേസ് മാർക്കായി നൽകിയിട്ടും വിജയിച്ചില്ല. അങ്ങനെ വിജയിക്കാതിരുന്ന വിദ്യാർത്ഥിയെ ഏതോ പ്രോജക്ട് അവതരിപ്പിച്ചു എന്നതിന്റെ പേരിൽ അദ്ദേഹത്തിന് കൂടുതൽ ഗ്രേസ് മാർക്ക് നൽകണമെന്ന് സിൻഡിക്കേറ്റ് മെമ്പറുടെ ആവശ്യപ്രകാരം ശിപാർശ ചെയ്തിരിക്കുകയാണ്. ആ ശിപാർശ വിവാദമായപ്പോൾ അത് പിൻവലിക്കുകയാണുണ്ടായത്. വിചിത്രമെന്ന് പറയട്ടെ, ആ വിദ്യാർത്ഥിയുടെ അച്ഛനായ, ഈ സിൻഡിക്കേറ്റ് മെമ്പറുടെ സഹോദരനെയാണ് ഇപ്പോൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ പ്രോ-വൈസ് ചാൻസലറായി നിയമിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. റോജി എം. ജോൺ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. 'ലജ്ജ കൊണ്ട് പാതാളത്തോളം തല താഴ്ന്നുപോകുന്നു' എന്ന് അങ്ങ് പറഞ്ഞിരുന്നു. ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കേട്ടാൽ അങ്ങയുടെ തല പാതാളത്തിനുതാഴെ ഇനി ഏതെങ്കിലും സ്ഥലമുണ്ടെങ്കിൽ അവിടെ കൊണ്ടുവയ്ക്കേണ്ട അവസ്ഥയിലാണ്.

ഈ നിയമസഭയുടെ മൂക്കിനുതാഴെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൂത്തരങ്ങായി, സ്വജനപക്ഷപാതത്തിന്റെ കേന്ദ്രമായി കേരള യൂണിവേഴ്സിറ്റി മാറിയിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. നമ്മുടെ നാടിന്റെ അഭിമാനമായ ഈ യൂണിവേഴ്സിറ്റി ഇന്നൊരു പാർട്ടി ഓഫീസായി മാറി എന്നുള്ള കാര്യമാണ് നമുക്ക് ബോധ്യപ്പെടുന്നത്. ഈ യൂണിവേഴ്സിറ്റി നടത്തുന്ന ഒരന്വേഷണത്തിലും ഇപ്പോൾ ആർക്കും വിശ്വാസമില്ല.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.... കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. റോജി എം. ജോൺ: സർ, ഇവർ നിയമിച്ചിരിക്കുന്നത് മുഴുവൻ പാർട്ടിയുടെ ആളുകളായതിനാൽ ഈ അന്വേഷണത്തെ സംബന്ധിച്ച് യാതൊരു വിശ്വാസവുമില്ല. ഇവരുടെ അന്വേഷണം പൂർത്തിയായി, ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചാൽ ഒരു സംശയവും വേണ്ട, 'എന്റെ മിടുക്ക് കൊണ്ടാണ് ഞാൻ ഈ ക്രമക്കേട് നടത്തിയത് എന്ന് അവർ പുറത്തിറങ്ങിയിട്ട് പറയും. കുത്തു കേസിലെ പ്രതി കോപ്പിയടിച്ചത് എന്റെ മിടുക്ക് കൊണ്ടാണ് എന്നുപറഞ്ഞതു പോലെ ഈ കേസിലെ പ്രതികളും അത്തരത്തിൽത്തന്നെ പറയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാന്യനായ മന്ത്രി ഉന്നതവിദ്യാഭ്യാസത്തിന്റെ ചുമതല ഏറ്റെടുത്തതുമുതൽ കേരളത്തിലെ വിദ്യാഭ്യാസത്തെ വെറുമൊരു അഭ്യാസമാക്കി മാറ്റി എന്നുള്ളതാണ് ഇപ്പോൾ നമ്മൾ മനസ്സിലാക്കുന്നത്. ഒരു സ്വതന്ത്രമായ അന്വേഷണം ഇവിടെ ആവശ്യമാണ്. അതുകൊണ്ട് ഈ വിഷയം നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള സർവ്വകലാശാലയുടെ കരിയർ റിലേറ്റഡ് കോഴ്സുകളായ Bachelor of Business Administration (BBA), Bachelor of Computer Application (BCA) എന്നിവയുടെ പരീക്ഷയുമായി ബന്ധപ്പെട്ട് പാസ്ബോർഡ് തീരുമാനത്തിൽനിന്ന് വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകിയും കൂടുതൽ മാർക്ക് കൂട്ടിച്ചേർത്തും ചില കേസുകളിൽ മാർക്കിൽ കുറവ് വരുത്തിയും നടത്തിയ ഈ കുറ്റകൃത്യത്തെ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇത്തരം ഗൗരവമാർന്ന പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതകളെ സംബന്ധിച്ച് പരീക്ഷാ കൺട്രോളർ '2016, നവംബർ 19-ന് വൈസ് ചാൻസലർക്ക് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ, അന്ന് ബന്ധപ്പെട്ട അധികാരികൾ പുലർത്തിയ ഉത്തരവാദിത്വമില്ലായ്മയും ജാഗ്രതക്കുറവുമാണ് ഇത്തരത്തിലുള്ള തിരിമറിയുണ്ടാകുന്നതിന് കാരണമായത്. ഡേറ്റ് പ്രത്യേകം ഓർത്തിരിക്കണം. നിലവിലുള്ള ഭരണനേതൃത്വവും വൈസ് ചാൻസലറും നിർദ്ദേശിച്ചപ്രകാരം കേരള സർവ്വകലാശാലതന്നെ നടത്തിയ

അന്വേഷണത്തിലാണ് ഇപ്പോൾ പുറത്തുവന്ന കുറ്റകൃത്യം കണ്ടെത്തിയത് എന്നുള്ളത് ശ്രദ്ധേയമാണ്. ഈ കുറ്റകൃത്യത്തിൽ ഭാഗഭാക്കായവർ എത്ര ഉന്നതരായാലും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് കർശന ശിക്ഷ ഉറപ്പാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ഭരണപരമായ പിഴവുകൾ, ക്രമക്കേടുകൾ, വീഴ്ചകൾ എന്നിവ കണ്ടെത്തുന്നതിന് ഇതിനകംതന്നെ വൈസ് ചാൻസലർ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രാഥമികാന്വേഷണത്തിന്റെ വെളിച്ചത്തിൽ മാർക്കുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന്റെ ചുമതല യുണ്ടായിരുന്ന ഡെപ്യൂട്ടി രജിസ്ട്രാറെ സസ്പെന്റ് ചെയ്തിട്ടുമുണ്ട്. സോഫ്റ്റ്‌വെയറിൽ പിഴവുകളുണ്ടെങ്കിൽ കണ്ടെത്തുന്നതിനായി ഐ.ടി., കംപ്യൂട്ടർ വിദഗ്ദ്ധരെ ഉൾപ്പെടുത്തി മറ്റൊരു അന്വേഷണ സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം നാളിതുവരെ നേടിയെടുത്ത മുന്നേറ്റങ്ങളുടെ ശോഭ കെടുത്തുന്ന കൃത്യമായി സർക്കാർ ഈ വിഷയത്തെ കാണുന്നു. കേവലം രാഷ്ട്രീയ തർക്ക-വിതർക്കങ്ങൾക്കുപരിയായി ഇതിൽ കുറ്റക്കാരായവരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുമ്പോൾ, സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങളുടെ പേരിൽ സർവ്വകലാശാലയെ കരി വാരിത്തേയ്ക്കാൻ ശ്രമിക്കുന്നത് ഉചിതമല്ലെന്ന് ബന്ധപ്പെട്ടവർ തിരിച്ചറിയുന്നത് നന്നാകും. ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണത്തിനു പുറമെ, ഗുരുതരമായ കുറ്റകൃത്യമായിക്കണ്ട് ക്രൈംബ്രാഞ്ച് അന്വേഷണത്തിനും സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ട്. നിഷ്പക്ഷമായും സമയബന്ധിതമായും ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. സർവ്വകലാശാല സ്വയംഭരണ സ്ഥാപനമായതിനാൽ അതിന്റെ ഭരണ നടപടിക്രമങ്ങൾ സർക്കാരിന്റെ പൂർണ്ണമായ നിയന്ത്രണത്തിലല്ല. എന്നാൽ ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ സുശക്തമായ നടപടികൾക്ക് സർക്കാർ എല്ലാ പിന്തുണയും നൽകുന്നതാണ്. അന്വേഷണം നേരായ വഴിയിൽ നിൽക്കുന്ന ഈ ഘട്ടത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ലെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ ദൗർഭാഗ്യകരമായിപ്പോയി. അദ്ദേഹം ഇവിടെ ഉന്നയിച്ച ഒരു കാര്യത്തിനും മറുപടി പറഞ്ഞില്ല. കേരള യൂണിവേഴ്സിറ്റിയെ ആരോ കരി

വാരിത്തേയ്ക്കാൻ ശ്രമിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. ഇനി ഏത് കരിയാണ് വാരിത്തേയ്ക്കേണ്ടത് എന്നുള്ളതാണ് സംശയം. മുഖത്തുമാത്രമല്ല, കേരള യൂണിവേഴ്സിറ്റിയിൽ മുഴുവൻ കരികൊണ്ട് ആറാട്ട് നടന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഇത് ഞങ്ങളാണോ കൊണ്ടുവന്നത്? കേരളത്തിലെ എല്ലാ മാധ്യമങ്ങളും യൂണിവേഴ്സിറ്റികളിൽ നടക്കുന്ന ഗുരുതരമായ തട്ടിപ്പുകളെയും അഴിമതികളെയും സ്വജനപക്ഷപാതത്തെയും ചൂണ്ടിക്കാണിക്കുകയാണ്. ആ കാര്യങ്ങൾ ഞങ്ങളിവിടെ സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ കൊണ്ടാണോ ഉന്നയിക്കുന്നത്? സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് ഇത് ഉപയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെയാണോ? എം.ജി. യൂണിവേഴ്സിറ്റിയിലും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും നടന്ന മാർക്കുദാനം, കേരള യൂണിവേഴ്സിറ്റിയിലെ ക്രമക്കേടുകൾ തുടങ്ങിയവയെല്ലാം പുറത്തുവന്നത് സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ കൊണ്ടാണോ? മഹത്തായ കേരള യൂണിവേഴ്സിറ്റിയെ കരി വാരിത്തേച്ചത് ബഹുമാനപ്പെട്ട മന്ത്രിയും ഈ ഭരണകൂടവുമാണ് എന്നുള്ളതാണ് യാഥാർത്ഥ്യം. "യഥാ രാജാ തഥാ പ്രജാ" എന്നൊരു ചൊല്ലുണ്ട്. അതായത്, രാജാവ് എങ്ങനെയാണോ അതുപോലെയായിരിക്കും പ്രജകൾ. രാജാവ് നീതിമാനാണെങ്കിൽ പ്രജകളും നീതിയെ മുറുകെപ്പിടിക്കുന്നവരായിരിക്കും. രാജാവ് തിരിമറിക്കാരനാണെങ്കിൽ പ്രജകൾ അതിനുമപ്പുറത്തെ തിരിമറിക്കാരായിരിക്കും എന്നുള്ളതാണ് വസ്തുത. ഇവിടെയും അതാണ് സംഭവിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ തോറ്റ ഒരു കുട്ടിക്ക് ചട്ടം ലംഘിച്ച് മാർക്ക് കൂട്ടിയിട്ടുകൊടുക്കുക മാത്രമല്ല, അത് വലിയ മഹത്വമായി കൊട്ടിഘോഷിച്ച് നടക്കുകയും ചെയ്യുന്നു. അങ്ങനെ മാർക്ക് കൂട്ടി കൊടുക്കുമ്പോൾ താഴെത്തട്ടിലുള്ള ജീവനക്കാരും മാർക്ക് കൂട്ടി കൊടുത്താൽ അവരെ എങ്ങനെ തെറ്റ് പറയാൻ കഴിയും? എം.ജി. സർവ്വകലാശാലയിൽ മാർക്ക് കുംഭകോണവും കേരള സർവ്വകലാശാലയിൽ ഇപ്പോൾ പുറത്തുവന്നിരിക്കുന്ന മാർക്ക് തിരിമറിയും തമ്മിൽ അടിസ്ഥാനപരമായി വലിയ വ്യത്യാസമൊന്നുമില്ല. എം.ജി. സർവ്വകലാശാലയിൽ, ബി.ടെക്. പരീക്ഷ തോറ്റ് സപ്ലിമെന്ററി പരീക്ഷ എഴുതിയിട്ടും ജയിക്കാത്ത കുട്ടികളെ മാർക്ക് കൂട്ടിയിട്ട് വിജയിപ്പിക്കുകയാണ് ചെയ്തത്. കേരള സർവ്വകലാശാലയിലും അതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. 2016-ൽ B.Com., BBA, B.Sc., BCA തുടങ്ങിയ പരീക്ഷകളിൽ പലതവണ തോൽക്കുകയും സപ്ലിമെന്ററി പരീക്ഷ എഴുതിയിട്ടും ജയിക്കാതിരിക്കുകയും ചെയ്തിട്ടുള്ള കുട്ടികളെയാണ് മാർക്ക് കൂട്ടിയിട്ട് വിജയിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്? രണ്ടിടത്തും ഒരേ തട്ടിപ്പാണ് നടന്നിട്ടുള്ളത് പ്രൊസീഡ്യുവറിൽ മാത്രമേ വ്യത്യാസമുള്ളൂ. കോട്ടയത്ത്, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ആഭിമുഖ്യത്തിൽ, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് മാർക്ക് കൂട്ടിക്കൊടുക്കാൻ അദാലത്ത് തീരുമാനിച്ചത്. കേരള സർവ്വകലാശാലയിൽ മന്ത്രിയുടെ മനസ്സ് വായിച്ചതുപോലെ ജീവനക്കാർ അത്

ചെയ്തുവെന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. കോട്ടയത്ത് എം.ജി. സർവ്വകലാശാലയുടെ അദാലത്തിൽ പ്രൈവറ്റ് സെക്രട്ടറിയുടെ അഭിലാഷമനുസരിച്ച് മാർക്ക് കൂട്ടിയിട്ട് കൊടുക്കാൻ തീരുമാനിച്ചു. സെനറ്റിൽ അതിനുള്ള അംഗീകാരം വാങ്ങി. കേരള സർവ്വകലാശാല ആ പൊല്ലാപ്പിനൊന്നും പോയില്ല, നേരിട്ട് ജീവനക്കാർ തന്നെ മോഡറേഷൻ കൂട്ടിയിട്ട് കൊടുത്തു. സത്യത്തിൽ മന്ത്രി ചെയ്ത കാര്യങ്ങൾ ജീവനക്കാർ അതേപടി തുടരുകയാണ് ചെയ്തത് എന്നുള്ളതാണ് വിചിത്രമായ കാര്യം. "ഞാൻ മാനുഷിക പരിഗണന വച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്" എന്നാണ് ബഹുമാനപ്പെട്ട മന്ത്രി എത്രയോ സന്ദർഭങ്ങളിൽ പത്രസമ്മേളനങ്ങളിൽ വികാരാധീനനായി പറഞ്ഞത്. 2016 മുതൽ പലതവണ പരീക്ഷകൾ എഴുതിയിട്ടും ജയിക്കാൻ വഴികാണാതിരുന്ന കുട്ടികളെയാണ് ജീവനക്കാർ വിജയിപ്പിച്ചത്. മന്ത്രി മാതൃകയായി കാട്ടിയ മാനുഷിക പരിഗണന കേരള യൂണിവേഴ്സിറ്റിയിലെ ജീവനക്കാരും കാട്ടി എന്നുപറഞ്ഞാൽ അതിശയോക്തിയാകില്ല. മന്ത്രിക്ക് മാനുഷിക പരിഗണനയാകാമെങ്കിൽ ജീവനക്കാർക്ക് അത് പാടില്ല എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഈ തട്ടിപ്പ് കണ്ടെത്തിയത് തങ്ങളാണെന്നും ശുദ്ധീകരണ പ്രക്രിയയാണ് നടക്കുന്നതെന്നും സർവ്വകലാശാല പത്രക്കുറിപ്പിൽ പറയുന്നു. പക്ഷേ സർവ്വകലാശാലയല്ല, സത്യസന്ധരായ ചില കുട്ടികളാണ് ഈ വാർത്തകൾ പുറത്തുകൊണ്ടുവന്നത്. 2016-ൽ പരീക്ഷ എഴുതി തോൽക്കുകയും 2017, 2018 വർഷങ്ങളിൽ വീണ്ടും പരീക്ഷ എഴുതിയിട്ടും ജയിക്കാതിരിക്കുകയും ചെയ്ത കുട്ടികൾ ഒരിക്കൽക്കൂടി പരീക്ഷ എഴുതാൻ ശ്രമിച്ചു. ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞതുപോലെ, അവർ ഫീസ് അടയ്ക്കാൻ ചെന്നപ്പോൾ, നിങ്ങൾ ജയിച്ചിരിക്കുകയാണെന്നും ഫീസ് അടയ്ക്കേണ്ട കാര്യമില്ലെന്നും പരീക്ഷ എഴുതേണ്ട കാര്യമില്ലെന്നും നിങ്ങൾക്കെല്ലാവർക്കും ഡിഗ്രി സർട്ടിഫിക്കറ്റ് വാങ്ങി പോകാമെന്നുമാണ് യൂണിവേഴ്സിറ്റിയിൽനിന്ന് അവരോട് പറഞ്ഞത്. അപ്പോൾ ആ കുട്ടികൾ അന്തംവിട്ടുപോയി. തങ്ങൾ തോറ്റെന്നാണ് കുട്ടികൾ പറയുന്നത്. എന്നാൽ സർവ്വകലാശാല പറയുന്നത്, അല്ല, നിങ്ങൾ ജയിച്ചു, ഡിഗ്രി സർട്ടിഫിക്കറ്റ് വാങ്ങി പോകണമെന്നാണ്. ഈ ഒരവസ്ഥ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇത് കേരള യൂണിവേഴ്സിറ്റിയെ കരി വാരിത്തേയ്ക്കാനാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. കേരള സർവ്വകലാശാലയെ കരിവാരിത്തേയ്ക്കാനാണോ ഞങ്ങളിത് പറയുന്നത്? 2016-ൽ തന്നെ അവർ പരീക്ഷയിൽ ജയിച്ചു എന്നാണ് ഇന്ന് സർവ്വകലാശാലാ ജീവനക്കാർ സിസ്റ്റം നോക്കി പറയുന്നത്. അപ്പോൾ 2017-ലും 2018-ലും തോറ്റതായി കാണിക്കുന്ന അവരുടെ കയ്യിലിരിക്കുന്ന മാർക്ക് ലിസ്റ്റോ? ആ കുട്ടികൾ മാർക്ക് ലിസ്റ്റുകൾ കാണിച്ച് തങ്ങൾ തോറ്റതാണെന്ന് പറഞ്ഞു. അപ്പോഴും ജീവനക്കാർ പറഞ്ഞത്, അല്ല, റിക്കോർഡ് പ്രകാരം നിങ്ങൾ

ജയിച്ചവരാണ്, അതിനാൽ ഡിഗ്രി സർട്ടിഫിക്കറ്റ് വാങ്ങി പോകാനാണ് അവരോട് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ഡേറ്റ് പറഞ്ഞു. അദ്ദേഹം പറഞ്ഞ ഡേറ്റ് 2016 നവംബർ ആണെന്നാണ്. 2016 നവംബറിലാണെങ്കിൽ, പ്രൊഫ. സി. രവീന്ദ്രനാഥാണ് കേരളത്തിലെ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള കാര്യം ഡോ. കെ. ടി. ജലീൽ മറന്നുപോകരുത്. അന്നത്തെ മന്ത്രി യു.ഡി.എഫ്.-ന്റെ മന്ത്രിയല്ല. പ്രൊഫ. സി. രവീന്ദ്രനാഥിന്റെ കാലത്ത് ഇതുപോലുള്ള സംഭവങ്ങൾ യൂണിവേഴ്സിറ്റികളിൽ ഉണ്ടായിട്ടില്ല. അങ്ങത് മനസ്സിലാക്കണം. അങ്ങ് യൂണിവേഴ്സിറ്റിയെ കുളംതോണ്ടുകയാണ്. പ്രൊഫ. സി. രവീന്ദ്രനാഥിന്റെ കാലത്ത് ഇങ്ങനെ ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങൾ പറയുമായിരുന്നു. 'യൂണിവേഴ്സിറ്റിയുടെ പരിസരത്തുകൂടി എനിക്ക് പോകണ്ടേ' എന്നാണ് മന്ത്രി പറയുന്നത്. പരീക്ഷാ തീയതികൾ നിശ്ചയിക്കുന്നതിൽ മന്ത്രിക്ക് എന്താണ് അധികാരം; അദാലത്തുകളിൽ മാർക്ക് കൂട്ടിക്കൊടുക്കുന്നതിന് മന്ത്രിക്ക് എന്ത് അധികാരം; തോറ്റ കുട്ടികളെ വിജയിപ്പിക്കാൻ മാർക്ക് കൂട്ടിക്കൊടുക്കുന്നതിൽ മന്ത്രി ഇടപെട്ടത് എന്തടിസ്ഥാനത്തിലാണ്? ഉന്നത വിദ്യാഭ്യാസ മേഖലയെ കുളം തോണ്ടുന്ന നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയെപ്പറ്റി പരമ്പരകൾ വന്നല്ലോ. മലയാള മനോരമ അടക്കമുള്ള എല്ലാ പത്രങ്ങളിലും കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി പരമ്പരകൾ വന്നു. അഞ്ച് മാർക്ക് കൂട്ടിയിട്ടുകൊടുത്ത എം.ജി. സർവ്വകലാശാലയിലെ ദുരന്ത സംഭവത്തിൽ മാർക്ക് പിൻവലിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു. എന്നാൽ ഇതുവരെ പിൻവലിച്ചിട്ടില്ല. കാരണം, അതിനുള്ള അധികാരം സിൻഡിക്കേറ്റിനില്ല. ബഹുമാനപ്പെട്ട ഗവർണർക്ക് മാത്രമേ കൊടുത്ത ഡിഗ്രി തിരിച്ചെടുക്കാൻ കഴിയൂ. അതാണ് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്. ഞാൻ ഗവർണർക്ക് കത്ത് കൊടുത്തിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ തീരുമാനം നിലനിൽക്കില്ല. ഈ കുട്ടികൾ കോടതിയിൽ പോയാൽ അവർക്ക് രക്ഷയുണ്ടാകും. കോടതിയിൽ നിന്നും അവർക്ക് രക്ഷനേടാനുള്ള നടപടി മാത്രമാണിത്. അവിടെയും കള്ളക്കളിയാണ്. കേരള സർവ്വകലാശാലയിലെ ഏതാനും വിരുതന്മാരുടെ തട്ടിപ്പായി മാത്രം നമുക്ക് ഇതിനെ കാണാൻ കഴിയില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായ ജീർണ്ണതയുടെ ഫലമാണിത്. വിദ്യാഭ്യാസരംഗം ഇതുപോലെ കുത്തഴിഞ്ഞ ഒരു കാലഘട്ടമുണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഇത് എന്തുകൊണ്ട് ഗവൺമെന്റ് ഗൗരവമായി കാണുന്നില്ല? പി.എസ്.സി.-യിൽ നടന്ന തട്ടിപ്പിലും അതുതന്നെയല്ലേ സംഭവിച്ചത്? യൂണിവേഴ്സിറ്റി കുത്തുകേസിലെ പ്രതികളായ മൂന്ന് പേരിൽ മാത്രമായി തട്ടിപ്പ് ഒതുക്കി അവസാനിപ്പിച്ച് കുറ്റപത്രംപോലും സമയത്ത് നൽകാതെ പ്രതികൾ ജാമ്യത്തി ലിറങ്ങിയതും നമ്മൾ കണ്ടതാണ്. ഇന്ന് കേരള പോലീസ് അന്വേഷിക്കുന്ന എല്ലാ കേസിലും അന്വേഷണത്തിന്റെ അവസാനം കേരള സർവ്വകലാശാലയിലെ

ഉത്തരകടലാസുകൾ പ്രതികളുടെ വീടുകളിൽനിന്നും കണ്ടെടുക്കുന്നു എന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. 1970-കളിൽ നടന്ന മാർക്ക് തട്ടിപ്പാണ് കേരള സർവ്വകലാശാലയിൽ നടന്ന ഗുരുതരമായ തട്ടിപ്പ്. അന്ന് മാർക്ക് ഷീറ്റുകൾ പുറത്തു കൊണ്ടുപോയി കൃത്രിമമായി മാർക്കിട്ട് ഒപ്പും സീലും പതിപ്പിച്ച് എം.ബി.ബി.എസ്. പ്രവേശനം തരപ്പെടുത്തുകയാണുണ്ടായത്. അന്ന് സർവ്വകലാശാലയിലെ രേഖകളിൽ കൃത്രിമമുണ്ടായിട്ടില്ല. 2008-ൽ സർവ്വകലാശാലാ അസിസ്റ്റന്റ് പരീക്ഷയിലുണ്ടായ ക്രമക്കേടുകൾ സൂചിപ്പിക്കുന്നത് എന്താണ്? സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ തെറ്റുകളെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ കേരള സർവ്വകലാശാലയിൽ മാത്രമല്ല മറ്റെല്ലാ സർവ്വകലാശാലകളിലും ക്രമക്കേടുകളുടെ കുത്തൊഴുക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എല്ലാ സർവ്വകലാശാലകളുടേയും നിയന്ത്രണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ഒന്നിനും കൊള്ളാത്ത ആളുകളെ വൈസ് ചാൻസിലർമാരും പ്രോ-വൈസ് ചാൻസിലർമാരും രജിസ്ട്രാർമാരും പരീക്ഷ കൺട്രോളറുമാരുമൊക്കെയായി നിയമിച്ചാൽ ഇതായിരിക്കും ഉണ്ടാകുന്നത്. കേരള സർവ്വകലാശാല രൂപീകരിച്ചപ്പോൾ ആദ്യത്തെ പ്രോ-വൈസ് ചാൻസിലറായി കൊണ്ടുവരാൻ സർ സി. പി. രാമസ്വാമി അയ്യർ ശ്രമിച്ചത് ആൽബർട്ട് ഐൻസ്റ്റീനെ ആയിരുന്നു എന്നൊരു വിവരം എനിക്ക് പഴയകാല റിക്കോർഡുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അത്രയും ഉന്നതരായ വ്യക്തികളെ നിയമിക്കാൻ ആലോചിച്ച ഒരു സംസ്ഥാനമാണ് കേരളം. സർവ്വകലാശാലകളുടെ സ്വതന്ത്ര സ്വഭാവവും അവരുടെ അധികാരങ്ങളും നിലനിർത്താനാണ് എല്ലാ ഗവൺമെന്റുകളും ശ്രമിക്കേണ്ടത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ അന്തകനായി മാറിയിരിക്കുന്നുവെന്ന് എനിക്ക് പറയേണ്ടി വരികയാണ്. അത്തരത്തിലൊരു ദുഃഖകരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, 'എമ്പ്രാൻ അല്പം കട്ട് ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്നുപറയുന്ന ഒരു ചൊല്ല് എന്തുകൊണ്ടോ അറിയാതെ ഞാൻ ഇവിടെ ഓർത്തുപോകുകയാണ്. വളരെ ദയാവായ്പുള്ള ഒരാളാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി. കാരണം, അദ്ദേഹം പറഞ്ഞിട്ടുള്ളത് മാനുഷിക പരിഗണന നൽകി ചില ആളുകളെയൊക്കെ ജയിപ്പിച്ചു എന്നാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ പാവം എന്നുപറഞ്ഞാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരല്ല. അദ്ദേഹത്തിന് പാവം തോന്നുന്നവരെയൊക്കെ അദ്ദേഹം മാനുഷികമായി പരിഗണിക്കും.

ഒരു പൂവ് ചോദിച്ചാൽ ഒരു പൂന്തോട്ടം തന്നെ മാർക്കിന്റെ കാര്യത്തിൽ കൊടുക്കുന്ന മന്ത്രി കേരളത്തിലുള്ളപ്പോൾ താഴെത്തട്ടിലുള്ളവർ ഞങ്ങളൊരു പൂച്ചട്ടിയെങ്കിലും കൊടുത്തില്ലെങ്കിൽ മോശമല്ലേ എന്ന് കരുതുന്നത് സ്വാഭാവികമാണ്. Choice Based Credit Semester System (CBCSS) restructured ആയിട്ട് B.A, B.Com, BBA, BCA പരീക്ഷകളിലാണ് നടന്നിരിക്കുന്നത്. 2016 ജൂൺ 16 മുതൽ 2019 ജനവരി വരെ നടന്ന പതിനാറ് പരീക്ഷകളിലാണ് ക്രമക്കേട് നടന്നിരിക്കുന്നത്. രണ്ട് മുതൽ ആറ് മാർക്ക് വരെ മോഡറേഷൻ നൽകാനായിരുന്നു സർവ്വകലാശാല തീരുമാനം. അതനുസരിച്ച് ആ മോഡറേഷൻ കൊടുത്തിട്ടുമുണ്ട്. അതിന്റെ ഫലവും പ്രഖ്യാപിച്ചു, മാർക്ക് ലിസ്റ്റും വാങ്ങി, അവർ വീണ്ടും പരീക്ഷയെഴുതി. എന്നാൽ മോഡറേഷന് പുറമേ പിന്നീട് 4 മുതൽ 8 മാർക്ക് വരെ അനർഹമായി നൽകി. തോറ്റ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിൽ മാത്രമാണ് മോഡറേഷൻ മാർക്ക് കൂട്ടിയിട്ടിരിക്കുന്നത്. BBA-ക്ക് 8 മാർക്കുള്ള മോഡറേഷൻ 10 ആയി ഉയർത്തിയപ്പോൾ 129 വിദ്യാർത്ഥികളാണ് ജയിച്ചത്. BCA-ക്ക് 6 മാർക്ക് 8 ആക്കിയപ്പോൾ ജയിച്ചത് ഏകദേശം 60 വിദ്യാർത്ഥികളാണ്. നമ്മുടെ നാട്ടിൽ മിടുക്കന്മാർ കൂടിക്കൂടി വരികയാണ്. കോപ്പിയടിച്ചത് ഞങ്ങളുടെ മിടുക്ക് എന്നുപറയുന്ന മിടുക്കന്മാരും മാർക്ക് കൂട്ടിയിട്ടത് ഞങ്ങളുടെ മിടുക്ക് എന്നുപറയുന്ന കുറേ ഉദ്യോഗസ്ഥരും സർവ്വകലാശാലകളിൽ മിടുക്കന്മാരായി ഉണ്ടാകും. ഏതായാലും ഇപ്പോഴത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വന്നതോടുകൂടി കേരളത്തിൽ മിടുക്കന്മാരുടെ എണ്ണം കൂടിക്കൂടി വരികയാണ്. ഈ മോഡറേഷൻ മാർക്ക് രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ തന്നെയാണ് മാർക്ക് കൂട്ടിയിടാനും ഉപയോഗിച്ചിരിക്കുന്നത്. ഇപ്പോൾ പറയുന്നത് കമ്പ്യൂട്ടറിന്റെ കുഴപ്പമാണെന്നാണ്. ഏതായാലും ക്രൈംബ്രാഞ്ച് ഈ കമ്പ്യൂട്ടറിനെ അറസ്റ്റ് ചെയ്യണം. കമ്പ്യൂട്ടറാണ് കുഴപ്പം, അല്ലാതെ അതിൽ യൂസർ നെയിമും പാസ്‌വേർഡുമൊന്നും ഉപയോഗിച്ചവരല്ല. ഇപ്പോൾതന്നെ സസ്പെൻഷനിലായ ഡെപ്യൂട്ടി രജിസ്ട്രാർ തുറന്നുപറഞ്ഞിരിക്കുന്നു, "യൂസർ നെയിമും പാസ്‌വേർഡും ഞാൻ എന്റെ സഹപ്രവർത്തകർക്ക് മൊത്തമായും ചില്ലറയായും കൊടുത്തു കഴിഞ്ഞിട്ടുണ്ട് " എന്ന്. ഇവിടെയുള്ള അസിസ്റ്റന്റുമാരുടെ കാര്യമൊക്കെ നമുക്കറിയാം. 1982-ലോ മറ്റോ പരീക്ഷയെഴുതി, ആ പരീക്ഷയിൽ തട്ടിപ്പുണ്ടെന്ന് മനസ്സിലാക്കിയ ചില ആളുകൾ ഇപ്പോൾ ഇവിടെയൊക്കെ അസിസ്റ്റന്റുമാരായിട്ട് ഇരിക്കുന്ന കാലഘട്ടത്തിൽ ഇതും ഇതിനപ്പുറവും നടക്കും. അതുകൊണ്ട് മുൻപ് ഇതുസംബന്ധിച്ച് വി.സി.ക്ക് തന്നെ ഒരു പരാതി കൊടുത്തിരുന്നു. പക്ഷേ, ചില ആളുകൾ ഇടപെട്ട് ഭീഷണിപ്പെടുത്തി ആ അന്വേഷണം അവിടെ മരവിപ്പിച്ചു. തോറ്റ കുട്ടികൾക്കുതന്നെ സംശയമായപ്പോഴാണ് ഇത് അന്വേഷണത്തിലേയ്ക്ക് വന്നത്. 'ഞങ്ങൾ എങ്ങനെ ജയിച്ചു' എന്ന് തോറ്റ കുട്ടികൾ ചോദിക്കുമ്പോൾ 'നിങ്ങൾ തോറ്റിട്ടില്ല, നിങ്ങൾ തോൽക്കാനായി ജനിച്ചവരല്ല നിങ്ങൾ ജയിക്കാനായി ജനിച്ചവരാണ്' എന്നാണ്

പറയുന്നത്. തോറ്റകുട്ടികളെ മുഴുവൻ ജയിപ്പിച്ചപ്പോൾ അവർക്ക് അത്ഭുതമുണ്ടായി. ആ അത്ഭുതത്തിൽനിന്നാണ് ഇതൊരു അന്വേഷണത്തിലേയ്ക്കെത്തി ഈ വിഷയങ്ങൾ പുറത്തേയ്ക്ക് വരുന്നത്. ഇത് അന്വേഷിക്കാൻ പോകുന്നത് ക്രൈംബ്രാഞ്ചാണ്. ക്രൈം ബ്രാഞ്ച് അന്വേഷിച്ചുകഴിഞ്ഞാൽ എവിടെയെത്തുമെന്ന് ഞങ്ങൾക്കറിയില്ല. കാരണം, ഏതെങ്കിലും ഒന്നോ രണ്ടോ ആളുകളിലേയ്ക്ക് ഇതിനെ ചുരുക്കി ഇതിന്റെ പിന്നിൽ നടക്കുന്ന മാഫിയാ സംഘത്തിന്റെ കാര്യങ്ങൾ പുറത്തുവരാത്ത രീതിയിൽ ക്രൈംബ്രാഞ്ച് ഇത് ക്ലോസ് ചെയ്യുമോ എന്ന് ഞങ്ങൾ ഭയപ്പെടുകയാണ്. വേറെ രീതിയിലുള്ള അന്വേഷണം ഇതിൽ ആവശ്യമാണ്. അവിടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചല്ലോ. ഇതേ തട്ടിപ്പല്ലേ എല്ലാ സർവ്വകലാശാലകളിലും നടന്നത്? അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി എം.ജി. സർവ്വകലാശാലയിൽ നടത്തിയ തട്ടിപ്പിനെക്കുറിച്ച് നമ്മൾ പറഞ്ഞില്ലേ? എന്താണ് പ്രൊഫ. രാജൻ ഗുരുക്കൾ പി.എം. പറഞ്ഞത്? അദ്ദേഹം ആരാണ്? മുസ്ലീം ലീഗ് അദ്ദേഹത്തിനെതിരെ നടത്തുന്ന ഒരു ഒളിയമ്പാണ് ഇത് എന്ന് അദ്ദേഹം പറയുകയുണ്ടായി. പ്രൊഫ. രാജൻ ഗുരുക്കൾ പി.എം. ഏത് മുസ്ലീം ലീഗ് മെമ്പർഷിപ്പുള്ള ആളാണ്? അദ്ദേഹം നിങ്ങളുടെ സഹയാത്രികനാണ്. അദ്ദേഹം തന്നെ വ്യക്തമായി പറഞ്ഞു, എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്നതൊന്നും ശരിയല്ല, അങ്ങനെയൊരു മാർക്ക് ദാനത്തിനുവേണ്ടി അദാലത്ത് നടത്താനുള്ള അവകാശം യൂണിവേഴ്സിറ്റിക്കില്ല എന്ന്. മാത്രമല്ല, ഒരു പ്രൈവറ്റ് സെക്രട്ടറിക്ക് അദാലത്തിൽ ആദ്യാവസാനം നിൽക്കാനുള്ള അവകാശമില്ല എന്നുപറഞ്ഞത് ഞങ്ങളല്ല; പ്രൊഫ. രാജൻ ഗുരുക്കൾ പി.എം. തന്നെയാണ്. അപ്പോൾ അദ്ദേഹത്തെ പോലുള്ള പ്രഗത്ഭമതികൾ പോലും ഇത്തരത്തിൽ സർവ്വകലാശാല തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്നതിൽ മന്ത്രിയുടെ ഓഫീസിന്റെ ഇടപെടലുണ്ട് എന്നുപറയുന്ന സാഹചര്യത്തിൽ ഇത് ക്രൈംബ്രാഞ്ച് അന്വേഷിക്കേണ്ട വിഷയമല്ല. അതിനേക്കാൾ ഉന്നതമായി എന്ത് അന്വേഷണമാണ് നടത്താനുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത് അങ്ങ് തദ്ദേശസ്വയംഭരണ വകുപ്പിനെപ്പറ്റി മുൻപ് ഞങ്ങളോട് പറഞ്ഞത്, 'സൗന്ദര്യമുള്ള ഒരു സ്ത്രീയെ പലപല കഷ്ണങ്ങളാക്കി നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നതിനെ ഞങ്ങൾ വന്ന് അതിനെ കൂട്ടിച്ചേർത്ത് സൗന്ദര്യമുള്ള സ്ത്രീയെ തിരിച്ചുകൊണ്ടുവന്നു' എന്നാണ്. പിന്നെ എന്തിനാണ് വിദ്യാഭ്യാസ വകുപ്പ് എന്ന സൗന്ദര്യമുള്ള മറ്റൊരു സ്ത്രീയെ നിങ്ങൾ വെട്ടിമുറിച്ചത്? അതിന്റെ ഒരു കഷ്ണമാണല്ലോ ഇപ്പോൾ അങ്ങയുടെ കയ്യിലുള്ളത്. അപ്പോൾ 'മൂന്ന് വകുപ്പായി നിങ്ങൾ മൂന്നും നാലും മന്ത്രിമാർ ഭരിച്ചത് ഞാൻ ഒറ്റയ്ക്ക് ഭരിക്കുന്നു' എന്നുപറഞ്ഞയാൾ ഞങ്ങൾ ഒരാൾ ഭരിച്ചതിന്റെ ഒരു കഷ്ണമാണ് കൊണ്ടുനടക്കുന്നത്. അതിനെത്തന്നെ

തകർത്ത് തരിപ്പണമാക്കുന്ന ഒരവസ്ഥയിലേയ്ക്ക് കൊണ്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഇത് കേട്ടുകേട്ട് മതിയാകുന്നില്ലേ? ഈ കഷ്ടം കൊടുത്തത് ശരിയാണോയെന്ന് ഇനിയെങ്കിലും അങ്ങ് ഒന്ന് ആലോചിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ കാര്യം വളരെ ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കാത്തതു കൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, യൂണിവേഴ്സിറ്റികളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുന്ന കാര്യങ്ങളാണ് നടക്കുന്നത്. മന്ത്രിയാകുന്നതിനുമുമ്പ് ഞാൻ അഞ്ച് വർഷക്കാലം കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായിരുന്നു. അഞ്ച് കൊല്ലം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു. ഒരു മന്ത്രിക്ക് മാർക്ക് കൂട്ടിയിടാൻ എന്നാണ് അവകാശം കിട്ടിയത്? ഡോ. കെ. ടി. ജലീലിനോട് എനിക്ക് ബഹുമാനമുണ്ട്. പക്ഷേ, ഈ അടുത്തകാലത്ത് കേൾക്കുന്ന കാര്യങ്ങൾ അങ്ങേയ്ക്ക് ഭൂഷണമല്ല. യൂണിവേഴ്സിറ്റികളുടെ വിശ്വാസ്യത നഷ്ടപ്പെടുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നടന്ന അതേ കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്. എൻട്രൻസ് പരീക്ഷ കൊണ്ടുവന്നതിൽ എനിക്കൊരു പങ്കുണ്ട്. യൂണിവേഴ്സിറ്റിയുടെ മാർക്കിനെ വിശ്വസിക്കാൻ സാധിക്കില്ലെന്നുള്ള നിലപാട് വന്നപ്പോഴാണ് എൻട്രൻസ് പരീക്ഷ കൊണ്ടുവന്നത്. യൂണിവേഴ്സിറ്റി കൊടുക്കുന്ന മാർക്ക് മാറ്റിവച്ചിട്ട് പ്രൊഫഷണൽ കോഴ്സുകൾക്ക് എൻട്രൻസ് പരീക്ഷയുടെ മാർക്ക് പരിഗണിച്ചാൽ മതിയെന്ന് തീരുമാനിച്ചതിൽ നല്ലൊരു പങ്ക് ഞാൻ വഹിച്ചിട്ടുണ്ട്. അന്നും പ്രശ്നമുണ്ടായിട്ടുണ്ട്. പ്രശ്നം പരിഹരിക്കാനുള്ള ശ്രമമായിരുന്നു അത്. ഇപ്പോൾ വീണ്ടും എൻട്രൻസ് പരീക്ഷയിൽ ക്വാളിഫൈയിംഗ് എക്സാമിനേഷന് കിട്ടുന്ന അൻപത് ശതമാനം എന്നത് കൂട്ടണമെന്ന അഭിപ്രായം വന്നിട്ടുണ്ട്. അതിന് കഴിയുമോ; അതിനെ ആശ്രയിക്കാമോ? ഇതിൽ കുഴപ്പം നടന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുന്നു. പക്ഷേ, അങ്ങയുടെ മറുപടി വളരെ ചെറുതായിപ്പോയി. ഇവിടെ പറഞ്ഞ ഒരു കാര്യത്തിനും മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപെടണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഈ നിലയിൽ കാര്യങ്ങൾ പോകുന്നത് ആർക്കും ഗുണകരമല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ധാരാളം ആരോപണങ്ങൾ ഒരേ സമയത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. പരീക്ഷയുടെ വിശ്വാസ്യത നഷ്ടപ്പെടുന്നു. ഇത് അടിയന്തരമായി ഇടപെടേണ്ട കാര്യമാണ്. കേരളത്തിന്റെ തന്നെ പേര് മോശമാക്കുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇത് അവസാനിപ്പിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന് മുമ്പ് നല്ല സൽപേരുണ്ടായിരുന്നു. ഇവിടെ വിശദീകരിച്ചുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തെ കുളംതോണ്ടുന്ന സാഹചര്യത്തിൽ എത്തിച്ചിരിക്കുകയാണ്. ഇതിന് ഉത്തരവാദികളായിട്ടുള്ളവരെ ശിക്ഷിക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടി സ്വീകരിക്കാനോ ചർച്ച ചെയ്യാനോ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, നമ്മുടെ രാജ്യത്ത് അതിവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന സേവന മേഖലയാണ് ഗതാഗതവും അനുബന്ധ വ്യവസായങ്ങളും. 1951-ൽ രാജ്യത്തുണ്ടായിരുന്ന വാഹനങ്ങളുടെ എണ്ണം എട്ട് ലക്ഷമായിരുന്നെങ്കിൽ 2019 ആയപ്പോഴേയ്ക്കും അത് ഏതാണ്ട് ഇരുപത്തിയഞ്ച് കോടിയിലധികം ആയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോർപ്പറേറ്റ് ശക്തികൾക്ക് മൂലധന നിക്ഷേപത്തിനും പെട്ടെന്ന് ലാഭം കിട്ടുന്നതിനുമുള്ള ഒരു മേഖലയായി ഗതാഗത മേഖലയെയും അതിന്റെ അനുബന്ധ വ്യവസായങ്ങളെയും കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ രംഗത്തുണ്ടായ മത്സരം മോട്ടോർ വാഹന ഭേദഗതി നിയമത്തെ ബാധിക്കുകയും സ്വാധീനിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ജനങ്ങളുടെ ഇടയിൽ നടക്കുന്ന ഗൗരവതരമായിട്ടുള്ള ചർച്ച. പിഴയും രജിസ്ട്രേഷൻ ഫീസും റീ-രജിസ്ട്രേഷൻ ഫീസുകളും വളരെയധികം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇരുചക്രവാഹനത്തിന് 50 രൂപയിൽനിന്ന് 1000 രൂപയാക്കി, അത് പുതുക്കണമെന്നുണ്ടെങ്കിൽ 2000 രൂപയാണ്. മുച്ചക്രവാഹനത്തിന് 300 രൂപയിൽനിന്ന് 5000 രൂപയാക്കി. അത് പുതുക്കണമെന്നുണ്ടെങ്കിൽ 10,000 രൂപയാണ്. കാർ, ജീപ്പ് എന്നിവയ്ക്ക് 600 രൂപയായിരുന്നത് 5000 രൂപയാക്കി, അത് പുതുക്കണമെന്നുണ്ടെങ്കില 15,000 രൂപയാണ്. കാർ, ജീപ്പ് (കൊമേഴ്സ്യൽ) എന്നിവയ്ക്ക് 1000 രൂപയിൽ നിന്ന് 10,000 രൂപയാക്കി, അത് പുതുക്കണമെന്നുണ്ടെങ്കിൽ 20,000 രൂപയാണ്. ചെറുകിട

ഇടത്തരം ചരക്കുഗതാഗത വാഹനങ്ങൾക്ക് 1500 രൂപയായിരുന്നു, അത് 20,000 രൂപയായി, അത് പുതുക്കണമെന്നുണ്ടെങ്കിൽ 40,000 രൂപയാണ്. രാജ്യത്ത് ക്രൂഡ് ഓയിൽ സംസ്കരിച്ച് പെട്രോളും ഡീസലും അനുബന്ധ ഉൽപന്നങ്ങളും ഉണ്ടാക്കുന്നതും എണ്ണ വ്യവസായം നിയന്ത്രിക്കുന്നതും Indian Oil Corporation (IOC), Bharath Petroleum Corporation Limited (BPCL) പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണെന്ന ധാരണ നമുക്കുണ്ട്. പക്ഷേ, റിലയൻസ് എനർജിയുടെയും SNR എനർജിയുടെയുമൊക്കെ ഇടപെടലുള്ളിടത്തോളംകാലം ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ എത്രതന്നെ കുറഞ്ഞാലും നമുക്ക് വിപണിയിൽ പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും വില കുറയ്ക്കാൻ കഴിയില്ല എന്നതുപോലെതന്നെയാണ് ഇൻഷ്വറൻസ് കമ്പനികളുടെയും ഇപ്പോഴത്തെ അവസ്ഥ. നാല് പ്രധാനപ്പെട്ട ജനറൽ ഇൻഷ്വറൻസ് കമ്പനികളാണ് നമ്മുടെ രാജ്യത്തുണ്ടായിരുന്നത്. ഒരു വർഷം അഞ്ഞൂറ് കോടിയിലധികം രൂപ അവരുടെ പ്രവർത്തന ചെലവിനുശേഷം ലാഭവിഹിതത്തിൽനിന്ന് നമ്മുടെ ഖജനാവിലേയ്ക്ക് കൊടുക്കുകയും ഈ ലാഭവിഹിതം ഉപയോഗിച്ചുകൊണ്ട് പല പൊതുമേഖലാ സ്ഥാപനങ്ങളും രാജ്യത്ത് പല ക്ഷേമപ്രവർത്തനങ്ങളും നടത്തിയിരുന്നുവെങ്കിൽ ഇന്ന് ഇരുപത്തിനാല് സ്വദേശ/വിദേശ കുത്തക കമ്പനികൾ അത് കയ്യടക്കി വച്ചിരിക്കുന്ന സാഹചര്യമുണ്ട്. ഇൻഷ്വറൻസ് രംഗത്ത് ഈ കമ്പനികളുടെ വരവ് കഴിഞ്ഞ ഒരു വർഷത്തെ പാറ്റേൺ എടുത്തുനോക്കിയാൽ നമുക്ക് മനസ്സിലാകും. ഇൻഷ്വറൻസ് തുകയിലെ പ്രീമിയത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. തുടർച്ചയായ നരേന്ദ്ര മോദി ഭരണത്തിന്റെ നാല് വർഷക്കാലംകൊണ്ടാണ് ആ വർദ്ധനവുണ്ടായത്. അതിനുമുമ്പുതന്നെ ജനറൽ ഇൻഷ്വറൻസ് കമ്പനികളെ പിന്തള്ളിക്കൊണ്ട് ഇത് മുന്നേറാൻ പോകുന്നുവെന്ന ഒരു ഫീലിംഗിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. ബസ് റൂട്ടുകളുടെ പെർമിറ്റുകൾ ഏതാണ്ട് സോൺ തിരിച്ചുള്ള മൊത്ത കച്ചവടത്തിലേയ്ക്കും ലേലത്തിലേയ്ക്കും പോകുന്ന ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. 2020-ഓടുകൂടി എയർ ഇന്ത്യയും അതോടൊപ്പംതന്നെ ഭാരത് പെട്രോളിയവും അടക്കമുള്ളത് കച്ചവടത്തിന് വച്ച് ടോക്കൺ വാങ്ങി നിൽക്കുന്ന ഒരവസ്ഥയിലാണ് പൊതുമേഖലാ സംവിധാനങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളടക്കമുള്ളവരുടെ പ്രതികരണശേഷി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി നമ്മുടെ രാജ്യത്ത് അമെന്റ് ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽനിയമങ്ങൾ ധാരാളമുണ്ട്. തൊഴിൽ നിയമങ്ങളെ പ്രധാനമായി നാല് ലേബർ കോഡുകളാക്കി തൊഴിലാളികളുടെ പ്രതികരണശേഷി ഇല്ലായ്മ ചെയ്യുക, അതുവഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ കച്ചവടം സുഗമമാക്കുക എന്ന ഉദ്ദേശ്യത്തിന്റെ പിന്നിൽ നമ്മുടെ രാജ്യത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടയ്ക്കൽ കത്തി വയ്ക്കുന്നതിനുള്ള വളരെ ഗൗരവതരമായിട്ടുള്ള ഗൂഢാലോചനയും അവർ നടത്തുന്നുണ്ട്. ഓട്ടോറിക്ഷയുടെ ഇൻഷ്വറൻസ്

പ്രീമിയം 2500 രൂപയായിരുന്നത് ഏതാണ്ട് 9000 മുതൽ 10,000 രൂപവരെ വർദ്ധിക്കുന്ന സാഹചര്യമുണ്ട്. ഒറ്റയടിക്ക് ഇൻഷ്വറൻസ് തുകയിലുണ്ടായ വർദ്ധനവാണ്. ഇതിന്റെയൊക്കെ താല്പര്യങ്ങളാരുടേതാണ്? ലക്ഷക്കണക്കിന് മോട്ടോർ വാഹന തൊഴിലാളികളുടെ തൊഴിലിനും വരുമാനത്തിനും വെല്ലുവിളിയുയർത്തിയാണ് ഈ മോട്ടോർ വാഹന ഭേദഗതി നിയമം വന്നിരിക്കുന്നത്. നിയമാനുസൃതമായ പകൽക്കൊള്ള എന്ന നിലയിൽ മാത്രമേ നമുക്കിതിനെ കാണാൻ കഴിയൂ; അല്ലാതെ ഒരു ജനാധിപത്യ രാജ്യത്തിന് ഭൂഷണമെന്നുള്ള നിലയിൽ നമുക്കിതിനെ കാണാൻ കഴിയില്ല. സംസ്ഥാന സർക്കാരിന്റെ അധികാരങ്ങളിൽ ഈ മോട്ടോർ വാഹന നിയമത്തിലൂടെ ഒരു കടന്നുകയറ്റം നടത്തുന്നതിനുവേണ്ടിയുള്ള ശ്രമവും നടത്തിയിട്ടുണ്ട്. ഗതാഗത രംഗത്ത് Uber, Ola പോലെയുള്ള ഓൺലൈൻ കുത്തകകൾക്ക് നിയമംവഴി വാതിലുകൾ തുറന്നിടുമ്പോൾ ഈ കോർപ്പറേറ്റ് കുത്തകകളോട് മത്സരിക്കാൻ നമ്മുടെ ടാക്സിക്കാർക്ക് പലപ്പോഴും കഴിഞ്ഞുവെന്ന് വരില്ല. ഈ നിയമം വന്നതോടുകൂടി ചരക്കുഗതാഗത നീക്കങ്ങളിൽകൂടി ഇവർക്ക് ഇടപെടുന്നതിനുള്ള സുവർണ്ണാവസരം കിട്ടിയിരിക്കുകയാണ് അത് നിയമാനുസൃതമാകുന്നു. Uber പോലെയുള്ള ഓൺലൈൻ ടാക്സി സംവിധാനങ്ങൾക്ക് നിയമ പരിരക്ഷ കൊടുക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് പോകുന്നു. വാഹന രജിസ്ട്രേഷന്റെ തുകകളിൽ പെട്ടെന്നൊരു വർദ്ധനവ് വന്നപ്പോൾത്തന്നെ സ്വകാര്യ കമ്പനികളുടെ ഇടപെടൽ വരാൻ പോകുന്നുവെന്നു നമുക്ക് മനസ്സിലാകും. വളരെ പരിമിതമായ ജീവനക്കാരുടെ സഹായത്തോടുകൂടിയാണ് ഈ കാര്യങ്ങളൊക്കെ ചെയ്തിരുന്നത്. മോഡേണൈസേഷനൊന്നും നമ്മളാരും എതിരല്ല. പക്ഷേ, നമ്മുടെ സംവിധാനങ്ങളെ നിശ്ചലമാക്കുക, ആളുകളുടെ പോക്കറ്റ് കൊള്ളയടിക്കുക, അതുവഴി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ നഷ്ടമാക്കുക, അവരുടെ കുടുംബം ബുദ്ധിമുട്ടിലേയ്ക്ക് പോകുക, ഇക്കോ സിസ്റ്റത്തെ തകർക്കുക എന്നിവ ഗുരുതരമായ പ്രശ്നങ്ങളാണ്. നമ്മുടെ നാട്ടിലെ ഡ്രൈവിംഗ് സ്കൂളുകളുടെ നിലനിൽപ്പിനെ ഈ നിയമം ചോദ്യം ചെയ്യുന്നുണ്ട്. അവർക്ക് മുന്നോട്ടു പോകാൻ കഴിയാതെ, ആയിരക്കണക്കിന് കുടുംബങ്ങളുടെ വരുമാന മാർഗ്ഗമില്ലാതാകുന്ന സാഹചര്യമുണ്ടാകും. റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയും സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയുമൊക്കെ വൈകാതെ നിശ്ചലമാകുന്ന സാഹചര്യമുണ്ടാകും. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി സ്പെയർ പാർട്സ് രംഗത്തെ ജീവനക്കാരുടെ സ്ഥിതിയും ഏതാണ്ട് ഗുരുതരമായ സാഹചര്യത്തിലേയ്ക്ക് പോകും. സംസ്ഥാനത്തെ പതിനായിരക്കണക്കിന് മോട്ടോർ വാഹന മെക്കാനിക്കുകൾ ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. അവരുടെ ജീവിതമാർഗ്ഗം വഴിമുട്ടിപ്പോകുന്ന സാഹചര്യമുണ്ടാകും. ഒരു ക്ഷേമനിധിയോ അതിന്റെ ആനുകൂല്യങ്ങളോ കാര്യമായി ഇല്ലാതെ പ്രവർത്തിക്കുന്ന ഈ മെക്കാനിക്കുകളും അവരുടെ വർക്ക്ഷോപ്പുകളും കുടുംബങ്ങളും

പ്രതിസന്ധിയിലേയ്ക്ക് പോകുന്ന ഒരു സാഹര്യമുണ്ടാകും. കേന്ദ്രത്തിന്റെ തലതിരിഞ്ഞ വാഹനം പൊളിക്കൽ നയം ആർക്കുവേണ്ടിയാണെന്ന് അറിയില്ല. ഇതിന്റെ നേട്ടം കുത്തകകൾക്കാണ്.

മി. സ്പീക്കർ: യെസ് പ്ലീസ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ അവസാനിപ്പിക്കാം. സ്ക്രാപ്പ് വാങ്ങി ഉരുക്കി വിൽക്കുക മാത്രമല്ല അവരുടെ ഉദ്ദേശ്യം. ഈ നാട്ടിലെ ജനങ്ങളുടെ താല്പര്യങ്ങളെ ഹനിക്കത്തക്ക വിധത്തിലുള്ള ഗൗരവതരമായിട്ടുള്ള ഇടപെടൽ ഇത്തരം കോർപ്പറേറ്റുകളുടെ ഇടയിൽനിന്ന് ഉണ്ടാകുന്നുണ്ട് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. വണ്ടി വിൽപ്പനക്കാർ വാഹനം രജിസ്റ്റർ ചെയ്യുന്നതടക്കമുള്ള ഗൗരവതരമായ പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഈ നിയമംമൂലം ഒട്ടനവധി കോർപ്പറേറ്റുകൾക്ക് അവരുടെ ബിസിനസ്സ് താല്പര്യങ്ങൾക്കും ലാഭേച്ഛയ്ക്കും വാതിലുകൾ തുറന്നിടുന്നൊരു സാഹചര്യമുണ്ട് എന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഇതിൽ ശക്തമായി ഇടപെടണം. നമ്മൾ ചർച്ച ചെയ്യുന്നത് ഹെൽമറ്റും സീറ്റ് ബെൽറ്റും മൊബൈലും മാത്രമാണ്, അതിനപ്പുറത്ത് ഒരു സംവിധാനത്തിനെയാകെ ബാധിക്കുന്ന നിരവധി വിഷയങ്ങൾ ഇതിന്റെ ഭാഗമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംസ്ഥാനങ്ങളുടെ പരമാധികാരത്തിനുമേൽ കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന കടന്നു കയറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളിലൊന്നാണ് മോട്ടോർ വാഹന നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ഓൺലൈൻ രംഗത്തെ Uber, Ola തുടങ്ങിയ സംവിധാനങ്ങൾ ഒഴിവാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിനെ സംബന്ധിച്ച് പറയാം. മോട്ടോർ വാഹന നിയമം ജനാധിപത്യവിരുദ്ധവും നടപടിക്രമങ്ങൾ പാലിക്കാതെയും അവതരിപ്പിച്ചതിന്റെ പേരിൽ പാർലമെന്റിൽ അന്നത്തെ ലോകസഭയും രാജ്യസഭയും അതിശക്തമായി വിയോജിപ്പ് പ്രകടിപ്പിച്ചു. അതിനെത്തുടർന്ന് ഒരു സംയുക്ത പാർലമെന്ററി കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് മുമ്പാകെയും കേന്ദ്ര സർക്കാരിന് മുമ്പാകെയും ഈ ജനാധിപത്യ വിരുദ്ധതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ നിവേദനങ്ങൾ സമർപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. എന്നാൽ അതൊന്നും അംഗീകരിക്കാതെ പുതിയ പാർലമെന്റ് അധികാരത്തിൽ വന്നശേഷം പന്ത്രണ്ടോളം ബില്ലുകൾ അപ്പം ചുട്ടെടുക്കുന്നതുപോലെ ചെയ്തതിന്റെ കൂട്ടത്തിലാണ് പുതുക്കിയ മോട്ടോർ

വാഹന ഭേദഗതി നിയമം പാസ്സാക്കിയത്. അതിനുമുമ്പ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയപ്പോഴും ഗതാഗത വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോഴുമെല്ലാം സംസ്ഥാനത്തിന്റെ അധികാരങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നിലപാടായിരിക്കും സ്വീകരിക്കുകയെന്ന് ഉറപ്പ് നൽകിയിരുന്നെങ്കിലും ആ ഉറപ്പുകളൊന്നും പാലിക്കപ്പെടുകയുണ്ടായില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഏറ്റവും പ്രധാനം ഈ ശിക്ഷാവിധികളല്ല. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെ ഇല്ലാതാക്കുകയെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. റൂട്ടുകൾ ലേലം ചെയ്ത്, ലേലത്തിൽ പങ്കെടുത്ത് ആകർഷകമായ ഓഫർ വയ്ക്കാൻ കഴിയുന്ന ആളുകൾ ആരാണോ അവർക്ക് ബസ്സ് റൂട്ട് നടത്താനുള്ള അനുവാദം കൊടുക്കുന്ന തരത്തിലുള്ള ചില പ്രത്യേക നിയമങ്ങളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഓരോന്നോരോന്നായി പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. തികച്ചും ജനാധിപത്യവിരുദ്ധമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അക്കൂട്ടത്തിലാണ് ഇതിലെ വകുപ്പുകൾ സംസ്ഥാനത്തിന്റെ താല്പര്യത്തിനെതിരാണെന്നും നേരത്തെ ഈ നിയമം നിലവിലുള്ളപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അധികാരങ്ങൾ നിലനിർത്തിക്കൊണ്ട് ബിൽ പാസ്സാക്കണമെന്ന കാര്യത്തിൽ നാം സ്വീകരിച്ച നിലപാടിനോട് വിയോജിപ്പാണ് അവർ പ്രകടിപ്പിച്ചിട്ടുള്ളത്. മറ്റൊരു വസ്തുത, അന്നത്തെ സാഹചര്യത്തിൽ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും ഏത് രാഷ്ട്രീയ നിറമാണെന്ന് എല്ലാവർക്കുമറിയാം. അവരെല്ലാം ആ നിയമത്തെ പിൻതാങ്ങുന്ന നിലപാട് സ്വീകരിച്ചതുകൊണ്ട്, ബിൽ രാജ്യസഭയിൽ വന്ന ഘട്ടത്തിൽ 13 അംഗങ്ങൾ മാത്രമാണ് എതിർത്ത് വോട്ട് ചെയ്തതെന്ന കാര്യവും ഈ ഘട്ടത്തിൽ അടയാളപ്പെടുത്തേണ്ടതുണ്ട്. അത് എല്ലാവർക്കും മനസ്സിലായിട്ടുണ്ടാകും. ആ സ്ഥിതിവിശേഷത്തിലാണ് ഇങ്ങനെയൊരു നിയമം വന്നിട്ടുള്ളത്. ഈ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രശ്നങ്ങളാണ് ഉയർന്നുവന്നത്. ഒന്ന്, യുക്തിരഹിതമായ പിഴയാണ് ചുമത്തിയിട്ടുള്ളത്. നേരത്തെ അത്തരം പിഴ നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കുണ്ടായിരുന്നു. നമ്മുടെ സംസ്ഥാനവും പ്രത്യേക അധികാരമുണ്ടെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പിഴത്തുകകളിൽ ഇളവു വരുത്താൻ തയ്യാറായിട്ടുണ്ട്. പ്രായോഗികമായ ഒരു സ്കെയിൽ ഉണ്ടാക്കിയാണ് അങ്ങനെ ചെയ്തിട്ടുള്ളത്. അതിന്റെ നോട്ടിഫിക്കേഷൻ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പുറപ്പെടുവിച്ചതിനുശേഷം അക്കാര്യത്തിൽ വലിയ വിമർശനമൊന്നും ഉയർന്നുവന്നിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. നിയമ ലംഘനങ്ങളുടെ കാഠിന്യമനുസരിച്ച് പിഴത്തുക പുനർനിർണ്ണയിക്കുക, മോട്ടോർ വാഹന നിയമം 200-ാം വകുപ്പ് പ്രകാരം രാജിയാക്കാൻ കഴിയാത്ത കുറ്റങ്ങൾക്കുള്ള തടവ് ശിക്ഷയും പിഴനിരക്കുകളും കുറയ്ക്കുക, മോട്ടോർ വാഹന മേഖലയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക്

നയിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനായി ജോയിന്റ് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിന് നിവേദനത്തിന്റെ മറുപടിയായി നൽകിയിട്ടുള്ളത്. പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ പ്രതിഷേധം കണക്കിലെടുത്ത് സ്വമേധയാ പുനഃപരിശോധിക്കുകയും കുറയ്ക്കാൻ കഴിയുന്ന വിധത്തിൽ കുറച്ചുവെന്നും ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരത്തിൽ പൊതുജനതാല്പര്യം മുൻനിർത്തിയുള്ള ശ്രമങ്ങളാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ രാജിയാക്കൽ ഫീസ് നിർണ്ണയിച്ചപ്പോൾ ഓട്ടോറിക്ഷകളുടെ ഫിറ്റ്നസ് സംബന്ധിച്ച് യാതൊരു മാറ്റവും ഉണ്ടാകാതിരിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഓട്ടോറിക്ഷ തൊഴിലാളികളുടെയും ഉടമസ്ഥരുടെയും താല്പര്യം ഇതിലൂടെ സംരക്ഷിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, പുതുക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവിംഗ് സ്കൂളുകളുടെ മോഡേണൈസേഷന്റെ ഭാഗമായി ആധുനിക സാങ്കേതികവിദ്യ നടപ്പിൽ വരുത്താൻ അധികം തുക കണ്ടെത്തേണ്ടിവരുമെന്ന ആശങ്കയുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മോഡേണൈസേഷനോട് വിയോജിപ്പ് പ്രകടിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കില്ല. എന്നാൽ പഠിതാക്കൾക്കുള്ള ഫീസ് നിശ്ചയിക്കുന്നത് അതാത് ഡ്രൈവിംഗ് സ്കൂൾ ഉടമസ്ഥരാണ്. ഇക്കാര്യത്തിൽ പുതിയ നിബന്ധനകളോ നിയന്ത്രണങ്ങളോ ഇതുവരെ വന്നിട്ടില്ല. എന്നാൽ അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് വേണമെങ്കിൽ ഇടപെടാനുള്ള സാഹചര്യമുണ്ട്. അതിൽ ഇടപെടണമോ വേണ്ടയോയെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. അങ്ങ് ആശങ്ക പ്രകടിപ്പിച്ചതുപോലെ Uber പോലുള്ള ഓൺലൈൻ ടാക്സി സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് ഇടപെടാൻ കഴിയുന്നതിന് പരിമിതിയുണ്ട്. അതിനൊരു ബദൽ നയവും പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി മുൻകയ്യെടുത്ത് മോട്ടോർ വാഹന ക്ഷേമ നിധിയിൽ അംഗങ്ങളായ ടാക്സി ഡ്രൈവർമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അലോചിക്കുന്നുണ്ട്.

മി. സ്പീക്കർ: നമ്മൾ പുതിയൊരു സോഫ്റ്റ്‌വെയർ തയ്യാറാക്കുകയാണോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതെ.

മി. സ്പീക്കർ: യൂബറും ഓലയും വേണ്ടെന്ന് വയ്ക്കുന്നത് നടക്കുന്ന കാര്യമാണോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രായോഗികമായി അത് സാധ്യമല്ല. അതിനാലാണ് ഒരു ബദൽ സംവിധാനമെന്ന് ഞാൻ പറഞ്ഞത്. ഒരു ബദൽ നയവും പരിപാടിയും ആവിഷ്കരിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അതിന് മുൻകയ്യെടുക്കുന്നത് തൊഴിൽ വകുപ്പുമന്ത്രിയാണ്. ബദൽ നയങ്ങളുമായി മുന്നോട്ടുപോയാൽ മാത്രമേ, കേന്ദ്രം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള നിലപാടുകൾ സ്വീകരിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. വർക്ക്ഷോപ്പുകളുടെ മോഡേണൈസേഷൻ വേണ്ടെന്ന് നമുക്ക് പറയാൻ കഴിയില്ല. ആ മേഖലയിൽ പ്രവർത്തിക്കുന്നവർ ഒരുമിച്ചുനിന്ന് സഹകരണ സംഘങ്ങൾ പോലെ രൂപീകരിച്ച് സ്വയരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ തീർച്ചയായും സംസ്ഥാന ഗവൺമെന്റ് അവരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ആ ശ്രമങ്ങൾ നടത്തുന്നതിനോടൊപ്പം നിയമംമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും പരമാവധി സമ്മർദ്ദം ചെലുത്താനും തയ്യാറാണെന്ന് ഞാൻ ഉറപ്പുതരുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വർക്ക്ഷോപ്പുകളുടെ മോഡേണൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ മറുപടിയുടെ ഭാഗമായി അങ്ങ് പറഞ്ഞിട്ടുണ്ട്. വർക്ക്ഷോപ്പ് മോഡണൈസ് ചെയ്യുന്നതിനുള്ള ചെലവുകളെ സംബന്ധിച്ച് അങ്ങേയ്ക്ക് നന്നായിട്ടറിയാം. ആ രംഗത്ത് പരിശീലനവും അവർക്ക് ആവശ്യമായി വരും. വർക്ക്ഷോപ്പ് മോഡേണൈസേഷന് ആവശ്യമായ സഹായങ്ങളും പരിശീലനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സാമ്പത്തിക സഹായത്തെ സംബന്ധിച്ച് എനിക്ക് ഇപ്പോൾ പറയാൻ സാധിക്കില്ല. എന്നാൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് അവർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിന് എന്ത് ചെയ്യാൻ കഴിയുമെന്ന് ഗൗരവത്തിൽ സർക്കാർ പരിഗണിക്കുന്നതാണ്. പരിശോധിക്കാമെന്ന് മാത്രമാണ് ഞാൻ ഇപ്പോൾ പറയുന്നത്.

11.00 A.M.]

## (2) ഡോ.കെ.ആർ.നാരായണന്റെ സ്മരണാർത്ഥം പ്രഖ്യാപിച്ച വികസന പദ്ധതികൾ

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്ത്യയുടെ മുൻരാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാടായ ഉഴവൂരിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ്

ഇടപെടൽ നടത്തണമെന്ന ആവശ്യമാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. 2019-20 വർഷം ഡോ. കെ. ആർ. നാരായണന്റെ ജന്മശതാബ്ദി വർഷമായി ആചരിക്കുകയാണ്. 2019 നവംബർ 9-ന് അദ്ദേഹത്തിന്റെ 14-ാമത് ചരമവാർഷികം ആചരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ 99-ാം ജന്മദിനം ഇപ്പോൾ ആചരിക്കപ്പെട്ടു. 2020 നവംബർ മാസമാകുമ്പോൾ ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി വർഷത്തിന്റെ പൂർത്തീകരണമാണ്. ആദരണീയനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ സ്റ്റാമ്പ് റിലീസ് ചെയ്തുകൊണ്ട് ദേശവ്യാപകമായി നടക്കുന്ന ആചരണത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ ഒരുവർഷക്കാലത്തിനുള്ളിൽ മുൻ രാഷ്ട്രപതിയുടെ സ്മരണയ്ക്കുവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് മുൻഗണന നൽകണമെന്ന അഭ്യർത്ഥനയാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായി ചൂണ്ടിക്കാണിക്കുന്നത്, അദ്ദേഹത്തിന്റെ സ്മരണയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കാൻ ഏറ്റെടുത്ത ഡോ. കെ. ആർ. നാരായണൻ സ്മാരക സ്പെഷ്യാലിറ്റി ഹോസ്പിറ്റലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറ് നിലയുള്ള മന്ദിരം പൂർത്തീകരിച്ചു. അതിനു ശേഷമുള്ള കാര്യങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടായിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെങ്കിൽ അവിടെ ഓപ്പറേഷൻ തിയേറ്റർ, ആവശ്യമായ സ്റ്റാഫ് തുടങ്ങിയവകൂടി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. വിവിധ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരാവശ്യം. ഡോ. കെ. ആർ. നാരായണന്റെ പ്രതിമ ജന്മസ്ഥലമായ ഉഴവൂരിൽ സ്ഥാപിക്കുക എന്നുള്ളത് സാംസ്കാരിക വകുപ്പിന്റെ കീഴിലാണ് ഇപ്പോൾ പരിഗണിക്കപ്പെട്ടത്. നിർഭാഗ്യവശാൽ അതിന്റെ നടപടികൾ മുന്നോട്ടുപോയില്ല. പ്രതിമ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ആശുപത്രി കോമ്പൗണ്ടിൽ കണ്ടെത്തുകയും അതിനുള്ള ധാരണയുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇല്ലെങ്കിൽ പൊതുസ്ഥലം ഗ്രാമ പഞ്ചായത്ത് വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രതിമ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടികളുണ്ടാകേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഡോ. കെ. ആർ. നാരായണന്റെ സ്മൃതിമണ്ഡപം ഉഴവൂരിൽ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യഭൂമിയിലാണ്. സ്വകാര്യ വ്യക്തിയുടെ കയ്യിലിരിക്കുന്ന എന്നുള്ളതുകൊണ്ട് എം.എൽ.എ. ഫണ്ട് അനുവദിച്ച് ചെയ്യാനും സാധിക്കാത്ത അവസ്ഥയിലാണ്. ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ. ഡോ. കെ. ആർ. നാരായണന്റെ കുടുംബാംഗമാണ്. സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഞാൻ അവിടെയുള്ള കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമൊക്കെ

സംസാരിച്ചു. അവർ വളരെ വികാരപരമായി സ്മൃതിമണ്ഡപം വിട്ടുതരാൻ തയ്യാറല്ലെന്ന് പറഞ്ഞു. അതുകൊണ്ട് അതിൽ ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. ഗവൺമെന്റ് ഈ സ്മൃതിമണ്ഡപം ഏറ്റെടുക്കാൻ തയ്യാറാകണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മാത്രമേ അത്തരം കാര്യങ്ങൾ സാദ്ധ്യമാകൂ എന്നുള്ളതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്കുതന്നെ ഈ വിഷയങ്ങൾ ഞാൻ കൊണ്ടുവരുന്നത്. സ്മൃതി മണ്ഡപത്തിൽ എന്തെങ്കിലും നവീകരണ പ്രവർത്തനങ്ങൾ ഗവൺമെന്റിനോ, എം.എൽ.എ. ഫണ്ടിൽ നിന്നോ ചെയ്യണമെങ്കിൽ സർക്കാർ അത് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഈ പ്രത്യേക വിഷയം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്മൃതി മണ്ഡപത്തിലേയ്ക്കുള്ള വിവിധ റോഡുകളുടെ പണി ഒരു പ്രാവശ്യം എം.എൽ.എ. ഫണ്ടിൽ നിന്നാണ് ഞാൻ ചെയ്തത്. ഒന്നുരണ്ട് വർഷം കഴിയുമ്പോൾ അതിന്റെ കാലാവധി കഴിയും. ബി.എം. & ബി.സി. നിലവാരത്തിലുള്ള ഒരു റോഡ് അവിടെ ഉണ്ടാകേണ്ടതിന്റെ ആവശ്യം നിലനിൽക്കുകയാണ്. കൂടാതെ ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഉഴവൂർ ബൈപ്പാസ്സും ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് റോഡും പ്രഖ്യാപനങ്ങളിൽ മാത്രമായി ചുരുങ്ങിപ്പോകുകയാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ നടപ്പാക്കുക എന്ന ആവശ്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അവിടെ സാംസ്കാരിക നിലയം, ലൈബ്രറി മന്ദിരം, സ്മൃതിമണ്ഡപം എന്നിവ നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി കൊടുത്തുകൊണ്ട് നടപ്പാക്കാനുള്ള സാഹചര്യമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. മുഖ്യമന്ത്രിക്ക് എല്ലാ വകുപ്പുകളുമായും ബന്ധപ്പെട്ട് പ്രായോഗികമായി കാര്യങ്ങൾ നടപ്പാക്കുന്നതിന് കഴിയില്ല. അതിനാൽ ഡോ. കെ. ആർ. നാരായണൻ ജന്മശതാബ്ദി വർഷാചരണത്തിന്റെ ഭാഗമായി ഗവൺമെന്റിന് നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും എല്ലാ വകുപ്പധികൃതരും പങ്കെടുക്കുന്ന ഒരു ഉന്നതതലയോഗം ഗവൺമെന്റ് വിളിച്ചുകൂട്ടണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ത്യയുടെ മുൻരാഷ്ട്രപതിയെന്ന നിലയിൽ കേരളത്തിന്റെ അഭിമാനമായ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അന്തരിച്ച മുൻരാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ സ്മരണാർത്ഥമാണ് കോട്ടയം മീനച്ചിൽ ഉഴവൂർ ഗ്രാമ പഞ്ചായത്തിലെ സാമൂഹികാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചിരുന്ന സ്ഥാപനത്തെ 150 കിടക്കകളോടുകൂടിയ ഡോ. കെ. ആർ. നാരായണൻ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

സ്പെഷ്യാലിറ്റി തസ്തികകൾ അനുവദിച്ചതിനുപുറമെ, ഓപ്പറേഷൻ തിയേറ്ററിനാവശ്യമായ ഉപകരണങ്ങൾ, കിടക്കകൾ എന്നിവ അനുവദിച്ചിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനമാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ കുറച്ചുകൂടി വിപുലപ്പെടു ത്തേണ്ടതുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി ജില്ലാ മെഡിക്കൽ ഓഫീസർ കൈക്കൊണ്ടിട്ടുണ്ട്. ലിഫ്റ്റ്, ഫയർ ആന്റ് സേഫ്റ്റി സൗകര്യങ്ങൾ ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. 2012-13-ൽ പ്രഖ്യാപിച്ചിരുന്ന ഡോ. കെ. ആർ. നാരായണന്റെ 'പൂർണ്ണകായ പ്രതിമ' സ്ഥാപിക്കുന്നതിനായി ഉഴവൂരിൽ കുരിശുപള്ളി കവലയിലുള്ള പഞ്ചായത്തുവക സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും പൊതുസ്ഥലങ്ങളിലും പൊതു നിരത്തുകളിലും പൊതുജനങ്ങൾ ഉപയോഗിക്കുന്ന മറ്റിടങ്ങളിലും പ്രതിമ സ്ഥാപിക്കുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി നിരോധിച്ച സാഹചര്യത്തിൽ മറ്റൊരു സ്ഥലം കണ്ടെത്താൻ കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രതിമ സ്ഥാപിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ സ്മൃതിമണ്ഡപം സ്ഥിതിചെയ്യുന്ന സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ചോ അവിടേയ്ക്ക് റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ചോ ജില്ലാ കളക്ടർക്ക് അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്രളയത്തിൽ തകർന്ന മുഴുവൻ റോഡുകളുടെയും അറ്റകുറ്റപ്പണികൾ 2020 മേയ് 31-നുമുമ്പ് പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രിതലത്തിൽ 7-11-2019-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് റോഡിന്റെ പുനരുദ്ധാരണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. റോഡിന്റെ വീതിയുടെ കാര്യത്തിൽ, കിഫ്ബി നിശ്ചയിച്ചിട്ടുള്ള അളവിലും കുറഞ്ഞതാണ് ഇപ്പോഴുള്ള റോഡ്. ഈ സാങ്കേതികപ്രശ്നം പരിഹരിച്ചാൽ മാത്രമേ കിഫ്ബിവഴി പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത റോഡ് അലൈൻമെന്റ് ജനസാന്ദ്രതകൂടിയ പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. അതിനാൽ വീതി കൂട്ടിയെടുക്കാൻ പറ്റാത്ത സാഹചര്യവും അവിടെയുണ്ട്. ഇതിന് പരിഹാരം കാണുന്നതിനാവശ്യമായ ഇടപെടലുകൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രത്യേകം നന്ദി പറയുകയാണ്. അദ്ദേഹം വിവിധ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്ത് അക്കാര്യത്തിൽ വളരെ നല്ലനിലയിലുള്ള ഒരിടപെടൽ നടത്തി എന്നുള്ളതിൽ സന്തോഷമുണ്ട്. ഞാൻ അദ്ദേഹത്തോട് പ്രത്യേകം നന്ദി പറയുന്നു. അതോടൊപ്പം തന്നെ ഇക്കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ വിവിധ വകുപ്പ് അധികൃതർകൂടി പങ്കെടുത്തുകൊണ്ടുള്ള ഒരു ഉന്നതതലയോഗം വിളിക്കാൻ ഗവൺമെന്റ് തയ്യാറാക ണമെന്നുള്ള അഭ്യർത്ഥനകൂടി വയ്ക്കുന്നു. ഇത് സമയബന്ധിതമായി നടത്തിക്കൊണ്ടു പോകുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു സമിതിയെ ചുമതലപ്പെടുത്തിയാൽ ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാകും. അതിനുള്ള ക്രമീകരണംകൂടി ഗവൺമെന്റ് ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

## V സബ്മിഷൻ

### (1) റവന്യൂ ടവർ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2019 ജൂൺ മാസം 21-ാം തീയതി എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച റവന്യൂ ടവറിന്റെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. റവന്യൂ വകുപ്പുമന്ത്രിക്ക് അന്ന് ഉദ്ഘാടനത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് ആറ് മാസം കഴിഞ്ഞിട്ടും ആ റവന്യൂ ടവർ പ്രവർത്തിക്കാൻ കഴിയില്ലെന്നുപറഞ്ഞാൽ നമ്മൾ എവിടെ നിൽക്കുന്നുവെന്നാണ് ആലോചിക്കേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (ആർ.ഐ.ഡി.എഫ്.) ഉൾപ്പെടുത്തി 17 കോടി രൂപ മുടക്കി നിർമ്മിച്ച പദ്ധതിയാണിത്. ഉദ്ഘാടനത്തിന് തൊട്ടടുത്ത ദിവസം മുതൽ റവന്യൂ ടവർ പ്രവർത്തിച്ചുതുടങ്ങുമെന്ന് ഞങ്ങളെല്ലാവരും അവിടെ വച്ച് പറഞ്ഞതാണ്. കാർത്തികപള്ളി താലൂക്ക് ഓഫീസ്, ഹരിപ്പാട് സബ് ട്രഷറി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങി ഹരിപ്പാടിന്റെ വിവിധ ഭാഗങ്ങളിൽ വാടക കെട്ടിടങ്ങളിലും അല്ലാതെയും പ്രവർത്തിക്കുന്ന 23 ഓഫീസുകളാണ് റവന്യൂ ടവറിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിനായി കാത്തിരിക്കുന്നത്. റവന്യൂ ടവറിന്റെ കാര്യത്തിൽ പൊതുജനങ്ങൾക്കിടയിലും വിവിധ രാഷ്ട്രീയ പാർട്ടികൾക്കിടയിലും വൻതോതിലുള്ള വിമർശനവും പ്രതിഷേധവും ഉയരുന്നുണ്ട്. ഞാൻ വിചാരിക്കാത്തതുകൊണ്ടാണ് ഇതിന്റെ പ്രവർത്തനം നടക്കാത്തതെന്നാണ് അവർ കരുതുന്നത്. 2019 ഡിസംബർ 10-നുള്ളിൽ റവന്യൂ ടവറിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് ഞാൻ ഇപ്പോൾ അവരോടെല്ലാം പറഞ്ഞിരിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ മെല്ലെപ്പോക്ക് കാണുമ്പോൾ ആ തീയതിക്ക് പ്രവർത്തനം തുടങ്ങാൻ സാധിക്കുമോയെന്ന് സംശയമാണ്. ഫയർ ഫോഴ്സിന്റെ നിയമാനുസൃതമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഹൗസിംഗ് ബോർഡ് സമയബന്ധിതമായി ചെയ്യാത്തതാണ് കാര്യങ്ങൾ വൈകിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിച്ച് ഫയർഫോഴ്സിന്റെ എൻ.ഒ.സി. അടിയന്തരമായി നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഫയർഫോഴ്സിന്റെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ ഹരിപ്പാട് നഗരസഭയ്ക്ക് കെട്ടിട നമ്പർ അനുവദിക്കാനും വൈദ്യുതി, വാട്ടർ കണക്ഷൻ

എന്നിവയ്ക്കാവശ്യമായ സർട്ടിഫിക്കറ്റ് നൽകാനും സാധിക്കുകയുള്ളൂ. അതിനാൽ അങ്ങ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. ഹൗസിംഗ് ബോർഡും റവന്യൂ വകുപ്പും തമ്മിലുള്ള വലിയ ആശയക്കുഴപ്പമുണ്ട്. ആലപ്പുഴ ജില്ലയിൽ മൂന്നര വർഷത്തിനിടയ്ക്ക് ഇപ്പോൾ നാലാമത്തെ കളക്ടറാണ് ചാർജെടുത്തിരിക്കുന്നത്. ഒരു കളക്ടറോട് ചോദിക്കുമ്പോൾ അദ്ദേഹം പറയും "ഞാൻ മാറി അടുത്ത കളക്ടർക്കാണ് ചാർജ് എന്ന്. നാല് കളക്ടർമാർ മൂന്നര വർഷത്തിനുള്ളിൽ ചാർജെടുക്കുന്നത് ഏതെങ്കിലും കാലത്ത് സംഭവിച്ചിട്ടുണ്ടോ? കളക്ടർമാരുടെ കാര്യം തീരുമാനിക്കേണ്ടത് റവന്യൂ വകുപ്പുമന്ത്രിയാണ്. ഏറ്റവും കൂടുതൽ പ്രകൃതിക്ഷോഭമുണ്ടായ സ്ഥലമാണ് കുട്ടനാട് അടക്കമുള്ള ആലപ്പുഴ ജില്ല. ആലപ്പുഴ ജില്ലക്കാരെ തഴയുകയാണ്. ഇപ്പോൾ ഒരു പുതിയ കളക്ടർ വന്നു, കഴിഞ്ഞ മൂന്ന് മാസം മുൻപ് മറ്റൊരു കളക്ടറുണ്ടായിരുന്നു. ആ കളക്ടർ മൂന്നുമാസമേ ഉണ്ടായിരുന്നുള്ളൂ. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരുള്ളതുകൊണ്ട് ഒന്നും നടക്കുന്നില്ല. എ.ഡി.എം.-മാരെ എല്ലാ ആഴ്ചയിലും മാറ്റുകയാണ്. ഇങ്ങനെയാണെങ്കിൽ എങ്ങനെ ഭരണം നടക്കും? അതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്ങിവിടെ സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് ചൂണ്ടിക്കാണിച്ചതുപോലെ അങ്ങാണ് ഇതിനെല്ലാം കാരണമെന്ന് നാട്ടുകാർ സംശയിക്കുന്നുവെന്ന് പറയണ്ട, അങ്ങും ഞാനും കുറ്റക്കാരല്ല. ഹരിപ്പാട് റവന്യൂ ടവറിന്റെ ഉദ്ഘാടനം 21-6-2019-ന് നടന്നുവെങ്കിലും പ്രസ്തുത കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി. നിയമാനുസൃതമായി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ ലഭിക്കാത്തതിനാൽ കെട്ടിട നമ്പർ, വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല. ആയതിനാലാണ് റവന്യൂ ടവറിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത്. തീർച്ചയായും അങ്ങും ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും ഇവിടെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഈ ആഴ്ചതന്നെ ഫയർ എൻ.ഒ.സി. നൽകാമെന്ന് ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ഉറപ്പ് പറഞ്ഞിട്ടുണ്ട്. ഇത് വേഗത്തിലാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബന്ധപ്പെട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഹരിപ്പാട് റവന്യൂ ടവറിൽ അനുവദിക്കേണ്ട ഓഫീസുകളെ സംബന്ധിച്ച് വിവിധ ഓഫീസ് മേധാവികളുടെ യോഗതീരുമാന പ്രകാരം 23 സർക്കാർ ഓഫീസുകളാണ് അങ്ങോട്ടേയ്ക്ക് മാറാൻ കാത്തിരിക്കുന്നത്. അത് താങ്കളിവിടെ ചൂണ്ടിക്കാണിച്ചു, അതിന്റെ ലിസ്റ്റുണ്ട്. ഞാനതൊന്നും വിശദീകരിച്ച് പറയേണ്ട കാര്യമില്ല. ഫയർ എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പറും വൈദ്യുതിയും വാട്ടർ കണക്ഷനും എത്രയുംവേഗം ലഭ്യമാക്കി ഈ മാസംതന്നെ കെട്ടിടം അനുവദിച്ച് നൽകി കൈമാറ്റം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആലപ്പുഴ ജില്ലയിൽ മൂന്നര വർഷത്തിനിടെ നാല് കളക്ടർമാർ വന്നുപോയി. എ.ഡി.എം.-മാരെ എല്ലാ മാസവും മാറ്റുകയാണ്. അങ്ങ് അടിയന്തരമായി ഇതിലിടപെടണം. ഞങ്ങളുടെ ജില്ലയിൽ ഒരു പ്രവർത്തനവും നടക്കുന്നില്ല. ജില്ലാ കളക്ടറേറ്റുകളിലെ ഉദ്യോഗസ്ഥരുടെയടുത്ത് പോയാൽ ഒരു കാര്യവും നടക്കാറില്ല. ഇത് അങ്ങ് ചെയ്യുതാണെന്ന് ഞാൻ പറയുന്നില്ല, പക്ഷേ ഇതാണ് ഞങ്ങളുടെ അവസ്ഥ. ഏറ്റവും കൂടുതൽ പ്രളയമുണ്ടായ സ്ഥലമാണ് ആലപ്പുഴ ജില്ല. ഉദ്യോഗസ്ഥരുടെ അനാവശ്യമായ മാറ്റംകൊണ്ട് കുട്ടനാട് അടക്കമുള്ള പ്രളയബാധിത പ്രദേശത്തെ ജനങ്ങൾ ഒരു സഹായവും കിട്ടാതെ വളരെയേറെ വലഞ്ഞിരിക്കുകയാണ്. അങ്ങ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

## (2) ഭൂപരിധിയിലെ ഇളവ്

ശ്രീ. ജെയിംസ് മാത്യു: സർ, കേരളത്തിൽ ലോകത്തിന് മാതൃകയായ നിരവധി മേഖലകളുണ്ട്. പ്രത്യേകിച്ച്, ആയുർദൈർഘ്യത്തിന്റെയും ശിശുമരണ നിരക്കിന്റെ കുറവിലും കേരളം മാതൃകയാണ്. കേരളം നിരവധി മേഖലകളിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ്. ഇതിനെല്ലാം നാം കടപ്പെട്ടിരിക്കുന്നത് 1957-ലെ കാർഷികബന്ധ ബില്ലിനോടും തുടർന്നുവന്ന കേരള ഭൂപരിഷ്കരണ നിയമത്തോടും തന്നെയാണ്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങൾക്കും ഭൂമിയിലുള്ള അവകാശം ഉറപ്പാക്കി ഒരു പുതിയ സാമൂഹ്യ സാഹചര്യം സൃഷ്ടിക്കാൻ ഈ നിയമംകൊണ്ട് സാധിച്ചു. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനം വലിയ കാർഷിക പ്രതിസന്ധിയെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കാലത്ത് ഏറ്റവും വിലപിടിപ്പുണ്ടായിരുന്ന സുഗന്ധദ്രവ്യങ്ങൾ, നാണ്യവിളകൾ തുടങ്ങിയവ ആഗോള വൽക്കരണത്തെയും ആസിയാൻ കരാറിനെയും തുടർന്ന് ഇന്ന് ആർക്കും വേണ്ടാത്ത വിൽപ്പനച്ചരക്കായി മാറിയിരിക്കുകയാണ്. 6000 രൂപവരെ വിലയുണ്ടായിരുന്ന ഏലത്തിന് ഇപ്പോൾ 1800 രൂപയും 300 രൂപവരെ വിലയുണ്ടായിരുന്ന തേയിലയ്ക്ക് 90 മുതൽ 120 രൂപ വരെയും ഒരു കിലോ കാപ്പിപരിപ്പിന് ഏതാണ്ട് 300-400 രൂപ വിലയുണ്ടായിരുന്നത് 90 രൂപയായും ഒരു കിലോ റബ്ബറിന് 250 രൂപയോളം വിലയുണ്ടായിരുന്നത് 120 രൂപയായും കുറഞ്ഞിരിക്കുകയാണ്. ആളുകൾ റബ്ബർത്തോട്ടം ടാപ്പ് ചെയ്യാതെയായി. തേയിലത്തോട്ടം പൂട്ടിക്കിടക്കുന്നു. കാപ്പിത്തോട്ടം നഷ്ടത്തിലാണ്. ആയിരക്കണക്കിന് തൊഴിലാളികൾക്കാണ് ജോലിയില്ലാതായിരിക്കുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെത്തന്നെ വളരെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്തരമൊരു സാഹചര്യത്തിൽ കാലാനുസൃതമായ മാറ്റത്തിന് സംസ്ഥാനം തയ്യാറാകേണ്ടതുണ്ട്. നാണ്യവിളകളുടെയും തോട്ടം വിളകളുടെയും

സ്ഥാനത്ത് രാജ്യത്തിലെ ജനങ്ങൾക്കും ലോകത്തിനുംതന്നെ ആഹാരയോഗ്യമായ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുക എന്നത് ഏറ്റവും കൂടുതൽ സാധ്യതയുള്ളതായി മാറുകയാണ്.

ചെയർപേഴ്സൺ: പക്ഷെ നാണ്യവിളകൾ എല്ലാ സ്ഥലങ്ങളിലും കൃഷി ചെയ്യാൻ കഴിയില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, തേയില കൃഷി ചെയ്യുന്നിടത്ത് ഓറഞ്ച്, മുന്തിരി, ആപ്പിൾ എന്നിവ കൃഷി ചെയ്യാൻ സാധിക്കും. അതാത് കാലാവസ്ഥകൾക്ക് അനുയോജ്യമായ കൃഷി ഓരോ മേഖലയിലും നടത്തുന്നതിന് ഒരു തടസ്സവുമില്ല. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്കപ്പുറത്ത് തോട്ടമായിട്ട് നിലനിർത്താൻ സാധിക്കുന്നത് 6 വിളകൾ മാത്രമാണ്. ഏലം, കാപ്പി, തേയില, റബ്ബർ, കറുവപ്പട്ട, കൊക്കോ; കൂടാതെ 2012-ൽ കശുമാവുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടവിളകളുടെ ഗണത്തിൽപ്പെടുന്ന കൃഷികളെല്ലാം നഷ്ടത്തിലാണ്. എന്നാൽ ആ സ്ഥാനത്ത് മാവ്, പ്ലാവ്, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ ഉൾപ്പെടെ ഏറ്റവും കൂടുതൽ സമ്പത്തുണ്ടാക്കി ത്തരാൻ പറ്റുന്ന നിരവധി ഫലവൃക്ഷങ്ങൾ ഈ കാലാവസ്ഥയ്ക്കനുയോജ്യമായി കൃഷി ചെയ്യാൻ കഴിയും. തോട്ടവിളകളുടെ ഗണത്തിലേയ്ക്ക് ഇവകൂടി ഉൾപ്പെടുത്തിയാൽ തീർച്ചയായും നമ്മുടെ കാർഷിക മേഖലയ്ക്ക് വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. കേരളത്തിൽ കാസർഗോഡുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി. ആർ.ഐ) തെങ്ങിനെക്കുറിച്ചാണ് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. അത് തോട്ടവിളയാണെന്നതിൽ സംശയമില്ല. പക്ഷെ നമ്മുടെ ഭൂപരിഷ്കരണ നിയമത്തിൽ തോട്ടവിളകളുടെ ഗണത്തിൽ തെങ്ങില്ല. യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഭരണത്തെ തുടർന്ന് തോട്ടങ്ങളെല്ലാം നിലനിന്നിരുന്ന കാലത്ത് ഭൂപരിഷ്കരണ നിയമം വരുന്ന സന്ദർഭത്തിൽ ഈ തോട്ടങ്ങളുടെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിന് സാംഗത്യമുണ്ടായിരുന്നു. ഒന്നാമതായി, ഇത്തരം തോട്ടവിളകൾ തോട്ടമായി കൃഷി ചെയ്താൽ മാത്രമേ അതിന് നിലനില്പുള്ളൂ. മറ്റൊന്ന്, ലക്ഷക്കണക്കിന് തൊഴിലാളികൾ ആ തോട്ടങ്ങളെ ആശ്രയിച്ച് ജീവിച്ചിരുന്നു. കാലാവസ്ഥയ്ക്ക് അനുയോജ്യമായ തോട്ട വിളകളാണ് അവിടെ കൃഷിചെയ്തിരുന്നത്. എന്നാൽ ഇന്ന് കാലാവസ്ഥാ വ്യതിയാനം കൊണ്ട് സാഹചര്യം മാറുന്നു. ആഗോള നിയമങ്ങളുടെ ഫലമായി ആസിയാൻ കരാറും ഇനി വരാനിരിക്കുന്ന ആർ.സി.ഇ.പി. (റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്) കരാറും ഉൾപ്പെടെ ഇതിലേറെ പ്രതിസന്ധിയിലേയ്ക്ക് നമ്മൾ പോകുകയാണ്. ഈ സന്ദർഭത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ വെള്ളം ചേർക്കാതെ തോട്ടവിളകളുടെ ഗണത്തിൽ കാലാനുസൃതമായി രാജ്യത്തിനും ജനങ്ങൾക്കുമാവശ്യമുള്ള വിളകളെക്കൂടി ഉൾപ്പെടുത്തുന്നതിന് തയ്യാറാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 83-ാം വകുപ്പ് പ്രകാരം ആരും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവയ്ക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഓരോ വ്യക്തിക്കും കുടുംബത്തിനും മറ്റ് സ്ഥാപനങ്ങൾക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 82-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ചവരിൽ നിന്നും പ്രസ്തുത ഭൂമി മിച്ചഭൂമിയായി താലൂക്ക് ലാന്റ് ബോർഡുകൾ ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ഭൂപരിധി നിർണ്ണയിക്കുമ്പോൾ ചില തരത്തിലുള്ള ഭൂമികൾക്ക് ഇളവ് അനുവദിക്കാറുണ്ട്. 81-ാം വകുപ്പിൽ ഇത്തരം ഇളവുകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. 81 (1) (ഇ) വകുപ്പിൽ തോട്ടങ്ങൾക്ക് ഭൂപരിധിയിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളതാണ്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 2-ാം വകുപ്പ് 44-ാം ഉപവകുപ്പ് പ്രകാരം തേയില, കാപ്പി, കൊക്കൊ, റബ്ബർ, ഏലം, കറുവപട്ട എന്നിവ മുഖ്യമായി കൃഷിചെയ്യുന്ന സ്ഥലങ്ങളും അപ്രകാരമുള്ള വിളകൾ കൃഷിചെയ്യുന്നതിനും മാർക്കറ്റിംഗിനും ഉപയുക്തമാക്കുന്നതിനും വേണ്ടിവരുന്ന സ്ഥലങ്ങളുമാണ് തോട്ടങ്ങളെന്ന് നിർവ്വചിച്ചിരിക്കുന്നത്. ആയതിനാൽ റമ്പൂട്ടാൻ, പ്ലാവ്, മാവ് തുടങ്ങിയ വിളകൾക്കൂടി തോട്ടം എന്നതിൽ ഉൾപ്പെടുത്തണമെങ്കിൽ കേരള ഭൂപരിഷ്കരണ ആക്ടിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരിക്കുന്ന തരത്തിൽ മറ്റ് ഫലവൃക്ഷങ്ങൾക്കൂടി തോട്ടം പരിധിയിൽ കൊണ്ടുവരുന്ന കാര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം മാത്രമേ അന്തിമമായി തീരുമാനിക്കാൻ കഴിയുകയുള്ളൂവെന്നതാണ് വസ്തുത. അതിനനുസരിച്ച് തുടർന്നുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

### (3) ഡി. ബാബുപോളിന് സ്മാരകം

ഡോ. എം. കെ. മുനീർ: സർ, കേരളത്തിലെ സാമൂഹിക-സാംസ്കാരിക-ഭരണ-സാഹിത്യ-വൈജ്ഞാനിക നവോമണ്ഡലങ്ങളിൽ ശോഭിച്ച അത്യപൂർവ്വ പ്രതിഭാസ മായിരുന്ന ഡോ. ഡി. ബാബുപോൾ. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് ഏകദേശം ഏഴ് മാസം പിന്നിട്ടിരിക്കുന്നു. ഇടുക്കിയിലെ ആദ്യ കളക്ടർ, ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ കോ-ഓർഡിനേറ്റർ, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ എന്നീ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ദേഹം എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായിട്ടുണ്ട്. വാസ്തുവിദ്യ ഗുരുകുലത്തിന്റെ ശില്പിയായിരുന്നു. എഴുത്തുകാരനെന്ന നിലയിൽ 36-ഓളം പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം രചിച്ച ബൈബിൾ നിഘണ്ടു 'വേദശബ്ദരത്നാകാരം' വൈജ്ഞാനിക സാഹിത്യരംഗത്ത് എടുത്തുപറയേണ്ട ഒരു പുസ്തകമാണ്. അഡീഷണൽ

ചീഫ് സെക്രട്ടറി റാങ്കിലാണ് അദ്ദേഹം ഭരണനിർവ്വഹണ മേഖലയിൽ നിന്ന് വിടവാങ്ങുന്നത്. "കേരളം ദൈവത്തിന്റെ സ്വന്തം നാട്" എന്ന ടൂറിസം വകുപ്പിന്റെ സ്ളോഗൻ തെരഞ്ഞെടുക്കുന്നത് അദ്ദേഹം ടൂറിസം സെക്രട്ടറിയായിരിക്കുന്ന സമയത്താണ്. സിവിൽ സർവ്വീസിൽ മലയാളി സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് നിർണ്ണായക സ്വാധീനം ചെലുത്തുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി. മരണംവരെയും ഈ സ്ഥാപനത്തിന്റെ എമിറേറ്റ്സ് മെമ്പറായിരുന്നു ഡോ. ഡി. ബാബുപോൾ. അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശമാണ് ആ സ്ഥാപനത്തെ ഉയർത്തിയത്. ഈ അക്കാദമിയുടെ വിജയത്തിനുവേണ്ടി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. വടക്കേ ഇന്ത്യയിൽ നിന്നുവരെ സിവിൽ സർവ്വീസ് കോച്ചിംഗിന് ഉദ്യോഗാർത്ഥികൾ അന്വേഷിച്ച് വരുന്ന സ്ഥാപനമായി സിവിൽ സർവ്വീസ് അക്കാഡമിയെ മാറ്റുന്നതിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ വലുതായിരുന്നു. രണ്ട് കാര്യങ്ങളാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഒന്ന്, അദ്ദേഹത്തിന്റെ പേരിൽ തിരുവനന്തപുരത്ത് ഒരു സ്മാരകമുണ്ടാക്കണം, രണ്ട്, സിവിൽ സർവ്വീസ് അക്കാഡമി ഇനിയുള്ള കാലങ്ങളിൽ അദ്ദേഹത്തിന്റെ നാമത്തിൽ അറിയപ്പെടുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പേരിടണം. ഇതിന് പരിശോധിച്ചു വരുന്നുവെന്ന സ്ഥിരം ഉത്തരം ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സർക്കാരിന്റെ യഥാർത്ഥ നിലപാടും അത് ചെയ്യുന്നതിനുവേണ്ടി സ്വീകരിക്കാൻപോകുന്ന നടപടികളുമാണ് ഞങ്ങൾക്ക് അറിയേണ്ടത്. പരിശോധിച്ചുവരുന്നുവെന്ന മറുപടി ദയവു ചെയ്ത് അങ്ങ് പറയരുതെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ന്യായമായ ആവശ്യമാണ് ഡോ. എം. കെ. മുനീർ അവതരിപ്പിച്ചത്. ഡോ. ഡി. ബാബുപോൾ കേരളത്തിന് അഭിമാനമായൊരു വ്യക്തിയാണ്. അതുകൊണ്ട് സിവിൽ സർവ്വീസ് അക്കാഡമിക്ക് അദ്ദേഹത്തിന്റെ പേര് നൽകുന്നത് ഉചിതമായിരിക്കും.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരളത്തിന്റെ ഭരണ-സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ നിറഞ്ഞുനിന്നിരുന്ന യശശ്ശരീരനായ ഡോ. ഡി. ബാബുപോളിന് സ്മാരകമായി ഒരു ഗവേഷണശാല ആരംഭിക്കണമെന്നും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിക്ക് അദ്ദേഹത്തിന്റെ പേര് നൽകണമെന്നുമുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും അഭിപ്രായത്തോട് സർക്കാരിന് വിയോജിപ്പൊന്നുമില്ല. അത് സമഗ്രമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) പരീക്ഷാകലണ്ടർ

ശ്രീ. വി. ഡി. സതീശൻ: സർ, സർവ്വകലാശാലകളിൽ നടക്കുന്ന ക്രമക്കേടുകളുടെ ഘോഷയാത്ര ഓരോന്നും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കേരള സർവ്വകലാശാലാ ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിൽ നടന്ന പരീക്ഷാകലണ്ടറിന്റെ ക്രമക്കേടാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സിൻഡിക്കേറ്റ് ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിൽ യു.ജി.സി. നിബന്ധനയനുസരിച്ച് ഒരു സെമസ്റ്ററിൽ 90 ദിവസമാണ് പ്രവൃത്തി ദിവസം വരേണ്ടത്. പരീക്ഷാ കലണ്ടറിൽ സർവ്വകലാശാല മാറ്റംവരുത്തിയതോടുകൂടി പരീക്ഷയ്ക്ക് മുൻപായി ഒരു സെമസ്റ്ററിൽ പ്രവൃത്തി ദിവസം 90 ദിവസം എന്നുള്ളത്. 70 ദിവസമായി കുറച്ചിരിക്കുകയാണ്. സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ മിനിട്ട്സിൽ, 'The draft of the academic and the examination calender for the year 2019-2020 was forwarded to the Minister's Office, Higher Education, Thiruvananthapuram, in response to the mail dated, 30-7-2019 and Office demanded some corrections' എന്നാണ് പറയുന്നത്. മന്ത്രിയുടെ ഓഫീസ് അക്കാദമിക് കലണ്ടറിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുവെന്ന് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മിനിട്ട്സിൽ വന്നിരിക്കുകയാണ്. ഇതനുസരിച്ച് 90 ദിവസം വേണ്ട ഒരു സെമസ്റ്ററിലെ പി.ജി. ക്ലാസിന്റെ പ്രവർത്തനദിവസം 70 ദിവസമായി കുറച്ചു. യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്നതാണ് 90 ദിവസം. പ്രവർത്തനദിവസം 90 ദിവസമില്ലാതെ പരീക്ഷ നടത്തിയാൽ ഈ കോഴ്സിന്റെ അംഗീകാരംപോലും യു.ജി.സി. റദ്ദാക്കുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. യു.ജി.സി. സ്കീം എന്നത് അദ്ധ്യാപകർ വാങ്ങുന്ന യു.ജി.സി. സ്കെയിൽ മാത്രമാണോ; യു.ജി.സി.-യുടെ നിബന്ധനയനുസരിച്ചുള്ള പ്രവർത്തന സമയം, ക്ലാസ് ഇത്ര സമയം വേണം എന്നീ കാര്യങ്ങളെല്ലാം യു.ജി.സി. സ്കീമിന്റെ ഭാഗമാണ്. ആ സ്കീമിന്റെ ഭാഗമായിട്ടാണ് യു.ജി.സി. സ്കെയിൽ കൊടുക്കുന്നത്. യു.ജി.സി. നിബന്ധനകളെ അട്ടിമറിച്ചുകൊണ്ടുള്ള അക്കാദമിക് കലണ്ടറുണ്ടാക്കാൻ മന്ത്രിക്കോ മന്ത്രിയുടെ ഓഫീസിനോ സർവ്വകലാശാലാ സിൻഡിക്കേറ്റിനോ അധികാരമുണ്ടോ? കുട്ടികളുടെ ഭാവിയെ അപകടത്തിലാക്കുന്ന ഈ കോഴ്സിന്റെ അംഗീകാരംതന്നെ റദ്ദാക്കുന്ന ഗൗരവതരമായ വിഷയമാണ് ഞാൻ സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരള സർവ്വകലാശാലയിൽ ദ്വിവർഷ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ നിലവിൽ അനന്തമായി മൂന്നുവർഷ കാലയളവുവരെ നീണ്ടുപോകുന്ന സ്ഥിതി സംജാതമായതിനാൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാ

ലകളിൽ പി.എച്ച്.ഡി., എം.ഫിൽ തുടങ്ങിയ ഉപരിപഠന കോഴ്സുകൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2018-2020 ബാച്ചിന്റെ 3-ാം സെമസ്റ്ററും 4-ാം സെമസ്റ്ററും പരീക്ഷകൾ കേരള സർവ്വകലാശാല പുനഃക്രമീകരിച്ചത്. ഇങ്ങനെ ക്രമീകരിക്കുമ്പോൾ 90 പ്രവൃത്തിദിനങ്ങൾക്ക് ഏതാനും ദിവസങ്ങളുടെ കുറവുവന്നിട്ടുണ്ടെന്നത് വസ്തുതയാണ്. ഈ കുറവ് പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WA No. 1711/2018-ാം നമ്പർ കേസിൽ 14-8-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് അവധി ദിവസങ്ങളിൽക്കൂടി ക്ലാസുകൾ നടത്തി നിശ്ചിത പ്രവൃത്തി ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർവ്വകലാശാല കൈക്കൊണ്ടിട്ടുള്ളത്. കേരള സർവ്വകലാശാലയുടെ പരീക്ഷാ കലണ്ടറിൽ മാറ്റം വരുത്താൻ ഞാനോ എന്റെ ഓഫീസോ ഉന്നത വിദ്യാഭ്യാസ വകുപ്പോ യാതൊരു നിർദ്ദേശങ്ങളും നൽകിയിട്ടില്ല. എല്ലാ സർവ്വകലാശാലകളോടും അവരവരുടെ പരീക്ഷ നിശ്ചയിച്ചു കൊണ്ടുള്ള തീയതികൾ അറിയിക്കണമെന്നാണ് നിർദ്ദേശിച്ചത്. അല്ലാതെ ഒരു തരത്തിലുള്ള മാറ്റവും നിർദ്ദേശിച്ചിട്ടില്ല. എല്ലാ സർവ്വകലാശാലകളിലും പരീക്ഷകളൊക്കെ നല്ലരീതിയിൽ നടക്കണമെന്നുള്ള താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്. അല്ലാതെ ഒരുതരത്തിലുള്ള ഇടപെടലും സർക്കാർ നടത്തിയിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശമാണ് ഇവിടെ നടത്തിയിരിക്കുന്നത്. കാരണം മന്ത്രിയുടെ ഓഫീസ് ഒരുതരത്തിലും സർവ്വകലാശാലയുടെ അക്കാദമിക് കലണ്ടർ തിരുത്തുന്ന കാര്യത്തിൽ ഇടപെട്ടിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്റെ കയ്യിലുള്ളതും ഞാനിവിടെ ഉദ്ധരിച്ചതും സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മിനിട്ട്സാണ്. 'The draft of the academic and the examination calender for the year 2019-2020 was forwarded to the Ministers Office, Higher Education, Thiruvananthapuram in response to the mail dated, 30-7-2019 and the Office demanded some corrections' എന്ന് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മിനിട്ട്സിൽ പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഓഫീസ് ഒരുതരത്തിലും ഇതിൽ ഇടപെട്ടിട്ടില്ലായെന്ന് പറയുന്നത് ഓർഡറിലാണോ? മാത്രമല്ല, അദ്ദേഹം പറഞ്ഞത് അവധി ദിവസങ്ങൾകൂടി ക്ലാസ്സെടുക്കാൻ പറഞ്ഞിരിക്കുന്നു എന്നാണ്. അവധി ദിവസങ്ങളിൽ ക്ലാസ്സെടുക്കാൻ പാടില്ലെന്നാണ് യു.ജി.സി.-യുടെ നിഷ്കർഷ. യൂണിയൻ ഉദ്ഘാടനമൊക്കെ പ്രവൃത്തി ദിവസങ്ങളിലാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതൊന്നും പാടില്ലെന്നുള്ള യു.ജി.സി. നിബന്ധനയുണ്ട്. ഈ കോഴ്സിന്റെ അംഗീകാരം പോകും. അങ്ങയുടെ ഓഫീസ് ഇടപെട്ടിട്ടുണ്ട്. ദിവസങ്ങൾ എണ്ണിക്കുറച്ചിരിക്കുന്നത് ഈ കോഴ്സിനെ ഗൗരവതരമായി ബാധിക്കുകയും ചെയ്യും.

ഡോ. കെ. ടി. ജലീൽ: സർ, യു.ജി.സി. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരു നിർദ്ദേശവും നൽകിയിട്ടില്ല. ബഹു. ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട് നേരത്തെ നൽകിയിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇക്കാര്യങ്ങളെല്ലാം നടന്നിട്ടുള്ളത്. മന്ത്രിയുടെ ഓഫീസിൽനിന്ന് തീയതി മാറ്റണമെന്നോ അല്ലെങ്കിൽ പരീക്ഷ ഇന്ന തീയതിക്ക് നടത്തണമെന്നോ പറഞ്ഞിട്ടില്ല. പൊതുവായി പരീക്ഷകളും റിസൾട്ടുകളും ഏകീകരിക്കണമെന്നാണ് എല്ലാ സർവ്വകലാശാലകളോടും പറഞ്ഞിട്ടുള്ളത് . അതല്ലാതെ മറ്റൊരു രീതിയിലുള്ള ഇടപെടലും നടത്തിയിട്ടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയുകയാണ്, സർവ്വകലാശാലയുടെ കാര്യത്തിൽ അങ്ങും അങ്ങയുടെ ഓഫീസും ഇങ്ങനെ ഇടപെടരുത്. സർവ്വകലാശാല സ്വതന്ത്ര സ്വഭാവമുള്ള സംവിധാനമാണ്. അവിടെ തീരുമാനമെടുക്കാൻ സിൻഡിക്കേറ്റും സെനറ്റും അക്കാഡമിക് ബോഡികളുമുണ്ട്. അവിടെ അങ്ങയുടെ ഓഫീസിന് ഇടപെടാൻ ഒരധികാരവുമില്ല. അങ്ങ് ദയവായി അത് മനസ്സിലാക്കണം.

ഡോ. കെ. ടി. ജലീൽ: സർ, സർവ്വകലാശാലകളുടെ കാര്യത്തിൽ ഒരു ഇടപെടലും നടത്തുന്നില്ല. ഇടപെടൽ നടത്താതിരുന്നിട്ടും അവിടെ നടക്കുന്ന എല്ലാ കാര്യങ്ങൾക്കും ഉത്തരവാദി മന്ത്രിയാണെന്നാണ് അങ്ങ് പറയുന്നത്. ഇത് രണ്ടും വൈരുദ്ധ്യമുള്ളതാണ്. ആ വൈരുദ്ധ്യം അങ്ങ് പറയരുതെന്നേ എനിക്ക് പറയാനുള്ളൂ.

### (5) ഗാന്ധിമന്ദിരവും ശിലാലിഖിതങ്ങളും പുനഃസ്ഥാപിക്കൽ

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വർഷം ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുകയാണ്. അതനുസരിച്ച് കേരളത്തിൽ ചെയ്യാൻ സാധിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച അഭിപ്രായമാണ് നേമം മണ്ഡലത്തിന്റെ പ്രതിനിധി എന്നുള്ള നിലയ്ക്ക് എനിക്ക് സർക്കാരിന് മുന്നിൽ വയ്ക്കാനുള്ളത്. കരമന-കളിയിക്കാവിള ദേശീയപാതയുടെ അരികിൽ കൈമനം ഭാഗത്ത് പതിറ്റാണ്ടുകൾ പഴക്കംചെന്ന ഒരു ഗാന്ധിമന്ദിരവും പുരാതന ലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ശിലാലിഖിതങ്ങളും ചുമടുതാങ്ങിയും കൽമണ്ഡപവുമുണ്ടായിരുന്നു. ദേശീയപാതയുടെ വികസനത്തിനായി സ്ഥലമേറ്റെടുത്തപ്പോൾ ഗാന്ധിമന്ദിരവും മറ്റും നിലനിന്നിരുന്ന സ്ഥലവും ഏറ്റെടുത്തു. ഈ സ്ഥലം ഏറ്റെടുത്തപ്പോഴുണ്ടായ ജനകീയ പ്രതിഷേധങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഗാന്ധിമന്ദിരം മറ്റൊരു അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാമെന്നും അതിന്റെ പ്രാധാന്യം ഒട്ടുംതന്നെ നഷ്ടപ്പെടാത്ത രൂപത്തിൽ ശിലാലിഖിതങ്ങളും മറ്റും സംരക്ഷിക്കാമെന്നും ബന്ധപ്പെട്ട അധികൃതർ ഉറപ്പുനൽകിയിരുന്നു. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന 2019-ൽത്തന്നെ ഗാന്ധിമന്ദിരവും മറ്റ് അനുബന്ധ വസ്തുക്കളും അർഹിക്കുന്ന ബഹുമാനത്തോടെ പുനഃസ്ഥാപിച്ച് ഈ മന്ദിരത്തെ വളരെ വൈകാരികമായി സ്നേഹിക്കുന്ന ജനങ്ങളുടെ

ആശങ്ക അകറ്റുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയോട് ഞാൻ 304-ാം വകുപ്പ് പ്രകാരം ആവശ്യപ്പെടുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. ഒ. രാജഗോപാൽ ഉന്നയിച്ച സബ്മിഷൻ വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്. പ്രത്യേകിച്ച്, ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന വർത്തമാനകാലത്ത് ഈ കാര്യത്തിൽ വേണ്ട നടപടികൾ വളരെ ഗൗരവത്തോടുകൂടി സ്വീകരിക്കുന്നതാണ്. കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെയും വീതികൂട്ടലിന്റെയും ഭാഗമായി തിരുവനന്തപുരം കൈമനം ജംഗ്ഷനിൽ നിലവിലുണ്ടായിരുന്ന കൽമണ്ഡപവും ഗാന്ധിമന്ദിരവും പൊളിച്ച് മാറ്റേണ്ട അവസ്ഥ സൃഷ്ടിക്കപ്പെടുകയും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശ പ്രകാരം പൊളിച്ചുമാറ്റപ്പെട്ട മണ്ഡപത്തിന്റെ ഭാഗങ്ങൾ സുരക്ഷിതമായി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മടവൂർപാറ ഗുഹാക്ഷേത്രത്തിന്റെ സമീപത്ത് സൂക്ഷിച്ചുവരികയുമാണ്. പ്രസ്തുത മണ്ഡപം പുനഃസ്ഥാപിക്കുന്നതിന് ഉചിതമായ സ്ഥലം ലഭ്യമാകാത്തതിനാൽ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ ആ ഘട്ടത്തിൽ കഴിഞ്ഞിരുന്നില്ല. തുടർന്ന് കൽമണ്ഡപം പുനഃസ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. കളക്ടറുടെ റിപ്പോർട്ട് പ്രകാരം, ബി.എസ്.എൻ.എൽ.-ന്റെ പക്കലുള്ള 3 സെന്റ് സ്ഥലം കൽമണ്ഡപം പുനഃസ്ഥാപിക്കുന്നതിലേയ്ക്ക് തിരുവനന്തപുരം തഹസീൽദാർ കൈമാറിയിട്ടുണ്ടെന്ന് വകുപ്പിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഭൂമി അതിർത്തി തിരിച്ച് നൽകുന്നതിലേയ്ക്കായി ജില്ലാ കളക്ടർക്ക് വകുപ്പ് ഡയറക്ടർ ഔദ്യോഗികമായി കത്ത് നൽകിയിട്ടുണ്ട്. ഭൂമി ലഭിക്കുന്ന മുറയ്ക്ക് കൽമണ്ഡപം പുനഃസ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. അനുബന്ധമായി, സംരക്ഷിതമേഖലയായും അല്ലാതെയും സംരക്ഷിക്കുന്ന പുരാവസ്തു സൃഷ്ടികളെല്ലാംതന്നെ അതിന്റെ നൈസർഗ്ഗികമായ രൂപത്തിലും ഭാവത്തിലും ജന്മസിദ്ധമായ രൂപത്തിലും സംരക്ഷിക്കുകയാണ് പുരാവസ്തു വകുപ്പിന്റെ ചുമതല, അത് നിർവ്വഹിക്കും. ഭൂമി ലഭ്യതയാണ് പ്രധാനപ്പെട്ട കാര്യം. ഭൂമി ലഭിച്ചുകഴിഞ്ഞാൽ മറ്റ് കാര്യങ്ങൾക്കുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഒ. രാജഗോപാലും മറ്റ് സുഹൃത്തുക്കളുമെല്ലാം ഇതിന് സഹായകരമായ നിലപാട് സ്വീകരിക്കുമ്പോൾ അത് കൂടുതൽ വേഗത്തിൽ സാധ്യമാകാൻ കഴിയുമെന്നതാണ് എന്റെ പ്രതീക്ഷ.

## (6) മണൽ ഖനനം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ബേപ്പൂർ തുറമുഖത്തിൽ മാനുവൽ ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ലഭിക്കുന്ന മണൽ വളരെ കൂടിയ വിലയ്ക്കാണ് വിൽക്കുന്നത്. അതുകാരണം അവിടെയുണ്ടായിട്ടുള്ള പ്രശ്നങ്ങളാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ബേപ്പൂർ തുറമുഖത്ത് കഴിഞ്ഞ രണ്ട് പ്രളയങ്ങളുടെ ഫലമായി

ടൺകണക്കിന് മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇത് ഖനനം ചെയ്ത് വിൽക്കുന്നതിന് അമിതമായ വിലയാണ് തുറമുഖ വകുപ്പ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. പോർട്ടിൽ നിന്നും ഖനനം ചെയ്യുന്ന മണലിന്റെ ഇപ്പോഴത്തെ വില വളരെ ഉയർന്നതാണെന്ന പരാതിയുണ്ട്. ഒരു ടൺ മണലിന് തൊഴിലാളി വിഹിതം 665 രൂപ, സർക്കാർ വിഹിതമായി പോർട്ടിന് 545 രൂപ, കോർപ്പറേഷന് 100 രൂപ, ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ ഫീസ് 40 രൂപ എന്നിവ ചേർത്ത് 1350 രൂപയാണ്. ഒരു ലോഡ് മണലെന്നാൽ മൂന്ന് ടൺ മണലെന്നാണ് കണക്കാക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു ലോഡിന് 4050 രൂപയും അതിന്റെകൂടെ ജി.എസ്.ടി. 203 രൂപ, വെഹിക്കിൾ പാസ് 220 രൂപ, വെഹിക്കിൾ പാസിന്റെ ജി.എസ്.ടി. 40 രൂപ, പ്രളയ സെസ് രണ്ട് രൂപ എന്നിവ ചേർത്ത് 4515 രൂപയാണ്. അതോടൊപ്പം വാഹന വാടകകൂടി ചേർക്കുമ്പോൾ ഒരു ലോഡ് മണലിന് 5550 രൂപ വിലയാകും. ഇത് കഴുകി ചെളിയും മറ്റ് വസ്തുക്കളും കളഞ്ഞെടുക്കുമ്പോൾ 80 ഫൂട്ട് മാത്രമേ ഉണ്ടാകുകയുള്ളൂ. 4800 രൂപ കൊടുത്താൽ ഒരു ലോഡ് എം-സാന്റ് മാർക്കറ്റിൽ ലഭ്യമാണ്. ഇത് 100 ഫൂട്ട് ഉണ്ടാകും. താരതമ്യേന വളരെ കുറഞ്ഞ വിലയ്ക്കും കൂടിയ അളവിലും ലഭ്യമാകുന്നതിനാൽ ആവശ്യക്കാർ എം-സാന്റിനെ ആശ്രയിക്കുന്നു. ഒരു ഫൂട്ട് എം-സാന്റിന് 48 രൂപ വരുമ്പോൾ ഒരു ഫൂട്ട് മണലിന് 68.75 രൂപ വരുന്നുണ്ട്. എം-സാന്റിനെക്കാൾ 20.75 രൂപ ഒരു ഫൂട്ട് മണലിന് കൂടുതലാണ്. ഇതുകാരണം നേരത്തെ 300 മുതൽ 400 ടൺ വരെ വിൽപ്പന നടന്ന സ്ഥാനത്ത് ഇപ്പോൾ 30 മുതൽ 40 ടൺ വരെ വിൽപ്പന മാത്രമാണ് നടക്കുന്നത്. അതിനാൽ അവിടെ പരമ്പരാഗതമായി തൊഴിലെടുക്കുന്ന 200-ൽപ്പരം തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിലായി. തുറമുഖത്ത് മണലും ചെളിയും അടിഞ്ഞുകൂടി ഖനനം ചെയ്ത് മാറ്റുന്നതിനും തടസ്സം നേരിട്ടിരിക്കുകയാണ്. തുറമുഖത്തെ മണൽ വാരിയാൽ മാത്രമേ കപ്പൽ ചാലിൽ മണൽ കയറാതിരിക്കൂ. അവിടെയിപ്പോൾ മണൽ കയറി കുമിഞ്ഞുകൂടി ക്കിടക്കുകയാണ്. അത് ഒഴിവാക്കേണ്ടതാണ്. ഇത്രയും വില കൂട്ടുന്നതുകൊണ്ട് മണലെടുക്കാൻ ആളില്ല. ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് എം-സാന്റിന്റെ വിലയിലേയ്ക്ക് മണലിന്റെ വില കുറച്ച് വിൽപ്പന സുഗമമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ ഉന്നയിച്ച ആവശ്യം വികസനോന്മുഖമായി പ്രവർത്തിക്കുന്ന ബേപ്പൂർ തുറമുഖത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ്. 2010 മുതൽ 2017 മാർച്ച് 31 വരെ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ മണൽവാരി വിൽപ്പന നടത്തിയിരുന്നത്. ഇത് സംബന്ധിച്ചുണ്ടായിരുന്ന ചില പ്രശ്നങ്ങളും പരാതികളും കണക്കിലെടുത്തുകൊണ്ട് 2017 ഏപ്രിൽ മുതൽ പരമ്പരാഗത മണൽ വാരൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിക്കൊണ്ടും മണൽ വിൽപ്പന തുറമുഖ

വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെയാക്കിക്കൊണ്ടും സർക്കാർ ഉത്തരവായിരുന്നു. ബേപ്പൂർ തുറമുഖത്ത് ഒരു ടൺ മണലിന് 1350 രൂപയാണ് സർക്കാർ നിശ്ചയിച്ചിരുന്ന വില. നികുതിയും ക്ലീനിംഗ് ചാർജ്ജും ഇതിന് പുറമേയാണ്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിൽപ്പന ആരംഭിച്ചതുമുതൽ ഇതുവരെ ബേപ്പൂർ തുറമുഖത്ത് 16536 ടൺ മണൽ വിറ്റിരുന്നു. എം-സാന്റിന് തുറമുഖ മണലിനേക്കാൾ വില കുറവാണെങ്കിൽ മണലിന്റെ വില കുറയ്ക്കുന്ന കാര്യം സംസ്ഥാന സർക്കാർ ആലോചിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നടപടികൾ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## (7) ദേശീയപാതാ വികസനം

ശ്രീ. കെ. ആൻസലൻ: സർ, കരമന-കളിയിക്കാവിള പാതയുടെ വികസനം ത്വരിതപ്പെടുത്തണമെന്നതാണ് ഞാൻ ഇവിടെ ഉന്നയിക്കുന്ന വിഷയം. തിരുവനന്തപുരം ജില്ലയിൽക്കൂടി കടന്നുപോകുന്ന ഒരു അന്തർ സംസ്ഥാന പാതയാണിത്. ദീർഘ കാലത്തെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് 2009-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായമില്ലാതെ സംസ്ഥാന ഗവൺമെന്റിന്റെ മുഴുവൻ ഉത്തരവാദിത്വത്തിൽ 30.5 മീറ്റർ വീതിയിൽ പ്രസ്തുത പാതയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. അതിന്റെ രണ്ടാംഘട്ട പ്രവർത്തനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അമാന്തിച്ചിരുന്നെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആവശ്യമായ ഭൂമിയേറ്റെടുക്കലിന്റെയും നിർമ്മാണ പ്രവൃത്തിയുടെയും തുക അനുവദിക്കുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട് നിരവധി ഘട്ടങ്ങളിൽ യോഗം ചേർന്ന് ആ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കരാറുകാർ പ്രവൃത്തിയേറ്റെടുക്കുന്നതിൽ കാലതാമസമുണ്ടായെങ്കിലും പ്രശസ്തമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവൃത്തിയേറ്റെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയുമാണ്. എന്നാൽ ബാലരാമപുരം കൊടിനടയ്ക്കു ശേഷമുള്ള ബാലരാമപുരം-വഴിമുക്ക് പ്രദേശത്തെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന അനിശ്ചിതത്വം ഇപ്പോഴും നിലനിൽക്കുകയാണ്. വിഴിഞ്ഞം-കാട്ടാക്കട റോഡിൽ ഒരു അടിപ്പാത നിർമ്മിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള ആലോചനായോഗം ചേരുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യമായ പുരോഗതിയുണ്ടായിട്ടുള്ളതായി തോന്നുന്നില്ല. വഴിമുക്ക് മുതൽ കളിയിക്കാവിളവരെയുള്ള ഭാഗം ഒറ്റ റീച്ചായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഒരു വർഷംമുമ്പ് അതിനാവശ്യമായ കരട് അലൈൻമെന്റ് തയ്യാറാക്കുകയും നെയ്യാറ്റിൻകര, ഉദിയൻകുളങ്ങര, പാറശ്ശാല എന്നിവിടങ്ങളിലുള്ള

പ്രാദേശിക ഭരണസമിതികളുടെയും പൊതുപ്രവർത്തകരുടെയും യോഗം വിളിച്ച് അത് അവതരിപ്പിക്കുകയും അവരിൽനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ചിരിക്കുകയുമാണ്. അത് വളരെ പ്രയാസമേറിയ പാതയായി ഇപ്പോഴും നിലനിൽക്കുകയാണ്. നെയ്യാറ്റിൻകരയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് സാധാരണഗതിയിൽ 18-20 മിനിട്ടുകൊണ്ട് എത്തിച്ചേരാൻ സാധിക്കേണ്ടതാണ്. എന്നാൽ ഇപ്പോൾ മണിക്കൂറുകളെടുക്കുകയാണ്. പ്രാവച്ചമ്പലം മുതൽ റോഡ് പണി നടക്കുകയാണ്. നാലുവരി പാതയിൽനിന്ന് വരുന്ന ആയിരക്കണക്കിന് വാഹനങ്ങൾ കൊടിനടയെത്തുമ്പോൾ ഗതാഗതക്കുരുക്ക് വർദ്ധിക്കുകയാണ്. ഇത് വലിയ തോതിലുള്ള യാത്രാബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയിലേയ്ക്ക് മാറുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താത്പര്യമെടുക്കണം. നെയ്യാറ്റിൻകരയിൽ ചേർന്ന യോഗത്തിൽ അദ്ദേഹം തന്നെ പങ്കെടുത്ത് ആവശ്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഒരു ഘട്ടമായി പാതയുടെ പ്രവർത്തനം പൂർത്തിയാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. റവന്യൂ-ലാന്റ് അക്വിസിഷൻ- പൊതുമരാമത്ത് എന്നീ വിഭാഗങ്ങൾ സംയുക്തമായി ഇതൊരു യജ്ഞമായി സ്വീകരിച്ചാൽ മാത്രമേ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയൂ. അടിയന്തരമായി വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് അവിടത്തെ യാത്രാക്ലേശവും ജനങ്ങളുടെ ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ചെയർപേഴ്സൺ: ശ്രീ. എം. വിൻസെന്റിന് ഈ സബ്മിഷന്റെ ഭാഗമായി സംസാരിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട അംഗം നൽകിയ വിഷയത്തിലുള്ള സബ്മിഷൻ ഞാനും നൽകിയിരുന്നു. ബാലരാമപുരം ജംഗ്ഷനിൽ ഇപ്പോൾ മണിക്കൂറുകളോളം ഗതാഗതക്കുരുക്കാണ്. ഇവിടെ പറഞ്ഞതുപോലെ രണ്ടാംഘട്ട പ്രവൃത്തി കൊടിനടയിൽ അവസാനിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് വഴിമുക്ക് വരെയായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ കൊടിനട വരെയായതോടുകൂടി പണി പൂർത്തിയാകുമ്പോൾ ഇപ്പോൾത്തന്നെ ഗതാഗതക്കുരുക്കിലായിരിക്കുന്ന ജംഗ്ഷനിൽ കൂടുതൽ ഗതാഗതക്കുരുക്ക് ഉണ്ടാകാനേ ഇടവരികയുള്ളൂ. കൊടിനട മുതൽ വഴിമുക്ക് വരെ മൂന്നാംഘട്ടമെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. എനിക്ക് പറയാനുള്ളത്. അടുത്തഘട്ടത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളും പ്രതിഫലം നൽകുന്നതും പൂർത്തീകരിച്ചശേഷം അതിന്റെ പ്രവൃത്തിയും ഇതോടൊപ്പം തന്നെ ആരംഭിച്ചാൽ മാത്രമേ ഈ റോഡിന്റെ

പ്രയോജനം ജനങ്ങൾക്കുണ്ടാകുകയുള്ളൂ എന്നാണ്. അതോടൊപ്പംതന്നെ അടിപ്പാത നിർമ്മാണത്തെക്കുറിച്ച് അവിടെയുള്ള വ്യാപാരികൾക്ക് ആശങ്കകളുണ്ട്. അവരെ വിളിച്ച് ചർച്ച നടത്തി ആശങ്കകൾ പരിഹരിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഒരേ വിഷയത്തിലുള്ള പതിനാലാമത്തെയോ പതിനഞ്ചാമത്തെയോ സബ്മിഷനാണിത്. പലരും ഉന്നയിക്കുകയാണ്. അവിടെയുള്ള എം.എൽ.എ.-മാരും അല്ലാത്തവരും ഉന്നയിക്കുകയാണ്. എല്ലാ ദിവസവും തിരുവനന്തപുരത്തെ പത്രങ്ങളിൽ ഈ വിഷയത്തെ സംബന്ധിച്ച് ഒരു കോളമുണ്ട്. പ്രസ്തുത റോഡ് പണിയുന്നത് ഇപ്പോൾ ഒരു അബദ്ധമായി മാറിയിരിക്കുകയാണ്. സ്ഥലമേറ്റെടുക്കുന്നത് കുട്ടിക്കളിയാണോ. അതിന് എഞ്ചിനീയർമാർക്ക് എന്തുചെയ്യാൻ സാധിക്കും. എഞ്ചിനീയർമാരാണോ സ്ഥലം ഏറ്റെടുക്കുന്നത്. നമ്മൾ ഇങ്ങനെ നാടകം കണ്ടിട്ട് കാര്യമില്ല. കരമന-കളിയിക്കാവിള റോഡിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. ആൻസലൻ ഔദ്യോഗികമായി സബ്മിഷൻ തന്നിരുന്നു. ശ്രീ. എം. വിൻസെന്റും നൽകിയിരുന്നു. അദ്ദേഹവും അത് ഇവിടെ ഉന്നയിച്ചിട്ടുണ്ട്.

ഒന്നാംഘട്ടം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയായി. ഇപ്പോൾ ആരംഭിച്ചിരിക്കുന്നത് രണ്ടാംഘട്ടമാണ്. അതിനുള്ള തുക കൊടുത്തിട്ടുണ്ട്. ഇവിടെ ശ്രീ. കെ. ആൻസലൻ പറഞ്ഞതുപോലെ നല്ല കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നല്ല നിർവ്വഹണശേഷിയുള്ളവരാണ്. ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പും എൻ.എച്ച്.എ.ഐ.-യും ചേർന്ന് സംയുക്ത പരിശോധന നടത്തി കല്ലുകൾ സ്ഥാപിച്ചു. പ്രസ്തുത കല്ലുകൾ കാണാനില്ല. നാട്ടുകാർ കല്ലെടുത്തുകൊണ്ടുപോയി.

ശ്രീ. എം. വിൻസെന്റ്: സർ, അവിടെ കല്ലുണ്ട്.

ശ്രീ. ജി. സുധാകരൻ: കല്ല് ആരാണ് മോഷ്ടിക്കുന്നത്, നിങ്ങൾ മോഷ്ടിക്കുന്നുവെന്നാണോ പറഞ്ഞത്. കല്ല് അവിടെയില്ല. അവിടെയുണ്ടെങ്കിൽ നിങ്ങളുടെ കയ്യിലുണ്ടാകും. കല്ല് അവിടെയില്ലെന്ന് പറയുമ്പോൾ ഉണ്ടെന്നു പറഞ്ഞാൽ എങ്ങനെയാണ്. എന്നാൽ നിങ്ങൾ മറുപടി പറയൂ.

ചെയർപേഴ്സൺ: ശ്രീ. എം. വിൻസെന്റ് ഇരിക്കൂ. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. ജി. സുധാകരൻ: ശ്രീ. വിൻസെന്റിനോടല്ലല്ലോ പറഞ്ഞത്. ശ്രീ. എം. വിൻസെന്റ്, ഇതിൽ പാർട്ടിയല്ലല്ലോ. പിന്നെന്തിനാണ് ശ്രീ. എം. വിൻസെന്റ് ഇതിൽ ഇടപെടുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: നാട്ടുകാരെ അധിക്ഷേപിക്കരുത്.

<u>ശ്രീ. ജി. സുധാകരൻ</u>: മോഷ്ടിച്ചവരെയാണ് പറഞ്ഞത്. നാട്ടുകാരൊന്നുമല്ല മോഷ്ടിച്ചത്. ഈ പരിപാടി അവസാനിപ്പിക്കണം. നാട്ടുകാരല്ല കല്ല് മോഷ്ടിച്ചവർ. നാട്ടുകാരാണോ മോഷ്ടിച്ചതെന്ന് എനിക്കെങ്ങനെയറിയാം. ശ്രീ. എം. വിൻസെന്റിന് എന്താണ് കാര്യം? ശ്രീ. വിൻസെന്റിനെ ഞാൻ വല്ലതും പറഞ്ഞോ? കല്ല് കാണാതെപോയെന്നാണ് റിപ്പോർട്ട്. കല്ല് കുറേയെണ്ണം കാണാതെപോയി. എല്ലാ കല്ലും പോയെന്നല്ല. ഇതൊന്നുംകൊണ്ട് വോട്ട് കിട്ടാൻ പോകുന്നില്ല. ഞാൻ പറഞ്ഞതാണ് ശരി. നിങ്ങൾക്കെന്താണ് കാര്യം. നിങ്ങളോട് ഞാൻ തർക്കത്തിന് വന്നില്ലല്ലോ? നിങ്ങൾ മോഷ്ടിച്ചോ, ഇല്ലല്ലോ. കല്ല് മോഷണം പോയില്ലേ? നിങ്ങൾ കണ്ടുപിടിക്ക്. എല്ലാ കല്ലും പോയെന്നല്ല പറഞ്ഞത്. രണ്ടെണ്ണം പോയെന്നാണ് പറഞ്ഞത്. ശ്രീ. എം. വിൻസെന്റിനെയല്ല പറഞ്ഞത്. കല്ല് സൂക്ഷിക്കാൻ എം.എൽ.എ.-യ്ക്ക് കഴിയുമോ? ഇതൊക്കെയാണ് നമ്മുടെ കുറേയാളുകളുടെ പരിപാടി. ഇതിനെയൊന്നും നമ്മൾ സപ്പോർട്ട് ചെയ്യേണ്ട. റോഡ് പണിയൊക്കെ നടക്കും. ഇനി കല്ല് സ്ഥാപിക്കണമെങ്കിൽ റവന്യൂ വകുപ്പ് വരണം. എം.എൽ.എ.-യ്ക്കോ, മന്ത്രിക്കോ കഴിയില്ല. ഇത്തരത്തിലുള്ള കുണ്ടാമണ്ടികളും കാണിക്കുകയാണ്. അവിടെ സമരസമിതിയുണ്ടല്ലോ. സമരസമിതിയെ കാണാനുണ്ടോ? കല്ല് കണ്ടുപിടിക്കാൻ സമരസമിതി സഹായിക്കുമെന്നാണ് പറഞ്ഞത്. എം.എൽ.എ.-മാരോ ഗവൺമെന്റോ റോഡ് പണിയാൻ തുടങ്ങിയാൽ സമരസമിതി വരികയാണ്. അവർക്ക് ഇതുമായി യാതൊരു ബന്ധവുമില്ല. അവിടെ കുറേ സമരസമിതികളുണ്ട്. ഇതൊക്കെ പറയാതിരിക്കാൻ കഴിയില്ല. കല്ല് രണ്ടെണ്ണം പോയി. ആയത് പുനഃസ്ഥാപിച്ചാൽ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കാൻ കഴിയും. അത് കളക്ടറാണ് പുനഃസ്ഥാപിക്കേണ്ടത്. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ. നാട്ടുകാരെ നമ്മളാരെങ്കിലും ആക്ഷേപിക്കുമോ; എന്തിനാണ് ആക്ഷേപിക്കുന്നത്; പക്ഷെ മോഷ്ടിച്ചവരെ കണ്ടുപിടിക്കണ്ടേ? കല്ല് കണ്ടെത്താനും പകരം കല്ലിടാനുമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിപ്പാത നിർമ്മാണത്തിനുള്ള സാധ്യതാ പഠനത്തിനായി സർവ്വേ നടപടികൾ ആരംഭിച്ചു. മണ്ണ് പരിശോധനയും ടോപ്പോഗ്രാഫിക് സർവ്വേയും നടന്നു. റിപ്പോർട്ട് ലഭ്യമാക്കി വിശദമായ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ട്. കരമന-കളിയിക്കാവിള പാതവികസനം രണ്ടാംഘട്ടം വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രദേശവാസികളിൽനിന്ന് പഴയ ദേശീയപാതാ റോഡും രാജപാതയും ചേർന്നുള്ള അലൈൻമെന്റ് പരിഗണിക്കണമെന്നുള്ള നിർദ്ദേശങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ സർവ്വേ നടപടി പൂർത്തീകരിച്ചു. നാട്ടുകാർ വേറെ അലൈൻമെന്റ് ആവശ്യപ്പെടുകയാണ്. അതുസംബന്ധിച്ചും പഠിക്കണം. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അലൈൻമെന്റ് സ്വീകരിക്കുന്നതാണ്.

RTF Infrastructure എന്ന ഓർഗനൈസേഷനാണ് കാട്ടാക്കട-ബാലരാമപുരം ദിശയിലെ അടിപ്പാതയുടെ പഠനം നടത്തിക്കൊണ്ടിരിക്കുന്നത്. ജംഗ്ഷനിൽ 600 മീറ്റർ സ്ഥലം 24 മീറ്റർ വീതിയിൽ ഏറ്റെടുത്താണ് സർവ്വീസ് റോഡ് ഉൾപ്പെടെ അടിപ്പാത നിർമ്മിക്കേണ്ടത്. അതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ബാധിക്കുന്നവരുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനും അത് ബാധിക്കുന്നതിനും LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. അവിടെ സ്ഥലത്തിന്റേതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയായില്ലെങ്കിലും ആരംഭിക്കാൻ കഴിയും. എല്ലാവരും ചേർന്നുള്ള ഒരു സംവിധാനം വേണം. പ്രോജക്ട് ഏറ്റെടുത്ത് കഴിഞ്ഞാൽ ഗവൺമെന്റ് പണം മുടക്കാനും എഞ്ചിനീയർമാർ പണിയാനും തയ്യാറാണ്. എന്നാൽ നമ്മുടെ നാട്ടിൽ ധാരാളം പ്രശ്നങ്ങളുണ്ട്. നമ്മൾ ആഗ്രഹിക്കുന്നതുപോലെയല്ല ആളുകൾ ചിന്തിക്കുന്നത്. ഒരു വർഷക്കാലം തടസ്സപ്പെടുത്തിയശേഷം അവിടെ വീടിനും സ്ഥലത്തിനും വില കൊടുത്തു. എന്നാൽ അവർ ഇതുവരെ മാറിയിട്ടില്ല. അറസ്റ്റ് ചെയ്യാൻ സാധിക്കുമോ? സ്ഥലത്തിനും വീടിനും നല്ല തുകയാണ് കൊടുത്തത്. എന്നിട്ടും അവർ അവിടെനിന്ന് മാറുന്നില്ല. ആരുടെയെങ്കിലും സപ്പോർട്ടില്ലാതെ അവിടെയിരിക്കുമോ? അതിനെപ്പറ്റിയൊക്കെ ശ്രീ. എം. വിൻസെന്റ് ശ്രീ. ആൻസലനോടുമായി ആലോചിച്ച് അവരോട് മാറാൻ പറയണം. അല്ലാതെ അവിടെ പണി ചെയ്യാൻ സാധിക്കുമോ. ഇതൊക്കെ നമുക്ക് പരിഹരിക്കണം.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് സംസാരിച്ചപ്പോൾ 'കുണ്ടാമണ്ടി' എന്ന പ്രയോഗം വന്നിട്ടുണ്ട്. അതൊഴിവാക്കാം, അല്ലേ?

ശ്രീ. ജി. സുധാകരൻ: കുണ്ടാമണ്ടിയെന്നാൽ തടസ്സങ്ങൾ. അതിനെന്താണ്?

ചെയർപേഴ്സൺ: എന്നാൽ ഒഴിവാക്കണ്ട.

(8) അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം

ശ്രീമതി ഗീതാ ഗോപി: സർ, 2019-20 അദ്ധ്യയനവർഷം അന്തർജില്ലാ സ്ഥലം മാറ്റത്തിനായി കോമൺ സ്കൂളിലേയ്ക്കും ട്രൈബൽ ഹിൽസ്റ്റേഷൻ സ്കൂളിലേയ്ക്കും തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 98 അദ്ധ്യാപകർ അപേക്ഷ നൽകിയിട്ടുണ്ട്. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ട്രൈബൽ മേഖലയിലെ 22 വേക്കൻസികൾ ഉൾപ്പെടെ 52 വേക്കൻസികൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി കാണിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ ലഭിക്കാൻ അർഹതയുള്ള അദ്ധ്യാപകർ വിവിധ ജില്ലകളിൽനിന്നും താമസസൗകര്യം, മക്കളുടെ പഠനം തുടങ്ങിയവ

ക്രമീകരിച്ച് സ്ഥലംമാറ്റത്തിനായി തയ്യാറായിരിക്കുമ്പോഴാണ് ടി ഡെപ്യൂട്ടി ഡയറക്ടറുടെ 18-9-2019-ലെ A4/25707/2016 എന്ന നമ്പർ ഉത്തരവിലൂടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവച്ചിട്ടുള്ള എൽ.പി.എസ്.എ. തസ്തികയിൽ 47 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതായിട്ടാണ് മനസ്സിലാക്കുന്നത്. തൽഫലമായി അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുമെന്ന് കരുതിയ 47 അദ്ധ്യാപകരും കുടുംബങ്ങളും കടുത്ത നിരാശയിലും ദുഃഖത്തിലുമാണ്. ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് ടി അദ്ധ്യാപകരെ പ്രതികൂലമായി ബാധിക്കുന്നുവെങ്കിലും ടി ഉത്തരവ് നിലനിർത്തിക്കൊണ്ടായാലും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1079/2019 തീയതി 20-6-2019-ലെ ഉത്തരവ് നടപ്പിലാക്കിയാൽ 2019-20 അദ്ധ്യയനവർഷത്തിൽ എൽ.പി.എസ്.എ. അന്തർജില്ലാ സ്ഥലംമാറ്റത്തിന് 42 അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകാൻ കഴിയും. ഇതിനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തിരുവനന്തപുരം ജില്ലയിൽ 2015-16-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട 70 എൽ.പി.എസ്.ടി.-മാർക്ക് നിയമനം നൽകാനും തസ്തിക നിർണ്ണയത്തിനുശേഷം അധികമായി കണ്ടെത്തിയ 91 എൽ.പി.എസ്.ടി.-മാരെ പുനർവിന്യസിക്കാനുമുണ്ടായിരുന്നു. പ്രസ്തുത ഒഴിവുകൾ മാറ്റിനിർത്തിയാൽ അവശേഷിക്കുന്ന 224 ഒഴിവുകൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന അനുപാതത്തിൽ വേർതിരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതായിരുന്നു.

| | | | | |
|---|---|---|---|---|
| നേരിട്ടുള്ള നിയമനം (പി.എസ്.സി.) | - | 65% | - | 146 |
| അന്തർജില്ലാ സ്ഥലംമാറ്റം | - | 30% | - | 67 |
| ബൈട്രാൻസ്ഫർ നിയമനം | - | 5% | - | 11 |
| ആകെ | - | | | 224 |

എന്നാൽ എൽ.പി.എസ്.ടി.-മാരുടെ നിലവിലുണ്ടായിരുന്ന കേഡർ സ്ട്രെംങ്ത് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിലൂടെ ജില്ലയിൽ എത്തിയവരുടെ എണ്ണത്തിലെ കുറവ് കണക്കിലെടുത്ത് 67-ന് പകരം 114 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി അനുവദിക്കുകയും ആ തീരുമാനം നേരിട്ടുള്ള നിയമനത്തിന് 47 പേരുടെ കുറവുണ്ടാക്കുകയും ചെയ്തു. ഇത് തെറ്റായ നടപടിയാണെന്ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1382/2016-ലുള്ള 7-10-2016-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും അധികമായി അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച 47 എൽ.പി.എസ്.ടി.-മാരെ അതാത് ജില്ലകളിലേയ്ക്ക്

തിരിച്ചയച്ച് പ്രസ്തുത ഒഴിവുകൾ 21-9-2016-ൽ കാലാവധി അവസാനിച്ച എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകത്തക്കവിധം റിപ്പോർട്ട് ചെയ്യണമെന്ന് ഉത്തരവാകുകയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 7-10-2016-ലെ ഉത്തരവ് 28-1-2019-ൽ മാത്രമാണ് തിരുവനന്തപുരം വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായത്. 2015-16-നപുറമെ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവുകളും പൂർത്തീകരിച്ച് കഴിഞ്ഞാണ് ഈ വിധിയിൽ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുള്ളത്.

2015-16-ൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചുവന്ന എൽ.പി.എസ്.ടി.-മാരെ തിരിച്ചയയ്ക്കുക എന്നത് പ്രായോഗികമായി ആ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കിയാണ് പ്രസ്തുത ജീവനക്കാരെ തൊട്ടടുത്ത വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിരുന്ന ഒഴിവുകളിലേയ്ക്ക് ക്രമീകരിച്ച് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 18-9-2019-ൽ എ(4) / 25707/2016/DDE ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അപ്രകാരം ക്രമീകരിച്ചപ്പോഴാണ് ഈ അദ്ധ്യയന വർഷം (2019-20) അന്തർജില്ലാ സ്ഥലംമാറ്റം നൽകാനായി മാറ്റിവച്ചിരുന്ന 52 ഒഴിവുകളിൽ 47 എണ്ണത്തിന്റെ കുറവുണ്ടായിട്ടുള്ളത്. 2019-2020-ൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 5 തസ്തികകളാണ് നിലവിലുണ്ടായിരുന്നത്.

ഈ വർഷത്തെ അപേക്ഷകരെക്കാൾ മറ്റ് ജില്ലകളിൽ സീനിയോറിറ്റി ഉണ്ടായിരുന്നതിനാലാണ് 2015-16-ൽ 47 പേർക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത്. മാത്രവുമല്ല കൂടുതലായി അന്തർജില്ലാ സ്ഥലംമാറ്റം നൽകിയ അപാകത 2015-16-ൽ ഉണ്ടായിരുന്നില്ലായെങ്കിൽ ഈ ഒഴിവുകൾ 21-9-2016-ൽ കാലാവധി അവസാനിച്ച എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതായിരുന്നു. ആയതിനാലാണ് പ്രസ്തുത 47 ഒഴിവുകൾ 21-9-2016-ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്ന് തന്നെ നിയമിക്കണമെന്ന ആമുഖത്തോടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്.

എന്നാൽ 18-9-2019-ലെ ടി ഉത്തരവ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തന്നെ പരിഗണനയിലുള്ള ഒ.എ. നമ്പർ 2003/2019, ഒ.എ. നമ്പർ 2126/2019 എന്നീ കേസുകളിൽ ചലഞ്ച് ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നിലവിൽ ഈ വിഷയം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷനിലെ അവസാനഭാഗത്ത് പ്രതിപാദിക്കുന്ന ഒ.എ. നമ്പർ 1079/2019 എന്നത് 2018-19 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കേസാണ്. പ്രസ്തുത കേസിലെ 20-6-2019-ലെ

ഉത്തരവിൽ 42 ഒഴിവുകളിൽ അന്തർജില്ലാ സ്ഥലംമാറ്റം നൽകാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടില്ല. മറിച്ച് ഇതേ കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-9-2019-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ 4 ഒഴിവുകൾ തിരുവനന്തപുരം ജില്ലയിൽ ഒഴിച്ചിടണമെന്ന് മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഈ വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞ/ചെയ്യപ്പെടേണ്ട ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന് മാറ്റി നൽകിയാൽ അത് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നേരിട്ടുള്ള നിയമനങ്ങളെ പ്രതികൂലമായി ബാധിക്കും. ഇതുസംബന്ധിച്ച നിലവിലുള്ള കേസുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

### (9) കന്നഡ മീഡിയം സ്കൂളുകളിലെ നിയമനം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെയും എന്റെ മണ്ഡലത്തിൽപ്പെടുന്ന കന്നഡ മേഖലയിലെയും വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ഈ മേഖലയിലെ 60 ശതമാനത്തിലേറെ ആളുകളും കന്നഡ സംസാരിക്കുന്നവരും പഠിക്കുന്നവരുമാണ്. ആ കന്നഡ മീഡിയം സ്കൂളിൽ അടുത്തകാലത്തായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർ കേരളത്തിലെ തെക്കൻ മേഖലയിൽ നിന്നുള്ളവരായതിനാൽ അവർക്ക് കന്നഡ അറിയില്ല. കന്നഡ അറിയാത്ത അദ്ധ്യാപകരെ കന്നഡ മീഡിയത്തിൽ നിയമിച്ചതിന്റെ ദുര്യോഗം ആ ജില്ലയിലെ ആളുകൾ നേരിടുകയാണ്. 2008, 2009, 2010, 2015, 2019 എന്നീ വർഷങ്ങളിലായി 14-ഓളം മലയാളി അദ്ധ്യാപകരെയാണ് കന്നഡ മീഡിയത്തിൽ നിയമിച്ചത്. അതുമാത്രമല്ല, നെയ്യാറ്റിൻകരയിലെ രണ്ട് അദ്ധ്യാപകരെയാണ് കഴിഞ്ഞ പ്രാവശ്യം എന്റെ മണ്ഡലത്തിൽ നിയമിച്ചത്. നെയ്യാറ്റിൻകരയിലെ അദ്ധ്യാപകർ പറയുന്ന മലയാളം കാസർഗോഡുകാർക്ക് അറിയില്ല. അങ്ങനെയുള്ളവരെ കന്നഡ മീഡിയത്തിൽ നിയമിച്ചാൽ എന്തായിരിക്കും സ്ഥിതിയെന്ന് ഞാൻ പറയേണ്ട അവശ്യമില്ല. ഈയടുത്ത കാലത്ത് എന്റെ മണ്ഡലമായ ഉദുമയിലെയും ബേക്കലിലെയും രണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ തിരുവനന്തപുരം ജില്ലയിൽനിന്നുള്ള രണ്ട് അദ്ധ്യാപകരെ നിയമിച്ചിരുന്നു. രണ്ടുപേർക്കും കന്നഡ അറിയില്ല. കന്നഡ മീഡിയത്തിൽ മലയാളം അദ്ധ്യാപകരെ നിയമിക്കുമ്പോൾ അവിടത്തെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നം ഗുരുതരമാണ്. രക്ഷിതാക്കളും വിദ്യാർത്ഥികളും നാട്ടുകാരും വലിയ സമരത്തിലാണ്. ഗവൺമെന്റിനും വിദ്യാഭ്യാസ

വകുപ്പിനുമെതിരായി നടത്തിയ ആ സമരം എനിക്കുതന്നെ ഉദ്ഘാടനം ചെയ്യേണ്ടി വന്നു. അടിയന്തരമായി ഈ സംവിധാനം മാറ്റണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇനിയെങ്കിലും കന്നഡ മീഡിയത്തിൽ അദ്ധ്യാപകരെ നിയമിക്കുമ്പോൾ കന്നഡ അറിയാവുന്ന ആളുകളെ മാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന തീരുമാനമെടുക്കണം. ഇതിൽ പ്രധാന വിഷയം, നിയമനത്തിനായി പരീക്ഷ നടത്തുമ്പോൾ നൂറുമാർക്കിൽ 60 ശതമാനം മാർക്ക് മലയാളത്തിനും 20 ശതമാനം മാർക്ക് കന്നഡയ്ക്കും 20 ശതമാനം മാർക്ക് ഇംഗ്ലീഷിനുമാണ്. 60 ശതമാനം മാർക്ക് മലയാളത്തിനായതിനാൽ അവർക്കാണ് മുൻഗണന ലഭിക്കുന്നത്. ആ വ്യവസ്ഥിതിയാണ് മാറേണ്ടത്. അത് എങ്ങനെ വന്നുവെന്ന കാര്യം വളരെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കി മാറ്റുകയും കന്നഡ മേഖലയിലെ അദ്ധ്യാപകരെ തന്നെ നിയമിച്ച് ആ വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. കന്നഡ മേഖലയെ അവഗണിക്കുന്ന ഗവൺമെന്റാണ്, വിദ്യാഭ്യാസ വകുപ്പാണ് എന്നു പറഞ്ഞ് നമുക്കെതിരായി വലിയ സമരം വരികയാണ്. കന്നഡ ബോർഡറിലാണ് ഞങ്ങളൊക്കെ താമസിക്കുന്നത്. അവിടെയുള്ള ആളുകൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ട് കന്നഡ മേഖലയിൽ കന്നഡ അദ്ധ്യാപകരെത്തന്നെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. കന്നഡ മേഖലയിൽത്തന്നെ ടി.ടി.സി. കഴിഞ്ഞ എത്രയോ അദ്ധ്യാപകർ അവിടെയുണ്ട്. അതുകൊണ്ട് ഒരു കാരണവശാലും നെയ്യാറ്റിൻകരയിലും തിരുവനന്തപുരത്തുമുള്ള മലയാളം പഠിച്ച അദ്ധ്യാപകരെ അവിടെ നിയമിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, എച്ച്.എസ്.ടി. കന്നഡ/തമിഴ് മീഡിയം തസ്തികയിൽ നിയമിക്കുന്നതിന് ബി.എ, ബി.എഡ്. യോഗ്യതയ്ക്ക് പുറമെ ഇന്റർവ്യൂ സമയത്ത് പരിശോധിക്കപ്പെടുന്ന കന്നഡ/തമിഴ് ഭാഷാ പ്രാവീണ്യമാണ് മുമ്പ് യോഗ്യതകളായി നിശ്ചയിച്ചിരുന്നത്. അതുകൊണ്ടാണ് ഈ പ്രശ്നം വന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-2016-ലെ സ.ഉ.(പി) 166/2016/പൊ.വി.വ. പ്രകാരം താഴെപ്പറയും വിധം യോഗ്യത പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

1. A B.Ed. Degree in the concerned subject conferred or recognised by the Universities in Kerala.
2. A pass in SSLC/Plus Two/Pre Degree with Kannada/Tamil as First or Second Language.

OR

A pass in Degree or Post Graduation in Kannada/Tamil Language.

3. In the absence of the qualifications referred in (2) above, its equivalent shall also be considered.

ഇപ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ഡിഗ്രിക്കൊപ്പം ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ കന്നഡ പഠിച്ച് എസ്.എസ്.എൽ.സി./പ്ലസ് ടു പാസ്സായവരെയോ, കന്നഡ ഭാഷയിൽ ബിരുദ/ബിരുദാനന്തര ബിരുദം നേടിയവരെയോ മാത്രമേ ടി തസ്തികയിലെ പി.എസ്.സി. നിയമനത്തിന് പരിഗണിക്കുകയുള്ളൂ. എന്നാൽ ഈ ഉത്തരവിനു മുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് മേൽ നിബന്ധന ബാധകമാക്കാൻ കഴിയില്ല. എങ്കിലും നിലവിൽ കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ കന്നഡ ഭാഷാപ്രാവീണ്യം ഇല്ലായെന്ന് കണ്ടെത്തിയ രണ്ട് അദ്ധ്യാപകരെ മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് എന്ന സ്ഥാപനത്തിലയച്ച് കന്നഡ ഭാഷയിലുള്ള ഡിപ്ലോമ കരസ്ഥമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപോലെ കന്നഡ അറിയാത്ത അദ്ധ്യാപകർ പി.എസ്.സി. വഴി ജോയിൻ ചെയ്തിട്ടുണ്ടെങ്കിൽ അവർക്കും ഇത്തരത്തിൽ ഭാഷ പഠിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. അങ്ങനെ ഡിപ്ലോമ പഠിക്കുവാൻ അദ്ധ്യാപകരെ അയയ്ക്കുമ്പോൾ വരുന്ന ഒഴിവുകളിൽ കന്നഡ ഭാഷ അറിയാവുന്ന അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ ടീച്ചർമാരുടെ നിയമനം നടപ്പിലാക്കിവരുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകാനിടയില്ല.

12.00 Noon]

(10) <u>സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ്</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ മുഖേന നൽകുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ തുടങ്ങിയവ വാങ്ങുന്നവരും ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവരും മസ്റ്ററിംഗ് നടത്തണമെന്ന് ധനകാര്യവകുപ്പ് 65091/2019/എസ്.എഫ്.സി.ബി2 /17 തീയതി, 13-11-2019

പ്രകാരം ഒരു സർക്കുലർ ഇറക്കിയിരിക്കുകയാണ്. പെൻഷൻ ലഭിക്കുന്നവരെല്ലാം ജീവിച്ചിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് മസ്റ്ററിംഗ് നടത്തുന്നത്. ഇതിനായി ഏതെങ്കിലും അക്ഷയ കേന്ദ്രത്തിൽ നേരിട്ടുപോയി വിരലടയാളം വഴിയോ, കണ്ണ് ഉപയോഗിച്ചോ മസ്റ്ററിംഗ് ചെയ്യാവുന്നതാണെന്നാണ് സർക്കുലറിൽ പറയുന്നത്. ഗുണഭോക്താക്കൾക്ക് തികച്ചും സൗജന്യമായാണ് സർക്കാർ ഈ സേവനം നൽകുന്നതെന്ന് പറയുന്നുണ്ടെങ്കിൽപോലും പെൻഷൻ വാങ്ങുന്നവരെല്ലാം അക്ഷയ കേന്ദ്രത്തിൽ പോയി മസ്റ്ററിംഗ് നടത്തണമെന്ന നിർദ്ദേശം പ്രായമായവരെ ഏറെ പ്രയാസപ്പെടുത്തുന്നതാണ്. പെൻഷൻ വാങ്ങുന്നവരിൽ ഭൂരിഭാഗവും 60 വയസ്സിന് മുകളിലുള്ളവരാണ്. നിരവധി അസുഖങ്ങൾക്ക് അടിമപ്പെട്ട് ചികിത്സയിൽ കഴിയുന്നവർ ഒരു ദിവസം മുഴുവൻ അക്ഷയ കേന്ദ്രത്തിൽ ക്യൂ നിൽക്കേണ്ട സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. കരകുളം ഗ്രാമപഞ്ചായത്തിൽ നടത്തിയ പൈലറ്റ് സർവ്വേ പ്രകാരം ഗുണഭോക്താവ് മരണപ്പെട്ടതിനുശേഷവും അനന്തരാവകാശികൾ പെൻഷൻ വാങ്ങുന്ന 338 കേസ്സുകൾ കണ്ടെത്തുകയുണ്ടായി. അതായത്, അഞ്ച് ശതമാനം അനർഹരായിട്ടുള്ള ആളുകൾ പെൻഷൻ വാങ്ങുന്നുണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. ഏതെങ്കിലും ഒരു ഗ്രാമ പഞ്ചായത്തിൽ മാത്രം സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാരും അക്ഷയ കേന്ദ്രങ്ങളിൽപ്പോയി മസ്റ്ററിംഗ് നടത്തണമെന്ന നിർദ്ദേശം ശരിയല്ല. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇതുപോലെ സർവ്വേ നടത്തിയിട്ടില്ല. അങ്ങനെ സർവ്വേ നടത്തിയ ശേഷമാണ് ഇത്തരം കണ്ടെത്തലുകൾ ഉണ്ടായിട്ടുള്ളതെങ്കിൽ മനസ്സിലാക്കാമായിരുന്നു. സർക്കാരിന്റെ ഔദ്യോഗിക കണക്ക് പ്രകാരം 46,89,419 പേരാണ് ഇപ്പോൾ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ അഞ്ച് ശതമാനം എന്ന് പറയുന്നത് 2,34,470 പേരാണ്. അത് ഒരു പഞ്ചായത്തിൽ മാത്രം സർവ്വേ നടത്തി കണ്ടെത്തിയിട്ടുള്ളതാണ്. ഗുണഭോക്താക്കളുടെ മരണശേഷവും അനന്തരാവകാശികൾ അനർഹമായി പെൻഷൻ വാങ്ങുന്നുവെന്ന കണ്ടെത്തലുകൾ തികച്ചും വിചിത്രമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവർക്ക് പെൻഷൻ നൽകാൻ 29 കോടി രൂപ ചെലവ് വരുമെന്നാണ് ഗവൺമെന്റ് പറയുന്നത്. ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള ചെലവുകൾ സർക്കാർ വഹിക്കുമെന്ന് പറയുന്നുണ്ട്. ഓരോരുത്തർക്കും 30 രൂപ നിരക്കിലാണ് സർക്കാർ ഒരു വർഷം അക്ഷയ കേന്ദ്രങ്ങൾക്ക് കൊടുക്കുന്നത്. ശരാശരി ഒരു വർഷം 15 കോടി രൂപയുടെ ചെലവ് വരികയാണ്. 29 കോടി രൂപയുടെ ചെലവ് വരുന്നിടത്ത്, അക്ഷയകേന്ദ്രങ്ങൾക്ക് മസ്റ്ററിംഗ് നടത്താൻ വേണ്ടി ഒരാൾക്ക് മുപ്പത് രൂപ വച്ച് 46,89,419 പേർക്ക് കൊടുക്കുമ്പോൾ 14,06,82,570 രൂപ ആ ഇനത്തിൽ ചെലവ് വരികയാണ്. സർക്കാർ പുതിയതായി കൊണ്ടുവന്നിട്ടുള്ള ജീവൻരേഖ

സോഫ്റ്റ്‌വെയർ വഴിയുള്ള ബയോമെട്രിക്ക് മസ്റ്ററിംഗ് അക്ഷയകേന്ദ്രങ്ങൾ മുഖേന നടത്തണമെന്നാണ് ഗവൺമെന്റ് നിർദ്ദേശം. ഒരു പഞ്ചായത്തിൽ മാത്രം പൈലറ്റ് സർവ്വേ നടത്തി ഇത്തരമൊരു പൊതു തീരുമാനത്തിലെത്തുന്നത് ഒരിക്കലും ശരിയല്ല. കിടപ്പ് രോഗികളുടെ അടുത്തേയ്ക്ക് അക്ഷയ കേന്ദ്രത്തിലെ ജീവനക്കാർ വരുമെന്നാണ് പറയുന്നത്. ഇപ്പോൾ എല്ലാം ഓൺലൈനായതുകൊണ്ട് അക്ഷയ സെന്ററുകളിൽ വിവിധ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകളുടെ പ്രളയമാണ്. ആ അക്ഷയ സെന്ററിലെ ജീവനക്കാർ വീട്ടിൽ പോയി കിടപ്പുരോഗികളുടെ മസ്റ്ററിംഗ് തയ്യാറാക്കണമെന്ന് പറഞ്ഞത് പ്രായോഗികമാണോയെന്ന് പരിശോധിക്കണം. പഞ്ചായത്തുകളിൽ തന്നെ മസ്റ്ററിംഗ് നടത്തണമെന്ന മറ്റൊരു നിർദ്ദേശവുമുണ്ട്. ഇതും പ്രായോഗികമല്ല. ഏത് അക്ഷയ സെന്ററിലും പോയി മസ്റ്ററിംഗ് നടത്താം. ഇതിനായി നേരത്തെ പറഞ്ഞ കാലാവധി നവംബർ 30 ആണ്. ഡോ. എം. കെ. മുനീർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 15-വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്ന 2020 മാർച്ച് 31 വരെയെങ്കിലും മസ്റ്ററിംഗ് നടത്താനുള്ള കാലാവധി ദീർഘിപ്പിക്കണം. സാമൂഹ്യക്ഷേമ പെൻഷനുകളും വിവിധ ക്ഷേമനിധി പെൻഷനുകളും വെവ്വേറെ മസ്റ്ററിംഗ് നടത്താനുള്ള സൗകര്യമുണ്ടായിരിക്കണം. പെൻഷൻ വാങ്ങുന്നവരെല്ലാം ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കാൻ ഗസറ്റഡ് ഓഫീസർമാരുടെ സാക്ഷ്യപത്രം ഹാജരാക്കി മസ്റ്ററിംഗ് നടത്താനുള്ള സൗകര്യമുണ്ടാകണം. എന്നാൽ നടപടികൾ കൂടുതൽ ലഘൂകരിക്കുവാൻ സാധിക്കും.

മി. സ്പീക്കർ : അങ്ങ് വിഷയം സഭയുടെ മുന്നിൽ ഉന്നയിച്ചുകഴിഞ്ഞില്ലേ. ഒരു സബ്മിഷൻ അവതരിപ്പിക്കാൻ അഞ്ച് മിനിട്ട് എടുക്കുന്നത് എന്തിനാണ്.

ശ്രീ. പി. ഉബൈദുള്ള :സർ, സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നമാണ്.

മി. സ്പീക്കർ : ഇവിടെ കാര്യം വ്യക്തമായില്ലേ?

ശ്രീ. പി. ഉബൈദുള്ള :സർ, അങ്ങനെയെങ്കിൽ ഒറ്റ വാക്കിൽ പറഞ്ഞാൽ പോരേ.

മി. സ്പീക്കർ : ഒറ്റവാക്കിൽ പറയണമെന്നാണ് പറയുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, നിർദ്ദേശങ്ങൾ പറയണ്ടേ? അക്ഷയ കേന്ദ്രങ്ങളുടെ സെർവർ കപ്പാസിറ്റി വർദ്ധിപ്പിക്കണം. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ ഇപ്പോൾ എല്ലാ വർഷവും ഡിസംബറിൽ ട്രഷറിയിൽ പോയി മസ്റ്ററിംഗിന് ഹാജരാകുന്നുണ്ട്; അല്ലെങ്കിൽ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നുണ്ട്. ലൈഫ് സർട്ടിഫിക്കറ്റ് സൗകര്യങ്ങൾ സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് കൂടി ബാധകമാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ൽ ഇറക്കിയ ഉത്തരവിലാണ് ഇത്തരത്തിൽ മസ്റ്ററിംഗ് വേണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട അംഗത്തെപ്പോലെയുള്ളവരുടെ അഭ്യർത്ഥന മാനിച്ച് 2019-വരെ നീട്ടിവച്ചു. ഇനി നീട്ടിവയ്ക്കാൻ സാധിക്കില്ല. കരകുളം പഞ്ചായത്തിൽ അഞ്ച് ശതമാനം പേർ മരിച്ചവരുടെ പേരിൽ പെൻഷൻ വാങ്ങുന്നുണ്ട്. സർവ്വേ നടത്തിയപ്പോൾ 428 പേർ അനർഹരാണെന്ന് കണ്ടെത്തി യെങ്കിലും പിന്നീട് പഞ്ചായത്ത് മുഖാന്തരം നടത്തിയ പരിശോധനയിൽ ഇതിൽ ഏതാനും പേർ അനർഹമായി വാങ്ങുന്നവരല്ലെന്ന് കണ്ടെത്തി. എങ്കിലും അഞ്ച് ശതമാനം ആളുകൾ വരും. 200-ൽപ്പരം ആളുകൾ ആ പഞ്ചായത്തിലില്ല, അവരെ പഞ്ചായത്തിന് പോലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് സ്ഥലങ്ങളിലുള്ളവർ വേറൊരു നമ്പർ കൊടുത്ത് ഇവിടെ രജിസ്റ്റർ ചെയ്ത് അക്കൗണ്ടിലേയ്ക്ക് പണം ലഭിക്കുന്നവരായിരിക്കും. സർവ്വീസ് പെൻഷൻ വാങ്ങുന്ന 119 പേർ സാമൂഹികക്ഷേമ പെൻഷൻ വാങ്ങുന്നുണ്ട്. അനർഹമായ വരുമാനമുള്ളവരെയെല്ലാം മാറ്റി നിർത്താം. ഏതാണ്ട് 15 ശതമാനം പേരുണ്ട്. അത് ഭീമമായ തുകയാണ്. ഏതാണ്ട് 6-7 ലക്ഷം പേർ സംസ്ഥാനത്തുണ്ട്. ഞങ്ങൾ സമാന്തരമായി ആറ്റിങ്ങലിലും മറ്റൊരു ഗ്രാമപഞ്ചായത്തിലും സർവ്വേ നടത്തിയപ്പോൾ ഫലം വ്യത്യസ്തമല്ലെന്ന് കണ്ടു. അതുകൊണ്ട് മസ്റ്ററിംഗ് അനിവാര്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, അക്ഷയ സെന്ററുകൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനായി ഓരോരുത്തർക്കും 30 രൂപ വച്ച് കൊടുക്കുമ്പോൾ 16 കോടി രൂപ ചെലവ് വരും എന്നാണ്. 5 ശതമാനമാണ് കിട്ടുന്നതെങ്കിൽ 29 കോടി രൂപയല്ലേ വരുന്നുള്ളൂ എന്നാണ്. 29 കോടി രൂപ ഓരോ മാസവും വരുന്ന അധിക ചെലവാണ്. മസ്റ്ററിംഗിനായി 16 കോടി രൂപ മൊത്തത്തിൽ വരുന്ന ചെലവാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു പഞ്ചായത്തിലെ മാത്രം കണക്കുവച്ചിട്ടാണ് 29 കോടി രൂപയെന്ന് പറയുന്നത്. അതേ രീതിയിൽ എല്ലാ പഞ്ചായത്തുകളിലും അനർഹരായ ആളുകൾ വാങ്ങുന്നുണ്ടെങ്കിൽ മാത്രമേ 29 കോടി രൂപ വരികയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതൊരു സാമ്പിളാണ്. അരി മുഴുവൻ വെന്തോയെന്ന് അറിയാനായി എല്ലാ അരി മണിയും എടുത്ത് ചവച്ച് നോക്കണമെന്നില്ല. ഒരു അരി മണി എടുത്താൽ മതി. സാമാന്യം നല്ല അംഗീകാരമുള്ള പഞ്ചായത്താണ് തെരഞ്ഞെടുത്തത്. അതിന്റെയടിസ്ഥാനത്തിൽ പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർക്കെങ്കിലും അക്ഷയ കേന്ദ്രങ്ങളിൽ വരാനുള്ള ബുദ്ധിമുട്ടുണ്ടെന്ന് എഴുതി കൊടുത്തിട്ടുണ്ടെങ്കിൽ അവരുടെ വീട്ടിൽപ്പോയി എടുക്കുന്നതാണ്. പരമാവധി പ്രയാസങ്ങൾ കുറയ്ക്കാനായി നമുക്ക് നോക്കാം. പക്ഷെ, മസ്റ്ററിംഗ് അനിവാര്യമാണ്. അനർഹർക്ക് പണം കൊടുക്കാൻ

പറ്റില്ല. ചെറിയ തുകയല്ല കൊടുക്കാനുള്ളത്. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ അവസാന വർഷത്തെ ചെലവ് 2500 കോടി രൂപയായിരുന്നു. ഈ വർഷം 7500 കോടി രൂപയാണ് കൊടുക്കേണ്ടിവരുന്നത്. കൃത്യമായി അർഹതയുള്ളവർക്ക് കൊടുക്കണം. ഇനിയും കൊടുക്കാൻ ബാക്കിയുള്ള ആളുകൾക്ക് കൂടി കൊടുക്കണം. അനർഹരെ മാറ്റണം. കുറച്ച് ബുദ്ധിമുട്ടുകളുണ്ടാകും. പക്ഷെ, അത് അനിവാര്യമായ കാര്യമാണ്. അത് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

## V അറിയിപ്പ്

മി.സ്പീക്കർ: ഇന്നത്തെ കാര്യവിവര പട്ടികയിലെ മൂന്നാമത് ഇനമായി ചേർത്തിരുന്ന ചട്ടം 118 പ്രകാരമുള്ള പ്രമേയാവതരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം നാളത്തേയ്ക്ക് മാറ്റിവയ്ക്കുന്നു.

## VI ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

### 1. 2019 ആഗസ്റ്റ് 22-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ.8/2019/ ജി.ഇഡി.എൻ (എസ്.ആർ.ഒ. നമ്പർ 572/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള എഡ്യൂക്കേഷൻ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2019 -നുള്ള ഭേദഗതി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

In the proviso to sub rule (7) of Rule 67 amended by clause 2(8) (i) for the words and symbols "Headmasters/Vice-principals" shall be substituted with the words and symbols "Headmasters/ Headmistresses/ Vice-principals."

" Rule 75(1) (b) amended by clause 2(8) (iii) shall be recast as follows:

(b) The Manager shall forward the records of the case with a request to the Deputy Director (Education) in the case of Headmasters/Vice-principals of High Schools or to the Educational officers in the other cases, that the officer or any other officer not below the rank of an Educational Officer or an officer of the Department appointed by the Director or Government."

വളരെ ചെറിയൊരു ഭേദഗതിയാണെങ്കിലും വിദ്യാഭ്യാസ മേഖലയിൽ നടക്കാനിരിക്കുന്ന ധാരാളം മാറ്റങ്ങളിൽ വലിയ ആശങ്കയുളവാക്കുന്ന ഒട്ടേറെ കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. 1958-ലെ കേരള എഡ്യൂക്കേഷൻ ആക്ട് നിലവിലുണ്ട്. ആ ആക്ടിൽ ഭേദഗതി വരുത്താതെയാണ് സർക്കാർ റൂൾസ് ഇറക്കുന്നത്. ഇപ്പോൾ ആറോളം ഭേദഗതി റൂളുകളാണ് കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ ചിലത് കോടതിയിൽ സ്റ്റേ ചെയ്ത് മാറ്റിനിർത്തിയതാണ്. 1958-ലെ ആക്ടിൽ ഭേദഗതി ചെയ്യാതെ അങ്ങ് കൊണ്ടുവന്ന റൂൾ മാറ്റിവയ്ക്കണമെന്ന് കോടതി പറഞ്ഞതനുസരിച്ച് മാറ്റിവച്ചിട്ടാണ് വീണ്ടും ഈ ഉത്തരവിറക്കിയിട്ടുള്ളത്. കേരള എഡ്യൂക്കേഷൻ ആക്ടിലെ ഖണ്ഡം 4-ൽ സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡിനെക്കുറിച്ച് പറയുന്നുണ്ട്. അതിൽ ഡി.പി.ഐ., ഡി.എച്ച്.എസ്., ഡി.ടി.ഇ. എന്നിവയെല്ലാമുണ്ട്. അവയൊന്നുമില്ലാതെ, ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ സെക്രട്ടേറിയറ്റിലെ ഒരു ജോയിന്റ് സെക്രട്ടറിയും ഒരു എ.ഇ.ഒ.-യും അടക്കമുള്ള മൂന്ന് അംഗങ്ങളടങ്ങുന്ന സംഘമാണ് ഇതൊക്കെ നിർവ്വഹിക്കാനാവശ്യമായ നിലപാടുകൾ അവതരിപ്പിച്ചത്. അതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ പ്രയാസങ്ങളും ആശങ്കകളും നിലനിൽക്കുകയാണ്. എട്ടാം ക്ലാസ്സുവരെ മാത്രമേ അപ്പർ പ്രൈമറിയിൽ ഉണ്ടാകുകയുള്ളുവെന്ന് പറയുമ്പോൾ അതിനുശേഷമുള്ള ഒൻപതാം ക്ലാസ്സും പത്താം ക്ലാസ്സും എവിടെ നിൽക്കുമെന്ന് പറയുന്നില്ല. അഞ്ചാം ക്ലാസ് പ്രൈമറിയുടെ ഭാഗമാകുമ്പോൾ ഒൻപതും പത്തും ക്ലാസ്സുകൾക്കുശേഷമുള്ള പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകൾ എന്താകുമെന്ന് പറയുന്നില്ല. ഇങ്ങനെ വ്യത്യസ്തങ്ങളായ ധാരാളം പ്രയാസങ്ങൾ ഇതിന്റെ ഭാഗമായി നിൽക്കുന്ന സമയത്താണ് ഇത്തരത്തിലുള്ള ഓർഡറുകൾ അങ്ങയുടെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡിലെ ആളുകളൊന്നുമില്ലാതെ കൊണ്ടുവന്നതാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട്. അങ്ങിവിടെ കൊണ്ടുവന്ന റൂൾ 67-ൽ ഹെഡ്മാസ്റ്റർ, വൈസ് പ്രിൻസിപ്പാൾ എന്നുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അത് Headmasters/Headmistresses and Vice-principals എന്നാക്കണം. In the proviso to sub rule (7) of Rule 67 amended by clause 2(8) (I) for the words and symbols " Headmasters/Vice-principals" shall be substituted with the words and symbols " Headmasters/Headmistresses/Vice-principals" എന്നാക്കി മാറ്റണം.

രണ്ടാമത്തേത്, റൂൾ 75-ലേത് അങ്ങ് നോക്കിക്കാണണം. Not below the rank of an Assistant Educational Officer എന്നുള്ളതുമാറ്റി Educational Officer എന്നാക്കണം. ഈ റിപ്പോർട്ടിന്റെ ഭാഗമായി ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആശങ്കകൾ അകറ്റുന്നതിനുമുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട അംഗം സമർപ്പിച്ച ഭേദഗതികൾ പരിഗണിക്കേണ്ടവയാണ്. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളിൽ ബഹുമാനപ്പെട്ട അംഗം ഭേദഗതി നോട്ടീസിലൂടെ ഉന്നയിച്ചതിന് പുറമെ കൂടുതൽ ഭേദഗതികൾ ആവശ്യമാണെന്ന് കാണുന്നു. ആകയാൽ സമഗ്രമായ പരിശോധനയ്ക്കുശേഷം ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാകും ഉചിതം. അതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. തല്ക്കാലം ഈ ഭേദഗതികൾ മാത്രമായി സ്വീകരിക്കേണ്ടതില്ലെന്നാണ് നിലപാട്. ചട്ടങ്ങളിലുണ്ടായിട്ടുള്ള അപാകതകൾ ഭേദഗതി നോട്ടീസിലൂടെ ചൂണ്ടിക്കാട്ടിയ ബഹുമാനപ്പെട്ട അംഗത്തെ ഇത്തരുണത്തിൽ അനുമോദിക്കുകയും ചെയ്യുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## 2. 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ. (കൈ) നമ്പർ12/2019/നോർക്ക (എസ്.ആർ.ഒ. നമ്പർ 650/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

- 2(എച്ച്) വകുപ്പിൽ "കേന്ദ്ര ഭരണ പ്രദേശത്തോ" എന്ന വാക്കുകൾക്കുശേഷം "ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയിലോ" എന്ന് ചേർക്കുക.
- 3-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ഭാര്യ/ഭർത്താവ്" എന്നതിനുപകരം "ആശ്രിതൻ" എന്ന് ചേർക്കുക.
- 4-ാം വകുപ്പിനുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" 4(1) ഉപവകുപ്പ് പ്രകാരം പദ്ധതിയിലേയ്ക്ക് നിക്ഷേപം നടത്തുന്ന യാതൊരു അംഗത്തിനും നിക്ഷേപിച്ച തുക, നിക്ഷേപ തീയതി, ഡിവിഡന്റിന്റെ നിരക്ക്, അനന്തരാവകാശിയുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും അത് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്."

- 4(3) ചുവടെ ചേർക്കും പ്രകാരം മാറ്റുക.

" (3) നിക്ഷേപത്തിന്റെ ആദ്യ മൂന്ന് വർഷക്കാലയളവിൽ അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും നിശ്ചയിച്ച പ്രകാരമുള്ള നിരക്കിൽ ഡിവിഡന്റിന് അർഹതയുണ്ടായിരിക്കുന്നതും എന്നാൽ പ്രസ്തുത തുക ഈ കാലയളവിൽ വിതരണം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. "

- 5(2)-ൽ "ഭാര്യ/ഭർത്താവിന്" എന്നതിനുപകരം "ആശ്രിതന് " എന്ന് ചേർക്കുക.

- 7(1)-ൽ ചുവടെ ചേർക്കുന്ന ഭാഗം ഒഴിവാക്കുക.

" ഇതിലേയ്ക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ്"

- 9(1)-ൽ "സർക്കാരിനും ഏജൻസികൾക്കും" എന്നതിനുപകരം "സർക്കാരിന്" എന്ന് ചേർക്കുക.

പ്രവാസി ക്ഷേമനിധിയുമായി ബന്ധപ്പെട്ട ഭേദഗതിയാണിത്. അതിലൊന്ന്, 2(എച്ച്) വകുപ്പിൽ "കേന്ദ്ര ഭരണ പ്രദേശത്തോ" എന്ന വാക്കുകൾക്കുശേഷം "ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയിലോ" എന്ന് ചേർക്കുക എന്നുള്ളതാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ക്ഷേമ നിധിയിൽ അംഗമായി ചേരാമെന്നാണ് പറയുന്നത്. പുതിയ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 239 (എഎ) പ്രകാരം ഡൽഹി ഒരു കേന്ദ്രഭരണ പ്രദേശമായിട്ടല്ല അറിയപ്പെടുന്നത്, നാഷണൽ ക്യാപിറ്റൽ ടെറിറ്ററിയാണ്. എല്ലാ കേന്ദ്രഭരണ പ്രദേശവും എന്നുപറയുമ്പോൾ ഡൽഹിയിൽ താമസിക്കുന്ന മലയാളികളായ ധാരാളം ആളുകൾക്ക് ഇതിൽ അംഗമായി ചേരാൻ കഴിയില്ല. അതുകൊണ്ട് National capital territory ഉൾപ്പെടെ എന്ന് ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

രണ്ട്, 'ഭാര്യ/ഭർത്താവ് ' എന്നതിനുപകരം 'ആശ്രിതൻ' എന്ന് ചേർക്കുക എന്നുള്ളതാണ്. ഭാര്യയും ഭർത്താവും എന്നതിനപ്പുറം ആശ്രിതരായിട്ടുള്ള ആളുകളെ ചേർക്കുക എന്നുള്ളതാണ്.

മൂന്ന്, നാലാം വകുപ്പിൽ, 'ഒരാൾക്ക് നിക്ഷേപിക്കാവുന്ന തുകയുടെ പരമാവധി മൂന്ന് മുതൽ അമ്പത്തൊന്ന് ലക്ഷം വരെയായി' എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ നിക്ഷേപകന് റെസീപ്റ്റ് കൊടുക്കുന്ന കാര്യം ആക്ടിലും റൂളിലും പറയുന്നില്ല. ഒരാൾ പണം നിക്ഷേപിച്ചാൽ അവർക്ക് റെസീപ്റ്റ് കൊടുക്കണ്ടേ? ബാങ്കുകളിലായാലും അതിന് റെസീപ്റ്റ് കൊടുക്കും.

മി. സ്പീക്കർ: റെസീപ്റ്റ് കൊടുക്കുന്നത് സ്വാഭാവികമായും നടക്കുന്നതല്ലേ; അത് റൂളിൽ പറയണമെന്ന് നിർബന്ധമുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ആക്ടിലും റൂളിലും പറയുന്നില്ല. ഒരാൾക്ക് പണം നിക്ഷേപിക്കാമെന്നേ പറയുന്നുള്ളൂ. പണം നിക്ഷേപിച്ചാൽ റെസീപ്റ്റ് കൊടുക്കണമെന്ന് രണ്ടിലും പറയുന്നില്ല.

മി. സ്പീക്കർ: റെസീപ്റ്റ് കൊടുക്കണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, അങ്ങനെ റൂളിൽ വേണം. ഒരാൾ പണം നിക്ഷേപിച്ചാൽ അദ്ദേഹം എത്ര രൂപ നിക്ഷേപിച്ചുവെന്നുള്ളതിന് തെളിവ് വേണ്ടേ? ഞാൻ 5 ലക്ഷം രൂപ നിക്ഷേപിച്ചാൽ 5 ലക്ഷം രൂപ റിസീവ് ചെയ്തുവെന്ന് കാണിച്ച് റെസീപ്റ്റ് കൊടുക്കണ്ടേ? അതിനെക്കുറിച്ച് ഇതിലൊന്നും പറയുന്നില്ല. സാധാരണ റൂളിൽ കൃത്യമായി പറയേണ്ടതാണ്. നിക്ഷേപ തുക, നിക്ഷേപ തീയതി, ഡിവിഡന്റ് നിരക്ക്, അനന്തരാവകാശിയായി പ്രൊപ്പോസൽ ചെയ്തിട്ടുള്ള ആളിന്റെ പേര് എന്നിവ ഉൾപ്പെടുത്തി റെസീപ്റ്റ് കൊടുക്കണം.

ശ്രീ. സി. മമ്മൂട്ടി: സർ, പാസ്ബുക്കിലുണ്ടല്ലോ.

ശ്രീ. എം. ഉമ്മർ: സർ, പാസ്ബുക്ക് വേണമെന്ന് പറയണ്ടേ? ഒരു രേഖയും കൊടുക്കാമെന്ന് പറയുന്നില്ല. എവിടെ പണം കൊടുത്താലും റെസീപ്റ്റ് കൊടുക്കും. അതുകൊണ്ട് റെസീപ്റ്റ് കൊടുക്കേണ്ടതാണെന്ന് പറയണ്ടേ? ആരെങ്കിലും റെസീപ്റ്റ് ചോദിച്ചാൽ റെസീപ്റ്റ് കൊടുക്കണമെന്നുള്ളത് ആക്ടിൽ പറഞ്ഞിട്ടില്ലെന്ന് പറയാൻ കഴിയുമോ? സാധാരണ അത് പറയേണ്ടതാണ്.

നാല്, പദ്ധതിയുടെ 4(3) വകുപ്പിൽ പറഞ്ഞിരിക്കുന്നത് പദ്ധതിയിൽ ഗുണഭോക്താവായി ചേർന്നിരുന്ന ഗുണഭോക്താക്കൾക്ക് ആദ്യത്തെ മൂന്ന് വർഷം യാതൊരു ഡിവിഡന്റും ലഭിക്കുന്നതല്ല എന്നാണ്. അതായത് നിക്ഷേപകർക്ക് ഡിവിഡന്റിന് അർഹതയില്ലെന്നാണ് പരാമർശിക്കുന്നത്. എന്നാൽ 5(1)-ൽ ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ മൂന്ന് വർഷംകൊണ്ട് അതിനോടുകൂടി ചേരുന്നതും ഡിവിഡന്റ് ഉൾപ്പെടെയുള്ള തുകയുടെ പത്ത് ശതമാനവും നൽകുന്നതാണെന്ന് പറയുന്നുണ്ട്. എന്നുപറഞ്ഞാൽ ഡിവിഡന്റിന് അർഹതയുണ്ടെന്നുള്ളതാണ്. അതുകൊണ്ട് പരസ്പര വൈരുദ്ധ്യം ഒഴിവാക്കി, "നിക്ഷേപത്തിന്റെ ആദ്യ മൂന്ന് വർഷക്കാലയളവിൽ അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും നിശ്ചയിച്ച പ്രകാരമുള്ള നിരക്കിൽ ഡിവിഡന്റിന് അർഹതയുണ്ടായിരിക്കുന്നതും എന്നാൽ പ്രസ്തുത തുക ഈ കാലയളവിൽ വിതരണം ചെയ്യാൻ പാടില്ലാത്തതുമാകുന്നു" എന്ന് പറയുമ്പോൾ അതിൽ വ്യക്തതയായി. ഗവൺമെന്റ് ഉദ്ദേശിച്ച കാര്യത്തിൽ രണ്ട് ക്ലോസുകൾക്കും പരസ്പര വൈരുദ്ധ്യമുണ്ടായതുകൊണ്ട് അത് മാറ്റുക എന്നുള്ളതാണ്.

അതുപോലെ, 7(1)-ൽ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ഡിവിഡന്റ് നൽകുകയും ചെയ്യേണ്ടതാണ്. "ഇതിലേയ്ക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ വാർഷിക ഗ്രാന്റുവഴി ബോർഡിന് നൽകേണ്ടതാണ്" എന്നുള്ളതാണ്. ബോർഡിനുണ്ടാകുന്ന ചെലവുകളൊക്കെ സർക്കാർ നൽകണമെന്നാണ് പറയുന്നത്. 7(2) വകുപ്പുപ്രകാരം അംഗങ്ങളിൽനിന്ന് സ്വീകരിക്കുന്ന മുഴുവൻ നിക്ഷേപവും ബോർഡിന്റെ കൈവശം സൂക്ഷിക്കാതെ ഏജൻസിക്ക് അതേദിവസം തന്നെ escrow mechanism വഴി കൈമാറേണ്ടതാണ്. അപ്പോൾ ഭരണപരമായ ചെലവ് ബോർഡോ ഏജൻസിയോ വഹിക്കേണ്ടതാണ് എന്നുള്ളതാണ്. ഗവൺമെന്റ് വീണ്ടും അധിക ബാധ്യത വരുത്താതെ ബോർഡ് അല്ലെങ്കിൽ ഏജൻസി ഇതുമായി ബന്ധപ്പെട്ട് ലാഭമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റിന് വീണ്ടും ബാദ്ധ്യത യില്ലാതെ അത് ഏജൻസിയോ ബോർഡോ നൽകണമെന്നുള്ളതാണ്.

9(1) വകുപ്പിൽ സർക്കാരിനും ഏജൻസികൾക്കും ഏത് സമയത്തും പദ്ധതിയിലെ അംഗങ്ങളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് ശരിയായ നോട്ടീസ് നൽകിയശേഷം പദ്ധതിയിൽ മാറ്റം വരുത്തുകയോ പിൻവലിക്കുകയോ ചെയ്യാവു ന്നതാണ്. ഇവിടെ സർക്കാർ ഉത്തരവ് 12/2019 പ്രകാരം കിഫ്ബിയെ ചുമതല പ്പെടുത്തിയിരിക്കുകയാണ്. നിയമസഭ പാസ്സാക്കിയ ഒരു ആക്ടിൽ പ്രവാസിക്ക് പത്ത് ശതമാനം നിരക്കിൽ ഡിവിഡന്റ് ഉറപ്പുനൽകി നിക്ഷേപം സ്വീകരിച്ചതിനുശേഷം പദ്ധതിയിൽ മാറ്റം വരുത്താനും അത് നിർത്താനുമുള്ള അധികാരം അതേ ഏജൻസിക്ക് നൽകാതെ ഗവൺമെന്റിന് മാത്രമേ ആ പദ്ധതി നിർത്താനും മാറ്റം വരുത്താനും അധികാരമുള്ളൂ എന്നുള്ള ഭേദഗതിയാണിത്. ഗവൺമെന്റ് ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ആളുകൾ പണം നിക്ഷേപിക്കുന്നത്. അതുകൊണ്ട് അതിൽ മാറ്റം വരുത്താനുള്ള അധികാരം ഗവൺമെന്റിനുമാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ഇങ്ങനെ വളരെ പ്രധാനപ്പെട്ട ചില ഭേദഗതികൾ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളവയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സർക്കാർ പുതിയതായി ആവിഷ്കരിച്ചിട്ടുള്ള പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ 2-9-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 12/2019/നോർക്ക പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി ആവിഷ്കരിക്കു ന്നതിലേയ്ക്കായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഭേദഗതി ആവശ്യമായിരുന്നു. ഇതിനുള്ള ഭേദഗതി ബിൽ വിശദമായ ചർച്ചകൾക്കും സബ്ജക്ട് കമ്മിറ്റി തീരുമാനത്തിനുംശേഷം 13-11-2019-ന് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. വിജ്ഞാപനത്തിലെ ചില വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമാണെന്ന് സർക്കാരിന് ഇതിനകം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.,

ശ്രീ. എം. ഉമ്മർ നൽകിയിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങളും പരിശോധിക്കുന്നതാണ്. വിശദമായ പരിശോധനകൾക്കുശേഷം നിയമവകുപ്പിന്റെ ഉപദേശംകൂടി കണക്കി ലെടുത്ത് എസ്.ആർ.ഒ./650/2019 ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കു ന്നതാണ്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെ ടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഒരു കാര്യം മാത്രമാണ് സൂചിപ്പിക്കുന്നത്. സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനം നിശ്ചിത കാലയളവിലേയ്ക്ക് നിശ്ചയിച്ച ഓർഡിനൻസിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 5 കേസുകൾ ഫയൽ ചെയ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഓർഡിനൻസ് സ്റ്റേ ചെയ്തില്ലെന്നുമാത്രമല്ല, സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമന കാലാവധി നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്നുള്ള സിംഗിൾ ബെഞ്ച് വിധി ഡിവിഷൻ ബെഞ്ചും അംഗീകരിക്കുകയാണുണ്ടായത്. ബഹുമാനപ്പെട്ട ഹൈക്കോടതിപോലും സൂക്ഷ്മ നിരീക്ഷണം നടത്തി അംഗീകരിച്ചിട്ടുള്ള ഒരു ഓർഡിനൻസാണ് സഭയിൽ

നിയമമായി ഇപ്പോൾ വരുന്നത്. അത് എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിലു ണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. ബാക്കി കാര്യങ്ങൾ പിന്നീട് വിശദീകരിക്കാം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനെയും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിനെയും ഞാൻ എതിർക്കുകയാണ്. കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല എന്നീ യൂണിവേഴ്സിറ്റികളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ കാലാവധി നാലുവർഷമായി നിജപ്പെടുത്തുന്നതിനുവേണ്ടിയാണ് പ്രധാനമായും ഈ ബില്ലുകൾ കൊണ്ടുവന്നത്. 'നാലുവർഷം എന്നുള്ള കാലാവധി നിജപ്പെടുത്തുമ്പോൾ, ഓരോ നാലുവർഷം കൂടുമ്പോൾ പുതിയ ആളുകൾ വരുന്നതുമൂലം യൂണിവേഴ്സിറ്റിയുടെ പരമ്പരാഗത ഭരണത്തിന് തുടർച്ചയില്ലാതെ പോകുന്നുവെന്നുള്ളത് കഴിഞ്ഞ കുറച്ച് മാസങ്ങൾ കൊണ്ടുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. മാത്രമല്ല, യൂണിവേഴ്സിറ്റികളിൽ ഇതുപോലുള്ള തസ്തികകളിൽ നിയമിക്കുന്നവർ യൂണിവേഴ്സിറ്റി നിയമങ്ങളെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചുമൊക്കെ വ്യക്തമായ ധാരണയുള്ളവരായിരിക്കും. അവർക്ക് റിട്ടയർമെന്റ് പ്രായം വരെ തുടരുന്നതിനുള്ള അവസരം കൊടുക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. പല യൂണിവേഴ്സിറ്റികളിലും രജിസ്ട്രാർമാർ അടക്കമുള്ളവർ 60 വയസ്സുവരെ ജോലി ചെയ്യുന്നു. നമ്മൾ 4 വർഷമെന്ന ഈ നിയമം കൊണ്ടുവന്നപ്പോഴും റിട്ടയർ ചെയ്തവരിൽ നാലുവർഷത്തിലധികം (6 വർഷം വരെ) ഈ സ്ഥാനങ്ങളിലിരുന്ന ആളുകളുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വെറ്ററിനറി സർവ്വകാലശാല, ഫിഷറീസ് സർവ്വകലാശാല ഇതിനെയൊക്കെ അപേക്ഷിച്ച് ഞാൻ നേരത്തെ പറഞ്ഞ സർവ്വകലാശാലകൾ നാക് അക്രെഡിറ്റേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റാങ്കിംഗ് ഫ്രെയിംവർക്ക് തുടങ്ങിയ കാര്യങ്ങളിൽ വളരെയേറെ മുന്നിട്ടുനിൽക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ തീരുമാനപ്രകാരമാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ഒരു യോഗത്തിലും അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാൻ പറഞ്ഞുവെന്നുള്ളത് ഒഴിച്ചാൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ മീറ്റിംഗിൽ ഇതൊരു തീരുമാനമായി

വന്നിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. മാർച്ച് 6-ന് പുറത്തിറക്കിയ ഉത്തരവനുസരിച്ചാണ് പുതിയ ഭേദഗതി വരുന്നത്. അതിനുശേഷം നമ്മുടെ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ തന്നെ വ്യക്തമാകും. ഈ തസ്തികകൾ നാലുവർഷമായി നിജപ്പെടുത്തിയത് തന്നെ പാർട്ടിക്കാരെയും പാർട്ടി ഗുണഭോക്താക്കളെയുമൊക്കെ ഇതിന്റെ ഭാഗമായി നിയമിക്കാൻ വേണ്ടിയാണെന്ന് കാണാൻ സാധിക്കും. കാര്യം നല്ലതാണെങ്കിലും ഉദ്ദേശ്യം ശരിയല്ലായെന്ന് പറയുന്നതുപോലെയുള്ള കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു കാര്യം അങ്ങ് വ്യക്തമായി മനസ്സിലാക്കണം. ആദ്യമായിട്ടാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നത്. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരെ മാറ്റാൻവേണ്ടിയുള്ള ഒരു പിൻവാതിൽ ശ്രമം മാത്രമാണ് ഈ നിയമം. അല്ലാതെ ഈ ബില്ലിൽ ഒരു സദുദ്ദേശ്യവുമില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ ഉദ്ദേശിച്ചത് അതുതന്നെയാണ്. അതാണ് ഉദ്ദേശ്യം ശരിയല്ലായെന്ന് ഞാൻ പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, മുൻമന്ത്രി കൂടിയായ ബഹുമാനപ്പെട്ട അംഗം ഈ കാര്യത്തിലിടപെട്ട് സംസാരിക്കുമ്പോൾ ഇതിന്റെ ഗൗരവം കൂടുകയാണ്. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാറായിരുന്ന ഡോ. ബാലചന്ദ്രൻ കീഴോത്തിനെ കാലാവധിക്കുമുൻപ് പുകച്ച് പുറത്തുചാടിക്കാൻ വേണ്ടി മാത്രം കൊണ്ടുവന്ന ഒരു നിയമമാണിതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അക്കാര്യങ്ങളെല്ലാം നേരത്തെ മാധ്യമങ്ങളിൽ വന്നതും എല്ലാവർക്കും അറിയാവുന്നതുമാണ്. പരീക്ഷയിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള കാര്യം ഇന്ന് മാധ്യമങ്ങളിൽ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മാർക്ക് ദാനം, മോഡറേഷൻ, ഉത്തരക്കടലാസുകൾ മോഷണം പോകുന്ന കാര്യങ്ങൾ, കോപ്പിയടി എല്ലാത്തിനുംപുറമേ ബഹുമാനപ്പെട്ട മന്ത്രിയുടെ മോഡറേഷൻ എന്നിങ്ങനെയുള്ള കാര്യങ്ങളാണ് കഴിഞ്ഞ കുറേ മാസങ്ങളായി സംസ്ഥാനത്ത് മാധ്യമങ്ങളിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ഇതൊക്കെ മാധ്യമങ്ങളിൽ വന്നിട്ടുള്ളതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശ്രീ. പി. ടി. തോമസ് ഉന്നയിച്ചതിനോട് കൂട്ടിച്ചേർക്കേണ്ട ഒരു കാര്യമാണിത്. ഇത്തരമൊരു പദവി കൈകാര്യം ചെയ്ത് പരിചയമില്ലാത്തയാളെയാണ് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാറായി ഇപ്പോൾ നിയമിച്ചിട്ടുള്ളത്. അദ്ദേഹം എയ്ഡഡ് കോളേജ് അദ്ധ്യാപകനാണ്, ഗവൺമെന്റ് കോളേജിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ

അദ്ദേഹം ഉന്നതപദവി വഹിച്ചിട്ടില്ല. എയ്ഡഡ് കോളേജ് അദ്ധ്യാപകനെന്ന നിലയിൽ സിൻഡിക്കേറ്റിലും സെനറ്റിലും അംഗമായിരുന്നതൊഴികെ ഒരു പ്രവർത്തന പരിചയവുമില്ലാത്ത വ്യക്തിയെയാണ് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാറായി ഇപ്പോൾ നിയമിച്ചിട്ടുള്ളത്. സിൻഡിക്കേറ്റ്, സെനറ്റ് മെമ്പർ ആകുകയെന്നത് ഒരു യോഗ്യതയല്ല. അതിന് അതിന്റേതായ പ്രവൃത്തി പരിചയമാണ് വേണ്ടത്. ഉത്തര ക്കടലാസുകൾ കാണാതെയായിട്ട് പിന്നീട് കിട്ടിയെന്ന് പറഞ്ഞു. ഒരു അദ്ധ്യാപകന് കിട്ടിയ ഉത്തരക്കടലാസുകൾ അദ്ദേഹം തന്നെ വാല്യു ചെയ്ത് കൗണ്ടർഫോയിൽ അടക്കം യൂണിവേഴ്സിറ്റിയിൽ ഏൽപ്പിച്ചപ്പോഴാണ് ആ ഉത്തരക്കടലാസുകൾ കിട്ടുന്നത്. ഇതൊക്കെയാണ് യൂണിവേഴ്സിറ്റികളിൽ നടക്കുന്നത്. 2016 മുതൽ 2019 വരെയുള്ള കാലഘട്ടങ്ങളിൽ കേരള യൂണിവേഴ്സിറ്റിയിൽ നടന്ന പരീക്ഷകളിൽ മാർക്കുകൾ കൂട്ടി നൽകിയതായി കഴിഞ്ഞ ദിവസങ്ങളിൽ വാർത്തകൾ വന്നു. ഇതിന്റെ പിന്നിൽ ഡെപ്യൂട്ടി രജിസ്ട്രാറാണെന്നും സൂചിപ്പിക്കുകയുണ്ടായി. ഉദ്യോഗസ്ഥന്മാർ പരീക്ഷകളിൽ മാർക്ക് കൂട്ടിക്കൊടുക്കുന്ന നിലവാരം കുറഞ്ഞ ഒരവസ്ഥ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളിൽ administrative compactness ഇല്ലാതെ പോകുന്നുവെന്നതാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്.

എം.ജി. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും ഡോ. എം. കെ. മുനീറും ശ്രീ. റോജി എം. ജോണുമൊക്കെ സൂചിപ്പിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി കോളേജിൽ പി.എസ്.സി. പരീക്ഷാ തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യവും അവിടെയുള്ള വിദ്യാർത്ഥി നേതാക്കന്മാരുടെ വീടുകളിൽനിന്നും ഉത്തരക്കടലാസുകൾ ലഭിച്ച കാര്യവും തുടങ്ങി നിരവധി അപാകതകൾ എല്ലാ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുകയാണ്. പഴയകാലത്ത് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട വാർത്തകൾ അപൂർവ്വ സംഭവ ങ്ങളായിരുന്നു. എന്നാൽ ഇന്ന് യൂണിവേഴ്സിറ്റികളിൽ നടക്കുന്ന ക്രമക്കേടുകൾ മാധ്യമങ്ങളിൽ നിത്യസംഭവങ്ങളാകുന്ന കാഴ്ചകളാണ് നമ്മൾ കാണുന്നത്.

നാല് വർഷം പൂർത്തിയായതിന്റെ പേരിലാണ് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാറായിരുന്ന ഡോ. ടി. എ. അബ്ദുൾ മജീദിനെ അവിടെ നിന്നും മാറ്റിയത്. അദ്ദേഹം മുക്കം എം.എ.എം.ഒ. കോളേജിലെ പ്രിൻസിപ്പാളായിരുന്നു. അവിടെ നിന്നാണ് അദ്ദേഹം രജിസ്ട്രാറായി വന്നത്. പുതിയ നിയമമനുസരിച്ച്, നാലുവർഷം കഴിഞ്ഞ് പിരിച്ചുവിട്ടപ്പോൾ അദ്ദേഹത്തിന് നിയമനം നൽകാൻ ആ കോളേജിൽ പോസ്റ്റില്ല. അവിടെ സൂപ്പർന്യൂമററി തസ്തികയിൽ അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക സൃഷ്ടിക്കാൻ ഗവൺമെന്റ് പറഞ്ഞെങ്കിലും മാനേജ്മെന്റ് അതിന് തയ്യാറാകുന്നില്ല. മാത്രമല്ല ന്യൂനപക്ഷ പദവിയുള്ള മാനേജ്മെന്റാണ്. അവർ ഗവൺമെന്റിന്റെ ഇത്തരം കാര്യങ്ങൾ അനുസരിച്ചുകൊള്ളണമെന്ന് നിർബന്ധമി ല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കണ്ണൂർ, കോഴിക്കോട്, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റികളിലെ കൺട്രോളർ, രജിസ്ട്രാർ തസ്തികകളിൽ കഴിഞ്ഞ സർക്കാർ നിയമിച്ചവരെ നീക്കം ചെയ്തു. അവർക്ക് ആറ് മാസമായി ശമ്പളമോ പുനർനിയമനമോ നൽകിയിട്ടില്ല. ഭരണം മാറിമാറി വരും. പക്ഷെ ഉദ്യോഗസ്ഥന്മാരെ ബലിയാടാക്കി ക്രൂരവിനോദത്തിന് ഒരിക്കലും ബഹുമാനപ്പെട്ട മന്ത്രി കൂട്ടുനിൽക്കാൻ പാടില്ല. അങ്ങൊരു അദ്ധ്യാപകനാണ്. ഒരിക്കലും അങ്ങ് ഇതുപോലൊരു താഴ്ന്ന നടപടി സ്വീകരിക്കാൻ പാടില്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സാമൂഹ്യ പ്രതിബദ്ധതയും പാവപ്പെട്ടവരോടുള്ള സ്നേഹവുമൊക്കെ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ മാർക്ക് ദാനത്തെ സംബന്ധിച്ച് പറയുകയുണ്ടായി. സാമൂഹ്യ പ്രതിബദ്ധതയും സ്നേഹവുമൊക്കെ കാണിക്കേണ്ട സ്ഥലങ്ങളിൽ കാണിക്കണം. പക്ഷെ പരീക്ഷ ഒരു കുട്ടിയുടെ അറിവ് അളക്കാനുള്ള സംവിധാനമാണ്. അവിടെ മന്ത്രിക്ക് ഇഷ്ടമുള്ള, താൽപ്പര്യമുള്ള രീതിയിൽ ഒരു മാർക്കോ പത്ത് മാർക്കോ കൂട്ടിക്കൊടുത്താൽ ഒരുനിലയ്ക്കും നമുക്കത് ന്യായീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു മാർക്ക് കൂട്ടിയപ്പോൾ സിൻഡിക്കേറ്റ് അഞ്ച് മാർക്ക് കൂട്ടി. ഓരോരുത്തർക്കും ഇഷ്ടംപോലെ മാർക്ക് കൂട്ടാനുള്ള ഒരു വേദിയായി യൂണിവേഴ്സിറ്റികളിലെ പരീക്ഷകൾ മാറുകയാണ്. ഇവിടെ പ്രസംഗിച്ചപ്പോൾ ചാക്കേരി പാസ്സിനെക്കുറിച്ചൊക്കെ പറയുകയുണ്ടായി. അതുപോലെ ഇനിമുതൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നാമധേയത്തിൽ 'ജലീൽ പാസ് ' എന്നൊരു പ്രത്യേക പാസ് നൽകുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

സർവ്വകലാശാലകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയുമ്പോഴെല്ലാം കോഴിക്കോട് സർവ്വകലാശാല വി.സി.-യായി സ്കൂൾ അദ്ധ്യാപകനെ നിയമിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയടക്കം എല്ലാവരും പറയാറുണ്ട്. പക്ഷെ അങ്ങനെയൊരു നിയമനം നടന്നിട്ടില്ല. പല പ്രാവശ്യം ഒരു കളവ് പറഞ്ഞാൽ അത് സത്യമാക്കാം എന്നുള്ളതിന്റെ അടിസ്ഥാനത്തിലുള്ള പറച്ചിലാണ്. എപ്പോൾ പറഞ്ഞാലും സ്കൂൾ അദ്ധ്യാപകനെ വി.സി. ആയി നിയമിച്ചുവെന്ന് പറയും. അങ്ങനെയൊരു നിയമനം നടത്തിയിട്ടില്ല. നിയമനം നടത്തിയതായി ബഹുമാനപ്പെട്ട മന്ത്രിക്കോ അപ്പുറത്തുള്ളവർക്കോ തെളിയിക്കാൻ കഴിയില്ല. അതേസമയം ഞാനും ബഹുമാനപ്പെട്ട മന്ത്രിയുമൊക്കെ സിൻഡിക്കേറ്റ് മെമ്പർമാരായിരുന്ന സമയത്തെ കാലിക്കറ്റ് സർവ്വകലാശാലയിലെ വി.സി.-യെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ? അദ്ദേഹത്തിന് ഡോക്ടറേറ്റ് പോലും ഉണ്ടായിരുന്നില്ല. അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നു വന്ന പ്രൊഫ. അൻവർ ജഹാൻ സുബേരിക്ക് ഡോക്ടറേറ്റുപോലും ഉണ്ടായിരുന്നില്ല.

ഇടതുപക്ഷ ഗവൺമെന്റാണ് അദ്ദേഹത്തെ വി.സി.-യായി നിയമിച്ചത്. ഇതുപോലെയുള്ള കാര്യങ്ങൾ നടക്കുമ്പോൾ അതിനിടയിൽ ഇല്ലാത്ത കാര്യങ്ങൾ ലീഗിന്റെ പേരിൽ അടിച്ചേൽപ്പിക്കുന്നത് ഒരുകാരണവശാലും ന്യായീകരിക്കാൻ കഴിയില്ല. മലയാളം സർവ്വകലാശാലയുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ എപ്പോഴും വരാറുള്ള മറ്റൊരു പ്രധാന കാര്യം. മലയാളം സർവ്വകലാശാല വി.സി.-യായിരുന്ന ഡോ. കെ. ജയകുമാർ 2017 ജൂലൈ 10-ന് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ഉഷ ടൈറ്റസിനും ശ്രീ. പി. എച്ച്. കുര്യനും എഴുതിയ കത്താണ് എന്റെ കയ്യിലിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ വില കൊടുത്ത് വാങ്ങിയ സ്ഥലം വാങ്ങാൻ തീരുമാനിച്ചതിന്റെ അന്തിമ ഉത്തരവാദിത്വം ആർക്കാണെന്ന് ഈ കത്ത് വായിച്ചാൽ മനസ്സിലാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സ്ഥലം വാങ്ങാൻ തീരുമാനിച്ചിട്ടില്ല. ഞാൻ കത്ത് വായിക്കാം. 'മലയാളം സർവ്വകലാശാലയ്ക്ക് സ്ഥിരം ആസ്ഥാനത്തിനുവേണ്ടി തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽപ്പെട്ട 17 ഏക്കറോളം ഭൂമി ഉചിതമാണെന്ന് കണ്ടെത്തുകയും അത് നെഗോഷ്യേറ്റ് ചെയ്ത് വാങ്ങാൻ സർക്കാർ മലപ്പുറം ജില്ലാ കളക്ടറെ അധികാരപ്പെടുത്തുകയുമുണ്ടായി. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള വിലനിർണ്ണയ സമിതി വില നിശ്ചയിച്ച് സർക്കാരിനെ അറിയിച്ചിരിക്കുകയാണ്. സർക്കാർ തലത്തിൽ ഇതുവരെ തീരുമാന മെടുത്തതായി അറിവില്ല. ഇതേ സ്ഥലം രണ്ട് വർഷത്തിന് മുമ്പുതന്നെ ചൂണ്ടി ക്കാണിക്കപ്പെട്ടിരുന്നു. ജില്ലാ കളക്ടറുടെ സമിതി ഒരിക്കൽ വിലയും നിശ്ചയിച്ചിരുന്നു. എന്നാൽ പിന്നീട് മറ്റൊരു സ്ഥലം ലഭ്യമാണെന്നും അത് ഇതിനേക്കാൾ മെച്ചപ്പെട്ടതാണെന്നും വില കുറവാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് ഈ രണ്ട് സ്ഥലങ്ങളുടെയും യോഗ്യതകൾ താരതമ്യപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി. ആദ്യം കണ്ടെത്തിയ സ്ഥലമാണ് കൂടുതൽ യോഗ്യമെന്ന സാങ്കേതിക സമിതിയുടെ ശിപാർശയിന്മേലാണ് തുടർനടപടികൾ ആരംഭിച്ചത്. അത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. എന്നാൽ ഇപ്പോൾ സർക്കാർ തീരുമാനം കൈക്കൊള്ളാതിരിക്കുകയും നിർദ്ദിഷ്ട ഭൂമി സർവ്വകലാശാല ആസ്ഥാനം പണിയുന്നതിന് യോഗ്യമല്ലെന്നും അവിടെ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടെന്നും നിശ്ചയിച്ചിരിക്കുന്ന വില വളരെ കൂടുതലാണെന്നുമൊക്കെ ചൂണ്ടിക്കാണിച്ച് ചില പ്രാദേശിക പ്രതിഷേധങ്ങളുണ്ടായിട്ടുണ്ട്. ചില മുഖ്യധാരാ മാധ്യമങ്ങളും ഇതൊരു വിവാദമാക്കിയിരിക്കുന്നു. ഇക്കാര്യത്തെ ചൊല്ലി മലയാളം സർവ്വകലാശാലയെ ഒരു വിവാദത്തിന്റെ നടുവിലേയ്ക്ക് തള്ളി വിടരുത്. അത് ശരിയായിരിക്കില്ല. സർവ്വകലാശാലയുടെ ശിപാർശയും ജില്ലാ കളക്ടറുടെ റിപ്പോർട്ടും അംഗീകരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പ് റവന്യൂ, പരിസ്ഥിതി, മരാമത്ത് എന്നീ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധ അംഗങ്ങളടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് സ്ഥല പരിശോധന

നടത്തി ഈ ആശങ്കകൾ ദൂരീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അന്തിമതീരുമാനം ആ വിദഗ്ധ സമിതിയുടെ ശിപാർശയ്ക്ക് വിധേയമായി കൈക്കൊണ്ടാൽ മതിയാകും. വിവാദങ്ങളും സന്ദേഹങ്ങളും അവസാനിപ്പിച്ചു കൊണ്ടല്ലാതെ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ അത് മലയാള സർവ്വകലാശാലയ്ക്ക് കളങ്കം വരുത്തിയേക്കുമെന്നാണ് എന്റെ പക്ഷം.' -സ്നേഹപൂർവ്വം ഡോ. കെ. ജയകുമാർ. അതിനെത്തുടർന്ന് ഇവിടെ പറഞ്ഞതുപോലുള്ള വിവാദങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ മുമ്പിൽ കാര്യങ്ങളെത്തുകയും അവർ ഇതുമായി ബന്ധപ്പെട്ട ഒരു ഓർഡർ ഇറക്കുകയും ചെയ്തു. ആ ഓർഡർ ഞാൻ വായിക്കാം. 'It is hereby informed that the Hon'ble National Green Tribunal, Principal Bench, New Delhi, vide order dated 18-09-2019 in Original Application No. 24/2019 (SZ) has passed an order and constituted a committee consisting of Senior Officer of State Wetland Authority or such Authority appointed under Wetland and Paddy Field Conservation And Wetland Act, Kerala Coastal Zone Management Authority, Principal Conservator of Forest, a senior representative from the MoEF & CC, NCZMZ and SEIAA and District Collector Malappuram to inspect the land having an extent of 14.86 acres comprised in Vettom Village, Tirur Taluk, Malappuram District, near Mangattiri Bridge, which is acquired for a permanent campus for Malayalam University and the surrounding areas to find out as to whether necessary clearance/consent/NOC obtained from requisite authorities on account of ongoing construction in the property, there is any violation committed and whether it will have any impact on environment and what is the nature of damage that is likely to be caused if this project is allowed. The above committee was directed to submit the report to the Hon'ble National Green Tribunal by e-mail and the case now stands listed to 18-12-2019.

അങ്ങനെയൊരു ഓർഡർ നിലനിൽക്കുമ്പോഴാണ് 'നിയമ നടപടികൾ തുടരുന്നതിനിടെ വിവാദ ഭൂമി ഏറ്റെടുത്ത് സർക്കാർ' എന്ന വാർത്തകളൊക്കെ വന്നത്. മലയാളം യൂണിവേഴ്സിറ്റിയുടെ പേരിൽ നിർമ്മാണമോ മറ്റ് രീതിയിലുള്ള നടപടികളോ ഒരു തരത്തിലുമുള്ള സ്ഥലംമാറ്റമോ നടത്താൻ പാടില്ലെന്ന് ഗ്രീൻ ട്രിബ്യൂണലിന്റെ റിപ്പോർട്ടിൽ പ്രത്യേകമായി പറയുന്നുണ്ട്. ഗ്രീൻ ട്രിബ്യൂണലിന്റെ റിപ്പോർട്ട് കിട്ടിയതായി ഇതുവരെ യാതൊരു വിവരവുമില്ല. ഈ റിപ്പോർട്ടിന്റെ അവസാനം പറയുന്നത്, If any amount is disbursed to the land owners in

furtherance to the acquisition of land, necessary steps may be initiated to obtain security and bond from such land owners for the re-imbursement of the sums received, subject to the findings arrived at by the Hon'ble National Green Tribunal., എന്നാണ്. ഗ്രീൻ ട്രിബ്യൂണലിന്റെ റിപ്പോർട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കണം. ഒരു സെന്റിന് 1.7 ലക്ഷം രൂപ വച്ച് അവിടെ പർച്ചേസ് നടന്നുവെന്നും നെഗോസിയേഷന്റെ പേര് പറഞ്ഞ് 10,000 രൂപ കുറച്ചുകൊടുത്തുവെന്നുമാണ് പറയുന്നത്. വളരെ താഴ്ന്ന വിലയ്ക്കുകിട്ടുന്ന കണ്ടൽക്കാടുകളും വെള്ളക്കെട്ടുകളുമുള്ള പ്രദേശമാണ് അതിനുവേണ്ടി വാങ്ങിയിട്ടുള്ളത്. അക്കാര്യത്തിൽ ഗ്രീൻ ട്രിബ്യൂണലിന്റെ അഭിപ്രായം എന്തായിരുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിൽ, താനൂരിലെ ഗവൺമെന്റ് കോളേജിനെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കോളേജില്ലാത്ത മണ്ഡലങ്ങളിലെല്ലാം കോളേജ് അനുവദിച്ചപ്പോൾ ലഭിച്ച കോളേജാണ് താനൂരിലേത്. മത്സ്യത്തൊഴിലാളികൾക്കുകൂടി സൗകര്യപ്പെടുത്താവുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന്റെ സ്ഥലമുള്ള താനൂർ മുനിസിപ്പാലിറ്റിയിൽ തന്നെ ആ കോളേജ് സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടി അവിടെ സ്ഥലമെടുക്കുകയും ചെയ്തു. കുറച്ചുകാലം അത് ഗവൺമെന്റിന്റെ മറ്റൊരു കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ആ സ്ഥലത്ത് ബഹുമാനപ്പെട്ട അന്നത്തെ എം.എൽ.എ. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ എം.എൽ.എ.ഫണ്ട് ഉപയോഗിച്ചുകൊണ്ട് നിർമ്മിച്ച താല്ക്കാലിക കെട്ടിടം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞയാഴ്ച ശ്രീ. വി. അബ്ദുറഹിമാന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാന്യനായ മന്ത്രി പറഞ്ഞത്, താനൂർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പണം നീക്കിവച്ചിട്ടുണ്ടെന്നാണ്. താനൂരിലെ കോളേജ് വേറെ സ്ഥലത്ത് തുടങ്ങാൻ പോകുകയാണോ; അതോ അവിടെത്തന്നെ പുതിയ കെട്ടിടം നിർമ്മിക്കുമോ എന്നതുസംബന്ധിച്ച് വ്യക്തമാക്കേണ്ടതാണ്. ആ മുനിസിപ്പാലിറ്റിയിൽ നിന്ന് ആ കോളേജിനെ മാറ്റാൻപോകുന്നുവെന്നും താനൂർ മണ്ഡലത്തിലെ ഒഴൂർ പഞ്ചായത്തിൽ സ്ഥലമേറ്റെടുക്കാൻ ശ്രമിക്കുന്നുവെന്നുമാണ് നാട്ടുകാർ പറയുന്നത്. മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുപോലെ ഇതിനിടയിൽ ഇടനിലക്കാരായി നിന്നുകൊണ്ട് പണം തട്ടാനുള്ള ഏർപ്പാടാണ് ഉത്തരവാദപ്പെട്ട ആളുകൾ ചെയ്യുന്നതെന്നുള്ള അഭിപ്രായംകൂടി ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഏതായാലും ഈ സന്ദർഭത്തിൽ അത്തരം കാര്യങ്ങൾക്കുകൂടി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു തസ്തികയുടെ കാലാവധി നാല് വർഷമാക്കിയതുകൊണ്ട് തെറ്റൊന്നുമില്ല. നിലവിലുള്ള ആളുകളെ നിയമിക്കുമ്പോൾ അവരുടെ റിട്ടയർമെന്റ് കാലാവധി വരെ

അവർക്ക് തുടരാൻ സാധിക്കുമായിരുന്നു. ഈ നിയമത്തിലൂടെ അതില്ലാതെ പോകരുത്. ഈ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള കക്ഷികളെ ബാധിക്കാത്ത രീതിയിൽ ചെയ്യുന്നതായിരിക്കും കുറേക്കൂടി നല്ലതെന്ന കാര്യംകൂടി പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് ഒരിക്കൽകൂടി രേഖപ്പെടുത്തുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിൻമേലുള്ള എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

Credibility takes years to built, but a few hours to destroy; വർഷങ്ങളുടെ കഠിനാദ്ധ്വാനവും ആത്മാർത്ഥതയും അർപ്പണമനോഭാവവുംകൊണ്ട് കെട്ടിപ്പടുത്ത നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശ്വാസ്യതയെ മണിക്കൂറുകൾകൊണ്ട് തകർത്ത ഒരു ഗവൺമെന്റും മന്ത്രിയുമാണ് ഈ ബിൽ പൈലറ്റ് ചെയ്യുന്നത് എന്നതാണ് ഖേദകരമായ കാര്യം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഓരോ ദിവസവും എന്തൊക്കെ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്? പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നതിനപ്പുറം ഉയരങ്ങളിലേയ്ക്ക് ഈ നാട് എത്തിയെന്ന് അഭിമാനത്തോടെ നടിക്കുമ്പോഴും സെന്റർ ഓഫ് എക്സലൻസായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നില്ലെന്നുള്ള പരാതിക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഇവിടെനിന്നും ഓടിച്ചുവിട്ട ഇതര സംസ്ഥാന ലോട്ടറികളായ സിക്കിം, ഭൂട്ടാൻ എന്നിവയെപ്പോലെ കേരളത്തിന്റെ സർവ്വകലാശാലകളെ അധ:പതിപ്പിച്ചുകൊണ്ടിരിക്കുന്ന കാഴ്ചകളും അതുമായി ബന്ധപ്പെട്ട വാർത്തകളുമാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന വാർത്തകളൊന്നും പോസിറ്റീവായി മാറുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുന്ന ഈ കാലഘട്ടത്തിൽ എന്തുകൊണ്ടാണ് ഇത്രയും നെഗറ്റീവായ വാർത്തകളും അതിന് കാരണമായ കാര്യങ്ങളും യൂണിവേഴ്സിറ്റികളിലുണ്ടാകുന്നത്? പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾക്ക് എന്തെങ്കിലും മറുപടി പറയുന്നതിനപ്പുറം ഒരു ആത്മപരിശോധന നടത്താൻ അങ്ങ് തയ്യാറാകണമെന്ന് കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ ദിവസവും പുതിയ വാർത്തകൾ പുറത്തുവരികയാണ്. ഉത്തരക്കടലാസുകളും സീലും സീൽ ചെയ്ത രജിസ്റ്ററുമൊക്കെ ഓരോ എസ്.എഫ്.ഐ.-ക്കാരന്റെ വീട്ടിലുമുണ്ടെന്ന വിവരം ഇപ്പോഴാണ് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെടുന്നത്. അവരെ വേറെ ഏതെങ്കിലും കേസിൽ റെയ്ഡ് ചെയ്താൽ ആയുധവും വടിവാളും കിട്ടുന്നതിനൊപ്പം യൂണിവേഴ്സിറ്റി സീലും ഉത്തരക്കടലാസും കൂടി കിട്ടുന്ന സാഹചര്യം കേരളത്തിലുണ്ടാകുകയാണ്. ഇത് നമ്മുടെ വിദ്യാഭ്യാസ മേഖലയെ വലിയ തകർച്ചയിലേയ്ക്ക് നയിക്കും. വർഷങ്ങൾകൊണ്ട് നാം നേടിയെടുത്ത ക്രെഡിബിലിറ്റിയെ ഇത്തരം

ചില തീരുമാനങ്ങളും ഇടപെടലുകളുംകൊണ്ട് തകർക്കുമ്പോൾ അതിന് രാഷ്ട്രീയമായ മറുപടി പറയുന്നതിനപ്പുറം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കാൻ ബാധ്യതയുള്ള ആളെന്ന നിലയിൽ അടിയന്തരമായി ഇത്തരം കാര്യങ്ങളിൽ ആത്മപരിശോധന നടത്താൻ അങ്ങ് തയ്യാറാകണം. ഒരുപക്ഷേ, വകുപ്പുകൾ വിഭജിക്കുന്നതിനെതിരെയും തദ്ദേശ സ്വയംഭരണവകുപ്പ് മുനിസിപ്പാലിറ്റിയായും പഞ്ചായത്തായും വിഭജിച്ച് രണ്ട് മന്ത്രിമാരെ വച്ചതിനെതിരെയും വലിയ വിമർശനം ഉന്നയിച്ചവരാണ് നിങ്ങൾ. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിനെ രണ്ടായി വിഭജിച്ച് ഒന്ന് അങ്ങയെ ഏൽപ്പിക്കുമ്പോൾ, പ്രൊഫ. സി. രവീന്ദ്രനാഥ് ഭരിച്ചപ്പോൾ നടക്കാത്ത പല കാര്യങ്ങളും സർവ്വകലാശാലകളിൽ നടത്തിക്കാൻ അങ്ങേയ്ക്ക് കഴിയുമെന്ന് ഇതിന് നേതൃത്വം നൽകുന്ന ആളുകളുടെ ചിന്തയാണോ കാരണമെന്നുകൂടി വ്യക്തമാക്കേണ്ട ബാധ്യതയും അങ്ങേയ്ക്ക് വന്നുചേർന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം പത്രങ്ങളിൽ വന്നു, കാലിക്കറ്റ് സർവ്വകലാശാലയിലും മാർക്കുദാനം. കേരള സർവ്വകലാശാലയെ സംബന്ധിച്ച് നമ്മൾ കുറേ ചർച്ച ചെയ്തു. ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു, ആദ്യമൊക്കെ ഒന്നും നടന്നിട്ടില്ലെന്നും ഇടപെട്ടിട്ടില്ലെന്നും അങ്ങ് പറഞ്ഞു. ഇന്ന് വീണ്ടും ഒരു സബ്മിഷൻ വന്നപ്പോഴും അങ്ങ് ഇടപെട്ടിട്ടില്ലെന്ന് പറഞ്ഞു. സിൻഡിക്കേറ്റ് യോഗത്തിൽ അങ്ങേയ്ക്ക് അയച്ച പ്രൊപ്പോസൽ തിരിച്ചുവന്നതും ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന തരത്തിലുള്ള സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് ഇവിടെ വായിച്ചിട്ടുപോലും അങ്ങ് യാതൊന്നും അംഗീകരിക്കുന്നില്ല. അങ്ങ് തിരുത്താൻ തയ്യാറാകുന്നില്ല. ഇപ്പോൾ കാലിക്കറ്റ് സർവ്വകലാശാലയിലും മാർക്കുദാനം, അതും എസ്.എഫ്.ഐ.-ക്കുവേണ്ടിയാണ്. എല്ലാ പത്രങ്ങളിലും ആ വാർത്ത വന്നു. ആരോപണവിധേയരായത് ഉന്നതരായ ആളുകളാണ്. അന്വേഷണംപോലും ശരിയായി നടക്കുന്നില്ല. അങ്ങേയ്ക്ക് ഇതിൽ പങ്കില്ലെങ്കിൽ ശരിയായ രീതിയിലൊരു എൻക്വയറി നടത്തി ഉത്തരവാദികളായ ആളുകളെ വെളിച്ചത്തുകൊണ്ടുവന്ന് ഇത് എന്നന്നേയ്ക്കുമായി നിർത്തലാക്കാനുള്ള നടപടിയെടുക്കുന്നതിനപ്പുറം ഇത്തരം കുറ്റങ്ങൾ ചെയ്താൽ അവർക്ക് രക്ഷപ്പെടാനുള്ള കാരണമാകുന്ന തരത്തിൽ, ഒരു അന്വേഷണംപോലും നേരെ പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറാകാത്ത സാഹചര്യമുണ്ടാകുകയാണ്. ആലത്തൂർ എസ്.എൻ. കോളേജിലെ എൻ.സി.സി.-യുടെ ചുമതല വഹിക്കുന്ന ഒരു അദ്ധ്യാപകൻ ഈ കുറവുകൾ ചൂണ്ടിക്കാണിച്ചുവെന്നതിന്റെ പേരിൽ എൻ.സി.സി. ഓഫീസ് പൂട്ടി താക്കോൽ കൊണ്ടുപോയി എന്ന വാർത്ത പത്രങ്ങളിൽ വന്നിരിക്കുകയാണ്. ഈ ക്രമക്കേട് ചൂണ്ടിക്കാണിച്ചുവെന്നതാണ് അയാൾ ചെയ്തൊരു തെറ്റ്. 'സർക്കാർ ഒപ്പമുണ്ട് എന്ന പരസ്യവാചകം ഇത്തരം തെറ്റുകൾ ചെയ്യുന്നവർക്കും ക്രിമിനലുകൾക്കും അട്ടിമറി നടത്തുന്നവർക്കും ഒപ്പമാകുന്നതെങ്ങനെയാണ്? അടുത്തത് കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും വന്ന വേറൊരു വാർത്ത, പരീക്ഷാഭവനിൽ നിന്നും

മുക്കിയ ഉത്തരക്കടലാസുകൾ പൊങ്ങി. ആദ്യം പരിശോധിച്ചപ്പോൾ ഉത്തരക്കടലാസുകൾ കാണുന്നില്ല. ബഹുമാന്യനായ മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. പരിശോധിച്ചപ്പോൾ ഉത്തര കടലാസുകൾ കാണുന്നില്ല, കണ്ടെത്താൻ വകുപ്പുതലത്തിൽ പരിശോധന നടത്തുമ്പോൾ കാണാതായ ഉത്തരക്കടലാസുകൾ ചിലയാളുകൾ തിരിച്ചുകൊണ്ടുവയ്ക്കുകയാണ്. കഴിഞ്ഞ ദിവസം പുറത്തുവന്ന വാർത്ത, 1000 കിലോ സ്വർണ്ണം കടത്തിയ പ്രതിയുടെ വീട് റെയ്ഡ് ചെയ്തപ്പോൾ യൂണിവേഴ്സിറ്റിയുടെ സീൽ വച്ച ബ്ലാങ്ക് ഉത്തര കടലാസ് ലഭിച്ചുവെന്നാണ്. ഇങ്ങനെയൊരു അവസ്ഥ ചിന്തിക്കേണ്ടതുണ്ട്. നമ്മളൊക്കെ ഉത്തരക്കടലാസ് പരീക്ഷാഹാളിൽ പോയതിനുശേഷമാണ് കണ്ടിരുന്നതെങ്കിൽ മുൻകൂറായി വീട്ടിലെത്തിക്കുന്ന തരത്തിൽ വിദ്യാഭ്യാസ രംഗത്ത് വലിയ നവോത്ഥാന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഇതുപോലെയുള്ള ഒരു സർക്കാരിനെ കേരളം കണ്ടിട്ടുണ്ടാകില്ല. That much student friendly, ഉത്തരക്കടലാസ് വീട്ടിലെത്തിച്ചുകൊടുക്കുകയാണ്. സാധിക്കുകയാണെങ്കിൽ എഴുതിക്കൊണ്ടുവന്നോ എന്നുപറയുന്നു. എസ്.എഫ്.ഐ.-ക്കാരൻ പി.എസ്.സി. പരീക്ഷയെഴുതുമ്പോൾ 88 ഉത്തരവും ഒരു മണിക്കൂറിനുള്ളിൽ അവന്റെ മൊബൈലിലേയ്ക്ക് വരികയാണ്. അവൻ ഒന്നാം റാങ്കിലെത്തുകയാണ്. സ്വന്തം സഹപാഠി പാട്ടുപാടുമ്പോൾ അവന്റെ നെഞ്ചത്ത് കുത്തിയവനെ പരിശോധിക്കുമ്പോഴാണ് അറിയുന്നത് അവൻ പോലീസ് ടെസ്റ്റിൽ ഒന്നാം റാങ്കുകാരനാണ്, അവന്റെ കൂടെയുള്ളവൻ രണ്ടും മൂന്നും മുപ്പത്തിരണ്ടും റാങ്കുകാരാണ് എന്ന്. ഒരു കാര്യം സന്തോഷത്തോടെ നിങ്ങൾക്ക് പറയാം, നിങ്ങൾ നിങ്ങളുടെ പാർട്ടിയുടെ എല്ലാ താൽപ്പര്യങ്ങളും സംരക്ഷിച്ചിട്ടുണ്ട്. നിങ്ങൾക്ക് അവനെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവൻ പുറത്തിറങ്ങി ഇപ്പോഴും തിരുവനന്തപുരത്ത് സുഖമായി നടക്കുന്നുണ്ട്. കേരളത്തിലെ ലക്ഷക്കണക്കിനാളുകളുടെ വിശ്വാസ്യതയുണ്ടായിരുന്ന പി.എസ്.സി. എന്ന സ്ഥാപനത്തെയും ഈ ഗവൺമെന്റ് തകർക്കുകയാണ്. ഒരു മേഖലയിലും വിശ്വാസ്യത നിലനിർത്താൻ കഴിയാതെ സ്വജനപക്ഷപാതത്തിന്റെ പേരിൽ ചില എസ്.എഫ്.ഐ.-ക്കാരുടെ താളത്തിനൊത്ത് തുള്ളുന്ന തരത്തിൽ യൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുകയാണ്. മന്ത്രിയുടെ ഓഫീസിൽ നിന്നും നേരിട്ട് ഇടപെടുകയാണ്. വൈസ് ചാൻസലറുടെ ഓഫീസും രജിസ്ട്രാറുടെ ഓഫീസുമൊക്കെ മന്ത്രിയുടെ ഓഫീസിന്റെ ഒരു എക്സ്റ്റൻഷനായി ഉപയോഗപ്പെടുത്തുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ശ്രീ. വി. ഡി. സതീശൻ: സർ, കേരള സർവ്വകലാശാലയിലെ പി.ജി. കോഴ്സിന്റെ ഒരു സെമസ്റ്ററിൽ അദ്ധ്യാപന ദിനങ്ങൾ വെട്ടിക്കുറയ്ക്കാൻ മന്ത്രിയുടെ ആഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം തീരുമാനമെടുത്തപ്പോൾ അതിനെതിരായി

സർവ്വകലാശാലയിലെ അദ്ധ്യാപക സംഘടന പരാതി കൊടുക്കുകയുണ്ടായി. സിൻഡിക്കേറ്റിന്റെ അക്കാഡമിക് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച ചർച്ച നടന്നു. ചർച്ച നടത്തിയ സമയത്ത് സി.പി.ഐ.(എം.) അനുഭാവികളായ സമിതിയിലെ അംഗങ്ങൾപോലും ഇങ്ങനെ കുറയ്ക്കുന്നത് അപകടകരമാണ്, യു.ജി.സി.-യുടെ നിർദ്ദേശത്തെ മറികടക്കുന്നത് ശരിയല്ല എന്നുപറഞ്ഞപ്പോൾ മന്ത്രിക്ക് മീതെ നമുക്കാർക്കും പറക്കാൻ കഴിയില്ലെന്ന് വൈസ് ചാൻസലർ പറഞ്ഞ കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കഴിഞ്ഞ ഗവൺമെന്റിനെ പരിഹസിക്കുന്ന തരത്തിൽ, പണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വൈസ് ചാൻസലറെ കാണാൻ പോയിരുന്ന കഥയൊക്കെ ഞങ്ങളെ ഓർമ്മപ്പെടുത്തുന്ന തരത്തിൽ പ്രസംഗിച്ച പലയാളുകളും ഇപ്പോൾ അപ്പുറത്തിരിക്കുന്നു. ജവഹർലാൽ നെഹ്റു വൈസ് ചാൻസലറെ നിയമിക്കാൻ തീരുമാനിച്ച കാര്യത്തിൽ അങ്ങനെയുണ്ടായിട്ടുണ്ട്. വേറെ കേസുണ്ടായിട്ടുണ്ട്. ഇ.എം.എസ്. പോയത് ശരിയാണെന്ന് ഇവിടെ പറഞ്ഞയാളുകളുണ്ട്. ഇപ്പോഴിതാ വൈസ് ചാൻസലർ തന്നെ പറയുകയാണ് മന്ത്രിക്കുമേലെ പറക്കാൻ കഴിയില്ല എന്ന്. അങ്ങനെയാണെങ്കിൽ വൈസ് ചാൻസലറെ അവിടെ നിന്ന് മാറ്റി പ്രൈവറ്റ് സെക്രട്ടറിയെ അങ്ങ് നിയമിക്കണം. കുറച്ചുകൂടി നേരിട്ടുള്ള ഇടപെടലാകുമല്ലോ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കെ. ടി. ജലീലിന്റെ നേതൃത്വത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന നിരവധിയായ ക്രമക്കേടുകളുടെ ഒരു പട്ടികയാണ് അങ്ങ് മുന്നോട്ടുവയ്ക്കുന്നത്. എന്റെ കയ്യിലിരിക്കുന്ന ഒരു രേഖ വായിക്കാം, "സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പാക്കുന്ന FLAIR പദ്ധതിയുടെ ഭാഗമായി, നേതൃത്വശേഷി വികസന പരിപാടിയായ LEAD-ന്റെ ഭാഗമായി ഗവൺമെന്റ് കോളേജിൽ നിന്ന് 60 വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും വിദേശത്ത് വിട്ട് ട്രെയിനിംഗ് കൊടുക്കാനുള്ള ഒരു തീരുമാനമുണ്ട്." 5 കോടി രൂപയാണ് അതിനുവേണ്ടി ചെലവ് വച്ചിരിക്കുന്നത്. ഇതിന് ഏറ്റവും ജൂനിയറും യോഗ്യനമല്ലാത്ത അദ്ധ്യാപകനെയാണ് സെലക്ട് ചെയ്ത് വിദേശത്തേയ്ക്ക് വിടാനുള്ള ഫയലുകൾ മൂവ് ചെയ്തുകൊണ്ടിരിക്കുന്നുവെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നമ്മൾ ഇപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചും സർവ്വകലാശാലയെക്കുറിച്ചും വളരെ നല്ല രീതിയിൽ തന്നെ ഡിബേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്തായിരുന്ന കാസർഗോഡ് ലോക്സഭാ സ്ഥാനാർത്ഥിയെ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ വി.സി. ആക്കിയിരുന്നതെന്നും അതുപോലെ താങ്കളുടെ ഗവൺമെന്റിന്റെ ഭരണകാലത്തായിരുന്ന സർവ്വകലാശാല വി.സി.-യെ അയോഗ്യനായി കണ്ട് പുറത്താക്കിയതെന്നുമുള്ള കാര്യം ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കാസർഗോഡ് ലോക്സഭാ സ്ഥാനാർത്ഥിയെ ഞങ്ങൾ വൈസ് ചാൻസലറാക്കി നിയമിച്ചിട്ടുപോലും ഇത്തരം ഒരു ക്രമക്കേട് അവിടെ നടന്നിട്ടില്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഏർപ്പാടിന് ഞങ്ങൾ മെനക്കെട്ടിട്ടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.ജി.സി. അദ്ധ്യാപകനായിരുന്ന യോഗ്യതയുള്ള ആളെയാണ് തെരഞ്ഞെടുത്തത്. അദ്ദേഹം ആ സ്ഥാനത്തോട് നീതിപുലർത്തി ഇത്തരം ക്രമക്കേടിന് അവസരമുണ്ടാക്കാതെ പ്രവർത്തിച്ചത് കണ്ടിട്ടെങ്കിലും അത് മാതൃകയാക്കി മന്ത്രിയോടും അദ്ദേഹത്തിന്റെ ഓഫീസിനോടും പ്രവർത്തിക്കാൻ ശ്രീ. എ. എൻ. ഷംസീറിനെപ്പോലെ ഒരു പഴയ എസ്.എഫ്.ഐ.-ക്കാരൻ പറയണ്ടേ; പേഴ്സണലായിട്ടെങ്കിലും പറയണ്ടേ; എപ്പോഴെങ്കിലും ഒന്ന് പറയണ്ടേ; ഞങ്ങളുടെ കാലത്ത് ഇങ്ങനെയായിരുന്നില്ലല്ലോ. 'ഉത്തരക്കടലാസ് വീട്ടിലും എത്തും. മൊത്തം സുതാര്യം.' 'അദാലത്തിന് പിഴച്ചു' - സിൻഡിക്കേറ്റ് അംഗം. 'എം.ജി.-യിൽ നടന്നത് കുംഭകോണം.' 'അദാലത്തുകൾ മാർക്ക് ദാനത്തിനുവേണ്ടി മാത്രം.' 'മാർക്ക് ദാനം, മഹാദാനം. അപ്പോൾ ഹാജർ ദാനമോ?' 'ഉത്തരക്കടലാസ് വീട്ടിൽ കൊണ്ടു പോകാം.' 'പരീക്ഷാ ഭവനിൽ നിന്ന് മുക്കിയ ഉത്തരക്കടലാസുകൾ പൊങ്ങി.' ഇതൊന്നും നടന്നത് ഞങ്ങളുടെ കാലത്തല്ല. 100 കേസ് ഇവിടെ വിളിച്ചുപറയാം. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം തട്ടിപ്പുകൾ നിരന്തരമായിട്ടുണ്ടാകുന്നത് ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ ലാഘവത്തോടെ കാണാൻ അങ്ങ് തയ്യാറാകരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഇതിന്റെ ഗൗരവം അങ്ങ് ഉൾക്കൊള്ളണം. You being the minister of the Higher Education Department in the State. ഇതിന്റെ ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. അതിന്റെ ഗൗരവത്തോടെ അങ്ങ് അതിൽ ഇടപെടാൻ തയ്യാറാകണം. ഈ ലാഘവബുദ്ധി പല കാര്യങ്ങളിലും വലിയ അപകടമുണ്ടാക്കുകയാണ്. കഴിഞ്ഞ ദിവസം ഈ സഭയിലിരിക്കുന്ന എല്ലാവരും രേഖപ്പെടുത്തിയ ഒരു പ്രയാസം - ഒരു പെൺകുട്ടിക്ക് ഐ.ഐ.ടി.-യിൽ പ്രവേശനം ലഭിച്ചുവെന്ന് പറയുമ്പോൾ ആ കുടുംബം എത്ര സന്തോഷിച്ചിട്ടുണ്ടാകും. ആ നാട് എത്ര സന്തോഷിച്ചിട്ടുണ്ടാകും. ഒന്നാം റാങ്കോടെ പ്രവേശനം നേടിയപ്പോൾ ആ കുടുംബത്തിന്റെ സ്വപ്നങ്ങൾ എത്ര വലുതായിരിക്കും. ആ കുടുംബം ആഗ്രഹിച്ച എന്തെല്ലാം കാര്യങ്ങളാണ് ആ പെൺകുട്ടിയുടെമേൽ ഉണ്ടാകുക. ആ പെൺകുട്ടിക്ക് അവസാനം സ്വന്തം ജീവനൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നു. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ന് ഇപ്പോഴും നമ്മൾ വിശ്വസിക്കുന്ന ഐ.ഐ.ടി.-യിൽപ്പോലും ഇങ്ങനെയൊരു അവസ്ഥയുണ്ടാകുന്നത് എത്ര ഖേദകരമായ സാഹചര്യമായിരിക്കും. എന്തായിരിക്കും ആ ഉപ്പയുടെയും ഉമ്മയുടെയും മനസ്; എന്തായിരിക്കും അവരെ അറിയുന്നവരുടെയും സ്കൂളിൽ പഠിപ്പിച്ച അദ്ധ്യാപകരുടെയും ആ കുട്ടിക്കൊപ്പം നിന്ന കുടുംബത്തിന്റെയും

നാട്ടുകാരുടെയും അവസ്ഥ? വിദ്യാഭ്യാസം നമുക്ക് പ്രബുദ്ധത സമ്മാനിക്കുമെന്ന് വിശ്വസിച്ചിരുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിന്റെ ഏറ്റവും ഉന്നതമായ കേന്ദ്രം എന്ന് വിശ്വസിക്കുന്ന സ്ഥാപനത്തിൽ ഒരു പെൺകുട്ടി നന്നായി പഠിച്ചതിന്റെ പേരിൽ, നല്ല മാർക്ക് വാങ്ങിയതിന്റെ പേരിൽ ഉയർന്ന സ്വപ്നങ്ങൾ കാണാൻ കെൽപ്പുള്ളവരാണെന്ന് ആ നാടിന് തോന്നിയതിന്റെ പേരിൽ 'എന്റെ പേരാണ് എന്റെ പ്രശ്നം എന്റെ വാപ്പച്ചീ' എന്നുപറഞ്ഞ് ജീവനൊടുക്കേണ്ട അവസ്ഥ ഒരു ഐ.ഐ.ടി.-യിൽ ഈ നാട്ടിലെ ഒരു വിദ്യാർത്ഥിനിക്ക് വന്നു ചേരുന്നത് നമുക്കാർക്കും അംഗീകരിക്കാൻ കഴിയുന്നതോ സങ്കൽപ്പിക്കാൻ കഴിയുന്നതോ ആയിട്ടുള്ള കാര്യമല്ല. എന്റെ മകൾ കണ്ട സ്വപ്നത്തിന്റെ അവസാനത്തിൽ, എന്റെ കുട്ടി ഐ.ഐ.ടി.-യിൽ പഠിക്കേണ്ടിയിരുന്നില്ല, എവിടെയും പഠിക്കേണ്ടിയിരുന്നില്ല, ഒരു ജോലിയും കിട്ടേണ്ടിയിരുന്നില്ല, എന്റെ വീട്ടിലിരുന്നാൽ മതിയായിരുന്നുവെന്ന് ആ മകളെ ജീവനോടെ കാണാനുള്ള കൊതികൊണ്ട് ഒരു രക്ഷിതാവ് മാറ്റി പറയേണ്ട അവസ്ഥയിലേയ്ക്ക് നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുമ്പോൾ സർവ്വകലാശാലകൾക്കകത്ത് നടക്കുന്ന ഇടപെടലുകളെ ലാഘവ ബുദ്ധിയോടെ കാണാൻ നമുക്ക് കഴിയില്ല. അത് രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ വർഗ്ഗീയതയുടെയോ പേരിലാണെങ്കിലും രക്തദാഹികളായ ആളെക്കൊല്ലികൾ ഐ.ഐ.ടി.-കളിൽപ്പോലും കടന്നുകൂടുന്നുവെന്നത് ഈ നാടിനെ സംബന്ധിച്ചിടത്തോളം ശുഭകരമല്ല, ആശങ്കയാണ്. My birth is my fatal accident എന്നുപറയുന്ന രോഹിത് വെമുലയുടെ സംഭവം നമ്മുടെ നാട് കണ്ടു. ഒരു ദളിതനായി ഞാൻ ജനിച്ചതിന്റെ പേരിലാണ് എന്റെ ജീവൻ ഒടുക്കേണ്ടിവന്നതെന്നും കാൽസാഗനെ പ്പോലെയാകണമെന്നും സ്വപ്നം കണ്ടൊരു ചെറുപ്പക്കാരൻ സ്വന്തം ജീവിതം അവസാനിപ്പിച്ച് മടങ്ങിപ്പോയപ്പോൾ അന്നും നമ്മളെല്ലാവരും പ്രതികരിച്ചു. അതിനും ഈ പറയുന്ന ഇടപെടലുകളുണ്ടായിരുന്നു. ആ ഇടപെടലുകളെ നമ്മളെല്ലാവരും ഒന്നിച്ച് എതിർക്കുകയാണ്. ഞാൻ അതുമായി താരതമ്യം ചെയ്യുന്നില്ല. പക്ഷേ ഓരോരുത്തരുടെ താളത്തിനൊത്ത് വിദ്യാർത്ഥികൾ തുള്ളിയില്ലെങ്കിൽ അവരുടെ ജീവനുപോലും അപകടമാകുന്ന അവസ്ഥ പല കേന്ദ്ര സ്ഥാപനങ്ങളിലും ഉണ്ടാകുമ്പോൾ അതിന്റെയൊരു മിനിയേച്ചർ കേരളത്തിലെ സർവ്വകലാശാലകളിലു ണ്ടാകാൻ അനുവദിക്കരുത് എന്നുള്ളതുകൊണ്ടു തന്നെയാണ് ഇത്തരം ഇടപെടലുകളെ പ്രോത്സാഹിപ്പിക്കരുതെന്ന് ഈ നാട്ടിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. അതിനെ ലാഘവത്തോടെ കാണരുത്. പ്രതിപക്ഷത്തോട് പറയാനുള്ള മറുപടി മാത്രമായി അതിനെ മാറ്റരുത്. ആ സംഭവങ്ങൾ വളരെ ഗൗരവതരമാണ്. പലരെയും പല കേസ്സിൽനിന്നും രക്ഷപ്പെടുത്താൻ കഠിനെഴുതുന്ന യാളുകളാണ് നമ്മൾ. ആ പെൺകുട്ടിയുടെ കാര്യത്തിൽ അതിനനുസരിച്ചുള്ള നടപടി

കേരളത്തിലെ ഗവൺമെന്റിന്റെ പക്കൽ നിന്നുണ്ടാകണം. ഐ.ഐ.ടി.-യിലെ ഫാത്തിമ ലത്തീഫിന്റെ മരണം കേരളത്തിനേറ്റ മുറിവാണ്, ഇന്ത്യയ്ക്കേറ്റ മുറിവാണ്. അതിന് ഉത്തരവാദികളായ ആളുകളാരാണെങ്കിലും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനായി അവസാനംവരെ പോരാടാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇടപെടലുകളുടെ താളവും ക്രമവും തെറ്റുമ്പോൾ, അതിന് ജീവൻ ബലിയർപ്പിക്കേണ്ടിവരുന്ന വാർത്തകൾ ഒരു വശത്തുവരുമ്പോൾ ഇവിടെ ഇതിന്റെ വിശ്വാസ്യത തകരുന്ന വാർത്തകളും വരികയാണ്. നമ്മുടെ സർവ്വകലാശാലകൾകൂടി അത്തരം അധഃപതനത്തിലേയ്ക്ക് നയിക്കപ്പെടാൻ സാധ്യതകളുണ്ടെന്നറിഞ്ഞ് നാം ഇടപെടണം. ഇതുപോലെയുള്ള നിരവധി കേസ്സുകൾ ആവർത്തിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

1.00 P.M.]

ശ്രീ. റോജി എം. ജോൺ: സർ, പി.എസ്.സി. പരീക്ഷാ തട്ടിപ്പുകേസിലും കത്തിക്കുത്ത് കേസിലും പ്രതികളായിട്ടുള്ളവരുടെ വീടുകൾ പോലീസ് റെയ്ഡ് ചെയ്തപ്പോൾ കണ്ടെത്തിയ കേരള സർവ്വകലാശാലയുടെ സീൽ ചെയ്ത ഉത്തരക്കടലാസുകളെ സംബന്ധിച്ച് അന്വേഷണം നടത്താനായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ ഉത്തരക്കടലാസ്സുകൾ സർവ്വകലാശാലയിൽനിന്നും ഇവർക്ക് നൽകിയതാരാണെന്ന് കണ്ടുപിടിക്കാനോ അത്തരക്കാർക്കെതിരെ എന്തെങ്കിലും ഒരു നടപടി കൈക്കൊള്ളാനോ മാസങ്ങൾ കഴിഞ്ഞിട്ടും ക്രൈംബ്രാഞ്ച് അന്വേഷണത്തിന് കഴിഞ്ഞിട്ടില്ലെന്നും ഉത്തരക്കടലാസ്സുകൾ നൽകിയ യൂണിവേഴ്സിറ്റിയിലെ ഒരാൾക്കെതിരെപോലും ഇതുവരെ കൃത്യമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇത്തരം ക്രമക്കേടുകൾ നടക്കുമ്പോൾ, മാർക്ക്ദാനം എല്ലാ യൂണിവേഴ്സിറ്റികളിലും ആവർത്തിച്ചാവർത്തിച്ച് നടക്കുമ്പോൾ അവിടെയൊക്കെ ഈ മാർക്ക്ദാനത്തിന് നിർദ്ദേശം കൊടുക്കുന്നതും ക്രമക്കേടുകൾ നടത്തുന്നതും ഇതിന്റെ പ്രയോജനം ലഭിക്കുന്ന ആളുകളെല്ലാം ഒന്നുകിൽ എസ്.എഫ്.ഐ.-യുമായി ബന്ധപ്പെട്ട ആളുകളോ അല്ലെങ്കിൽ സി.പി.ഐ.(എം.)-ഉം ആയി ബന്ധപ്പെട്ട ആളുകളോ മാത്രമാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. ഷാഫി പറമ്പിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്ന കാര്യത്തിൽ അവലംബിക്കുന്ന രീതിയെ സംബന്ധിച്ചും അതിന്റെ മഹത്തായ പഴയ കാര്യത്തെക്കുറിച്ചുമെല്ലാം പറഞ്ഞുവരികയായിരുന്നു. ഇപ്പോൾ ഒരു വൈസ് ചാൻസലർ എന്തോ പറഞ്ഞെന്ന ആക്ഷേപമാണ് ഉയർന്നുവന്നിരിക്കുന്നത്. നിങ്ങളുടെ ഭരണകാലത്താണ് യഥാർത്ഥത്തിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ ഏറ്റവും അധഃപതിച്ച രീതിയുണ്ടായിട്ടുള്ളത് സത്യസന്ധമായി പരിശോധിച്ചാൽ മതി. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന

ഡോ. എം. അബ്ദുൾ സലാമിനെ ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് നിയമിച്ചതാണെന്ന് തോന്നുന്നു. അദ്ദേഹം ഇപ്പോൾ ബി.ജെ.പി.-യിലേയ്ക്ക് പോയില്ലേ; അദ്ദേഹം ചാർജ് ഏറ്റെടുക്കുന്നതിനു മുമ്പ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന പാർട്ടിയുടെ ഏറ്റവും സമുന്നത നേതൃത്വം ഇരിക്കുന്ന സ്ഥലത്ത്, പാണക്കാട് തറവാട്ടിൽപോയി അനുമതി വാങ്ങി, വിനയാന്വിതനായി കാര്യങ്ങൾ പറഞ്ഞിട്ടാണ് വന്നതെന്ന് പത്രവാർത്തയുണ്ടായിരുന്നു. ആ രീതിയെയാണ് നിങ്ങൾ പ്രോത്സാഹിപ്പിച്ചത്. അത്തരത്തിൽ രാഷ്ട്രീയ ദാസ്യം സ്വീകരിച്ച ആളുകളെയാണ് നിങ്ങൾ നിയമിച്ചത്.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, കമ്മ്യൂണിസവും മാർക്സിസവും പഠിച്ച് 10 വർഷം എം.പി.-യായിരുന്ന ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയല്ലേ ബി.ജെ.പി.-യിലേയ്ക്ക് പോയത്. അതിന് നിയമമൊന്നുമില്ലേ; നിങ്ങളല്ലേ ഇതൊക്കെ പഠിപ്പിക്കുന്നത്. ഞങ്ങളിലേയ്ക്ക് വന്നുവെന്നേയുള്ളൂ, എന്നിട്ടും പോയില്ലേ?

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, പ്രിയപ്പെട്ട എ. പ്രദീപ് കുമാർ ഉൾപ്പെടെയുള്ളവർക്ക് മൈക്കിൽ ഇങ്ങനെയൊക്കെ പറയേണ്ടിവരുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഉള്ളിലുള്ള വികാരം ഞങ്ങൾക്ക് മനസ്സിലാകും. ഇത് ഇത്രയും മോശമാക്കേണ്ടിയിരുന്നില്ലെന്നുള്ള അഭിപ്രായം അങ്ങേയ്ക്കും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് നൂറ് ശതമാനം ഉറപ്പാണ്. ഞങ്ങളുടെ സെലക്ഷൻ പ്രോസസ്സിനെപ്പറ്റി ഇത്രയും പരാതികൾ പറഞ്ഞ നിങ്ങൾ ആലോചിക്കേണ്ട ഒരു കാര്യം, അങ്ങനെ സെലക്ട് ചെയ്യപ്പെട്ടവരുടെ ഭരണകാലത്തുപോലും ഇത്രയും വലിയ വീഴ്ചയും ചോർച്ചയും ഉണ്ടായിട്ടില്ലല്ലോ. ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്ഥാനത്തു നിന്നും രാജിവയ്ക്കേണ്ടതായിരുന്നു എന്നുകൂടി പറഞ്ഞിട്ട് അങ്ങേയ്ക്ക് ഇരിക്കാമായിരുന്നു. ഇപ്പോൾ ആരുടെ കാലത്തുണ്ടാകുന്നു; ഇപ്പോൾ എങ്ങനെ ഈ വീഴ്ചകൾ ഉണ്ടാകുന്നു; പ്രൊഫ. സി. രവീന്ദ്രനാഥ് ഈ വകുപ്പിന്റെ മന്ത്രിയായിരുന്നപ്പോൾപോലും ഇല്ലാത്ത തരത്തിൽ എങ്ങനെ ഇപ്പോൾ പ്രശ്നങ്ങൾ കൂടുന്നു; ബഹുമാനപ്പെട്ട മന്ത്രിയും ആലോചിക്കേണ്ട കാര്യമാണ്; തൊട്ടപ്പുറത്തിരിക്കുന്ന പ്രൊഫ. സി. രവീന്ദ്രനാഥിന്റെ കാലത്തില്ലാത്ത തരത്തിൽ ഇതെങ്ങനെ വർദ്ധിക്കുന്നു; എങ്ങനെ ഈ ആരോപണങ്ങൾ നിരന്തരം ഉണ്ടാകുന്നു? ശ്രീ. റോജി എം. ജോൺ ഇവിടെ ചോദിച്ച കാര്യം, ഈ കുറ്റങ്ങൾക്ക് എങ്ങനെയാണ് പ്രോത്സാഹനം കൊടുക്കുന്നത്; പി.എസ്.സി. പരീക്ഷയിൽ ഇത്രയും വലിയ ക്രമക്കേടുകൾ കാണിച്ചുവെന്ന് അംഗീകരിച്ച, നിങ്ങളെല്ലാവരും സമ്മതിച്ച ഒരു കേസിലെ പ്രതികൾ ഇപ്പോഴും വെറുതെ നടക്കുകയാണ്. കുറ്റപത്രം സമർപ്പിക്കാൻ സമയബന്ധിതമായി കഴിഞ്ഞിട്ടില്ലെന്ന് പറയുമ്പോൾ ഈ ഗവൺമെന്റ് ആരെയാണ് സപ്പോർട്ട് ചെയ്യുന്നത്; എവിടെയാണ് അന്വേഷണം എത്തിനിൽക്കുന്നത്; പ്രതിയുടെ വീട്ടിൽനിന്നും എങ്ങനെയാണ്

യൂണിവേഴ്സിറ്റി മേധാവിയുടെ സീൽ കിട്ടുന്നത്; അവിടെനിന്നും എങ്ങനെയാണ് ഉത്തരക്കടലാസ് കിട്ടുന്നത്; അതൊക്കെ എങ്ങനെയാണ് അവിടെ എത്തുന്നത്; ഇതൊരു nexus ആണ്. മന്ത്രിയുടെ ഓഫീസ് മുതൽ എസ്.എഫ്.ഐ.-യുടെ യൂണിറ്റ് കമ്മിറ്റി വരെ നീളുന്ന ഈ തട്ടിപ്പിന്റെ nexus കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യത തകർക്കുകയാണ്. നിങ്ങൾ എത്ര ബാലിശമായ തടസ്സവാദങ്ങളാണ് പറയുന്നത്. അന്ന് അങ്ങനെ നടന്നില്ലേ; ഇന്ന് ഇങ്ങനെ നടന്നില്ലേ; കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റുകളുടെ കാലത്ത് പി.എസ്.സി. പോലൊരു സ്ഥാപനത്തിൽ ഇത്രയും വലിയ വീഴ്ച, ഇത്രയും വലിയ വിശ്വാസരാഹിത്യം ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ട തരത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ; വെറുതെ ന്യായീകരിക്കരുത്. നിങ്ങൾക്കും അറിയാവുന്ന ചരിത്രമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെയും പരീക്ഷാ നടത്തിപ്പിന്റെയുമൊക്കെ കടയ്ക്കൽ കത്തി വച്ച് അതിനെ തകർത്ത് ഇതരസംസ്ഥാന ലോട്ടറിപോലെ ഈ സ്ഥാപനങ്ങളെ മാറ്റുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച വളരെ ഗൗരവതരമായുള്ള ഒരു കാര്യമാണ്. ഇതുവരെ പോലീസ് അന്വേഷണം നടത്തിയിട്ടും പ്രതികൾ ജാമ്യത്തിൽ പുറത്തിറങ്ങിയിരിക്കുകയാണ്. ഈ ചോദ്യപേപ്പർ എങ്ങനെയാണ് ചോർന്നത് എന്നതിലേയ്ക്ക് പോലീസ് കടക്കുന്നില്ല. അതാണ് ഏറ്റവും ഗൗരവതരമായ കാര്യം. പരീക്ഷാ ഹാളിലിരുന്ന് പരീക്ഷയെഴുതിയ ആളുകൾക്ക് മൊബൈൽ ഫോണിലൂടെ സ്മാർട്ട് വാച്ചിലേയ്ക്ക് ഉത്തരം അയച്ചുകൊടുത്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. ചോദ്യം എങ്ങനെ ചോർന്നു; ചോദ്യം ആരാണ് ചോർത്തി ക്കൊടുത്തത്; ഇത് കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ ചോദ്യ പേപ്പറുകൾ ഇനിയും ചോർന്നുകൊണ്ടേയിരിക്കും. അതാണ് ഏറ്റവും അപകടകരമായ കാര്യം. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷയുടെ വിശ്വാസ്യത പൂർണ്ണമായി തകർന്നാൽ അത് നമ്മുടെ നാട്ടിലെ ചെറുപ്പക്കാരിൽ ഉണ്ടാക്കുന്ന അവിശ്വാസം നമുക്കാർക്കും തടുത്തുനിർത്താൻ കഴിയാത്ത തരത്തിൽ വലിയ തോതിലായിരിക്കു മെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, അതാണ് ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്ന കാര്യം. പ്രതിപക്ഷത്തോട് മറുപടി പറയാനുള്ള രാഷ്ട്രീയം കണ്ടെത്തുക എന്നുള്ളതല്ല ഉത്തരങ്ങളിൽ ഉണ്ടാകേണ്ടത്. നടപടികളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതയാണ് ഉണ്ടാകേണ്ടത്. പി.എസ്.സി. ചോദ്യപേപ്പർ എങ്ങനെ ചോർന്നുവെന്നുള്ളതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് ഇതുവരെ കൃത്യമായി ഒരുത്തരം പറയാനില്ല. അതിൽ പി.എസ്.സി.-ക്ക് പങ്കുണ്ടോയെന്നുള്ളത് ഗവൺമെന്റ് ഇതുവരെ undoubted ആയി തെളിയിച്ചിട്ടുമില്ല. എങ്ങനെ മൊബൈൽ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ പരീക്ഷാഹാളിനകത്ത് ഉപയോഗിക്കാനുള്ള

അനുമതി പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ കൊടുത്തുവെന്നുള്ളതിന്റെ ആക്ഷേപം ഇതുവരെ മാറിയിട്ടില്ല. പരീക്ഷാ സെന്റർ അനുവദിക്കുന്ന കാര്യത്തിലും കള്ളത്തരം നടന്നുവെന്ന കാര്യത്തിലും ഇതുവരെ സംശയം മാറിയിട്ടില്ല. ആരെ രക്ഷിക്കാൻ വേണ്ടി, ആരുടെ ഇടപെടൽമൂലം, ആർക്കുവേണ്ടി എന്നുള്ള ചോദ്യങ്ങളെല്ലാം ബാക്കി നിൽക്കുകയാണ്. But you have said them free, ഒരു കുറ്റപത്രംപോലും നിങ്ങൾ കൊടുത്തിട്ടില്ല. അപ്പോൾ ആരോടൊപ്പമാണ് നിങ്ങൾ നിൽക്കുന്നത്; ആരെ സംരക്ഷിക്കാൻ വേണ്ടിയാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യതയെ നിങ്ങൾ തകർക്കുന്നത്? ഈ ഗവൺമെന്റിന്റെ ഇടപെടലുകൾ മുഴുവൻ അതുകൊണ്ടാണ് ഞങ്ങൾക്ക് പുറത്തു പറയേണ്ടി വന്നത് "The Government Stands for the Criminals, of the Criminals and by the Criminals" ഓരോ കാര്യത്തിലും നിങ്ങൾ സംരക്ഷിക്കുന്നത് പ്രതികളെ മാത്രമാണ്. കഴിഞ്ഞ ദിവസം വീണ്ടും ചില വാർത്തകൾ വന്നു, 42 ലക്ഷം രൂപ വീണ്ടും ഒരു കേസിൽ ഗവൺമെന്റ് ചെലവഴിക്കുകയാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. സുപ്രീംകോടതിയിൽ നിന്നും വക്കീലിനെ കൊണ്ടുവരാൻ ഗവൺമെന്റ് വീണ്ടും 42 ലക്ഷം രൂപ ചെലവഴിക്കുന്നത് എന്തിനാണ്? വക്കീലിനെ കൊണ്ടുവരുന്നത് എന്തിനാണ്? കേരളത്തിന്റെ ഏതെങ്കിലും താൽപ്പര്യത്തെ സംരക്ഷിക്കാനല്ല. കേരളത്തിലെ ഏതെങ്കിലും ഒരാൾക്ക് നീതികൊടുക്കാനല്ല. കേരളത്തിലെ ഏതെങ്കിലും പാവങ്ങൾക്ക് നീതി ലഭിക്കാനല്ല. ഒരു വികസന പദ്ധതികൾക്കും വേണ്ടിയല്ല. കേരളത്തിന്റെ ഏതെങ്കിലും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കല്ല. ഗവൺമെന്റുമായി നേരിട്ട് ബന്ധമുള്ള കാര്യങ്ങൾക്കുമല്ല. ജനങ്ങൾക്ക് ഗുണമുള്ള ഒരു കാര്യത്തിനു വേണ്ടിയുമല്ല. 19-ഉം 24-ഉം വയസ്സുള്ള രണ്ട് ചെറുപ്പക്കാരെ ക്രൂരമായി കൊന്നുതള്ളിയവൻ രക്ഷപെടുമെന്ന ഹൈക്കോടതിയുടെ നിരീക്ഷണത്തിനൊടുവിൽ ആ കേസ് സി.ബി.ഐ.-ക്ക് പോകുമ്പോൾ, സി.ബി.ഐ. അന്വേഷണം നടത്തിയാൽ അതിനു പിന്നിലെ പാർട്ടി പങ്ക് പുറത്തുവരുമെന്ന ഭയംകൊണ്ടുമാത്രം ഖജനാവിൽ നിന്ന് ലക്ഷങ്ങൾ ചെലവാക്കി പുറത്തുനിന്നും വക്കീലിനെ കൊണ്ടുവരികയാണ്. എത്ര ഡെലിബറേറ്റഡായാണ് നിങ്ങൾ നീങ്ങുന്നത്. നിങ്ങൾക്ക് വക്കീലിനെ കൊണ്ടുവരാൻ ഒരു പ്രയാസവുമില്ല. ആരെയാണ് കൊണ്ടുവരുന്നത്? ശ്രീ. നരേന്ദ്ര മോദിയുടെ സോളിസിറ്റർ ജനറലായിരുന്ന ശ്രീ. രഞ്ജിത് കുമാർ. കൃപേഷിനെയും ശരത്‌ലാലിനെയും കൊന്ന കേസിലെ പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടി സർക്കാർ ഖജനാവിൽ നിന്ന് പണംകൊടുത്ത് എന്തിനാണ് ശ്രീ. രഞ്ജിത് കുമാറിനെ കൊണ്ടുവരുന്നത്? ആ രണ്ട് ചെറുപ്പക്കാർ മരിച്ചുകിടക്കുമ്പോൾ അവരുടെ തലയ്ക്കൽ കത്തിച്ചുവച്ച ചന്ദനത്തിരിക്ക് കൊടുത്ത പണത്തിലെ നികുതിപ്പണംകൊണ്ട് അവരെ കൊന്ന പ്രതികൾക്കുവേണ്ടി സർക്കാർതന്നെ പണം മുടക്കി കേസ് സി.ബി.ഐ.-ക്ക് കൊടുക്കുന്നത് അട്ടിമറിക്കുമ്പോൾ ഗവൺമെന്റ് എവിടെയാണ് നിൽക്കുന്നത്?

ഗവൺമെന്റ് ആർക്കുവേണ്ടിയാണ് പണം കൊടുക്കുന്നത്. കേരളത്തിലെ പല സ്കൂളുകളിലും ഉച്ചഭക്ഷണത്തിനുള്ള പണം കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി കൊടുത്തിട്ടില്ല. "ഇനി പിടിച്ചുനിൽക്കാൻ ഞങ്ങൾക്ക് കഴിയില്ല, കയ്യിൽനിന്നും കൊടുക്കാവുന്നതിന്റെ പരമാവധി പണം ഞങ്ങൾ കൊടുത്തുകഴിഞ്ഞു. മൂന്നുനാലുമാസമായി ഗവൺമെന്റ് ഞങ്ങൾക്ക് പണം തരുന്നില്ല, കുട്ടികൾക്ക് കൊടുക്കാനുള്ള ഉച്ചഭക്ഷണംപോലും മുടങ്ങിയേക്കാം" എന്ന് സി.പി.ഐ.-യുടെ അദ്ധ്യാപക സംഘടനയിൽപ്പെട്ട ഒരദ്ധ്യാപകൻ ഇന്നലെ പറഞ്ഞു. കുട്ടികൾക്കുള്ള ഉച്ചഭക്ഷണംപോലും മുടങ്ങിയേക്കാമെന്ന് അദ്ധ്യാപകർ നിലവിളിക്കുമ്പോൾ, രണ്ട് കുട്ടികളെ കൊന്ന കേസ്സിലെ പ്രതികളെ രക്ഷിക്കാൻ ഈ ഗവൺമെന്റ് സർക്കാർ ഖജനാവിൽനിന്നും നാൽപ്പത്തിരണ്ട് ലക്ഷം രൂപ നീക്കിവയ്ക്കണമോ? നിങ്ങൾക്ക് അത്ര വിഷമമുണ്ടെങ്കിൽ ബക്കറ്റുമെടുത്ത് പാർട്ടി പണം പിരിക്കണം. ഖജനാവിൽനിന്നും പണം കൊടുത്ത് ഈ അതിക്രമത്തിനും അട്ടിമറിക്കും കൂട്ടുനിൽക്കാൻ കഴിയുമോ? ഷുഹൈബിനെ കൊന്ന കേസ് വാദിക്കുന്നതിനായി ഒരു വക്കീലിനെ കൊണ്ടുവന്നു, വിജയ് ഹൻസാരിയെന്ന ഒരു വക്കീലിനെ ആസ്സാമിൽനിന്നാണ് കൊണ്ടുവന്നത്. നമ്മൾ അധികമാരും കേട്ടിട്ടില്ലാത്ത വക്കീലാണ്. പലരും സംശയിച്ചു എന്താണ് ഇങ്ങനെ ഒരു വക്കീലിനെ കൊണ്ടുവരാൻ കാരണമെന്ന്, സുപ്രീം കോടതിയിലെ പ്രസിദ്ധരായ അഭിഭാഷകരെ കൊണ്ടുവരുന്നതിനുപകരം എന്തിനാണ് ഇങ്ങനെയൊരു അഭിഭാഷകനെ കൊണ്ടുവരുന്നതെന്ന്. കാരണമെന്താണെന്ന് അറിയാമോ; അതിനെ സ്വാധീനിക്കാൻ അവസാനത്തെ ശ്രമം നടത്തി നോക്കിയതാണ്. കാരണം അപ്പോൾ ചെയറിലിരിക്കുന്ന ജഡ്ജ് ആസ്സാം സ്വദേശിയായിരുന്നു. ബന്ധവും പരിചയും വച്ച് രക്ഷപ്പെടുത്തിയെടുക്കുന്നതിനുവേണ്ടിയാണ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അങ്ങ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്ന കാര്യങ്ങൾ ഞാൻ ഇവിടെയിരുന്ന് ശ്രദ്ധാപൂർവ്വം കേൾക്കുകയായിരുന്നു. അനുചിതമായി പ്രസംഗം തടസ്സപ്പെടുത്തി ആ ഫ്ലോ കളയണ്ടെന്ന് കരുതിയിട്ടാണ് താങ്കളുടെ പ്രസംഗം കേൾക്കുന്നത്. പക്ഷേ, അങ്ങ് ഗുരുതരമായ ഒരു കാര്യമാണ് പറഞ്ഞതെന്ന് ആലോചിക്കണം. ഗുരുതര പ്രത്യാഘാതമുള്ളതുമാണ്. ഹൈക്കോടതിയിലെ അല്ലെങ്കിൽ അതുപോലുള്ള നീതിന്യായപീഠങ്ങളിലെ വിധി പറയാനിരിക്കുന്ന ന്യായാധിപന്റെ നാട്ടിൽനിന്നും ഒരു വക്കീൽ വന്നാൽ ആ ബഞ്ച് സ്വാധീനിക്കപ്പെടുമെന്ന ഒരു സൂചന അങ്ങയുടെ പ്രസംഗത്തിലും പ്രയോഗത്തിലും വന്നിട്ടുണ്ട്. അത് രേഖയിലുണ്ടാകാൻ പാടില്ലെന്ന് അഭിപ്രായപ്പെടുന്നു. അങ്ങ് അങ്ങനെയല്ല ഉദ്ദേശിച്ചതെങ്കിൽ അത് വിശദീകരിച്ച് ആ ഭാഗം ശരിയാക്കണമെന്ന് ഞാൻ സ്നേഹബുദ്ധ്യാ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഈ കോടതിയിലേയ്ക്ക് അത്തരമൊരു വക്കീലിനെ കൊണ്ടുവന്നത് വേറെയൊരു കാരണംകൊണ്ടല്ലെന്ന് നിങ്ങൾ വിശ്വസിച്ചിരുന്നോ നിഷ്കളങ്കരേ എന്നാണ് എനിക്ക് അതിന് മറുപടിയായി

ചോദിക്കാനുള്ളത്. ശ്രീ. എം. സ്വരാജ് ഉൾപ്പെടെയുള്ള ആളുകളോട് ഞാൻ ചോദിക്കുന്നത്, അതിനെ ന്യായീകരിക്കാൻ സാധിക്കുമോ എന്നാണ് Can you justify, ശ്രീ. എം. സ്വരാജ് പറഞ്ഞ ഭാഗം എനിക്ക് മനസ്സിലായി. പക്ഷേ, 29 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ 41 വെട്ട് വെട്ടി കൊന്നിട്ട്, കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് പറഞ്ഞ്, ആ കുട്ടിയുടെ മാതാപിതാക്കൾ കോടതിയിലേയ്ക്ക് വന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പോയിന്റ് ഓഫ് ഓർഡർ..

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഈ സഭയുടെ സുരക്ഷിതത്വം ഉപയോഗിച്ചുകൊണ്ട് ജുഡീഷ്യറിക്കെതിരെ ഇത്തരത്തിലൊരു ആരോപണ മുന്നയിക്കാമോ? ശ്രീ. വി. ഡി. സതീശൻ അവിടെ ഇരിക്കുകയാണല്ലോ; ഇത്തരം വില കുറഞ്ഞ ആരോപണങ്ങൾ ശ്രീ. ഷാഫി പറമ്പിലിനെപ്പോലുള്ള ഒരംഗം സഭയിൽ ഉന്നയിക്കാമോ? അത് രേഖയിൽ ഉണ്ടാകരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത്, ആസ്സാംകാരനായ ഒരു ജഡ്ജ് ഹൈക്കോടതിയിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിനെ സ്വാധീനിക്കാൻ കഴിയുമെന്ന് കരുതി, ആസാം സ്വദേശിയായ ഒരു വക്കീലിനെ ലക്ഷങ്ങൾ മുടക്കി ഇവിടെ ഗവൺമെന്റ് കൊണ്ടുവന്നുവെന്നാണ്. അത് ഗവൺമെന്റി നെതിരായാണ് പറഞ്ഞത്. ആ ജഡ്ജ് സ്വാധീനിക്കപ്പെട്ടെന്ന് ഷാഫി പറമ്പിലിന്റെ പ്രസംഗത്തിൽ ഒരിടത്തുമുണ്ടായിട്ടില്ല.

ശ്രീ. എം. സ്വരാജ്: സർ, നിങ്ങൾ അതിനുവേണ്ടിയാണോ കൊണ്ടു വന്നിട്ടുള്ളത്

ശ്രീ. ഷാഫി പറമ്പിൽ: സർ, അല്ല, I will make it clear. ഈ വക്കീലിനെ കൊണ്ടുവന്നത് കോടതിയോ ജഡ്ജിയോ അല്ല. വക്കീലിനെ കൊണ്ടുവന്നത് ഗവൺമെന്റാണ്. We doubt government's intention. ഗവൺമെന്റിന്റെ ഇന്റൻഷനെ 'ഡൗട്ട്' ചെയ്യാൻ, സ്വാഭാവികമായും അങ്ങനെ വിശ്വസിക്കാൻ തീർച്ചയായും ഞങ്ങൾക്ക് കാരണങ്ങളുണ്ട്. ഞങ്ങൾ ഗവൺമെന്റിന്റെ പ്രവൃത്തിയെയാണ് ചോദ്യം ചെയ്യുന്നത്. അതല്ലെങ്കിൽ കേസ് വാദിക്കാൻ വക്കീലിനെ കൊണ്ടുവരുന്നത് ജഡ്ജിയല്ലല്ലോ, ഗവൺമെന്റല്ലേ.

ശ്രീ. സണ്ണി ജോസഫ്: സർ, ഇവിടെ പറഞ്ഞ വക്കീൽ വിജയ് ഹൻസാരിയയ്ക്ക് ഈ കേസ്സ് വാദിക്കുന്നതിനുവേണ്ടി, സി.ബി.ഐ. അന്വേഷണം തടസ്സപ്പെടുത്തുന്നതിനുവേണ്ടി കേരള ഗവൺമെന്റിന് ലഭിച്ച നികുതിപ്പണത്തിൽ നിന്നും നൽകിയത് 64,40,000 രൂപയാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ചോദിക്കുന്നത്, 64 ലക്ഷം രൂപ എന്തിന് കേരളത്തിലെ ഗവൺമെന്റ് ചെലവഴിക്കണം? ഏത് മലയാളിയുടെ താൽപ്പര്യം സംരക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്. 29 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ 41 തവണ വെട്ടി, ആ കേസ്സിൽ പ്രതിയായി ജയിലിൽപ്പോയ ഒരാളെയും അതിനുപിന്നിലെ ഗൂഢാലോചനക്കാരെയും പുറത്തുകൊണ്ടുവരുന്നതിനു വേണ്ടി ഒരു എക്സ്റ്റേണൽ ഏജൻസിയുടെ അന്വേഷണം വേണമെന്ന്, സഹോദരനെ നഷ്ടപ്പെട്ട മൂന്ന് പെങ്ങന്മാരും ഉപ്പയും ഉമ്മയും എഴുതിക്കൊടുത്ത ഒരു പരാതിയിന്മേൽ കോടതി ഒരു തീരുമാനമെടുക്കാൻ ശ്രമിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താൻ, ആ ഉപ്പയും ഉമ്മയും കടയിൽ പോയി വാങ്ങുന്ന സാധനങ്ങൾക്ക് നൽകുന്ന പണത്തിൽനിന്നുപോലും ലഭിക്കുന്ന നികുതിപ്പണംകൊണ്ട് 64 ലക്ഷം രൂപ കൊടുത്തിട്ട്, എന്തിനാണ് ആ കേസിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നത്? ഞാൻ ബില്ലിൽനിന്ന് വഴുതി മാറുന്നതിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. ഞാൻ ബില്ലിലേയ്ക്കുതന്നെയാണ് വരുന്നത്. ഇതുപോലെയുള്ള പ്രതികൾക്കുവേണ്ടി 64 ലക്ഷം രൂപ ചെലവഴിക്കുമ്പോൾ, വിദ്യാഭ്യാസ മേഖലയിലാണെങ്കിലും ആഭ്യന്തര വകുപ്പിന്റെ കാര്യങ്ങളിലാണെങ്കിലും, നിങ്ങൾ എപ്പോഴും നിൽക്കുന്നത് പ്രതികൾക്കു വേണ്ടിമാത്രമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ശ്രീ. എം. സ്വരാജും ശ്രീ. എ. എൻ. ഷംസീറും കോടതിയോട് ബഹുമാനമുണ്ടെന്ന് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. നിങ്ങൾക്ക് കോടതിയോട് വളരെയേറെ ആദരവുണ്ടല്ലോ. നിങ്ങൾ ഭരിക്കുന്ന അവസരത്തിലല്ലേ 'ലാവ്‌ലിൻ' കേസിൽ സി.പി.ഐ.(എം.)-ന് അഹിതകരമായ വിധി പറഞ്ഞ ചീഫ് ജസ്റ്റിസിനെ നാട് കടത്തിയത്. അത് നിങ്ങളുടെ സംഘടനയായ ഡി.വൈ.എഫ്.ഐ. അല്ലേ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, എന്തായാലും ഞാൻ രണ്ടുപേർക്കും വഴങ്ങിയതാണ്, രണ്ടുപേരും എന്റെ പ്രസംഗത്തിൽ ഇടപെട്ടതാണ്. കോടതിയോടുള്ള ബഹുമാനം നിങ്ങളിൽനിന്നും പഠിക്കേണ്ട അവസ്ഥയൊന്നും ഞങ്ങൾക്കാർക്കും ഇതുവരെയും വന്നിട്ടില്ലെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുമാത്രമല്ല, ഈ പ്രോസിക്യൂട്ടർമാരെല്ലാം ഇവിടെ പറന്നുവരുന്നുണ്ട്, അവർക്ക് പണം കൊടുക്കാൻ ഗവൺമെന്റിന് പ്രയാസമില്ല. ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനുള്ള പണം കൊടുത്തില്ലെങ്കിലും ഈ പ്രതികൾക്കുവേണ്ടി പണം മുടക്കാൻ ഗവൺമെന്റിന് പ്രയാസമില്ല. പക്ഷേ, വാളയാറിലെ പെൺകുട്ടികളെ കൊന്ന കേസിൽ ഇതുപോലൊരു പ്രോസിക്യൂട്ടറുടെ സേവനം എന്തുകൊണ്ട് ഗവൺമെന്റ് തേടിയില്ല. ഒൻപതും പതിമൂന്നും വയസ്സുള്ള രണ്ട് പെൺകുട്ടികൾ മൃഗീയമായി പീഡിപ്പിക്കപ്പെട്ട് കൊലപ്പെട്ടശേഷം ആ പ്രോസിക്യൂഷൻ കേസ് നന്നായി നടപ്പിലാക്കാൻ ഒരു

വക്കീലിനെ ഖജനാവിൽനിന്നും പണം കൊടുത്ത് പുറത്തുനിന്നും കൊണ്ടുവരികയാണെങ്കിൽ അതിനെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കും. അപ്പോൾ പാർട്ടിക്കാരായ പ്രതികളെ സംരക്ഷിക്കാൻമാത്രം സുപ്രീംകോടതിയിലെ വക്കീലിനെ പൊതു ഖജനാവിൽനിന്നും പണം കൊടുത്ത് കൊണ്ടുവരാം. രണ്ട് ദളിത് പെൺകുട്ടികളെ കൊന്ന കേസ്സിൽ അട്ടിമറി ഒഴിവാക്കാൻ ഒരു പ്രോസിക്യൂട്ടറെ കൊണ്ടുവരാൻ ഗവൺമെന്റിന് ചെലവഴിക്കാൻ നയാപൈസയില്ല. അട്ടപ്പാടിയിലെ മധു എന്ന പാവപ്പെട്ട ചെറുപ്പക്കാരനെ കൊന്ന കേസിന്റെ പ്രോസിക്യൂഷൻ നടത്താൻ ഗവൺമെന്റിന് നയാപൈസയില്ല. ഈ കേസിൽ പ്രോസിക്യൂട്ടറെ കൊണ്ടുവരാൻ ഗവൺമെന്റിന് പണമുണ്ട്. ഞാൻ ആവർത്തിക്കുന്നു, ഈ ഗവൺമെന്റ് ആർക്കുവേണ്ടി പണം ചെലവഴിക്കുന്നു; ആർക്കുവേണ്ടി നിലപാടുകളെടുക്കുന്നു; ആർക്കുവേണ്ടി അഭിഭാഷകരെ കൊണ്ടുവരുന്നു; ആർക്കുവേണ്ടി പൊതുഖജനാവിനെ ഉപയോഗപ്പെടുത്തുന്നു? പ്രതികൾക്കുവേണ്ടിമാത്രം. അതുതന്നെയാണ് വിദ്യാഭ്യാസ മേഖലയിലും ഉണ്ടാകുന്നത്. പോലീസ് കൂടുതൽ നടപടികളിലേയ്ക്ക് പോകുന്നുണ്ടെന്ന് കേട്ടു. അബൂബക്കർ അൽ ബാഗ്ദാദിയെ കടിച്ചുകൊന്നതുപോലുള്ള ഒരു നായയെ പോലീസ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമം നടക്കുന്നുണ്ടെന്ന ഒരു വാർത്ത വായിച്ചു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അങ്ങനെയൊരു വാർത്ത ഞങ്ങളുടെ ആരുടെയും ശ്രദ്ധയിൽപ്പെട്ടില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, നിങ്ങൾ അങ്ങനെ പത്രം വായിക്കാറുണ്ടെന്ന് എനിക്ക് വലിയ വിശ്വാസമൊന്നുമില്ല. ഹോങ്കോങ്ങിൽ പ്രശ്നമുണ്ടായപ്പോൾ ചൈനീസ് പോലീസ് ഉപയോഗിച്ച കാപ്സിക്കം സ്പ്രേ, കേരളത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം ചെയ്യാൻ ആഗ്രഹിക്കുന്ന സാധാരണ വിദ്യാർത്ഥികളെ നേരിടാൻ വേണ്ടി ഓർഡർ ചെയ്യുന്നതിന്റെ വാർത്തകളും ഞങ്ങൾ കേട്ടു. ആരാണ് ഇതൊക്കെ ഉപയോഗപ്പെടുത്തുന്നത്; ആരാണ് ഇതൊക്കെ കൊണ്ടുവരുന്നത്? നാല് പോളിറ്റ് ബ്യൂറോ മെമ്പർമാർ. കേരളത്തിലെ പോലീസിന്റേതുൾപ്പെടെയുള്ള നയ പരിപാടികളെ പരസ്യമായി വിമർശിച്ച് ചോദ്യം ചെയ്തിട്ടും അതിലൊന്നും അൽപ്പംപോലും ഈ പറയുന്ന തരത്തിലുള്ള ഇടപെടലില്ല. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുൾപ്പെടെയുള്ളവയുടെ വിശ്വാസ്യതയെ തകർത്ത് അവനവന്റെ ആളുകളെ തിരികെക്കയറ്റാനാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് എല്ലാവർക്കുമറിയാം. ചിലരെ നിയമിക്കാനും പറഞ്ഞുവിടാനുമുണ്ട്. മറ്റൊരു അജണ്ടയുമില്ല. അതിനുവേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഇത് ഒരിക്കലും കേരളത്തിലെ ജനങ്ങൾക്കോ വിദ്യാർത്ഥികൾക്കോ ഗുണമുള്ള കാര്യമല്ല. കേരളത്തിലെ വിദ്യാർത്ഥി സമൂഹം ആശങ്കയോടെ നോക്കി കാണുന്ന തീരുമാനങ്ങളെടുക്കുന്ന ഗവൺമെന്റിന്റെ അത്തരത്തിലുള്ള മറ്റൊരു തീരുമാനമെന്ന നിലയ്ക്ക് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിലാണ് നാല് വർഷം അല്ലെങ്കിൽ 56 വയസ്സ് വരെ എന്ന ഭേദഗതി കൊണ്ടുവരുന്നത്. നേരത്തെ വൈസ് ചാൻസലർക്കൊക്കെ ഇതുപോലുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ സർവ്വകലാശാലകളുടെ ഭരണനിർവ്വഹണ രംഗത്തെ പ്രവർത്തനം മുൻപോട്ട് കൊണ്ടുപോകാൻ ഏറ്റവും ആരോഗ്യകരമായ ഒരു ഭേദഗതിയായിട്ടാണ് ഈ നിയമ ഭേദഗതിയെ കാണുന്നത്. തൽപ്പരകക്ഷികൾ കോടതിയിൽ പോയി ഇതിന് തടസ്സമുണ്ടാക്കാൻ നോക്കിയതാണ്. പക്ഷേ, കോടതി തള്ളി. കോടതിപോലും തള്ളിയ വിതണ്ഡാവാദമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ഇവിടെ ഉന്നയിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേക വകുപ്പായി പുനഃസംഘടിപ്പിക്കുകയും നല്ല പ്രാപ്തിയോടെ അതിനെ നയിക്കാൻ കരുത്തുള്ള ഒരു മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ശ്രദ്ധേയമായ പരിഷ്കാരങ്ങളിൽ ഒന്ന് മാത്രമാണിത്. പൊതുവിദ്യാഭ്യാസ മേഖലയിലൊക്കെ നമ്മൾ നേരത്തേതന്നെ ഏറെ ശ്രദ്ധ പുലർത്തിവരുന്നുണ്ട്. ഇവിടെ പ്രത്യേകമായ ശ്രദ്ധ വേണമെന്നുള്ളതുകൊണ്ടാണ് സർക്കാർ നയപരമായി തീരുമാനിച്ച് ഈ വകുപ്പിന്റെ വിഭജനവും പുനഃസംഘടനയുമൊക്കെ ഉണ്ടാക്കിയത്. ഏറെക്കാര്യങ്ങൾ ഇപ്പോൾ ചെയ്യുന്നു എന്നുപറയുമ്പോൾത്തന്നെ കുറേയധികം കാര്യങ്ങൾ ഇനിയും ശ്രദ്ധിക്കാനും ചെയ്യാനുമുണ്ട്. ഒരുപക്ഷേ, ഇനിയും ഇതുപോലെയുള്ള നിയമഭേദഗതികൾ കൊണ്ടുവരേണ്ടിവരും.സമഗ്രമായ പരിഷ്കാരം തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിന്റെ നേതൃത്വത്തിൽ നല്ല നിലയിൽ തുടക്കമിട്ടിട്ടുണ്ട്. അതിലൊന്നാണ് ഇപ്പോൾ നടക്കുന്നത്. ഈ മന്ത്രിയുടെയും സർക്കാരിന്റെയും ഭരണകാലത്തുതന്നെ ഇത്തരം നല്ല പരിഷ്കാരങ്ങൾ പരമാവധി വേഗതയിൽ നടക്കണമെന്നാണ് എന്റെ ആഗ്രഹം.

ഉന്നതവിദ്യാഭ്യാസ മേഖലയെ സാർവ്വദേശീയ തലത്തിൽത്തന്നെ ശ്രദ്ധേയമായ നിലയിലേയ്ക്ക് വികസിപ്പിക്കുക എന്ന കാഴ്ചപ്പാടോടെ രാഷ്ട്രാന്തരീയ നിലവാരത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ, മാറ്റങ്ങൾ എന്നിയുമായി പൊരുത്തപ്പെട്ട് പോകാവുന്ന നിലയിൽ നമ്മളെയും ശക്തരാക്കുക എന്ന നല്ല ഉദ്ദേശ്യത്തോടുകൂടിയാണ്

കുറച്ചുകാലം മുൻപ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം കൊണ്ടുവന്നത്. പക്ഷേ, ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം വന്നതിനുശേഷം കാര്യങ്ങൾ കുഴഞ്ഞുപോകുകയാണ് ചെയ്തത്. നമ്മൾ ഉദ്ദേശിച്ചതുപോലുള്ള നേട്ടമുണ്ടായിട്ടില്ല. ഇവിടെ നടപ്പാക്കിയ ക്രെഡിറ്റ് സെമെസ്റ്റർ സമ്പ്രദായത്തെക്കുറിച്ച് ഒരു റിവ്യൂ നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ആ പ്രശ്നങ്ങൾ മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും സർവ്വകലാശാലകളുമൊക്കെ ചില ഇടപെടലുകൾ തുടങ്ങിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, അത് കുറച്ചുകൂടി വിശദമായി പരിശോധിക്കേണ്ടതുണ്ട്. കുട്ടികൾക്ക് ആവശ്യമായത്ര അദ്ധ്യയന ദിവസങ്ങൾ ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രധാന പരാതി. സെമസ്റ്റർ സിസ്റ്റം വരുന്നതോടുകൂടി വിജ്ഞാനത്തിന്റെ സമുദ്രത്തിൽ അവർക്ക് മുങ്ങിത്താഴാൻ, നീന്തിത്തുടിക്കാൻ ഉള്ളൊരു academic atmosphere ഉണ്ടാക്കുക എന്നുള്ളതാണ്. അത് സാധ്യമാകുന്നില്ല. യഥാർത്ഥത്തിൽ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റത്തിന്റെ കാഴ്ചപ്പാടും പ്രായോഗികതയും തമ്മിലുള്ള വൈരുദ്ധ്യം വല്ലാതെ മുഴച്ചുനിൽക്കുന്നുണ്ട്. അതിന്റെ പ്രയാസം നല്ല നിലയിലുണ്ട്. പരീക്ഷകൾ നടന്നുകൊണ്ടേയിരിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയൊഴികെ മറ്റ് യൂണിവേഴ്സിറ്റികളും അഫിലിയേറ്റഡ് കോളേജുകളുമുള്ള ഒരു സമ്പ്രദായമാണ് നമുക്കുള്ളത്. അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷ നടത്തുന്നു, പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പരീക്ഷ നടത്തുന്നു, സർവ്വകലാശാലകൾ അവരുടെ പരീക്ഷകൾ നടത്തുന്നു. പരീക്ഷകളുടെയെല്ലാം വേദി കോളേജുകളാണ്. പരീക്ഷകൾ, മൂല്യനിർണ്ണയ ക്യാമ്പ്, വാല്യുവേഷൻ എന്നിവയും നടക്കുന്നുണ്ട്. ഇവയ്ക്കൊക്കെ അദ്ധ്യാപകൻ ലീവെടുത്ത് പോകുന്നു. നമുക്ക് ആവശ്യമായത്രയും ദിവസങ്ങളുമില്ല. സെമസ്റ്റർ സമ്പ്രദായം നടപ്പാക്കിയ വിദേശ രാജ്യങ്ങളിലും സർവ്വകലാശാലകളിലുമൊക്കെ ശനിയാഴ്ച ഉൾപ്പെടെ പ്രവൃത്തി ദിവസമാണ്. അവർക്ക് നമുക്കുള്ളതുപോലെ അവധിക്കാലമില്ല. ഇന്ത്യയിലെ തന്നെ മറ്റ് സംസ്ഥാനങ്ങളിൽ കലണ്ടറിൽ ചുവന്ന അക്ഷരത്തിലുള്ള അവധി ദിവസങ്ങളിൽ മാത്രമേ കോളേജുകൾക്കും മറ്റുമൊക്കെ അവധിയുള്ളൂ. ഇവിടെ അങ്ങനെയല്ല. അവധി ദിവസങ്ങളുടെ അതിപ്രസരമാണ്. കുട്ടികൾക്ക് പഠിക്കാനുള്ള ദിവസങ്ങളാണ് കൂടുതൽ വേണ്ടത്. അക്കാര്യത്തിൽ നിശ്ചയദാർഢ്യത്തോടെയുള്ള തീരുമാനമുണ്ടാകേണ്ടതുണ്ട്. ആ ദിശയിൽ അദ്ധ്യയന ദിവസങ്ങൾ പരമാവധി ലഭ്യമാക്കുന്നതിനായി സർക്കാർ തുടക്കം കുറിച്ചുകഴിഞ്ഞു. അതിനെയല്ലേ നിങ്ങളിപ്പോൾ വിമർശിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉജ്ജ്വലമായ നേതൃത്വമാണ് അതിന് ഇടയാക്കിയിട്ടുള്ളത്. ഇക്കഴിഞ്ഞ ജൂൺ 24-ാം തീയതി ഡിഗ്രി ക്ലാസ്സുകളും ജൂലൈ 17-ാം തീയതി പോസ്റ്റ് ഗ്രാഡ്യുവേഷൻ ക്ലാസ്സുകളും ആരംഭിച്ചുകഴിഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെ ക്ലാസ്സുകൾ ആരംഭിക്കുന്നത്. പരമാവധി സാധ്യമായ ദിവസങ്ങൾ ലഭിക്കുകയാണ്. നേരത്തെയൊക്കെ എൽ.എൽ.ബി. കോഴ്സുകൾ എപ്പോഴാണ്

തുടങ്ങാറുള്ളത്. നിങ്ങൾ ഭരിച്ചിരുന്ന കാലത്തെ മന്ത്രിയുടെ കുറ്റമാണെന്നൊന്നും ഞാൻ പറയില്ല. ബഹുമാനപ്പെട്ട ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ കുറ്റമല്ല. ഇവിടെ കാലങ്ങളായി നിലനിന്ന ഒരു തെറ്റായ സമ്പ്രദായത്തിന്റെ ബാക്കിയാണത്. സെപ്റ്റംബർ അവസാനമൊക്കെയല്ലേ ഡിഗ്രി ക്ലാസ്സുകളൊക്കെ ആരംഭിച്ചുകൊണ്ടിരുന്നത്. എപ്പോഴൊക്കെ പരീക്ഷയും ഫലപ്രഖ്യാപനവും നടത്തുമെന്ന കാര്യത്തിലൊക്കെ ഒരു ചിട്ട കൊണ്ടുവന്നില്ലേ; അതിൽ അസ്വസ്ഥതയുള്ള ഒരുപാട് ആളുകളുണ്ട്. കാരണം, കുറേ ആളുകൾക്ക് ഉഴപ്പി നടക്കാൻ സാധിക്കുന്നില്ല. അതിൽ ബഹുമാനപ്പെട്ട മന്ത്രി കർശനമായ നിലപാട് സ്വീകരിക്കുന്നതിന്റെ അസ്വസ്ഥതയാണ് ഇവിടെ തികട്ടിത്തികട്ടി വരുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. എ. പ്രദീപ്കുമാർ യൂണിവേഴ്സിറ്റി നന്നാകണം, ഉന്നത വിദ്യാഭ്യാസ രംഗം നന്നാകണം എന്ന നല്ല ഉദ്ദേശ്യത്തോടെ സംസാരിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങ് പറയുന്നതും ഇപ്പോൾ കേരളത്തിൽ നടക്കുന്ന സംഭവങ്ങളുംകൂടി താരതമ്യം ചെയ്യുമ്പോൾ എനിക്ക് തോന്നുന്നത്, കൂട്ടക്കൊലപാതകം നടത്തിയ കേസിലെ പ്രതിക്ക് യാതൊരു ദുശ്ശീലവുമില്ല, അതായത് പുകവലിക്കുന്ന ശീലമില്ല എന്ന് പറയുന്നത് പോലെയാണ്. കേരളം മുഴുവൻ എല്ലാ യൂണിവേഴ്സിറ്റി കളിലും മാർക്ക് ദാനം നടത്തി തകർത്ത് തരിപ്പണമാക്കിയ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ മന്ത്രിയെയും വകുപ്പിനെയും കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഇത്തരത്തിൽ ക്രമക്കേട് നടത്തി കുട്ടികളെ വഴിയാധാരമാക്കിയതിനെക്കുറിച്ച് എന്തുകൊണ്ടാണ് നിങ്ങൾ ഖേദിക്കാത്തത്, വിലപിക്കാത്തത്? അങ്ങയെപ്പോലുള്ള ഒരാൾ ഇപ്പോൾ കേരള യൂണിവേഴ്സിറ്റിയിലും എം.ജി. യൂണിവേഴ്സിറ്റിയിലുമൊക്കെ നടക്കുന്ന ഇത്തരം ഭീമമായ തട്ടിപ്പിനെ ന്യായീകരിക്കുന്ന രീതിയിൽ സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട പി. ടി. തോമസും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന ആളാണ്. യൂണിവേഴ്സിറ്റികളുടെയും അതിന്റെ വിവിധ സമിതികളുടെയും സർക്കാരും യൂണിവേഴ്സിറ്റിയും തമ്മിലുള്ള ബന്ധത്തിന്റെയുമെല്ലാം പ്രത്യേകതകൾ, സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവയൊക്കെ അറിയാവുന്ന അങ്ങയെപ്പോലൊരാൾ ഇത്രയും നിരുത്തരവാദപരമായി സംസാരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. മാർക്കുദാനം, തട്ടിപ്പ് എന്നൊക്കെ പറയുന്നത് നിങ്ങളുടെ ചിത്രീകരണമാണല്ലോ. മോഡറേഷൻ കൊടുത്ത കേസാണല്ലോ നിങ്ങൾ പറയുന്നത്. നിങ്ങളിവിടെ പറഞ്ഞതുപോലെ ഒരു അദാലത്തിൽ വച്ചാണോ അക്കാര്യം നടന്നത്? ഇതിനെല്ലാം മറുപടി ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പലതവണ വ്യക്തമാക്കിയതാണ്. പക്ഷെ 'ഒരു നുണ ആയിരം തവണ ആവർത്തിച്ചാൽ അത് സത്യമായി പരിണമിക്കുമെന്ന' ജോസഫ് ഗീബൽസിന്റെ സിദ്ധാന്തം ഈ സഭയിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

അത് നിങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. അധികാരപ്പെട്ട സിൻഡിക്കേറ്റിന്റെ ഉപസമിതികളും മറ്റും കൈക്കൊണ്ട തീരുമാനമാണ്. അതിൽ വല്ല പിഴവുമുണ്ടെങ്കിൽ അത് പരിഹരിക്കാമെന്നും പരിശോധിക്കാമെന്നുമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിൽ എന്ത് പങ്കാണുള്ളത് ? മന്ത്രിയുടെ അധികാരം ഏത് വിധത്തിലാണ് ദുർവിനിയോഗം ചെയ്തത്? ബഹുമാനപ്പെട്ട മന്ത്രിക്ക് അധികാരമില്ലാത്ത ഏത് മേഖലയിലാണ് അദ്ദേഹം ഇടപെട്ടത്? നിങ്ങളുടെ കാലത്താണ് അതും ഉണ്ടായത്. ഞാനത് പറയണമെന്ന് വിചാരിച്ചതല്ല, നിങ്ങൾ പറയിപ്പിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കാലത്തല്ലേ അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നേരിട്ട് ഇതേ സർവ്വകലാശാലയിൽ അദാലത്ത് നടത്തിയത്. സർവ്വകലാശാലയുടെ അദാലത്ത് നടത്താൻ ഒരു മുഖ്യമന്ത്രിക്ക് എന്ത് അവകാശമാണുള്ളത്; അത് തെറ്റായ രീതിയല്ലേ? എന്റെ കയ്യിൽ അതിന്റെ രേഖയുണ്ട്. അദ്ദേഹം അവിടെ ഫയൽ അദാലത്ത് സംഘടിപ്പിച്ചതിൽ പരിഗണിച്ച അജണ്ട എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? എൻ.എസ്.എസ്./എൻ.സി.സി. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ, പഠിച്ചുകൊണ്ടിരിക്കുന്ന സിലബസ് മാറ്റിയതിൽ മേഴ്സി ചാൻസ് പരീക്ഷകൾ നടത്തണമെന്ന അപേക്ഷകൾ, വിവിധ കാരണങ്ങളാൽ തടഞ്ഞുവച്ചിരുന്ന സർട്ടിഫിക്കറ്റുകൾ പ്രത്യേകിച്ച് ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ, മറ്റ് യൂണിവേഴ്സിറ്റികൾ നടത്തിവരുന്ന വിവിധ പ്രോഗ്രാമുകൾക്ക് തുല്യമായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ, മോഡറേഷൻ, ഇന്റേണൽ റിവ്യൂ എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ, റീവാല്യുവേഷൻ സംബന്ധിച്ച പരാതികൾ, അഫിലിയേറ്റഡ് കോളേജുകളെ സംബന്ധിച്ച പരാതികൾ, പ്രവേശന നടപടികൾ പൂർത്തിയായശേഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിൽ പ്രവേശനം നൽകണമെന്ന അപേക്ഷകൾ എന്നിവയാണ് പരിഗണിച്ചത്. ഇതെല്ലാം സാധാരണഗതിയിൽ ഒരു അദാലത്തിൽ വരാവുന്ന കാര്യങ്ങളാണ്. ഒരു അദാലത്തിൽ ഇത്തരം അജണ്ടകൾ വരുന്നതിൽ തെറ്റില്ല. പക്ഷെ ആരാണ് ഇത് നടത്തിയത്? അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് ഇത് നടത്തിയതെങ്കിൽ ഞങ്ങൾക്ക് പരാതിയില്ല. കാരണം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അതിന് അവകാശമുണ്ട്. ചാൻസലറുടെ അഭാവത്തിൽ പ്രോ-ചാൻസലറായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ചാൻസലറിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ അധികാരവും വിനിയോഗിക്കാൻ എം.ജി. യൂണിവേഴ്സിറ്റിയുടെ ആക്ട് 3 സെക്ഷൻ 11 പ്രകാരം അധികാരം നൽകുന്നുണ്ട്. അതനുസരിച്ച് ശ്രീ. പി. കെ. അബ്ദു റബ്ബ് അന്ന് അദാലത്ത് നടത്തിയാൽ ആക്ഷേപിക്കാൻ സാധിക്കുകയില്ല. പക്ഷെ അന്നത്തെ മുഖ്യമന്ത്രി അദാലത്ത് നടത്തിയതിന്റെ ധാർമ്മികവും നിയമപരവുമായ സാംഗത്യം എന്താണ്? ഇതൊക്കെ ചെയ്തിട്ടുള്ള ആളുകളാണ് അത്തരത്തിൽ അധാർമ്മികമായ കാര്യങ്ങളൊന്നും ചെയ്യാത്ത ഒരു മന്ത്രിയെ പ്രതിക്കൂട്ടിൽനിർത്തി ഇങ്ങനെ ആക്ഷേപിക്കുന്നത്. അതിന് എന്ത് ന്യായമാണുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ അഡ്മിനിസ്ട്രേറ്റീവായി സ്പീഡപ് ചെയ്യുന്ന കാര്യങ്ങളാണ്. അഡ്മിനിസ്ട്രേഷൻ വേറെ, അക്കാഡമിക് കാര്യങ്ങൾ വേറെ. അക്കാഡമിക് കാര്യങ്ങൾക്ക് സർവ്വകലാശാല സർവ്വസ്വവുമാണ്. അതേസമയം അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ സെപ്പറേറ്റാണ്. അങ്ങ് ഇവ തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ട. അങ്ങ് ഇതിനെക്കുറിച്ചൊക്കെ നല്ല സെൻസുള്ള ആളല്ലേ? ഈയൊരു പൊളിഞ്ഞ കേസ് വാദിക്കാൻവേണ്ടിയാണ് അങ്ങിത് പറഞ്ഞുവരുന്നതെന്നും ഈ പുരാവസ്തു തിരക്കിയതെന്നുമുള്ള വിവരം എനിക്കറിയാം. യഥാർത്ഥത്തിൽ ഇത് അഡ്മിനിസ്ട്രേറ്റീവ് കാര്യമാണ്. അതുകൊണ്ട് ഒരു അഡ്മിനിസ്ട്രേറ്റർക്ക് അതിൽ ഇടപെടാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങനെയല്ല. അതിൽ മോഡറേഷൻ, ഇന്റേണൽ റിവ്യൂ തുടങ്ങിയ പല കാര്യങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ പങ്കെടുത്ത അദാലത്തിലും മോഡറേഷൻ കൊടുക്കുന്ന കാര്യമൊന്നും തീരുമാനിച്ചില്ല. അത് അവിടത്തെ സിൻഡിക്കേറ്റിന്റെ സമിതി തീരുമാനിച്ചതാണ്. ഞാനത് ആവർത്തിക്കുന്നില്ല, മന്ത്രിതന്നെ ഇവിടെ വ്യക്തമാക്കിയിട്ടുള്ള കാര്യമാണത്. ഇതിലുള്ള പ്രശ്നം ഒരു മുഖ്യമന്ത്രി, അദ്ദേഹത്തിന് ഒരു അവകാശവുമില്ലാത്ത, അധികാരവുമില്ലാത്ത, തെറ്റായ കാര്യം ചെയ്തുവെന്നതാണ്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നെങ്കിൽ പ്രോ-ചാൻസലർ എന്ന നിലയിൽ അദ്ദേഹത്തിനത് ചെയ്യാൻ അധികാരമുണ്ട്. ഈ പ്രശ്നമാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് നിങ്ങൾ ഈ പറഞ്ഞ കാര്യങ്ങളിൽ വസ്തുതയില്ല. വിജിയെന്ന കുട്ടിക്ക് കോളേജിൽനിന്നും ട്രാൻസ്ഫർ കൊടുത്തുവെന്നാണ് അദ്ദേഹത്തിനെതിരായി നിങ്ങൾ പറഞ്ഞ മറ്റൊരുകാര്യം. സർക്കാർ എയ്ഡഡ് കോളേജിൽ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടിയ, വളരെ ദരിദ്രമായ സാഹചര്യത്തിലുള്ള ഒരു കുട്ടിക്ക് മറ്റൊരു ഗവൺമെന്റ് കോളേജിലെ സീറ്റിലേയ്ക്ക് ഒഴിവുള്ളതുകൊണ്ട് ട്രാൻസ്ഫർ കൊടുത്തു. ഇത് രണ്ടും സർക്കാരിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽ സർക്കാരിന്റെ കോളേജുകളാണ്. മെറിറ്റ് അടിസ്ഥാനത്തിലുള്ള കുട്ടിക്ക് നൽകിയ ട്രാൻസ്ഫറാണ്. കഴിഞ്ഞ ദിവസം അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തപ്പോൾ പഴയ നിർമ്മൽ മാധവൻ സംഭവം സംബന്ധിച്ച് ആരോ പറഞ്ഞു, "നിങ്ങൾ അന്ന് അതിനെതിരെ വിമർശനം ഉന്നയിച്ചവരല്ലേ" എന്ന്. ഒരു എയ്ഡഡ് കോളേജിൽ, ഗവൺമെന്റ് കോളേജിൽ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടിയ ഒരു കുട്ടിക്ക് മറ്റൊരു കോളേജിലേയ്ക്ക് ട്രാൻസ്ഫർ കൊടുത്താൽ ഞങ്ങളാരും ഒന്നും പറയില്ല. എന്നാൽ ഒരു മെറിറ്റുമില്ലാതെ ഒരു അൺഎയ്ഡഡ് കോളേജിൽ നിന്നും കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക്, മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം അഡ്മിഷൻ കൊടുക്കുന്ന കോളേജിലേയ്ക്ക് നിർമ്മൽ

മാധവൻ എന്ന കുട്ടിക്ക് നിങ്ങൾ അഡ്മിഷൻ കൊടുത്തതാണ് ഞങ്ങൾ വിമർശിച്ചത്. ആ പ്രശ്നത്തെ സംബന്ധിച്ച് അന്ന് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്താൻ ഞാൻ ശ്രമിച്ചില്ല. അത് അന്നത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയുടെ ഉത്തരവായിരുന്നു. അതുകൊണ്ട് ആ സെക്രട്ടറിയെ കുറ്റപ്പെടുത്തിക്കൊണ്ട് ഞാൻ സംസാരിച്ചപ്പോൾ, 'ഞാൻ ഡയറക്ഷൻ കൊടുത്തിട്ടാണ്' എന്ന് അന്നത്തെ മുഖ്യമന്ത്രിയാണ് പറഞ്ഞത്. അത് അന്നത്തെ നിയമസഭാ രേഖയിലുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ കേസ് സത്യം പറഞ്ഞാൽ ഭരണകക്ഷിപോലും അംഗീകരിക്കുന്നില്ല. ഇവിടെ ഒരു ക്വാറം തികയ്ക്കാനുള്ള 14 ആളുകൾ വേണമെങ്കിൽ ഞങ്ങൾകൂടി ഇവിടെ ഇരുന്നു തന്നെങ്കിലേ സാധ്യമാകൂ. അവിടെയില്ല, അവിടെയിരുന്ന് നിങ്ങൾ എണ്ണി നോക്കൂ. One tenth of the total strength of the Assembly എന്നാണ്. നിങ്ങൾക്ക് ആ ക്വാറം തികയ്ക്കാൻപോലും കഴിയില്ല, ഞങ്ങളുടെ ദയാദാക്ഷിണ്യത്തിലാണ് നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ ഇവിടെ ഇരുന്നുതരുന്നില്ലെങ്കിൽ ഇപ്പോൾ സഭ പിരിഞ്ഞു പോകേണ്ടിവരും. അതുകൊണ്ട് ഞങ്ങൾ ദയാദാക്ഷിണ്യം കാണിക്കുകയാണ്. അങ്ങ് കഴിയുന്നത്ര ചുരുക്കി പറഞ്ഞാൽ മതി.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, നിങ്ങൾക്ക് അസുഖകരമായത് കേൾക്കേണ്ടി വരുമ്പോൾ എന്നോട് ചുരുക്കാൻ പറയും. മാത്രമല്ല, കുറച്ചുകൂടി ഞാൻ പറഞ്ഞു തുടങ്ങിയാൽ നിങ്ങൾ ഇവിടെനിന്ന് ഇറങ്ങിപ്പോയി ക്വാറം നഷ്ടപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമെന്ന് എനിക്കറിയാം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ ക്വാറത്തെക്കുറിച്ച് സംസാരിച്ചു, ഇവർ യഥാർത്ഥത്തിൽ ഗാന്ധിയന്മാരെന്നാണ് അവകാശപ്പെടുന്നത്. മഹാത്മാഗാന്ധിയുടെ 150-ാം വാർഷികത്തിൽ അങ്ങയുടെ പാർട്ടിയിലെ എത്ര അംഗങ്ങൾ ഉണ്ടായിരുന്നുവെന്ന് അങ്ങ് പരിശോധിക്കുന്നത് നല്ലതാണ്. രണ്ടാമതായി, ഇവിടെ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അനീതിക്കെതിരെ ഒരാൾ വലിയ വാചാലനായി ഷെഹൻഷായെപ്പോലെ സംസാരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത്, അദ്ദേഹം കൊടുത്ത ശിപാർശ പ്രകാരമായിരുന്നു വാളയാറിലെ പെൺകുട്ടിയെ പീഡിപ്പിച്ച കേസ് വാദിച്ച സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചത് എന്നത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, എന്റെയും എല്ലാ കേരളീയരുടെയും ശ്രദ്ധയിൽ അതുണ്ട്. നമ്മൾ ഇവിടെത്തന്നെ നേരത്തെ അക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഞാൻ ഇവിടെ പറഞ്ഞുവന്ന കാര്യം, നിർമ്മൽ മാധവന്റെ പ്രശ്നം യാദൃശ്ചികമായി

പറയാൻ ഞാൻ നിർബന്ധിക്കപ്പെട്ടത് നിങ്ങളിവിടെ പറഞ്ഞതുകൊണ്ടാണ്. ഇതുമായി അത് ഒരുതരത്തിലും താരതമ്യം ചെയ്യാവുന്നതല്ല. ഒടുവിൽ അതിനെതിരെ അവിടെ വലിയ പ്രക്ഷോഭം ഉയർന്നുവന്നു. പ്രക്ഷോഭങ്ങൾ നടന്നപ്പോൾ പോലീസ് കുട്ടികൾക്കുനേരെ വെടിവച്ച സംഭവമൊക്കെ അന്നുണ്ടായിട്ടുണ്ട്. ആ നിർമ്മൽ മാധവൻ ഏതുതരത്തിലുള്ള കുട്ടിയായിരുന്നു എന്നുള്ളതൊക്കെ പിന്നീട് പുറത്തുവന്ന കാര്യങ്ങളാണ്, ഞാൻ അക്കാര്യങ്ങളൊന്നും ഇവിടെ പറയുന്നില്ല. അതുകൊണ്ട് അതുമായി താരതമ്യം ചെയ്യരുത്. നമ്മൾ കാര്യങ്ങളെ വസ്തുനിഷ്ഠമായും സത്യസന്ധമായും കാണുക, അതിൽ കുറവുകളോ, പിഴവുകളോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുക, ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾ വയ്ക്കുക. ഇതൊക്കെയാണ് പ്രതിപക്ഷം ചെയ്യേണ്ട കാര്യങ്ങൾ. അത്തരത്തിൽ പ്രതിപക്ഷത്തിന് ധർമ്മം നന്നായി നിർവ്വഹിക്കാൻ കഴിയട്ടേയെന്നാണ് എനിക്ക് ആശംസിക്കാനുള്ളത്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, നിർമ്മൽ മാധവന്റെ വിഷയത്തിൽ മെറിറ്റ് അട്ടിമറിച്ച് പ്രവേശനം നേടിയതിനെതിരെ ഇടതുപക്ഷ വിദ്യാർത്ഥി യുവജന സംഘടനകൾ സമരം ചെയ്തപ്പോൾ ആ സമരത്തിനുനേരെ അകാരണമായി വെടിവച്ചു. അത്തരം നിരവധി സമരങ്ങൾക്കുനേരെ വെടിവയ്പ്പും ലാത്തിച്ചാർജ്ജും നടത്തുമ്പോൾ അതെല്ലാം പിതൃസ്നേഹം കൊണ്ടാണെന്ന് പറഞ്ഞൊരു ആഭ്യന്തര മന്ത്രിയുണ്ടായിരുന്നുവെന്ന വിവരം അങ്ങേയ്ക്കറിയാമോ, അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, അത് നമ്മൾ അന്ന് ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. നമുക്കെല്ലാവർക്കും ഓർമ്മകൾ പെട്ടെന്ന് മാഞ്ഞുപോകാത്തതു കൊണ്ട് എല്ലാം ഓർമ്മകളിലുണ്ട്. ഞാൻ പറഞ്ഞുവന്നത്, സെമസ്റ്റർ സമ്പ്രദായം ഇവിടെ ഏർപ്പെടുത്തിയതിനെത്തുടർന്നുണ്ടായിട്ടുള്ള വിഷമങ്ങളാണ്. സെമസ്റ്റർ സമ്പ്രദായം നല്ലതല്ല എന്നല്ല, നമ്മുടെ പരിതസ്ഥിതിയിൽ അത് യോജിക്കാതെ വന്നു, അതിന്റെ വിഷമങ്ങളുണ്ടായി. അത് പരിഹരിക്കാനുള്ള ഏറ്റവും നല്ല ശ്രമമാണ് ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തുടരുന്നതും പരീക്ഷയും അക്കാഡമിക് കലണ്ടറും മറ്റും ഏകീകരിക്കാനുള്ള സർവ്വകലാശാലകളുടെ ശ്രമങ്ങൾക്ക് പിന്തുണ കൊടുക്കുന്നതും. യൂണിവേഴ്സിറ്റിയുടെ കലണ്ടർ രൂപപ്പെടുത്തുന്നതിന് മന്ത്രി നിർദ്ദേശിച്ചു വെന്ന് പറയുന്നുണ്ട്. വൈസ് ചാൻസലർമാരുടെ സമ്മേളനം അത് ശിപാർശ ചെയ്തതാണ്. യൂണിവേഴ്സിറ്റികളുടെ ഓട്ടോണമി പരിരക്ഷിച്ചുകൊണ്ടുതന്നെ അതിന് പിന്തുണകൊടുക്കാനുള്ള ബാധ്യത സർക്കാരിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനുമുണ്ട്. ഇല്ലെങ്കിൽപിന്നെ എന്തിനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ്? ആ ദൗത്യം നന്നായി നിർവ്വഹിക്കുന്നുണ്ട്. നമ്മുടെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഒരുപാട്

സമ്മർദ്ദ ഗ്രൂപ്പുകളുണ്ടെന്ന് എല്ലാവർക്കുമറിയാം. പലതരം താൽപ്പര്യങ്ങളുണ്ട്. അതാണ് സർവ്വകലാശാലകൾക്ക് എപ്പോഴും വിഷമമുണ്ടാക്കുന്നത്. ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും, പലപ്പോഴും നമ്മൾ ആഗ്രഹിക്കുന്ന നിലയിലേയ്ക്കുള്ള മുന്നോട്ടുപോക്കിന് പ്രതിബന്ധമായിത്തീരുന്നത് അതാണ്. അവിടെ ചില കാര്യങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കണം. ഇപ്പോൾ അത് സ്വീകരിച്ചു തുടങ്ങിയിരിക്കുകയാണ്. ഇതുവരെ അത്ര ശക്തമായ നിലപാട് സ്വീകരിച്ചു തുടങ്ങിയിരുന്നില്ല. അതിന് നേതൃത്വം കൊടുക്കുന്ന ആളുകളെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നത്. ഞങ്ങളൊക്കെ പണ്ട് വിദ്യാർത്ഥി സംഘടനകളിൽ പ്രവർത്തിക്കുന്ന സമയത്ത് വിദ്യാർത്ഥികളുടെ പ്രശ്നവും അക്കാദമികമായ കാര്യങ്ങളും സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് ഉൾപ്പെടെയുള്ള സമിതികളിലെ അവസാന അജണ്ടയാകും, ചിലപ്പോൾ അജണ്ടയായിപ്പോലും വരികയില്ല. ശ്രീ. എ. പി. അനിൽ കുമാർ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി വളരെയടുത്ത് ബന്ധപ്പെട്ടിട്ടുള്ള ആളാണ്. നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഘടനയ്ക്കും തസ്തികകൾക്കും എന്തെങ്കിലും ശാസ്ത്രീയതയുണ്ടോ? ഓരോ കാലത്തും പലതരത്തിലുള്ള താല്പര്യങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ഭാഗമായി സൃഷ്ടിക്കപ്പെട്ടതാണ്. യൂണിവേഴ്സിറ്റികളുടെ ഓട്ടോണമി പറഞ്ഞുകൊണ്ട് നമ്മളാരും ഇടപെടാറില്ല. ഇതൊക്കെ റീ-ഓർഗനൈസ് ചെയ്യേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ടെക്നോളജിയൊക്കെ ഇത്രയധികം വളർന്ന, അഡ്മിനിസ്ട്രേഷന്റെ ഗതിവേഗം വർദ്ധിക്കേണ്ട കാലത്ത് അതൊന്നും കടന്നു ചെല്ലാതെയാണ് പല യൂണിവേഴ്സിറ്റികളുടെയും പ്രവർത്തനം. വിവര സാങ്കേതികവിദ്യ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത് സർവ്വകലാശാലകളാണ്. ഒന്നും ചെയ്തില്ലെന്ന് ഞാൻ പറയില്ല, മെല്ലെമെല്ലെ വരുന്നുണ്ടാകും. പക്ഷെ മറ്റു പല വകുപ്പുകളേക്കാളും പുറകിൽ നിൽക്കുകയാണ്. അവിടെയൊരു പ്രത്യേക സംവിധാനമാണ്. വിദ്യാർത്ഥികളുടെ ക്ഷേമത്തിനും അക്കാദമിക്കായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും പലപ്പോഴും ആവശ്യമായ പണം ഉപയോഗിക്കാൻ അവർക്ക് കഴിയുന്നില്ല. പണം ഇല്ലാത്തതുകൊണ്ടല്ല ഉപയോഗിക്കാത്തത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി അടുത്ത് ബന്ധപ്പെട്ടിരുന്ന ഒരാളാണ് ഞാൻ. ഇപ്പോൾ സെനറ്റിലുണ്ട്, മുമ്പ് വിദ്യാർത്ഥിയായിരുന്ന കാലത്തും ഉണ്ടായിരുന്നു, കുറെ വർഷങ്ങൾക്കുമുമ്പ് സർവ്വകലാശാലാ യൂണിയൻ ചെയർമാനായും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. അതുപോലെതന്നെയാണ് ഇപ്പോഴും കാര്യങ്ങൾ നടക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, യഥാർത്ഥത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ ഏറ്റവും വലിയ പ്രശ്നം മന്ത്രിയോ വൈസ് ചാൻസലറോ അല്ല, സംഘടനകളുടെ അതിപ്രസരമാണ്. സംഘടനകൾ കാര്യങ്ങൾ നിയന്ത്രിക്കുന്ന അവസ്ഥയാണ് ഇന്ന് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയമായി

അവർക്ക് കിട്ടുന്ന പിന്തുണകൂടിയാണ് യഥാർത്ഥത്തിൽ സർവ്വകലാശാലകളുടെ ഇന്നത്തെ അധഃപതനത്തിന് കാരണം. എനിക്ക് 2000-ത്തിൽ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പറായിരിക്കാൻ അവസരം ലഭിച്ചിരുന്നു. അന്ന് എനിക്ക് മനസ്സിലായത്, അതിൽ വരുന്ന അജണ്ടകളൊക്കെ യഥാർത്ഥത്തിൽ വിദ്യാർത്ഥികളുടെ കാര്യമല്ല മറിച്ച് അവിടെയുള്ള ജീവനക്കാരുടെ സംഘടനകളുടെ താൽപ്പര്യമാണ്, അവരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് എന്നുള്ളത്. അങ്ങ് വളരെ നിഷ്പക്ഷമായി യാഥാർത്ഥ്യബോധത്തോടുകൂടിയാണ് കാണുന്ന തെങ്കിൽ, സർവ്വകലാശാലകളെ സംഘടനകളുടെ അതിപ്രസരത്തിൽനിന്നും ഒരുപരിധിവരെയെങ്കിലും മോചിപ്പിക്കാൻ കഴിഞ്ഞാൽ, അല്ലെങ്കിൽ രാഷ്ട്രീയ നേതൃത്വം അതിന് വലിയ പിന്തുണ കൊടുക്കാതിരുന്നാൽതന്നെ കേരളത്തിലെ സർവ്വകലാശാലകൾ ഒരുപരിധിവരെ നല്ലരീതിയിൽ മുമ്പോട്ടുപോകുന്ന സാഹചര്യ മുണ്ടാകുമെന്ന വ്യക്തിപരമായ ഒരു അഭിപ്രായമുള്ള ആളാണ് ഞാൻ. ഇതിൽ അങ്ങേയ്ക്ക് യോജിക്കാൻ കഴിയുമോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സംഘടനകളൊക്കെ നല്ലതാണ്, നല്ലനിലയിൽ അവർക്ക് കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സംഘടനയെയൊന്നും ഞാൻ നിഷേധിക്കുകയല്ല. വിദ്യാർത്ഥി സമൂഹത്തിനു വേണ്ടിയാണ് സർവ്വകലാശാല നിലനിൽക്കുന്നതെങ്കിലും അവരുടെ താത്പര്യങ്ങൾക്ക് ഏറ്റവും കുറഞ്ഞ മുൻഗണന കൊടുക്കുന്ന സാഹചര്യം വർഷങ്ങളായി എല്ലാ സർവ്വകലാ ശാലകളിലും നിലനിൽക്കുകയാണ്. ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. അഡ്മിഷൻ ഫീസ്, പരീക്ഷാ ഫീസ് തുടങ്ങിയ വിദ്യാർത്ഥികളുടെ എല്ലാതരത്തിലുമുള്ള ഫീസുകൾ സമാഹരിച്ച് നിക്ഷേപിക്കുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യം എനിക്കറിയാം, 100 കോടി രൂപയിലധികം അവിടെ സ്ഥിര നിക്ഷേപം ഇട്ടിട്ടുണ്ട്. ആ തുക തൊടാറില്ല. നമ്മൾ പണത്തിന് വിഷമിക്കുന്നുവെന്ന് പറയുമ്പോഴും ഇതുതന്നെയാണ് സ്ഥിതി. സർവ്വകലാശാലകളുടെ പ്രധാന വരുമാന സ്രോതസ്സ് അവയുടെ പ്ലാൻ ഫണ്ടും ഗവൺമെന്റിൽ നിന്നുനൽകുന്ന ഗ്രാന്റ്-ഇൻ-എയ്ഡുമാണ്. വികസന പ്രവർത്തനങ്ങൾക്കും ശമ്പളം നൽകുന്നതിനുമൊക്കെ അതാണ് ഉപയോ ഗിക്കുന്നത്. വർഷങ്ങളായി വിദ്യാർത്ഥികളിൽനിന്നും പിരിച്ചെടുക്കുന്ന ഈ പണം എന്തിനുള്ളതാണ്? അതിനുപുറമെ എയ്ഡഡ്/അൺ-എയ്ഡഡ് കോളേജുകളുടെ അഫിലിയേഷൻ ഫീസിനത്തിലും ചെറിയ വരുമാനമുണ്ട്. ഏറ്റവും കൂടുതൽ വരുമാനം വരുന്നത് കുട്ടികളിൽനിന്നും സമാഹരിക്കുന്ന ഫീസിനത്തിലാണ്. അത് കുട്ടികളുടെ ക്ഷേമത്തിനായി, അക്കാദമിക് പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ ഉപയോഗിക്കേണ്ടതല്ലേ? ആ ഫണ്ട് ചെലവഴിക്കുന്നതിൽ ഓഡിറ്റ് ഒബ്ജക്ഷനുണ്ടാ കുമെന്ന് പറഞ്ഞുകൊണ്ട് ഒരു പൈസയും ചെലവാക്കാതിരിക്കുകയാണ്. കോഴിക്കോട്

സർവ്വകലാശാല സിൻഡിക്കേറ്റ് അവിടത്തെ കാര്യങ്ങൾ ഡെവലപ് ചെയ്യുന്നതിനായി നല്ലൊരു ശ്രമം നടത്തിയിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. അവർ പൂനെയിലുള്ള ഒരു യൂണിവേഴ്സിറ്റിയിൽ പോയി പഠനം നടത്തിയിരുന്നു. ഉത്തര കടലാസുകൾ നഷ്ടപ്പെടുന്ന സംഭവം പറഞ്ഞല്ലോ. ഉത്തരക്കടലാസുകൾ ഇനിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. ഗവൺമെന്റിന്റെയോ മന്ത്രിയുടെയോ പ്രശ്നംകൊണ്ടല്ല അങ്ങനെ സംഭവിക്കുന്നത്. വർഷങ്ങളായുള്ള ഉത്തരക്കടലാസുകൾ സൂക്ഷിക്കാനായി ഒരു സംവിധാനവും സർവ്വകലാശാലകളിലില്ല. ഒരു പരിശോധനയ്ക്ക് അവ എടുക്കണമെങ്കിൽ കിട്ടില്ല. അത്രയും അശാസ്ത്രീയമായി ഗോഡൗണിൽ കൊണ്ടുപോയി ഡമ്പ് ചെയ്തിരിക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കുന്നതിന് Automated Retrieval System പ്രാവർത്തികമാക്കാനായി 5 കോടി രൂപയോളം ചെലവുവരും. ഇത് പൂനെയിലുള്ള യൂണിവേഴ്സിറ്റിയിൽ വിജയകരമായി നടപ്പിലാക്കിയതാണ്. അതിനു വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കി. അതിന് എവിടെനിന്നാണ് പണം? പണം യൂണിവേഴ്സിറ്റിയിലുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ച ഫണ്ടാണ്. കുട്ടികളുടെ പക്കൽനിന്നും ഫീസിനത്തിൽ സമാഹരിച്ച പണം ഒന്നുംചെയ്യാതെ വച്ചിരി ക്കുകയാണ്. പക്ഷേ സിൻഡിക്കേറ്റ് തലത്തിൽ തീരുമാനിച്ചാൽപ്പോലും ആ പണം ഉപയോഗിക്കാൻ സാധിക്കില്ല. ഓഡിറ്റ് ഒബ്ജക്ഷനുണ്ടാകുമെന്ന് പറഞ്ഞ് ആ പണം പിടിച്ചുവച്ചിരിക്കുകയാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉൾപ്പെടെ ഇടപെട്ട് പരിശോധിക്കേണ്ടതാണ്. അതുപോലെ യൂണിവേഴ്സിറ്റിയിൽ ഡിജിറ്റൽ സ്റ്റുഡന്റ്സ് സർവ്വീസ് സെന്റർ എന്നൊരു കൺസെപ്റ്റുണ്ട്. അത് മറ്റൊന്നുമല്ല, ഇപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് എല്ലാ സർവ്വകലാശാലകളിലും വരണമെന്നാഗ്രഹിച്ച് ചില ചുവടുകൾവച്ചതാണ്. കുട്ടികളുടെ എല്ലാ പരാതികളും ഓൺലൈനായി സ്വീകരിക്കാനും രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ അവർക്ക് വിവരങ്ങൾ ലഭിക്കാനും അവരുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കാനുമായി പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സമ്പ്രദായമാണ്. എന്നാൽ അത് പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. പണമില്ലാഞ്ഞിട്ടല്ല, പണം അവിടെയുണ്ട്. അത് മറ്റെന്തോ ലക്ഷ്യത്തോടെ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ശമ്പളം കൊടുക്കാൻ കഴിയാതിരിക്കുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ ഉപയോഗിക്കാമെന്നു കരുതിയാകും ആ തുക സൂക്ഷിച്ചുവച്ചിരിക്കുന്നത്. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വന്ന അധിക ബാധ്യതയ്ക്കുപോലും ഈ ഫണ്ടിൽനിന്നും പണം ഉപയോഗിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരുകാരണവശാലും ഇതൊന്നും സമ്മതിക്കാൻ കഴിയില്ല. കുട്ടികളുടെ ഫീസ് പിരിച്ച് അങ്ങനെ ചെയ്യാമോ? ശമ്പളം ഗവൺമെന്റ് കൊടുക്കേണ്ടതാണ്. ഇതൊന്നും ഇപ്പോൾ മാത്രമുണ്ടായ പ്രശ്നമല്ല, മുമ്പേ നിലനിൽക്കുന്ന ഒരു സിസ്റ്റത്തിന്റെ പ്രശ്നമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാത്രമല്ല, ഏത് യൂണിവേഴ്സിറ്റിയായാലും കഴിഞ്ഞ കാലങ്ങളിലൊക്കെ ഗവൺമെന്റ് ഫണ്ട് കൊടുത്താൽ അത് വിനിയോഗിക്കുന്നത് ബാങ്ക് സംവിധാനത്തിലൂടെ യൂണിവേഴ്സിറ്റി തന്നെയാണ്. എന്നാൽ കഴിഞ്ഞ വർഷമാണ് ആദ്യമായി യൂണിവേഴ്സിറ്റി ഫണ്ടുപോലും ട്രഷറിയിൽ നിക്ഷേപിക്കണം എന്ന പറഞ്ഞ് ഗവൺമെന്റ് ഉത്തരവിറങ്ങിയതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഗവൺമെന്റ് യൂണിവേഴ്സിറ്റികൾക്ക് കൊടുക്കേണ്ട പണം കൃത്യമായി കൊടുത്താൽ മതി. നിക്ഷേപം എവിടെയായാലും കുഴപ്പമില്ല. ഞാൻ പറഞ്ഞത് യൂണിവേഴ്സിറ്റിയുടെ തനതുഫണ്ടിനെക്കുറിച്ചാണ്. അത് അക്കാദമിക് വികസനത്തിനും വിദ്യാർത്ഥിക്ഷേമത്തിനുംവേണ്ടി സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള അധികാരമുണ്ടാകണം. അതിന് ഇന്ന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കണം. കുട്ടികളിൽനിന്നും സമാഹരിച്ച പണം വിദ്യാർത്ഥികളുടെ ക്ഷേമത്തിനും അക്കാദമിക മികവിനുംവേണ്ടി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ട് എന്നുള്ളത് ഗൗരവതരമായ പ്രശ്നമാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ചെയ്തില്ല എന്നുള്ള ആക്ഷേപം പറയുകയല്ല. പല നല്ലകാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിലും പ്രത്യേക ശ്രദ്ധവേണമെന്ന നിലയിലാണ് പറഞ്ഞത്. സെമസ്റ്റർ സിസ്റ്റം വന്നപ്പോഴുള്ള വല്ലാത്ത സമ്മർദ്ദം കുട്ടികൾ നേരിടുന്നുണ്ട്. യൂണിവേഴ്സിറ്റി കോളേജിന്റെ അന്തരീക്ഷത്തെക്കുറിച്ചൊക്കെ ഇവിടെ സംസാരിച്ചല്ലോ, ഒരു പ്രത്യേക അന്തരീക്ഷം അവിടെ വികസിച്ചു വന്നതാണ്. എവിടെയും ഇങ്ങനെയൊക്കെ വരാം. നമ്മുടെ ക്യാമ്പസുകളെ ഏറ്റവും സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾക്കുള്ള ഒരു ഇടമാക്കി മാറ്റുന്നതിനുള്ള അന്തരീക്ഷമുണ്ടാകുക എന്നതാണ്. സെമസ്റ്റർ സിസ്റ്റം സൃഷ്ടിക്കുന്ന സമ്മർദ്ദത്തിൽനിന്ന് പരമാവധി ഇളവ് കൊടുക്കണം. ആ സിസ്റ്റം വേണ്ട എന്നല്ല, അതിൽ എന്തുചെയ്യാൻ കഴിയുമെന്ന് ഗൗരവത്തോടെ ആലോചിക്കണമെന്നാണ് ഞാൻ പറഞ്ഞത്. സെമസ്റ്റർ സിസ്റ്റത്തെക്കുറിച്ച് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നല്ലൊരു റിവ്യൂ വേണമെന്ന് പറയാൻ കാരണമിതാണ്. 1980-1987 കാലയളവിലാണ് ഞാൻ കോളേജിൽ പഠിച്ചത്. അക്കാലത്ത് എന്റെ കൂടെ പഠിച്ചവരും ജൂനിയറായി പഠിച്ചവരും ഇവിടെയുണ്ട്. കോളേജ് യൂണിയനുകളുടെ പ്രവർത്തനമൊക്കെ ഇപ്പോഴും അന്നത്തേത് പോലെയാണ്. നമ്മളിൽ പലരും പഠിച്ചിരുന്ന കാലത്തേതുപോലെ കോളേജ് യൂണിയൻ ഉദ്ഘാടനം, മാഗസിൻ പ്രകാശനം, കോളേജ് ഡേ, അതോടെ കഴിഞ്ഞു. മുൻപ് ഈയവസരങ്ങളിലെല്ലാം നമ്മൾ സമയമെടുത്ത്, സാവകാശത്തോടെ ആലോചിച്ച് പ്രതിഭാശാലികളായ ആളുകളെ ഉദ്ഘാടനത്തിനായി കോളേജുകളിൽ കൊണ്ടുവരാൻ ശ്രമിക്കും. ഇപ്പോൾ അവർക്ക് അതിനൊന്നും സമയമില്ല, അത്

അവരുടെ കുറ്റമല്ല. സമയപരിമിതി കാരണം രണ്ടുമൂന്ന് ദിവസം കൊണ്ടുള്ള തട്ടിക്കൂട്ട് പരിപാടികളാണ് സംഘടിപ്പിക്കുന്നത്. കാലം മാറി, നമുക്ക് പുതിയ തലമുറയോട് സംസാരിക്കാൻപോലും സാധിക്കില്ല. അത്രയധികം മാറ്റങ്ങളുണ്ടായി, നല്ല മാറ്റങ്ങളാണ്, അവ പോസിറ്റീവാണ്. സാങ്കേതികവിദ്യയിലുണ്ടായ വമ്പിച്ച മാറ്റം നമ്മുടെ ജീവിതത്തിന്റെ ഗതിവേഗത്തിലും ആളുകളുടെ ചിന്തയിലും പുതിയ തലമുറയുടെ ഭാഷയിലുംവരെ പ്രതിഫലിച്ചു. പക്ഷേ കോളേജ് യൂണിയന്റെ പ്രവർത്തനത്തിൽ മാത്രം മാറ്റമില്ല. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്നാമതായി അവർക്ക് നല്ല നിലയിൽ ഭാവനാ സമ്പന്നമായി എന്തെങ്കിലും ചെയ്യാനാവശ്യമായ ഫണ്ടില്ല. ഇവിടെ പറഞ്ഞതുപോലെ, ഫീസിനത്തിൽ കോടിക്കണക്കിന് രൂപ സമാഹരിച്ചു വച്ച യൂണിവേഴ്സിറ്റികൾ അതിൽനിന്നും എന്തെങ്കിലും ഷെയർ നൽകാനോ അല്ലെങ്കിൽ കോളേജ് യൂണിയനുകളുടെയും സർവ്വകലാശാലാ യൂണിയനുകളുടെയും പ്രവർത്തനങ്ങൾ നന്നായി നടത്തുന്നതിനുള്ള വിഭവം ഉറപ്പാക്കിക്കൊടുക്കാനോ കഴിയണം. അതിനുള്ള പൊതുനിർദ്ദേശമേ നമുക്ക് കൊടുക്കാൻ സാധിക്കൂ. കാരണം സർവ്വകലാശാലകൾ തന്നെയാണ് അത് തീരുമാനിക്കേണ്ടത്. അതുപോലെ വിദ്യാർത്ഥികളും വിദ്യാർത്ഥി യൂണിയനുകളും തന്നെയാണ് അത് ചെയ്യേണ്ടത്. അവർക്കാണ് അതിനുള്ള ഭാവനയും കഴിവുമുള്ളത്. എങ്കിൽപോലും അതൊരു ഡിബേറ്റിന്റെ ഭാഗമായി വരണം. അതിനുള്ള വിഭവം കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ, പുതിയ കാലത്തിനനുസരിച്ച് നൽകാൻ കഴിയണം.

<u>മി. ചെയർമാൻ</u>: ശ്രീ. എ. പ്രദീപ്കുമാർ, ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ അവസാനിപ്പിക്കാം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധിക്കേണ്ട ഒരു കാര്യം, പുതിയ കാലം ആവശ്യപ്പെടുന്ന, അല്ലെങ്കിൽ ഇന്നത്തെ കാലത്തിന് അനുയോജ്യമായ നവീനമായ പല കോഴ്സുകളും സെൽഫ് ഫൈനാൻസിംഗ് മേഖലയിലാണ് ഇപ്പോഴുള്ളത് ഫൈനാൻസിംഗ് മേഖലയ്ക്കാണെങ്കിൽ ഒരു നിലവാരവുമില്ല. നിങ്ങളെല്ലാം വൻതോതിൽ പ്രോത്സാഹിപ്പിച്ച എഞ്ചിനീയറിംഗ് കോളേജുകൾ നിലവാരമില്ലാതെ പൂട്ടിക്കൊണ്ടിരിക്കുകയല്ലേ?

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, പ്രിൻസിപ്പാൾമാരെ തെരഞ്ഞെടുക്കുന്നത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ഞങ്ങളൊക്കെ സമരം ചെയ്തിട്ടാണ് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രിൻസിപ്പാൾമാരെ തെരഞ്ഞെടുത്തത്. വ്യത്യസ്ത വൈജ്ഞാനിക ശാഖകൾ, സ്പോർട്സ്, ആർട്സ് ഇതിലൊക്കെ ശരാശരി അറിവുള്ളയാളുകളെ പ്രിൻസിപ്പാൾമാരായി തെരഞ്ഞെടുക്കാനുള്ളൊരു സംവിധാനമുണ്ടാകണം. അടുത്തകാലത്ത്, ബാസ്കറ്റ് ബോൾ മത്സരം കഴിഞ്ഞ് ചാമ്പ്യൻഷിപ്പുമായി വന്നപ്പോൾ എത്ര ഗോളിനാണ് ജയിച്ചതെന്ന് വൈസ് ചാൻസലർ ചോദിച്ചത്

എല്ലാവരും ശ്രദ്ധിച്ചുകാണുമായിരിക്കും. എന്താണ് ബാസ്കറ്റ് ബോൾ, വോളിബോൾ, ഫുട്ബാൾ, കബഡി, ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ, ബോൾ ബാഡ്മിന്റൺ തുടങ്ങി സ്പോർട്സിനെക്കുറിച്ചൊന്നും അറിയില്ല. യൂണിവേഴ്സിറ്റി തലത്തിൽ നടത്തുന്ന വ്യത്യസ്ത മത്സരങ്ങളെക്കുറിച്ച് ചെറിയ അറിവുപോലുമില്ലാത്തവർ പ്രിൻസിപ്പാൾ മാരായി വന്നാലുള്ള അപകടം നമ്മുടെ സമൂഹം ഇന്ന് നിരന്തരം അനുഭവിച്ചു കൊണ്ടിരിക്കുന്നു എന്നുള്ളത് എപ്പോഴെങ്കിലും ശ്രീ. എ. പ്രദീപ്കുമാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. സമയനിയന്ത്രണമുള്ളതുകൊണ്ട് അതിനോടൊക്കെ പ്രതികരിച്ച് സംസാരിക്കാൻ ഇപ്പോൾ സാധിക്കില്ല. കോളേജ് യൂണിയന്റെ പ്രവർത്തനത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അതോടൊപ്പംതന്നെ വളരെ കാലഹരണപ്പെട്ടുപോയി എന്നുതോന്നുന്ന കോഴ്സുകൾ ഇപ്പോഴും കോളേജുകളിലുണ്ട്. ഹിസ്റ്ററി-ഹിന്ദി ഡബിൾ മെയിൻ, സോഷ്യോളജി-മലയാളം ഡബിൾ മെയിൻ എന്ന കോമ്പിനേഷൻ കോഴ്സുകളുണ്ട്. ആ രണ്ട് സബ്ജക്ടും മൗലികതയുള്ളതും വളരെ പ്രാധാന്യമുള്ളതുമൊക്കെയാണ്. ഈ കോമ്പിനേഷനിൽ എന്താണ് യുക്തിയെന്ന് അറിയില്ല. ഏതോകാലത്ത് ഏതൊക്കെയോ താൽപ്പര്യങ്ങളിൽ കോമ്പിനേഷനുണ്ടാക്കിയതാണ്. അതിങ്ങനെ അവിരാമം തുടരുകയാണ്. ഇത്തരം കാര്യങ്ങളിലൊക്കെ ഒരു പുനഃപരിശോധന വേണം. പുതിയകാലം കൊതിക്കുന്ന നല്ല കോഴ്സുകൾ പലതും സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലുണ്ടാകുക, സെൽഫ് ഫൈനാൻസിംഗ് കോളേജുകൾക്കാണെങ്കിൽ ഒരു നിലവാരവും ഇല്ലാതിരിക്കുക. നല്ല നിലവാരമുള്ള ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പുതിയ കാലം ആവശ്യപ്പെടുന്ന ശ്രദ്ധേയമായ, നവീനമായ കോഴ്സുകൾ ഇല്ലാതിരിക്കുക എന്നതാണ് ഇന്നത്തെ ഒരു ചിത്രം. അതിന് മാറ്റമുണ്ടാകണം. ഇത്തരം കോഴ്സുകൾ ഡിസൈൻ ചെയ്യാനുള്ള ഉത്തരവാദിത്വമാണ് നമ്മുടെ സർവ്വകലാശാലകൾക്കും അതിന്റെ അക്കാദമിക സമിതികൾക്കുമുള്ളത് പ്രത്യേകിച്ചും ബോർഡ് ഓഫ് സ്റ്റഡീസിനുള്ളത് ബോർഡ് ഓഫ് സ്റ്റഡീസിൽ ഇന്ന് ആളുകളെ നിയോഗിക്കുന്നത് തെറ്റായ രീതിയിലാണ്. അത് പൂർണ്ണമായും യോഗ്യതയുടെയും മെറിറ്റിന്റെയും അക്കാദമിക് മികവിന്റെയും അടിസ്ഥാനത്തിലാകണം. വസ്തുനിഷ്ഠമായ അടിസ്ഥാനത്തിലാകണം അത് ഇവാല്യുവേറ്റ് ചെയ്യേണ്ടത്, അല്ലാതെ ശിപാർശകളുടെ അടിസ്ഥാനത്തിലാകരുത്. ശിപാർശകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ചെയ്തതിന്റെ ദുരന്തം നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള കാര്യങ്ങളിലെല്ലാം ബഹുമാനപ്പെട്ട മന്ത്രി ചില ചുവടുവയ്പുകൾ നടത്തിയിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഇക്കാര്യങ്ങളുമുണ്ടാകണം. അപ്പോൾ എതിർപ്പുകളും കല്ലേറുകളും ഇനിയുമുണ്ടാകും. ഇവിടെ കഴിഞ്ഞദിവസം കണ്ടതിനെക്കാളുമൊക്കെ

വലിയ രീതിയിലുള്ള ആക്ഷേപങ്ങൾ അങ്ങേയ്ക്ക് നേരിടേണ്ടിവരും. അതിനെ ധീരമായി ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിടാം. കേരളീയരാകെ ഒപ്പമുണ്ടാകുമെന്നതിൽ ഒരു സംശയവുമില്ല. ഞങ്ങളൊക്കെ വിദ്യാർത്ഥികളായിരുന്ന കാലത്ത് victimization-ന് എതിരെ എസ്.എഫ്.ഐ.യും കെ.എസ്.യു.-വുമൊക്കെ നിരന്തരം പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ഒരു നിലവാരവും മാനസിക വളർച്ചയുമില്ലാത്ത ആളുകൾ അദ്ധ്യാപകരായി വന്നുപോകുന്ന സ്ഥിതിയുണ്ടായിരുന്നു. മഹാന്മാരായ അദ്ധ്യാപകരും അതോടൊപ്പം ഇടുങ്ങിയ ചിന്താഗതിക്കാരുമുണ്ടായിരുന്നു. അവരുടെ ഇഷ്ടാനിഷ്ടത്തിന് അനുസരിച്ച് നിൽക്കാത്തതിന്റെ പേരിൽ കുട്ടികളെ പരീക്ഷയിൽ തോൽപ്പിക്കുന്ന, ഇന്റേണൽ വാല്യുവേഷനിൽ മാർക്ക് കുറയ്ക്കുന്ന സമ്പ്രദായമുണ്ടായിട്ടുണ്ട്. പാലക്കാട് എഞ്ചിനീയറിംഗ് കോളേജിലും കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലും വലിയ പ്രക്ഷോഭങ്ങളുണ്ടായത് എനിക്ക് ഓർമ്മയുണ്ട്. അത്തരത്തിലുള്ള പ്രക്ഷോഭങ്ങളിലൂടെ ഉയർന്നുവന്ന നേതാക്കന്മാർ ഇവിടെ പലയിടങ്ങളിലുമുണ്ടാകും. എത്രകാലമായി അതിനൊരു പരിഹാരമുണ്ടാക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. അതിന് പരിഹാരമുണ്ടാക്കിയത് ഈ ഗവൺമെന്റാണ്, victimization-നെതിരെ നേതൃത്വം കൊടുത്തത് ബഹുമാനപ്പെട്ട മന്ത്രിയാണ്. മിനിമം മാർക്കെന്ന സംവിധാനം മാറ്റുന്നതിനുള്ള നടപടി കൈക്കൊണ്ടുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ എഴുത്തുപരീക്ഷയിൽ മികച്ച പെർഫോമൻസ് നടത്തിയ ഒരാളെ പിന്നീട് ഇന്റേണൽ പരീക്ഷ മാത്രം വച്ചുകൊണ്ട് ശരിപ്പെടുത്തിക്കളയാമെന്നുള്ള സാഹചര്യമുണ്ടായിരുന്നു. അത് ഇല്ലാതാക്കുന്നതിനുള്ള നടപടികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് നേതൃത്വം കൊടുക്കുന്നുണ്ടല്ലോ. അതൊരു മോശമായ കാര്യമല്ലല്ലോ; അത് നമ്മളെല്ലാം ആവശ്യപ്പെട്ടൊരു കാര്യം തന്നെയല്ലേ. അതുപോലെ ഇനിയും ധാരാളം കാര്യങ്ങൾ നടപ്പാക്കേണ്ടതായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവായി വിശദാംശങ്ങൾ അതാത് സർവ്വകലാശാലകളും കോളേജുകളുമാണ് തീരുമാനിക്കേണ്ടതെങ്കിലും അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നൊരു സമീപനമുണ്ടാകണമെന്ന കാര്യം നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ ക്യാമ്പസുകളിൽ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്താൻ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സർവ്വകലാശാലകൾ എല്ലാ കലകളുടെയും ഒരു കേന്ദ്രമെന്ന നിലയിലാണ് സാധാരണ പരിഗണിക്കുന്നത്. ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്ത് എല്ലാ മേഖലയ്ക്കും ഓരോ സർവ്വകലാശാലകൾ വന്നു കൊണ്ടിരിക്കുകയാണ്. ഇനിയും പുതിയ സർവ്വകലാശാലകൾ വരാനുള്ള സാധ്യത കാണുന്നുണ്ട്. മദർ യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റികളുടെ അമ്മ എന്നൊരു കൺസെപ്റ്റോടുകൂടി ലോകം മുഴുവൻ ആകർഷിക്കുന്ന തരത്തിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പോലെയുള്ള വലിയ യൂണിവേഴ്സിറ്റികളുടെ തലത്തിലേയ്ക്ക് ഏതെങ്കിലുമൊരു

യൂണിവേഴ്സിറ്റിയെ highlight ചെയ്യുന്നതിനും അതിന്റെ കീഴിൽ മറ്റ് സർവ്വകലാശാലകളെ അണിനിരത്തുന്നതിനുമുള്ള ഒരു നവീനമായ പ്രവർത്തനശൈലി സ്വീകരിക്കുന്നതിനെപ്പറ്റി അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അങ്ങനെ ചിന്തിച്ചിട്ടില്ല, എനിക്ക് അതിനോട് യോജിപ്പുമില്ല. ഓരോ സർവ്വകലാശാലയും വളരെ സ്വതന്ത്രമായി ഗംഭീരമായി വികസിച്ചുവരണമെന്നുള്ളതാണ്. ഒരു മദർ യൂണിവേഴ്സിറ്റിക്ക് കീഴിൽ കുറെയധികം യൂണിവേഴ്സിറ്റി എന്നുള്ളതല്ല.

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ്കുമാർ, അങ്ങ് ദയവായി അവസാനിപ്പിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ വിഷയത്തിൽ മാത്രം നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ബില്ലിന്റെ ചർച്ചയിൽ ഇവിടെ ക്രമസമാധാന പ്രശ്നവും കൊലപാതകങ്ങളും അതുപോലെ വക്കീലിന് ഫീസ് കൊടുത്തതുമൊക്കെ മുക്കാൽ മണിക്കൂറോളം സംസാരിച്ചല്ലോ. ഞാൻ അങ്ങയെ ധിക്കരിക്കുകയല്ല, വിനയപൂർവ്വം പറയുകയാണ്. ഞാൻ എന്നോട് പറഞ്ഞതിന് മാത്രമേ മറുപടി പറഞ്ഞിട്ടുള്ളൂ, വേറെ പുറത്തുനിന്നൊന്നും പറഞ്ഞിട്ടില്ല.

ഇങ്ങനെ ധാരാളം കാര്യങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ലനിലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധിക്കാറുള്ള ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ എനിക്ക് തോന്നിയ കാര്യങ്ങൾ, എന്റെ നിലപാട്, ഞാൻ പ്രതിനിധാനം ചെയ്യുന്ന ഒരു പക്ഷത്തിന്റെ നിലപാട് കൂടിയാണ് ഇവിടെ അവതരിപ്പിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ അഭ്യുന്നതിയിലേയ്ക്ക് കൊണ്ടുപോകാനും പലർക്കും അസ്വസ്ഥതയുണ്ടാക്കിയ ചുവടുകൾ കൂടുതൽ കരുത്തോടെ മുന്നോട്ടുവയ്ക്കാനും അദ്ദേഹത്തിന് കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

2.00 P.M.]

ശ്രീ. കെ. എസ്. ശബരീനാഥൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർവ്വകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ മൂന്ന് സ്ഥാനത്തേയ്ക്കുള്ള നിയമന കാലാവധി ക്രമപ്പെടുത്തുന്നതിനുവേണ്ടിയാണ് നീങ്ങുന്നത്. പക്ഷെ ഇതിലേയ്ക്കുള്ള ആളുകളെക്കൂടി കണ്ടു വച്ചിട്ടുണ്ടെന്നാണ് പുറത്തുള്ള ആളുകൾ പറയുന്നത്. നിലവിലുള്ള നിയമത്തിൽ, സിൻഡിക്കേറ്റിന്റെ രണ്ടംഗങ്ങൾ ചേർന്ന് ഒരു പാനൽ കൊടുത്താൽ അത് ഗവൺമെന്റിൽപോയി ഗവൺമെന്റ് ഒരാളിനെവയ്ക്കും. ഇതുരണ്ടും കൂടി കൂട്ടി വായിച്ചാൽ വളരെ കൃത്യമാണ്. ചെരുപ്പ് ശരിയാക്കി വച്ചിട്ടുണ്ട്; ആ ചെരുപ്പിന് ചേരുന്ന ആളിനെയും കണ്ടുവച്ചിട്ടുണ്ട്. അങ്ങനെ ഈ രൂപത്തിൽ നിയമത്തെ പാർട്ടിസാൻ attitude ആയി കൊണ്ടുപോകുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. 'ചെരുപ്പിനൊപ്പിച്ച് പാദം മുറിക്കുക' എന്ന് സാധാരണഗതിയിൽ പറയുന്നതാണ്. ഈ അസാധാരണ സാഹചര്യം ഡോ. കെ. ടി. ജലീൽ കൊണ്ടു വന്നിരിക്കുകയാണ്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തതിനുശേഷം ചില മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്ന ചിലരെങ്കിലുമുണ്ടാകും. ആ കൂട്ടത്തിലൊരാളായിരുന്നു ഞാൻ. കാരണം അദ്ദേഹം ഒരു കോളേജ് അദ്ധ്യാപകനാണ്. പക്ഷേ വകുപ്പ് ഏറ്റെടുത്തശേഷം അങ്ങ് സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ നിയമത്തിലൊന്നും പറഞ്ഞിട്ടുള്ളതല്ല. നമ്മുടെ സ്റ്റാറ്റ്യൂട്ടിനകത്ത് പറയാത്ത കാര്യങ്ങളുംകൂടി വന്നിരിക്കുകയാണ്. നേരത്തെ ശ്രീ. എ. പ്രദീപ്കുമാർ അറിയാതെയാണെങ്കിലും ഒരു ചോദ്യം ചോദിച്ചു. ഇവിടെ അഡ്മിനിസ്ട്രേറ്റീവും അക്കാദമിക്കും രണ്ടും രണ്ടാണല്ലോ എന്ന്. അഡ്മിനിസ്ട്രേറ്റീവ് കാര്യത്തിനുള്ളിൽ ഗവൺമെന്റിന് ഇടപെടാം. കാരണം ഫിനാൻസ് ഓഫീസർ അവിടെയുണ്ട്. ഒരു ഗവൺമെന്റ് അറിയാതെ പുതിയ നിയമനം നടക്കില്ല. കാരണം ഫിനാൻസ് ഓഫീസർ ഒബ്ജക്റ്റ് ചെയ്താൽ ഏതെങ്കിലും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന് തീരുമാനമെടുക്കാൻ പറ്റുമോ. അവിടെ ഫിനാൻസ് സെക്രട്ടറിയുണ്ട്. Not below the rank of a Secretary എന്നാണ്. സാധാരണ പ്രിൻസിപ്പൽ സെക്രട്ടറിതന്നെയാണ് പോകേണ്ടത്. അതല്ലെങ്കിൽ മറ്റൊരാളിനെ നിയമിക്കാം. പക്ഷേ ഫിനാൻസിന്റെ പെർമിഷനില്ലാതെ അവിടെ ഒരു നിയമനവും നടക്കില്ല. ഗവൺമെന്റിന് ഭരണപരമായ കാര്യങ്ങളിൽ നിയന്ത്രണമുണ്ട്. അതേസമയം അക്കാദമിക് കാര്യത്തിൽ ആ നിയന്ത്രണം ആരും പാലിക്കാറില്ല. ഇവിടെ എല്ലാകാര്യത്തിലും അവർ അഭിപ്രായം പറയുകയാണ്. സർവ്വകലാശാലയുടെ പാരമ്പര്യത്തെ തകർക്കുന്നതിനുവേണ്ടിയുള്ള സമീപനമെടുത്തു കൊണ്ടിരിക്കുകയാണ്. മൂന്ന് സെമസ്റ്ററുകളിൽ തോറ്റവർക്ക് വൈവ പരീക്ഷയിൽ ഉന്നത മാർക്കോടുകൂടി ഗ്രേഡ് കിട്ടിയതിൽ ക്രമവിരുദ്ധതയുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാൻ റിപ്പോർട്ടുചെയ്തിട്ടും മുഖവിലയ്ക്കെടുക്കാതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയെന്ന് പരീക്ഷാബോർഡിന്റെ ചെയർമാനാണ് പറയുന്നത്. അടുത്തകാലത്തായി നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ

മാർക്കുദാനത്തെക്കുറിച്ചുള്ളതാണ്. മാർക്കുദാനമെന്നത് വെറും പത്രഭാഷയാണെന്ന് പറഞ്ഞ ശ്രീ. എ. പ്രദീപ്കുമാർ പത്രത്തിൽ വായിച്ചതു കൊണ്ടുമാത്രം പറയുന്നതായിരിക്കും, രേഖകൾ നോക്കിയല്ല പറയുന്നത്. ഇവിടെ മാർക്ക് കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. നിലവിലുള്ള മോഡറേഷനോടുകൂടിയ മാർക്കിനുപുറമേ അഞ്ചുമാർക്കുകൂടി മോഡറേഷൻ നൽകുന്നതിന് സിൻഡിക്കേറ്റ് തീരുമാനിക്കുന്നു. ഒരേ കോഴ്സിൽ ഡബിൾ മോഡറേഷൻ സാധിക്കുമോ? അത് നിയമവിരുദ്ധമല്ലേ. അതുചെയ്യണമെങ്കിൽ പാസ്ബോർഡാണ് തീരുമാനമെടുക്കേണ്ടത്. അവരാരുമറിയാതെ സിൻഡിക്കേറ്റിനെയുംകൂട്ടി തീരുമാനത്തിലെത്താൻ കഴിയുമോ. അങ്ങനെ സിൻഡിക്കേറ്റ് തീരുമാനമെടുക്കുകയാണെങ്കിൽ നിലവിലുള്ള നിയമത്തെ ലംഘിച്ചുകൊണ്ട് ചെയ്യാൻ സാധിക്കുമോ. മോഡറേഷനോടുകൂടിയ മാർക്കിനുപുറമേ അഞ്ച് മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചു വെന്നാണ് 30-4-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ്. ആ ഉത്തരവിന്റെ കോപ്പിയാണിത് (പേപ്പർ ഉയർത്തിക്കാട്ടി). ആ ഉത്തരവ് പിന്നീട് ക്യാൻസൽ ചെയ്യേണ്ടി വന്നത്, പ്രതിപക്ഷനേതാവും ഞങ്ങളെല്ലാവരും ഒരുപോലെ ഉന്നയിച്ചു. കേരളത്തിലെ എല്ലാ പത്രമാധ്യമങ്ങളും അതിനെ ശക്തമായി എതിർത്തു, ഈ നടപടി ശരിയല്ല, അക്കാദമിക് കൊലയാണിവിടെ നടക്കുന്നതെന്ന ചിന്ത പൊതുസമൂഹത്തിനുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് എല്ലാവരും ആശങ്കയിലാണ്. കാരണം വിദ്യാഭ്യാസത്തിലൂടെ രക്ഷപ്പെട്ടുപോകുന്ന ഒരു സംസ്ഥാനമാണിത്. സമ്പത്തുകൊണ്ടും സ്വത്തുകൊണ്ടും കേരളത്തിലെ കുട്ടികൾക്ക് ഇവിടെ ജീവിക്കാൻ നിവൃത്തിയില്ല. പുതിയ ഫാക്ടറികളോ, തൊഴിലിടങ്ങളോ ഉണ്ടാകുന്നില്ല. ജോലി കിട്ടണമെങ്കിൽ പുറത്തെവിടെയെങ്കിലും പോകണം. നല്ല വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിൽ മാത്രമേ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വിദ്യാഭ്യാസത്തെ ആശ്രയിക്കുകയാണ്. അങ്ങനെ വിദ്യാഭ്യാസത്തെ ആശ്രയിക്കുന്ന സ്ഥലത്ത് ഡിഗ്രിക്കും ഡിപ്ലോമയ്ക്കും മൂല്യത്തകർച്ചയാണെന്നു പറഞ്ഞാൽ രക്ഷയുണ്ടോ? ഇപ്പോൾ വിദേശ സർവ്വകലാശാലകളിൽ കേരളത്തിലെ കുട്ടികൾ പോയാൽ അവർക്ക് ഒരു വർഷം നഷ്ടപ്പെടും. ഇക്വലൻസി സർട്ടിഫിക്കറ്റില്ല. അവിടെ പരീക്ഷയെഴുതണമെങ്കിൽ ഇവിടെ പാസ്സാകുന്ന ഡിഗ്രി അവർ അംഗീകരിക്കണം. പക്ഷേ ഇക്വലൻസി ഇല്ലാത്തതിനാൽ അവർക്ക് ഒരു വർഷം പോകും. അങ്ങനെവരുന്ന സ്ഥലത്താണ് ഡിഗ്രിയെ ഡീവാല്യൂഡാക്കുന്ന രൂപത്തിലുള്ള സമീപനമെടുക്കുന്നത്. ഈ രൂപത്തിൽ ഡബിൾ മോഡറേഷൻ കൊടുത്ത് കുട്ടികളുടെ അന്തസ്സും അവരുടെ വിദ്യാഭ്യാസത്തിന്റെ അറിവും കഴിവും ഇല്ലാതാക്കുന്ന നടപടിയാണ് യഥാർത്ഥത്തിൽ ഡോ. കെ. ടി. ജലീൽ ചെയ്തുകൊണ്ടിരിക്കുന്നത്. സത്യത്തിൽ ഞാൻ കേരള സമൂഹത്തിനുവേണ്ടി

ദുഃഖിക്കുകയാണ്. ഇങ്ങനെ ഒരു മന്ത്രിയും ചെയ്യരുത്. 30-4-2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സർവ്വകലാശാല നടത്തിയ ബി.ടെക്. പരീക്ഷകളിലെ സെമസ്റ്ററുകളിൽ ഏതെങ്കിലുമൊരു വിഷയം മാത്രം വിജയിക്കാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിന്റെ പരിധി അഞ്ചുമാർക്കുകൂടി കൂട്ടിക്കൊടുക്കുന്നതിന് തീരുമാനിച്ച ഉത്തരവ് നിങ്ങൾക്ക് ക്യാൻസൽ ചെയ്യേണ്ടിവന്നു. ഇതു ക്യാൻസൽ ചെയ്തതിന് എന്തെങ്കിലും പ്രധാന കാര്യമുണ്ടാകില്ലേ? എന്തുകൊണ്ടാണ് ക്യാൻസൽ ചെയ്തതെന്ന് ആളുകളോട് പറയണമല്ലോ. അങ്ങനെ ക്യാൻസൽ ചെയ്യുമ്പോൾ ഇതിന്റെ ഉത്തരവാദികളായ ആളുകൾക്കെതിരെ നടപടിയെടുക്കണ്ടേ? എന്തു നടപടിയാണെടുത്തത്. നിങ്ങൾക്കു തോന്നി, നിങ്ങൾ കൊടുത്തു, നിങ്ങൾ ക്യാൻസൽ ചെയ്തു. അങ്ങനെ ക്യാൻസൽ ചെയ്യുമ്പോൾ ഉത്തരവിറക്കിയ ആളുകൾക്കെതിരായി എന്തെങ്കിലും നടപടിയെടുക്കണ്ടേ? പാസ് ബോർഡിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. അക്കാഡമിക് കൗൺസിൽ അറിയേണ്ടതല്ലേ, അക്കാദമിക് കൗൺസിൽ അറിയാതെ അവരുടെ ശിപാർശ കൂടാതെ മോഡറേഷൻ കൊടുക്കാൻ സാധിക്കുമോ. അങ്ങനെ മോഡറേഷൻ കൊടുക്കുന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. എന്റെ കയ്യിലൊരു രേഖയുണ്ട്. ഇത് യൂണിവേഴ്സിറ്റിയിലെ ഒരു സിൻഡിക്കേറ്റംഗം വൈസ് ചാൻസലർക്ക് കൊടുത്ത കത്താണ്. അതിൽ പറയുന്നത്, എം.കോം. ഫോർത്ത് സെമസ്റ്ററിലെ പരീക്ഷ യെഴുതിയ കുട്ടികളുടെ രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരും വേണം, രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരുമുണ്ടെങ്കിൽ പരീക്ഷ എഴുതിയ കുട്ടിയെ ഐഡന്റിഫൈ ചെയ്യാൻ എളുപ്പമല്ലേ. പരീക്ഷയെഴുതിയ കുട്ടികളെ ഐഡന്റിഫൈ ചെയ്യാതി രിക്കുന്നതിനാണ് ഫാൾസ് നമ്പർ. ഒരുകാലത്ത് കേരളത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുപോലും ഫാൾസ് നമ്പരില്ലാതിരുന്നു. അന്ന് വിവാദങ്ങളുണ്ടായതിനെ തുടർന്ന് ഫാൾസ് നമ്പറിലേയ്ക്ക് പോയി. യഥാർത്ഥത്തിൽ ആരാണ് പരീക്ഷ എഴുതിയതെന്ന് മൂന്നാമതൊരാൾ അറിയാതിരിക്കുന്നതിനുവേണ്ടി ഒരു രഹസ്യ രേഖയായി വച്ചിരിക്കുന്നതാണ് ഫാൾസ് നമ്പർ. ഒരു സിൻഡിക്കേറ്റംഗം ഫാൾസ് നമ്പരും രജിസ്റ്റർ നമ്പരും അറിയണമെന്നാവശ്യപ്പെട്ട് വൈസ് ചാൻസലർക്കൊരു കത്ത് കൊടുക്കുന്നു. 34 ആളുകളുടെ പേര് അദ്ദേഹം എഴുതിയിട്ടുണ്ട്. 34 ആളുകളെ അദ്ദേഹത്തിന് ഐഡന്റിഫൈ ചെയ്യണം. കാരണം, 34 ആളുകളെ ഐഡന്റിഫൈ ചെയ്തതിനുശേഷമാണ് ബാക്കി നടപടികളിലേയ്ക്ക് പോകേണ്ടത്. 34 പേരുടെ ഫാൾസ് നമ്പർ കൊടുത്തുകൊണ്ട് വൈസ്ചാൻസലർ ഉത്തരവിട്ടതിന്റെ രേഖ എന്റെ കയ്യിലുണ്ട്. അതുകഴിഞ്ഞപ്പോൾ 34 എന്നത് 54 ആക്കി. 34 ആളുകളുടെ ഫാൾസ് നമ്പർ കിട്ടിയെന്ന് പുറത്തറിഞ്ഞപ്പോൾ ഞങ്ങളുടെ ഫാൾസ് നമ്പർ തപ്പിയെടുക്കണമെന്ന് ഇതിലുൾപ്പെടാത്ത ആളുകൾ പറഞ്ഞു. അങ്ങനെ 54 പേരുടെയും ഫാൾസ് നമ്പർ എടുത്തു. അങ്ങനെ രജിസ്റ്റർ നമ്പരും ഫാൾസ്

നമ്പരും എടുത്ത് ആരാണ് വ്യക്തികളെന്നുള്ള് കൃത്യമായി അറിഞ്ഞു. ഇങ്ങനെ കേരളത്തിലെ പരീക്ഷയെ തരംതാഴ്ത്തി, വിലയില്ലാതാക്കുന്ന രൂപത്തിലേയ്ക്ക് കൊണ്ടു പോകാൻ കഴിയുമോ? വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ഇവിടെ ചോദിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുണ്ടോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചാപ്റ്റർ 35-ൽ പറയുന്നത്, withdrawal or cancellation of degree and diploma, titles etc. ഇതിൽ ഒരു പ്രൊവിഷനുണ്ട്. According to Chapter 35 " The academic council may propose to the syndicate that the degree, diploma, title, license, certificates or other distinctions shall be cancelled and if the proposal is accepted by not less than two third of the members present at the meeting of the syndicate and an inconformity with the chancellor, the degree, diploma, license, distinctions etc. can be cancelled accordingly." അങ്ങനെ ചെയ്യുമ്പോൾ, നേരത്തെ ചെയ്യേണ്ടിയിരുന്ന ചില കാര്യങ്ങൾ കൂടിയുണ്ട്. " Provided that before cancellation of the degree, diploma, title, license, certificates or other distinctions of a person, the person affected shall be given a reasonable opportunity to present his case" എന്ന് ഇതേ വകുപ്പിൽ പറയുന്നുണ്ട്. അവർക്ക് സാമാന്യനീതി നിഷേധിക്കരുത് എന്നുള്ളതാണ്. 26-10-2019-ൽ ഇത് ക്യാൻസൽ ചെയ്തു കൊണ്ടുള്ള സിൻഡിക്കേറ്റിന്റെ തീരുമാനം വന്നപ്പോൾ, ഇവരുടെ ന്യായമായ നിലപാട് അറിയിക്കുന്നതിന് യൂണിവേഴ്സിറ്റി അവർക്ക് സാധ്യത കൊടുത്തില്ല. അവർ പിൻവലിച്ചു. ഇതാണ് കള്ളക്കളി. അവർക്ക് സ്വാഭാവികനീതി നിഷേധിച്ചു എന്നുള്ള പേരിൽ അവർ കോടതിയിൽ കയറിയാൽ മതി, സിൻഡിക്കേറ്റ് എടുത്ത തീരുമാനം അന്ന് ക്യാൻസലാകും. അതിനുള്ള അവസരം കൊടുക്കുകയാണ്. കള്ളക്കളി നടത്തി, കട്ടവരെ നാട്ടുകാർ പിടിച്ചു, ജനമധ്യത്തിൽ അവരുടെ മുഖം വന്നു, തടിതപ്പുന്നതിനുവേണ്ടി ക്യാൻസൽ ചെയ്തുവെന്ന് പറഞ്ഞു. പൊതു സമൂഹത്തിനുമുൻപിൽ സർവ്വകലാശാലയും അക്കാദമിക് സമൂഹവും സംശയത്തിന്റെ നിഴലിൽ വരാതിരിക്കാനാണ് ഞങ്ങൾ ഈ നടപടി എടുക്കുന്നതെന്നാണ് ക്യാൻസൽ ചെയ്യുന്നതിനുള്ള കാരണമായി പറഞ്ഞത്. സംശയത്തിന്റെ നിഴലിൽ വരാതിരിക്കുന്നതിനുവേണ്ടി നടപടിയെടുത്തു. പക്ഷേ ആ നടപടിയെ കോടതിയിൽ ചോദ്യം ചെയ്യാനുള്ള ഒരവസരം കൂടി നിങ്ങൾ ഇട്ടുകൊടുത്തിരിക്കുകയാണ്. കോടതി പറഞ്ഞിട്ടാണ് ഇത് ചെയ്തതെന്ന് വരുത്തിത്തീർത്തുകൊണ്ട്, നേരത്തേ ചെയ്ത മോഡറേഷനും മാർക്ക്ദാനവും നിലനിർത്തുന്നതിനുവേണ്ടിയുള്ള കള്ളപ്പണിയാണ് ഇവിടെ നടന്നിരിക്കുന്നത്. പ്രോ-ചാൻസലർ എന്നുള്ള നിലയിൽ

അങ്ങേയ്ക്ക് ഇതിൽ എന്തുകൊണ്ടാണ് ഇടപെടാൻ കഴിയാതെ പോയത്? അങ്ങ് എല്ലാ കാര്യത്തിലും ഇടപെടുമല്ലോ. അദാലത്തിൽ മന്ത്രിക്ക് ഇടപെടാൻ കഴിയില്ലേ, മന്ത്രി പറയുന്ന ആളിന് ഇടപെടാൻ കഴിയില്ലേ എന്നൊക്കെ അങ്ങ് നേരത്തെ ചോദിച്ചു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി 1997, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 1985 തുടങ്ങി രണ്ട് സ്റ്റാറ്റ്യൂട്ടിലും അദാലത്തിന് അങ്ങനെയൊരു പ്രൊവിഷൻ പറഞ്ഞിട്ടില്ല. അദാലത്തിലാണോ മോഡറേഷൻ തീരുമാനിക്കുന്നത്? മോഡറേഷൻ തീരുമാനിക്കാൻ അദാലത്തിന് അധികാരമുണ്ടെന്ന് ഏത് നിയമം നോക്കിയാണ് അങ്ങ് പറയുന്നത്? അങ്ങാണ് അങ്ങനെ പറഞ്ഞത്. അദാലത്തിൽ അങ്ങനെ മോഡറേഷൻ തീരുമാനിക്കാൻ കഴിയുമോ? മോഡറേഷൻ തീരുമാനിക്കണമെങ്കിൽ അത് റിസൾട്ട് പ്രഖ്യാപിക്കുന്നതിന് മുൻപാകണം. ആരാണ് വ്യക്തികൾ എന്നറിയുന്നതിന് മുൻപാണ് തീരുമാനിക്കേണ്ടത്. ഞാൻ കേരള യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായിരിക്കുമ്പോൾ എസ്.എസ്.എൽ.സി.-യുടെ മോഡറേഷൻ കമ്മിറ്റിയിലെ എക്സ്-ഒഫീഷ്യോ അംഗമായിരുന്നു. എസ്.എസ്.എൽ.സി. മോഡറേഷൻ കമ്മിറ്റി കൂടുമ്പോൾ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ എന്നുള്ള നിലയിൽ എന്നെക്കൂടി അതിൽ എക്സ്-ഒഫീഷ്യോ അംഗമായി വിളിക്കുമായിരുന്നു. ഇംഗ്ലീഷ്, കണക്ക്, സയൻസ്, അതിന്റെ വകതിരിവുകൾ എന്നിവയ്ക്കെല്ലാം ഇത്ര ശതമാനം കുട്ടികൾ പാസ്സായിട്ടുണ്ട്, ഇങ്ങനെ പാസ്സായാൽ കേരള സംസ്ഥാനത്തെ എസ്.എസ്.എൽ.സി. റിസൾട്ട് ഇത്ര ശതമാനമായി മാറുമെന്ന കണക്ക് നോക്കും. ഞാൻ ഇന്നും ഓർക്കുന്നു, മോഡറേഷന് മുൻപ്, ഇംഗ്ലീഷിന് പാസ്സായത് ആറ് ശതമാനം കുട്ടികളാണ്. അവിടെയുള്ള വിദഗ്ദ്ധർ അവരുടേതായ അഭിപ്രായങ്ങൾ പറഞ്ഞു. ഇംഗ്ലീഷ് പരീക്ഷയുടെ ചോദ്യങ്ങൾ സിലബസിന് പുറത്തുള്ളവയായതുകൊണ്ടും ചോദ്യങ്ങൾക്ക് കാഠിന്യം കൂടിയതുകൊണ്ടും മോഡറേഷൻ കൊടുക്കണമെന്ന് വിദഗ്ദ്ധർ പറഞ്ഞു. റിസൾട്ട് വരുന്നതിനുമുൻപാണ് ഈ തീരുമാനമെടുത്തത്. റിസൾട്ട് എത്ര ശതമാനമാണ് എന്നുള്ള തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഈ കമ്മിറ്റി കൂടുന്നത്. റിസൾട്ട് വരുന്നതിനുമുൻപ് കമ്മിറ്റി കൂടിയാണ് മോഡറേഷൻ കൊടുക്കണോ വേണ്ടേ എന്നുള്ള തീരുമാനമെടുക്കുന്നത്. ഈ തീരുമാനമെടുക്കുന്നത് ആളിനെ നോക്കിയല്ല. പക്ഷേ ഇവിടെ ആളിനെ നോക്കി മോഡറേഷൻ കൊടുക്കുകയാണ്. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ മോഡറേഷൻ കൊടുക്കുന്നത്? ശ്രീ. ജി. സുധാകരൻ ദീർഘകാലം സിൻഡിക്കേറ്റംഗമായിരുന്നല്ലോ. ഏതെങ്കിലും കാലത്ത് ഫലപ്രഖ്യാപനം നടത്തിയശേഷം, ആളുകളെ മനസ്സിലാക്കിയതിനുശേഷം, അവരുടെ കോഴ്സ് നമ്പർ സഹിതം കയ്യിൽ കിട്ടിയതിനുശേഷം മോഡറേഷൻ തീരുമാനിക്കണമെന്ന് പറഞ്ഞ ഒരു ഉദാഹരണമെങ്കിലും അങ്ങേയ്ക്ക് പറയാൻ പറ്റുമോ? കേരള, കാലിക്കറ്റ് തുടങ്ങി പല സർവ്വകലാശാലകളിൽ സിൻഡിക്കേറ്റംഗങ്ങളായിരുന്ന ധാരാളം ആളുകൾ ഇവിടെയുണ്ട്. അവിടെ

എവിടെയെങ്കിലും ഒരു സ്ഥലത്ത് ഫലപ്രഖ്യാപനത്തിനുശേഷം ഒരു അദാലത്ത് ചേർന്ന് മോഡറേഷൻ തീരുമാനിക്കുക, അതിനെ വാദിച്ച് ശരിയാക്കാൻ ശ്രമിക്കുക തുടങ്ങിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? അത് പാസ് ബോർഡും യൂണിവേഴ്സിറ്റിയിലെ അധികൃതരും അറിയേണ്ടേ? ഇഷ്ടപ്പെട്ട ആളുകൾക്ക് ഇഷ്ടദാനമായി മാർക്ക് കൊടുക്കുന്ന രൂപത്തിൽ പരീക്ഷകളെ തരംതാഴ്ത്തുന്നത് ശരിയാണോ? അങ്ങ് ചെയ്യുന്നത് ക്രൈമാണ്. അങ്ങ് ചെയ്യുന്നത് വലിയ ക്രൂരകൃത്യമാണ്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ, യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ആരാച്ചാരാണ് ഡോ. കെ. ടി. ജലീൽ എന്ന് ഞാൻ പറയുകയാണ്. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി യായിരിക്കുന്നത് വളരെ ചെറിയ കാലഘട്ടത്തിലാണ്. ഈ ചെറിയ കാലഘട്ടത്തിൽ അങ്ങ് ചെയ്ത ഈ ക്രൈം ഒരിക്കലും ലോകം മറക്കില്ലെന്ന് ഞാൻ ഓർമ്മിപ്പി ക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, അദാലത്തിൽ, എം.ജി. യൂണിവേഴ്സിറ്റിയിൽ മോഡറേഷൻ കൊടുക്കാൻ തീരുമാനിച്ചു അല്ലെങ്കിൽ പോസ്റ്റ് മോഡറേഷന് തീരുമാനിച്ചു എന്നാണ് ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറയുന്നത്. അദാലത്തിൽ അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചാൽ അങ്ങേയ്ക്ക് ബോധ്യമാകും. അങ്ങ് എന്തിനാണ് ഈ നുണ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നത്? നുണയല്ല, അവാസ്തവം. പോസ്റ്റ് മോഡറേഷൻ കൊടുക്കുന്നത് മഹാപരാധമാണെ ന്നാണല്ലോ അങ്ങ് പറയുന്നത്. പോസ്റ്റ് മോഡറേഷൻ വേണ്ട എന്നുള്ള ഒരു അഭിപ്രായം പൊതുവെ ഉയർന്നുവന്ന സാഹചര്യത്തിൽ അത് വേണ്ടെന്ന് എന്നെന്നേയ്ക്കുമായി തീരുമാനിക്കുന്നതിന് നിങ്ങൾ പിന്തുണ നൽകുമെങ്കിൽ തീർച്ചയായും നമുക്ക് അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് പോകാം. ഞാനൊരു അദ്ധ്യാപകൻ കൂടിയാണ്. ഞാൻ ഒരു കുട്ടിക്ക് മാർക്ക് കൂട്ടിക്കൊടുക്കണമെന്ന് പറഞ്ഞ് ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന് കത്തോ കുറിപ്പോ കൊടുക്കുമെന്ന് ആർക്കാണ് വിശ്വസിക്കാൻ പറ്റുന്നത്? അങ്ങനെ ചെയ്യരുതെന്ന് ആരെക്കാളുമധികം മനസ്സിലാക്കിയിട്ടുള്ള ഒരാളാണ് ഞാൻ. സിൻഡിക്കേറ്റ് എടുത്ത ഒരു തീരുമാനത്തിന് മന്ത്രി എങ്ങനെയാണ് ഉത്തരവാദിയാകുന്നത്? മന്ത്രിക്ക് സിൻഡിക്കേറ്റിന്റെ കാര്യത്തിൽ, യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെന്നാണ് നിങ്ങൾതന്നെ പറയുന്നത്. ഒരു ornamental post മാത്രമാണ് പ്രോ-ചാൻസലർ എന്ന പദവി. ജീവനക്കാർ ചെയ്ത കുറ്റത്തിന് മന്ത്രിയെ നിങ്ങൾ എങ്ങനെയാണ് പ്രതിസ്ഥാനത്ത് നിർത്തുന്നത്; സിൻഡിക്കേറ്റുകൾ എടുക്കുന്ന തീരുമാനങ്ങൾക്ക് മന്ത്രി answerable ആണെന്ന് നിങ്ങൾ എങ്ങനെയാണ് പറയുന്നത്? ഈ രണ്ട് വാദങ്ങളും എങ്ങനെ ശരിയാകും?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചു കൊണ്ടിരിക്കുന്നത് യൂണിവേഴ്സിറ്റിയിലെ മാർക്ക് ദാനത്തെപ്പറ്റിയാണ്. ഇതൊന്നും അദാലത്തിലല്ല തീരുമാനിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദാലത്തിൽ തീരുമാനിച്ചതിന്റെ വെളിച്ചത്തിലാണ് ഈ മാർക്ക് നൽകുന്നത് എന്നുള്ളതിന്റെ യൂണിവേഴ്സിറ്റി രേഖകൾ ഈ സഭയിൽ വായിച്ചതല്ലേ? അക്കാദമിക് കലണ്ടറിന്റെ കാര്യത്തിൽ മന്ത്രിയുടെ ഓഫീസ് ഇടപെട്ടു എന്നുള്ള സിൻഡിക്കേറ്റിന്റെ മിനിട്ട്സല്ലേ ഇന്ന് രാവിലെ ഇവിടെ വായിച്ചത്? അദാലത്തിലുള്ള രേഖകൾ ഇവിടെ വച്ചിട്ടുണ്ട്. അക്കാദമിക് കലണ്ടറിന്റെ കാര്യത്തിൽ മന്ത്രിയുടെ ഓഫീസ് ഡിമാന്റ് ചെയ്തതനുസരിച്ചുള്ള തിരുത്തലുകൾ വരുത്തി എന്നാണ് അതിൽ പറയുന്നത്. ഇടപെടലിന് ഇതിൽ കൂടുതൽ എന്ത് തെളിവുകളാണ് ഹാജരാക്കേണ്ടത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ആദ്യം പറഞ്ഞപ്പോൾ, ഞാൻ നുണ പറഞ്ഞു എന്നാണ് പറഞ്ഞത്. അങ്ങയുടെ ഭാഷയിലുള്ള സംസ്കാരക്കുറവ് ഞാൻ അങ്ങയെ ഖേദപൂർവ്വം രേഖപ്പെടുത്തുകയാണ്. അങ്ങ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചയാളാണ്. എനിക്കത്രയും ഉന്നത സ്ഥലങ്ങളിലൊന്നും പോകാൻ സാധിച്ചിട്ടില്ല. പക്ഷെ നിയമസഭയ്ക്കകത്ത് ഓർബിറ്റിന് പുറത്തുള്ള വാക്കുകൾ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. അങ്ങേയ്ക്ക് കുറച്ചെങ്കിലും സംസ്കാരമുണ്ടെങ്കിൽ അത് പിൻവലിച്ചു എന്ന് പറയണം. ഞാൻ അങ്ങേയ്ക്ക് വഴങ്ങിത്തരാം.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ നേരത്തെ തന്നെ പറഞ്ഞല്ലോ നുണ എന്നുപറഞ്ഞത് ശരിയായില്ല, അവാസ്തവം എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ തിരുത്തി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു കാര്യം ഉറപ്പായല്ലോ, അങ്ങയെ തിരുത്താൻ ആരെങ്കിലുമുണ്ടെങ്കിൽ അങ്ങ് അനുസരണയുള്ള കുട്ടിയെപ്പോലെ നടക്കുമെന്നുള്ളത് വളരെ കൃത്യമല്ലേ? അതാണ് പ്രശ്നം. ഞങ്ങളും പറയുന്നത് അതാണ്. ഇദ്ദേഹത്തിന് നല്ല വിദ്യാഭ്യാസ യോഗ്യതയുണ്ട്, പക്ഷെ തിരുത്താൻ ആളില്ലാതെ പോയി. 'അദാലത്തിനകത്ത് ' എന്ന് പലപ്രാവശ്യം അങ്ങ് ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി അദാലത്തിൽ പച്ച ഷർട്ട് ഇട്ടിരിക്കുന്നത് അന്ന് പത്രങ്ങളിൽ വന്നതാണ്. അദ്ദേഹത്തിന്റെ തലയ്ക്ക് ചുറ്റും ഒരു ചുവന്ന വൃത്തം കാണാമായിരുന്നു. ഒരു ചുവന്ന പ്രസരിപ്പോടെയാണ് അദ്ദേഹത്തിന്റെ മുഖം ടി.വി ചാനലിലൊക്കെ ഞാൻ കണ്ടത്. ഞാൻ കണ്ടത് വിശ്വസിക്കാമോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നം. പക്ഷെ എന്നെ പ്പോലെ എല്ലാവരും ഇത് കണ്ടിട്ടുണ്ടാകും. 11-10-2019-ൽ സിൻഡിക്കേറ്റിന്റെ പരീക്ഷാ വിഭാഗം തീരുമാനിച്ചിരിക്കുന്നത്, വിദ്യാർത്ഥികൾക്ക് അവരുടെ മേഴ്സി അവസരവും അവസാനിച്ച സാഹചര്യത്തിൽ ടി പരീക്ഷയ്ക്ക് നിലവിലെ

മോഡറേഷന് പുറമേ 5 മാർക്ക് കൂടി മോഡറേഷൻ നൽകുവാനും അത് പരാജയപ്പെട്ട വിഷയങ്ങൾക്ക് ആവശ്യാനുസരണം വീതിച്ച് നൽകുവാനും ശിപാർശ ചെയ്യുന്നു എന്നാണ്. ഇത് എന്ത് യൂണിവേഴ്സിറ്റിയാണ്? സർവ്വകലാശാല എന്നു പറയുന്നത് ഇതുപോലുള്ള തൊക്കിടി വിദ്യയുടെ സർവ്വകലാശാലയാണോ? ഒരു തട്ടുകടയിൽപ്പോലും അഞ്ച് രൂപ കൊടുത്താൽ അവർ രണ്ട് വട തരും, കൂട്ടത്തിൽ മിഠായി കൂടി തരും. നമ്മുടെ സർവ്വകലാശാലകൾ ഇതുവരെ ഇങ്ങനെ അധഃപതിച്ചിട്ടില്ല. എനിക്ക് അങ്ങയോട് ഒരഭ്യർത്ഥനയുണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല എന്നാണ് ആ യൂണിവേഴ്സിറ്റിയെ വിളിക്കുന്നത്, ദയവായി അങ്ങ് ഗാന്ധിജിയുടെ പേര് അതിൽനിന്നും ഒഴിവാക്കി രാഷ്ട്രപിതാവിനെ രക്ഷിക്കണം. മഹാത്മാഗാന്ധിയുടെ പേര് കൂടി വഷളാക്കുന്ന രൂപത്തിലേയ്ക്ക് ഇതിനെ കൊണ്ടുപോകരുത്. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഒട്ടനവധി കാര്യങ്ങൾ ഇവിടെ സംസാരിക്കാനുണ്ട്. മോഡറേഷനുമായി ബന്ധപ്പെട്ട ആക്റ്റിനും സ്റ്റാറ്റ്യൂട്ടിനും പരീക്ഷാ മാന്വലിലെ നിബന്ധനകളിലും നഗ്നമായ ലംഘനം നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് അദാലത്തിനെക്കുറിച്ച് പറഞ്ഞല്ലോ; 22-2-2019-ലെ അദാലത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു അപേക്ഷ മാത്രമാണ് ലഭിച്ചിരുന്നത്. അന്നത്തെ രജിസ്ട്രാറും പരീക്ഷാ കൺട്രോളറും ഇക്കാര്യം വൈസ് ചാൻസലറിനെ ബോദ്ധ്യപ്പെടുത്തിയിട്ടുമുണ്ട്. രണ്ട് മാർക്കാണ് അന്ന് അദാലത്തിൽ അനൗൺസ് ചെയ്തത്. പിന്നീടത് ഒരു മാർക്ക് ആക്കാനായി തീരുമാനിച്ചു. അതും നിയമാനുസൃതമല്ലെന്ന് ചൂണ്ടിക്കാണിച്ചതുകൊണ്ടാകാം അദാലത്തിലെ തീരുമാനം അക്കാദമിക് കൗൺസിലിന് വിടാൻ വൈസ് ചാൻസലർ ഉത്തരവിട്ടത്. അതിനുശേഷമാണ് ഈ സംഭവങ്ങളൊക്കെ നടന്നത്. അങ്ങയുടെ മനോഭാവംകൂടി ഇതിന് അനുകൂലമാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടു തന്നെയാണ് ഈ കള്ളത്തരമൊക്കെ നടക്കുന്നത്. കേരളത്തിൽ ഈ രൂപത്തിലുള്ള ഒരു നടപടി എടുക്കുന്നത് ശരിയാണോ? ഒരു പരീക്ഷയ്ക്ക് ഒരു കുട്ടിക്ക് പരീക്ഷ എഴുതാൻ പറ്റാതെ വന്നപ്പോൾ ആ കുട്ടി തോറ്റു. രണ്ടാമതും പരീക്ഷ എഴുതി; അതും ജയിച്ചില്ല. ഒരൊറ്റ കുട്ടിക്ക് വേണ്ടി മാത്രം പ്രത്യേക പരീക്ഷ നടത്തുന്നതിനുവേണ്ടി ഇറക്കിയ ഉത്തരവിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജിൽ എം.എ.-യ്ക്ക് പഠിച്ചിരുന്ന കുട്ടിക്ക് പരീക്ഷ എഴുതാൻ സാധിച്ചില്ല. കോളേജിൽ സപ്ലിമെന്ററി പരീക്ഷ നടത്തിപ്പിന് അപേക്ഷയുടെ എണ്ണത്തിനനുസൃതമായി ഇലക്ട്രോണിക് മെയിൻ സംവിധാനങ്ങളുടെ ചോദ്യപേപ്പർ നൽകുകയാണ് ചെയ്തതെന്ന് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും വിദ്യാർത്ഥിനിയുടെ അപേക്ഷ പരിഗണിച്ച് ഈ കുട്ടിക്ക് വീണ്ടും ഒരു പ്രത്യേക പരീക്ഷ എഴുതുന്നതിന് അവസരം കൊടുത്തു. അങ്ങയെ വന്നു കണ്ടപ്പോൾ,

ഒരാൾക്കുവേണ്ടി മാത്രം വീണ്ടും പരീക്ഷ നടത്താൻ പറഞ്ഞു. 'Answer sheets were misplaced and could not be found out' എന്നുപറഞ്ഞുകൊണ്ട് വീണ്ടും ഒരു പരീക്ഷകൂടി നടത്തുന്നതിന് ഉത്തരവ് കൊടുത്തു. ഇത് ആരുടെ കുറ്റമാണ്. ഇതിന്റെ കസ്റ്റോഡിയൻ ആരാണ്? രണ്ടായില്ലേ? മൂന്നാമത്തേതുമുണ്ട്; counterfoil-ൽ കണ്ടില്ല, അത് വീണ്ടെടുക്കാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടുപോയി. അതിന് ഒരു പരീക്ഷ കൂടി നടത്താൻ പറഞ്ഞു. ഇതെന്ത് ഏർപ്പാടാണ്? ഇതെല്ലാം യൂണിവേഴ്സിറ്റിയുടെ ഉത്തരവാണ്. 20-8-2019-ൽ പുറപ്പെടുവിച്ചതാണ്. അങ്ങയുടെ കാലഘട്ടത്തിലാണ് ഈ രൂപത്തിലുള്ള കാര്യങ്ങൾ അടിക്കടി വന്നുകൊണ്ടിരിക്കുന്നത്. എന്റെ കയ്യിൽ വേറെയും രേഖകളുണ്ട്. സമാന സ്വഭാവമുള്ളവയായതിനാൽ ഞാൻ ആ രേഖകൾ ഇവിടെ അവതരിപ്പിക്കുന്നില്ല. നമ്മുടെ സർവ്വകലാശാലകളെ ഈ രൂപത്തിൽ തകർക്കരുത്. ആദ്യം നമുക്ക് കേരള യൂണിവേഴ്സിറ്റി മാത്രമേയുണ്ടായിരുന്നുള്ളൂ. അതിനുശേഷമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവയും അവസാനമായി കണ്ണൂർ യൂണിവേഴ്സിറ്റിയും വന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ പരമ്പരകളെല്ലാം നല്ല രൂപത്തിലാണ് പോയിട്ടുള്ളത്. ആ യൂണിവേഴ്സിറ്റിയിലെ അഫിലിയേറ്റഡ് കോളേജുകൾ നോക്കണം. ആ അഫിലിയേറ്റഡ് കോളേജുകളെല്ലാം ഇന്ത്യയിലെ ഏറ്റവും ഉയർന്ന കാറ്റഗറിയിൽപ്പെട്ട കോളേജുകളാണ്. ഇന്ത്യയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുവന്ന കോളേജ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സി.എം.എസ്. കോളേജാണ്. ഇന്ത്യയിൽ ഏറ്റവും പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ആ യൂണിവേഴ്സിറ്റി യിലാണ്. കേരള യൂണിവേഴ്സിറ്റിയും അതിലെ കോളേജുകളുമൊക്കെ വളരെ ഉന്നതനിലവാരം പുലർത്തുന്നവയാണ്. യഥാർത്ഥത്തിൽ ഇപ്പോൾ അങ്ങയുടെ കെടുകാര്യസ്ഥതയും ഭരണവിക്രിയകളുമാണ് കേരളത്തിലെ വിദ്യാഭ്യാസത്തെ തകർത്തുകൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം.....

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവസാനിപ്പിക്കാൻ പോവുകയായിരുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള ക്രമക്കേടുകളെ സംബന്ധിച്ച് നല്ല നിലയിൽ പറയുകയാണ്. നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മുഹമ്മദ് ഷെറി എന്ന ബി.ടെക് (സിവിൽ) നാലാം സെമസ്റ്റർ വിദ്യാർത്ഥി ഒരു സെനറ്റ് മെമ്പറായി മത്സരിച്ചുവെന്നല്ലാതെ വേറൊരു കുറ്റവും ചെയ്തില്ല. അദ്ദേഹത്തിനെതിരെ നിരവധി

കള്ളക്കേസുണ്ടാക്കി ഇപ്പോൾ മൂന്ന് വർഷത്തേയ്ക്ക് ഡീബാർ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. രണ്ടുമൂന്ന് പദവികൾ വഹിക്കുന്ന ശ്രീമതി അജിത എന്ന രജിസ്ട്രാറാണ് ഈ നടപടിയൊക്കെ ചെയ്യുന്നത്. അപ്പോൾ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ഇത്തരം ക്രമക്കേടുകൾ കണ്ടില്ലെന്ന് നടിക്കുന്നതാണോ അതോ ഇതുപോലെ നടന്നോട്ടേ എന്നുള്ളതാണോ? എന്താണ് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പറയുന്നത്, ഇത് പരസ്പരസഹായ സഹകരണ സംഘമാകരുതെന്നാണ്. നമ്മുടെ യൂണിവേഴ്സിറ്റികൾ അതിന്റെ വ്യക്തിത്വം പുലർത്തണം. ലോകത്തെ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളതിൽ ചിലത് നമ്മുടേതുംകൂടിയാണെന്ന് നമ്മൾ അഭിമാനിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും നല്ല യൂണിവേഴ്സിറ്റികളായി നമ്മുടെ യൂണിവേഴ്സിറ്റികൾ നില നിൽക്കണ്ടേ? കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാർ യു.ജി.സി. ചെയർമാൻമാരായിട്ടുണ്ട്. ഞാൻ കേരള യൂണിവേഴ്സിറ്റി യൂണിയന്റെ ചെയർമാനായിരുന്നപ്പോൾ ഞങ്ങളുടെ വൈസ് ചാൻസലറായിരുന്ന ശ്രീ. ജോർജ് ജേക്കബ് പിന്നീട് യു.ജി.സി. ചെയർമാനായി. ബഹുമാനപൂർവ്വം മാത്രമേ എനിക്ക് അദ്ദേഹത്തെ അനുസ്മരിക്കാൻ കഴിയൂ. ഡോ. യു. കെ. ഗോപാലൻ കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി, യു.ജി.സി.-യുടെ ചെയർമാനായി. കേരളത്തിൽനിന്നും ഇന്ത്യയുടെ അക്കാദമിക് രംഗത്തെ സമുന്നതമായ സ്ഥാനത്ത് എത്തിയിട്ടുള്ള ഉന്നതന്മാർ ഇരുന്ന സ്ഥലമാണ് നമ്മുടെ യൂണിവേഴ്സിറ്റികൾ. അങ്ങ് പറഞ്ഞത് ശരിയാണ്, പ്രോ-ചാൻസലർ എന്ന പദവി നേരത്തെ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ ഉണ്ടായിരുന്നില്ല. പിന്നീട് അതിൽ വന്നതാണ്. പക്ഷെ പ്രോ-ചാൻസലർ എന്നുപറഞ്ഞാൽ ഏത് കാര്യത്തിനും ഇടപെടാമെന്നും ഇടപെടുന്നതിന് പ്രോ-ചാൻസലർക്ക് സമയം കിട്ടിയില്ലെങ്കിൽ പി.എ.-യെ പറഞ്ഞുവിട്ട് അത് നിയന്ത്രിക്കാമെന്നും തീരുമാനമെടുത്ത കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങാണ്. അങ്ങനെ ചെയ്യുന്നത് ശരിയാണോ?

അങ്ങയുടെ ഓഫീസിലെ ഒരു ജീവനക്കാരനെ യൂണിവേഴ്സിറ്റിയുടെ സമിതിയിലേയ്ക്ക് ഇങ്ങനെ വിടുന്നത് ശരിയാണോ? അങ്ങ് ആലോചിക്കണം. ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് ഒരു യോഗത്തിൽ പങ്കെടുക്കാൻ പറ്റിയില്ല പകരം അങ്ങയുടെ ഓഫീസിലെ പ്യൂൺ പോകട്ടെയെന്ന് അങ്ങ് തീരുമാനിക്കുമോ? ഇല്ല. വകുപ്പിന് പ്രിൻസിപ്പൽ സെക്രട്ടറിയുണ്ട്. ആ പ്രിൻസിപ്പൽ സെക്രട്ടറിയെ വിടും. അവരാണ് ഈ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധാനം ചെയ്യേണ്ടത്, അങ്ങനെയാണ് ചെയ്യുന്നതും. മന്ത്രിമാർ ഓരോരുത്തരും അങ്ങനെയല്ലേ ചെയ്യുന്നത്? ഇത്തരത്തിൽ ഒരു സ്വന്തക്കാരനെ വിടേണ്ടത് നമ്മുടെ സ്ഥാപിത താല്പര്യം സംരക്ഷിക്കാൻ ആവശ്യമാണെന്ന് കണ്ടതുകൊണ്ടാണ് അങ്ങിത് ചെയ്തത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പേഴ്സണൽ സ്റ്റാഫിനെ ഏത് യോഗത്തിലാണ് വിട്ടതെന്ന് അങ്ങ് പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദാലത്തിൽ വിട്ടതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, അദാലത്ത് നടന്നത് 22-2-2019-നാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാമല്ലോ; സിൻഡിക്കേറ്റ് യോഗം നടക്കുന്നത് 21-2-2019-നാണ്. ആ സിൻഡിക്കേറ്റെടുത്ത തീരുമാനം എങ്ങനെയാണ് അദാലത്തിന്റെ തീരുമാനമായി മാറുന്നത്. ഒന്നാമതായി, ഏതെങ്കിലും ഒരു മിനിറ്റ്സിൽ ഈ മോഡറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് അദാലത്തിന് പങ്കുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ? രണ്ടാമതായി, യൂണിവേഴ്സിറ്റി അല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന കാര്യങ്ങളിൽ മന്ത്രിക്ക് എങ്ങനെയാണ് അക്കൗണ്ടബിലിറ്റി വരുന്നത്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത്, പോബ്സൺ എസ്റ്റേറ്റിന് 840 ഏക്കർ ഭൂമി വനം വകുപ്പ് തിരിമറി നടത്തിക്കൊടുത്തത് ഞാൻ അടിയന്തരപ്രമേയമായി കൊണ്ടുവന്നിരുന്നു. അത് താങ്കളുടെ ഉത്തരവാദിത്വമായിരുന്നോ? താങ്കൾ ആ വകുപ്പ് കൈകാര്യം ചെയ്തിരുന്നതുകൊണ്ട് അന്ന് മറുപടി പറയാൻ നിർബന്ധി ക്കപ്പെട്ടു. താങ്കളായിരുന്നോ ഉത്തരവാദി? അല്ലല്ലോ. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ പലതും ചെയ്യും, അതെല്ലാം മന്ത്രിയുടെ തലയിൽ വച്ചുകെട്ടുമോ? യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് നിയമവിരുദ്ധമായ തീരുമാനമെടുത്തതിൽ മന്ത്രിക്ക് എങ്ങനെ അക്കൗണ്ടബിലിറ്റി വരും. മാത്രമല്ല അവരെടുത്ത തീരുമാനം പിന്നീട് ഗവൺമെന്റ് മാറ്റുകയും ചെയ്തു. അതല്ലേ ഗവൺമെന്റിന് ചെയ്യാൻ സാധിക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞതെല്ലാം വാസ്തവവിരുദ്ധമാണ്. സിൻഡിക്കേറ്റ് തീരുമാനം ഗവൺമെന്റിന് മാറ്റാൻ പറ്റില്ല. അങ്ങ് എന്താണ് പറയുന്നത്; സിൻഡിക്കേറ്റ് തീരുമാനം മാറ്റാൻ ഗവൺമെന്റ് നിർദ്ദേശം കൊടുക്കുമോ; അത് ഏത് സ്റ്റാറ്റ്യൂട്ടിലാണുള്ളത്? അങ്ങനെയല്ല. സിൻഡിക്കേറ്റാണ് മാറ്റിയത്. അതിനുള്ള അധികാരം ഒരു ഗവൺമെന്റിനുമില്ല. അങ്ങേയ്ക്ക് അറിയാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഒന്നാമതായി, ഒരു ഗവൺമെന്റിനും ഒരു മന്ത്രിക്കും സിൻഡി ക്കേറ്റിനോട് തീരുമാനം തിരുത്താൻ പറയാൻ കഴിയില്ല. രണ്ട്, എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ യോഗത്തിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തതായി മിനിറ്റ്സുണ്ട്. അത് ഞാൻ പത്ര

സമ്മേളനത്തിൽ കാണിച്ചതാണ്. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എന്നിവർ അദാലത്തിൽ പങ്കെടുത്തു, അതിന്റെ മിനിറ്റ്സ് ഞാൻ ഹാജരാക്കിയതാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ഡി. സതീശനും പറഞ്ഞത് ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവർ പറഞ്ഞത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ്. ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി അവർ അംഗങ്ങളാണെന്ന് ഒപ്പിട്ട മിനിറ്റ്സ് ഇറക്കുകയാണ്. ആ മിനിറ്റ്സിന്റെ കോപ്പിയാണ് ഞങ്ങൾ കാണിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, അദാലത്തിൽ പങ്കെടുത്തുവെന്നത് കറക്റ്റാണ്. ആ അദാലത്തല്ല മോഡറേഷൻ കൊടുക്കാൻ തീരുമാനിച്ചതെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, 12-6-2012-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇരുപത് മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചു. 1100 കുട്ടികൾക്കാണ് അതിന്റെ ഉപകാരം കിട്ടിയത്. അത് ആരുടെ കാലഘട്ടത്തിലായിരുന്നു?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ഞങ്ങളുടെ കാലത്തുതന്നെയായിരുന്നു. അതെന്താണെന്ന് അങ്ങേയ്ക്കുമറിയാം. AICTE-യുടെ ആവശ്യപ്രകാരമാണ് അങ്ങനെ ചെയ്തത്. കാരണം അതൊരു സ്കീമാണ്. അവിടെ മുഴുവൻ പ്രിൻസിപ്പൽമാരും ആവശ്യപ്പെട്ടു; കഠിനമായ പരീക്ഷയായിരുന്നു, സിലബസ്സിലില്ലാത്ത ചോദ്യങ്ങളുണ്ടായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീമായി AICTE കൂടി ആവശ്യപ്പെട്ടതനുസരിച്ചാണ് അന്നത്തെ ഗവൺമെന്റ് ഈ മോഡറേഷൻ കൊടുത്തത്. ഇവിടെ അതല്ല, പ്രൈവറ്റ് സെക്രട്ടറിയുടെ വീടിനടുത്തുള്ള കുട്ടിക്ക് ഒരു മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചു. അത് സിൻഡിക്കേറ്റിൽ വന്നപ്പോൾ സിൻഡിക്കേറ്റ് മെമ്പർമാർക്ക് ഒരു മാർക്ക് പോരാ, രണ്ട് വേണം, മൂന്ന് വേണം, നാല് വേണം, അങ്ങനെ അഞ്ച് മാർക്ക് കൂട്ടി. ലേലം വിളിച്ച് കൊടുത്തതാണ്. അതൊന്നും ന്യായീകരിക്കുന്നത് ശരിയല്ല, ശ്രീ. എ. കെ. ബാലൻ, ഇത് അങ്ങേയ്ക്ക് ചേർന്ന നടപടിയല്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങാണ് സംസാരിക്കേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മാർക്ക് കുംഭകോണം നടത്തിയത് ഈ ഗവൺമെന്റിന്റെ കാലത്താണെന്ന് അങ്ങേയ്ക്ക് പൂർണ്ണമായി അറിയാമല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ശരി.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പോസ്റ്റ് മോഡറേഷൻ തെറ്റാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ പറഞ്ഞു, എന്താണ് കാരണം? റിസൾട്ടിനു

ശേഷം മോഡറേഷൻ കൊടുക്കുന്നതിനെയാണല്ലോ പോസ്റ്റ് മോഡറേഷൻ എന്ന് പറയുന്നത്. അപ്പോൾ അതിലെ ഗുണഭോക്താക്കളെക്കുറിച്ച് നേരത്തെതന്നെ നമുക്ക് ധാരണയുണ്ടാകും. റിസൾട്ടിന് മുമ്പ് മോഡറേഷനായാൽ അതിലെ ഗുണഭോക്താക്കളുടെ പേര് നമുക്കറിയില്ല. ആർക്കാണ് അതിന്റെ ബെനിഫിറ്റ് കിട്ടുന്നതെന്നും നമുക്കറിയില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 2012-ൽ നടന്നിട്ടുള്ള ആയിരത്തിഒരുന്നൂറിലധികം കുട്ടികൾക്ക് ലഭിച്ച ആ നേട്ടത്തിൽ ആരൊക്കെയാണ് അതിന്റെ ഗുണഭോക്താക്കളെന്ന് മുൻകൂട്ടി അറിയാമായിരുന്നു. പോസ്റ്റ് മോഡറേഷൻ വേണ്ടെന്നാണോ പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം? നമുക്കത് അവസാനിപ്പിക്കാം. അങ്ങനെയൊരു നിർദ്ദേശം വന്നാൽ അതിനെ സർവാത്മനാ സ്വാഗതം ചെയ്യുന്നതിൽ ഒരു അദ്ധ്യാപകൻ കൂടിയായിട്ടുള്ള എനിക്ക് യാതൊരു മടിയുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പോസ്റ്റ് മോഡറേഷൻ വേണ്ടായെന്നുള്ളതല്ല. പോസ്റ്റ് മോഡറേഷൻ എങ്ങനെ തീരുമാനിക്കപ്പെടുന്നുവെന്നതാണ്; സിൻഡിക്കേറ്റിന് എന്ത് അധികാരമാണ്? പാസ് ബോർഡ് തീരുമാനിക്കണം. പാസ് ബോർഡ് തീരുമാനിച്ചതിനുശേഷമാണ് സിൻഡിക്കേറ്റിൽ വരുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിലുണ്ടായ സംഭവമെന്താണ്; അവിടെയുണ്ടായത് ഇതാണോ? ഒരു വ്യക്തിക്ക് കൊടുത്തതാണ് ഇവിടെ പ്രശ്നം. അതേസമയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ AICTE-യുടെ നിർദ്ദേശപ്രകാരം സ്കീമിനാണ് മാറ്റം വരുത്തിയത്. അതുകൊണ്ടാണ് 1100 കുട്ടികൾക്ക് കൊടുത്തത്. അത് ആ സ്കീമിനുകൊടുത്ത അംഗീകാരമാണെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, മാർക്ക് ദാനം ന്യായമാണെന്ന് വരുത്തുന്നതിനായി അങ്ങ് എത്ര പരിശ്രമിക്കുന്നുണ്ടെന്നുള്ളത് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. അങ്ങേയ്ക്ക് ആകപ്പാടെ കിട്ടിയത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പഴയൊരു സംഭവമാണ്. അത് AICTE-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ചെയ്തത്. അപെക്സ് ബോഡിയുടെ നിർദ്ദേശപ്രകാരമാണ്. മറ്റൊരു കാര്യം പറയാം, അങ്ങ് ശാന്തമായി കേൾക്കൂ. ബഹളം വച്ചിട്ട് കാര്യമില്ലല്ലോ, കുഴപ്പം കാണിച്ചിട്ട് പിന്നെ കയ്യിട്ടടിച്ചാൽ എന്ത് ചെയ്യാൻ പറ്റും?

മി. സ്പീക്കർ: അങ്ങേയ്ക്ക് അവസാനം മറുപടി പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ അപെക്സ് ബോഡിയുടെ തീരുമാനമുണ്ടെങ്കിൽ അങ്ങ് ആ ഫയൽകൂടി കാണിക്കണം. അത് കണ്ട് ഞങ്ങൾ മനസ്സിലാക്കാം. ഒരു അപെക്സ് ബോഡിയുടെ തീരുമാനപ്രകാരം ഒറ്റയ്ക്ക് വീണ്ടും വീണ്ടും മോഡറേഷൻ കൊടുക്കാനായി തീരുമാനിച്ച, പ്രൈവറ്റ് സെക്രട്ടറിയുടെ വീടിനടുത്തുള്ള കുട്ടിയാണെന്നുള്ളത് എന്നെക്കൊണ്ട് അങ്ങ് പറയിപ്പിക്കണ്ടായിരുന്നു. പക്ഷെ അതും ശരിയല്ലേ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം ഈ കാര്യം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. എ. കെ. ബാലൻ ഒരു കാര്യം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞത്, ആദ്യത്തെ ദിവസം സിൻഡിക്കേറ്റ് കൂടിയെന്നും പിറ്റേ ദിവസം അദാലത്തു കൂടിയെന്നുമാണ്. ഒരിക്കലുമല്ല. അദാലത്ത് കൂടിയതിനുശേഷം മാർക്കിടാൻ തീരുമാനിച്ചു. അദാലത്തിന്റെ ഈ തീരുമാനം തെറ്റാണെന്നും അദാലത്തിന് ഈ തീരുമാനമെടുക്കാൻ അധികാരമില്ലെന്നും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലെ ഏറ്റവും സീനിയറായിട്ടുള്ള എല്ലാവരും ബഹുമാനിക്കുന്ന മുൻ സർവ്വകലാശാല യൂണിയൻ ചെയർമാനായിരുന്ന ശ്രീ. പി. കെ. ഹരികുമാർ തന്നെ പറഞ്ഞല്ലോ. അദാലത്ത് ഈ തീരുമാനമെടുത്തതിനെത്തുടർന്ന് വൈസ് ചാൻസലർ ഇത് അക്കാദമിക് കൗൺസിലിനുവിട്ടു. അക്കാദമിക് കൗൺസിലിനുമുമ്പിൽ ഈ സംഭവം പെന്റിംഗായിരിക്കുന്ന സമയത്താണ് സിൻഡിക്കേറ്റ് ഇത് പരിശോധിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സിൻഡിക്കേറ്റ് പരിശോധിച്ച് ഒരു മാർക്ക് കൊടുക്കാൻ പറഞ്ഞപ്പോൾ ചിലർക്ക് രണ്ട് മാർക്കുവേണം, മൂന്ന് വേണം, നാല് വേണം, അവസാനത്തെ ആൾ പറഞ്ഞു അഞ്ച് മാർക്ക് കിട്ടിയാലേ എന്റെയാൾ പാസ്സാകുകയുള്ളൂവെന്ന്, അങ്ങനെ എല്ലാവർക്കും അഞ്ച് മാർക്ക് കൊടുക്കാൻ തീരുമാനിച്ചു. ഈ കാര്യം ശ്രീ. എ. കെ. ബാലൻ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പറഞ്ഞതാണെന്ന കാര്യം അങ്ങേയ്ക്കറിയാമല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, 22-2-2019-ലെ അദാലത്തുമായി ഇതിന് യാതൊരു ബന്ധവുമില്ല. ...... (മൈക്ക് ഓഫ്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കുട്ടുത്തരവാദിത്തമുള്ള ഗവൺമെന്റല്ലേ ഇത്? നിയമ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞത്. അദാലത്തിൽ തീരുമാനമെടുത്തുവെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞു, അതാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. അത് നിയമസഭാരേഖ പരിശോധിക്കുമ്പോൾ അറിയാം. ഈ പറയുന്നതെല്ലാം ശരിയാണെന്ന് നിങ്ങൾ വാദിച്ചാൽ, പഴയ വൈസ് ചാൻസലറായ ഡോ. രാജൻ ഗുരുക്കളെ ബോധ്യപ്പെടുത്താൻ കഴിയാത്തത് എന്തുകൊണ്ടാണ്; അദ്ദേഹം ഇതിന്റെ ചെയർമാനല്ലേ; ഇടതുപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ ആചാര്യനല്ലേ ഡോ. രാജൻ ഗുരുക്കൾ.

മി. സ്പീക്കർ: അദ്ദേഹം സംസാരിച്ച് അവസാനിപ്പിക്കട്ടെ. പ്ലീസ്... ശ്രീ. എ. എൻ. ഷംസീർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഡോ. രാജൻ ഗുരുക്കളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ കഴിയാത്തത് ഞങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ എന്താണ് അർത്ഥം; ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനല്ലേ അദ്ദേഹം; അങ്ങല്ലേ അതിലെ ചെയർമാൻ? നിങ്ങൾ തമ്മിലും നിയമ വകുപ്പുമന്ത്രിയായും യോജിപ്പില്ല. വ്യത്യസ്തമായ കാര്യങ്ങളാണ് നിയമ വകുപ്പുമന്ത്രി പറയുന്നത്. ഒരു കുഴപ്പത്തിൽ പോയി ചാടിയിട്ട് രക്ഷപ്പെടാൻ വേണ്ടി കയ്യിട്ട് അടിക്കുകയാണ്. അടുത്ത് നിൽക്കുന്നവരുടെ ദേഹത്തുകൂടി ചെളി തെറിപ്പിക്കുകയാണ്. അതുകൊണ്ടാണ് നിയമ വകുപ്പുമന്ത്രിയുടെ ദേഹത്ത് ചെളി തെറിക്കത്തക്കവിധത്തിൽ അദ്ദേഹത്തെക്കൂടി ഇതിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത്. എനിക്ക് അദ്ദേഹത്തെ ഇഷ്ടമാണ്. ദയവായി 'ആറ്റിലേക്കച്യുതാ ചാടല്ലേ' എന്നാണ് എനിക്ക് അങ്ങയെ ഓർമ്മിപ്പിക്കാനുള്ളത് അങ്ങ് ഇതിനകത്ത് നിൽക്കേണ്ട. അങ്ങ് നല്ലൊരു മന്ത്രിയാണ്. അങ്ങ് അങ്ങയുടെ വകുപ്പുമായി മുന്നോട്ടുപോകു. ഇവിടെ നടന്നുകൊണ്ടിരിക്കുന്നതൊന്നും ശരിയല്ല. വളരെ തെറ്റായ നടപടികളാണിത്. ആ നടപടികളോട് നമുക്ക് യോജിക്കാൻ സാധിക്കില്ല. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ കച്ചവട ചരക്കാക്കി മാറ്റരുത്. യൂണിവേഴ്സിറ്റി പരീക്ഷയിൽ കുട്ടികൾക്ക് മാർക്കിട്ട് കൊടുക്കുന്നതിനെ മാർക്ക് ദാനമായി ആളുകൾ ആക്ഷേപിക്കുന്ന രൂപത്തിലേയ്ക്ക് വരരുത്. അത് കേരളത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളെക്കുറിച്ചുള്ള ചിന്തയ്ക്ക് വിരുദ്ധമായ സമീപനമാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ നിയമത്തെയും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള നടപടിയാണ് അങ്ങ് സ്വീകരിക്കുന്നത്. അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി അവിടെ പോയില്ല, കണ്ടില്ല എന്നൊക്കെ അങ്ങ് ഇവിടെ ശക്തമായി വാദിച്ചു. ഇവിടെ മാധ്യമങ്ങളല്ലേ ഈ വാർത്ത പുറത്തുകൊണ്ടുവന്നത്. ഞങ്ങളല്ലല്ലോ; മിനിറ്റ്സിൽ ഒപ്പിട്ടിരിക്കുന്ന കാര്യവും പുറത്ത് വന്നില്ലേ; മന്ത്രിയില്ലാത്ത സ്ഥലത്തുപോയി മിനിറ്റ്സിൽ ഒപ്പിടാൻ പ്രൈവറ്റ് സെക്രട്ടറിക്ക് കഴിയുമോ; പ്രൈവറ്റ് സെക്രട്ടറി മന്ത്രി നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ്. വാല്യുവേഷൻ ക്യാമ്പിലും അദ്ദേഹം പോയല്ലോ; ആരെയെങ്കിലും വാല്യുവേഷൻ ക്യാമ്പിൽ കയറ്റുമോ; വാല്യുവേഷൻ ക്യാമ്പ് കർശനമായ സുരക്ഷാ സംവിധാനങ്ങളുള്ള ഒരു സ്ഥലമല്ലേ; ആ വാല്യുവേഷൻ ക്യാമ്പിൽ പോകാൻ അദ്ദേഹത്തിന് എന്ത് അധികാരമാണുള്ളത് ; ആ അധികാരം അങ്ങയുടെ വാക്ക് കൊണ്ട് അവർക്ക് കിട്ടിയിരിക്കുന്ന ഒരു ശക്തിയാണ്. എന്ത് തെറ്റ് ചെയ്താലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അവരെ രക്ഷിക്കുമെന്ന് അവർക്കറിയാം. എവിടെ Lifebuoy ഉണ്ടോ അവിടെ ആരോഗ്യമുണ്ട്. എവിടെ ഡോ. കെ. ടി. ജലീലുണ്ടോ അവിടെ തട്ടിപ്പുമുണ്ടെന്നുള്ള രൂപത്തിൽ ഇതിനെ കൊണ്ടുപോകരുത്. അങ്ങേയ്ക്കും ഇതിനെ സംബന്ധിച്ച് അറിയാം. ഈ രൂപത്തിൽ

നമ്മുടെ വിദ്യാഭ്യാസത്തെ നാമവശേഷമാക്കുന്ന, കടഞ്ഞ് കടഞ്ഞ് തകർത്തു കളയുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിലപാടിനോട് ഒരിക്കൽക്കൂടി വിയോജിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനം എന്ന ഖ്യാതി നാം വർഷങ്ങൾക്ക് മുമ്പുതന്നെ ആർജ്ജിച്ചതാണ്. യൂണിവേഴ്സിറ്റി റാങ്കിംഗ് വന്നപ്പോൾ, നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. ഇവിടെ ഉന്നത വിദ്യാഭ്യാസത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും അടിസ്ഥാനം യശ്പാൽ കമ്മിറ്റി റിപ്പോർട്ടാണ്. യശ്പാൽ കമ്മിറ്റി റിപ്പോർട്ട് വന്നിട്ട് വളരെക്കാലമായെങ്കിലും പലപ്പോഴും മാറ്റിവയ്ക്കപ്പെടുകയാണ്, കാലഹരണപ്പെട്ടിട്ടില്ല. കാരണം പുതിയ ദേശീയ വിദ്യാഭ്യാസ നയം വന്നുകഴിഞ്ഞപ്പോൾ യശ്പാൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി പറഞ്ഞിട്ടുള്ള സെൻട്രൽ യൂണിവേഴ്സിറ്റിയിലെ യൂണിവേഴ്സിറ്റികൾ, സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ഡീംഡ് യൂണിവേഴ്സിറ്റി, സ്റ്റേറ്റ് പ്രൈവറ്റ് യൂണിവേഴ്സിറ്റി എന്നിവ ഈ നിലയിൽത്തന്നെയാണ് അതിലും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ ഇന്നത്തെ വിദ്യാഭ്യാസരംഗം ആഗോളവത്കരണത്തിന്റെ പിടിയിലകപ്പെട്ടിരിക്കുകയാണ്. കേരളത്തെ നമ്മൾ കണ്ടിരുന്നത് എഡ്യൂക്കേഷൻ ഹബ്ബ് എന്നുള്ള നിലയിലാണ്. നമ്മുടെ പ്രകടനങ്ങൾ കുറേക്കൂടി മെച്ചപ്പെട്ട നിലയിലേയ്ക്ക് വരേണ്ടതുണ്ട്. വിദേശ യൂണിവേഴ്സിറ്റികളിൽനിന്ന് നമ്മുടെ യൂണിവേഴ്സിറ്റികളിലേയ്ക്ക് എന്തുകൊണ്ടാണ് വിദ്യാർത്ഥികളെത്താത്തത് എന്ന ചോദ്യത്തിന് ആരോടും മറുപടി പറയാൻ കഴിയില്ല. അതിനുള്ള ഉത്തരവും നമ്മൾ തന്നെയാണ് കണ്ടെത്തേണ്ടത്. നമ്മുടെ വിദ്യാർത്ഥികൾ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം എടുത്താൽ മാത്രം മതി. അതുവഴി എത്രമാത്രം റവന്യൂവാണ് വിദേശ രാജ്യങ്ങളിലേയ്ക്കും മറ്റിതര സംസ്ഥാനങ്ങളിലേയ്ക്കും പോയിക്കൊണ്ടിരിക്കുന്നത്. അത് പരിശോധിക്കുമ്പോൾ നമ്മൾ ഗൗരവമായി ചർച്ച ചെയ്യാതെ പോയത് ദേശീയ വിദ്യാഭ്യാസ നയമാണ്. അതുമായി ബന്ധപ്പെട്ട ഗൗരവതരമായ ചർച്ചകൾ ഉയർന്നുവരേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് ഏറ്റവും ഗൗരവമായി തോന്നിയത്, യു.ജി.സി.-ക്ക് ഉണ്ടായിരുന്ന അധികാരങ്ങൾ മുഴുവൻ ദേശീയ വിദ്യാഭ്യാസ നയം വരുന്നതോടുകൂടി എടുത്തുകളയുകയാണ് എന്നാണ്.

ഗ്രാന്റ് കൊടുക്കുന്നതിനുള്ള ഒരു ഏജൻസിയെന്ന നിലയിൽ മാത്രമായി യു.ജി.സി.-യുടെ പ്രവർത്തനങ്ങൾ ചുരുങ്ങി. എല്ലായ്പ്പോഴും നമ്മൾ അടിസ്ഥാനമാക്കിയിരുന്നത് യു.ജി.സി. എന്തുപറയുന്നുവെന്നുള്ളതാണ്. യു.ജി.സി.-യുടെ നിർദ്ദേശങ്ങളാണ് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നമ്മൾ അടിസ്ഥാനമാക്കിയിരുന്നതെങ്കിൽ ഇന്ന് യു.ജി.സി.-യും മറ്റ് സംവിധാനങ്ങളുമൊക്കെ ഗ്രാന്റ് മാത്രം കൊടുക്കുന്ന ഒരു സംവിധാനത്തിലേയ്ക്ക് മാറ്റപ്പെട്ടാൽ അതുണ്ടാക്കുന്ന ഭവിഷ്യത്തുകൾ നമ്മുടെ സംവിധാനങ്ങൾക്ക് നല്ലതാകുമോയെന്നൊരു ചർച്ച ഉയർന്നുവരേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി റിസർച്ച് യൂണിവേഴ്സിറ്റികൾ, ടീച്ചിംഗ് യൂണിവേഴ്സിറ്റികൾ, ഓട്ടോണമസ് കോളേജുകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഓരോ വിഭാഗവുമായി ബന്ധപ്പെട്ട് പ്രത്യേകം ചർച്ചകൾ നടക്കണം. ഇന്ത്യയിൽ ഇപ്പോൾ നാൽപ്പതിനായിരത്തി ലധികം അഫിലിയേറ്റഡ് കോളേജുകളും എണ്ണൂറോളം യൂണിവേഴ്സിറ്റികളും പ്രവർത്തിക്കുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയം വന്നുകഴിയുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് അവർ ലക്ഷ്യം വയ്ക്കുന്നത് രണ്ടായിരം യൂണിവേഴ്സിറ്റികളെയാണ്. പതിനായിരത്തോളം ഓട്ടോണമസ് കോളേജുകളെ ടാർജറ്റ് ചെയ്യുന്നു. അഫിലിയേറ്റഡ് കോളേജുകൾ വേണ്ടെന്നുള്ള നിലപാടാണ് വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അവർ പ്രധാനമായും മുന്നോട്ടുവയ്ക്കുന്നത്. ഇതൊക്കെ എത്ര ആളുകളുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുമെന്നത് സംബന്ധിച്ച് മെച്ചപ്പെട്ട ചർച്ചകൾ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരേണ്ടതാണ്. ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ മലയാളത്തിലുള്ള കോപ്പി ലഭ്യമല്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. ബാബു: സർ, കേന്ദ്ര സർക്കാരിന്റെ RUSA (Rashtriya Uchchatar Shiksha Abhiyan) പദ്ധതിയിൽ NAAC-ന്റെ അക്രഡിറ്റേഷനുള്ള കോളേജുകൾക്ക് മാത്രമാണ് ധനസഹായം ലഭിക്കുന്നത്. എന്നാൽ കേരളത്തെ NAAC അക്രഡിറ്റേഷന്റെ അവസ്ഥയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (SAAC)-ന് രൂപം കൊടുത്ത് NAAC-ന്റെ അക്രെഡിറ്റേഷൻ പരിധിയിലേയ്ക്ക് കൊണ്ടുവരാനാവശ്യമായ പ്രവർത്ത നങ്ങൾ 2019 മുതൽ ആരംഭിച്ച വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് എന്നും ഒരുപടി മുന്നിൽനിൽക്കുന്നതും ഏത് നിയമം നമ്മുടെ രാജ്യത്ത് വരുമ്പോഴും ആ നിയമവുമായി ബന്ധപ്പെട്ട് ഒരു 'കേരള മോഡൽ' എന്നും നിലനിന്നിരുന്ന തുമാണ്. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ മാത്രമല്ല, സാംസ്കാരികമായി എടുത്തുപറയത്തക്ക ഒട്ടനവധി കാര്യങ്ങളുണ്ട്. ദേശീയ വിദ്യാഭ്യാസ നയം വന്നുകഴിഞ്ഞാൽ സ്വാഭാവികമായും നമ്മളതിന്റെ ഭാഗമാകുക എന്നുള്ളല്ലാതെ

അതിൽനിന്ന് വിട്ടുനിൽക്കാനായി കഴിയുകയില്ല. ആർ.എം.എസ്.എ. വന്നപ്പോൾ സംസ്ഥാനത്ത് അത് നടപ്പാക്കുന്നതിന് ഒരുപാട് പരിമിതികളുണ്ടായിരുന്നു. പക്ഷേ അതുമായി മുന്നോട്ടുപോകുക എന്നുള്ളതുമാത്രമായിരുന്നു നമ്മുടെ മുമ്പിലുണ്ടായിരുന്ന മാർഗ്ഗം. ആ സാഹചര്യത്തിൽ ആർ.എം.എസ്.എ.-യെ നമുക്ക് അംഗീകരിക്കേണ്ടതായി വന്നു. ആരംഭത്തിൽ അതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫണ്ട് കിട്ടുന്നതിനുള്ള പ്രയാസങ്ങളുണ്ടായിട്ടുണ്ട്. NAAC-മായി ബന്ധപ്പെട്ട് ഇതിന്റെ അക്രെഡിറ്റേഷനും മറ്റുകാര്യങ്ങളുമൊക്കെ വരുമ്പോഴും RUSA ആണെങ്കിലും മറ്റേത് തരത്തിലുള്ളതാണെങ്കിലും നമുക്ക് ലഭ്യമാകുന്ന ഫണ്ട് ചെലവഴിക്കുന്നതിന് നിലവിലുള്ള സംവിധാനത്തെ മാത്രം ഉപയോഗിച്ച് ചെയ്യുന്നതിന് ഏറെ പ്രയാസങ്ങളുണ്ടാകുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിൽ പറഞ്ഞിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യം, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാമെന്നുള്ളതാണ്. ഇഷ്ടമുള്ള ഫീസ് നിശ്ചയിക്കാം. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡമായിരിക്കും. തുല്യമായ സ്വാതന്ത്ര്യം കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേയ്ക്ക് വിടുന്നത് എത്രമാത്രം ഗുണകരമാകുമെന്നുള്ളതിനെ സംബന്ധിച്ചുള്ള നല്ല ചർച്ചകൾ ഉണ്ടാകേണ്ടതുണ്ട്. അദ്ധ്യാപക പരിശീലനം, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്ന് മാറി യൂണിവേഴ്സിറ്റികളുടെ ഭാഗമാക്കിക്കൊണ്ടുള്ള നിർദ്ദേശവും അതിന്റെ ഭാഗമായി വന്നിട്ടുണ്ട്. എല്ലാ ബിരുദപഠനവും 'ലിബറൽ ആർട്സ്' മാതൃകയിലാക്കുന്നതിനുള്ള ശിപാർശയാണ് വന്നിട്ടുള്ളത്. അതിനെ നമുക്ക് ഒരിക്കലും ചെറുതായി കാണാൻ കഴിയില്ല. അതിന്റെ ഗുണവും ദോഷവും സംബന്ധിച്ച് വളരെ ഗൗരവതരമായിട്ടുള്ള ചർച്ചകൾ എല്ലാ സ്ഥലങ്ങളിലും ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് 'ലിബറൽ ആർട്സ്' മാതൃകയിൽ വിദ്യാഭ്യാസ സമ്പ്രദായം മാറുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവതരമായ ഒരു പരിഗണന ഗവൺമെന്റിന്റെ മുമ്പിലുണ്ടാകണം. ഇപ്പോൾ നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച്, ഡിഗ്രി നൽകുന്നതിനുള്ള അവകാശം യൂണിവേഴ്സിറ്റികൾക്ക് മാത്രമല്ല, ഓട്ടോണമസ് കോളേജുകൾക്ക് വരെ സ്വതന്ത്രമായി, യൂണിവേഴ്സിറ്റി ഡിഗ്രികളല്ല, ഓട്ടോണമസ് കോളേജുകൾക്ക് തനതായ ഡിഗ്രികൾ കൊടുക്കുന്നതിനുള്ള അവകാശവുമായി ബന്ധപ്പെട്ട് ആളുകളുടെയിടയിൽ ഏറ്റവും വലിയ സന്ദേഹം ഉയർന്നുവരുന്നുണ്ട്. ഓട്ടോണമസ് കോളേജുകൾ ഡിഗ്രികൾ അവാർഡ് ചെയ്യുമ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അപ്രൂവൽ അല്ലെങ്കിൽ മറ്റ് മത്സരപ്പരീക്ഷകളിൽ ഈ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ, ഈ കോഴ്സുകൾക്ക് അംഗീകാരം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടനവധി ആശങ്കകൾ വിദ്യാർത്ഥികളിൽ ഉണ്ടാകുന്നുണ്ട്. ഇപ്പോൾ ഓട്ടോണമസ് അധികാരം കിട്ടിയിട്ടുള്ള കോളേജുകൾ ചില കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അക്കാര്യങ്ങളിലൊക്കെ ഗവൺമെന്റിന്റെ സമയബന്ധിതമായിട്ടുള്ള ഇടപെടലുണ്ടാകണം. എങ്കിൽ മാത്രമെ വിദ്യാഭ്യാസ

രംഗത്ത് അതൊരു നേട്ടമായി മാറ്റാൻ കഴിയുന്ന സാഹചര്യം നമ്മുടെ മുന്നിലുള്ളൂ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ഇപ്പോഴത്തെ നിർദ്ദേശമനുസരിച്ച് AICTE-യുടെയും മെഡിക്കൽ കൗൺസിലിന്റെ യുമൊക്കെ അവകാശം എടുത്തുകളഞ്ഞ് പകരം തൊഴിലുകൾക്കാവശ്യമായ മാനദണ്ഡമുണ്ടാക്കേണ്ട ഏജൻസിയായി AICTE-യെയും മെഡിക്കൽ കൗൺസിലി നെയുമൊക്കെ മാറ്റുന്നുവെന്ന നിർദ്ദേശങ്ങളാണ് ഈ നയത്തിന്റെ ഭാഗമായി വന്നിട്ടുള്ളത്. വളരെ ഗൗരവതരമായിട്ടുള്ള ഇടപെടൽ ഉണ്ടായില്ലെങ്കിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നമ്മൾ അഭിമാനപൂർവ്വം കൊണ്ടുനടക്കുന്ന ഒട്ടനവധി നേട്ടങ്ങളിൽ വെള്ളംചേർക്കുന്നതിന് കാരണമായി തീരുമോ എന്നൊരു സന്ദേഹമുണ്ട്. ഇന്ത്യയിലെവിടെയും മെഡിസിൻ കോഴ്സ് പാസ്സായി വരുന്നവർക്ക് ഒരു എക്സിറ്റ് ടെസ്റ്റ് നടത്തുന്ന സംവിധാനമുണ്ട്. വിദേശത്തുനിന്ന് പഠിച്ച് നമ്മുടെ രാജ്യത്ത് എത്തിച്ചേരുന്ന ഉദ്യോഗാർത്ഥികൾക്ക് അത്തരം പരീക്ഷകൾ എഴുതേണ്ടി വരുന്നുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികളിൽനിന്നും പഠിച്ച് വിദേശത്ത് പോകുന്ന ആളുകൾക്കും അവിടെ ഇത്തരം പരീക്ഷകൾ എഴുതേണ്ടിവരുന്നുണ്ട്. എന്നാൽ ഇപ്പോഴത്തെ ശിപാർശപ്രകാരം മെഡിസിനിൽ വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥി കളായിരുന്നാലും അവർ ഇത്തരം പരീക്ഷ എഴുതേണ്ട ഒരു സാഹചര്യത്തിലേയ്ക്ക് പോകുന്നുവെന്ന് പറയുന്നതിനെ നമുക്ക് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. നമുക്കുള്ള വ്യക്തിത്വം നിലനിർത്തിക്കൊണ്ടുതന്നെ ആ സംവിധാ നങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തണം. ഡിഗ്രി കോളേജുകളും സ്കിൽ പരിശീലന കേന്ദ്രങ്ങളും സംയോജിപ്പിക്കുമെന്ന ഒരു ശിപാർശ അതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഒരേ യൂണിവേഴ്സിറ്റിയിൽത്തന്നെ ഡിഗ്രിയും ഡിപ്ലോമയും സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം, നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് മറുപടിയായി അങ്ങുതന്നെ ആ കാര്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. D.Voc (Diploma of Vocation) & B.Voc (Bachelor of Vocation) കോഴ്സുകളെ സംബന്ധിച്ചൊക്കെ ഗൗരവതരമായ ചർച്ചകൾ ഒരു ഘട്ടത്തിൽ ഉയർന്നുവന്നിരുന്നു. കേരളത്തിലിപ്പോൾ 15 കോളേജുകളിൽ മാത്രമാണ് B.Voc കോഴ്സുകൾ നടത്തുന്നത്. ഇടുക്കി ജില്ലയിൽ B.Voc കോഴ്സുകൾ ആരംഭിച്ചിട്ടില്ല. ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കാൻ കഴിയുന്നില്ല. ഏതെങ്കിലും കാരണവശാൽ എഞ്ചിനീയറിംഗ് കോഴ്സുകൾ പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ്, അങ്ങനെയുള്ള വിദ്യാർത്ഥികളെ തെരഞ്ഞുപിടിക്കുന്നതിനായി മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് വ്യാപകമായ കാൻവാസിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. മറ്റുസംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തുവന്ന് ഇത്തരം കോഴ്സുകൾ ആരംഭിക്കുന്ന ധാരാളം ക്യാമ്പസുകൾ അതിനുള്ള സാധ്യതകൾ അന്വേഷിച്ച

കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. അതോടൊപ്പം തന്നെ ഇടുക്കി ജില്ലയ്ക്ക് ഒരു പ്രത്യേക പരിഗണന തന്നാൽ നന്നായിരിക്കും. ഇപ്പോൾ യു.ജി.സി.-യുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ 341 പ്രൈവറ്റ് യൂണിവേഴ്സിറ്റികളുണ്ട്. അവർ നടത്തുന്ന കോഴ്സുകളും സംരംഭങ്ങളുമൊക്കെ നമ്മൾ പഠനവിധേയമാക്കേണ്ടതാണ്. എന്നാൽ 341 പ്രൈവറ്റ് യൂണിവേഴ്സിറ്റികളിൽ ഒരെണ്ണംപോലും നമുക്ക് അവകാശപ്പെടാൻ കഴിയുന്നില്ലായെന്നുള്ളത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് ഗൗരവതരമായിട്ടുള്ള ചർച്ചയ്ക്ക് വിധേയമാക്കി ശക്തമായിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

10000 മുതൽ 50000 വരെ കുട്ടികൾ ഒരുമിച്ചുപഠിക്കുന്ന ഒരു ക്യാമ്പസ് എന്നുള്ള നിലയിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിബറൽ ആർട്ട്സ് സ്ഥാപിക്കും എന്നുള്ളതാണ് മറ്റൊരു ശിപാർശ. ഈ വിഷയങ്ങളിലൊക്കെ ഗൗരവതര മായിട്ടുള്ള ഒരു ചർച്ച കൊണ്ടുവരുന്നതിനും യഥാർത്ഥ പ്രശ്നങ്ങൾ എന്താണെന്നുള്ളത് സ്ക്രൂട്ടിനൈസ് ചെയ്യുന്നതടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണം.

വൊക്കേഷണൽ എഡ്യൂക്കേഷനെക്കുറിച്ച് ഗൗരവമായ ചർച്ചയുണ്ടാകണം. 'റിപ്പോർട്ട് ഓഫ് ദി കമ്മിറ്റി ഓഫ് ഓട്ടോണമസ് കോളേജസ് ഇൻ കേരള' വന്നുകഴിഞ്ഞു, ആ റിപ്പോർട്ടിൽ പ്രധാനമായും ഓട്ടോണമസ് കോളേജുമായി ബന്ധപ്പെട്ട 12-ഓളം കാര്യങ്ങളാണ് കണ്ടെത്തലിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത്. ആ 12 ശിപാർശകളിൽ ഓട്ടോണമസ് കോളേജുകളിലെ കോഴ്സുകൾ മെച്ചപ്പെടുത്തേ ണ്ടതിന്റെ ആവശ്യകത, സെൽഫ് ഫിനാൻസിംഗുമായി ബന്ധപ്പെട്ട് കോഴ്സുകൾ മെർജ് ചെയ്യുന്നത് എന്നിവ സംബന്ധിച്ചൊക്കെ നല്ല നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. പക്ഷേ സമയബന്ധിതമായി ഇത്തരം ശിപാർശകൾ നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ അത് വേണ്ടത്ര ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയാതെപോകും. ഏതാണ്ട് 211 മുതൽ 422 വരെയുള്ള ശിപാർശകൾ വന്നിട്ടുള്ളത് ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ്. അതൊക്കെ പൊതുസമൂഹത്തിൽ ഗൗരവമായി ചർച്ച നടത്തണം. കേരളത്തിലെ മന്ത്രിയാണ് ഇത്തരമൊരു ബിൽ പൈലറ്റ് ചെയ്തിരുന്നതെങ്കിൽ ഈ രാജ്യത്ത് വലിയ കലാപമുണ്ടാകുമായിരുന്നു. പക്ഷേ ഇപ്പോൾ മറ്റ് ചില വിഷയങ്ങളിൽ ചർച്ചകൾ മാറിപ്പോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് നിർണ്ണായക ശക്തിയായി മാറേണ്ട നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്രമാത്രം സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്; അതിന്റെ കാരണമെന്താണ്? ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കാനുള്ള അനുവാദം നൽകാമെന്നാണ് എ.ഐ.സി.റ്റി.ഇ.

പറഞ്ഞത്. ഒരു കാരണവശാലും അവരുടെ ക്യാമ്പസിനുള്ളിൽ മറ്റ് കോഴ്സുകൾ ആരംഭിക്കാൻ അനുവാദം നൽകില്ലായെങ്കിൽപ്പോലും ഇപ്പോഴത്തെ സാഹചര്യങ്ങൾ പ്രത്യേകമായി പരിഗണിച്ചുകൊണ്ടാണ് എ.ഐ.സി.റ്റി.ഇ. സ്വതന്ത്രമായി കോഴ്സുകൾ നടത്തുന്നതിനുള്ള അനുവാദം നൽകിയത്. പക്ഷേ ഗവൺമെന്റിന്റെ എൻ.ഒ.സി. ഇല്ലാതെ അത്തരം കോഴ്സുകളിലേയ്ക്ക് കോളേജുകൾക്ക് പോകാൻ കഴിയില്ലെന്ന് അങ്ങേയ്ക്കറിയാം. അതുകൊണ്ട് ഈ വിഷയം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. നമ്മുടെ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിൽ ഏറ്റവും ദയനീയമായ സാഹചര്യങ്ങളിൽപ്പോയി പഠിക്കുന്നതിനേക്കാൾ നല്ലത് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ, മെച്ചപ്പെട്ട വിദ്യാഭ്യാസം ഇവിടെ കൊടുക്കാൻ കഴിയുമെന്നുണ്ടെങ്കിൽ അതിനുള്ള ഇടപെടലും ശ്രമവും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. NAAC-ന് 3.5 അക്രെഡിറ്റേഷൻ വന്നിട്ടുണ്ട്. ഇന്ത്യയിൽ എവിടെ വേണമെങ്കിലും കോളേജുകൾ ആരംഭിക്കാം. നമ്മൾ ഈ കോളേജുകൾക്കൊന്നും അംഗീകാരം കൊടുക്കാതെയും എൻ.ഒ.സി. കൊടുക്കാതെയും കാലതാമസമുണ്ടാക്കുമ്പോൾ ബാംഗ്ലൂരിൽനിന്ന് ഇവിടെ വന്ന് കോളേജുകൾ ആരംഭിക്കുകയാണ്. അവർക്ക് കിട്ടിയ NAAC അക്രഡിറ്റേഷന്റെ അംഗീകാരത്തിലാണ് അവർ ഇവിടെവന്ന് കോളേജുകൾ ആരംഭിക്കുന്നത്. അത്തരത്തിലുള്ള ഒരു കോളേജ് എന്ന നിലയിൽ 'ജെയിൻ'-ന്റെ പ്രവർത്തനങ്ങൾ എറണാകുളത്ത് ആരംഭിച്ചിരിക്കുന്നു. ചിന്മയാ വിദ്യാലയം അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. രണ്ടിന്റെയും പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. ഉണ്ടോയെന്ന് അറിയില്ല. എൻ.ഒ.സി.യുടെ ആവശ്യമില്ലാതെതന്നെ ഇത്തരം കോളേജുകൾ ആരംഭിക്കാമെന്നുണ്ടെങ്കിൽ ഇത്തരത്തിൽ അംഗീകാരം കിട്ടിയിട്ടുള്ള സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുവന്ന് കോളേജുകൾ ആരംഭിക്കുകയും നമ്മുടെ സ്ഥാപനങ്ങൾക്ക് ഇതിനുള്ള അനുവാദം കൊടുക്കാതിരിക്കുകയും ചെയ്താൽ വിദ്യാഭ്യാസ രംഗത്ത് അതൊരു പിന്നോട്ടടിക്ക് കാരണമാകുമെന്നുള്ളതുകൊണ്ട് അത്തരം വിഷയങ്ങളിൽ ഒരു ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരത്തെക്കുറിച്ച് ഇവിടെ ശ്രീ. കെ. ബാബു പറഞ്ഞു. സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം, നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട അംഗീകാരങ്ങൾ, നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് ഇതിലൊന്നും നമ്മുടെ കോളേജുകൾക്ക് വരാൻ കഴിയുന്നില്ല. നമ്മൾ പലപ്പോഴും ഇതിന്റെയൊക്കെ ഫ്രെയിംവർക്കിന് പുറത്തു പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. 2019 ഒക്ടോബർ 10-ാം തീയതി ഇറങ്ങിയിരിക്കുന്ന

ഗസറ്റ് നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് All India Council for Technical Education, stand alone institutions-നാണ് പ്രാധാന്യം കൊടുക്കുക എന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. മാത്രമല്ല, stand alone institutions-ഉം ആയി ബന്ധപ്പെട്ട് കാറ്റഗറൈസ് ചെയ്യുകയാണ്. കാറ്റഗറി 1, കാറ്റഗറി 2, കാറ്റഗറി 3 എന്നിങ്ങനെ മൂന്ന് തരത്തിൽ തരംതിരിക്കുന്നുവെന്ന് മാത്രമല്ല 75 ശതമാനം സ്കോർ വാങ്ങുന്ന ആർക്കും ഇൻഡ്യയിൽ എവിടെയും കോളേജുകൾ ആരംഭിക്കാം. കാറ്റഗറി 2-ൽ വരുന്നവർക്കും കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുവാദമുണ്ട്. 67.5 സ്കോറിന് താഴെ വരുന്നവരാണ് കാറ്റഗറി 3 -ൽ വരുന്നത്. കാറ്റഗറി ഒന്നിലോ രണ്ടിലോ വരുന്ന ഇതരസംസ്ഥാനങ്ങളിലുള്ള കോളേജുകൾ ഇവിടെ വന്ന് അവരുടെ കാമ്പസുകൾ ആരംഭിച്ചുകഴിഞ്ഞാൽ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ, പാരലൽ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സംസ്ഥാനത്തിന്റെ തന്നെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ മോഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയുമുണ്ട്. ഇപ്പോൾ നമ്മുടെ സർവ്വകലാശാലകൾക്കൊന്നും ഒരു ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കോഴ്സുകളും നടത്താൻ സാധിക്കുന്നില്ല. അതിനുള്ള കാരണം, അവർക്ക് അക്രെഡിറ്റേഷനിൽ പറയുന്ന സ്കോറിലേയ്ക്ക് എത്താൻ കഴിയാത്തതുകൊണ്ടാണ്. മറ്റ് സംസ്ഥാനങ്ങളിൽ നമ്മളേക്കാൾ എത്രയോ കാലം കഴിഞ്ഞ് ആരംഭിച്ച സർവ്വകലാശാലകൾപോലും മികച്ച സ്കോറിലേയ്ക്ക് എത്തുമ്പോൾ നമ്മുടെ സർവ്വകലാ ശാലകളിൽ വിവാദങ്ങൾ പുകയുകയാണ്. നിയമസഭയുടെ ഇത്രയധികം സമയം ഇത്തരം കാര്യങ്ങൾക്കുവേണ്ടി ചർച്ച ചെയ്യേണ്ടതുണ്ടോ എന്ന് ചോദിച്ചാൽ, ഇല്ല എന്നുള്ളതാണ് മറുപടി. അതിനേക്കാൾ highly educated ആയ unemployed ആയ പ്രൊഫഷണലുകളുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. ലോണെടുത്ത് യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ പലിശയും കൂടി ചേർത്ത് ലക്ഷക്കണക്കിന് രൂപയുടെ കടത്തിൽ നിൽക്കുകയാണ് വിദ്യാർത്ഥികളും മാതാപിതാക്കളും. High professional degree ഉള്ളവർക്ക് അവർ പഠിച്ചതിനനുസരിച്ചുള്ള മെച്ചപ്പെട്ട ജോലിയിലേയ്ക്ക് പ്രവേശിക്കാൻ കഴിയുന്നില്ല. ബാങ്കുകൾ നോട്ടീസ് അയച്ചു കൊണ്ടിരിക്കുകയാണ്. മൊറട്ടോറിയം ഉണ്ടായിട്ടുപോലും വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് നോട്ടീസ് അയയ്ക്കുന്നതിന്റെ ഫലമായി വലിയ പ്രതിസന്ധിയിലും മാനസിക സമ്മർദ്ദത്തിലും ഇന്ന് വിദ്യാർത്ഥികൾ നിൽക്കുന്ന സാഹചര്യമുണ്ട്. കാലാനുസൃതമായി കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് കോളേജുകൾക്ക് നിയന്ത്രണത്തോടുകൂടിയ സ്വാതന്ത്ര്യം നൽകണം. ഡയറി, അഗ്രികൾച്ചർ കോഴ്സുകൾ വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ മാത്രമേ പഠിക്കാൻ സാധിക്കുകയുള്ളൂ. ആവശ്യമില്ലാത്ത ഡിഗ്രികളുമായി കുട്ടികൾ വെളിയിൽ നിന്നിട്ട് അവർ പഠിച്ച കോഴ്സുമായി യാതൊരു ബന്ധവുമില്ലാത്ത ബാങ്കിംഗ് പോലുള്ള മറ്റ് മേഖലകളിലേയ്ക്ക് പോകുകയാണ്.

ഇപ്പോൾ എഞ്ചിനീയറിംഗ് കഴിയുന്ന കുട്ടികളെല്ലാം മറ്റ് കോഴ്സുകളിലേയ്ക്ക് പോകുകയാണ്. ലക്ഷക്കണക്കിന് രൂപ മുടക്കി നാലഞ്ചു വർഷം കഠിനാധ്വാനം ചെയ്ത് high score വാങ്ങുന്ന കുട്ടികൾക്ക് പോലും തുടർന്ന് പഠിക്കാനുള്ള അവസരങ്ങൾ ഉണ്ടാകുന്നില്ല. ഡിഗ്രിയുടെ കാര്യം മാത്രമെടുത്താൽ, ഗവൺമെന്റ്, എയ്ഡഡ് കോളേജുകൾകൂടി ആയാലും ഫിസിക്സിന് എത്ര അഡ്മിഷൻ നമുക്ക് മൊത്തത്തിൽ കൊടുക്കാൻ കഴിയും; പ്രൈവറ്റിൽ എത്ര അഡ്മിഷൻസുണ്ട്; ഹയർ സെക്കണ്ടറി പാസ്സാകുന്ന കുട്ടികൾ എത്രയാണ്? ഹയർ സെക്കണ്ടറി പാസ്സായശേഷം ഒരു പ്രൊഫഷണൽ ഡിഗ്രി പഠിക്കണമെന്ന് ആഗ്രഹിക്കുന്ന ധാരാളം കുട്ടികളുണ്ടെങ്കിലും സാമ്പത്തിക പരിമിതിമൂലം അതിന് കഴിയാത്ത പ്രശ്നങ്ങളും ധാരാളമുണ്ട്. അതുകൊണ്ട് പ്രൊഫഷണൽ ഡിഗ്രി സൗജന്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടാകണം. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി വിദ്യാഭ്യാസം കമ്പോളവൽക്കരിക്കുന്ന സാഹചര്യമുണ്ടായാൽ കയ്യിൽ കാശുള്ളവർക്ക് മാത്രം വിദ്യാഭ്യാസം എന്ന നിലയിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പോകുന്നത് ഒരിക്കലും ഗുണം ചെയ്യില്ല. പഠിക്കാൻ കഴിവുള്ള, മിടുക്കുള്ള, സമർത്ഥരായ ആളുകൾക്ക് പഠിക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നതിന് ഈ ഘട്ടത്തിലാണ് ഗവൺമെന്റിന് ഇടപെടാൻ സാധിക്കുന്നത്. സി.എസ്.ആർ. എന്നു പറയുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി അവരുടെ ഉത്തരവാദിത്വമാണ്. ഇവിടെ വന്ന് ഡീംഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് അക്രെഡിറ്റേഷൻ കിട്ടിയിട്ടുണ്ടാകാം, അതിനുള്ള അംഗീകാരമുണ്ടാകാം. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വന്ന് ഈ കോഴ്സുകൾ ആരംഭിക്കുമ്പോൾ ഇവിടെയുള്ള പത്ത് കുട്ടികളെ പഠിപ്പിക്കണം. 40 അഡ്മിഷനുണ്ടെങ്കിൽ അതിൽ 50 ശതമാനം കുട്ടികൾക്ക്, ഇവിടെ മെറിറ്റിൽ വന്നിട്ടുള്ള കുട്ടികൾക്ക് അവസരമുണ്ടാകണമെന്ന നിലയിലുള്ള നിബന്ധനകൾ നമുക്ക് ഏർപ്പെടുത്താൻ കഴിയും. ന്യൂ ജനറേഷൻ കോഴ്സുകളുടെ ലിസ്റ്റ് എ.ഐ.സി.റ്റി.ഇ. പബ്ലിഷ് ചെയ്തിട്ടുണ്ട്. ആ ലിസ്റ്റിനെ സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷെ ആ ലിസ്റ്റുമായി ബന്ധപ്പെട്ട് എത്രമാത്രം കോഴ്സുകൾക്ക് അനുവാദം കൊടുക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച ഗൗരവതരമായിട്ടുള്ള ഒരു പരിഗണന അങ്ങയുടെ മുൻപിലുണ്ടാകണം. ആ കോഴ്സുകളെ സംബന്ധിച്ച് പഠിക്കണം. കമ്പോള സാധ്യതയ്ക്ക് അനുസൃതമായി നമുക്ക് കോഴ്സുകൾ കൊടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ പൗരൻമാർക്ക് അവരാഗ്രഹിക്കുന്ന തലത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയൂ. പലപ്പോഴും ഡിമാന്റ് ഓറിയന്റഡ് കോഴ്സുകൾ വരുന്നില്ല. ഞങ്ങളുടെ നാട്ടിലൊക്കെ ഫിസിക്സും കെമിസ്ട്രിയുമൊക്കെ പഠിക്കുന്നതിന് ധാരാളം വിദ്യാർത്ഥികൾക്ക് ആഗ്രഹമുണ്ടെങ്കിലും അവസരങ്ങളില്ലെന്ന പരിമിതി നമ്മുടെ മുന്നിലുണ്ട്.

ഇതിനായി ഒരു ഉന്നതാധികാര സമിതിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡോ. ഉഷാ ടൈറ്റസ്, ഡോ. രാജൻ ഗുരുക്കൾ അടക്കമുള്ള ഒരു ഹൈലെവൽ കമ്മിറ്റി ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഇടപെടലുകൾ കുറേക്കൂടി ശക്തിപ്പെടുത്തിയാൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് പോകാൻ കഴിയും. തൊഴിലില്ലാത്ത high profile-കൾ നമ്മുടെ നാട്ടിൽ ഉണ്ടാകാതിരിക്കട്ടെ. നമ്മുടെ കമ്പോളത്തിന് അനുസൃതമായ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് നിയന്ത്രണങ്ങൾക്കു വിധേയമായ സ്വാതന്ത്ര്യം ഉണ്ടാകണം. ദേശീയ വിദ്യാഭ്യാസ നയം പാസ്സാകുന്ന തോടുകൂടി നമ്മുടെ സംസ്ഥാനവും അതിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടിവരും എന്നുള്ളതുകൊണ്ട് നല്ല മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ ഈ രംഗത്ത് ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു. ഇതിൽ ശക്തമായിട്ടുള്ള ഇടപെടലു കളുണ്ടാകണം. ഈ സ്കീമിൽ നിന്ന് നമുക്കൊരിക്കലും മാറി നിൽക്കാൻ കഴിയില്ല. മുൻ സർക്കാർ ഭക്ഷ്യഭദ്രതാ നിയമം വന്ന് അഞ്ച് വർഷക്കാലം ഒന്നും ചെയ്യാതെ ഭക്ഷ്യഭദ്രതാ നിയമവും കയ്യിൽ പിടിച്ചിരുന്ന് കാലതാമസമുണ്ടാക്കി. കേരളത്തിന്റെ സാഹചര്യങ്ങൾ വ്യത്യസ്തമാണെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭക്ഷ്യഭദ്രതാ നിയമം സമഗ്രമായി നടപ്പിലാക്കി. തുടക്കത്തിൽ അനേകം ബുദ്ധിമുട്ടുകളുണ്ടായി. പക്ഷെ അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഭക്ഷ്യഭദ്രതാ നിയമം മാതൃകാപരമായി നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞു. ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) വന്നപ്പോഴും സമാനമായ സ്ഥിതിയായിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച് ഗൗരവതരമായ ഇടപെടലുണ്ടാകണം. കോഴ്സുകൾ അനുവദിക്കുന്ന കാര്യങ്ങളിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

3.00 P.M.]

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)(2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ എല്ലാവരും പറഞ്ഞ കാര്യങ്ങളിൽ എനിക്ക് യോജിപ്പുള്ള വിഷയങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്തായാലും കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് പല വിധത്തിലുള്ള വിമർശനങ്ങളും വിവാദങ്ങളും നിലനിൽക്കുന്നുണ്ടെന്ന് തെളിയിക്കുന്ന ചർച്ചകളാണ് ഇവിടെ നടന്നത്. അതിന് മറുഭാഗത്ത് നിന്ന് മറുപടി പറഞ്ഞാലും കുറേ പ്രശ്നങ്ങൾ എന്തായാലും നിലവിലുണ്ട്. സർവ്വകലാശാലകളെക്കൊണ്ട്

ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിലുള്ള സംഗതികൾ നിറവേറ്റപ്പെടുന്നില്ലെന്നാണ് ഇവിടെ നടന്ന ചർച്ചകളിൽ നിന്ന് പൊതുവേ തോന്നിയത്. എം. ജി. സർവ്വകലാശാലയിലെ മാർക്ക് ദാനം സംബന്ധിച്ച പ്രശ്നങ്ങൾ, കേരള സർവ്വകലാശാലയിലെ ചെലാൻ തട്ടിപ്പ്, പഴയ ചോദ്യക്കടലാസ് വീണ്ടും തിരുത്തി നൽകിയ സംഭവം, ആരോഗ്യ സർവ്വകലാശാല സർക്കാർ നോമിനിയെ ഗവർണർ വെട്ടിമാറ്റിയത്, സിലബസും അദ്ധ്യാപകരും ഇല്ലാതെ പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സ് ആരംഭിച്ചത്, അവിടെ പഠിപ്പിക്കുന്നതിന് ആ വിഷയവുമായി ബന്ധമില്ലാത്ത പൊളിറ്റിക്കൽ സയൻസ് റിസർച്ച് വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടത്, കേരള സർവ്വകലാശാല വൈസ് ചാൻസലറുടെ നിയമനം യു.ജി.സി. മാനദണ്ഡം മറികടന്നുവെന്നും പ്രവൃത്തി പരിചയം ഇല്ലെന്നുമുള്ള ആരോപണങ്ങൾ, ഉത്തര കടലാസിന്റെ പർച്ചേസിൽ അഴിമതി നടത്തിയ പ്രശ്നം, കേരള സർവ്വകലാശാല സ്വകാര്യ കമ്പനികളിൽ നിന്ന് യഥേഷ്ടം പേപ്പർ വാങ്ങുന്നത് കൊണ്ടുണ്ടായിട്ടുള്ള നഷ്ടങ്ങൾ, ചാൻസലറുടെ സമ്മതം വാങ്ങാതെ പുതിയ പഠനവകുപ്പ് 15 സീറ്റുള്ള എം. എ. കോഴ്സ് ആരംഭിച്ചത്, ഇതുസംബന്ധിച്ച സ്റ്റാറ്റ്യൂട്ട് ഭേദഗതി പരിഗണനയിൽ ഉണ്ടായിരിക്കുമ്പോൾ അത് പൂർത്തിയായി വരുന്നതുവരെ കാത്തിരിക്കാതിരുന്നത്, സർവ്വീസ് ചട്ടങ്ങൾ അട്ടിമറിച്ച് ഉദ്യോഗസ്ഥൻമാരെ നിയമിച്ചത്, എം. ജി. സർവ്വകലാശാല മാർക്ക് ദാനം പിന്നീട് പിൻവലിക്കേണ്ടി വന്നത്, അദാലത്തുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ, റീ വാല്യുവേഷൻ സമയത്ത് 31 ഉത്തരക്കടലാസുകളുടെ ഫാൾസ് നമ്പരും രജിസ്റ്റർ നമ്പരും സിൻഡിക്കേറ്റ് മെമ്പർക്ക് നൽകിയത്, എം.ജി. സർവ്വകലാശാല അദാലത്തുകളിലൂടെ സിൻഡിക്കേറ്റിനെ മറികടന്നത്, കോപ്പിയടിച്ച 69 വിദ്യാർത്ഥികൾക്ക് മാപ്പുനൽകി വിജയിപ്പിച്ച് യോഗ്യരാക്കിയത്, എം. ജി. സർവ്വകലാശാല ഗാന്ധിയൻ പഠനകേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിലെ ചട്ടലംഘനം, സാങ്കേതിക സർവ്വകലാശാല ബി.ടെക് തിയറി വിഷയങ്ങളിൽ വിജയിക്കാനുള്ള ക്രെഡിറ്റുകളുടെ എണ്ണം 45-ൽ നിന്നും 38 ആയി കുറച്ചത്, ബി.ടെക് ഓണേഴ്സ് എല്ലാ കോളേജുകളിലും ഉദാരമായി അനുവദിച്ച് നിലവാരം തകർത്തത്, ഒരു വിഷയത്തിൽ തോറ്റവർക്കെല്ലാം അഞ്ച് മാർക്ക് മോഡറേഷൻ നൽകിയ സാങ്കേതിക സർവ്വകലാശാലയുടെ പ്രശ്നങ്ങൾ, കുസാറ്റ് വൈസ് ചാൻസലർ നിയമന കാര്യത്തിൽ പിന്നാക്കക്കാരനെ ഒഴിവാക്കാൻ ശ്രമം നടന്നതിന് ഗവർണർ ഇടപെട്ടത്, മലയാളം സർവ്വകലാശാല ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിവാദമുണ്ടായത്, കാലിക്കറ്റ് സർവ്വകലാശാല ജാതിവിവേചന പരാതി സംബന്ധിച്ച് റിസർച്ച് സ്കോളറായ ഒരു ദളിത് വിദ്യാർത്ഥി നൽകിയ പരാതി, പരാതിക്കാർക്കുവേണ്ടി ഗൈഡിനെ മാറ്റിയത്, വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഉന്നതപദവികളിൽ പലപ്പോഴും അയോഗ്യരെ നിയമിക്കുന്നത്, പരീക്ഷയിൽ ജയിച്ചവരും അദാലത്തിൽ ജയിച്ചവരും എന്ന രീതിയിൽ

രണ്ടുതരത്തിലുള്ള വിദ്യാർത്ഥികളെ സൃഷ്ടിച്ചത് തുടങ്ങിയവ നിലനിൽക്കുന്ന സർവ്വകലാശാലകൾക്ക് ദയവായി മഹാത്മാഗാന്ധിയുടെ പേര് വിളിക്കാതെ ഇതൊക്കെ ചെയ്യുന്ന ആളുകൾ അവനവന്റെ പിതാമഹൻമാരുടെ പേരിടുന്നതാണ് നല്ലതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇക്കാര്യം ഞാൻ നേരത്തെ പറയാൻ വേണ്ടി എഴുതിവച്ചതായിരുന്നു, എന്നാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതിനെക്കുറിച്ചെല്ലാം പറയുകയുണ്ടായി. ഉന്നത വിദ്യാഭ്യാസത്തിന് വാസ്തവത്തിൽ ഒരു മന്ത്രിയുടെ ആവശ്യമില്ല. ഞാനിത് ഡോ. കെ. ടി. ജലീലിനോട് പറയുന്നതല്ല. ഞാനും ഡോ. കെ. ടി. ജലീലും തമ്മിൽ ഒരു പ്രശ്നവുമില്ല.

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. കെ. ബാബു</u>: സർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പേര് മഹാത്മാഗാന്ധി എന്നതിനുപകരം ഗാന്ധിയുടെ പേര് മാറ്റണമെന്നും ഇന്ന് നിലവിലുള്ള മന്ത്രിയുടെ പിതാമഹന്റെ പേരിടണമെന്ന് അധിക്ഷേപിക്കുന്ന സ്വരത്തിലുള്ള അദ്ദേഹത്തിന്റെ വാക്ക് സഭാരേഖകളിലുണ്ടാകാൻ പാടില്ല എന്നതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, അത് ഞാൻ പറഞ്ഞിട്ടില്ലാത്തതുകൊണ്ട് സഭാരേഖകളിൽനിന്നും പോകില്ല എന്നത് എനിക്ക് ഉറപ്പാണ്. സാധാരണ ഇത് ചെയ്യുന്നവരുടെ പിതാമഹൻമാരുടെ പേരെന്നാണ് ഞാൻ പറഞ്ഞത്. അത് സാധാരണ പറയാറുള്ളതാണ്. ഞങ്ങളുടെ നാട്ടിൽ ചില സ്കൂളുകളിലും കോളേജുകളിലുമൊക്കെ വിദ്യാർത്ഥികളുടെ അഡ്മിഷന് കൈക്കൂലി വാങ്ങിയപ്പോൾ മുസ്ലീം ലീഗുകാരനായ വലിയൊരു നേതാവ് പറഞ്ഞു, 'ചങ്ങാതിമാരെ ഈ സ്ഥാപനത്തിലൊക്കെ നിങ്ങളുടെ ബാപ്പയുടെ പേര് ഇട്ടുകൂടെ' എന്ന്. ആ ചോദ്യം വേറൊരു രീതിയിൽ പരിഷ്കരിച്ച് പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിന് ഒരു മന്ത്രി വേണ്ടെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഡോ. കെ. ടി. ജലീൽ വേണ്ടെന്നല്ല അതിനർത്ഥം. പ്രൈമറി എഡ്യുക്കേഷന് ഒരു മന്ത്രിയും ഡയറക്ടറേറ്റും വേണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഉന്നത വിദ്യാഭ്യാസത്തിന് സമൂഹത്തിൽ മന്ത്രിക്കൊരു ആലങ്കാരിക പദവി മാത്രമേയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിക്കുകയും അതെല്ലാവർക്കും അറിയാവുന്നൊരു കാര്യവുമാണ്. അദ്ദേഹത്തിന് അവിടെ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് ചെയ്യാൻ കാര്യങ്ങൾ ഉണ്ടാക്കുകയാണ്. അതാണ് പ്രശ്നം. അവനവനൊരു ജോലിയുമില്ല, പദവിയും ക്യാബിനറ്റ് റാങ്കുമുണ്ട്. സർവ്വകലാശാലകൾ സ്വതന്ത്രമായി പ്രവർത്തിക്കുമ്പോൾ ആ മന്ത്രി എന്ത് ചെയ്യും; അദ്ദേഹം ഓരോ സംഗതികൾ നടത്തി ജീവിക്കാൻ ശ്രമിക്കുകയാണ്, വേറെ കുഴപ്പമൊന്നുമില്ല. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ

വകുപ്പുമന്ത്രിയെ ഒഴിവാക്കിയിട്ട് പ്രൈമറി എഡ്യൂക്കേഷന് ഒരു ഡയറക്ടറേറ്റും അതിന്റെ മന്ത്രിയായി ഡോ. കെ. ടി. ജലീലിനെയും നിയമിച്ചാൽ എനിക്ക് സന്തോഷമാണ്. കേരളത്തിൽ കാര്യക്ഷമതയുള്ള ചട്ടങ്ങളും നിയമങ്ങളും പാലിക്കുന്ന എത്ര സർവ്വകലാശാലകളാണുള്ളത്. കേരളത്തിൽ എത്ര സർവ്വകലാശാലകളിൽ യോഗ്യരും പ്രാപ്തരുമായിട്ടുള്ള വൈസ് ചാൻസലർ, കൺട്രോളർമാർ, രജിസ്ട്രാർമാർ തുടങ്ങിയവരുണ്ടെന്ന് പരിശോധിച്ചാൽ ഉത്തരം നിരാശാജനകമായിരിക്കും. എത്ര ഉന്നതരായാലും കർശനമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. ആ ഉന്നതൻ മന്ത്രിയാണെങ്കിൽ എന്ത് ചെയ്യുമെന്നുള്ള ചോദ്യം അവശേഷിക്കുന്നു. സർവ്വകലാശാലകളുടെ സ്വാതന്ത്ര്യമാണ് അടുത്തകാലത്തായി ഇല്ലാതായത്. അത് ഒരു ദിവസം കൊണ്ടോ, ഒരു മാസം കൊണ്ടോ ആറുമാസം കൊണ്ടോ സംഭവിച്ചതാണെന്ന് ഞാൻ പറയുന്നില്ല. സർവ്വകലാശാലകൾക്ക് സ്വതന്ത്രമായ പരമാധികാരമുണ്ട്. സർവ്വകലാശാലകളിൽ ഗവേഷണം, പഠനം എന്നിവ നടത്തി ഉന്നതരായ ആളുകളെ വാർത്തെടുക്കണം. സാഹിത്യ-സാംസ്കാരിക നായകൻമാരും ശാസ്ത്രജ്ഞൻമാരും നോബൽ സമ്മാന ജേതാക്കളുമൊക്കെ വളർന്നുവരണം. അതൊക്കെയാണ് സർവ്വകലാശാലകളെക്കുറിച്ചുള്ള കൺസെപ്റ്റ്. നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകളിൽനിന്നും അത്തരം ആളുകൾ വരുന്നില്ല ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; 56 വയസ്സ് അല്ലെങ്കിൽ 4 വർഷം തികഞ്ഞ ആളുകളെ ഒഴിവാക്കി പുതിയ ആളുകളെ എടുക്കാമെന്നാണ്. രണ്ടാമതൊരു ചാൻസ് വന്നാൽ അവർക്ക് തന്നെ കൊടുക്കുകയാണ് ചെയ്യുന്നത്. എന്താണ് അതിന്റെ കാര്യം? എത്രയും പെട്ടെന്ന് ആളുകളുടെ കാലാവധി അവസാനിപ്പിച്ച് അവരെ പുറത്താക്കുന്നത് സ്വന്തക്കാരെയും തൽപ്പരകക്ഷികളെയും നിയമിക്കുന്നതിന് വേണ്ടിയാണ്. രണ്ടുദിവസം മുൻപ് ഞാൻ ഇക്കാര്യങ്ങളെല്ലാം പറഞ്ഞതാണ്, ഇവിടെ വരുന്ന എല്ലാ ബില്ലുകളും ഇങ്ങനെയുള്ളതാണ്. സ്ഥാപനങ്ങളിൽ ഒരു ഉദ്യോഗസ്ഥനെ വയ്ക്കാനും നിലവിലുള്ള കാലാവധി നീട്ടി കൊടുക്കാനും നേരത്തെയുള്ളവരെ പിരിച്ചുവിടാനും അല്ലാതെ ജനങ്ങളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള യാതൊരു നടപടികളും ഉണ്ടാകുന്നില്ല. അതിനുവേണ്ടിയുള്ള ബില്ലുകളൊന്നും വരുന്നില്ലെന്നത് പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ലോകത്തിൽ തന്നെ ഏറ്റവും മികച്ച സർവ്വകലാശാലയുള്ളത് അമേരിക്കയിലാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എനിക്ക് അതിനെക്കുറിച്ച് അറിയില്ല. ലോകത്തിലെ ഏറ്റവും മികച്ച നൂറ് സർവ്വകലാശാലകളിൽ 58 എണ്ണം അമേരിക്കയിലാണ്. പത്ത് സർവ്വകലാശാലകളെടുത്താൽ എട്ടെണ്ണം അമേരിക്കയിലാണ്. ഏറ്റവും നല്ല സ്കൂൾ വിദ്യാഭ്യാസം നടക്കുന്നത് ദക്ഷിണ കൊറിയയിലും ഇംഗ്ലണ്ടിലുമൊക്കെയാണ്. അമേരിക്കയിലുള്ള മികച്ച സർവ്വകലാശാലകളിൽ പഠിച്ച് നോബൽ സമ്മാനവും വാങ്ങി അവിടെ അദ്ധ്യാപകരായ ആളുകളുണ്ട്. നാസയുടെ ബഹിരാകാശ

പര്യവേക്ഷണത്തിന് ആവശ്യമായ ഭാഗങ്ങളൊക്കെ അമേരിക്കൻ സർവ്വകലാശാല കളിൽ പഠിക്കുന്ന കുട്ടികൾ അവരുടെ ലബോറട്ടറികളിൽ നിർമ്മിച്ച് നൽകുന്നുണ്ട്. അത് അവരുടെ നിലവാരമാണ്. അങ്ങനെ എന്താണ് ഇതുവരെ നമുക്ക് ചെയ്യാൻ സാധിച്ചിട്ടുള്ളത്; നമുക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് ആലോചിക്കേണ്ട ഒരു കാര്യമാണ്. അതുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുക, സർവ്വകലാ ശാലകളെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ശരിയായ രീതിയിൽ നിറവേറ്റാൻ നമുക്ക് സാധിക്കുക ഇവയൊക്കെയാണ് അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾ. ഇന്ത്യയിൽ തക്ഷശില എന്ന സർവ്വകലാശാലയെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ലോകത്തിൽ ഒരുസ്ഥലത്തും സർവ്വകലാശാല ഉണ്ടാകുന്നതിനുമുൻപ് ഇന്ത്യയിൽ തക്ഷശിലയുണ്ടായിരുന്നു. തക്ഷശില അത്രയും മികച്ച സർവ്വകലാശാലയും അറിവിന്റെ കേന്ദ്രവുമായിരുന്നു. അങ്ങനെയുള്ള സർവ്വകലാശാലയുണ്ടായിരുന്ന രാജ്യമാണ് ഇന്ത്യ. അതിനുശേഷം എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷമാണ് അമേരിക്കയിലും മറ്റുസ്ഥലങ്ങളിലും നല്ല സർവ്വകലാശാലകളുണ്ടായത്. അതൊക്കെ ഇപ്പോൾ നഷ്ടപ്പെട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മികച്ച പ്രതിഭാശാലികളെ വാർത്തെടുക്കാൻ ഗവേഷണങ്ങൾ നടത്തുന്നതിന് സാധ്യമായ സർവ്വകലാശാലകൾ വരണമെന്നത് ഗൗരവതരമായി ആലോചിക്കേണ്ടൊരു കാര്യമാണ്. കേരളത്തിന്റെ സർവ്വകലാ ശാലകളൊക്കെ മോശമാകുന്നതിന് സർവ്വകലാശാലകളെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നമ്മളും കൂടി നന്നായാൽ മാത്രമേ സർവ്വകലാശാലകൾ നന്നാകുകയുള്ളൂ വെന്നാണ് എനിക്ക് തോന്നുന്നത്. നമുക്ക് നമ്മുടെ അത്രയും സൗന്ദര്യമുള്ള കുട്ടികളല്ലേ ഉണ്ടാകുകയുള്ളൂ; നമ്മളേക്കാൾ സൗന്ദര്യമുള്ള അയൽപക്കക്കാരന്റെ സൗന്ദര്യം നമ്മുടെ കുട്ടികൾക്കുണ്ടാകില്ല. അതുകൊണ്ട് നമ്മൾ എടുക്കുന്ന നിലപാടുകൾ ശരിയാണോയെന്ന് ആലോചിക്കേണ്ടതുണ്ട്. രാഷ്ട്രീയ അതിപ്രസരവും തർക്കങ്ങ ളുമൊക്കെ സർവ്വകലാശാലകളിൽ നമ്മുടെ കുട്ടികൾ കോപ്പിയടിച്ചാൽ നമുക്ക് തെറ്റുപറയാൻ സാധിക്കുമോ; സർവ്വകലാശാലയുടെ പ്രശ്നങ്ങളിൽ ഇടിമുറികൾ, ആയുധങ്ങൾ ശേഖരിച്ച് വച്ചിട്ടുള്ള ഹോസ്റ്റലുകൾ, സംഘർഷങ്ങൾ, ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളുണ്ട്. ഇടിമുറികളിലൊക്കെ താൽപര്യമുള്ളവർക്കായി ഒരു കോഴ്സ് നടത്തണം. അതിൽ നല്ല ഇടിയൻ മാരുണ്ടെങ്കിൽ അവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കണം. If they are so much interested. അല്ലാതെ സ്വകാര്യമായി രാഷ്ട്രീയ എതിരാളികളെ ഇടിക്കാനുള്ള ഒരു സ്ഥലം അനുവദിച്ചുകൊടുക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് സർവ്വകലാശാലകൾ വലിയ മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. മലയാളം സർവ്വകലാശാലയെക്കുറിച്ച് ഇവിടെ നേരത്തെ സംസാരിച്ചപ്പോൾ ആരോ പറഞ്ഞു; ഭൂമിയെടുപ്പൊക്കെ വലിയ വിഷയമാക്കേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല എന്ന്.

'കയ്പുപോയൊരു പടുകാഞ്ഞിര

മരത്തിന്റെ പച്ചില ചാർത്തിന്നിടയ്ക്ക്

അശിരീരിയായിരുന്നോ ഗന്ധർവ്വൻ അതോ

ഗന്ധർവ്വൻ പോറ്റും കിളിപൈതലോ

കാലത്രയ സാക്ഷിയായ് ഗാനം ചെയ്വൂ'

എന്ന് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെക്കുറിച്ച് ഒരു കവി പാടിയിട്ടുണ്ട്. തുഞ്ചൻ പറമ്പിലെ കാഞ്ഞിര മരത്തിന് അദ്ദേഹത്തിന്റെ ഭാഷാമാധുര്യം കൊണ്ട് കയ്പില്ലാതായി. അത്ര ആലങ്കാരികമായും ഭാവനാസമ്പന്നമായും കവികൾ വരെ പാടിയിട്ടുള്ള തുഞ്ചൻപറമ്പിൽ തുഞ്ചന്റെ പേരിൽ ഒരു മലയാളം സർവ്വകലാശാല തുടങ്ങിയിട്ട് ഒരാവശ്യവുമില്ലാതെ ഭൂമിയെടുപ്പ് വിവാദം അവിടെയുണ്ടാക്കേണ്ട കാര്യമുണ്ടായിരുന്നോ; നമ്മൾ തന്നെയാണ് അതിനെ ചീത്തയാക്കുന്നതെന്നുള്ള ഒരു സാഹചര്യമുണ്ടാകുന്നു. നമ്മുടെ കുട്ടികൾ സത്യം പറയുന്നവരും നീതിബോധ മുള്ളവരും ജനാധിപത്യ ബോധമുള്ളവരുമായി വരണം. അടുത്ത കാലത്ത് നമ്മുടെ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് രാഷ്ട്രീയ പ്രവർത്തനം അനുവദിച്ചുകൊണ്ടുള്ള തീരുമാനം സ്വാഗതാർഹമാണ്. ശരിയായ രാഷ്ട്രീയ കാഴ്ചപ്പാടുകളും വീക്ഷണങ്ങളുമുള്ള ആളുകളെ വളർത്തിയെടുത്ത്, അവർ ശരിയായ സംവാദങ്ങളിൽ ഏതുപ്രകാരം ഏർപ്പെടണമെന്ന് പഠിപ്പിക്കേണ്ടത് നമ്മുടെ രാജ്യത്തിന് ആവശ്യമാണ്. അതില്ലാത്തതിന്റെ കുറവ് പല സ്ഥലങ്ങളിലും കാണുന്നുണ്ട്. 'ഒരു കർദിനാളല്ല കുറ്റപത്രച്ചുരുളുമായി ആയിരം കർദിനാൾമാർ ഒരുമിച്ച് വന്നാലും ഭൂമി ചുറ്റിത്തിരിയും ദിവാകര മണ്ഡലത്തെ' എന്ന് വയലാർ ഗലീലിയോയെ പ്രതിക്കൂട്ടിൽ കയറ്റി കുറ്റപത്രം വായിച്ച കർദിനാൾമാരെ നോക്കിപ്പറഞ്ഞു. കവിതയിലാണ് അത് വന്നതെങ്കിലും അതൊരു നിലപാടാണ്. ആ നിലപാടെടുക്കുന്ന തരത്തിൽ നമ്മുടെ കുട്ടികൾ വരണം. സത്യം പറയാനും അവർക്ക് മടിയുണ്ടാകരുത്, ധൈര്യമുണ്ടാകണം. 'ഒരു കർദിനാളല്ല കുറ്റപത്ര ച്ചുരുളുമായി ആയിരം കർദിനാൾമാർ ഒരുമിച്ച് വന്നാലും ഭൂമി ചുറ്റിത്തിരിയും ദിവാകര മണ്ഡലത്തെ' അതിനെ തടയാൻ നിങ്ങൾക്ക് സാധിക്കില്ല. അതുപോലെയുള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കുന്ന തരത്തിൽ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്. ആ തരത്തിലുള്ള പ്രവർത്തനങ്ങളാണോ ഇപ്പോൾ നടക്കുന്നത്? മഹാത്മാഗാന്ധിയെക്കുറിച്ച് ഇവിടെ പറഞ്ഞു, ഗാന്ധിജിയുടെ പേരിൽ ഇവിടെ സർവ്വകലാശാലകളുണ്ട്. പക്ഷെ ഗാന്ധിജി പറഞ്ഞത് ഞാൻ നല്ലൊരു ഹിന്ദുവാണെന്നാണ്. ഞാൻ നല്ലൊരു ഹിന്ദുവാണെന്ന് പറഞ്ഞ് ഗാന്ധിജി നിർത്തിയിരുന്നെങ്കിൽ വിഷയം എത്രമാത്രം വഷളാകുമായിരുന്നു. അദ്ദേഹം

എന്താണ് പറഞ്ഞത്, ഞാൻ നല്ലൊരു ഹിന്ദുവാണ്, അതുകൊണ്ടുതന്നെ ഞാൻ നല്ലൊരു മുസൽമാനും നല്ലൊരു ക്രൈസ്തവനുമാകുന്നു എന്നാണ്. അതാണ് മഹാത്മാ ഗാന്ധി. ആ സെക്യുലർ ഔട്ട്‌ലുക്ക് നമ്മുടെ കോളേജുകളിൽ നിന്ന് വരുന്ന കുട്ടികൾക്കുണ്ടോ? അപ്പോൾ ഒരാൾ നല്ലൊരു ഹിന്ദുവായാൽ അയാൾ നല്ലൊരു ക്രൈസ്തവനും നല്ലൊരു മുസ്ലീമും ആകുന്നതിന് തുല്യമാണ്. ഒരാൾ ഏത് മതത്തിൽ വിശ്വസിക്കുന്നുവോ ആ വിശ്വാസ പ്രമാണത്തെ ശരിയായ രീതിയിൽ മനസ്സിലാക്കി നിലനിന്നാൽ അതുതന്നെ ധാരാളമാണെന്ന മട്ടിലാണ് ഗാന്ധിജി സംസാരിച്ചത്. അതുപോലെ ജനാധിപത്യത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അത് കേൾക്കാത്തവർ ആരുമുണ്ടാകില്ല. വളരെ പ്രസിദ്ധമാണത്. ജനാധിപത്യം എന്നാൽ എന്താണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു ഓട്ട മത്സരത്തിൽ ഒരാൾ ജയിക്കുമ്പോൾ ഞാൻ ഒന്നാമനായി തീർന്നത് വേറെ ചിലർ എന്റെ കൂടെ ഓടാനുണ്ടായിരുന്നതു കൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുമ്പോഴാണ് ഞാൻ ജനാധിപത്യവാദിയായി തീരുന്നത്, അതാണ് ജനാധിപത്യം എന്നാണ് ഗാന്ധിജി പറഞ്ഞത്. അങ്ങനെയുള്ള മനോഭാവം നമ്മുടെ കുട്ടികളിൽ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? നല്ല കുട്ടികളെ സൃഷ്ടിക്കുവാനും രാജ്യത്തിന്റെ ഭാവി സംരക്ഷിക്കാനും ആവശ്യമായ നിലവാരത്തിലേയ്ക്ക് നമ്മുടെ സർവ്വകലാശാലകൾ വളർന്നുവരികയാണ് വേണ്ടത്. അതിന് യോഗ്യരായ തരത്തിലുള്ള വൈസ് ചാൻസലർമാർ, പരീക്ഷാ കൺട്രോളർമാർ, രജിസ്ട്രാർമാർ, ഫൈനാൻസ് ഓഫീസർമാർ, ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ ഇന്ന് നിർഭാഗ്യവശാൽ കേരളത്തിലെ സർവ്വകലാശാലകളിൽ ഇല്ല. എല്ലായിടത്തും പരീക്ഷ നടത്താൻ കൃത്യമായിട്ടുള്ള ഒരു കലണ്ടറില്ല. ധാരാളം പ്രശ്നങ്ങളുണ്ട്. തോറ്റവർ ജയിക്കുന്നു, ജയിച്ചവർ തോൽക്കുന്നു, പരീക്ഷാ ഫലമറിയാൻ താമസം നേരിടുന്നു, പേപ്പറുകൾ കാണാതാകുന്നു, ഓടകളിൽ നിന്ന് പരീക്ഷ പേപ്പർ കിട്ടുന്നു, എന്നിങ്ങനെ എന്തെല്ലാം പ്രശ്നങ്ങളാണ് ഓരോ ദിവസവും കേൾക്കുന്നത്. സർവ്വകലാശാല എന്നുപറയുന്ന കല ഇതാണോ. സർവ്വ കലാശാല ആയിത്തീരണമെങ്കിൽ അതനുസ രിച്ചുള്ള ഒരു നിലവാരത്തിലേയ്ക്ക് വരണ്ടേ. നമ്മുടെ രാജ്യം കണ്ടാലും ഇതെല്ലാം മനസ്സിലാകും. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി നോക്കിയാൽ, തൂങ്ങിക്കിടക്കുന്ന ഇലക്ട്രിക് കമ്പികളും ചാഞ്ഞുകിടക്കുന്ന കാലുകളും പൊട്ടിപ്പൊളിഞ്ഞ റോഡുകളും ഓടയില്ലാത്ത ടൗണുകളും മാലിന്യങ്ങളുടെ കൂമ്പാരങ്ങളുമെല്ലാം കണ്ടാൽ നമ്മുടെ നിലവാരം ലോകത്തുള്ളവർ വിലയിരുത്തും. നമ്മൾ ആ നിലവാരത്തിലേ ഉള്ളൂവെങ്കിൽ സർവ്വകലാശാല മാത്രം ഉയർന്ന നിലവാരത്തിൽ എങ്ങനെ വരും. വിദ്യാഭ്യാസ ത്തിന് എന്തോ കുഴപ്പമുണ്ട്, നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ എന്തോ കുഴപ്പമുണ്ട്. നമ്മുടെ പൗരന്മാരെ വാർത്തെടുക്കുന്നതിൽ നമുക്ക് ഒരുപാട് വീഴ്ചകൾ പറ്റുന്നുണ്ട്. നമ്മൾ ഇതുപോലെയുള്ള പ്രശ്നങ്ങൾ വേറെ എവിടെയെങ്കിലും

കണ്ടിട്ടുണ്ടോ? അതുപോലെ സീറ്റ് കിട്ടാത്തവർക്ക് പ്രൈവറ്റ് രജിസ്ട്രേഷനുണ്ട്, ഡിസ്റ്റൻസ് എഡ്യൂക്കേഷനുണ്ട്, പാരലൽ കോളേജുകളുണ്ട്. പാരലൽ കോളേജുകളിൽ പഠിക്കുന്ന പതിനായിരക്കണക്കിന് കുട്ടികളുണ്ട്. ഒരുപാടുപേർ അതുകൊണ്ട് ജീവിക്കുന്നുണ്ട്. അവിടെ പഠിപ്പിക്കുന്നവരും നോൺ-ടീച്ചിംഗ് സ്റ്റാഫുമുണ്ട്. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നതിന് ഇപ്പോൾ ചില തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തേണ്ടത് ആവശ്യമാണ്.

ഡോ. എൻ. ജയരാജ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാ ശാലകളുടെ മികവിന്റെ കുറവിനെക്കുറിച്ചും അതിന്റെ ക്വാളിറ്റി കുറവിനെക്കുറിച്ചും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ സർവ്വകലാശാലകളുടെ മാത്രം പ്രശ്നമല്ല അത്. കാലാകാലങ്ങളായി ഇരുപക്ഷത്തും മാറിമാറി വരുന്ന ഗവൺ മെന്റുകളാണ് എസ്.എസ്.എൽ.സി. മുതലുള്ള പരീക്ഷകളിലെ റിസൾട്ട് 97%, 98%, 99% എന്നിങ്ങനെയാണ്. ആകെ പരീക്ഷയെഴുതുന്നതിൽ വളരെക്കുറച്ച് കുട്ടികൾ മാത്രം തോൽക്കുന്ന ഒരു പരീക്ഷയായി ഇത് മാറുകയാണ്. ഒന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെ പരീക്ഷയില്ലാതെ നിരന്തരം വിജയിപ്പിച്ച് കൊണ്ടുവന്ന് തുടക്കത്തിൽ തന്നെ അതിന്റെ ക്വാളിറ്റി ഇല്ലാതാക്കി. ആ കുട്ടികളാണ് പിന്നീട് പ്ലസ്ടുവിലേയ്ക്കും അതിനുശേഷം കോളേജിലേയ്ക്കും വരുന്നത്. തുടക്കത്തിലുള്ള നിലവാരം മാത്രമേ അവർക്ക് തുടർന്നും ഉണ്ടാവുകയുള്ളൂ. സർവ്വകലാശാലകളുടെ പേര് മാറിയതുകൊണ്ടോ അന്തരീക്ഷം മാറുന്നതോ കൊണ്ടല്ല, യഥാർത്ഥത്തിൽ തുടക്കത്തിൽത്തന്നെ മാറ്റങ്ങളുണ്ടാക്കിയെങ്കിൽ മാത്രമേ ഉന്നത വിദ്യാഭ്യാസ ത്തിലേയ്ക്ക് വരുമ്പോൾ കുട്ടികളുടെ ക്വാളിറ്റി വർദ്ധിക്കാൻ ഇടയാകൂ എന്നുള്ള ആശയത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. പ്രൈമറി സ്കൂളിന് പ്രൈമറി ഡയറക്ടറേറ്റ് വേണമെന്ന് ഞാൻ പറയാൻ കാരണം അതാണ്. ചെറിയ ക്ലാസിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് സാലറി കുറവായിരിക്കും. കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ഒന്ന് മുതൽ ഒന്നര ലക്ഷം വരെ കിട്ടും. വാസ്തവത്തിൽ യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്നുണ്ടോ; ഇല്ലല്ലോ. പഠിപ്പി ക്കുന്നത് താഴെയുള്ള ക്ലാസിലാണ്. വാസ്തവത്തിൽ വലിയ ശമ്പളം കൊടുക്കേണ്ടത് എൽ.പി. സ്കൂളിലാണ്. കുട്ടികളെ പഠിപ്പിക്കുന്നതിന്റെ ബുദ്ധിമുട്ട് അവർക്കാണ്. മുകളിലുള്ളവർക്ക് ഗൈഡൻസ് മാത്രം കൊടുത്താൽ മതി. ചെറിയ ക്ലാസിൽ നിന്ന് വളർന്നുവരുന്ന ഫീഡർ കാറ്റഗറിയിൽപ്പെട്ട കുട്ടികൾ നല്ല നിലവാരമുള്ളവരായെങ്കിലേ കോളേജിലെത്തുമ്പോൾ നന്നാവുകയുള്ളൂ. അതല്ലാതെ ഒരു സുപ്രഭാതത്തിൽ കോളേജിലെത്തുമ്പോൾ മാറുന്നതല്ല അത്. ഇവിടത്തെ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിലെല്ലാം ഞാനും എന്റെ മക്കളെ പഠിപ്പിച്ചിട്ടുണ്ട്. എന്റെ

മകൻ പഠിച്ച ഒരു മെഡിക്കൽ കോളേജിലെ പി.ടി.എ. മീറ്റിംഗിൽ ഞാൻ പോയപ്പോൾ അവിടത്തെ ഹോസ്റ്റലിലും പോയി. ക്ലാസ് തുടങ്ങിയിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. അവിടത്തെ പി.ടി.എ.-ക്കാരുമായും ഹോസ്റ്റൽ വാർഡനോടും മേട്രനോടുമെല്ലാം സംസാരിച്ച അവസരത്തിൽ ഹോസ്റ്റലും അവിടെ താമസിക്കുന്ന കുട്ടികളും മര്യാദക്കാരാണോയെന്ന് ചോദിച്ചപ്പോൾ സാറിന്റെ മകനും വേറൊരു കുട്ടിയുമൊഴിച്ച് ഇവിടെയുള്ള ബാക്കിയെല്ലാവരും വെള്ളമടിക്കുമെന്നാണ് വാർഡൻ പറഞ്ഞത്. ഇതൊരു സാധാരണ സംഭവമാണ്. സ്കൂൾ ക്ലാസിലെല്ലാം നന്നായി വളരുന്ന കുട്ടികൾ അവിടെ എത്തുമ്പോൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തീരുന്നു. രക്ഷിതാക്കൾ ഈ വിവരം അറിയുന്നില്ല. ചെറിയ സ്കൂളുകളിലും ഹൈസ്കൂളുകളിലുമെല്ലാം ഇന്ന് എന്തെല്ലാം മൂല്യച്യുതികളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം നമ്മൾ പരിശോധിക്കേണ്ട കാര്യമാണ്. എന്റെ പ്രായത്തിലുള്ള ആളുകൾ കുട്ടികളായിരുന്ന കാലത്ത് നമ്മൾ കുറച്ച് കാര്യങ്ങളെല്ലാം കാണാതെ പഠിച്ച് ജയിച്ചുവന്നവരാണ്. നമ്മൾ വലിയ ഗവേഷണമൊന്നും നടത്തി ജയിച്ചവരല്ല. നമ്മൾ കുറേ കാര്യങ്ങൾ കാണാതെ പഠിച്ച്, 'When a substance is immersed in a liquid, it suffers an apparent loss of weight which is equal to the weight of the liquid displaced by the body.' എന്ന ആർക്കിമെഡീസ് പ്രിൻസിപ്പിൾ 1970-ൽ കനകവല്ലി ടീച്ചർ പഠിപ്പിച്ചതാണ്. അത് ഇപ്പോഴും ഓർത്തിരിക്കുകയാണ്. അങ്ങനെയെല്ലാമാണ് നമ്മൾ മാർക്ക് വാങ്ങിയത്. ഇന്ന് അതുവല്ലതും പറ്റുമോ? " രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളെയും വണ്ടും ഞണ്ടും വടിവൊട്ട കളിക്കുന്ന കച്ചങ്ങളെയും തണ്ടുംകെട്ടി തരമൊട് ചരിക്കുന്ന വള്ളങ്ങളെയും കണ്ടുംകൊണ്ടാ ചെറുപുഴകൾ തൻ തീരമാർഗ്ഗേണ പോകാ, വഞ്ചിക്ഷോണിക്കൊരു തിലകമാമപുരത്തേക്ക് പോകും വഞ്ചിക്കൂട്ടം വരുമളവിലെ തോട്ടുവാരത്തൊതുങ്ങി വഞ്ചിക്കേണമേറെ മരനീരുള്ളിലുണ്ടാകമൂലം വഞ്ചിത്ത ഭ്രാന്തെഴമരയരാം നാവികക്കയ്യരേ നീ കണ്ടാലാർക്കും കൃതകപതകം തന്നെയാണെന്നതല്ലാതുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണ മവ്വെണ്ണമായി മിണ്ടാതെ കണ്ടതിനുമുകളിൽചേർന്ന ചേണാർന്ന നിന്നെ കൊണ്ടാട്ടും കണ്ടിരുകരയിലും നോക്കി നിൽക്കുന്ന ലോകം" എന്ന് 1968-ൽ ഗോപാലൻ മാഷ് പഠിപ്പിച്ചതാണ്. അങ്ങനെയാണ് നമ്മൾ ജയിച്ചത്. ഇപ്പോൾ അത് പറ്റുമോ? ഇത്നാ ഹീ ഛക്കർ ഘാകർ ഛങ്കോംനെ ഛട്നാ സീഘാ ഗുരു ഗിരിവർസെ ഗിർഗിർ കർ നദിയോംനെ ബഹ്നാ സീഖാ, സിർ പാക് പാക് പത്തർ പർ ചരണോംനെ ചർണാ സീഖാ എന്ന് 1970-ൽ സരസ്വതി ടീച്ചർ പഠിപ്പിച്ചതാണ്. അതൊന്നും ദാനം കിട്ടിയതല്ല. പരീക്ഷയെഴുതി ജയിച്ചതാണ്. അദാലത്തിൽ ജയിച്ചതല്ല. ഇന്ന് കാലോചിതമായിട്ടുള്ള കാര്യങ്ങൾ സിലബസിലുണ്ടോ, അത് പഠിപ്പിക്കുന്നുണ്ടോ, പുതിയ

കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടോ? നമ്മൾ ഇപ്പോഴും പഴയ കാര്യങ്ങളല്ലേ പഠിപ്പിക്കുന്നത്. ഇന്നത്തെ ഇന്ത്യ എന്താണ്, ഇന്ന് ആരാണ് പ്രധാനമന്ത്രി, ഇന്നത്തെ ഗവൺമെന്റിന്റെ സാമ്പത്തികനയം എന്താണ്, എന്താണ് ഗ്ലോബലൈസേഷൻ, എന്താണ് പ്രൈവറ്റൈസേഷൻ, എന്താണ് വ്യവസായ നയം എന്നീ കാര്യങ്ങളൊന്നും നമ്മുടെ കുട്ടികൾക്കറിയില്ല. ഇനി 30 കൊല്ലം കഴിഞ്ഞ് പറഞ്ഞുകൊടുക്കുമോ, Once upon a time there was one Narendra Modi, he was the Prime Minister എന്ന്. എന്തിനാണത്; അപ്പോൾ കുട്ടികൾക്ക് താല്പര്യമുണ്ടാകുമോ?

മി. സ്പീക്കർ: 20 മിനിട്ടായി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാനൊന്നും പറയുന്നില്ല. ഞാൻ പറഞ്ഞിട്ട് പാവം ഡെപ്യൂട്ടി സ്പീക്കർക്ക് സുഖമില്ലാതായി. അതുകൊണ്ട് ഞാൻ അങ്ങയോടത് പറയില്ല. ആയുരാരോഗ്യ സൗഭാഗ്യത്തോടുകൂടി അങ്ങ് ദീർഘനാൾ ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു സാധുവാണ് ഞാൻ. അതുകൊണ്ട് ഞാനൊന്നും പറയുന്നില്ല. ഞാൻ നിർത്താം. അങ്ങ് വരുന്നതിന് മുമ്പ് ഇവിടെ ഇഷ്ടംപോലെ സംസാരം നടന്നു. നമ്മുടെ സമയമാകുമ്പോൾ അങ്ങ് വരും. നമുക്കുള്ള ബുദ്ധിമുട്ട് അതാണ്. ഞാൻ ചുരുക്കാം. I'm fully aware of that. സമയം കളയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പണ്ട് ഹിസ്റ്ററിയിൽ പഠിച്ചത് 1600-ലാണ് ഈസ്റ്റ് ഇന്ത്യാ കമ്പനി വന്നത്, 1885-ലാണ് അലൻ ഒക്ടേവിയൻ ഹ്യൂം ഇന്ത്യയിൽ വന്ന് കോൺഗ്രസ് രൂപീകരിച്ചത്, 1857-ലാണ് ഒന്നാം സ്വാതന്ത്ര്യ സമരം, 1858-ലാണ് ഇന്ത്യയുടെ ഭരണം നേരിട്ട് ബ്രിട്ടീഷുകാർ ഏറ്റെടുത്തത്, 1935-ലാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് വന്നത് എന്നൊക്കെയാണ്. ദൈവം സഹായിച്ച് ഒരു മനുഷ്യനും ഇന്നുവരെ എന്നാണ് ഈസ്റ്റ് ഇൻഡ്യാ കമ്പനി വന്നതെന്ന് എന്നോട് ചോദിച്ചിട്ടില്ല. അതിന്റെ ഒരാവശ്യവും വന്നിട്ടില്ല. അങ്ങനെയുള്ള വിദ്യാഭ്യാസത്തിന്റെ കാലം കഴിഞ്ഞുവെന്നാണ് ഞാൻ പറയുന്നത്. നമ്മുടെ കുട്ടികൾ ഇപ്പോൾ കാൾ സെന്ററുകളിൽ ഇന്റർവ്യൂവിന് പോയി. എറണാകുളത്ത് മലയാളികളായ കുട്ടികൾ എഴുത്ത് പരീക്ഷയിൽ ഇംഗ്ലീഷിന് അമേരിക്കക്കാരനെക്കാൾ മാർക്കുവാങ്ങി. പക്ഷേ, അവരെ ഇന്റർവ്യൂ ചെയ്തപ്പോൾ അവർക്ക് നല്ല ഇംഗ്ലീഷ് അറിയാമെങ്കിലും സംസാരിക്കാനറിയില്ല. അതുകൊണ്ട് തോറ്റു. Sweet potato is cultivated in California and Chicago (അമേരിക്കൻ ഉച്ചാരണരീതിയിൽ) എന്ന് എത്ര മലയാളികൾക്ക് പറയാൻ സാധിക്കും? അതുപറയാൻ സാധിക്കാത്തതുകൊണ്ട്, അവർക്ക് അമേരിക്കക്കാരും ഫ്രഞ്ചുകാരുമായി രാത്രിയും പകലും ഒരുപോലെ സംസാരിക്കാൻ സാധിക്കാത്തതുകൊണ്ട് മാർക്ക് കിട്ടിയില്ല, ജയിച്ചുമില്ല. ഉച്ചാരണവും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷുമൊക്കെ വളരെ പ്രധാനപ്പെട്ട ഒരു കാലമാണ്. അതുപോലെ ലോകത്ത് ഏതെല്ലാം കോഴ്സുകൾ

പുതിയതായുണ്ട്, എന്തൊക്കെ പഠിച്ചാൽ എവിടെയൊക്കെ എത്താം, എന്നാണ് തുടങ്ങുന്നത്, ഏത് യൂണിവേഴ്സിറ്റികളിലാണുള്ളത്, ഫീസ് എത്രയാണ് എന്നൊക്കെ നമ്മുടെ കുട്ടികൾക്കറിയാൻ വിദ്യാഭ്യാസ വകുപ്പുതന്നെ എല്ലാ വർഷവും അപ്ഡേറ്റ് ചെയ്ത് ഒരു ഗൈഡ് ഇറക്കി രക്ഷിതാക്കൾക്ക് വിതരണം ചെയ്യണം. ഞാൻ മുമ്പൊരിക്കൽ ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് ചെയ്തില്ല. എന്നാൽ ഇപ്പോഴെങ്കിലും അങ്ങനെയൊരു നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്കുതോന്നുന്നത്. ആ തരത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ നിലവാരമുയർത്തുന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളൊന്നും ശുഭസൂചകമല്ല. ആദരണീയനായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ഭരണം നന്നാക്കാനും കേരളത്തിന്റെ വികസനത്തിനും സഹായിക്കുന്ന തരത്തിൽ ആളുകളുമായി ചർച്ച ചെയ്ത് പുതിയ ആശയങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് പത്രത്തിൽ വായിച്ചു. സബ്ജക്ട് ടു കറക്ഷനാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന് കുറച്ച് ആശയങ്ങൾ പറഞ്ഞുകൊടുക്കാൻ ഞങ്ങളോടുമൊക്കെ ചോദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം സ്വീകരിക്കുമോ ഇല്ലയോ എന്നുള്ളതല്ല. ആദ്യമായി വേണ്ടത് ഈ മന്ത്രിസഭ ചെറുതായി പുനഃസംഘടിപ്പിക്കണം. കുറച്ചാളുകളെ പുറത്താക്കണം. ഉദ്യോഗസ്ഥതലത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ തലപ്പത്തുള്ള കുറച്ചാളുകളെ ഒഴിവാക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കുറച്ചുകൂടി ജനകീയത കൊണ്ടുവരികയും കാർക്കശ്യവും കുറയ്ക്കുകയും ചെയ്യുകയാണെങ്കിൽ അത് നല്ലതാണ്. ഒരുപാട് നല്ല ഉപദേശങ്ങൾ സ്വീകരിക്കാൻ അദ്ദേഹം തയ്യാറാണെങ്കിൽ നല്ല കാര്യമാണ്. പക്ഷേ, ഞാനിതൊക്കെ പറയുന്നതുകേട്ട് അദ്ദേഹം ഇതൊന്നും ചെയ്യരുതെന്നാണ് എന്റെ അഭിപ്രായം. നിങ്ങൾ ഇങ്ങനെ പോകുന്നതാണ് ഞങ്ങൾക്ക് നല്ലത്. അടുത്ത തെരഞ്ഞെടുപ്പിൽ അതിന്റെ ഗുണം കിട്ടണമെങ്കിൽ ഈയൊരുരീതിയിൽ സർവ്വകലാശാലയും അദാലത്തുമൊക്കെയായി പോകണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ തകർച്ചയാണ് സംഭവിക്കുന്നതെന്ന് ചില അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. എല്ലാ സർവ്വകലാശാലകളും സമയബന്ധിതമായി പരീക്ഷ നടത്തിയതും റിസൽട്ട് പ്രസിദ്ധീകരിച്ചതുമാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഭവിച്ച തകർച്ച. ഈ അദ്ധ്യയന വർഷം ജൂൺ 24-ന് ഒന്നാം ഡിഗ്രി ക്ലാസുകളും മുൻ വർഷങ്ങളുടെതിനേക്കാൾ 75 ദിവസം മുമ്പ് ജൂൺ 17-ന് പോസ്റ്റ് ഗ്രാജ്വേഷൻ ഒന്നാം വർഷ ക്ലാസുകളും തുടങ്ങാനായി എന്നതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഭവിച്ച

തകർച്ച. ഒന്നാം വർഷ എൽ.എൽ.ബി. ക്ലാസുകൾ രണ്ട് മാസം മുമ്പ് ഇക്കൊല്ലം തുടങ്ങിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഭവിച്ച തകർച്ച. ഒരു കാരണവശാലും വിദ്യാർത്ഥികൾ പകപോക്കലിന് വിധേയമാകരുതെന്ന ഉദ്ദേശ്യത്തോടെ ഇന്റേണൽ അസസ്മെന്റിൽ വിജയിക്കാൻ മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് സംഭവിച്ച തകർച്ച. ഓരോ വർഷത്തെയും ഡിഗ്രി റിസൽട്ടുകൾ ഏപ്രിൽ മാസം 30-ന് മുമ്പും പി.ജി. റിസൽട്ടുകൾ മേയ് മാസം 30-ന് മുമ്പും പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായ തകർച്ച. എൽ.എൽ.ബി., എൽ.എൽ.എം. പ്രവേശന പരീക്ഷകൾ ഇപ്രാവശ്യം ഓൺലൈനായി നടത്താൻ സാധിച്ചു എന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായ തകർച്ച. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പരസ്പരം ഡിഗ്രികൾ അംഗീകരിക്കണമെന്നും അതോടൊപ്പം കേന്ദ്ര സംസ്ഥാന സർവ്വകലാശാലകളുടെയും ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളുടെയും ഡിഗ്രികൾക്ക് ഇക്വലൻസി ആവശ്യപ്പെടരുതെന്നും നിർദ്ദേശിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള തകർച്ച. എല്ലാ സർവ്വകലാശാലകളും എല്ലാ സർട്ടിഫിക്കറ്റുകളും 2020 ജനുവരി ഒന്ന് മുതൽ ഓൺലൈനിൽ നൽകാനുള്ള സംവിധാനങ്ങളൊരുക്കണമെന്നും അതിനനുസരിച്ച് സർവ്വകലാശാലകൾ നീങ്ങുന്ന എന്നുള്ളതുമാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള തകർച്ച. സംസ്ഥാനത്തെ അഞ്ച് സർവ്വകലാശാലകളിൽ ഒരു വിവാദത്തിനും ഇടനൽകാതെ പ്രഗത്ഭരായിട്ടുള്ള വി.സി.മാരെ നിയമിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള തകർച്ച. എല്ലാ സർവ്വകലാശാലകളിലും സിലബസ് പരിഷ്കരണം ആരംഭിച്ചു എന്നതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള തകർച്ച. സംസ്ഥാനത്ത് ആദ്യമായി ആർട്ടിഫിഷ്യൽ എഞ്ചിനീയറിംഗിലും റോബോട്ടിക്കിലും ഇന്റീരിയർ ഡിസൈനിംഗിലും ബി.ടെക്. കോഴ്സുകൾ ആരംഭിച്ചു എന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള തകർച്ച. കഴിഞ്ഞ അദ്ധ്യയന വർഷം പതിനയ്യായിരത്തിലധികം സീറ്റുകൾ ഗവൺമെന്റ് എയ്ഡഡ് സ്വാശ്രയ കോളേജുകളിൽ ഇൻടേക്ക് സ്ഥായിയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയെന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. 2019-20 അദ്ധ്യയനവർഷം സൗകര്യങ്ങളുള്ള എല്ലാ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും ഒരു ഡിഗ്രി കോഴ്സോ അല്ലെങ്കിൽ ഒരു പി.ജി. കോഴ്സോ നൽകിയെന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. സർക്കാർ കോളേജുകളിൽ 2018-19-ൽ 47 പുതിയ കോഴ്സുകൾ ആരംഭിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാത്ത അദ്ധ്യാപകരുടെ ശമ്പളം എഴുതേണ്ടതില്ലെന്ന് ബന്ധപ്പെട്ടവർക്ക് ഉത്തരവ് നൽകിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. അപേക്ഷകരില്ലാതെ ഒഴിഞ്ഞു കിടന്നിരുന്ന സർവ്വകലാശാലകളിലെയും കോളേജുകളിലെയും സംവരണ

സീറ്റുകൾ അർഹതപ്പെട്ടവർക്ക് നൽകാൻ തീരുമാനിച്ച് നിരവധി കുട്ടികൾക്ക് പഠിക്കാൻ അവസരം ഒരുക്കിയെന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നാഷണൽ സർവ്വീസ് സ്കീമിന്റെ യൂണിറ്റുകൾ ആരംഭിക്കണമെന്ന് തീരുമാനിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. സംസ്ഥാനത്തെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാക്കുന്ന നടപടികൾ പൂർത്തിയാക്കിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത, അക്കാദമിക യാത്രകൾക്ക് യൂണിവേഴ്സിറ്റി കോളേജ് അദ്ധ്യാപകർക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്ന വ്യവസ്ഥ വേണ്ടെന്നുവച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിക്ക് കൊല്ലത്ത് ഒരു പുതിയ കേന്ദ്രം തുടങ്ങാനായിയെന്നുള്ളതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. പോളിടെക്നിക് ഡിപ്ലോമയ്ക്ക് മാത്സും ഫിസിക്സും എടുത്തു പഠിച്ച് വിജയിച്ച  പ്ലസ് ടു വിദ്യാർത്ഥികൾക്ക് ലാറ്ററൽ എൻട്രി ഏർപ്പെടുത്തിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അദ്ധ്യാപക രക്ഷകർതൃ സമിതികൾ  നിർബന്ധമാക്കി ഉത്തരവിറക്കിയതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. മൂല്യനിർണ്ണയത്തിൽ പിഴവ് വരുത്തുന്ന അദ്ധ്യാപകർക്ക് കനത്ത പിഴ ചുമത്താൻ തീരുമാനിച്ചതാണോ ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർച്ച. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായ നിരവധി മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങളിൽ അസഹിഷ്ണുതയുള്ളവരാണ് അതിനെതിരായി ഇന്ന് ഉന്നത വിദ്യാഭ്യാസ മേഖല താറുമാറാണെന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

നിലവിൽ സംസ്കൃത സർവ്വകലാശാലയിൽ രജിസ്ട്രാറുടെ നിയമന കാലാവധി നാല് വർഷമാണ്. ആരാണ് ആ ആക്ട് കൊണ്ടുവന്നതെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. സമാന രീതിയിലേയ്ക്ക് മറ്റ് സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാലാവധി മാറ്റുക മാത്രമാണ് ചെയ്യുന്നത്.  രജിസ്ട്രാർ തസ്തികയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ നിയമിതനായിരിക്കുന്നത് ഡോ. സി. എൽ. ജോഷിയാണ്. അതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത ഡോ. ജോഷിക്കുണ്ട്. എയ്ഡഡ് കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകർ ഈ തസ്തികകളിലേയ്ക്ക് വരാൻ പാടില്ലെന്നുള്ള അഭിപ്രായം സർക്കാരിനില്ല. എന്നാൽ ഏത് മേഖലയിൽ നിന്നുള്ളവരായാലും അവർക്ക് നിശ്ചിത കാലാവധി വേണമെന്നേ ഈ നിയമഭേദഗതിയിൽ പറയുന്നുള്ളൂ. വി.സി.-യുടെയും പി.വി.സി.-യുടെയും കാലാവധി നാല് വർഷമാണ്. സമാനമായി രജിസ്ട്രാറുടെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയും ഫിനാൻസ് ഓഫീസറുടെയും കാലാവധി നിജപ്പെടുത്തുക

മാത്രമാണ് ചെയ്യുന്നത്. സർവ്വകലാശാലാ ഓർഡിനൻസ് കൊണ്ടുവന്നതിനെ തിരായി ഹൈക്കോടതിയിൽ അഞ്ച് കേസുകളാണ് പോയത്. അഞ്ച് കേസുകളിലും ഹൈക്കോടതി സർക്കാരിന്റെ നിലപാടുകൾ അംഗീകരിക്കുന്ന സ്ഥിതിയാണുണ്ടായത്. മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന വിവാദം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എത്തിയിരുന്നു. ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ അഭിപ്രായവും കൂടി കണക്കിലെടുത്താണ് ഇപ്പോൾ ഭൂമി ഏറ്റെടുത്തിരിക്കുന്നത്. മദ്രാസ് ഐ.ഐ.ടി.-യിൽ പൊലിഞ്ഞ ഫാത്തിമ ലത്തീഫിനെ ഇവിടെ അനുസ്മരിച്ചു. സമാനമായ അനുഭവം കേരളത്തിലുണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് ഫാത്തിമയുടെ വീടിന്റെ ഒരു വിളിപ്പാടകലെ തന്നെ താമസിക്കുന്ന ശ്രീഹരിയെന്ന മിടുക്കന്റെ ന്യായമായ ആവശ്യം സാങ്കേതിക സർവ്വകലാശാല അംഗീകരിച്ചു നൽകിയത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാറായി ഡോ. സി. എൽ. ജോഷിയെ നിയമിച്ചത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. കാലിക്കറ്റ് വാഴ്സിറ്റി രജിസ്ട്രാറായിരുന്ന ഡോ. അബ്ദുൾ മജീദിനെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് എം.എ.എം.ഒ. കോളേജിൽ നിയമിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. മാനേജ്മെന്റ് അദ്ദേഹത്തിന് നിയമനം നൽകിയില്ലെന്നുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് സംബന്ധിച്ച പരാതി ലഭിച്ചാൽ തീർച്ചയായും പരിശോധിച്ച് ഡോ. അബ്ദുൾ മജീദിന് ബുദ്ധിമുട്ടില്ലാത്ത വിധം കാര്യങ്ങൾ പരിഹരിച്ചുനൽകുന്നതാണ്. മലയാളം സർവ്വകലാശാലയ്ക്ക് ഭൂമിയേറ്റെടുത്ത് നൽകിക്കഴിഞ്ഞു. ഇതിനകം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ നൽകിയെങ്കിലും അതെല്ലാം കോടതി തള്ളുകയാണ് ചെയ്തത്. ഭൂമിയേറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രീൻ ട്രൈബ്യൂണലിന് മുമ്പിൽ വന്ന പരാതി സംബന്ധിച്ച റിപ്പോർട്ട് കളക്ടർ ഉടൻതന്നെ സമർപ്പിക്കുന്നതാണ്. സംസ്ഥാന സർക്കാർ, കോളേജ് യൂണിയൻ ചെയർമാൻമാരെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാല യൂണിയൻ ചെയർമാൻമാരെയും യൂണിയൻ ഭാരവാഹികളെയും നേതൃപരിശീലനത്തിനുവേണ്ടി യു.കെ.-യിലെ കാർഡിഫ് യൂണിവേഴ്സിറ്റിയിൽ ഒരാഴ്ച നീളുന്ന പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിന് പ്ലാനിംഗ് ബോർഡ് നേരത്തെ നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശമാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. അതിൽ ഗവൺമെന്റ് കോളേജുകളുടെ ചെയർമാൻമാരായി ഏത് പാർട്ടിയിലും വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും അവർക്ക് പോകാവുന്നതാണ്.

സർവ്വകലാശാലയുടെ മാർക്ക് ലിസ്റ്റുകൾ സ്വർണ്ണക്കടത്തുക്കാരന്റെ വീട്ടിൽ നിന്നും ലഭിച്ചുവെന്നുള്ള പരാമർശമുണ്ടായി. ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്, അവരുടെ അന്വേഷണത്തിനിടയിൽ സ്വർണ്ണക്കടത്ത് പ്രതിയുടെ വീട്ടിൽ നിന്നും കേരള സർവ്വകലാശാല മാർക്ക് ലിസ്റ്റുകൾ കണ്ടെത്തിയതായാണ് അറിയുന്നത്. അവർ ഇത് സർക്കാരിനോ സർവ്വകലാശാലയ്ക്കോ കൈമാറിയിട്ടില്ല. 2012-നു ശേഷം മാർക്ക് ലിസ്റ്റുകൾ computer printout ആയിട്ടാണ് സർവ്വകലാശാല നൽകുന്നത്. എന്നാൽ അതിനുമുമ്പുള്ള മാർക്ക് ലിസ്റ്റുകളാണ് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളതെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. പ്രസ്തുത മാർക്ക് ലിസ്റ്റുകളുടെ കോപ്പി ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ള്. ബഹുമാന്യനായ പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ഡി. സതീശനും കാലിക്കറ്റ് സർവ്വകലാശാലയിൽ 2012-ൽ നടന്നിട്ടുള്ള പോസ്റ്റ് മോഡറേഷൻ A.I.C.T.E.-യുടെ അംഗീകാരത്തോടുകൂടിയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഇറക്കിയിട്ടുള്ള ഉത്തരവാണിത്. ഈ ഉത്തരവിൽ A.I.C.T.E.-യുടെ അംഗീകാരത്തോടുകൂടിയോ അവരുടെ അനുമതിയോടുകൂടിയോ ആണ് ഉത്തരവിറക്കുന്നതെന്നുള്ള ഒരു വാചകം കാണിച്ചുതന്നാൽ നിങ്ങൾ പറയുന്നത് ഞാൻ കേൾക്കും. ആ ഉത്തരവിന്റെ കോപ്പിയാണിത്. നിങ്ങൾക്കും ആ ഉത്തരവിന്റെ കോപ്പി കിട്ടിയിട്ടുണ്ടാകും. അപ്പോൾ അവാസ്തവമായിട്ടുള്ള കാര്യങ്ങൾ പ്രത്യേകിച്ച് സഭയിൽ ഇതുമായി ബന്ധപ്പെട്ട് പറയുന്നത് ഉചിതമല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ സർവ്വകലാശാല ഇറക്കിയ ഉത്തരവിൽ A.I.C.T.E.-യുടെ അംഗീകാരമുണ്ടെന്നല്ല പറഞ്ഞത്. A.I.C.T.E. ഇതു സംബന്ധിച്ചുള്ള അനുവാദം കൊടുത്തിട്ടുണ്ടെന്നാണ് പറഞ്ഞത്. അതുസംബന്ധിച്ചുള്ള രേഖ ഞങ്ങൾ ഹാജരാക്കാം. സർവ്വകലാശാലയുടെ ഉത്തരവിലുണ്ടെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. ഇവിടെ യൂണിവേഴ്സിറ്റിയുടെ ഉത്തരവ് ഞങ്ങളാരും തെറ്റായി ക്വാട്ട് ചെയ്തിട്ടില്ലല്ലോ. A.I.C.T.E.-യുടെ അപ്രൂവലോടു കൂടിയാണ് അന്ന് കാലിക്കറ്റ് സർവ്വകലാശാല അത് ചെയ്തതെന്നാണ് ഞങ്ങൾ പറഞ്ഞത്. അത് തെളിയിക്കാൻ ഞങ്ങൾ തയ്യാറാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, 2004 മുതൽ 2012 വരെയുള്ള വിദ്യാർത്ഥികൾക്കാണ് 20 മാർക്ക് പോസ്റ്റ് മോഡറേഷൻ നൽകാൻ അന്ന് തീരുമാനിച്ചത്. അന്ന് യഥാർത്ഥത്തിൽ A.I.C.T.E. അങ്ങനെയൊരു തീരുമാനം യൂണിവേഴ്സിറ്റിയെ അറിയിച്ചിരുന്നുവെങ്കിൽ തീർച്ചയായും അത് യൂണിവേഴ്സിറ്റി ഇറക്കിയ ഉത്തരവിൽ പറയുമായിരുന്നു. ബാക്കി എല്ലാ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്, അക്കാദമിക് കൗൺസിൽ കൂടി തീരുമാനിച്ചതനുസരിച്ചാണ് ഇത്തരമൊരു പോസ്റ്റ് മോഡറേഷൻ

നൽകുന്നതെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. A.I.C.T.E.-യുടെ നിർദ്ദേശ ത്തെക്കുറിച്ച് ഒരു വാക്കുപോലും ഈ ഉത്തരവിൽ പറയുന്നില്ല. എം.ജി. യൂണിവേഴ്സി റ്റിയിൽ നടന്നത് എന്താണെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനറിയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ക്വാട്ട് ചെയ്ത രേഖയിൽ ഒരു കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങത് ഒന്നുകൂടി ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിക് കൗൺസിൽ കൂടിയതിനുശേഷമാണ് ഇത് ചെയ്തിട്ടുള്ള തെന്നാണ് പറഞ്ഞത്. പാസ് ബോർഡ് കണ്ടിട്ടില്ല. അത് പെൻഡിംഗാണ്. അവിടെ കാര്യങ്ങൾ പെൻഡിംഗിൽ നിൽക്കുമ്പോഴാണ് ഇവിടെ തീരുമാനമെടുത്തത്.

ഡോ. കെ. ടി. ജലീൽ: സർ, ഓരോ സർവ്വകലാശാലകളിലെയും നിയമങ്ങൾ വ്യത്യസ്തമാണ്. അതുകൊണ്ടല്ലേ ഒരേ വിഷയത്തിൽ രണ്ടു ബില്ലുകൾ ഇവിടെ കൊണ്ടുവരേണ്ടിവന്നത്. എം.ജി. യൂണിവേഴ്സിറ്റിയുടെ ബൈലോയിൽ അല്ലെങ്കിൽ അവരുടെ നിയമത്തിൽ പറയുന്ന കാര്യമെന്താണോ അതാണ് അവർ ചെയ്തത്. അതിന് മന്ത്രിയോ മന്ത്രിയുടെ ഓഫീസോ യാതൊരു തരത്തിലുള്ള ഇടപെടലും നടത്തിയിട്ടില്ലെന്ന് ഞാൻ ആവർത്തിച്ചുപറയുന്നു. ചാൻസലറായ ബഹുമാനപ്പെട്ട ഗവർണർക്ക്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരാതി കൊടുത്തിട്ടുണ്ടല്ലോ. തീർച്ചയായും അദ്ദേഹം രേഖകൾ പരിശോധിച്ച് ഞാൻ കുറ്റവാളിയാണെന്ന് പറഞ്ഞാൽ; ഞാൻ അതിൽ എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് ഞാൻ കേൾക്കും. എനിക്കത്ര ഉറപ്പിച്ചുപറയാൻ സാധിക്കും. ഒരാളോട് പറയുകയോ എഴുതിക്കൊടുക്കുകയോ ചെയ്യാത്ത, മനസ്സിൽപ്പോലും വിചാരിക്കാത്ത കാര്യമാണ് യഥാർത്ഥത്തിൽ പ്രചരിപ്പിച്ചത്. എനിക്കതിൽ വിഷമമൊന്നുമില്ല. കാരണം, നമ്മൾ ഒരു സ്ഥാന ത്തിരിക്കുമ്പോൾ സ്വാഭാവികമായും വിമർശനങ്ങൾ വരും. ആ വിമർശനങ്ങൾ ഏറ്റുവാങ്ങാൻ നമ്മൾ ബാധ്യസ്ഥരാണ്. മാധ്യമങ്ങൾ പറയുന്നതും പ്രചരിപ്പി ക്കുന്നതും സത്യമാണോ ശരിയാണോ എന്നൊന്നും ആരും നോക്കാറില്ല. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഡോ. രാജൻ ഗുരുക്കൾ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചല്ലോ. അതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, അദാലത്തിൽ മാർക്ക്ദാനം ചെയ്യാൻ ഞാൻ പറഞ്ഞിട്ടുണ്ടെന്ന് ഡോ. രാജൻ ഗുരുക്കൾ പറഞ്ഞിട്ടുണ്ടോ? ഇല്ലല്ലോ. ഡോ. രാജൻ ഗുരുക്കളും വൈസ് ചെയർമാനാണ്. ഒരു വർഷം കഴിഞ്ഞല്ലോ. നിയമവിരുദ്ധമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ ഞാൻ പറഞ്ഞിട്ടുണ്ടോ എന്ന് അദ്ദേഹത്തോട് ചോദിച്ചുനോക്കണം. എം.ജി. യൂണിവേഴ്സിറ്റിയിൽ മാർക്ക്ദാനം നൽകണം,

അല്ലെങ്കിൽ ഇന്ന കുട്ടിക്ക് മോഡറേഷൻ നൽകണമെന്ന് മന്ത്രി പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടോ; ഇല്ലല്ലോ. ഞാൻ ചെയ്തത് എന്താണെന്ന് ഒരുപക്ഷേ അദ്ദേഹം അറിഞ്ഞിട്ടുണ്ടാകില്ല, അതുകൊണ്ടാണ് അങ്ങനെ പറഞ്ഞിട്ടുണ്ടാവുക. മാധ്യമപ്രചാരണത്തെത്തുടർന്ന് നിങ്ങളെപ്പോലെതന്നെ അദ്ദേഹവും ഒരുപക്ഷേ വിശ്വസിച്ചിട്ടുണ്ടാകും. മാധ്യമപ്രചരണം ശക്തമായി നടക്കുന്നു. നമുക്ക് ആരെയും രക്ഷിക്കേണ്ട കാര്യമോ അല്ലെങ്കിൽ ആർക്കെങ്കിലും എന്തെങ്കിലും അനധികൃതമായി കൊടുക്കേണ്ട പ്രശ്നമോ ഇല്ല. മന്ത്രിയെന്നുള്ളതോടൊപ്പം ഞാനൊരു അദ്ധ്യാപകൻ കൂടിയാണ്. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള കാര്യങ്ങൾ ഏതുവരെ പോകാമെന്നുള്ളത് എനിക്കറിയാം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞ ഒരു വാദഗതി യുക്തിക്ക് നിരക്കുന്നതല്ല. എല്ലാ സർവ്വകലാശാലകൾക്കും വ്യത്യസ്തമായ നിയമങ്ങളുണ്ട്. പക്ഷേ, എല്ലാ സർവ്വകലാശാലകളിലെയും അക്കാദമിക് കൗൺസിലിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരം കാലിക്കറ്റ് യൂണിവേഴ്സിറ്റിയായാലും കേരള യൂണിവേഴ്സിറ്റിയായാലും ഒന്നുതന്നെയാണ്. അതല്ലാതെ കാലിക്കറ്റിന് വേറെ നിയമമില്ല. മറ്റ് ചില കാര്യങ്ങളിൽ വ്യത്യാസമുണ്ടായിരിക്കാം. ഒരേ നിയമമാണ് എല്ലാ സർവ്വകലാശാലകളിലുമുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, നേരത്തെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ പോസ്റ്റ് മോഡറേഷൻ കൊടുക്കുമ്പോൾ ആരാണ് ഗുണഭോക്താക്കളെന്നുള്ളത് നേരത്തെ മനസ്സിലാക്കാൻ സാധിക്കും. അത് ഒരു ബോഡി ചെയ്യുന്നതും രണ്ട് ബോഡി കൂടി ചെയ്യുന്നതും തെറ്റ് തന്നെയല്ലേ. തെറ്റ് തെറ്റാണല്ലോ. കൊലപാതകം തെറ്റാണ്, അത് ഒരാൾ ചെയ്താലും തെറ്റാണ്, ഒരുമിച്ച് ചേർന്ന് ചെയ്താലും തെറ്റാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, പോസ്റ്റ് മോഡറേഷൻ തെറ്റാണോ ശരിയാണോ? ഒരു അക്കാദമിക് ഇന്ററസ്റ്റിലാണ് ഞാൻ ചോദിക്കുന്നത്. പോസ്റ്റ് മോഡറേഷൻ എന്നൊരു സാധ്യതയുള്ളതുകൊണ്ടാണല്ലോ നമ്മുടെ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റുകൾ 2012-ൽ കാലിക്കറ്റിലും 2012-ൽ തന്നെ കുസാറ്റിലും പിന്നീട് എം.ജി. യൂണിവേഴ്സിറ്റിയിലും ഉപയോഗിച്ചത്. അത് വേണ്ടെന്നുള്ള ഒരു പൊതു അഭിപ്രായമാണെങ്കിൽ അത് സർവ്വാത്മനാ സ്വീകരിക്കുവാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ അങ്ങ് കൂട്ടിക്കുഴയ്ക്കുകയാണ്. രണ്ടും രണ്ടാണ്. 2012-ൽ കാലിക്കറ്റ് സർവ്വകലാശാല ഒരു സ്കീമിന്റെ പേരിൽ അവിടെയുണ്ടായിരുന്ന മൊത്തം പ്രിൻസിപ്പൽമാരുടെയും സർവ്വകലാശാലയുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായാണ് ചെയ്തിട്ടുള്ളത്. എന്നാൽ എം.ജി. യൂണിവേഴ്സി

റ്റിയിൽ ചെയ്തത് എന്താണ്? ഒരാൾക്ക് ഒരു മാർക്ക് കൂട്ടിനൽകാൻ തീരുമാനിക്കപ്പെടുകയാണ്. അതിന് അവർക്ക് എന്ത് അധികാരമാണുള്ളത്? അതിനെ ശ്രീ. പി. കെ. ഹരികുമാർ ശക്തമായി വിമർശിച്ചത് എന്തുകൊണ്ടാണ്? സിൻഡിക്കേറ്റിന്റെ ആ തെറ്റായ തീരുമാനത്തെ അങ്ങ് ന്യായീകരിക്കരുത്. ഞങ്ങളും മാധ്യമങ്ങളും പറഞ്ഞത് തെറ്റാണെങ്കിൽ സിൻഡിക്കേറ്റ് എന്തിനാണ് ആ തീരുമാനം തിരുത്തിയത്?

ഡോ. കെ. ടി. ജലീൽ: സർ, ഞാനത് ഒരിക്കലും പറഞ്ഞിട്ടില്ല, ന്യായീകരിക്കുകയുമില്ല. 2012-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ പോസ്റ്റ് മോഡറേഷൻ കൊടുത്തു. അന്നൊരു പ്രത്യേക സാഹചര്യമുണ്ടായിരുന്നുവെന്ന് അങ്ങ് പറഞ്ഞു. സമാനമായിട്ടുള്ള ഒരു സാഹചര്യം എം.ജി. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവുമുണ്ടായിരുന്നു. കെ.ടി.യു. നിലവിൽ വന്നതിനുശേഷം എല്ലാ സാങ്കേതിക സ്ഥാപനങ്ങളും കെ.ടി.യു.-വിന്റെ കീഴിലായി. മറ്റ് സർവ്വകലാശാലകളിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അന്തിമതീർപ്പ് കൽപ്പിക്കേണ്ട സാഹചര്യമുണ്ടായി. നാലുവർഷം കഴിഞ്ഞു. കെ.ടി.യു-വിന്റെ ആദ്യത്തെ ബാച്ച് പുറത്തിറങ്ങിയതിനുശേഷമാണ് ഈ സംഭവങ്ങളുണ്ടാകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എങ്കിൽ മെഴ്സിപരീക്ഷ നടത്തിയാൽ പോരേ?

ഡോ. കെ. ടി. ജലീൽ: സർ, മെഴ്സിപരീക്ഷ നടത്തിയാൽ മതി. 2012-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും അത് ബാധകമല്ലേ. എം. ജി. യൂണിവേഴ്സിറ്റിക്ക് അത് ബാധകമല്ലെങ്കിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുംആ 1100 കുട്ടികൾക്കും ഒരു മെഴ്സി ചാൻസ് കൊടുത്ത് പരീക്ഷ നടത്തി, മൂല്യനിർണ്ണയം നടത്തി റിസൽട്ട് പ്രസിദ്ധീകരിക്കാമായിരുന്നില്ലേ.

ഒരു അദ്ധ്യാപകനെന്ന നിലയിൽ എനിക്ക് വളരെ വ്യക്തമായി പറയാൻ സാധിക്കും, പോസ്റ്റ് മോഡറേഷൻ നല്ലൊരു ഏർപ്പാടല്ല. നമുക്ക് ഒരുമിച്ച് അത് വേണ്ടെന്ന് വയ്ക്കാം. അങ്ങനെയൊരു അഭിപ്രായം നിങ്ങൾ പറയാത്തതെന്തുകൊണ്ടാണ്? പക്ഷേ, ഒരു അദ്ധ്യാപകനെന്ന നിലയിൽ എനിക്ക് അങ്ങനെയൊരു അഭിപ്രായമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് വളരെ കൗശലത്തോടുകൂടി എം.ജി. യൂണിവേഴ്സിറ്റിയിലെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെയും മാർക്ക് ദാനത്തെ കൂട്ടിക്കുഴയ്ക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്നത്, എൻ.എസ്.എസ്.-ന്റെ ഗ്രേസ് മാർക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യം കൊടുക്കാം, രണ്ട് സെമസ്റ്ററിലും കൊടുക്കാം. ഒരു കുട്ടിക്ക് രണ്ട് സെമസ്റ്ററിലും കൊടുത്തു. രണ്ട് സെമസ്റ്ററിലും

മോഡറേഷൻ കൊടുത്തിട്ടും ആ കുട്ടി പാസ്സായില്ല. പ്രസ്തുത വിഷയം അദാലത്തിൽ വന്നപ്പോൾ ഒരു മാർക്കുകൂടി കൂട്ടിയിട്ടുകൊടുക്കാൻ പറയുകയും അത് വൈസ് ചാൻസലർ അക്കാദമിക് കൗൺസിലിൽ അയയ്ക്കുകയും ചെയ്തു. അക്കാദമിക് കൗൺസിലിൽ പെൻഡിംഗിലായിരുന്ന സമയത്ത് സിൻഡിക്കേറ്റിൽ എല്ലാവരും കൂടി ചർച്ച ചെയ്ത് അഞ്ച് മാർക്ക് വരെ കൊടുക്കുവാൻ തീരുമാനിച്ചു. ഒരാൾക്ക് കൊടുക്കാനാണ് തീരുമാനിച്ചത്. കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്നത് അതല്ല. അവരുടെ ആ വർഷത്തെ പ്ലാൻ തെറ്റായിരുന്നു. കാരണം, ചോദ്യങ്ങൾ മുഴുവൻ ഔട്ട് ഓഫ് സിലബസായിരുന്നു. എല്ലാ കുട്ടികളെയും ഒരുപോലെ ബാധിച്ചിട്ടുണ്ടെന്ന പ്രിൻസിപ്പൽമാരുടെ പരാതി യൂണിവേഴ്സിറ്റിയിൽ വന്നതിനെ ത്തുടർന്ന് യൂണിവേഴ്സിറ്റിയും പാസ്സ് ബോർഡും അക്കാദമിക് കൗൺസിലും കൂടി എ.ഐ.സി.റ്റി.ഇ-യുടെ അനുവാദത്തോടുകൂടി എല്ലാവർക്കും കൊടുത്ത മോഡറേഷനാണ്. അതാണ് ഞാൻ കഴിഞ്ഞ പ്രാവശ്യം പ്രസംഗിച്ചപ്പോൾ പറഞ്ഞത്, ഒരു പൂവ് ചോദിച്ചപ്പോൾ ഒരു പൂങ്കാവനം കൊടുത്തല്ലോയെന്ന്. ഇത് രണ്ടും തമ്മിൽ എങ്ങനെയാണ് മിക്സ് ചെയ്യുന്നത്. ഇത് ഫേവറൈറ്റിസമാണ്. ഇഷ്ടപ്പെട്ട ഒരാൾക്ക് കൊടുക്കുവാൻ വേണ്ടി ചെയ്ത പരിപാടി. യൂണിവേഴ്സിറ്റിയുടെ/എ.ഐ.സി.റ്റി.ഇ.-യുടെ കുഴപ്പംകൊണ്ട് പഠിക്കുന്ന വിദ്യാർത്ഥികൾ ഇരയാകാൻ പാടില്ല.

ഡോ. കെ. ടി. ജലീൽ : സർ, പോസ്റ്റ് മോഡറേഷൻ ഒരു കുട്ടിക്ക് കൊടുക്കാൻ പാടില്ല, കൊടുക്കുകയാണെങ്കിൽ 1500 കുട്ടികൾക്ക് കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കേണ്ടത്. പോസ്റ്റ് മോഡറേഷൻ ഏത് യൂണിവേഴ്സിറ്റി നൽകിയാലും അത് ശരിയായിട്ടുള്ള കാര്യമാണെന്ന് കരുതുന്ന വ്യക്തിയല്ല ഞാൻ. ആ സംവിധാനം തന്നെ അവസാനിപ്പിക്കണം. അതുസംബന്ധിച്ച് നല്ല ഡിബേറ്റ് സംഘടിപ്പിക്കാമെന്നാണ് തോന്നുന്നത്. ഞാൻ എന്റെ വാക്കുകൾ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്കെല്ലാം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. ഇനിയും മറുപടി പറയാത്ത കാര്യങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ സൂചിപ്പിച്ചാൽ പറയുന്നതാണ്.

ഈ ഓർഡിനൻസുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള ഉത്തരവിലെ ചില പ്രസക്തമായ ഭാഗങ്ങൾ ഞാൻ വായിക്കാം. സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ പെൻഷൻ പ്രായം 55 അല്ലെങ്കിൽ 56 എന്ന നിബന്ധന നിലവിലുള്ളപ്പോൾ നിയമനം ലഭിച്ചവരാണ് ഇപ്പോൾ മാറ്റപ്പെട്ടവരെല്ലാം. നിയമനസമയത്ത് നിലവിലുണ്ടായിരുന്ന വിരമിക്കൽ പ്രായത്തിനപ്പുറം തുടരണമെന്ന് ആവശ്യപ്പെടാൻ നിയമപരമായ അവകാശം അവർക്കില്ലായെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ

പെൻഷൻ പ്രായം സർക്കാർ 60 ആക്കിയത് നിലവിലുള്ള റെഗുലേഷനുകൾ ശരിയായി മനസ്സിലാക്കാതെയാണെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ പെൻഷൻ പ്രായം നിശ്ചിത കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തിയത് സർക്കാരിന്റെ നയരൂപീകരണ അധികാരപരിധിയിൽപ്പെട്ടതാണെന്നും കോടതി ഉത്തരവിൽ പറയുന്നു. ആർക്കെങ്കിലും വ്യക്തിപരമായി ഉണ്ടാകുന്ന നഷ്ടങ്ങളുടെ പേരിൽ സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെട്ട നിയമനിർമ്മാണത്തിൽ മറ്റാർക്കും ഇടപെടാൻ കഴിയില്ലെന്നും കോടതി നിരീക്ഷിച്ചത് പ്രത്യേകം പ്രസ്താവ്യമാണ്. സാധാരണ രീതിയിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതിനുശേഷമാണ് കോടതിയിൽ പോകുന്നത്. എന്നാൽ ഈ ബില്ലിന്റെ കാര്യത്തിൽ ഓർഡിനൻസ് കൊണ്ടുവന്ന് നിയമമായി പ്രാബല്യത്തിൽ വന്ന ഘട്ടത്തിൽ തന്നെ അഞ്ച് കേസുകൾ ഹൈക്കോടതിയിൽ പോവുകയുണ്ടായി. ആ അഞ്ച് കേസുകളും ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും തള്ളി സർക്കാരിന്റെ വാദം അംഗീകരിക്കുകയാണുണ്ടായത്. അങ്ങനെ ഹൈക്കോടതിയുടെ ക്ലീൻചീട്ട് കിട്ടിയ നിയമനിർമ്മാണമാണ് അല്ലെങ്കിൽ നിയമമാണ് സഭയിൽ ഇപ്പോൾ അവതരിപ്പിക്കുന്നതെന്നുള്ളതിൽ എനിക്ക് അതിയായ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹം ക്ലോസ് ചെയ്തു. ഇനി അങ്ങ് നാളത്തെ ചോദ്യോത്തര വേളയിൽ ചോദിച്ചുകൊള്ളൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പരീക്ഷയുടെ രജിസ്ട്രേഷൻ നമ്പർ, ഫാൾസ് നമ്പർ അതാണ് ഞാൻ അങ്ങയെ കാണിച്ച രേഖ. അതിൽ 411301, 411315 അതിനകത്ത് നാലെണ്ണം പെട്ടു. അങ്ങനെ മുപ്പത്തിനാല് പേരുടെ ഫാൾസ് നമ്പർ എടുത്ത സംഭവമുണ്ട്. അങ്ങ് ഏത് സർവ്വകലാശാലാ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി എടുത്തത്; ഇക്കാര്യം അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങ് പറഞ്ഞ പ്രശ്നം എന്താണെന്നുള്ളത് അന്വേഷിക്കാം. രണ്ട് വാദങ്ങൾ എങ്ങനെയാണ് പറയുന്നത്. മന്ത്രി യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നുവെന്ന് ഇവർ തന്നെ പറയുന്നു. എന്നിട്ട് ഇപ്പോൾ പറയുന്നു, യൂണിവേഴ്സിറ്റി എടുത്ത കാര്യത്തിൽ മന്ത്രി മൗനം അവലംബിക്കുന്നു, ഇതിൽ ഇടപെടണ്ടേ എന്ന്. രണ്ടും നിങ്ങൾ പറഞ്ഞാൽ എങ്ങനെ ശരിയാകും. ഏതെങ്കിലും ഒരു വാദം പറയൂ. ഒന്നുകിൽ ഇടപെട്ട് തീർക്കണമെന്ന് കണിശമായും പറയണം. നിങ്ങൾ അനുവദിക്കുകയാണെങ്കിൽ ഞാൻ ഇടപെടാം.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ സീറ്റിലില്ലാത്തതിനാൽ 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2019-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri. M. Swaraj : Sir, I Move the following amendments.

149. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a),-

(i) For the words " a whole – time salaried officer" the words " full time officer" shall be substituted

(ii) The words " of the University and shall be" shall be deleted .

(iii) For the words " he enters upon his office or till he completes" the words " the person enters office or till the person attains" shall be substituted.

180. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Syndicate shall appoint a person selected by the Government from the panel of three persons furnished to the Government by the Selection Committee constituted by the Syndicate having three members headed by the Vice-Chancellor, as the Registrar of the University, on such terms and conditions as may be prescribed by the Statutes for a period of four years from the date on which the person enters office or till the person attains the age of fifty six years, whichever is earlier" .

Shri. V. P. Sajeendran : Sir, I Move the following amendments.

150. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a),

(i) For the words " whole time" the words " full time" shall be substituted

(ii) for the word “four” the word “five” shall be substituted

191. In section 12(1A) in the Kerala University Act, 1974 by Clause 2 (a), after the word "provisions" the word "mentioned" shall be added.

195. In section 13(1) in the Kerala University Act, 1974 by clause 2 (b),

i. For the words & symbol "whole-time" the words & symbol "full-time" shall be substituted.

ii. For the word "four" the word "five" shall be substituted.

216. Section 13(1) proposed to be substituted in the Kerala University Act, 1974 by Clause 2(b),shall be recast as follows:

“(1) The Controller of Examinations shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of three persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of five years from the date on which he takes charge or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes”.

230. In section 14(1) proposed to be substituted in the Kerala University Act, 1974 by Clause 2(c),

(i) For the words and symbol “whole-time” the words and symbol “full-time” shall be substituted.

(ii) For the word “four” the word “five” shall be substituted.

Shri Parakkal Abdulla : Sir, I Move the following amendments.

156. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a), for the words a “whole – time salaried” the words “salaried full time” shall be substituted .

157. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a), the words " for a period of four years from the date on which he enters upon his office or till he completes the age of fifty -six years, which ever is earlier" shall be substitute with the words " till he retires from service"

201. In section 13 (1) proposed to be substituted in Kerala University Act' by Clause 2 (b), for the words and symbol "whole-time salaried" the words "salaried full time" shall be substituted.

202. In section 13 (1) proposed to be substituted in Kerala University Act by Clause 2 (b), for the words "for a period of four years from the date on which he enters upon his office or till he completes the age of fifty six years whichever is earlier and" the words " from the date on which he enters upon his office till he retires from service" shall be substituted

235. In section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c), for the words " whole-time salaried" the words " salaried full-time" shall be substituted.

236. In section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c), for the words " for a period of four years from the date on which he enters upon his office or till he completes the age of fifity six years whichever is earlier and " the words "from the date on which he enters upon his office till he retires from service" shall be substituted.

249. Section 14(1A) proposed to be substituted in the Kerala University Act, 1974 by clause 2 (c) shall be deleted.

Shri P. T. Thomas : Sir, I Move the following amendments.

158. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a), for the words " four years" the words " three years" shall be substituted.

189. In section 12(1A) proposed to be substituted, in The Kerala University Act, 1974, by Clause 2(a) the word "period" shall be substituted with the word "term".

203. In section 13 (1) proposed to be substituted in the Kerala University Act, 1974 by Clause 2 (b), the word "four" shall be substituted with the word "three".

224. In section 13(1A) proposed to be substituted in the Kerala University Act, 1974 by Clause 2(b), for the word " period" the word " term" shall be substituted.

226. After section proposed to be substituted 13(1A) in the Kerala University Act, 1974 by Clause 2(b), the following Sub section shall be added:

" (1B) the qualification and the salary and allowances payable to the Controller of Examination shall be such as may be prescribed by the Statutes" .

237. In section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c), for the words " four years" the words " three years" shall be substituted.

257. In section 14(1A) proposed to be substituted in the Kerala University Act, 1974 by Clause 2(c), for the words " period" the words " term" shall be substituted.

Shri K.N.A. Khader: Sir, I Move the following amendment.

188. In section 12(1A) proposed to be substituted, in The Kerala University Act, 1974, by Clause 2(a) for the words "more period" the word 'term" shall be substituted.

223. In section 13(1A) proposed to be substituted in the Kerala University Act, 1974 by Clause 2(b), for the words " more period" the word " term" shall be substituted.

256. In section 14(1A) proposed to be substituted in the Kerala University Act, 1974 by Clause 2(c), for the words " more period" , the word " term" shall be substituted.

<u>Shri P. K. Basheer</u> : Sir, I Move the following amendments.

167. In section 12(1) proposed to be substituted in the Kerala University Act, 1974, by Clause 2(a), for the words " fifty-six" the word " sixty" shall be substituted .

212. In section 13(1) proposed to be substituted in the Kerala University Act, 1974 by Clause 2(b), for the words & symbol " fifty-six" the word " sixty" shall be substituted.

231. In section 14(1) proposed to be substituted in the Kerala University Act, 1974 by Clause 2(c), for the words and symbol " whole-time" the words " full time" shall be substituted.

<u>Shri. A. P. Anil Kumar</u> : Sir, I Move the following amendments.

172. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of three persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of five years from the date of which he enters upon office or till he completes the age of sixty years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri I. C. Balakrishnan : Sir, I Move the following amendments.

173. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of three persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of four years from the date on which he enters upon office or till he completes the age of sixty years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri K. S. Sabarinadhan : Sir, I Move the following amendments.

174. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of three persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of four years from the date on which he enters upon office or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri Anwar Sadath: Sir, I Move the following amendments.

177. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of five persons furnished to the

Syndicate by a selection committee headed by the Vice-Chancellor, for a period of five years from the date on which he assumes office or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri Anil Akkara: Sir, I Move the following amendments.

178. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of five persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of five years from the date on which he take charge or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri Thiruvanchoor Radhakrishnan : Sir, I Move the following amendments.

179. Section 12(1) proposed to be substituted, in The Kerala University Act, 1974, by Clause 2(a), shall be recast as follows :

" (1) The Registrar shall be a whole time salaried officer of the University and shall be appointed by the Syndicate from the panel containing the names of five persons furnished to the Syndicate by a selection committee headed by the Vice-Chancellor, for a period of five years from the date on which he enters upon office or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

Shri N. Samsudheen : Sir, I Move the following amendments.

181. Section 12(1A) proposed to be substituted in The Kerala University Act, 1974, by Clause 2(a) shall be deleted.

186. In section 12(1A) proposed to be substituted, in The Kerala University Act, 1974, by Clause 2(a) for the words "one more" the words "two consecutive" shall be substituted.

254. In section 14(1A) proposed be substituted in the Kerala University Act, 1974 by Clause 2(c), for the words " one more" the words " two consecutive" shall be substituted.

സർ, ഖണ്ഡിക 186-ൽ In section 12(1A) -ൽ "one more" എന്നതിനുപകരം "two consecutive" എന്ന് ആക്കുന്നതായിരിക്കും കൂടുതൽ ഉചിതമെന്നാണ് എന്റെ അഭിപ്രായം.

Shri Manjalamkuzhi Ali : Sir, I Move the following amendments.

192. The following proviso shall be added to section 12(1A) proposed to be substituted in the Kerala University Act, 1974 by clause 2 (a), "Provided where a person is suspended or deemed to have been suspended and any other disciplinary proceeding is commenced against him, shall not be eligible for the re-appointment"

Prof. Abid Hussain Thangal: Sir, I Move the following amendments.

193. Section 13 (1) proposed to be substituted in the Kerala University Act, 1974 by Clause 2 (b), shall be deleted.

227. Section 14(1) proposed to be substituted in the Kerala University Act, 1974 by Clause 2(c), shall be deleted.

Shri R. Rajesh : Sir, I Move the following amendments.

194. In section 13(1) proposed to be substituted in the Kerala University Act, 1974 by clause 2 (b),-

(i) For the words "a whole-time salaried officer" the words "full time officer" shall be substituted

(ii) The words "of the University and shall be" shall be deleted

(iii) For the words "he enters upon his office or till he completes" the words "the person enters office or till the person attains" shall be substituted.

Shri A. N. Shamseer : Sir, I Move the following amendments.

217. Section 13(1) proposed to be substituted in the Kerala University Act, 1974 by Clause 2(b),shall be recast as follows:

" (1) The Syndicate shall appoint a person selected by the Government from the panel of three persons furnished to the Government by the Selection Committee constituted by the Syndicate having three members headed by the Vice-Chancellor, as the Controller of Examination, on such terms and conditions as may be prescribed by the Statutes for a period of four years from the date on which the person enters office or till the person attains the age of fifty six years, whichever is earlier."

248. Section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c) shall be recast as follows:

" (1) The Syndicate shall appoint a person selected by the Government from the panel of three persons furnished to the Government by the Selection Committee constituted by the Syndicate having three members headed by the Vice Chancellor, as the Finance Officer, on such terms and conditions as may be prescribed by the Statutes for a period of four years from the date on which the person enters office or till the person attains the age of fifty six years, whichever is earlier" .

Shri Abdul Hameed. P. : Sir, I Move the following amendments.

228. Section 14(1) proposed to be substituted in the Kerala University Act, 1974 by Clause 2(c), shall be deleted.

Shri A. Pradeepkumar : Sir, I Move the following amendments.

229. In section 14(1) proposed to be substituted in the Kerala University Act, 1974 by Clause 2(c),

(i) For the words and symbol " a whole-time salaried officer" the words " full time officer" shall be substituted.

(ii) The words " of the University and shall be" shall be deleted.

(iii) For the words " he enters upon his office or till he completes" the words " the person enters office or till the person attains" shall be substituted.

Shri V. K. Ebrahim Kunju : Sir, I Move the following amendments.

242. In section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c), for the words and symbol " fifty-six" the word " sixty" shall be substituted.

Shri M. Vincent : Sir, I Move the following amendments.

246. Section 14(1) proposed to be substituted in the Kerala University Act, 1974 by clause 2 (c), shall be recast as follows:

" (1) The Finance Officer shall be a full time salaried officer of the University and shall be appointed by the Syndicate from the panel containing the names of three persons furnished to the Syndicate by a selection committee headed by the Vice Chancellor, for a period of five years from the date on which he takes charge or till he completes the age of fifty six years, whichever is earlier and on such terms and conditions as may be prescribed by the Statutes" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

